കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 12, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 –നമ്പർ 15

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 12, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിങ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ്	
തീർഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ	
ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും	
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി	
വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ	
വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

II ശ്രദ്ധ ക്ഷണിക്കൽ

(1) ഖാദി വ്യവസായ മേഖലയിലെ പ്രതിസന്ധി

- ശ്രീ. കെ. പി. മോഹനൻ ....

(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കൽ

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ....

III സബ്മിഷൻ

(1) റേഷൻ കാർഡ് മസ്റ്ററിങ്

- ശ്രീ. ഡി. കെ. മുരളി ....

(2) ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കൽ

- ശ്രീ. ആന്റണി ജോൺ ....

(3) ഏനാദിമംഗലം ബയോമെഡിക്കൽ സംസ്കരണ പ്ലാന്റ്

- ശ്രീ. കെ. യു. ജനീഷ് കുമാർ ....

(4) കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തികയിലെ ജാതി വിവേചനം

- ശ്രീ. എ. പി. അനിൽ കുമാർ ....

(5) കൊട്ടിയൂർ-അമ്പായത്തോട് പാത നിർമ്മാണം

- ശ്രീ. സണ്ണി ജോസഫ് ....

(6) തിരുർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡ് നവീകരണം

- ശ്രീ. മഞ്ഞളാംകുഴി അലി ....

(7) നിള-പട്ടാമ്പി-ഐ.പി.റ്റി.-കുളപ്പുള്ളി റെയിൽവേ മേൽപ്പാലം

- ശ്രീ. മുഹമ്മദ് മുഹസിൻ ....

(8) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

- ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ....

IV **മേശപ്പുറത്തുവച്ച കടലാസ്സുകൾ** ....

V **റിപ്പോർട്ട് സമർപ്പണം** ....

(1) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ട്

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തിരണ്ട് മുതൽ എൺപത് വരെയുള്ള റിപ്പോർട്ടുകൾ

VI **അറിയിപ്പ്** ....

VII ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ....

VIII **അനുബന്ധം** ....

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 12, ബുധൻ

നിയമസഭ 2025 മാർച്ച് മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*271).

വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ നടപടി

1 (*271) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളത്തിന്റെയും കൃഷിക്കാവശ്യമായ രാസവസ്തുക്കളുടെയും വിലവർധനവ് കാരണം കർഷകർ പ്രതിസന്ധിയിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വളത്തിന്റെയും രാസവസ്തുക്കളുടെയും വില നിയന്ത്രണവിധേയമാക്കാനും സബ്സിഡി വർധിപ്പിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോയെന്നും ഇതിനായി നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി (NBS) പോളിസി പ്രകാരമാണ് വളത്തിന്റെ വിലയും സബ്സിഡിയും നിശ്ചയിക്കുന്നത്. യൂറിയയുടെ വില മാത്രം നിയന്ത്രണ പട്ടികയിൽപ്പെടുത്തുകയും മറ്റ് സബ്സിഡികൾ വെട്ടിക്കുറച്ച് ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങൾ ഡീ-കൺട്രോൾഡ് ലിസ്റ്റിലുൾപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഫലമായി യൂറിയയുടെ വില ഒഴികെ മറ്റ് വളങ്ങളുടെ വിലയിൽ ഗണ്യമായ വർധനയുണ്ടാകുകയും മറ്റ് രാസവളങ്ങളുടെ വില നിർണ്ണയിക്കുന്നതിന് വളം വിതരണ കമ്പനികൾക്ക് അവസരം ലഭ്യമാകുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ വില, കയറ്റിറക്ക് കൂലി, ചരക്ക് കൂലി എന്നിവയുടെ അടിസ്ഥാനത്തിലാണ് കമ്പനികൾ വില നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വില നിയന്ത്രണമില്ലാത്ത വളങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി ചെലവ്, കയറ്റിറക്ക്

കൂലിയിലുള്ള വർധന എന്നിവയുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക ആനുപാതികമായി കൂട്ടിയാൽ മാത്രമെ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് രാസവളങ്ങൾ ലഭ്യമാകുകയുള്ളൂ. പല വളങ്ങൾക്കും നിലവിലുള്ള സബ്സിഡിയും ബജറ്റ് വിഹിതവും കുറയ്ക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ അനുവർത്തിച്ചിരിക്കുന്നത്. ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ വളങ്ങൾക്കുള്ള ന്യൂട്രിയന്റ് സബ്സിഡി 2023-24-ൽ 65199.586 കോടി രൂപയായിരുന്നത് 2024-25-ൽ 52310 കോടി രൂപയായും 2025-26-ൽ 49000 കോടി രൂപയായും കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുകയുണ്ടായി. ആനുപാതിക സബ്സിഡി കേന്ദ്ര സർക്കാർ നൽകാത്തതിനാൽ ഡൈ അമോണിയം ഫോസ്ഫേറ്റ്, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം സൾഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ് (എം.ഒ.പി.), 10:26:26 എൻ.പി.കെ. കോംപ്ലക്സ് വളം, രാജ്ഫോസ്, ഫാക്ടംഫോസ്, 16:16:16 എൻ.പി.കെ. കോംപ്ലക്സ് വളം എന്നിവയുടെ വില വർധിക്കുകയാണ്. എന്നാൽ രാസകീടനാശിനികളുടെ വില നിശ്ചയിക്കുന്നത് ബന്ധപ്പെട്ട ഉൽപാദന കമ്പനികളായതിനാൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണമില്ല. അതിനാൽ കമ്പനികൾക്ക് യഥേഷ്ടം വില വർധിപ്പിക്കാൻ അവസരം ലഭിക്കുന്നു.

(ബി) കൃഷി വകുപ്പ് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ മുഖേന രാസവളങ്ങളും കീടനാശിനികളും കുമ്മായവും സബ്സിഡി നിരക്കിൽ നൽകി സർക്കാർ കർഷകരെ സഹായിച്ചുവരുന്നു. അടിയന്തരഘട്ടങ്ങളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ പ്രവർത്തിച്ചുവരുന്ന ക്രോപ് ഫാർമസികൾ മുഖേനയും സൗജന്യമായി ജൈവജീവാണു കീടരോഗ നിയന്ത്രണ ഉപാധികൾ നൽകുന്നുണ്ട്.

വ്യാപാരികളിലൂടെയും പ്രാദേശിക സഹകരണ സംഘങ്ങളിലൂടെയും വളം വിതരണം ശക്തിപ്പെടുത്തി വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നുണ്ട്. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിത ഉപയോഗം കുറച്ച് ജൈവ കാർഷികരീതി അനുവർത്തിക്കാൻ കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തുകയും "ജൈവ കാർഷിക മിഷൻ" ആരംഭിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജൈവ ജീവാണു വളങ്ങൾ ഉൽപാദിപ്പിക്കാൻ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും പരിശീലനം നൽകുന്നുണ്ട്. കൂടാതെ വിപണിയിലുള്ള ജൈവവളങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ലബോറട്ടറികൾ ആരംഭിച്ചിട്ടുമുണ്ട്.

നൂതന കാർഷികരീതികളും വളപ്രയോഗങ്ങളും പ്രോത്സാഹിപ്പിച്ച് രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. (സി) 2021 മുതൽ വളങ്ങളുടെ വിലയിലുണ്ടായ ക്രമാതീതമായ വർധവിനെത്തുടർന്ന് വിലയിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും തുടർന്ന് നടന്ന കൂടിക്കാഴ്ചയിൽ ഈ വിഷയം കേന്ദ്ര മന്ത്രിമാരുടെ ശ്രദ്ധയിൽകൊണ്ടുവരികയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ അനുകൂല നടപടിയുണ്ടായിട്ടില്ല. ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽക്കണ്ട് ഇക്കാര്യം വീണ്ടും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കാർഷിക മേഖല പൊതുവിൽ വലിയ പ്രതിസന്ധിയിലും പ്രയാസത്തിലും പ്രക്ഷുബ്ധാവസ്ഥയിലുമാണ്. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച, രോഗബാധ, പ്രകൃതിക്ഷോഭം, വന്യമൃഗശല്യം, തുടങ്ങിയവ കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. മാത്രമല്ല, കൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ

കടബാധ്യതയിലുമാണ്. അപ്പോഴാണ് കുനിന്മേൽ കുരുവെന്നപോലെ രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതവും അനിയന്ത്രിതവും അന്യായവുമായ വില വർധനവ്. നാളികേര കർഷകർ രാസവളം ഉപയോഗിക്കാത്തതിനാൽ നാളികേരത്തിന്റെ ഉൽപാദനം ഗണ്യമായി കുറയുകയാണ്. അതുകൊണ്ട് കർഷകരെ സഹായിക്കാൻ വളം ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കൃഷി നഷ്ടപരിപാടിയാണെന്ന് നമ്മൾ പ്രഖ്യാപിക്കരുത്. കൃഷി അങ്ങനെ നഷ്ടമുണ്ടാകുന്ന ഒരു ഇനവുമല്ല. ബഹുമാനപ്പെട്ട അംഗം രാസവളത്തിന്റെ വിഷയമാണ് പ്രധാനമായി ചൂണ്ടിക്കാണിച്ചത്. രാസവളത്തിന്റെ വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി പോളിസി പ്രകാരമാണ് വളത്തിന്റെ വിലയും സബ്സിഡിയും നിശ്ചയിക്കുന്നത്. യൂറിയ ഒഴികെയുള്ള വളങ്ങളെയെല്ലാം ഡീ-കൺട്രോൾഡ് പട്ടികയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ വില വർധിപ്പിക്കുന്ന സാഹചര്യമുണ്ട്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി 1991-92-ലെ കേന്ദ്ര ബജറ്റിലൂടെയാണ് രാസവളങ്ങൾക്ക് 40 ശതമാനം വില വർധിപ്പിച്ചത്. അതിന്റെ ചുവടുപിടിച്ചാണ് തുടർന്നുള്ള കാലങ്ങളിലും രാസവളത്തിന്റെ വിലയിൽ വർധനവുണ്ടായത്. കേന്ദ്ര സർക്കാർ സ്വീകരിച്ച നയത്തിന്റെ ഭാഗമായാണ് പ്രതിസന്ധിയുണ്ടായിരിക്കുന്നതെന്ന യാഥാർഥ്യം ബോധ്യപ്പെടേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് നാം നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ രാസവളത്തിന്റെ വിലയിൽ വർധനവ് വരുത്തുക മാത്രമല്ല, സബ്സിഡി കുറയ്ക്കുകയും ചെയ്യുന്നുവെന്നുള്ളതാണ് ബജറ്റുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നത്. കേന്ദ്ര സർക്കാരിനോട് വീണ്ടും

ഇക്കാര്യങ്ങൾ ആവശ്യപ്പെടുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷിക്കാർ ചവർ, ചാണകം, കരിയില തുടങ്ങിയ ജൈവ വളങ്ങളെ ആശ്രയിക്കുന്ന രീതിയുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇതൊക്കെ ഗണ്യമായി കുറഞ്ഞുവരികയാണ്. ജൈവ വളങ്ങൾ ഉപയോഗിക്കുന്നതിന്റെ ഗുണഫലങ്ങൾ നമുക്കറിയാം. അതുകൊണ്ട് ജൈവ വളങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, നല്ലൊരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചിരിക്കുന്നത്. കാലാകാലങ്ങളായി ചാണകവും പച്ചിലവളവും ചാരവുമൊക്കെ ഉപയോഗിച്ച് കൃഷി ചെയ്യുന്ന രീതിയായിരുന്നു പിന്തുടർന്നിരുന്നത്. ഒരുകാലത്ത് പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന കർഷകർ പൊട്ടാഷിന്റെ കുറവ് പരിഹരിക്കുന്നതിനായി ചാരമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഹരിത വിപ്ലവത്തെത്തുടർന്ന് കൂടുതൽ ഉൽപാദനം എന്ന നിലയിലേക്ക് നമ്മുടെ നാട് മാറിയപ്പോൾ രാസവളത്തിന്റെ അമിതമായ ഉപയോഗത്തിലേക്കും രാസവളമില്ലാതെ കൃഷി ചെയ്യാൻ പറ്റില്ലെന്നൊരു ചിന്തയിലേക്കും കർഷകരെത്തി. 1991-ഓടുകൂടി ഇത്തരം പ്രതിസന്ധികൾ ഉടലെടുത്തപ്പോൾ രാസവളത്തിന്റെ വിലയിലും വലിയ വർധനവുണ്ടായി. ജൈവ വളങ്ങൾ ഉപയോഗിക്കുന്നതിലൂടെ രാസവളത്തിന്റെ വില ക്രമാതീതമായി വർധിക്കുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി ഒരുപരിധിവരെ പരിഹരിക്കാൻ സാധിക്കും. ജൈവജീവാണു വളങ്ങൾ ഉൽപാദിപ്പിക്കാൻ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും പരിശീലനം നൽകുന്നതിനും കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഇത്തരം വളങ്ങൾ ഉൽപാദിപ്പിക്കുന്നതിനുമുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്.

എല്ലാ ജൈവ വളങ്ങളും ഉൽപാദിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ഓരോ പ്രദേശത്തിനും ആവശ്യമായ, സാധ്യമായ വളങ്ങൾ ഉൽപാദിപ്പിക്കാനും കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള ലാബുകളിൽ ഇത്തരം വളങ്ങളുടെ ഗുണമേന്മ പരിശോധിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ജൈവ ജീവാണു വളങ്ങൾ കർഷകരിലേക്കെത്തിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ന്യായീകരണത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒരു പ്രശ്നമുണ്ടാകുമ്പോൾ അതിൽനിന്ന് കരകയറുന്നതിനുള്ള മാർഗം കണ്ടെത്തണ്ടേ? 1050/- രൂപയായിരുന്ന ഫാക്ടംഫോസിന്റെ വില ഇപ്പോൾ 1350/- രൂപയായിരിക്കുകയാണ്. യൂറിയയുടെ കാര്യത്തിൽ നിയന്ത്രണമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ, യൂറിയയുടെ വിലയും വർധിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു ചാക്ക് യൂറിയയ്ക്ക് 390/- രൂപ വിലയുണ്ട്. കീടനാശിനികളുടെ വിലയും വർധിക്കുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ട് കേരളത്തിലെ കർഷകരെ ദ്രോഹിക്കുന്നതിനുപകരം കർഷക രക്ഷാമാർഗം എന്ന നിലയിൽ യഥാർഥ കർഷകർക്ക് സബ്സിഡി ഇനത്തിൽ കീടനാശിനികളും വളങ്ങളും നൽകുന്നതിനായി പ്രത്യേക ന്യായവില കടകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഞങ്ങൾ വില വർധിപ്പിക്കുകയും സബ്സിഡി വെട്ടിക്കുറയ്ക്കുകയുമൊക്കെ ചെയ്യും; വേണമെങ്കിൽ സംസ്ഥാന സർക്കാർ അതൊക്കെ കൊടുത്തോളൂ എന്ന രീതി കേന്ദ്ര സർക്കാർ അവലംബിക്കുന്നത് ശരിയാണോ? 1991-92 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിലാണ് രാസവളങ്ങൾക്ക് 40 ശതമാനത്തിന്റെ

വിലവർധനവ് പ്രഖ്യാപിച്ചത്. 1991-ൽ ആഗോളവൽക്കരണത്തിന്റെ കാലം വരികയും അതിന്റെ ഭാഗമായുള്ള വലിയ ചർച്ചകൾ രാജ്യത്ത് നടന്നപ്പോഴും പ്രധാന വിഷയം നാല്പത് ശതമാനത്തിന്റെ വില വർധനവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 40% വർധനവ് എന്നത് 30 ശതമാനമാക്കി മാറ്റിക്കൊണ്ടാണ് പാർലമെന്റ് ആ ബജറ്റ് പാസ്സാക്കിയത്. അവിടെയും പ്രശ്നം അവസാനിച്ചില്ല. 30 ശതമാനത്തിന്റെ വിലവർധനവ് നിലവിൽ വന്നപ്പോൾ ചെറുകിട നാമമാത്ര കർഷകരെ ഒഴിവാക്കിയതുമൂലം ഇത് പ്രായോഗികമായി നടപ്പാക്കുന്നതിന് ബുദ്ധിമുട്ടായി. തുടർന്ന് ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1991-ൽത്തന്നെ മഹാരാഷ്ട്രയിലെ പ്രമുഖ കോൺഗ്രസ് നേതാവായ പ്രതാപ് റാവു ബോസ്‌ലെയെ ചെയർമാനായി നിയോഗിച്ചുകൊണ്ട് ഒരു ജോയിന്റ് പാർലമെന്ററി കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 1992-ൽ സമർപ്പിച്ച റിപ്പോർട്ടിലാണ് ഫോസ്ഫറസും പൊട്ടാസ്യവുമടങ്ങിയ വളങ്ങൾക്കൊന്നും വിലനിയന്ത്രണം പാടില്ലെന്ന് നിഷ്കർഷിച്ചത്. 'കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി' എന്നുപറഞ്ഞതുപോലെ ബജറ്റിൽ പറഞ്ഞതിനെക്കാൾ കർശന നിർദേശങ്ങളാണ് ആ കമ്മിറ്റി റിപ്പോർട്ടിലുണ്ടായിരുന്നത്. സബ്സിഡികൾ വെട്ടിക്കുറയ്ക്കാനും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് അപ്പോൾത്തന്നെ ഗവൺമെന്റ് അംഗീകരിച്ചു. അങ്ങനെയാണ് വില നിശ്ചയിക്കാനുള്ള അവകാശം കമ്പനികൾക്ക് കൊടുക്കുകയും ടണ്ണിന് 1000/- രൂപ സബ്സിഡിയെന്ന് പ്രഖ്യാപിക്കുകയും ചെയ്തത്. ഇപ്പോൾ നമുക്കെല്ലാവർക്കും അതിൽ അഭിപ്രായവ്യത്യാസമുണ്ട്, അത് അപ്രായോഗികമാണെന്ന് പറയുന്നുമുണ്ട്. യൂറിയ, കീടനാശിനി, ഫാക്ടംഫോസ് എന്നിവയുടെ വില വർധിച്ചത് 1991-ലെ നയത്തിന്റെ ഭാഗമാണ്.

അതുവരെ പൊട്ടാസ്യം ഇറക്കുമതി ചെയ്തിരുന്നത് സർക്കാരിന്റെ നിയന്ത്രണത്തിലായിരുന്നു. എന്നാൽ ആ നയത്തോടുകൂടി കമ്പനികൾക്ക് അത് ഇറക്കുമതി ചെയ്യുന്നതിനും വില നിശ്ചയിക്കുന്നതിനുമുള്ള സാഹചര്യമുണ്ടായി. ഇറക്കുമതി ചാർജ്, ട്രാൻസ്പോർട്ട് ചാർജ്, മറ്റ് ചെലവുകൾ എന്നിവയെല്ലാം ചേർത്ത് 1000/- രൂപ സബ്സിഡി നൽകുന്ന സ്ഥിതിവരികയും OGELs (Open General Export Licences) വഴി ആർക്കും ഇറക്കുമതി ചെയ്യാമെന്ന തരത്തിലേക്കെത്തുകയും ചെയ്തു. എന്നാൽ ശക്തമായ ചില സമ്മർദങ്ങളുടെ ഭാഗമായി യൂറിയ വില നിയന്ത്രണ പട്ടികയിലുൾപ്പെടുത്തി. ഈ നയമാണ് 2010 വരെ തുടർന്നുവന്നിരുന്നത്. എന്നാൽ, 2010-നുശേഷം എൻ.പി.കെ.-യുടെ അളവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഏർപ്പെടുത്തണമെന്ന് തീരുമാനിക്കുകയും ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി കൊണ്ടുവരികയും ചെയ്തു. അതാണ് ഇപ്പോൾ നിലവിലുള്ളത്. ഓരോ സീസണിലും രാസവള മന്ത്രാലയത്തിന്റെ സെക്രട്ടറിയുൾപ്പെടെയുള്ളവർ കൺവീനറായുള്ള കമ്മിറ്റി തീരുമാനിക്കുന്നതിനനുസരിച്ചാണ് വില നിശ്ചയിക്കുന്നത്. അങ്ങനെ ചെയ്യുമ്പോൾ കമ്പനികൾക്ക് ഇറക്കുമതിക്കുള്ള അനുമതി നൽകുകയും മറ്റ് നിയന്ത്രണങ്ങളില്ലാതെ ഒരു ചെറിയ സബ്സിഡി മാത്രം സർക്കാർ കൊടുക്കുകയും ചെയ്യുന്നു. ഇത് ഇന്ത്യയിലെ കർഷകർക്ക് വലിയ ദ്രോഹമായി മാറുകയാണ്. കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞകാല ബജറ്റുകൾ പരിശോധിച്ചാൽ സബ്സിഡിയായി നിശ്ചയിക്കുന്ന തുകയിൽപ്പോലും കുറവുവരുത്തുന്നതായി മനസ്സിലാക്കാൻ സാധിക്കും. ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച കഴിഞ്ഞ ബജറ്റിലും അതുതന്നെയാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞ വർഷം നൽകിയിരുന്ന സബ്സിഡി തുകയിൽ വീണ്ടും കുറവ് വരുത്തിയിരിക്കുകയാണ്. എല്ലാ

കാര്യങ്ങൾക്കും മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരികയും സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന കേരളം പോലൊരു സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സഹിക്കണമെന്ന് പറയുന്നത് ശരിയല്ല. കേന്ദ്രത്തിന്റെ ഈ നിലപാടുകൾ തിരുത്തുന്നതിനും കർഷകരെ സഹായിക്കുന്നതിനും തയ്യാറാകണമെന്ന് എല്ലാവരും സംയുക്തമായി ആവശ്യപ്പെടണമെന്നാണ് പറയാനുള്ളത്.

ശ്രീ. സജീവ് ജോസഫ്: സർ, വളത്തിന്റെയും കീടനാശിനിയുടെയും വിലവർധനവിലൂടെ ചെറുകിട കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. അതിനാൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിതന്നെ ആവിഷ്കരിക്കേണ്ടതുണ്ട്. എല്ലുപൊടി, കുമ്മായം, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയ വളങ്ങളും സസ്യ സംരക്ഷണത്തിനുവേണ്ടി കോപ്പർ സൾഫേറ്റുൾപ്പെടെയുള്ള കുമിൾനാശിനിയും ചുരുങ്ങിയത് അഞ്ച് ഏക്കർവരെയുള്ള കർഷകർക്കെങ്കിലും പകുതി വിലയ്ക്ക് ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നത് ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഉപകരിക്കും. അത്തരത്തിലൊരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ? കർഷകർക്ക് സബ്സിഡിയും ധനസഹായവും നൽകുന്ന ഒരു പദ്ധതി 2012-ൽ നിലവിലുണ്ടായിരുന്നു. അതേ മാതൃകയിൽ പുതിയൊരു പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സാധ്യമാകുന്ന എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതാണ്. വിഷരഹിത ഭക്ഷണം ഉറപ്പാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ജൈവ കാർഷിക നയം നേരത്തെ പ്രഖ്യാപിച്ചിരുന്നതാണ്. അത്

നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവ കാർഷിക മിഷന് രൂപം കൊടുത്തത്. അതിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഇത്തരത്തിലുള്ള ജൈവ ജീവാണു വളങ്ങൾ ഉൽപാദിപ്പിക്കുന്നതിന് പ്രാദേശിക സംവിധാനങ്ങളൊരുക്കുക എന്നതാണ്. ഇരുപത്തിമൂവായിരത്തിലധികം കൃഷിക്കൂട്ടങ്ങൾ നിലവിലുണ്ട്. അതിൽ കുറെയേറെ കൃഷിക്കൂട്ടങ്ങൾക്ക് പരിശീലനം നൽകി പ്രാദേശികമായി ജൈവവളങ്ങളും മറ്റും നിർമ്മിച്ച് നൽകുന്നതിനുള്ള സംവിധാനമൊരുക്കുന്നതാണ്. ഗവൺമെന്റിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകമായി പരിശോധിക്കുന്നതും സാധ്യമായ സഹായങ്ങൾ ചെയ്യുന്നതുമാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനവും കൂലിച്ചെലവും കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം, എല്ലാവരും കൃഷിയിലേക്ക്, സുഭിക്ഷം സുരക്ഷിതം, ജീവനി സഞ്ജീവനി, സുഭിക്ഷ കേരളം, ജീവനി എന്നിങ്ങനെ നിരവധി പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയത്. 41053 ഹെക്ടറായിരുന്ന പച്ചക്കറി കൃഷിയുടെ വിസ്തൃതി 2024 ആയപ്പോൾ 38974 ഹെക്ടറായി ചുരുങ്ങി. 371000 ഹെക്ടർ സ്ഥലത്ത് പഴവർഗ കൃഷി ചെയ്തിരുന്നത് ഇപ്പോൾ 354000 ഹെക്ടറായി കുറഞ്ഞു. ഇതുകൂടാതെ, തോട്ടവിള വിസ്തൃതിയും കുറയുന്നുണ്ട്. പദ്ധതികളൊന്നും ഫലപ്രാപ്തിയിലെത്താത്തത് ദീർഘവീക്ഷണമോ കൃത്യമായ ആസൂത്രണമോ പ്രവർത്തന പരിപാടികളോ ഇല്ലാത്തതുകൊണ്ടാണ്. ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; കടക്കെണിയിലായ കർഷകരുടെ കാർഷിക കടം എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ചോദ്യവുമായി ബന്ധപ്പെട്ട വിഷയമല്ല ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോ എന്നതുമായി ബന്ധപ്പെട്ട ചോദ്യമാണെങ്കിൽ ഞാൻ അതിനെക്കുറിച്ച് പറയാം. കേരളത്തിൽ പച്ചക്കറി ഉൽപാദനത്തിൽ വർധനവാണുണ്ടായിരിക്കുന്നത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച കണക്കുകൾ എവിടെ നിന്ന് ലഭിച്ചതാണെന്ന് എനിക്കറിയില്ല. പച്ചക്കറി ഉൽപാദനത്തിൽ വളർച്ച കൈവരിച്ച ഒരു കാലഘട്ടമാണിത്. എന്നാൽ നെല്ലുൽപാദന മേഖലയിൽ വിവിധ പ്രശ്നങ്ങളുണ്ട്. നെല്ലുൽപാദനത്തിലോ കൃഷിഭൂമിയുടെ വിസ്തൃതിയിലോ കുറവുവന്നത് മുൻകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളിൽ തിരുത്തലുകൾ വന്നതിന്റെ ഭാഗമായി സംഭവിച്ചതാണ്. കേരളത്തിന് പുറത്തുനിന്ന് നെല്ല് കൊണ്ടുവന്ന് ഇവിടത്തെ നെല്ലാണെന്ന് സ്ഥാപിക്കുന്ന രീതി കാലങ്ങളായി തുടർന്നുകൊണ്ടിരുന്നു. അത് അവസാനിപ്പിക്കുന്നതിനുള്ള ശക്തമായ നടപടികൾ പോലീസ് സംവിധാനത്തെയുൾപ്പെടെ ഉപയോഗിച്ച് സ്വീകരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ചിലയിടങ്ങളിലൊക്കെ ഇതിന് കുറവുവരുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. നെല്ല് സംഭരണത്തെ അട്ടിമറിക്കുന്ന തരത്തിലാണ് ഇത്തരം രീതികൾ തുടർന്നുവന്നിരുന്നത്. എന്നാൽ സർക്കാർ കർശനമായ നിലപാടുകൾ സ്വീകരിച്ചതിന്റെ ഭാഗമായി ചില ഏരിയകളിൽ കുറവുവന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന് പുറത്തുനിന്നും നെല്ല് കൊണ്ടുവരുന്നതിനെക്കുറിച്ച് പ്രമുഖരായ മാധ്യമപ്രവർത്തകരുൾപ്പെടെ എന്നോട് നേരിട്ട് സൂചിപ്പിച്ചിരുന്നു. അതിന്റെയെല്ലാം ഫലമായിട്ടാണ് കർശനമായ നിലപാടുകൾ സ്വീകരിച്ചത്. അങ്ങനെ കുറവ് വന്നപ്പോൾ ചില

ആളുകൾ അത് ആഘോഷമാക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും പ്രതിസന്ധികളുമൊക്കെ ഉണ്ടാകുന്നതിന്റെ ഭാഗമായി ചിലയിടങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കാതെ വന്നേക്കാം. എന്നാൽ കൃഷിയിൽനിന്നും വ്യാപകമായി കർഷകർ മാറുന്നുവെന്നത് അടിസ്ഥാനരഹിതമായ വാദഗതിയാണ്. പ്രതിസന്ധികളുണ്ടാകുന്ന സ്ഥലങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സുരക്ഷിതവും വിഷരഹിതവുമായ ഭക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി സംഘടിപ്പിച്ചിട്ടുള്ള പരിപാടികൾ ഒരു ഗവൺമെന്റ് പരിപാടി എന്നതിനപ്പുറം നാടിനുവേണ്ടിയുള്ളതാണെന്ന ബോധ്യം ഉൾക്കൊണ്ടുകൊണ്ട് അതെല്ലാം തന്റെ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ജനപ്രതിനിധിയാണ് അദ്ദേഹം.

ശ്രീ. കെ. പ്രേംകുമാർ: സർ, തരിശ്ശായി കിടന്ന ഏതാണ്ട് രണ്ട് ഏക്കറോളം സ്ഥലത്ത് പൂക്കോട്ടുകാവ്, താനിക്കുന്നിലെ നാല് ചെറുപ്പക്കാരായ ജോൺസ്, സുനിൽ, മിഥുൻരാജ്, അഭിജിത്ത് എന്നിവർ തണ്ണിമത്തൻ കൃഷി ചെയ്യുകയും റംസാൻ നോമ്പ് ആരംഭിക്കുന്ന ദിവസം അതിന്റെ വിളവെടുപ്പ് ഉത്സവം സംഘടിപ്പിക്കുകയുമുണ്ടായി. ജൈവ വളം ലഭ്യമല്ലാത്തതാണ് അവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് കുടുംബശ്രീയെയും ഹരിത കർമ്മസേനയെയും ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രാദേശികമായി ജൈവ വളം ഉൽപാദിപ്പിച്ച്-കർഷകർക്കെത്തിക്കുന്നതിനുള്ള നടപടികൾക്ക് അങ്ങ് നേതൃത്വം നൽകുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാന്യനായ എം.എൽ.എ. പറഞ്ഞ ആ നാല് ചെറുപ്പക്കാരെ ഞാൻ അഭിനന്ദിക്കുകയാണ്. പഴവർഗ കൃഷിയിൽ വൻ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്ന് ഈ സീസണിലെ തണ്ണിമത്തൻ കൃഷിയാണ്. കേരളത്തിൽ ഇത് കൃഷി ചെയ്യാൻ സാധിക്കുമോയെന്ന സംശയം പലർക്കുമുണ്ടായിരുന്നു. ഇവിടത്തെ മണ്ണും കാലാവസ്ഥയും അത്തരം കൃഷിക്ക് അനുയോജ്യമാണോയെന്ന സംശയം ഇന്ന് മാറിയിട്ടുണ്ട്. എന്റെ നാട്ടിലുൾപ്പെടെ നൂറുകണക്കിന് ആളുകളാണ് തണ്ണിമത്തൻ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്ന തണ്ണിമത്തന് മറ്റ് സ്ഥലങ്ങളിലുള്ളതിനെക്കാൾ ഗുണമേന്മ കൂടുതലാണ്. വിവിധയിനം തണ്ണിമത്തൻ കേരളത്തിൽ കൃഷി ചെയ്യുന്നുണ്ട്. നമ്മൾ പ്രത്യേകമായി ഉൽപാദിപ്പിച്ച ഹൈബ്രിഡ് വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ, ഇതിനാവശ്യമായ വളങ്ങളുടെ പ്രശ്നമുണ്ട്. അത് പരിഹരിക്കുന്നതിനായി സാധ്യമായ എല്ലാ സ്ഥലങ്ങളിലും കുടുംബശ്രീയും കൃഷിക്കൂട്ടങ്ങളുമുൾപ്പെടെ ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രാദേശികമായി ജൈവവളം ഉൽപാദിപ്പിച്ച് കർഷകരിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏതെല്ലാം സ്ഥലങ്ങളിലാണ് അതിന്റെ കുറവുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ ഇടപെടലുകൾ നടത്താം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് ഇത്തരം സംവിധാനമൊരുക്കുന്നതിനുള്ള നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്. അത് ഘട്ടംഘട്ടമായി പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, വളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് കൃത്യമായ സംവിധാനം നിലവിലുണ്ടോ; ഗുണനിലവാരമില്ലാത്ത വളങ്ങളുടെ വിതരണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് രണ്ട് ലാബുകളും കീടനാശിനിയുടെ പരിശോധന നടത്തുന്നതിന് ഒരു ലാബും ഉൾപ്പെടെ മൂന്ന് ലാബുകളാണുള്ളത്. പ്രതിവർഷം ഏതാണ്ട് നാലായിരത്തിലധികം രാസവള സാമ്പിളുകൾ ശേഖരിക്കുകയും അവയുടെ പരിശോധന കൃത്യമായി നടത്തുകയും ചെയ്യുന്നുണ്ട്. B.Sc അഗ്രികൾച്ചർ ബിരുദധാരികളായ കൃഷി ഓഫീസർമാരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കീടനാശിനികളുടെ രണ്ടായിരത്തിലധികം സാമ്പിളുകളെടുത്ത് പരിശോധിക്കുന്നുണ്ട്. ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർ സാമ്പിളുകൾ മോശപ്പെട്ടതാണെന്ന് കണ്ടെത്തുന്നവയുടെ വില്പന തടയുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗുണമേന്മയില്ലാത്ത വളം ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നവർക്ക് മുന്നറിയിപ്പ് നൽകുകയും തുടർന്നും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നുമുണ്ട്. അത്തരത്തിൽ കർഷകർക്ക് നൽകുന്ന വളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കാൻ നടപടി

2 (*272) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ കുടുംബങ്ങളിലും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ തുടർച്ചയായി പുതിയ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉൽപാദന, മൂല്യവർധിത, സേവന മേഖലകളിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) ഉണ്ട്.

(ബി) നമ്മുടെ സംസ്ഥാനത്ത് സാധ്യമായ എല്ലാ കുടുംബങ്ങളിലും കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ

സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പാക്കിയ ജനകീയ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്". കേരളത്തിലെ സാധ്യമായ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരമുണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക എന്നീ ലക്ഷ്യങ്ങൾ ഈ പദ്ധതിയിലൂടെ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. പരമാവധി വീടുകളിൽ കൃഷിയിലൂടെ സുരക്ഷിത ഭക്ഷ്യോല്പാദനത്തിന് തുടക്കം കുറിക്കാൻ ഈ ജനകീയ ക്യാമ്പയിനിലൂടെ കഴിഞ്ഞു. ഈ ക്യാമ്പയിൻ വരുംവർഷങ്ങളിലും തുടരും.

2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽത്തന്നെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന ഒരു ലക്ഷം വിത്ത് പാക്കറ്റുകളും 3/- രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ ഇനം പച്ചക്കറി വിത്തുകളുടെ 10/- രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വിലയുള്ള രണ്ട് ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളുടെ വിതരണവും നടത്തിയിട്ടുണ്ട്.

വീടുകൾ കേന്ദ്രീകരിച്ച് ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന ഒരു ലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തു. നഗര

പ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിച്ചുവരുന്നു.

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം മുതൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ധനസഹായം നൽകി. സുരക്ഷിത പച്ചക്കറി വീട്ടിൽനിന്നുതന്നെ ലഭ്യമാക്കുന്നതിന് വിഭാവന ചെയ്ത് പോഷകത്തോട്ടങ്ങൾ തയ്യാറാക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പുകളിൽ ഒരു ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ (മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമപ്ലാവ്), ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡി നിരക്കിൽ കർഷകന് നൽകിവരുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ തുടങ്ങിയവയും നൽകിയിട്ടുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്നുതന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു. കൂടാതെ, പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികളും കാർഷിക പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

സാധ്യമായ കുടുംബങ്ങളിലെല്ലാം കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ്

ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) എന്നിവയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലുമുള്ള കുടുംബങ്ങളിൽ കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി അർക്ക വെർട്ടിക്കൽ ഗാർഡനുകളുടെ വിതരണത്തിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന നാല് അടുക്കുകളുള്ള അർക്ക വെർട്ടിക്കൽ ഗാർഡൻ ഫ്രെയിമിനൊപ്പം 16 ചെടിച്ചട്ടികൾ, 80 കിലോഗ്രാം നടീൽ മാധ്യമം (ചകിരിച്ചോർ), പച്ചക്കറി വിത്തുകൾ, സസ്യപോഷണ സംരക്ഷണ പദാർഥങ്ങൾ, 25 ലിറ്റർ സംഭരണശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ അടങ്ങുന്നതാണ് ഒരു അർക്ക വെർട്ടിക്കൽ ഗാർഡൻ. 22,100/- രൂപ ആകെ ചെലവുവരുന്ന ഒരു യൂണിറ്റിന് 15,525/- രൂപ ധനസഹായത്തോടെയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗുണഭോതാക്കൾക്ക് ലഭ്യമാക്കുന്നത്. ഇതിന് 6,575/- രൂപ ഗുണഭോക്തൃ വിഹിതമായി നൽകിയാൽ മതി.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ വീട്ടുവളപ്പിൽ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 1000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നു. നിലവിൽ 654.90 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഫലവൃക്ഷത്തോട്ടം തയ്യാറാക്കുന്നതിനായി ഹെക്ടറിന് 30,000/- രൂപ ആനുകൂല്യം നൽകുന്നു. പദ്ധതി നിർവഹണം നടന്നുവരികയാണ്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലുൾപ്പെടുത്തി വിവിധയിനം തദ്ദേശീയവും വിദേശീയവുമായ പഴവർഗങ്ങളുടെ കൃഷി, പച്ചക്കറിവിളകളുടെ കൃഷി എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു. ഉൽപാദന ചെലവ് കുറഞ്ഞ ദീർഘകാല ഫലവർഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ തയ്യാറാക്കാൻ മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 30,000/- രൂപ 60:20:20 എന്ന അനുപാതത്തിൽ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി നൽകുന്നു. അത്യുല്പാദനശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/- രൂപ ധനസഹായം നൽകുന്നു. പ്രസ്തുത പദ്ധതികൾ കുറഞ്ഞത് 5 സെന്റ് മാത്രം കൃഷിഭൂമിയുള്ള കുടുംബങ്ങൾക്കും ചെയ്യാവുന്നതാണ്.

(സി&ഡി) ഉണ്ട്. 'ഞങ്ങളും കൃഷിയിലേക്ക്'' പദ്ധതി നടത്തിപ്പിലൂടെ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

1. ജനങ്ങളിൽ കാർഷിക സംസ്കാരം ഉണർത്തുന്നതിനും കുടുംബം കേന്ദ്രീകരിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാധിച്ചു.
2. വീടുകൾ കേന്ദ്രീകരിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടെറസ് കൃഷി, വീട്ടുമുറ്റത്തെ കൃഷി തുടങ്ങിയവയ്ക്ക് ആവശ്യമായ വിത്തും തൈകളും വിപണന സൗകര്യങ്ങളും നൽകിക്കൊണ്ട് ജനകീയ ഇടപെടലുകൾക്ക് ഊർജം നൽകി.
3. സുസ്ഥിരമായ ഒരു കാർഷിക മേഖലയ്ക്ക് അടിത്തറയിടാൻ സാധ്യമായി.
4. വിഷരഹിത ഭക്ഷണോല്പാദനത്തിൽ പരമാവധി കുടുംബങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി.

5. പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ജനകീയ പങ്കാളിത്തത്തോടെ കാർഷിക മേഖലയിൽ നവീന ഇടപെടലുകൾ സാധ്യമാക്കുന്നതിനും കർഷകരുടെ ഒരു സ്വയം നിയന്ത്രിത സംവിധാനമായി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു സംരംഭം കാർഷിക മേഖലയിൽ രൂപം കൊള്ളുന്നത്.

6. ആകെ 23568 കൃഷിക്കൂട്ടങ്ങൾ രൂപംകൊണ്ടു. ഉൽപാദന മേഖലയിൽ 19509-ഉം സേവന മേഖലയിൽ 1426-ഉം വിപണന/മൂല്യവർധനവ് മേഖലയിൽ 2633-ഉം കൃഷിക്കൂട്ടങ്ങളാണ് രൂപീകരിക്കാൻ സാധ്യമായത്.

7. രജിസ്റ്റർ ചെയ്യപ്പെട്ട കൃഷിക്കൂട്ടങ്ങളിൽനിന്നും തിരഞ്ഞെടുത്ത 5000 ഗ്രൂപ്പുകളെ മൂല്യവർധിത കൃഷി ലക്ഷ്യമാക്കി ഉൽപാദന മേഖലയിലേക്കും 200 ഗ്രൂപ്പുകളെ യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള സേവന മേഖലയിലേക്കും 1000 ഗ്രൂപ്പുകളെ കാർഷികോല്പന്നങ്ങളുടെ മൂല്യവർധനവിനും വിപണനത്തിനും വേണ്ടിയും തയ്യാറാക്കി.

8. 'ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം' എന്ന ലക്ഷ്യത്തിൽ 4000 മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ സാധ്യമായി.

9. കൃഷിക്കൂട്ടങ്ങളെ ജനകീയാസൂത്രണ പദ്ധതിയുടെ മാർഗരേഖയിൽ ഉൾപ്പെടുത്തി പദ്ധതി നടത്തിപ്പിൽ ഏകോപനം ഉറപ്പാക്കി.

10. തദ്ദേശഭരണ സ്ഥാപനതലത്തിൽ കൃഷിക്കൂട്ടങ്ങളുടെ ഫെഡറേഷൻ രൂപീകരിക്കാനുള്ള നടപടികൾ പൂർത്തിയായി.

11. തദ്ദേശഭരണ സ്ഥാപനത്തിൽ ഉൽപാദന വിപണന പ്ലാൻ വാർഡുതല മൈക്രോ

പ്ലാനുകളിലൂടെ ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചു.

12. കൃഷിക്കൂട്ടങ്ങൾക്ക് അവർ നൽകുന്ന പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ വെൻച്വർ ക്യാപിറ്റൽ ഫണ്ട് നൽകി.

13. കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തി കർഷക ഉത്പാദക സംഘടനകൾ (FPO) രൂപീകരിക്കുന്ന നടപടികൾ ഘട്ടംഘട്ടമായി പൂർത്തീകരിച്ചുവരുന്നു.

14. കാർഷിക മേഖലയിലെ മൂല്യവർധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ കൃഷിക്കൂട്ടങ്ങളിലൂടെ കൈക്കൊണ്ടു.

15. കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങളെ ബ്രാൻഡഡ് ഉൽപ്പന്നങ്ങളാക്കി മാറ്റി.

16. കേരളത്തിന്റെ തനതായ കാർഷിക ഉൽപ്പന്നം ഗുണമേന്മയോടെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ കർഷകരും കൃഷിക്കൂട്ടങ്ങളും ഉണ്ടാക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കി കേരള ഗ്രോ ബ്രാൻഡ് നെയിം നൽകാൻ സാധിച്ചു.

17. 1000 ഉൽപ്പന്നങ്ങൾക്ക് 'കേരളാഗ്രോ ബ്രാൻഡ്' നൽകി. 'കേരളാഗ്രോ" ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പാക്കാൻ ആധുനിക സംവിധാനത്തോടെ കേരളഗ്രോ ബ്രാൻഡഡ് സ്റ്റോറുകൾ ആരംഭിക്കാനും കഴിഞ്ഞു. ഇന്ത്യയിലാദ്യമായാണ് ഇങ്ങനെയൊരു പദ്ധതി നടപ്പാക്കുന്നത്.

18. കാർഷിക സംരംഭകരുടെ ഉൽപ്പന്ന പാക്കേജുകൾ കൂടുതൽ ആകർഷകമാക്കാൻ

ആവശ്യമായ പരിശീലനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജുമായി ധാരണപത്രം ഒപ്പുവച്ച് നൽകിവരുന്നു.

19. കൃഷിക്കൂട്ടങ്ങളുടെ കൂട്ടായ്മയിലൂടെ ഉൽപാദന സേവന മൂല്യവർധന മേഖലയിൽ 150000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധ്യമായി.

20. കർഷകരും കൃഷിക്കൂട്ടങ്ങളും ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കാനും കാർഷിക ഉൽപ്പന്നങ്ങളുടെ ലാഭം ഇടനിലക്കാർ കൊണ്ടുപോകുന്ന അവസ്ഥാവിശേഷം ഒഴിവാക്കാനും വിപണന മേഖല സജീവമാക്കാനും കർഷകരുടെ കൂടി ഓഹരി ഉടമസ്ഥതയിൽ കാബ്കോ (കേരള അഗ്രോ ബിസിനസ്സ് കമ്പനി) എന്ന പേരിൽ കമ്പനി രൂപീകരിച്ചു.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിജയകരമായതിന്റെ അടിസ്ഥാനത്തിൽ ഈ ക്യാമ്പയിന്റെ തുടർച്ചയായി സമഗ്ര ഇടപെടലുകൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിലായിരിക്കും സമഗ്ര ഇടപെടലുകൾ സാധ്യമാകുക. ഇതിനായി 2033 ലക്ഷ്യമാക്കി ആസൂത്രണം ചെയ്തിരിക്കുന്ന ദീർഘകാല വിഷനായ 'വിഷൻ 2033'-ലൂടെ താഴെ വിവരിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്.

1. കൃഷി സമൃദ്ധി

2. സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം

3. കയറ്റുമതി ലക്ഷ്യമാക്കി ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർധിത കൃഷി.

4. നവോ-ധൻ പദ്ധതി വഴി ഒരു ലക്ഷം ഹെക്ടറിൽ പുതുതായി കൃഷി.

1. പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ 'കൃഷി സമൃദ്ധി' ലക്ഷ്യമിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ ഭൗതികമായും സാമ്പത്തികമായും വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച്, ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പാക്കും. കൃഷി സമൃദ്ധിയുടെ ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കിവരുന്നത്. അടുത്ത സാമ്പത്തിക വർഷം 393 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പദ്ധതി നടപ്പാക്കുന്നതാണ്. ഇതിലൂടെ ഈ പദ്ധതി നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം 500 ആകുന്നതാണ്. വാർഡ് തലത്തിൽ ഓരോ പ്രദേശത്തിന്റെയും വിളകളുടെയും പ്രത്യേകതകൾ അടിസ്ഥാനമാക്കി ജനകീയ പങ്കാളിത്തത്തോടെ ഉൽപാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കിയാണ് കൃഷി സമൃദ്ധി നടപ്പാക്കുന്നത്. ഉൽപാദന വർധനവിനും കൃഷി വ്യാപനത്തിനും ഉതകുന്ന കാർഷിക സേവനങ്ങൾ, ഉൽപാദനോപാധികൾ എന്നിവ ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പിന്തുണ നൽകുന്നു. മൂല്യവർധനവ്, വിപണനം, നൂതന കൃഷിരീതികൾ എന്നിവ സാധ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ഏജൻസികളുടെയും സംഘടനകളുടെയും ബന്ധപ്പെട്ട പദ്ധതികൾ കണ്ടെത്തി കൃഷി സമൃദ്ധിയിലൂടെ ഏകോപിപ്പിക്കുന്നു.

2. പച്ചക്കറിയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യപ്രാപ്തിക്കായി അടുത്ത 5

വർഷംകൊണ്ട് പൂർത്തീകരിക്കുന്നവിധം "സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം" ആരംഭ ഘട്ടത്തിലാണ്.

3. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ രൂപീകരിച്ചതും ഉൽപാദന, സേവന, വിപണന മൂല്യവർധന മേഖലയിൽ സജ്ജവുമായ കൃഷിക്കൂട്ടങ്ങളെ ശാക്തീകരിച്ച് പ്രാദേശിക സർക്കാരുകളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെ ഉൽപാദനത്തിനനുസരിച്ചുള്ള വിപണിയും ഉൽപ്പന്നങ്ങൾക്കുള്ള വിലയും ഉറപ്പുനൽകി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി കയറ്റുമതി ലക്ഷ്യമാക്കി ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർധിത കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ ആരംഭിച്ചു. ഇക്കാര്യത്തിന് ആവശ്യമായ പിന്തുണ കേരള അഗ്രോ ബിസിനസ്സ് കമ്പനി നൽകും.

4. വാണിജ്യ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും, കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് കൃഷിഭൂമി ലഭ്യമാകാത്ത അവസ്ഥാവിശേഷം പരിഹരിക്കാനും കൃഷിഭൂമി കൈവശമുള്ളവർ പല കാരണങ്ങളാൽ അത് കൃഷിക്ക് നൽകാതെ തരിശ്ശിടുന്നത് ഒഴിവാക്കാനും നവോ-ധൻ പദ്ധതി നടപ്പാക്കി തുടങ്ങി. നവോ-ധൻ പദ്ധതി വഴി ഒരു ലക്ഷം ഹെക്ടറിലെ കൃഷിയാണ് ലക്ഷ്യമിടുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, രാജ്യത്തെ കാർഷികമേഖലയെ ഗുരുതരമായി ബാധിച്ച ആർ.സി.ഇ.പി. (റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്) കരാർ സംസ്ഥാനത്തെ കാർഷികമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, രാസവളത്തിന്റെ വിലയുമായി ബന്ധപ്പെട്ട് 1991 കാലഘട്ടത്തിൽ വന്ന നിയന്ത്രണങ്ങളെയും നടപടികളെയും കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. വളരെ ആവേശത്തോടെയാണ് ഇത്തരം കാര്യങ്ങളെ അന്ന് നമ്മുടെ ഭരണാധികാരികൾ വാരിപ്പുണർന്നത്. ആർ.സി.ഇ.പി. കരാർ നടപ്പാക്കുകയും അതിൽ 15 രാജ്യങ്ങൾ പങ്കാളിയാകുകയും വിലക്കുറവുള്ള കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്താൽ ഈ നാട്ടിലെ കർഷകരെ അത് ദോഷകരമായി ബാധിക്കുമെന്നും ചെലവ് കുറഞ്ഞ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ നമ്മുടെ നാട്ടിൽ ആഭ്യന്തരമായി ഉൽപാദനം നടത്തുന്ന കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയുകയില്ലെന്നും ഇതെല്ലാം തൊഴിൽ നഷ്ടമുണ്ടാക്കുകയും മറ്റുചില രാജ്യങ്ങൾക്ക് പ്രയോജകനകരമാകുകയും ചെയ്യുമെന്നും പാലും പാലുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയും സംജാതമാകുന്നത് ക്ഷീര കർഷകരെയടക്കം പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ ഇക്കാര്യങ്ങളിൽ തിരുത്തലുണ്ടാകണമെന്നും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് ആവശ്യപ്പെട്ടതാണ്. എന്നാൽ കേന്ദ്ര സർക്കാർ ഇതിൽ അൽപംപോലും മാറ്റം വരുത്താതെ മുന്നോട്ടുപോകുകയാണ്. നികുതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം അമേരിക്കൻ പ്രസിഡന്റ് നടത്തിയ സ്റ്റേറ്റ്മെന്റ് കൂടി പ്രാവർത്തികമാകുമ്പോൾ തുടർന്നുള്ള തീരുമാനം എന്താകുമെന്നത് ആലോചിക്കാവുന്നതേയുള്ളൂ. കാർഷികമേഖല പ്രതിസന്ധിയിലാകും. അതുകൊണ്ട് ഇതിനെതിരായി ശക്തമായ ഇടപെടലുണ്ടാകേണ്ടത് അനിവാര്യമാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കാനാവശ്യമായ എന്തെല്ലാം

സംവിധാനങ്ങളാണ് നിലവിലുള്ളത്; സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. അത് വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കേണ്ടത് അനിവാര്യമാണ്. അടുത്ത മാസത്തോടെ സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിലേക്ക് കടക്കാനാണ് ആലോചിക്കുന്നത്. അതൊരു സർക്കാർ പരിപാടിയായിട്ടല്ല, ഓരോ വീടുകളെയും പങ്കാളിയാക്കുന്ന പരിപാടിയാക്കി അത് മാറ്റാൻ സാധിക്കും. തിരുവിതാംകൂറും കൊച്ചിയും മലബാറുമായിരുന്ന കാലത്തുപോലും സംസ്ഥാനത്തിനാവശ്യമായ അരി ഇവിടെ ഉൽപാദിപ്പിക്കാൻ സാധിച്ചിട്ടില്ല. വയലുകളുടെ വിസ്തൃതി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ അതിന് പ്രതിസന്ധിയുണ്ട്. എന്നാൽ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികളും പഴവർഗങ്ങളും ഇലവർഗങ്ങളുമെല്ലാം ഇവിടെത്തന്നെ ഉൽപാദിപ്പിക്കാൻ കഴിയുമെന്നിരിക്കെ മറുനാടുകളെ ആശ്രയിക്കുന്നത് ശരിയല്ല. സ്വയംപര്യാപ്തത കൈവരിക്കുക എന്നത് മാത്രമല്ല, വിഷരഹിതമായ ഭക്ഷണം ഉറപ്പാക്കുന്നതിനുകൂടി ലക്ഷ്യം വയ്ക്കുന്ന പദ്ധതിയിലേക്ക് നീങ്ങുമ്പോൾ എല്ലാവരുടെയും പിന്തുണയും പിൻബലവും ഉണ്ടാകണമെന്നുകൂടി അഭ്യർഥിക്കുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കൃത്യമായ ഇടവേളകളിൽ അതെല്ലാം പരിശോധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുമുണ്ട്. ചില സമയത്ത് അത്തരം

പരിശോധനയിൽ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെടുന്നുണ്ട്. സമൂഹത്തിന്റെ നല്ല രീതിയിലുള്ള ഇടപെടൽ കൂടി ഇക്കാര്യത്തിലുണ്ടായാൽ അത് വിജയിപ്പിച്ച് മുന്നോട്ടുപോകാൻ സാധിക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ആവശ്യമായ കൃഷിഭൂമിയില്ലാത്തത് കേരളത്തിലെ കാർഷികരംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. എന്നാൽ കൃഷി ചെയ്യാതെ തരിശ്ശായി കിടക്കുന്ന ഭൂമിയും അന്യാധീനപ്പെട്ട ഭൂമിയും വിവിധ കാരണങ്ങളാൽ ഗവൺമെന്റ് ഏറ്റെടുക്കുന്ന ബോട്ടിങ് ലാൻഡുകളും പല പ്രദേശത്തുമുണ്ട്. കൃഷി വ്യാപനത്തിനായി ഇത്തരം ഭൂമി കണ്ടെത്തി കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, അതിനുള്ള നീക്കം ഗവൺമെന്റ് നടത്തുകയും 'നവോത്ഥാൻ' എന്ന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇക്കണോമിക് സർവേയിൽ സംസ്ഥാന സർക്കാരിന്റെ നല്ലൊരു പരിപാടിയായിട്ടാണ് ഇതിനെ സൂചിപ്പിച്ചിട്ടുള്ളത്. സ്വകാര്യ വ്യക്തികളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ളതും കൃഷിക്ക് ഉപയോഗിക്കാവുന്നതുമായ ഭൂമി കണ്ടെത്തി 1872-ലെ ഇന്ത്യൻ കോൺട്രാക്ട് ആക്ട് അനുസരിച്ച് കർഷകനും ഭൂവുടമയും ധാരണയിലെത്തി ദീർഘകാല കൃഷിക്കായി കർഷകന് ഭൂമി നൽകുന്നതാണ് 'നവോത്ഥാൻ' പദ്ധതി. ഇപ്പോൾത്തന്നെ ആയിരക്കണക്കിന് ഏക്കർ ഭൂമി ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. നിലവിൽ 4700 ഏക്കർ ഭൂമി പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, പതിനൊന്ന് മാസക്കാലയളവിൽ വിളവെടുപ്പ് നടത്താവുന്ന ഹ്രസ്വകാല വിളകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട്

കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ തുടങ്ങിയ സംവിധാനങ്ങൾക്കും വ്യക്തികൾക്കും കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള ക്രോപ് കൾട്ടിവേറ്റേഴ്സ് കാർഡ് കൊണ്ടുവരുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. അത് നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കി അതിന്റെ പിൻബലത്തോടെ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്. ഇതിലൂടെ തരിശ്ശായി കിടക്കുന്ന മുഴുവൻ ഭൂമിയും ഉപയോഗപ്രദമാക്കാൻ കഴിയുമെന്നുമാത്രമല്ല കൃഷിക്കാർക്കും പുതുതായി കാർഷികരംഗത്തേയ്ക്കിറങ്ങുന്നവർക്കും സഹായകരമാകുകയും ചെയ്യും.

ശ്രീ. വി. ശശി: സർ, 2024-ൽ നെൽക്കൃഷിക്കായി 2.87 ലക്ഷം ഹെക്ടർ ഭൂമിയുണ്ടായിരുന്നത് ഇന്ന് 1.79 ലക്ഷം ഹെക്ടറായി കുറഞ്ഞുവെന്നാണ് സാമ്പത്തിക സർവേ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. നിലം കൈയേറ്റം, കാർഷികേതര ആവശ്യങ്ങൾക്കായി നിലങ്ങൾ ഉപയോഗിക്കുന്ന പ്രവണത എന്നിവയാണ് നെൽവയൽ വിസ്തൃതി കുറയാനിടയാക്കിയത്. ഭക്ഷ്യസുരക്ഷയെ ഗുരുതരമായി ബാധിക്കുന്ന ഈ സ്ഥിതിവിശേഷം നേരിടാൻ നിലവിൽ ലഭ്യമായ നിലങ്ങളെങ്കിലും നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, പ്രസക്തമായൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. നെൽവയലുകളുടെ വിസ്തൃതി അൽപംപോലും കുറയാൻ പാടില്ലാത്തതും നിലവിൽ ലഭ്യമായിട്ടുള്ള മുഴുവൻ വയലുകളും ഉപയോഗിക്കേണ്ടതുമാണ്. നെൽവയലുകൾ നൽകുന്ന പാരിസ്ഥിതിക പ്രാധാന്യംകൂടി കണക്കിലെടുത്ത് ഒരു ഏക്കർ വയൽ ഒരു വർഷം അഞ്ച് കോടി ലിറ്റർ വെള്ളം സംഭരിച്ച് ഭൂമിക്കടിയിലേക്ക് സംഭാവന ചെയ്യുന്നുവെന്നാണ്

ശാസ്ത്രീയമായി കണക്കാക്കിയിട്ടുള്ളത്. ഒരു കുപ്പി വെള്ളത്തിന് 20 രൂപ കൊടുക്കുന്ന മലയാളി ഒരു ഏക്കർ വയൽ വെള്ളം സംഭരിച്ച് നൽകുന്ന കണക്കിനെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യുന്നില്ലെന്നതാണ് വസ്തുത. ഈ പ്രാധാന്യംകൂടി കണക്കിലെടുത്താണ് 2008-ൽ കേരള നിയമസഭ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. അവശേഷിക്കുന്ന നെൽവയലുകളെ എന്ത് വില കൊടുത്തും സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ഫോറസ്റ്റ് റിസർവുപോലെ പാഡി റിസർവ് ഉണ്ടാകേണ്ടത് അനിവാര്യമായിരുന്നു. പക്ഷേ കർഷകന്റെ കൈവശമുള്ള വയലുകൾ നാളെ റിസർവ് വയലുകളെന്ന് പ്രഖ്യാപിക്കാൻ സാധിക്കില്ല. നെൽവയലുകളിൽ ചിലപ്പോൾ സ്വാഭാവിക വ്യതിയാനം വരുത്തേണ്ടിവരും. അവശ്യംവേണ്ട കാര്യങ്ങൾക്കല്ലാതെ ഒരിഞ്ച് വയൽപോലും നികത്തുന്നതിനെ സർക്കാർ അനുകൂലിക്കുകയോ അംഗീകാരം നൽകുകയോ ചെയ്യുന്നില്ല. ചിലരെല്ലാം അങ്കണവാടിക്ക് നെൽവയൽ സംഭാവന ചെയ്യാമെന്നൊക്കെ പറഞ്ഞുവരുന്നുണ്ട്. അവരെ മഹാമനസ്കരായി വാഴ്ത്തുന്നവരുമുണ്ട്. എന്നാൽ അങ്കണവാടിക്ക് മൂന്ന് സെന്റ് വസ്തു കൊടുക്കുമ്പോൾ ബാക്കിയുള്ള നിലം നികത്തുന്നതിനുവേണ്ടിയാണ് ഇത്തരമൊരു പരിപാടിയുമായി ആളുകൾ മുന്നോട്ടുവരുന്നത്. അത് സർക്കാർ പ്രോത്സാഹിപ്പിക്കുകയില്ല. അത്യന്താപേക്ഷിതമായ കാര്യങ്ങൾക്കല്ലാതെ നിയമത്തിൽ വിട്ടുവീഴ്ച ചെയ്യുന്നില്ല. അവശേഷിക്കുന്ന വയലുകളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന നിലപാടിൽ തന്നെയാണ് സർക്കാർ നിൽക്കുന്നത്. നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകതന്നെ ചെയ്യും.

ശ്രീമതി സി. കെ. ആശ: സർ, ഉൽപാദന വർധനവിന് അടിസ്ഥാനസൗകര്യ

വികസനം അത്യന്താപേക്ഷിതമാണ്. കാർഷികമേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണുള്ളത്; കൃഷിക്കാവശ്യമായ ഫണ്ട് പ്രസ്തുത പദ്ധതികളിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കാർഷികമേഖലയ്ക്ക് സാമ്പത്തിക പിന്തുണ കൊടുക്കേണ്ടത് അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF), രാഷ്ട്രീയ കൃഷി വികാസ് യോജന, സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, SMAM എന്നീ പദ്ധതികൾക്കെല്ലാം തുക വിനിയോഗിക്കുന്നുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 486 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ കേരളത്തിന്റെ കാർഷികമേഖലയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ട്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (എ.ഐ.എഫ്.) വഴി 1152 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. രണ്ടുവർഷം മുമ്പ് എ.ഐ.എഫ്.-നെക്കുറിച്ച് നിയമസഭ ചർച്ച ചെയ്തപ്പോൾ അതിന്റെ വിനിയോഗത്തിൽ സംസ്ഥാനം പുറകോട്ടാണെന്ന് ചിലരൊക്കെ അഭിപ്രായപ്പെട്ടിരുന്നു. എ.ഐ.എഫ്. മുഖേന 2980 ഗുണഭോക്താക്കൾക്ക് 1152 കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ട്. ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. പദ്ധതികളിൽനിന്ന് ലഭ്യമാകുന്ന തുകയും ഇത്തരത്തിൽ വന്നിട്ടുണ്ട്. അതോടൊപ്പം നബാർഡിനുകീഴിൽ 'റിയാസ്' (RIAS-Rural Infrastructure Assistance to State Governments) എന്ന പുതിയൊരു പദ്ധതി ആവിഷ്കരിക്കുകയും 1576 കോടി രൂപയുടെ പദ്ധതികൾ

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാധ്യമാകുന്നിടത്തെല്ലാം സാമ്പത്തികമായ സഹായങ്ങൾ എത്തിച്ചുകൊണ്ട് കേരളത്തിന്റെ കാർഷികമേഖലയിൽ അടിസ്ഥാന സൗകര്യ വികസനം എത്തിക്കുന്നതിനാണ് സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ മുപ്പത് ശതമാനം തുക ഉൽപാദന മേഖലയ്ക്കുവേണ്ടിയാണ് നീക്കിവയ്ക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കോടിക്കണക്കിന് രൂപയാണ് ഉൽപാദന മേഖലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറ്റിവച്ചത്. ഈ ഫണ്ടുപയോഗിച്ച് കാർഷികരംഗത്ത് എന്തെങ്കിലും പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകാൻ കൃഷി വകുപ്പ് മുൻകൈയെടുക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ മുപ്പത് മുതൽ നാൽപ്പത് ശതമാനം വരെ തുക പ്രാഥമിക മേഖലയ്ക്കുവേണ്ടി നീക്കിവയ്ക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധനയും നടത്തിയിരുന്നു. അത്തരത്തിൽ തുക നീക്കിവച്ചതിന്റെ ഭാഗമായി പുരോഗതിയുണ്ടായിട്ടുണ്ടെന്ന് നിസ്സംശയം പറയാൻ കഴിയും. അതാണ് പച്ചക്കറിയുടെ ഉൽപാദനത്തിലുൾപ്പെടെ വർധനവുണ്ടാകാനിടയായത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് കൃഷി

വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും പ്രോജക്ട് ബാങ്കുണ്ടാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ട് സംസ്ഥാനാടിസ്ഥാനത്തിൽ അവലോകനം നടത്തി പ്രോജക്ട് ബാങ്കിൽ എത്തിക്കും. അതിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുയോജ്യമായവ തിരഞ്ഞെടുത്ത് പ്രയോജനപ്പെടുത്താവുന്നതാണ്. ഒരു നാടിന് അനിവാര്യമായ പ്രാദേശിക വിഭവങ്ങൾ ഇതിലൂടെ ഉൽപാദിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചശേഷം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കൃഷിയുമായി ബന്ധപ്പെട്ട ആസൂത്രണം നടക്കേണ്ടത് പ്ലാനിങ് ബോർഡിലോ സെക്രട്ടേറിയറ്റിലോ കൃഷി വകുപ്പിന്റെ ഡയറക്ടറേറ്റിലോ മാത്രമല്ല കൃഷിയിടവുമായി ബന്ധപ്പെട്ടും വേണ്ടതാണ്. വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി രീതിയിൽ നിന്നും വിളയിടത്തെ അടിസ്ഥാനമാക്കുന്ന കൃഷിയിലേക്ക് വന്നതിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതിയും ഉണ്ടായിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ പ്രോജക്ട് തയ്യാറാക്കാനുള്ള സംവിധാനം വ്യാപകമായി നടപ്പിലാക്കും.

ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്ന കരിക്കുലം ചട്ടക്കൂട്

3 (*273) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്ന കരിക്കുലം ചട്ടക്കൂടിന്റെ സ്വഭാവത്തിൽനിന്നും ഏതെല്ലാം തരത്തിലാണ് കേരളം നിർദേശിക്കുന്ന കരിക്കുലം ചട്ടക്കൂട്

വ്യത്യസ്തമായിരിക്കുന്നത്; കേരളത്തിന്റേതായ പ്രായോഗിക ബദലുകൾ എങ്ങനെയാണ് ഉൾച്ചേർത്തിരിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയും ഉറപ്പുവരുത്തണമെന്ന കാഴ്ചപ്പാട് കേരളം മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) കേരളം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന കരിക്കുലം പരിഷ്കരണം, നാലുവർഷ ബിരുദ പ്രോഗ്രാം തുടങ്ങിയ വിവിധങ്ങളായ പരിഷ്കാരങ്ങൾ ശ്യാം ബി. മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനും പ്രൊഫ. സുരേഷ്ദാസ് അധ്യക്ഷനായ ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റിയും മുമ്പോട്ടുവച്ച കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതാണ്. മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയും അടിസ്ഥാനമാക്കി വേണം ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവ് വിലയിരുത്താനെന്നാണ് കേരളം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്. പുത്തൻ വിദ്യാഭ്യാസ നയം ഊന്നൽ നൽകുന്നത് വേദകാലഘട്ടത്തിലും പൗരാണിക കാലഘട്ടത്തിലുമുള്ള ഇന്ത്യയിൽ നിന്നുള്ള അറിവുകളിലൂന്നുന്ന പാഠ്യപദ്ധതിയാണ്. ഇന്ത്യൻ നോളജ് സിസ്റ്റം എന്ന പേരിൽ പുരാണങ്ങളും ഇതിഹാസങ്ങളും ആധാരമാക്കിയുള്ള കാര്യങ്ങളുൾപ്പെട്ട പാഠ്യപദ്ധതിയാണ് NEP വിഭാവന ചെയ്യുന്നത്. എന്നാൽ സാംസ്കാരിക വൈവിധ്യത്തിലും വൈജാത്യങ്ങളിലും ഭരണഘടനാ മൂല്യങ്ങളിലും ഊന്നിക്കൊണ്ട് ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത,

ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മതനിരപേക്ഷത, ശാസ്ത്രബോധം എന്നിവയുള്ള ഒരു പുതുതലമുറയെ രൂപവൽക്കരിക്കേണ്ട ഉത്തരവാദിത്വമാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കേരളം ലക്ഷ്യംവയ്ക്കുന്നത്. ഭൂരിപക്ഷം പേരെയും സമഗ്രമായ വിദ്യാഭ്യാസം പൂർത്തിയാകുന്നതിനുമുമ്പ് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ പരിശീലനവും തൊഴിൽ പരിചയ സർട്ടിഫിക്കറ്റും നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്ന് ഒഴിവാക്കുക എന്നതാണ് എൻ.ഇ.പി.-യുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. ഒരു ചെറിയ ശതമാനത്തിനുമാത്രം സമഗ്ര വിദ്യാഭ്യാസം നൽകുകയും ബാക്കിയുള്ള മഹാഭൂരിപക്ഷത്തിനും തൊഴിൽ കാര്യക്ഷമത വർധിപ്പിക്കാൻ ആവശ്യമുള്ള സ്കില്ലുകൾ മാത്രം നൽകി കമ്പോളത്തിനാവശ്യമായ തൊഴിൽസേനയുടെ ഭാഗമാക്കി മാറ്റുകയും ചെയ്യുകയെന്ന ആശയത്തിലാണ് എൻ.ഇ.പി. കേന്ദ്രീകരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് ഒന്നാം വർഷം സർട്ടിഫിക്കറ്റ്, രണ്ടാം വർഷം ഡിപ്ലോമ തുടങ്ങിയ നിർദേശങ്ങൾ യു.ജി.സി ഫ്രെയിംവർക്കിന്റെ ഭാഗമാകുന്നത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രോജക്ടുള്ള ഓണേഴ്സ് ബിരുദം നേടാനും റിസർച്ച് താൽപര്യമുള്ളവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമിന്റെ ഘടനയിലേക്കാണ് നാം മാറുന്നത്. അറിവ് നേടുന്നതിനോടൊപ്പം അറിവ് ഉൽപാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജിക്കാനും സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കാനും അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽനിന്നും

തൊഴിൽദാതാക്കൾ എന്ന നിലയിൽ ഉയരാനും നമ്മുടെ വിദ്യാർഥികളെ സഹായിക്കുന്ന ഒരു ദ്വിമുഖ സമീപനമുള്ള കരിക്കുലം ഫ്രെയിംവർക്കാണ് കേരളം മുന്നോട്ടുവച്ചിരിക്കുന്നത്.

(ബി) കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവിൽ നടക്കുന്ന പരിഷ്കാരങ്ങൾ ജനപക്ഷ വൈജ്ഞാനിക സമൂഹ നിർമ്മിതിയുമായി ബന്ധപ്പെട്ടാണ് വിലയിരുത്തപ്പെടേണ്ടത്. സാമൂഹ്യനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ, എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉന്നതവിദ്യാഭ്യാസം എന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. അറിവിനെ സമൂഹത്തിന് ഉപയോഗപ്പെടുത്തുക, കേരളത്തെ സാമ്പത്തിക ശക്തിയായി വളർത്തുക, അതിൽ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുക തുടങ്ങിയവയാണ് കേരളം പിന്തുടരുന്ന ആശയം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തെ ഒരു വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. വിദ്യാർഥികളുടെ വ്യക്തിപരമായ കഴിവും സാമൂഹ്യബോധവും നിർണ്ണയിക്കുന്നതിൽ ഭാഷാ പഠനത്തിന് വലിയ പ്രാധാന്യമുണ്ട്. യു.ജി.സി. വിഭാവന ചെയ്യുന്ന കരിക്കുലം ഭാഷാപഠനത്തിന് പ്രാധാന്യം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. കേരളത്തിന്റെ കരിക്കുലത്തിൽ എന്ത് മാറ്റമാണ് ഉദ്ദേശിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, യു.ജി.സി.-യുടെ കാഴ്ചപ്പാടിൽനിന്ന് വ്യത്യസ്തമായി ഭാഷാ

പഠനത്തെ വൈവിധ്യവൽക്കരണത്തിലൂടെ സമീപിക്കുന്ന രീതിയാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. അതുസംബന്ധിച്ച്, ആധുനിക ഇന്ത്യൻ ഭാഷയെന്ന യു.ജി.സി.-യുടെ കാഴ്ചപ്പാട് മാത്രമല്ല കേരളം സ്വീകരിച്ചിട്ടുള്ളത്. അറബിക്, ജർമ്മൻ, ഫ്രഞ്ച് തുടങ്ങിയ വൈദേശിക ഭാഷകളുൾപ്പെടെ പഠിക്കാൻ സാധിക്കുന്ന രീതിയിലാണ് കേരളത്തിന്റെ കരിക്കുലം രൂപകല്പന ചെയ്തിട്ടുള്ളത്. എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സിന്റെ ഭാഗമായി രണ്ടുവീതം ഇംഗ്ലീഷ് കോഴ്സുകളും താൽപര്യമുള്ള ഏതെങ്കിലും രണ്ട് ഭാഷാ കോഴ്സുകളുമടക്കം നാല് ഭാഷാ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം എല്ലാ വിദ്യാർഥികൾക്കും ഉറപ്പുവരുത്തിയിട്ടുണ്ട്. അതോടൊപ്പം സ്കിൽ എൻഹാൻസ്മെന്റ് കോഴ്സിന്റെയും വാല്യൂ ആഡഡ് കോഴ്സിന്റെയും ഭാഗമായി തങ്ങളുടെ അഭിരുചിക്കൊത്ത ഭാഷകൾ തിരഞ്ഞെടുത്ത് പഠിക്കാനും ട്രാൻസ്ലേഷൻ അടക്കമുള്ള കോഴ്സുകൾ പഠിക്കാനും വിദ്യാർഥികൾക്ക് അവസരമുണ്ട്. അവരവരുടെ അഭിരുചിക്ക് ഇണങ്ങുന്ന വിധത്തിലുള്ള ഭാഷാപരിചയവും ഭാഷാപ്രാവീണ്യവും ഉറപ്പ് നൽകുന്ന രീതിയാണ് കേരളത്തിലെ Four-year UG Programme-ൽ നടപ്പിലാക്കിയിട്ടുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തെ ഒരു വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി 'സ്റ്റഡി ഇൻ കേരള' എന്ന സ്ലോഗൻ കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്യാമ്പസുകളിൽ മാറ്റമുണ്ടാക്കേണ്ടതുണ്ട്. അനഭിലഷണീയമായ പ്രവണതകൾ ക്യാമ്പസുകളിൽ വളർന്നുവരുന്നതായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനെയെല്ലാം മാറ്റി വിദ്യാർഥികളുടെ സ്വതന്ത്ര്യവും അക്കാദമിക് ഫ്ലക്സിബിലിറ്റിയും ഉറപ്പുവരുത്തിക്കൊണ്ട് ലക്ഷ്യബോധവും

ഉത്തരവാദിത്വബോധവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിന് എങ്ങനെയാണ് പുതിയ മോഡൽ റഗുലേഷന് സാധ്യമാകുന്നത്?

ഡോ. ആർ. ബിന്ദു: സർ, വിദ്യാർഥി കേന്ദ്രീകൃതമായ സമീപനമാണ് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. പുതിയ കാലത്തിനും പുതിയ ലോകത്തിനും ഇണങ്ങുന്ന തരത്തിൽ തങ്ങളുടെ അഭിരുചിക്കും അക്കാദമിക്-കരിയർ താൽപര്യങ്ങൾക്കും അനുസൃതമായ വിധത്തിൽ ബിരുദ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് സ്വയം രൂപകല്പന ചെയ്യാനുള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്ക് ഉറപ്പാക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. മുൻകാലങ്ങളിൽ കെമസ്ട്രിയോടൊപ്പം കണക്കും ഫിസിക്സും പഠിക്കണമെന്ന് നിർബന്ധമായിരുന്നെങ്കിൽ ഇപ്പോൾ കെമസ്ട്രിയോടൊപ്പം ഫിസിക്സും സംഗീതവും പഠിക്കാം അല്ലെങ്കിൽ ഫിസിക്സും ഇലക്ട്രോണിക്സും പഠിക്കാം. അത്തരത്തിലുള്ള വിപുലമായ ചോയിസ് വിദ്യാർഥികൾക്കുണ്ട്. അക്കാദമിക് കൗൺസിലർമാരുടെ സഹായത്തോടെ തങ്ങളുടെ പഠനം രൂപകല്പന ചെയ്യാൻ വിദ്യാർഥികൾക്ക് സാധിക്കും. അതോടൊപ്പം ഓൺലൈൻ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കുന്നതിനുള്ള സ്വാതന്ത്ര്യവും നൽകുന്നുണ്ട്. അതിനനുസൃതമായ രീതിയിൽ സർവകലാശാലാ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. അക്കാദമിക് സമൂഹത്തിന് അതിവേഗം സേവനങ്ങൾ ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 'Ease of doing education' എന്നതാണ് നമ്മുടെ ലക്ഷ്യം. അതനുസരിച്ച് പരമാവധി സേവനങ്ങൾ ഓൺലൈനാക്കുന്നുണ്ട്. ലോകത്ത് എവിടെനിന്ന് വേണമെങ്കിലും ക്രെഡിറ്റ് ആർജിച്ച് തങ്ങളുടെ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിൽ നിക്ഷേപിക്കാൻ വിദ്യാർഥികൾക്ക് സ്വാതന്ത്ര്യമുണ്ട്. K-REAP (Kerala Resources

for Education Administration and Planning) പദ്ധതി കേരളത്തിൽ ആരംഭിച്ചുവെന്ന കാര്യം കൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കരണത്തിന് നേതൃത്വം കൊടുക്കുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും അഭിനന്ദിക്കുന്നു. പരീക്ഷാ മൂല്യനിർണ്ണയ രീതികളിൽ എന്തെല്ലാം തരത്തിലുള്ള മാറ്റങ്ങളാണ് കേരളത്തിന്റെ കരിക്കുലം നിർദ്ദേശിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായും പരീക്ഷാ പരിഷ്കരണത്തിന് നിയോഗിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പരീക്ഷാ സമ്പ്രദായം പൊളിച്ചെഴുതുന്ന രീതിയിലുള്ള മാറ്റങ്ങളിലേക്കാണ് പോകുന്നത്. അധ്യാപനം, പഠനം, പരീക്ഷാ മൂല്യനിർണ്ണയം തുടങ്ങിയ രീതികളിലെല്ലാം സമൂല മാറ്റമാണ് നിർദ്ദേശിക്കുന്നത്. വിദ്യാർഥികൾക്ക് സെൽഫ് ലേണിങും എക്സ്പീരിയൻഷ്യൽ ലേണിങും സാധ്യമാകുന്ന വിധത്തിലാണ് ഇപ്പോൾ കാര്യങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഓരോ വിഷയത്തിന്റെയും ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പഠിക്കാനും ആർജിക്കുന്ന അറിവുകളിൽനിന്ന് പുതിയ അറിവുകൾ ഉൽപാദിപ്പിക്കാനും കഴിവുള്ളവരായി വിദ്യാർഥികളെ രൂപപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. Outcome-Based Education (OBE)-ന്റെ ഭാഗമായി വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങളോടെയാണ് ഓരോ കോഴ്സും വിദ്യാർഥി പഠിക്കുന്നത്. ഒരു സർവകലാശാലയ്ക്ക് കീഴിലുള്ള ഓരോ കോളേജുകളിലും ഒരേ വിഷയം വ്യത്യസ്ത രീതിയിലായിരിക്കും പഠിപ്പിക്കുന്നത്. ഓരോ കോളേജിന്റെയും സവിശേഷ

സാഹചര്യങ്ങൾക്കനുസൃതമായി അത് മാറുന്ന വിധത്തിലുള്ള ഫ്ലക്സിബിലിറ്റി ഇപ്പോൾ അനുവദിക്കുന്നുണ്ട്. മാനവിക ഭാഷാ വിഷയങ്ങളിലുൾപ്പെടെ പ്രാക്ടിക്കൽ എന്ന നിലയിലുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. നൈപുണ്യ വിടവ് നികത്തുന്നതുമായി ബന്ധപ്പെട്ട് സ്കിൽ കോഴ്സുകൾക്ക് ഉൾപ്പെടെ ക്രെഡിറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓപ്പൺ ബുക്ക് എക്സാം, പ്രോജക്ട് ഓറിയന്റഡ് ആക്ടിവിറ്റീസ്, ഇന്റേൺഷിപ്പുകൾ, അസൈൻമെന്റുകൾ എന്നിവയെല്ലാം പ്രായോഗിക പരീക്ഷാ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ശ്രീ ഐ. ബി. സതീഷ്: സർ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി തയ്യാറാക്കപ്പെട്ട കരിക്കുലത്തിൽ വിദ്യാർഥികൾക്ക് മൾട്ടിപ്പിൾ എക്സിറ്റ് ഓപ്ഷൻ നൽകിയിട്ടുണ്ട്. ഇതിന് ബദലായി കേരളമെടുത്തിരിക്കുന്ന തീരുമാനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഡോ. ആർ. ബിന്ദു: സർ, മൾട്ടിപ്പിൾ എക്സിറ്റിന്റെ ഭാഗമായി സാമൂഹികമായി അരികുവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾ വൻതോതിൽ കൊഴിഞ്ഞുപോകുന്നുണ്ട്. ഒന്നാം വർഷം പൂർത്തീകരിച്ചാൽ സർട്ടിഫിക്കറ്റും രണ്ടാം വർഷം പൂർത്തീകരിക്കുമ്പോൾ ഡിപ്ലോമയും നൽകുന്നുവെന്നുള്ളത് ബിരുദവുമായി ബന്ധപ്പെട്ട് നാഷണൽ എഡ്യൂക്കേഷൻ പോളിസി നിർദേശിക്കുന്ന കാര്യമാണ്. പക്ഷേ ഒന്നാം വർഷം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഒരു വിദ്യാർഥിക്ക് യാതൊന്നുംതന്നെ സബ്സ്റ്റാൻഷ്യലായി ലഭ്യമാകുന്നില്ലെന്നതാണ് യാഥാർഥ്യം. അതുകൊണ്ട് അരികുവൽക്കരിക്കപ്പെടുന്ന വിദ്യാർഥികളെ പുറംതള്ളുന്ന വിധത്തിലുള്ള എക്സ്ക്ലൂഷൻ പോളിസിയിലേക്കല്ല കേരളം പോയിട്ടുള്ളത്. മറിച്ച്, അവരെ ശാക്തീകരിക്കുന്നതിനും

മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പ്രാധാന്യം കൊടുത്തുകൊണ്ട് പ്രാപ്യതയ്ക്കും സാമൂഹ്യനീതിക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് മൂന്ന് വർഷം പൂർത്തീകരിച്ച് 133 ക്രെഡിറ്റുകൾ ആർജിക്കുന്ന ഘട്ടത്തിൽ ഒരു എക്സിറ്റും, നാലാം വർഷംകൂടി പഠിക്കാൻ ആഗ്രഹമുള്ള റിസർച്ച് ഓറിയന്റഡ് ആപ്റ്റിറ്റ്യൂഡുള്ള വിദ്യാർഥികൾക്ക് ഗവേഷണാത്മക പ്രവർത്തനങ്ങൾ നടത്തി ഓണേഴ്സ് ബിരുദവും നൽകുന്ന സമീപനമാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. ഒന്നുംരണ്ടും വർഷങ്ങളിൽ എക്സിറ്റില്ല.

ശ്രീ. പി. പി. സുമോദ്: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാളിതുവരെയുള്ള വിദ്യാഭ്യാസ രീതിയിൽനിന്നും വിഭിന്നമായി ഏറെ വൈവിധ്യത്തോടുകൂടിയാണ് നാലുവർഷ ബിരുദ കോഴ്സ് നടപ്പിലാക്കുന്നത്. വിദ്യാർഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമെല്ലാം ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കയും ഉൽക്കണ്ഠയും അകറ്റുന്നതിനും വിദ്യാർഥികൾക്ക് അക്കാദമിക കാര്യങ്ങൾ പ്ലാൻ ചെയ്യുന്നതിനും അവർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അത് പരിഹരിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

ഡോ. ആർ. ബിന്ദു: സർ, Four-year UG programme ഒരു പുതിയ സമ്പ്രദായമായതുകൊണ്ട് സ്വാഭാവികമായും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമെല്ലാം ആശങ്കയുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് കഴിഞ്ഞ വർഷം മുതൽ ഹയർ സെക്കൻഡറി തലത്തിൽത്തന്നെ ഈ പുതിയ മാറ്റം വിദ്യാർഥികളെ പരിചയപ്പെടുത്തുന്നതിനുള്ള പരിപാടികൾ നടത്തുന്നുണ്ട്. അതുമാത്രമല്ല, കോളേജിലേക്ക് കടന്നുവന്നശേഷം എല്ലാ പ്രസക്തമായ കാര്യങ്ങളിലും വിദ്യാർഥികൾക്ക് ഉപദേശങ്ങൾ

നൽകുന്നതിന് ഓരോ ക്ലാസിലും ഒരു ഫാക്കൽറ്റി ഉപദേഷ്ടാവ് ഉണ്ടായിരിക്കണമെന്ന നിബന്ധന വച്ചിട്ടുണ്ട്. ഒരു ക്ലാസിലെ വിദ്യാർഥികളുടെ എല്ലാ അക്കാദമിക് പ്രവർത്തനങ്ങളെയും കുറിച്ചുള്ള രേഖകൾ ഈ ഫാക്കൽറ്റി ഉപദേഷ്ടാവിന്റെ കസ്റ്റഡിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇന്റേണൽ മാർക്കുകളും ക്ലാസ് റൂമിലെ സാന്നിധ്യവും പങ്കാളിത്തവുമെല്ലാം രണ്ട് പ്രവൃത്തി ദിവസത്തേക്ക് ഡിപ്പാർട്ടുമെന്റ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചതിനുശേഷം മാത്രമേ സർവകലാശാല പോർട്ടലിൽ അപ്‌ലോഡ് ചെയ്യാൻ പാടുള്ളൂവെന്ന നിബന്ധനയുമുണ്ട്. അതുപോലെ Department Level Academic Committee (DLAC) വിദ്യാർഥികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും സംശയ നിവാരണത്തിനുമായി പ്രവർത്തിക്കും. DLAC തലത്തിൽ ആശങ്കകൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ കോളേജ് ലെവൽ അക്കാദമിക് കമ്മിറ്റിക്ക് റഫർ ചെയ്യാവുന്നതാണ്. അവിടെയും സംശയ നിവാരണവും മറ്റ് രീതിയിലുള്ള പരാതി പരിഹാരവും സാധ്യമാകും. ഇന്റേണൽ അസെസ്മെന്റും ഹാജർനിലയും സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിന് ആദ്യം പ്രിൻസിപ്പാളിനെയോ HOD (Head of the Department)-യെയോ സമീപിക്കാം. അവിടെ പരിഹാരം ലഭിക്കുന്നില്ലെങ്കിൽ യൂണിവേഴ്സിറ്റി ലെവൽ മോണിറ്ററിങ് കമ്മിറ്റിക്ക് പരാതി നൽകാവുന്നതാണ്. പ്രിൻസിപ്പാളിന് ലഭിക്കുന്ന പരാതികൾ തീർപ്പായിട്ടില്ലെങ്കിൽ യൂണിവേഴ്സിറ്റി ലെവൽ മോണിറ്ററിങ് കമ്മിറ്റിക്ക് റഫർ ചെയ്യും. K-REAP (Kerala Resources for Education Administration and Planning)-ന്റെ ഭാഗമായി അഡ്മിഷൻ തുടങ്ങി ഡിഗ്രി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ നിലയിൽ വിദ്യാർഥികൾക്കും മറ്റുള്ളവർക്കും അറിയാൻ കഴിയുന്ന സാഹചര്യവും സംജാതമാകും. ഓരോ വിദ്യാർഥിക്കും തങ്ങളുടെ പ്രത്യേക

ഐഡന്റിഫിക്കേഷൻ നമ്പറിൽ ലോഗിൻ ചെയ്ത് ഈ സോഫ്റ്റ്വെയറിലൂടെ എല്ലാ കാര്യങ്ങളും സുതാര്യമായി അറിയാവുന്നതാണ്. LMS (Learning Management System) സംവിധാനവും ഇതിന്റെ ഭാഗമായി എല്ലാ സർവകലാശാലകളിലും ഉറപ്പാക്കുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഫോറിൻ യൂണിവേഴ്സിറ്റികളുമായുള്ള എക്സ്ചേഞ്ച് പ്രോഗ്രാമുകൾ കേരളത്തിലെ ക്യാമ്പസുകളിൽ നടക്കുന്നുണ്ട്. സംസ്ഥാനത്തുതന്നെ ഒരു കോളേജിൽ പഠിക്കുന്നൊരു കുട്ടിക്ക് മറ്റൊരു കോളേജിലേക്ക് പോകുന്നതിന് അവസരമൊരുക്കുന്നതിനായി കേരളത്തിലെ കോളേജുകളും സർവകലാശാലകളും തമ്മിൽ ഒരു എക്സ്ചേഞ്ച് പ്രോഗ്രാം നടത്താൻ കഴിയുമോ?

ഡോ. ആർ. ബിന്ദു: സർ, നല്ലൊരു ആശയമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചിട്ടുള്ളത്. ഇപ്പോൾ ധാരാളം Twinning Programme-കളും ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകളും വിവിധ രാജ്യങ്ങളുമായും വിവിധ സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളുമായും ബന്ധപ്പെട്ട് നടന്നുവരുന്നുണ്ട്. നമ്മുടെ എല്ലാ യൂണിവേഴ്സിറ്റികളിലും മിക്കവാറും ഡിപ്പാർട്ടുമെന്റുകൾ അത്തരം പ്രവർത്തനങ്ങൾ ഇതിനോടകം എറ്റെടുത്തിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തുതന്നെ വിവിധ കോളേജുകൾ തമ്മിലുള്ള knowledge transaction-നുള്ള സംവിധാനം ഉറപ്പാക്കാം. Cluster College-കളും Constituent College-കളുമെല്ലാം മികച്ച നിലയിൽ മുന്നോട്ടുപോകുമ്പോൾ റിസർച്ച് ഷെയറിങും നോളേജ് ഷെയറിങും സാധ്യമാകുന്നതാണ്.

കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

4 (*274) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെറാഡൂണിൽ നടന്ന 38-ാമത് ദേശീയ ഗെയിംസിൽ, ചരിത്രത്തിലാദ്യമായി സംസ്ഥാനം പതിനാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കായിക സംഘടനകൾ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കായിക സംഘടനകൾക്കുള്ള സഹായം നൽകുന്നതിൽ കടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) പ്രാഥമിക വിലയിരുത്തലിൽ അത്ലറ്റിക്സ് കായിക ഇനത്തിൽ നിലവിൽ നാഷണൽ ചാമ്പ്യൻഷിപ്പുകളിൽ മെഡൽ ജേതാക്കളായ കേരളത്തിന്റെ മികച്ച കായിക താരങ്ങളിൽ ചിലർ പരിക്കുകാരണം നാഷണൽ ഗെയിംസിൽ പങ്കെടുക്കാതിരുന്നതും ഗോവയിൽ നടന്ന 37-ാമത് നാഷണൽ ഗെയിംസിൽ കേരളം 22 മെഡൽ കരസ്ഥമാക്കിയ

കായിക ഇനമായ കളരിപ്പയറ്റ് 38-ാമത് നാഷണൽ ഗെയിംസിൽ മത്സര ഇനമല്ലാതെ പ്രദർശന ഇനം മാത്രമായി ഉൾപ്പെടുത്തിയതും പതിനാലാം സ്ഥാനത്തേക്ക് എത്തിയതിന് കാരണമായിട്ടുണ്ട്. 19 ഗോൾഡാണ് കേരളത്തിന് നഷ്ടപ്പെട്ടത്. എന്നാൽ അത്ലറ്റിക്സ്, അക്വാട്ടിക്സ്, റോവിങ്, വോളിബോൾ, തായ്ക്കോൺഡോ, വെയ്റ്റ്ലിഫ്റ്റിങ്, വുഷു, ഫുട്ബോൾ, എന്നീ ഇനങ്ങളിൽ സ്വർണ്ണ മെഡലും ജിംനാസ്റ്റിക്സ്, ബാസ്കറ്റ്ബോൾ, ജൂഡോ, ബീച്ച് ഹാൻഡ്ബോൾ, നെറ്റ്ബോൾ, സൈക്ലിങ് എന്നീ ഇനങ്ങളിൽ വെള്ളി മെഡലും ഖോ ഖോ, ഫെൻസിങ്, കനോയിങ് & കയാക്കിങ് എന്നീ കായിക ഇനങ്ങളിൽ വെങ്കല മെഡലും നേടി കേരളം മികവ് പുലർത്തിയിട്ടുണ്ട്. ഇവയിൽ ഫുട്ബോൾ, വുഷു, വെയ്റ്റ്ലിഫ്റ്റിങ് എന്നീ കായിക ഇനങ്ങളിൽ കേരളം ആദ്യമായി സ്വർണ്ണ മെഡൽ കരസ്ഥമാക്കിയിരിക്കുകയാണ്.

ഉത്തരാഖണ്ഡിൽ നടന്ന 38-ാം ദേശീയ ഗെയിംസിൽ മത്സരം നടന്ന 34 ഇനങ്ങളിൽ 17-ലും കേരളം മെഡൽ നേടിയിട്ടുണ്ട്. 38-ാമത് നാഷണൽ ഗെയിംസിൽ കേരളം പ്രതീക്ഷിച്ച മികവിലേക്ക് എത്താത്തതിനുള്ള സാഹചര്യം വിലയിരുത്തുന്നതിനായി വിശദമായ പരിശോധന നടത്തി കായിക സംഘടനകളുമായി ചർച്ച ചെയ്ത് അടുത്ത ദേശീയ ഗെയിംസിൽ കേരളം മികവിലേക്ക് എത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി അവ നടപ്പാക്കുന്നതിനുമുള്ള വിശദമായ മാർഗരേഖ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിക്കുന്നതാണ്.

(ബി) കേരള ഒളിമ്പിക്സ് അസോസിയേഷൻ സർക്കാരിൽനിന്നും കൈപ്പറ്റിയ ഗ്രാന്റ് സംബന്ധിച്ച് സമർപ്പിച്ച വരവുചെലവ് കണക്കിൽ സർക്കാരിനെതിരെ സെക്രട്ടറിയേറ്റിനുമുന്നിൽ മാർച്ച് നടത്തിയതിന്റെ ചെലവുകൂടി ഉൾപ്പെട്ടതായി

കണ്ടെത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ഹോക്കി അസോസിയേഷന് ബജറ്റ് വിഹിതമായി 56 ലക്ഷം രൂപയും സ്പോർട്സ് കൗൺസിലിന് ഗ്രാന്റ് ഇനത്തിൽ 23.83 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. എന്നാൽ കേരള ഹോക്കി ടീമിന് ദേശീയ ഗെയിംസിൽ കഴിഞ്ഞ നിരവധി വർഷങ്ങളായി യോഗ്യത നേടാൻപോലും കഴിഞ്ഞിട്ടില്ല.

(സി) കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതികളും നിക്ഷേപങ്ങളും ആകർഷിക്കുന്നതിന് 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽവച്ച് അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റ് സംഘടിപ്പിച്ചിരുന്നു. വിവിധ മേഖലകളിലായി നിരവധി പദ്ധതികളും നിക്ഷേപ വാഗ്ദാനങ്ങളും ഈ സമ്മിറ്റിൽ ലഭ്യമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനം, അടിസ്ഥാന കായിക പരിശീലനം, ഇ-സ്പോർട്സ്, ലീഗുകൾ തുടങ്ങിയവയ്ക്കായി 950 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ (KCA) പുതിയ ക്രിക്കറ്റ് ലീഗും കേരള ഫുട്ബോൾ ഫെഡറേഷൻ പുതിയ സ്പോർട്സ് ലീഗും ആരംഭിക്കുകയും സംസ്ഥാന തലത്തിൽ പുതിയ കോളേജ് ലീഗുകൾ ആരംഭിക്കാൻ പോകുകയുമാണ്.

പ്രതിഭയുള്ള കായിക താരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എല്ലാ വർഷവും വിവിധ ജില്ലകളിൽ 6-ാം ക്ലാസ്സ് മുതലുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നുണ്ട്. 21 കായിക ഇനങ്ങളിലായി വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമികളിലേക്ക് കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു. സംസ്ഥാന സ്പോർട്സ്

കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും നിയന്ത്രണത്തിലുള്ള നീന്തൽക്കുളങ്ങളിൽ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ആരംഭിച്ച പ്രസ്തുത പദ്ധതി കൊല്ലം, കോട്ടയം പാലക്കാട്, വയനാട് ജില്ലകളിൽക്കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വനിതാ ഫുട്ബോളിൽ അന്തർദേശീയ നിലവാരം ലക്ഷ്യമിട്ട് അണ്ടർ 14 വനിതാ അക്കാദമി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി ഹൂപ്സ്, സ്പിന്റ്, ഹെൽത്തി കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ, സ്പ്ലാഷ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കായിക മേഖലയെ ദേശീയ-അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിങ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഖേലോ ഇന്ത്യ പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) കായിക സംഘടനകൾക്കുള്ള സഹായം നൽകുന്നതിൽ കുടിശ്ശികയുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് ബജറ്റ് വിഹിതമായി പ്ലാൻ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 34 കോടി രൂപ വകയിരുത്തിയിരുന്നു. 38-ാമത് നാഷണൽ ഗെയിംസിന് അനുവദിച്ച 4.50 കോടി രൂപ ഉൾപ്പെടെ 19.70 കോടി രൂപ സ്പോർട്സ് കൗൺസിലിന് അനുവദിച്ചിരുന്നു. ദേശീയ ഗെയിംസിന് അനുവദിച്ച 4.5 കോടിയിൽ 37.82 ലക്ഷം രൂപ പരിശീലന ക്യാമ്പുകൾക്ക് അഡ്വാൻസായി കായിക അസോസിയേഷനുകൾക്ക് നൽകിയിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, സമൂഹമാകെ ലഹരി വ്യാപിക്കുന്നതുമായി ബന്ധപ്പെട്ട ആശങ്ക പടരുമ്പോൾ വലിയ പ്രതീക്ഷയുള്ള ഒന്നാണ് കായിക വകുപ്പ്. എന്നാൽ, കായിക വകുപ്പ് ഇന്നൊരു വാഗ്ദാന വകുപ്പ് മാത്രമായി മാറിയിരിക്കുകയാണ്. പഞ്ചായത്തുകളിലെല്ലാം സ്റ്റേഡിയം നിർമ്മിക്കുമെന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ പറയുന്നുണ്ട്. അത് ഈ സർക്കാരിന്റെ ഒരു വാഗ്ദാനമായിരുന്നു. ഈ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ എത്ര കളിസ്ഥലങ്ങൾ ഇത്തരത്തിൽ നിർമ്മിച്ചിട്ടുണ്ട്; അതിന് സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് മയക്കുമരുന്ന് പിടിക്കൂടുന്നതിന്റെയും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന്റെയും വാർത്തകൾ ദിവസേന വന്നുകൊണ്ടിരിക്കുകയാണ്. ഞാൻ വായിച്ച പത്രങ്ങളിലൊക്കെ അങ്ങയുടെ പാർട്ടിയിലെ ആളുകൾ ധാരാളമായി ഇതിൽ പ്രതികളായി വരുന്നത് കാണുന്നുണ്ട്. .....(ബഹളം).....

മി. സ്പീക്കർ: .....(ബഹളം)..... ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ഉത്തരം പറയൂ. ..... (ബഹളം).....

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മയക്കുമരുന്നിനെതിരായി സംസ്ഥാന കായിക വകുപ്പ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ശക്തമായ പ്രചാരണ പരിപാടികൾ ആരംഭിക്കാൻ പോകുകയാണ്. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും കഴിയുന്നത്ര പഞ്ചായത്തുകളിലും ഈ പ്രചാരണം നടത്താനാണ് ശ്രമിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുന്ന പരാമർശമാണുണ്ടായത്. അത് അദ്ദേഹം പിൻവലിക്കുകയോ അങ്ങ് രേഖയിൽനിന്ന് നീക്കം ചെയ്യുകയോ ചെയ്യണം.

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.+

ശ്രീ. വി. ഡി. സതീശൻ: സർ, എന്ത് പരിശോധിക്കാമെന്നാണ്?

മി. സ്പീക്കർ: ചോദ്യകർത്താവ് മിനിസ്റ്റർ ഇൻസൾട്ട് ചെയ്തുകൊണ്ടാണ് സംസാരിച്ചത്. അതിന് അദ്ദേഹം മറുപടി പറയണമെന്നുള്ളത് വേറൊരു ഭാഗം. ചോദ്യം ചോദിക്കുമ്പോൾ അത്തരം പരാമർശങ്ങൾ പാടുള്ളതല്ല. ചോദ്യോത്തരവേളയിൽ ഇത്തരം ബ്ലെയിമിങ് ഒഴിവാക്കണം. അക്കാര്യങ്ങൾ ഡിമാൻഡ് ഡിസ്കഷനിൽ പറഞ്ഞോളൂ.

ശ്രീ. നജീബ് കാന്തപുരം: സർ, ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുന്നത് ശരിയല്ല.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ കെ.എൽ.എസ്/2393/2025/ഇ.ബി. തീയതി 14-03-2025) സഭാരേഖകളിൽ നിലനിർത്തി.

ഞാൻ ചോദിച്ച ചോദ്യത്തിന് ഒരു ഉത്തരവും കിട്ടിയില്ല. .....(ബഹളം)..... എത്ര തുക ചെലവഴിച്ചു എന്നാണ് ബഹുമാന്യനായ മന്ത്രിയോട് ഞാൻ ചോദിച്ചത്. അതിന് ഒരു ഉത്തരവും കിട്ടിയിട്ടില്ല. ഇങ്ങനെയാണെങ്കിൽ പാർട്ടി തിരിച്ചുള്ള കണക്കുകൾ മന്ത്രിക്ക് പറയാമോ? .....(ബഹളം).....

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ...(ബഹളം)..... സംസ്ഥാനത്ത് കായിക അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി മുഖാന്തരം മാത്രം 1200 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ ഫണ്ടുപയോഗിച്ച് ഏകദേശം 450 മുതൽ 500 കോടി രൂപയുടെ വർക്കുകൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. 'വൺ പഞ്ചായത്ത് വൺ കളിക്കളം' പദ്ധതി പ്രകാരം ഇപ്പോൾ 129 പഞ്ചായത്ത് കളിക്കളങ്ങളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽത്തന്നെ അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ സ്റ്റേഡിയം ഫിഫ സ്റ്റാൻഡേർഡിൽ നിർമ്മിക്കുന്നതിന് കോഴിക്കോട് സർവകലാശാല 35 ഏക്കർ സ്ഥലം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിനായി 600 കോടി രൂപയുടെ പദ്ധതി തയ്യാറായിവരികയാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ ഐ.എസ്.എസ്.കെ.-യുടെ നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി 1200 കോടി രൂപയുടെ പദ്ധതികൾ വാഗാനം ചെയ്യുകയും അതിൽ 950 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കാൻ പോകുകയുമാണ്. അതോടൊപ്പം, കേരള ഫുട്ബോൾ അസോസിയേഷൻ 600 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം വാഗാനം ചെയ്യുകയും ഇതുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ധാരാളം കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഞാൻ

അതിലേക്ക് കടക്കുന്നില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പാർട്ടി തിരിച്ച് പറയുകയാണെങ്കിൽ ലഹരി മരുന്ന് കേസിൽ ആലപ്പുഴ ബ്രാഞ്ച് സെക്രട്ടറി ഏത് പാർട്ടിക്കാരനാണെന്ന് പറഞ്ഞാൽ നന്നായിരുന്നു. .....(ബഹളം)..... കായികരംഗത്ത് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കേരളത്തെ പ്രതിനിധാനം ചെയ്ത കായികതാരങ്ങൾക്ക് വിവേചനരഹിതമായി, അവർ അർഹിക്കുന്ന തലത്തിൽ ജോലി കൊടുത്ത് അവരെ അംഗീകരിക്കുകയെന്നുള്ളത് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നതാണ്. എന്നാൽ 22 അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്ത, 2015-16-ൽ ദേശീയ ഫുട്ബോൾ തലത്തിൽ ഏറ്റവും നല്ല കളിക്കാരനെന്ന ഖ്യാതി നേടിയ ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ തുടങ്ങിയവർക്ക് ജോലി ലഭിച്ചിട്ടില്ല. ഞാൻ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. അന്ന് ശ്രീ. അനസ് എടത്തൊടികയ്ക്ക് എന്തായാലും ജോലി കൊടുക്കുമെന്ന് മന്ത്രി പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ബോഡി ബിൽഡിങ് താരങ്ങൾക്ക് നിയമനം നൽകാനുള്ള സർക്കാർ തീരുമാനം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തിട്ടുപോലും ശ്രീ. അനസ് എടത്തൊടികയെ പോലെയുള്ളവർക്ക് ജോലി നൽകാൻ എന്താണ് തടസ്സം?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, രാജ്യത്തുതന്നെ ഏറ്റവുമധികം കായികതാരങ്ങൾക്ക് മാതൃകാപരമായി ജോലി നൽകിയ ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഓരോ വർഷവും ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന 50 കായികതാരങ്ങൾക്ക് നിർബന്ധമായും ജോലി നൽകുന്നുണ്ട്. അതോടൊപ്പം മറ്റ് വകുപ്പുകളിൽ കായിക വകുപ്പിന്റെ

ശിപാർശ ക്കൂടാതെതന്നെ ജോലി നൽകുന്ന സംവിധാനവും നിലവിലുണ്ട്. മത്സരം നടന്ന കാലയളവിൽ ശ്രീ. അനസ് എടത്തൊടിക ജോലിക്കായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. അന്ന് അദ്ദേഹം മറ്റൊരു ജോലിയിൽ പ്രവേശിച്ചിരുന്നു. ഇപ്പോൾ ഏകദേശം 241 ഒഴിവുകളിന്മേൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 2016 മുതൽ 2019 വരെയുള്ള കാലയളവിൽ മത്സരിച്ച ആളുകൾക്കുള്ള റിക്രൂട്ട്മെന്റാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിൽ ആരെയും ഒഴിവാക്കി നിർത്തുന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, രഞ്ജിട്രോഫി ക്രിക്കറ്റിൽ കേരളം മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. ശ്രീ. മുഹമ്മദ് അസ്ഹറുദീൻ പുറത്താകാതെ നേടിയ 177 റൺസാണ് കേരളത്തെ ഫൈനലിൽ എത്തിച്ചത്. അദ്ദേഹം കാസർഗോഡ് നഗരസഭയിലെ തലങ്കര സ്വദേശിയാണെന്നത് കാസർഗോഡ് ജില്ലക്കാരായ ഞങ്ങൾക്ക് അഭിമാനമാണ്. അദ്ദേഹത്തെ പോലുള്ള ആളുകൾക്ക് കേരളത്തിൽത്തന്നെ ജോലി നൽകി, അവരെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിരവധി വർഷങ്ങളുടെ കാത്തിരിപ്പിനുശേഷമാണ് ആദ്യമായി രഞ്ജിട്രോഫിയിൽ ക്രിക്കറ്റ് ടൂർണമെന്റിന്റെ ഫൈനലിൽ കേരളം കളിക്കുന്നത്. അത് അംഗീകാരമാണ്. ക്രിക്കറ്റ് അടക്കമുള്ള കായികയിനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുള്ളവരിൽ ആരും ഇന്നുവരെ ജോലിക്കായി അപേക്ഷ നൽകിയിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അത്തരം കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്ന

ആദ്യവർഷം ഒരു മണ്ഡലത്തിൽ ഒരു കോടി രൂപയുടെ ഒരു സ്റ്റേഡിയം എന്ന് മന്ത്രി പ്രഖ്യാപിച്ചപ്പോൾ മഞ്ചേശ്വരവും ആ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് നാട്ടിലെല്ലാം അഭിമാനത്തോടുകൂടിയാണ് പറഞ്ഞത്. പിന്നീട് മന്ത്രിയെ സമീപിച്ചപ്പോൾ 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും നൽകണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് നൽകാൻ തയ്യാറാണെന്ന് കാണിച്ച് കത്ത് നൽകുകയും ചെയ്തതാണ്. അന്ന് പ്രഖ്യാപിച്ച എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, അതുസംബന്ധിച്ച് തുടക്കത്തിൽത്തന്നെ ഞാൻ പറഞ്ഞതാണ്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി പ്രകാരം 139 സ്റ്റേഡിയങ്ങളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ നിരവധി സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ വേണ്ടത്ര അപേക്ഷകൾ ലഭിക്കാത്തതിനാൽ ഓരോ നിയോജകമണ്ഡലത്തിലും രണ്ടാമത്തെ കളിക്കളം നൽകുന്ന പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് അങ്ങനെയൊരു പദ്ധതി ലഭ്യമായിട്ടില്ലെങ്കിൽ അതിന് കൃത്യമായ കാരണങ്ങളുണ്ടാകും. ചിലപ്പോൾ അങ്ങയുടെ വിഹിതം അവിടെ ലഭ്യമായിട്ടുണ്ടാകില്ല. സ്റ്റേഡിയം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ കായിക വകുപ്പ് നൽകും. എം.എൽ.എ. ആസ്തി വികസന ഫണ്ട്, അതത് തദ്ദേശസ്ഥാപന ഫണ്ട് സി.എസ്.ആർ., പൊതു-സ്വകാര്യ പങ്കാളിത്തം തുടങ്ങിയവയിലൂടെ ബാക്കി തുക കണ്ടെത്തും. കത്തിന്റെ കോപ്പി ലഭ്യമാക്കിയാൽ അടുത്തയാഴ്ച നിയമസഭയിൽ വരുമ്പോൾ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഓർഡർ അങ്ങയുടെ കൈയിൽ

ഏൽപ്പിക്കും.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

10.01 am]

II. ശ്രദ്ധ ക്ഷണിക്കൽ

(1) ഖാദി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. കെ. പി. മോഹനൻ: സർ, മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജിന്റെ ഭാഗമായി രൂപംകൊണ്ട ഖാദി പ്രസ്ഥാനത്തിന്റെ അവസ്ഥ ദയനീയമായിരിക്കുകയാണ്. അതിനാൽ ഈ മേഖലയിൽ സർക്കാർ ഇടപെടലുണ്ടാകണം. സംസ്ഥാനത്ത് ഖാദി ബോർഡ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ, സർവോദയ സംഘം, ഗാന്ധി സ്മാരക നിധി, വിവിധ സംഘങ്ങൾ എന്നിവിടങ്ങളിലായി സേവനമനുഷ്ഠിച്ചുവരുന്ന പതിനൊന്നായിരത്തിലധികം തൊഴിലാളികളിൽ 95 ശതമാനവും സ്ത്രീകളാണ്. അതിദരിദ്ര പട്ടികയിലെ ഇവർ കണ്ണീർ കുടിച്ചും ദാരിദ്ര്യം സഹിച്ചുമാണ് മഹത്തായ ഈ തൊഴിൽ മേഖലയെ നിലനിർത്തുന്നത്. ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 17.50 കോടി രൂപ അനുവദിച്ച പിണറായി സർക്കാരിനെ ഖാദി തൊഴിലാളികളുടെ പക്ഷത്തുനിന്ന് ഞാൻ അഭിനന്ദിക്കുകയാണ്. നൂലിന്റെയും ചായത്തിന്റെയും വിലവർധന, നിർമ്മാണസാമഗ്രികളുടെ അഭാവം, ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം, തറികളുടെ കേടുപാടുകൾ, സ്പെയർ പാർട്സുകളുടെ അപര്യാപ്തത, ടെക്നീഷ്യന്മാരുടെ കുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്റെ

നിയോജകമണ്ഡലത്തിലെ കണ്ണവം കോളനിയിലെയും മുതിയങ്ങയിലെയും ഖാദി നെയ്ത്ത് കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ അവിടെ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾ ദുരിതമനുഭവിക്കുകയാണ്. അതിനാൽ അവിടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ദിവസം ശരാശരി 460 രൂപയാണ് സർക്കാർ വിഹിതമടക്കം ഒരു തൊഴിലാളിക്ക് ലഭിക്കുന്നത്. അതുകൊണ്ട് സർക്കാർ വിഹിതം യഥാസമയം നൽകണം. ഖാദി തൊഴിലാളികളും അവരെ ആശ്രയിക്കുന്ന കുടുംബങ്ങളും തുച്ഛമായ വരുമാനം കൊണ്ടാണ് ജീവിക്കുന്നത്. അതിനാൽ തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, വസ്ത്രങ്ങൾക്കുള്ള റിബേറ്റ്, നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും നൽകുന്ന ഉൽപാദന ബോണസ്, ഉത്സവബത്ത എന്നിവ യഥാസമയം നൽകാൻ നടപടി സ്വീകരിക്കണം. സമീപകാലത്തെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ഖാദി മേഖലയ്ക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. അതിനാൽ അത്യാധുനിക നെയ്ത്ത് യന്ത്രങ്ങൾ ലഭ്യമാക്കി പുതുതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും കൂടിക്കാഴ്ച നടത്തിയതിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന ദിവസമായ ഇന്നുതന്നെ ഖാദിയുമായി ബന്ധപ്പെട്ട ശ്രദ്ധക്ഷണിക്കൽ ഉന്നയിച്ചതിന് ബഹുമാനപ്പെട്ട അംഗത്തെയും അതിന് അനുമതി നൽകിയ ബഹുമാനപ്പെട്ട ചെയറിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഖാദി മേഖലയെ ശക്തിപ്പെടുത്താനാവശ്യമായ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ദുബായ്, അബുദാബി എന്നീ വിദേശ രാജ്യങ്ങളിൽ മലയാളികൾ സംഘടിപ്പിച്ച പരിപാടികളിലൂടെ ഖാദി വസ്ത്രങ്ങൾ അവിടേയ്ക്ക്

കയറ്റുമതി ചെയ്യാനും വിൽക്കാനും സാധിച്ചിട്ടുണ്ട്. ഇപ്പോൾ ജർമ്മനിയിലെ Mor Life Style എന്ന സ്ഥാപനവുമായി സഹകരിച്ച് അവിടെ ഖാദിയുടെ വില്പന നടത്തുന്നുണ്ട്. 'കേരള ഖാദി' എന്നൊരു പോർട്ടലുണ്ടാക്കി ഓൺലൈനായി ഖാദി വിൽക്കുന്നുണ്ട്. കൂടാതെ K Shoppe വഴിയും ഖാദി ലഭ്യമാണ്. Institute of Fashion Technology, Kerala-യുമായി സഹകരിച്ച് പുതിയ ഡിസൈനിൽ ഖാദി ഉൽപ്പന്നങ്ങൾ ഇപ്പോൾ വിപണിയിലിറക്കിയിട്ടുണ്ട്. ഖാദി ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയത് പ്രതിസന്ധി സൃഷ്ടിക്കുകയും 1,000 രൂപയ്ക്കുതാഴെ 5 ശതമാനവും 1,000 രൂപയ്ക്കുമുകളിൽ 12 ശതമാനവും നിരക്കിൽ ടാക്സ് അടയ്ക്കേണ്ടിവരികയും ചെയ്തു. അക്കാര്യം ഈ വർഷം ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും മുൻകാല പ്രാബല്യത്തോടെ ജി.എസ്.ടി. ഒഴിവാക്കാൻ യൂണിയൻ ഗവൺമെന്റിന് കത്ത് നൽകിയിട്ടുള്ളതുമാണ്. ചർക്കകൾ നവീകരിക്കുന്നതിന് ഐ.ഐ.ടി. ചെന്നൈയുമായി ഒരു MoU ഒപ്പുവച്ചിട്ടുണ്ട്. ഖാദി മേഖലയിൽ ആദ്യമായി Handloom Electronic Jacquard Machine പാപ്പിനിശ്ശേരി കേന്ദ്രത്തിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രം നവീകരിക്കാൻ 1.98 കോടി രൂപ അനുവദിക്കുകയും ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുകയും പുതിയ Camphor Machine വാങ്ങുകയും ചെയ്തതുവഴി സ്ലൈവർ ഉൽപാദിപ്പിക്കാനും ക്ഷാമം പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഖാദി മേഖലയിൽ ജോലി ചെയ്യുന്ന ഏകദേശം 12500 തൊഴിലാളികളിൽ 95 ശതമാനം പേരും സ്ത്രീകളാണ്. ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 119,80,79,000/- രൂപയും ഇൻസെന്റീവായി 13,76,57,000/- രൂപയും ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. 30% സംസ്ഥാന റിബേറ്റ് നൽകിക്കൊണ്ട് ഖാദി മേളകൾ സംഘടിപ്പിക്കുന്നുണ്ട്. ഓണത്തിന്

സംസ്ഥാനത്തുടനീളം ഖാദിമേള സംഘടിപ്പിക്കുകയും ഖാദി പ്രചാരണത്തിന്റെ ഭാഗമായി ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ച് നിത്യവും ഖാദി വസ്ത്രം ധരിക്കുന്നവരെ ആദരിക്കുകയും ചെയ്യ. ബുധനാഴ്ച ഖാദിവസ്ത്രം ധരിക്കണമെന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട്. ഡോക്ടർമാർ, നഴ്സുമാർ, ദന്തൽ-നഴ്സിങ്-പാരാമെഡിക്കൽ വിദ്യാർഥികൾ തുടങ്ങിയവർ യൂണിഫോമിന്റെ ഭാഗമായി ഖാദി ബോർഡിൽനിന്നും ഖാദി ഓവർകോട്ടുകൾ വാങ്ങണമെന്ന് ആരോഗ്യ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്. അതിന് ആരോഗ്യ വകുപ്പുമന്ത്രിക്കും വകുപ്പിനും നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, കണ്ണവം കോളനിയിലെയും മുതിയങ്ങയിലെയും നെയ്ത്തുകേന്ദ്രങ്ങളെ നവീകരിക്കാനും ഖാദി മേഖലയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും അധ്യാപകർ, വിദ്യാർഥികൾ, സർക്കാർ ജീവനക്കാർ, എം.എൽ.എ.-മാർ എന്നിവർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഖാദി വസ്ത്രം ധരിക്കുന്നത് നിർബന്ധമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രണ്ട് ഖാദി ഉൽപാദന കേന്ദ്രങ്ങളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; ഫണ്ട് ലഭിക്കുന്നമുറയ്ക്ക് അത് നടപ്പാക്കാം. ബുധനാഴ്ചകളിൽ ഖാദി വസ്ത്രം ധരിക്കണമെന്ന നിർദേശം നിലവിലുണ്ട്. ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കാൻ എല്ലാവർക്കും അവകാശമുള്ളതുകൊണ്ട് നിർബന്ധമായും ഇന്ന വസ്ത്രംതന്നെ ധരിക്കണമെന്നുപറഞ്ഞ് ഉത്തരവിറക്കാൻ കഴിയില്ല. ഞാൻ ധരിച്ചിരിക്കുന്നതും ഖാദിയുടെ പുതിയ ഡിസൈനാണ്. കോൺഗ്രസിന്റെ യുവ എം.എൽ.എ.-മാരൊന്നും ഇപ്പോൾ ഖാദി ധരിക്കാത്തതിനാൽ അവർക്കുവേണ്ടി കളർ ഖാദികൂടി വിപണിയിലിറക്കിയിട്ടുണ്ട്.

അതിനാൽ ബുധനാഴ്ചകളിലെങ്കിലും എല്ലാവരും ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ സഭയിലെ എല്ലാ അംഗങ്ങളെയും ഒരുപോലെ ബാധിക്കുന്ന വിഷയമാണ് ഞാൻ ശ്രദ്ധ ക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. ധനകാര്യ വകുപ്പിലെ 31-08-2024-ലെ ഉത്തരവുപ്രകാരം 10 കോടി രൂപയ്ക്കുമേൽ അടങ്കൽ തുക വരുന്ന ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ചീഫ് സെക്രട്ടറിയടക്കമുള്ള ഒരു കമ്മിറ്റി പരിശോധിച്ചതിനുശേഷം പദ്ധതി മാറ്റിവയ്ക്കുകയോ അല്ലെങ്കിൽ 50 ശതമാനമായി കുറയ്ക്കുകയോ ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഉത്തരവോടുകൂടി സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ ശോഷിപ്പിലേക്കാണ് പോകുന്നത്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയ തുടർപദ്ധതികളും പുതിയ പദ്ധതികളും 50 ശതമാനമായി നിജപ്പെടുത്തുന്നതോടെ ഒരു പ്രോജക്ടും ആരംഭിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത് നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യമല്ല.

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കലിന് അങ്ങ് നൽകിയ നോട്ടീസിലെ വിഷയമല്ല അവതരിപ്പിക്കുന്നതെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നോട്ടീസിന്റെ കോപ്പി എന്റെ കൈയിലുണ്ട്. വികസനപ്രവർത്തനങ്ങളുടെ തുകയിൽ 40% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നിട്ടും ആവശ്യമായ അലോട്ട്മെന്റ് നൽകാത്തതിനാലും പ്ലാൻ ഫണ്ട് വെട്ടിച്ചുരുക്കിയതിനാലും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്ന വികസന ശോഷിപ്പാണ് ഇന്നത്തെ ശ്രദ്ധക്ഷണിക്കൽ. അതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതാണ് ആ നോട്ടീസ് (നോട്ടീസ് ഉയർത്തിക്കാട്ടി.) അങ്ങേയ്ക്ക് ചിലപ്പോൾ മാറിപ്പോയതായിരിക്കാം. ഇത് സ്പീക്കറുടെ ഓഫീസിൽ നിന്നുള്ളതാണ്. എന്തെങ്കിലും പിശക് പറ്റിയതായിരിക്കാം. അത് അങ്ങ് പരിശോധിച്ചാൽ മതി. ഞാൻ പറഞ്ഞുവന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. രണ്ട് കമ്മിറ്റികൾ സർക്കാർ ഉദ്യോഗസ്ഥരെ നിയോഗിച്ച് അതിന്റെ അനിവാര്യത പരിശോധിക്കുന്നുവെന്ന് പറയുമ്പോൾ എം.എൽ.എ.-മാർ പ്രൊപ്പോസ് ചെയ്ത പ്രോജക്ടുകളെല്ലാം പോയില്ലേ; അതിന് മുകളിൽ പറക്കുന്ന ഏത് പരുന്താണുള്ളതെന്ന് സ്വാഭാവികമായും നമ്മൾ ആലോചിക്കില്ലേ? അനിവാര്യത പ്രത്യേകിച്ച് പരിശോധിക്കാതെ അനുവദിച്ച എ.എസ്.-ന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകണം. 2024-2025-ൽ 38,886.91 കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതി വിഹിതത്തിൽ പുനഃക്രമീകരണം നടത്തുന്നതിലൂടെ വികസനപ്രവർത്തനങ്ങൾ മുരടിപ്പിലേക്ക് പോകും. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ പദ്ധതിയുടെ കാര്യത്തിലും വെട്ടിച്ചുരുക്കൽ വന്നിരിക്കുകയാണ്. കാലാകാലങ്ങളായുള്ള കേരളത്തിന്റെ പൊതുസ്ഥിതി പരിശോധിച്ചാൽ ലാപ്സായി പോകുന്ന തുകയിൽ ഏറെയും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിനുവേണ്ടി അനുവദിച്ച തുകയാണെന്ന യാഥാർഥ്യം നിലനിൽക്കുകയാണ്. അതും പരിശോധിക്കണം. സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ മൊത്ത വിഹിതത്തിന്റെ 78% അലോട്ട്മെന്റ് മാത്രമേ നൽകിയിട്ടുള്ളൂ. അപ്പോൾ ആ

പദ്ധതിയും മുന്നോട്ടുപോകുന്ന സ്ഥിതിയില്ല. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനാണ് പദ്ധതി വിഹിതം വെട്ടിച്ചുരുക്കുന്നതെന്നാണ് പറയുന്നത്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് അങ്ങ് നൽകിയ ഒരു ഉത്തരമുണ്ട്. വിവിധ ക്ഷേമ പദ്ധതികളുടെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്തുതീർക്കേണ്ടതിനാലാണ് ഈ വെട്ടിച്ചുരുക്കലെന്നാണ് അതിൽ പറയുന്നത്. അങ്ങനെയാണെങ്കിൽ സ്വാഭാവികമായും ഈ ക്ഷേമ പെൻഷനുകൾ നൽകണ്ടേ? എന്ത് കാര്യത്തിനുവേണ്ടിയാണോ പദ്ധതി വിഹിതം വെട്ടിച്ചുരുക്കുന്നത്, അക്കാര്യത്തിന് ആ തുക വിനിയോഗിക്കുന്നില്ല. ഇപ്പോൾ രണ്ടുകാര്യങ്ങളും ചെയ്യാത്ത അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. ക്ഷേമ പദ്ധതികൾക്ക് കൊടുക്കേണ്ട തുക നൽകുന്നില്ല. സെസ്, പെട്രോൾ, ഡീസൽ എന്നിവയിലെ അധിക നികുതി കൂടാതെയാണ് ഇതുപോലുള്ള വെട്ടിച്ചുരുക്കലുകളും നടത്തുന്നത്. എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടുപോലും എൽ.എസ്.ജി.ഡി.-യിലെ ചീഫ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികളുടെ ബില്ലുകൾപോലും മാറുന്നില്ല. ഇതെല്ലാം അങ്ങ് പരിശോധിക്കണം, ഇക്കാര്യങ്ങളിലെല്ലാം വ്യക്തത വരുത്തണം. പദ്ധതി വിഹിതത്തിലൊന്നും കുറവുണ്ടാകരുത്. വികസന പ്രവർത്തനങ്ങൾ സുതാര്യമായി മുന്നോട്ടുപോകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പരിണതപ്രജ്ഞനും അനുഭവസമ്പത്തുമുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമം അറിയാത്തതല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ അലോട്ട്മെന്റ് അനുവദിക്കാത്തതിനാലും പ്ലാൻ ഫണ്ട്

വെട്ടിക്കുറച്ചതിനാലും ഉണ്ടായതായി പറയപ്പെടുന്ന പ്രശ്നത്തിലേക്കാണ് അദ്ദേഹം സഭയുടെ ശ്രദ്ധക്ഷണിച്ചത്. പക്ഷേ അദ്ദേഹം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് കാര്യമായിട്ടൊന്നും പറഞ്ഞില്ല. അതിനുള്ള മറുപടി ഞാൻ ഇവിടെ പറയാം. ആറാം ധനകാര്യ കമ്മീഷന്റെ ഒന്നാംഭാഗ റിപ്പോർട്ടിൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 26% വികസന ഫണ്ടായി നൽകുകയും അത് 30% ആകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ 0.5 ശതമാനം വീതം വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടായി പദ്ധതി അടങ്കലിന്റെ 27.5% തുകയായ 8,352 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 27.5 ശതമാനത്തിന് പുറമെയാണ് കേരള ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് (കെ.എസ്.ഡബ്ല്യു.എം.പി.) 180 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക പ്രത്യേകമൊരു ഹെഡ്ഡിൽ നിന്നാണ് പോകുന്നത്. നടപ്പ് സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിന്റെ മൂന്ന് ഗഡുക്കൾ അതായത്, 5,714.72 കോടി രൂപ ഇതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായ ആർ.എൽ.ബി.-കൾക്കുള്ള 15-ാം ധനകാര്യ കമ്മീഷൻ തുകയായ 1,334 കോടി രൂപയും കെ.എസ്.ഡബ്ല്യു.എം.പി.-യുടെ ഭാഗമായ 14.69 കോടി രൂപയും ചേർത്ത് ആകെ 7,063.41 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 3 ഗഡുക്കളായി 4,132.79 കോടി രൂപയും ഇ.പി.എഫ്. ആയി 2,315.63 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിന്റെ ഭാഗമായാണ് 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ

ഗ്രാന്റുകൾ കണക്കാക്കിയിട്ടുള്ളത്. Non-Million Plus Cities & Million-Plus Urban Agglomerations കാറ്റഗറിയിൽപ്പെട്ട Urban Local Bodies-നുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതുവരെയും കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. ഇതിൽ ആരോഗ്യ മേഖലയ്ക്കുള്ള 612.28 കോടി രൂപയുടെ ഗ്രാന്റും ഉൾപ്പെടുന്നുണ്ട്. യു.എൽ.ബി.-കൾക്കുള്ള 687 കോടി രൂപയും കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. പ്രാദേശിക സർക്കാരുകൾക്കുള്ള ഈ വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ കൃത്യമായി നൽകിയിട്ടുണ്ട്. നിലവിൽ 2024-25 സാമ്പത്തിക വർഷം 10-03-2025 വരെ വികസന ഫണ്ടിനത്തിൽ അനുവദിച്ച തുകയുടെ 82.78% അതായത്, 5,847 കോടി രൂപ പ്രാദേശിക സർക്കാരുകൾ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സ്പിൽ ഓവറായ ബില്ലുകൾക്കുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും ചെലവഴിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. 08-04-2024-ലെ പ്രത്യേക സർക്കുലർ പ്രകാരം നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച പ്രാദേശിക സർക്കാരുകൾക്ക് അധികതുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഈ വിഷയത്തിൽനിന്നും മാറി ചീഫ് സെക്രട്ടറി ഉൾപ്പെടുന്ന കമ്മിറ്റിയെ സംബന്ധിച്ചാണ് പറഞ്ഞത്. അത് പ്ലാൻ prioritization-നുവേണ്ടിയാണ്. ഇതൊന്നും അറിയാത്ത ആളല്ല അദ്ദേഹം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതവുമായി പൊതുപ്ലാനിന് യാതൊരു ബന്ധവുമില്ല. ഇപ്പോൾത്തന്നെ 83% ചെലവഴിച്ചിട്ടുണ്ട്; അത് 100 ശതമാനത്തിൽ എത്തുന്നതാണ്. ഇക്കാര്യത്തിൽ കുറവുവരികയില്ല. 12 ഗഡുവായി നൽകേണ്ട ജി.പി.എഫ്.-ൽ ഈ മാസത്തെ

ഗഡുക്കൂടി മാത്രമേ നൽകാനുള്ളൂ. മെയിന്റനൻസ് ഗ്രാന്റും പ്ലാൻ ഫണ്ടും ഉൾപ്പെടെ നൽകിയിട്ടുണ്ട്. Prioritization-നുമായി ഇതിന് യാതൊരു ബന്ധവുമില്ല. ഇങ്ങനെ ചോദ്യം ചോദിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ഫണ്ടിൽ തുക കുറയ്ക്കുന്ന പ്രശ്നമില്ല. ഇക്കാര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതിയിൽവരെ കേസ് പറഞ്ഞ് വാങ്ങിയ മുൻവർഷത്തെ കുടിശ്ശിക പണം കഴിഞ്ഞ മാർച്ച് മാസം വരെയുള്ള കുടിശ്ശികകളും ബില്ലുകളും തീർപ്പാക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. നെല്ലിന്റെ വകയായി കേരള ബാങ്കിന് നൽകേണ്ട 1,400 കോടി രൂപയും കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി. എന്നിവയ്ക്ക് നൽകേണ്ട തുകയും കഴിഞ്ഞ മാർച്ചിൽ നൽകിയിട്ടുണ്ട്. അങ്ങനെ പരമാവധി തുക എല്ലാ മേഖലയിലും നൽകുന്നതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കുള്ള ഫണ്ടിൽ വ്യത്യാസം വന്നുവെന്ന് പറയുന്നത് തെറ്റാണ്. ക്ഷേമ പദ്ധതികളുടെ കുടിശ്ശികയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം അടിയന്തര പ്രമേയത്തിൽ ചർച്ച ചെയ്തതാണ്. അത് വീണ്ടും ഈ ശ്രദ്ധ ക്ഷണിക്കലിൽ ഉൾപ്പെടുത്തിയത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 100 ശതമാനം തുക അനുവദിച്ചത് മാത്രമല്ല എല്ലാ നിയോജകമണ്ഡലങ്ങളിലും 1,000 കോടി രൂപ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഏപ്രിൽ-മേയ് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. എല്ലാ വർക്കുകളും മഴക്കാലത്തിനുമുമ്പ് ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള പദ്ധതികൾക്കെല്ലാം തുക അനുവദിച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള

പ്ലാൻ ഫണ്ടിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. അതിൽ സ്പെൻഡിങ് കൂടും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ പറഞ്ഞ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞ പ്രാവശ്യം 413.11 കോടി രൂപ അനുവദിച്ചതിൽ 164.68 കോടി രൂപയാണ് ചെലവാക്കിയിട്ടുള്ളത്. അതായത്, അനുവദിച്ച തുകയുടെ 39 ശതമാനമാണ് ചെലവാക്കിയത്. അങ്ങ് 80% തുക ചെലവഴിച്ചതിനെക്കുറിച്ച് പറഞ്ഞു. ഇതും അങ്ങയുടെ കണക്ക് തന്നെയാണ്, അല്ലാതെ ഞാൻ എഴുതിക്കൊണ്ട് വന്നതല്ല. അപ്പോൾ തുക ചെലവഴിക്കുന്നതിൽ കുറവുണ്ടാകുന്നുവെന്നുള്ളത് യാഥാർഥ്യമാണ്. പ്ലാൻ ഫണ്ടിലും എസ്.സി.പി. സ്കീമിലും കുറവ് വരുന്നു, ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിൽ ശോഷിപ്പുണ്ടാകുന്നു. ഇക്കാര്യത്തിൽ ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. സാമ്പത്തിക ക്ലേശമെല്ലാം നമുക്കും അറിയാവുന്നതാണ്. പക്ഷേ യാഥാർഥ്യം ജനങ്ങൾ അറിയണം. അങ്ങ് നൽകിയ കണക്കനുസരിച്ചാണ് ഇത് പറയുന്നത്. 2023-2024-ൽ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ 39% മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന കാര്യം അങ്ങ് പരിശോധിച്ചശേഷം മറുപടി നൽകിയാൽ മതി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പരിശോധിച്ച് മറുപടി പറയാൻവേണ്ടി പ്രത്യേകം സമയമെടുക്കുന്നില്ല. അതിന്റെ ഡീറ്റെയിൽസ് എന്റെ കൈവശമുണ്ട്. അങ്ങേയ്ക്ക് എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ മാറ്റാം. സുപ്രീംകോടതിയിലെ കേസിനെക്കുറിച്ചെല്ലാം അങ്ങേയ്ക്ക് അറിയാവുന്നതാണ്. കഴിഞ്ഞവർഷം 70 ശതമാനത്തിനടുത്ത തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. സുപ്രീംകോടതിയിൽ എത്രമാത്രം ഫൈറ്റ് നടത്തിയെന്നതും മാർച്ച് മാസത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻപോലും തടസ്സമുണ്ടാകുന്ന

തരത്തിൽ കാര്യങ്ങൾ വന്നതും അറിയാവുന്നതാണ്. ഓരോ വർഷത്തെയും കണക്ക് എന്റെ കൈയിലുണ്ട്. കഴിഞ്ഞവർഷവും തൊട്ടുമുമ്പത്തെ വർഷവും 5 ശതമാനത്തോളം കുറവുവന്നു. അതുകൊണ്ടാണ് 20% തുക സ്പിൽ ഓവറായി അനുവദിച്ചത്. അത് കിട്ടിയപ്പോൾ ആ വർഷം അവസാനമായി. അതുകൊണ്ട് അത് ചെലവഴിക്കാൻ സാധിച്ചില്ല. എന്തായാലും അത് 70 ശതമാനത്തിനടുത്താണ്. അങ്ങേയ്ക്ക് എവിടെ നിന്നാണ് 39 ശതമാനത്തിന്റെ കണക്ക് ലഭിച്ചതെന്ന് അറിയില്ല. എത്ര തുക ചെലവാക്കിയെന്ന് കോട്ടയം മണ്ഡലത്തിലടക്കമുള്ള പഞ്ചായത്തുകളിൽ അങ്ങ് അന്വേഷിച്ചാൽ മതി. സഭയിൽ അങ്ങനെ പറയാൻ പാടില്ല. സഭയിൽ ഉത്തരവാദിത്വത്തോടുകൂടി— കണക്കുകളുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ പറയുന്നത്. അതുകൊണ്ട് എനിക്ക് അതിനെക്കുറിച്ച് അന്വേഷിച്ച് പറയേണ്ട കാര്യമില്ല. എന്റെ കൈയിൽ കോപ്പിയുണ്ട്. അത് അങ്ങേയ്ക്ക് ഞാൻ തരാം.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... അടുത്തത് സബ്മിഷനാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു മിനിട്ടുകൊണ്ട് സബ്മിഷനുകൾ അവതരിപ്പിക്കാനും മന്ത്രിമാർ ഒരു മിനിട്ടുകൊണ്ട് ഉത്തരം പറയാനും ശ്രമിക്കണം. ഒരു മിനിട്ട് എക്സ്ടീഡ് ചെയ്യുമ്പോൾ മൈക്ക് ഓഫാക്കും. അപ്പോൾ ചെയറിനോട് രോഷാകുലരായിട്ട് കാര്യമില്ല.

10.21 am]

III. സബ്മിഷൻ

(1) റേഷൻ കാർഡ് മസ്റ്ററിങ്

ശ്രീ. ഡി. കെ. മുരളി: സർ, റേഷൻ കാർഡ് മസ്റ്ററിങ് സംബന്ധിച്ചുള്ള ആശങ്കയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ നിർദേശപ്രകാരം

മുൻഗണനാ കാർഡുകളുടെ മസ്റ്ററിങ് നടന്നുവരികയാണ്. മസ്റ്ററിങ്ങിന്റെ ഒന്നുംരണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കി മൂന്നാം ഘട്ടത്തിലേക്ക് കടന്നിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. വിവിധ തലങ്ങളിൽ നടത്തിയ ക്യാമ്പുകൾക്കുപുറമെ കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവരുടെ വീടുകളിൽ ഉദ്യോഗസ്ഥർ സന്ദർശിച്ച് മസ്റ്ററിങ് നടത്തിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിലവിൽ നടന്നുവരുന്ന മസ്റ്ററിങ് നടപടികളിലൂടെ അർഹരായ പലർക്കും പ്രത്യേകിച്ച് വിദ്യാർഥികൾക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുകയില്ലെന്ന പ്രചാരണം വ്യാപകമാണ്. മാർച്ച് 31-നുശേഷം മസ്റ്ററിങ് നടപടികൾ പൂർത്തിയാക്കാത്തവർക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകുമോയെന്നും ജോലി ആവശ്യാർഥം വിദേശത്ത് താമസിക്കുന്നവരെയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കേരളത്തിന് പുറത്ത് തങ്ങുന്നവരെയും എങ്ങനെയാണ് മസ്റ്ററിങ്ങിൽ ഉൾപ്പെടുത്തുന്നതെന്നും മസ്റ്ററിങ് സമയബന്ധിതമായി നടത്താൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കണം. മസ്റ്ററിങ് പൂർത്തിയാക്കേണ്ട സമയപരിധി നീട്ടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും നിലവിൽ എത്ര ശതമാനം പേരുടെ മസ്റ്ററിങ് പൂർത്തിയാക്കിയിട്ടുണ്ടെന്നും മസ്റ്ററിങ് നടത്തിയവർക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ടോയെന്നും വിശദമാക്കണമെന്നും അർഹരായ മുഴുവൻ പേർക്കും റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് മസ്റ്ററിങ് നടപടികൾ വിഘാതമാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട

അംഗം വളരെ പ്രസക്തമായൊരു വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. ജനങ്ങൾക്കിടയിൽ ആശങ്കയുളവാക്കുന്ന പല വാർത്തകളും മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അർഹരായ ഒരാൾക്കുപോലും റേഷൻ ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കാൻ പാടില്ലെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് എൻ.ആർ.കെ. സ്റ്റാറ്റസ് രേഖപ്പെടുത്തുന്നതിൽ എന്തെങ്കിലും പിഴവ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് റേഷൻ വിഹിതം പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള ക്രമീകരണം താലൂക്ക് തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിങ്ങിന് വിധേയരാകാത്തവർക്ക് മാർച്ച് 31-നുശേഷം ഭക്ഷ്യധാന്യങ്ങൾ നൽകാൻ കഴിയില്ലെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ കർശന നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് 2024 സെപ്റ്റംബർ 18 മുതൽ മസ്റ്ററിങ് ആരംഭിച്ചത്. അത് അന്തിമഘട്ടത്തിലാണ്. നാളിതുവരെ 95.83% മുൻഗണനാ കാർഡ് അംഗങ്ങൾ മസ്റ്ററിങ്ങിന് വിധേയരായിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(2) ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കൽ

ശ്രീ. ആന്റണി ജോൺ: സർ, ഈ വിഷയം നിരവധി തവണ ചോദ്യമായും സബ്മിഷനായും സഭയിൽ കൊണ്ടുവരികയും ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെടുകയും ചെയ്തിട്ടുള്ളതാണ്. നടപടികൾ വേഗം പൂർത്തീകരിച്ച് കോതമംഗലം നിയോജകമണ്ഡലത്തിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഉയർന്ന ഫെയർവാല്യൂ അടിയന്തരമായി പുനർനിർണ്ണയിക്കണമെന്ന് അഭ്യർഥിക്കുന്നു.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില നിർണ്ണയിച്ചിട്ടുള്ളത് അശാസ്ത്രീയമെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം തികച്ചും ന്യായമാണ്. ഈ വിഷയം മുമ്പും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കുകയും ഇരമല്ലൂർ വില്ലേജിന്റെ അതിർത്തി പങ്കിടുന്ന സ്ഥലങ്ങൾവരുന്ന വില്ലേജുകളിലെ ഭൂമിയുടെ ന്യായവിലയും ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവിലയും തമ്മിൽ അന്തരം നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുള്ളതുമാണ്. മേൽപ്പടി വിഷയം സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ നിരവധി യോഗങ്ങൾ നടത്തുകയും 01-06-2024-ൽ ഇരമല്ലൂർ വില്ലേജിലെ ന്യായവില 14-08-2018-ലെ സർക്കാർ ഉത്തരവിലെ മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് പുനർനിർണ്ണയിക്കുന്നതിന് നിശ്ചിത കാലപരിധിക്കുള്ളിൽ ശിപാർശ സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് കോതമംഗലം തഹസിൽദാർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഇരമല്ലൂർ വില്ലേജിലെ ഭൂമിക്ക് 2010-ൽ നിശ്ചയിച്ച ഫെയർവാല്യുവിന് പകരം പുതുക്കിയ ഫെയർവാല്യു നിർണ്ണയിച്ചിട്ടുള്ളതും ഈ വില സമീപ വില്ലേജുകളിലെ ഭൂമിയുടെ ന്യായവിലയുമായി യോജിച്ചുവരുന്നതുമാണ്. ഓരോ സർവെ നമ്പരുകളിലും ഉൾപ്പെട്ടുവരുന്ന കാറ്റഗറികൾക്ക് വില കണക്കാക്കിയിട്ടുള്ളതും അത് കമ്പോളവിലയുടെ ആനുപാതികമായി നിശ്ചയിക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. 14-08-2018-ലെ സർക്കാർ ഉത്തരവ് നം. 302/2018-ലെ മാർഗനിർദേശങ്ങൾക്ക് അനുസൃതമായി അടിയന്തര പ്രാധാന്യത്തോടെ ഈ വിഷയത്തിൽ

എറണാകുളം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു. അഞ്ച് വർഷത്തിലൊരിക്കൽ ഫെയർവാല്യു പുതുക്കി നിശ്ചയിക്കാനുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം വിനിയോഗിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ഫെയർവാല്യു പുതുക്കി നിശ്ചയിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പാർട്ടിയുടെ പ്രധാന നേതാവിന്റെ ആകസ്മിക നിര്യാണത്തെത്തുടർന്ന് ഇന്ന് സഭയിലുണ്ടാകില്ലെന്ന് ചെയറിനെ അറിയിച്ചിട്ടുണ്ട്.

(3) ഏനാദിമംഗലം ബയോമെഡിക്കൽ സംസ്കരണ പ്ലാന്റ്

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഏനാദിമംഗലം ഇളമണ്ണൂർ കിൻഫ്ര പാർക്കിൽ ഐ.എം.എ.-യുടെ നേതൃത്വത്തിൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ കിൻഫ്രയുടെ ബോർഡ് അനുമതി നൽകിയിരിക്കുകയാണ്. അവിടെ ആയിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുള്ള വ്യവസായികളെ സംബന്ധിച്ചിടത്തോളം ഇത് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. നിരവധി ഭക്ഷ്യസംസ്കരണ യൂണിറ്റുകളും വിപ്രോ, റിലയൻസ്, ഫ്ലിപ്കാർട്ട് എന്നിങ്ങനെയുള്ള വൻകിട കമ്പനികളുടെ സംരംഭങ്ങളും അവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിദേശങ്ങളിലേയ്ക്ക് അവിടെ നിന്നും ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുമുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഇത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ കിൻഫ്രയുടെ ബോർഡ് ഒരു പുനർചിന്തനം നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഏനാദിമംഗലം

ഗ്രാമപഞ്ചായത്തിലെ കിൻഫ്ര വ്യവസായ പാർക്കിൽ ഐ.എം.എ.-യുടെ നേതൃത്വത്തിൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വർഷങ്ങൾക്കുമുമ്പ് മൂന്നേക്കർ സ്ഥലം ഏറ്റെടുത്തിരുന്നു. അപ്പോൾത്തന്നെ അവിടത്തെ സംരംഭകരും ജനപ്രതിനിധികളും ആശങ്ക അറിയിച്ചിരുന്നതാണ്. State Environment Impact Assessment Authority (SEIAA) പബ്ലിക് ഹിയറിങ്ങിൽ ഈ ആശങ്കകളെല്ലാം കേട്ടെങ്കിലും ഇപ്പോൾ പ്രസ്തുത പ്ലാന്റിന് അനുമതി കൊടുത്തിരിക്കുകയാണ്. അതിനാൽ ഇതുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ അവിടെയുള്ള ഫുഡ് പ്രോസസ്സിങ് ഇൻഡസ്ട്രീസ് വിദേശ വിപണിയിലേക്കും ഉൽപ്പന്നങ്ങൾ അയയ്ക്കുന്നുണ്ട്. അവരുടെ മാനദണ്ഡങ്ങൾക്കെതിരായ ഒന്നുംതന്നെ അവിടെ അനുവദിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നില്ല. പൊതുജനങ്ങളുടെയും വ്യവസായ സംരംഭകരുടെയും ജനപ്രതിനിധികളുടെയും ആശങ്കകൾ പരിഗണിച്ചുകൊണ്ടുമാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ.

(4) കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തികയിലെ ജാതി വിവേചനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൂടൽമാണിക്യം ക്ഷേത്രത്തിലെ ജാതി വിവേചനവുമായി ബന്ധപ്പെട്ട വിഷയം ഇന്നുതന്നെ അവതരിപ്പിക്കേണ്ടിവന്നതിൽ ഏറെ പ്രയാസമുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ മഹാത്മജിയും ശ്രീനാരായണഗുരുദേവനും ഒരു നൂറ്റാണ്ട് മുമ്പാണ് സാമൂഹ്യമുന്നേറ്റത്തിനുവേണ്ടി കൂടിക്കാഴ്ച നടത്തിയത്. ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും ഇത്തരമൊരു സാഹചര്യമുണ്ടായി എന്നത് കേരളം പോലൊരു സംസ്ഥാനത്തിന് അങ്ങേയറ്റം അപമാനകരമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 17 അനുസരിച്ച്

അൺടച്ചബിലിറ്റി എല്ലാ അർഥത്തിലും നിരോധിച്ചതും അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ വന്നാൽ കേസെടുക്കേണ്ടതുമാണെന്ന് നമുക്കറിയാം. തന്ത്രിമാരുടെ പരാതിയെത്തുടർന്ന് ഗവൺമെന്റിന്റെ ഭാഗമായ ദേവസ്വം ബോർഡിന്റെ മാനേജർതന്നെ ഈ ക്ഷേത്രത്തിൽ ജോലി ചെയ്തുകൊണ്ടിരുന്ന യുവാവിനെ മാറ്റുകയാണ്. പരാതി നൽകിയവർക്കെതിരെ നടപടിയെടുക്കേണ്ട ദേവസ്വം ബോർഡ് ഇവിടെ പരാതിക്ക് അനുകൂലമായി നിൽക്കുകയും ജീവനക്കാരനെ സ്ഥലംമാറ്റുകയും ചെയ്തിരിക്കുകയാണ്. ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ ഈ നടപടി തെറ്റാണ്. ഇതുമായി ബന്ധപ്പെട്ട് ആ ക്ഷേത്രത്തിൽ ശുദ്ധികലശം നടന്നുവെന്നും പറയുന്നുണ്ട്. അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ അതും തെറ്റാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇതുസംബന്ധിച്ച് ധനാഭ്യർഥന ചർച്ചാവേളയിൽ സർക്കാർ നിലപാട് വ്യക്തമാക്കിയതാണ്. എങ്കിലും ബഹുമാനപ്പെട്ട അംഗം ഇത് ഉന്നയിച്ചതുകൊണ്ട് വീണ്ടും അതിന്റെ ഉള്ളടക്കം പറയാം. കൂടൽമാണിക്യം ദേവസ്വം ആക്ടും റെഗുലേഷൻസും പ്രകാരം ക്ഷേത്രത്തിലെ കഴകം ജോലികൾ നിർവഹിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ വ്യക്തമായ നിർദേശങ്ങളും ഉത്തരവുകളും കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. കഴകം തസ്തികയിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 2003-ൽ പുറപ്പെടുവിച്ച റെഗുലേഷനിലെ നാലാം ഖണ്ഡികപ്രകാരം രണ്ട് കഴകം തസ്തികകളാണ് നിലവിലുള്ളത്. പ്രസ്തുത തസ്തികകളിലെ നിയമനം എങ്ങനെയായിരിക്കണമെന്ന് റെഗുലേഷൻ നാലാം ഖണ്ഡികപ്രകാരം

നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദേശപ്രകാരം 1025+ഡി.എ. ശമ്പള സ്കെയിലിലുള്ള കഴകം തസ്തികയിലേക്ക് പാരമ്പര്യമായി തന്ത്രി നിർദേശിക്കുന്ന വ്യക്തിയെയും 1300-1880/- ശമ്പള സ്കെയിലിലുള്ള കഴകം തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയും നിയമിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒന്നാമത്തെ ശമ്പള സ്കെയിൽ പ്രകാരമുള്ള ഉദ്യോഗസ്ഥൻ നിലവിൽ കൂടൽമാണിക്യം ക്ഷേത്രത്തിൽ സേവനമനുഷ്ഠിക്കുന്നില്ല. പ്രസ്തുത ജോലികൾ തന്ത്രിമാരുടെ നിർദേശമനുസരിച്ച് താൽക്കാലിക ജീവനക്കാരെ നിയമിച്ചാണ് നിർവഹിച്ചുവരുന്നത്. രണ്ടാമത്തെ കഴകം തസ്തികയിലേക്ക് 24-02-2025-ൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമിതനായ ശ്രീ. ബാലു ബി. എ. എന്ന വ്യക്തി കഴകം ജോലി ചെയ്യുന്നതിലാണ് തന്ത്രിമാർ വിയോജിപ്പ് രേഖപ്പെടുത്തിയത്. കൂടൽമാണിക്യം ദേവസ്വം എംപ്ലോയീസ് റെഗുലേഷൻസ് ആക്ട് നാലാം ഖണ്ഡികപ്രകാരം രണ്ടാം കഴകം തസ്തികയിലേക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമിതനായ വ്യക്തിതന്നെ അവിടെ നിഷ്കർഷിക്കുന്ന ജോലി നിർവഹിക്കണമെന്നാണ് സർക്കാർ നിലപാട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൂടൽമാണിക്യം ദേവസ്വം ചെയർമാനും മുന്നോട്ടുവന്നിട്ടുണ്ട്. ദേവസ്വം ബോർഡല്ല അഡ്മിനിസ്ട്രേറ്ററാണ് ആ വ്യക്തിയെ ഒ.എ.-യാക്കി മാറ്റിയത്. അക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിനോട് നടപടി സ്വീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(5) കൊട്ടിയൂർ-അമ്പായത്തോട് പാത നിർമ്മാണം

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ചുരം രഹിത

പാത കൊട്ടിയൂർ പഞ്ചായത്തിലെ അമ്പായത്തോടിൽനിന്ന് ആരംഭിച്ച് മാനന്തവാടി നിയോജകമണ്ഡലത്തിലെ തവിഞ്ഞാൽ പഞ്ചായത്തിലെ നാൽപ്പത്തിനാലാം മൈലിലാണ് എത്തിച്ചേരുന്നത്. പ്രസ്തുത പദ്ധതി നടപ്പായാൽ വളവും ചുരവും ദൂരവും കുറയ്ക്കാൻ സാധിക്കും. ഈ പദ്ധതി വർഷങ്ങളായി ഞങ്ങൾ ആവശ്യപ്പെടുന്നതാണ്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്കും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കും നിരവധി അപേക്ഷകൾ നൽകുകയും സഭയിൽ സബ്മിഷനായി ഉന്നയിക്കുകയും ചെയ്തിരുന്നതാണ്. കഴിഞ്ഞ ദിവസം ജനങ്ങൾ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ ആവശ്യം ശക്തിപ്പെടുത്തിയിരിക്കുകയാണ്. ചുരം രഹിത പാതയ്ക്ക് വനഭൂമി ആവശ്യമാണ്. ഈ പാതയുടെ കുറച്ച് ദൂരം കൊട്ടിയൂർ വന്യജീവി സങ്കേതത്തിലൂടെയാണ് കടന്നുപോകേണ്ടത്. നേരത്തെ അവിടെ ഗ്രാമീണ റോഡ് ഉണ്ടായിരുന്നതാണ്. വനഭൂമി ലഭ്യമാക്കാൻ അപേക്ഷ നൽകണമെങ്കിൽ യൂസർ ഏജൻസിയെ നിയോഗിക്കണം. പി.ഡബ്ല്യു.ഡി.-യുടെ റോഡ്സ് വിങ്ങിന് മാത്രമെ യൂസർ ഏജൻസിയായി അതിന്റെ ആപ്ലിക്കേഷൻ അപ്ലോഡ് ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് യൂസർ ഏജൻസിയെ നിയോഗിച്ച് കൊട്ടിയൂർ-നാൽപ്പത്തിനാലാം മൈൽ ചുരം രഹിത പാത യാഥാർഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കണ്ണൂർ, വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചുരം രഹിത പാത നിർമ്മിക്കണമെന്നാണ് ബഹുമാന്യനായ സണ്ണി ജോസഫ് എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽവന്ന ഘട്ടത്തിൽ ശ്രീ. ഒ. ആർ. കേളുവും വയനാട്ടിലെയും കണ്ണൂരിലെയും വിവിധ രാഷ്ട്രീയ നേതാക്കളും ഇതിന്റെ സാധ്യത

പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നു. നിർദിഷ്ട എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെയും മലയോര ഹൈവേയുടെയും ഭാഗമായി വരുന്ന റോഡിന് ബദലായി ചുരം ഒഴിവാക്കിക്കൊണ്ടുള്ള റൂട്ടുകൾ സംബന്ധിച്ച പരിശോധന നേരത്തെ പൊതുമരാമത്ത് വകുപ്പ് നടത്തിയിരുന്നു. കിഫ്ബിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും മറ്റ് ഉദ്യോഗസ്ഥരും അവിടെ എത്തുകയും ഇതിന്റെ സാധ്യത പരിശോധിക്കുകയും ചെയ്തു. തുടർന്ന് കിഫ്ബി സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ മുതിർന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ഈ വിഷയം പരിശോധിച്ചപ്പോൾ കൂടുതൽ വനഭൂമി ലഭ്യമാക്കേണ്ടിവരുന്ന സാഹചര്യമുണ്ടെന്നാണ് വിലയിരുത്തിയത്. ഇവിടത്തെ ഇതര പാതകളെ സംബന്ധിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും കെ.ആർ.എഫ്.ബി., കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയിലാണ്. ഈ ചുരംരഹിത പാത യാഥാർഥ്യമാക്കുന്നതിന് വനം വകുപ്പിന്റെകൂടി സഹായം പൊതുമരാമത്ത് വകുപ്പ് തേടുന്നതാണ്. വനഭൂമി വിട്ടുകിട്ടാൻ കുറെയേറെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാവുന്നതാണ്. അതിനുള്ള സാധ്യതകൾ പരിശോധിക്കുമ്പോൾത്തന്നെ സമാന്തര റോഡിന്റെ വികസനംകൂടി സാധ്യമാക്കാം. വനം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്താൻ പരിശ്രമിക്കാം. നിടുംപൊയിൽ-മാനന്തവാടി പെരിയചുരം പാത തകർന്നതുമൂലം അടച്ചിടുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ അത് തുറന്നുകൊടുത്തിട്ടുണ്ട്. അതിന്റെ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തിയായിവരുന്നുണ്ട്.

(6) തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട്-ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ഏറെക്കാലമായി ശോചനീയാവസ്ഥയിലായതിനാൽ ഇതുവഴിയുള്ള യാത്ര ദുഷ്കരമായിരിക്കുകയാണ്. ഏകദേശം 14 വർഷങ്ങൾക്ക് മുമ്പാണ് ഈ റോഡുകൾ ബി.എം. & ബി.സി. ചെയ്തത്. അതിതീവ്ര മഴയിൽ റോഡുകളുടെ പല ഭാഗങ്ങളും തകർന്നതുമൂലം ആർ.സി. പ്രവൃത്തികൊണ്ട് മാത്രം ഇത് ഗതാഗതയോഗ്യമാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. തിരൂർക്കാട്-ആനക്കയം റോഡിന് ഏകദേശം 18 കോടി രൂപയും കുളത്തൂർ-മലപ്പുറം റോഡിന് 10 കോടി രൂപയുമാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. ഈ വർഷത്തെ ബജറ്റിൽ മുൻഗണനാ പട്ടികയിൽ ഏറ്റവും ആദ്യത്തെ രണ്ട് ശിപാർശകളായാണ് ഈ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് വകയിരുത്താൻ ഞാൻ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, ആകെ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കിഫ്ബിയിൽ പുതിയ ശിപാർശകളൊന്നും സമർപ്പിക്കേണ്ടെന്നാണ് ധനകാര്യ വകുപ്പ് പറയുന്നത്. അഞ്ച് കോടി രൂപയിലധികം വരുന്ന പദ്ധതികൾ ബജറ്റിൽ വകയിരുത്തിയാലും നടപ്പാക്കുന്നില്ല. പിന്നെ എങ്ങനെയാണ് പൊതുമരാമത്ത് റോഡുകൾ നവീകരിക്കുന്നത്? അതുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ഈ റോഡുകൾ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകൾ നവീകരിക്കണമെന്നാണ്

ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ രണ്ട് റോഡുകളും റണ്ണിങ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നവയാണ്. ബി.എം. & ബി.സി. നിലവാരത്തിൽ റോഡുകൾ നവീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്നത്. ഈ രണ്ട് റോഡുകളുടെയും നവീകരണത്തിന് 36 കോടിയോളം രൂപ ആവശ്യമായിവരുമെന്നാണ് കണക്കാക്കുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി ഇത് സാധ്യമാക്കാനാകുമോയെന്ന കാര്യം പരിശോധിക്കാം. മങ്കട നിയോജകമണ്ഡലത്തിലെ ഇത്തരം പ്രവൃത്തികൾ പൂർത്തിയാക്കാൻ മുന്തിയ പരിഗണന നൽകുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കും അക്കാര്യം അറിയാവുന്നതാണ്. ആ നിയോജകമണ്ഡലത്തിലെ പ്രധാന റോഡായ അങ്ങാടിപ്പുറം-വളാഞ്ചേരി റോഡിന്റെ നവീകരണത്തിന് പൊതുമരാമത്ത് വകുപ്പ് കാര്യമായ ഇടപെടലുകൾ നടത്തിയിരുന്നു. വിവിധ സ്കീമുകൾക്കായി 15 കോടിയിലധികം രൂപ ചെലവഴിച്ചാണ് അത് പൂർത്തിയാക്കിയത്. അതുപോലെ ഈ റോഡുകളുടെ കാര്യത്തിലും എന്ത് ചെയ്യാനാകുമെന്ന് പരിശോധിക്കാം.

(7) നിള-പട്ടാമ്പി-ഐ.പി.റ്റി.-കുളപ്പുള്ളി റോഡിലെ റെയിൽവേ മേൽപ്പാലം

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പദ്ധതികളിലൊന്നായ വാടാനാംകുറിശ്ശി മേൽപ്പാലത്തിന്റെ പ്രവൃത്തി ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ തമിഴ്നാട് ആസ്ഥാനമായ കമ്പനിയാണ് ഏറ്റെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാതെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടിട്ടാണ് ഒരുഭാഗത്ത്

അപ്രോച്ച് റോഡ് നിർമ്മിച്ചത്. മുഭാഗത്തെ അപ്രോച്ച് റോഡ് നിർമ്മാണവും വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണ്. കരാറുകാരൻ ജനങ്ങളോടുള്ള വെല്ലുവിളിയെന്ന പോലെ കൂടുതൽ ജോലിക്കാരെ നിയോഗിക്കുകയോ ആർ.ബി.ഡി.സി.കെ.-യുടെ നിർദേശങ്ങൾ അംഗീകരിക്കുകയോ ചെയ്യുന്നില്ല. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 'ലെവൽ ക്രോസ്സില്ലാത്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വാടാനാംകുറിശ്ശി റെയിൽവേ മേൽപ്പാലം പദ്ധതിക്ക് അനുമതി നൽകിയത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്. 16 സ്പാനുകളുള്ള മേൽപ്പാലത്തിന്റെ 15 സ്പാനുകളുടെ സ്ലാബ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേ പോർഷനാണ് ഇനി പൂർത്തീകരിക്കാനുള്ളത്. റെയിൽവേ പോർഷന്റെ നിർമ്മാണം അവർ നേരിട്ടാണ് നിർവഹിക്കുന്നത്; അത് പുരോഗമിച്ചുവരികയാണ്. അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഒരു വശത്തെ റീട്ടെയിനിങ് വാളിന്റെ നിർമ്മാണം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. സർവീസ് റോഡിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. മറുവശത്തെ റീട്ടെയിനിങ് വാൾ, സർവീസ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. റെയിൽവേ സ്പാനിന്റെ വർക്കുകൾ മാർച്ച് അവസാനത്തോടെ പൂർത്തിയാക്കാനാകുമെന്നും ഏപ്രിൽ മാസത്തിൽ മേൽപ്പാലം ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സാധിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. കരാറുകാരനുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്.

(8) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയും ശ്രീ. എ. പി. അനിൽ കുമാർ വകുപ്പുമന്ത്രിയും ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യും ആയിരിക്കുമ്പോഴാണ് സാമൂഹ്യ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ ഭാഗമായി രാജ്യത്തെ ആദ്യത്തെ പട്ടികജാതി/പട്ടികവർഗ മെഡിക്കൽ കോളേജ് പാലക്കാട് ആരംഭിക്കുന്നത്. ഏതാണ്ട് 25 ലക്ഷത്തോളം ജനങ്ങൾ ആശ്രയിക്കുന്ന മെഡിക്കൽ കോളേജിനെ സാങ്കേതികത്വത്തിന്റെ ചുവപ്പുനാടയിൽ ഈ സർക്കാർ കൊല്ലുകയാണ്. 500 ബെഡ്ഡുകളുള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കാനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയോ നഴ്സുമാരുടെയോ പാരാമെഡിക്കൽ ജീവനക്കാരുടെയോ നിയമനം നടക്കുന്നില്ല. ആകെയുള്ള ജീവനക്കാർപോലും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. മെഡിക്കൽ കോളേജുണ്ടായിട്ടും നെഞ്ചുവേദന വന്നാൽപ്പോലും കോയമ്പത്തൂരിലെ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. അവിടെ പൊലിയുന്ന ജീവനുകൾക്ക് ഉത്തരവാദി ഈ സർക്കാരാണ്. മെഡിക്കൽ കോളേജിൽ അടിയന്തരമായി കാഷ്വൽറ്റി, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ ആരംഭിക്കുകയും സി.ടി., എം.ആർ.ഐ. മെഷീനുകൾ വാങ്ങുകയും ചെയ്യണം. കൂടാതെ മോർച്ചറിയും പോസ്റ്റ്മോർട്ടം ചെയ്യാനുള്ള സൗകര്യവും ഏർപ്പെടുത്തേണ്ടതുണ്ട്. കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കണം. അനുവദിക്കപ്പെട്ടിട്ടുള്ള സെൻട്രൽ ലബോറട്ടറി, ഹൗസ് സർജൻസ് ക്വാർട്ടേഴ്സ്, കിച്ചൺ, മെസ്സ്, ഡൈനിങ് ഹാൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കണം. പുതിയ ഹോസ്റ്റൽ ബ്ലോക്ക്, ആധുനിക ആഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുകയും

ഐ.പി., ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം.

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പാലക്കാട് മെഡിക്കൽ കോളേജിന്റെ ഡി.പി.ആർ.-ൽ ഉൾപ്പെട്ട അക്കാദമിക് ബിൽഡിങ്, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകൾ, ചുറ്റുമതിൽ, ഭൂഗർഭജല സംഭരണി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്പിറ്റൽ ബിൽഡിങ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2021 മുതൽ ടി കോളേജിൽ ഒ.പി. ആരംഭിക്കുകയും പണി പൂർത്തീകരിച്ച വാർഡ് ബ്ലോക്കിൽ 2024 മാർച്ച് 12 മുതൽ 120 കിടക്കകളോടുകൂടിയ ഐ.പി. സൗകര്യം സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫയർ എൻ.ഒ.സി. ലഭ്യമായതോടെ അത്യാഹിത വിഭാഗം ഉൾപ്പെടെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 13 ഡിപ്പാർട്ടുമെന്റുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐ.സി.യു., ഓപ്പറേഷൻ തിയേറ്റർ എന്നിവ സജ്ജമാക്കുകയും ലബോറട്ടറി, ഫാർമസി എന്നിവ 24 മണിക്കൂറും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 2023-24-ൽ ആരംഭിച്ച നഴ്സിങ് കോളേജിൽ ഇതുവരെ അഞ്ച് ബാച്ചുകളിലായി 500 വിദ്യാർഥികൾ പഠനം പൂർത്തീകരിക്കുകയും അഞ്ച് ബാച്ചുകളിലായി അഞ്ഞൂറ് വിദ്യാർഥികൾ പഠനം നടത്തിവരികയുമാണ്. ടീച്ചിങ് ഹോസ്പിറ്റൽ എന്ന നിലയിൽ വിദ്യാർഥികൾ പാലക്കാട് ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട വിജയശതമാനമാണുള്ളത്. നാല് ഡിപ്പാർട്ടുമെന്റുകളിൽ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ

ആരംഭിക്കുകയും ആറ് പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾക്കൂടി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയുമാണ്. ഇതുസംബന്ധിച്ച വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

10.40 am]

IV. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ് .ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	68/2025	എസ്.ആർ.ഒ. 787/2024-ന്മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി) നം.2/2025/പി.&ഇ.എ.	20-01-2025	അല്ല
2	123/2025	വിജിലൻസ് ട്രൈബ്യൂണലായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം	വിജ്-സി3/36/2024-വിജ്(I)	22-01-2025	അല്ല
3	124/2025	വിജിലൻസ് ട്രൈബ്യൂണലായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം	വിജ്-സി3/36/2024-വിജ്(II)	22-01-2025	അല്ല
4	125/2025	വിജിലൻസ് ട്രൈബ്യൂണലായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം	വിജ്-സി3/36/2024-വിജ്(III)	22-01-2025	അല്ല

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

5	126/2025	വിജിലൻസ് ട്രൈബ്യൂണലായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം	വിജ്-സി3/36/2024-വിജ്(IV)	22-01-2025	അല്ല
6	230/2025	കൊല്ലം റെയിൽവേ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.18/2025/ഹോം	01-03-2025	അല്ല
7	232/2025	കൊല്ലം റൂറൽ സൈബർ ക്രൈം പോലീസ് സ്റ്റേഷന്റെ പ്രവർത്തനം കൊട്ടാരക്കര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.19/2025/ഹോം	01-03-2025	അല്ല
8	233/2025	മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.20/2025/ഹോം	01-03-2025	അല്ല
9	234/2025	ആലപ്പുഴ ജില്ലയിലെ വീയപുരം പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.21/2025/ഹോം	01-03-2025	അല്ല
10	235/2025	കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.22/2025/ഹോം	01-03-2025	അല്ല
11	236/2025	കണ്ണൂർ ജില്ലയിലെ മട്ടന്നൂർ	ജി.ഒ.(പി)	01-03-	അല്ല

		പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിജ്ഞാപനം	നം.23/2025/ഹോം	2025	

ll. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമനം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	130/2025	ദി കേരള ചിട്ട് ഫണ്ട്സ് (അമെന്റ്മെന്റ്) റൂൾസ്,2025	ജി.ഒ.(പി) നം.15/2025/ടി.ഡി.	05-02-2025	അല്ല
2	164/2025	എസ്.ആർ.ഒ.നം.360/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.21/2025/ടി.ഡി.	15-02-2025	അല്ല
3	165/2025	എസ്.ആർ.ഒ.നം.361/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.22/2025/ടി.ഡി.	15-02-2025	അല്ല
4	166/2025	എസ്.ആർ.ഒ.നം.732/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.23/2025/ടി.ഡി.	15-02-2025	അല്ല
5	168/2025	എസ്.ആർ.ഒ.നം.370/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.24/2025/ടി.ഡി.	15-02-2025	അല്ല
6	169/2025	എസ്.ആർ.ഒ.നം.371/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.25/2025/ടി.ഡി.	15-02-2025	അല്ല
7	170/2025	എസ്.ആർ.ഒ.നം.372/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.26/2025/ടി.ഡി.	15-02-2025	അല്ല
8	171/2025	എസ്.ആർ.ഒ.നം.376/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.27/2025/ടി.ഡി.	15-02-2025	അല്ല
9	227/2025	കൺസോളിഡേറ്റഡ് സ്റ്റാമ്പ്	ജി.ഒ.(പി)	28-02-	അല്ല

		ഡ്യൂട്ടി - എൽ.ഐ.സി. തിരുവനന്തപുരം	നം.34/2025/ടാക്സസ്	2025	

III. ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമനം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	194/2025	തുച്ചേന്തമംഗലം ഗവൺമെന്റ് ഹൈസ്കൂൾ സഹകരണ സംഘം ഭരണസമിതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.15/2025/കോ-ഓപ്പ്	18-02-2025	അല്ല
2	208/2025	കേരള കോ-ഓപ്പറേറ്റീവ് ബാങ്കിലെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.16/2025/കോ-ഓപ്പ്	18-02-2025	അല്ല
3	214/2025	മീനച്ചിൽ റബ്ബർ മാർക്കറ്റിങ് ആൻഡ് പ്രോസസ്സിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഭരണസമിതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാനം	ജി.ഒ.(പി)നം. 18/2025/കോ-ഓപ്പ്	20-02-2025	അല്ല
4	240/2025	കേരള സഹകരണ ആർബിട്രേഷൻ കോടതി (റിമൂവൽ ഓഫ് ഡിഫികൾറ്റീസ്) ഉത്തരവ്, 2025	ജി.ഒ. (പി)നം.20/2025/കോ-ഓപ്പ്	01-03-2025	അല്ല

IV. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമനം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	205/2025	2013- ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി ഖണ്ഡിക (3)(1)-ലെ ഭേദഗതി സംബന്ധിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി) നം.11/2025/തൊഴിൽ	17-02-2025	അല്ല
2	209/2025	കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.12/2025/എൽ.ബി.ആർ.	18-02-2025	അല്ല
3	242/2025	എസ്.ആർ.ഒ. നം.489/2023-ന്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.14/2025/എൽ.ബി.ആർ.	03-03-2025	അല്ല

V. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ് .ആർ.ഒ. നമ്പർ	എസ്.ആർ.ഒ നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	202/2025	എസ്.ആർ.ഒ. നം.645/2023 മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി)നം.4/2025/ ഡി.ഡി.	20-02-2025	അല്ല

10.41 am]

V. റിപ്പോർട്ട് സമർപ്പണം

1. 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യവികസന (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ ചെയർപേഴ്സണായ ഞാൻ 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യവികസന (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ലെ അംഗമായ ഞാൻ 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ,

2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തിരണ്ട് മുതൽ എൺപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ എഴുപത്തിരണ്ട് മുതൽ എൺപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

10.43 am]

VI. അറിയിപ്പ്

കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിലെ ഭേദഗതി

മി. സ്പീക്കർ: ഭരണപരമായ ചില അടിയന്തര യോഗങ്ങളിൽ പങ്കെടുക്കുന്നതിലേക്കായി ഈ മാസം 20-ാം തീയതി ന്യൂഡൽഹിയിൽ എത്തിച്ചേരേണ്ട സാഹചര്യം സംജാതമായതിനാൽ അന്നേ ദിവസത്തേക്ക് തീരുമാനിച്ച ബിസിനസ്സുകളിൽ ഒരു ക്രമീകരണം നടത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയും ആവശ്യപ്പെട്ടിട്ടുണ്ട്. ചെയർ ഇക്കാര്യം പരിശോധിക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി ചർച്ച ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ 2025 ഫെബ്രുവരി 13-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടുകളിലെ

ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് 2025 മാർച്ച് 19, 20 തീയതികളിൽ സഭ പരിഗണിക്കാൻ തീരുമാനിക്കപ്പെട്ടിരുന്ന ബിസിനസ്സുകൾ പരസ്പരം മാറ്റിയിരിക്കുന്നതായി അറിയിക്കുന്നു.

10.44 am]

VII. ധനകാര്യം

2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ XXVII	-	സഹകരണം
ധനാഭ്യർഥന നമ്പർ XXIX	-	കൃഷി
ധനാഭ്യർഥന നമ്പർ XXXIV	-	വനം
ധനാഭ്യർഥന നമ്പർ XXXVII	-	വ്യവസായങ്ങൾ
ധനാഭ്യർഥന നമ്പർ XL	-	തുറമുഖങ്ങൾ

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ	ധനാഭ്യർഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2025-2026		
		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)
XXVII	സഹകരണം	4,99,95,47,000	84,30,00,000	584,25,47,000
XXIX	കൃഷി	3121,34,21,000	475,04,04,000	3596,38,25,000

XXXIV	വനം	822,12,88,000	96,80,02,000	918,92,90,000
XXXVII	വ്യവസായങ്ങൾ	896,55,08,000	1165,75,03,000	2062,30,11,000
XL	ഇറമുഖങ്ങൾ	76,78,15,000	85,02,00,000	161,80,15,000

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയെയും ഇറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർഥന നമ്പർ XXVII –സഹകരണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണബാങ്കുകളിൽ തട്ടിപ്പും ക്രമക്കേടുകളും വർധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി പൊതുവിപണിയിൽ ഇടപെടലുകൾ നടത്തുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ മേഖലയിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ബാങ്കുകൾക്ക് ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്ക് വായ്പകൾ അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ സംഘ നിയമനങ്ങളിൽ സാമുദായിക സംവരണം പാലിക്കപ്പെടുന്നില്ലെന്ന പരാതികളിന്മേൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഞ്ചേശ്വരം താലൂക്കിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ നൽകിയ അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്രമക്കേടുകൾ നടന്നതുമൂലം, ചില സഹകരണസംഘങ്ങളിൽ നിക്ഷേപിച്ച തുക യഥാസമയം നിക്ഷേപകർക്ക് തിരികെ ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സാമുദായിക സംവരണം ഉറപ്പുവരുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ മേഖലയിൽ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്ന കേന്ദ്ര നയങ്ങളെ ഫലപ്രദമായി ചെറുക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേന്ദ്രസർക്കാർ സൗജന്യമായി നൽകുന്ന ഏകീകൃത സോഫ്റ്റ്വെയർ സേവനം പ്രയോജനപ്പെടുത്താതെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ മറ്റൊരു ഏജൻസി മുഖേന ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതായും അതിൽ അഴിമതി നടന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സഹകരണം എന്ന XXVII-ാം നമ്പർ

ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരള ബാങ്ക് രൂപീകരിച്ചതോടുകൂടി റിസർവ് ബാങ്ക് മാനദണ്ഡങ്ങൾ ബാധകമാക്കപ്പെട്ടതിനാൽ, ജില്ലാ സഹകരണ ബാങ്കുകൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതിസന്ധിഘട്ടങ്ങളിൽ സഹായിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,25,47,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. കുറുക്കോളി മൊയ്തീൻ
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എ. കെ. എം. അഷ്റഫ്
5. ശ്രീ. മോൻസ് ജോസഫ്
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. മഞ്ഞളാംകുഴി അലി

8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

9. ശ്രീ. ടി. വി. ഇബ്രാഹിം

10. ശ്രീ. പി. ഉബൈദുള്ള

11. ടി. സിദ്ദിഖ്

12. ശ്രീ. സജീവ് ജോസഫ്

13. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

14. ശ്രീ. എം. വിൻസെന്റ്

15. ശ്രീ. റോജി എം. ജോൺ

16. ശ്രീ. സനീഷ്കുമാർ ജോസഫ്

17. ശ്രീ. പി. സി. വിഷ്ണുനാഥ്

18. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ധനാഭ്യർഥന നമ്പർ XXIX – കൃഷി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെല്ല് സംഭരണം സമഗ്രമായി നടപ്പാക്കാത്തതായും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി കൊടുത്തുതീർക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലവർഷക്കെടുതിയിൽ സംഭവിച്ച കൃഷിനാശംമൂലം നഷ്ടമനുഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികാവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാണ്യവിളകളുടെ വിലയിടിവ് പരിഹരിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറികളുടെ വില യഥാസമയം കർഷകർക്ക് നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെൽ ഉല്പനങ്ങൾക്ക് വിപണിയിൽ മതിയായ വില ലഭിക്കാത്തതും നെല്ല് സംഭരണത്തിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതുംമൂലം നെൽക്കർഷകർ കടക്കെണിയിലാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിനായി ക്രിയാത്മക ഇടപെടലുകൾ നടത്തണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെല്ല് സംഭരിച്ചതിന്റെ തുക ലഭിക്കാത്തതിനാൽ നെൽക്കർഷകർ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റബ്ബർ കർഷകർ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാപ്പി, ഏലം ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മേഖലയിലെ കർഷകർ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലാശയങ്ങളിൽ രാസമാലിന്യങ്ങൾ കലരുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾമൂലം സംസ്ഥാനത്തെ മത്സ്യ കർഷകർ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കൃഷിനാശത്തിന് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കാതിരിക്കുന്നതായും അതുമൂലം കർഷകർ പ്രതിസന്ധി നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാന കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,96,38,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച കടാശ്വാസ സഹായം അനുവദിച്ച് നൽകാത്തതായും അതുമൂലം കർഷകർ പ്രതിസന്ധി നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

35,96,38,25,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. നജീബ് കാന്തപുരം
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. കുറുക്കോളി മൊയ്തീൻ
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. മോൻസ് ജോസഫ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. പി. ഉബൈദുള്ള
11. ശ്രീ. സണ്ണി ജോസഫ്
12. ശ്രീ. അൻവർ സാദത്ത്
13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
14. ശ്രീ. ടി. സിദ്ദിഖ്
15. ശ്രീ. എം. വിൻസെന്റ്

ധനാഭ്യർഥന നമ്പർ XXXIV-വനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർധിച്ചുവരുന്ന വന്യമൃഗ ആക്രമണംമൂലം കർഷകരുടെ ജീവനും സ്വത്തിനും ഉണ്ടാകുന്നതായി പറയപ്പെടുന്ന ഭീഷണിയും നാശനഷ്ടവും തടയാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി സർവെ നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലം വനഭൂമിയോട് ചേർന്നുകിടക്കുന്ന കൃഷിഭൂമികളിലെ കാർഷിക വിളകൾ, വസ്തുവകകൾ എന്നിവയ്ക്കുണ്ടാകുന്ന നാശവും മനുഷ്യർക്കുണ്ടാകുന്ന പരിക്ക്, മരണം എന്നിവയും തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികൾ ജനവാസ മേഖലകളിലേക്കിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനും വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനപ്രദേശങ്ങളിൽ അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനസംരക്ഷണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും കൂടുതൽ സാമ്പത്തിക സഹായം നേടിയെടുക്കുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി ആക്രമണം രൂക്ഷമായ മേഖലകളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി ആക്രമണത്തിൽ കർഷകർക്കുണ്ടാകുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാട്ടുതീമൂലം വനസമ്പത്ത് നശിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികൾ ജനവാസകേന്ദ്രങ്ങളിൽ എത്തി കർഷകരുടെ ജീവനും സ്വത്തുവകകൾക്കും നിരന്തരം നാശനഷ്ടങ്ങളുണ്ടാക്കിയിട്ടും ഈ മേഖലകളിലേക്ക് വന്യജീവികൾ

പ്രവേശിക്കാതിരിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇക്കോ ടൂറിസത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ക്രിയാത്മക നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനഭൂമിയിൽനിന്നും വ്യാപകമായി തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുകടത്തുന്നത് തടയുന്നതിൽ വനം വകുപ്പ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി ആക്രമണങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനഭൂമി കൈയേറ്റം തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും നൽകുന്ന നഷ്ടപരിഹാരത്തുക ഉയർത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,18,92,90,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മഞ്ഞളാംകുഴി അലി

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. യു. എ. ലത്തീഫ്

4. ശ്രീ. നജീബ് കാന്തപുരം

5. ശ്രീ. എൻ. ഷംസുദ്ദീൻ

6. ശ്രീ. കുറുക്കോളി മൊയ്തീൻ

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. ടി. വി. ഇബ്രാഹിം

9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

13. ശ്രീ. എം. വിൻസെന്റ്

14. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

15. ശ്രീ. പി. സി. വിഷ്ണുനാഥ്

16. ശ്രീ. സജീവ് ജോസഫ്

ധനാഭ്യർഥന നമ്പർ XXXVII – വ്യവസായങ്ങൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ടെക്സ്റ്റൈൽ കോർപറേഷന്റെ കീഴിലുള്ള മില്ലുകളെല്ലാം അടഞ്ഞുകിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേന്ദ്ര നിക്ഷേപം ലഭിക്കുന്നതിനും നിലവിലെ വ്യവസായങ്ങളെ പ്രതിസന്ധിയില്ലാതെ സംരക്ഷിക്കുന്നതിനും ജാഗ്രതക്കുറവ് ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാണിജ്യ വ്യവസായ കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ

ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യവസായ സ്ഥാപനങ്ങളിൽനിന്നുള്ള മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യവസായ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പിന്നാക്ക പ്രദേശമായ കാസർഗോഡ് ജില്ലയിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായ മേഖലയിൽ സർക്കാർ ഇടപെടുന്നില്ലെന്നും ഈ മേഖലയിലെ പല ഫാക്ടറികളും അടച്ചുപൂട്ടി പോകേണ്ടിവരുന്നതായും അതുമൂലം തൊഴിലാളികൾ പട്ടിണിയിലാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കേരളത്തിലെ ഖാദി സ്ഥാപനങ്ങളെ പ്രതിസന്ധിയിൽനിന്നും കരകയറ്റാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്റ്റാർട്ടപ്പ് ജീനോം എന്ന കമ്പനിക്ക് ലക്ഷക്കണക്കിന് രൂപ പ്രതിഫലം നൽകി കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റം മെച്ചപ്പെട്ടുവെന്ന റിപ്പോർട്ട് തയ്യാറാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംരംഭക വർഷം പദ്ധതിയിൽ ഓരോ പഞ്ചായത്തിലും ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ വിശദവിവരങ്ങൾ നൽകുവാൻ വ്യവസായ വകുപ്പ് തയ്യാറാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ

ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കയർ, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് ഉൾപ്പെടെ സംരംഭക വികസനത്തിനായുള്ള പദ്ധതികളിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ പര്യാപ്തമായ തുക ചെലവഴിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,62,30,11,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീ. മഞ്ഞളാംകുഴി അലി
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. യു. എ. ലത്തീഫ്

5. ശ്രീ. എൻ. ഷംസുദ്ദീൻ

6. ശ്രീ. കുറുക്കോളി മൊയ്തീൻ

7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. എ. കെ. എം. അഷ്റഫ്

9. ശ്രീ. ടി. വി. ഇബ്രാഹിം

10. ശ്രീ. പി. ഉബൈദുള്ള

11. ശ്രീ. സണ്ണി ജോസഫ്

12. ശ്രീ. സനീഷ്കുമാർ ജോസഫ്

13. ശ്രീ. സജീവ് ജോസഫ്

14. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

15. ശ്രീ. റോജി എം. ജോൺ

16. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

17. ഡോ. മാത്യു കുഴൽനാടൻ

18. ശ്രീ. ചാണ്ടി ഉമ്മൻ

19. ശ്രീ. അൻവർ സാദത്ത്

ധനാഭ്യർഥന നമ്പർ XL – തുറമുഖങ്ങൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കണ്ടെയിനർ ലോറികൾക്ക് വരാനുള്ള റോഡുകൾ ഉൾപ്പെടെ വിഴിഞ്ഞം തുറമുഖത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ

ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം അനുവദിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കപ്പൽ മാർഗമുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിലവിലെ ഭരണകക്ഷി പ്രതിപക്ഷത്തായിരിക്കുമ്പോൾ ഏർപ്പെട്ട കരാർപ്രകാരം നിലവിൽവന്ന വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം അന്നത്തെ തീരുമാനപ്രകാരം സമയബന്ധിതമായി നടപ്പാക്കാത്തതായും അതിനോടനുബന്ധിച്ച് ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യ വികസനം യഥാസമയം നടത്താൻ കഴിയാത്തതുമൂലം തുറമുഖത്തിന്റെ യഥാർഥ ഗുണഫലം സംസ്ഥാനത്തിന് ലഭിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള തീരത്തുകൂടി കടൽ വഴിയുള്ള ചരക്കു ഗതാഗതം ഊർജ്ജിതമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ കരാർ പ്രകാരമുള്ള പ്രവൃത്തികൾ അടിയന്തരമായി നടപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,61,80,15,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീ. മഞ്ഞളാംകുഴി അലി
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. ശ്രീ. യു. എ. ലത്തീഫ്
7. ശ്രീ. എൻ. ഷംസുദ്ദീൻ
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എ. കെ. എം. അഷ്റഫ്

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. റോജി എം. ജോൺ

13. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. സനീഷ്കുമാർ ജോസഫ്

15. ശ്രീ. ടി. സിദ്ദിഖ്

16. ശ്രീ. സജീവ് ജോസഫ്

17. ഡോ. മാത്യു കുഴൽനാടൻ

18. ശ്രീ. എ. പി. അനിൽ കുമാർ

19. ശ്രീ. പി. സി. വിഷ്ണുനാഥ്

20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

21. ശ്രീ. ചാണ്ടി ഉമ്മൻ

22. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

മി. സ്പീക്കർ: അഞ്ച് ധനാഭ്യർഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

ചർച്ച

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സഹകരണം, കൃഷി, വനം, വ്യവസായങ്ങൾ, തുറമുഖങ്ങൾ എന്നീ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇന്നത്തെ ദിവസത്തിന്റെ

പ്രത്യേകതയെക്കുറിച്ച് ഇവിടെ പലരും പരാമർശിക്കുകയുണ്ടായി. ഇന്ന് നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ശ്രീനാരായണ ഗുരുദേവനും മഹാത്മജിയും ആദ്യ കൂടിക്കാഴ്ച നടത്തിയ ദിവസത്തിന്റെ നൂറാം വാർഷികമാണ്. നമ്മുടെ നാടിന്റെ നവോത്ഥാന പ്രസ്ഥാനവും ദേശീയ പ്രസ്ഥാനവും കൂഴിച്ചുമൂടിയ അയിത്തത്തെയും ജാതി വിവേചനത്തെയും അന്ധവിശ്വാസങ്ങളെയും തിരികെ കൊണ്ടുവരാനുള്ള പ്രവർത്തനം നടക്കുന്നുണ്ടെന്നുള്ളതാണ് ശ്രദ്ധേയമായൊരു കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നത്. ശ്രീനാരായണഗുരു അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിയപ്പോൾ എതിർത്ത ജാതിശക്തികൾ ഇന്നും ചില ക്ഷേത്ര മതിൽക്കെട്ടുകൾക്കുള്ളിലും ഇരുളടഞ്ഞ മനുഷ്യ മനസ്സുകളിലും നിലനിൽക്കുന്നുവെന്നാണ് കൂടൽമാണിക്യം ക്ഷേത്രവുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ജാതിഭ്രാന്തിന്റെ ക്രൂക്ഷത കണ്ടാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചത്. 1936 നവംബർ 13-ലെ ക്ഷേത്ര പ്രവേശന വിളംബരം വിപ്ലവകരമായ സാമൂഹ്യ മുന്നേറ്റമായിരുന്നു. അതിനുശേഷം ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് 2017-ൽ അബ്രാഹ്മണ ശാന്തി നിയമനം നടത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനം ചരിത്രം സൃഷ്ടിക്കുന്ന സാഹചര്യമുണ്ടായി. ക്ഷേത്ര ആരാധന നടത്താനും ക്ഷേത്രങ്ങളിൽ പൂജ നടത്താനും അബ്രാഹ്മണർക്കും അവകാശമുണ്ടെന്ന് സ്ഥാപിക്കുക മാത്രമല്ല, ആ തസ്തികകളിൽ പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ട ആളുകളെ നിയമിച്ചുകൊണ്ട് അത് നടപ്പാക്കാനുള്ള ആർജവവും നമ്മുടെ ഗവൺമെന്റ് കാണിച്ചു. ഇപ്പോഴും സംസ്ഥാനത്ത് കൂടൽമാണിക്യത്തിലെ തന്ത്രിമാരുടെ താന്ത്രികവിദ്യകൾ സമൂഹത്തിൽ ഏൽപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നുവെന്നത് ഗൗരവതരമായ കാര്യമാണ്. കേരളം

ഒറ്റക്കെട്ടായി ഈ അനീതിക്കും അന്യായങ്ങൾക്കുമെതിരെ പോരാടേണ്ട സാഹചര്യമാണുള്ളത്.

(അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

2016-ൽ അധികാരമേറ്റ ഒന്നാം പിണറായി ഗവൺമെന്റും അതിനുശേഷം രണ്ടാം പിണറായി ഗവൺമെന്റും നമ്മുടെ സംസ്ഥാനത്തിന്റെ സഹകരണ മേഖലയിൽ നടത്തിയ മുന്നേറ്റങ്ങളെ സംബന്ധിച്ച് സമയമെടുത്ത് സംസാരിക്കുന്നില്ല. സഹകരണ പ്രസ്ഥാനത്തിലൂടെ ഒരേസമയം വികസനത്തിനും കരുതലിനും ക്ഷേമപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ഓഖി, രണ്ട് പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവയിലെല്ലാം സഹകരണ പ്രസ്ഥാനത്തെ കൂട്ടിയിണക്കി ദുരിതബാധിതരെ സഹായിക്കാൻ നമ്മൾ നടത്തിയ പരിശ്രമം ശ്രദ്ധേയമാണ്. പ്രളയത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 2200-ലധികം പാവപ്പെട്ടവർക്ക് കെ-ഹോം പദ്ധതിയിലൂടെ മനോഹരമായ വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ച് നൽകിയത് സഹകരണ സമൂഹത്തിന്റെ ആർജവത്തെയാണ് കാണിക്കുന്നത്. 2024-ൽ വയനാട് ദുരന്തമുണ്ടായപ്പോഴും സഹായങ്ങളുമായി സഹകരണ മേഖല മുന്നോട്ടുവന്നു. ദുരിതബാധിതരുടെ മുഴുവൻ വായ്പകളും കേരള ബാങ്ക് എഴുതിത്തള്ളുന്ന സാഹചര്യമുണ്ടായി. സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിലൂടെയും സഹകരണ അംഗ സമാശ്വാസ നിധിയിലൂടെയും ആയിരക്കണക്കിന് ദുരിതബാധിതർക്കാണ് സഹകരണമേഖല ഇന്ന് ആശ്വാസം നൽകുന്നത്. കുടിശ്ശിക വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പാവപ്പെട്ടവർക്ക് വളരെയേറെ പ്രയോജനകരമാണ്. ഇക്കാലയളവിൽ ആഗോളതലത്തിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ അടയാളപ്പെടുത്തുന്ന മികച്ച സഹകരണ

ബ്രാൻഡുകളായി മാറാൻ കേരള ബാങ്കിനും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും കഴിഞ്ഞുവെന്നത് സന്തോഷകരമായ കാര്യമാണ്. കേരളം വ്യവസായ സൗഹൃദമല്ലെന്ന ആരോപണം നമ്മുടെ നാടിനെക്കുറിച്ചുള്ള ഏറ്റവും മോശം കാഴ്ചപ്പാടായിരുന്നു. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും വിഭവങ്ങളുടെയും കുറവ് മാത്രമല്ല വെള്ളാനകളുടെ നാട് പോലുള്ള വലതുപക്ഷ തൊഴിലാളിവിരുദ്ധ സിനിമകളും ഈ കാഴ്ചപ്പാടിന് ആക്കം കൂട്ടുന്നതായി കാണാൻ സാധിക്കും. പിണറായി വിജയൻ സർക്കാർ ചരിത്രം മാറ്റി കുറിക്കുകയാണ്. വ്യവസായ സൗഹൃദ റാങ്കിങ്ങിൽ കേരളം ഒന്നാമതാണ്. കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഒന്നേമുക്കാൽ ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണുണ്ടായത്. MSME മേഖലയിൽ best practice ആയി നമ്മുടെ സംരംഭക വർഷം പദ്ധതി ദേശീയതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടത് അഭിമാനിക്കാവുന്ന കാര്യമാണ്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ പുതിയ land allotment rule കൊണ്ടുവരികയും വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിനുകീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി കൈമാറ്റത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. തിരുവനന്തപുരത്ത് Unity mall നിർമ്മാണം ആരംഭിച്ചു. ലീവേജ് എൻജിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ് തൃശ്ശൂരിൽ മുന്നൂറ് കോടി രൂപ മുതൽമുടക്കിൽ കേരളത്തിലെ ആദ്യത്തെ ക്രെയിൻ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. IBM കേരളത്തിൽ പ്രവർത്തനം ആരംഭിച്ചുവെന്ന് മാത്രമല്ല ഒരു വർഷത്തിനിടയിൽ 2000 പേർക്ക് തൊഴിൽ നൽകുന്ന വലിയ സ്ഥാപനമായി അത് വളരുകയാണ്. ലോകത്തിലെ മുൻനിര വാഹന സോഫ്റ്റ്വെയർ നിർമ്മാണ കമ്പനിയായ ആക്സിയ ടെക്നോളജീസ് തിരുവനന്തപുരത്ത്

ആഗോള ഹെഡ് ക്വാർട്ടേഴ്സും R&D കേന്ദ്രവും ആരംഭിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിക്ഷേപങ്ങളുടെ സ്ഥിതി എന്തായിരുന്നുവെന്ന് ഞാൻ ഇവിടെ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. 15000 പേർക്ക് ജോലി നൽകുന്ന ഇൻഫോസിസിന്റെ കാമ്പസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇൻഫോസിസിന്റെ ബാംഗ്ലൂർ ഓഫീസ് സന്ദർശിക്കുകയും ഇവിടെ ഒരു കാമ്പസ് ആരംഭിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ഇടതുസർക്കാരിന്റെ സഹകരണമുണ്ടായിരുന്നതിനാൽ അമ്പത് ഏക്കർ സ്ഥലത്ത് പതിനായിരം പേർക്കുകൂടി തൊഴിൽ നൽകുന്ന മറ്റൊരു കാമ്പസ് കൂടി ഇൻഫോസിസ് പ്രഖ്യാപിച്ചു. എന്നാൽ 2011-ൽ ഭരണം മാറുകയും യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരികയും ചെയ്തതോടെ 2015 മേയ് മാസത്തിൽ ആ സ്ഥാപനം തുക തിരികെ വാങ്ങുകയും പദ്ധതിയിൽനിന്ന് പിന്മാറുകയും ചെയ്തു. വ്യവസായ മേഖലയിൽ അത്തരമൊരു നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത് എന്നതിന്റെ തെളിവാണത്. സമയക്കുറവുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നായ വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിരിക്കുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. ആ പദ്ധതി മുടക്കാൻവേണ്ടി നിങ്ങൾ നടത്തിയ ശ്രമത്തെ കാണാതെ പോകാൻ സാധിക്കില്ല. ദേശീയപാതാ വികസനം തടയുമെന്ന് പ്രഖ്യാപിക്കുന്ന പ്രതിപക്ഷനേതാവ് വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അവിടെയുണ്ടായ പ്രാദേശിക പ്രശ്നത്തെ ഉപയോഗപ്പെടുത്തി പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട വ്യക്തിയാണ്. നമ്മുടെ

നാടിന്റെ വികസന പ്രവർത്തനങ്ങളിൽ അദ്ദേഹം യാതൊരു താൽപര്യവും കാണിക്കുന്നില്ലെന്ന് മാത്രമല്ല അവ എങ്ങനെ ഇടങ്കോലിട്ട് തടയാമെന്നാണ് ശ്രമിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനത്തിന് പതിനായിരം കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. 2045-ൽ പൂർത്തീകരിക്കേണ്ട പദ്ധതിയുടെ അടുത്ത ഘട്ടം 2027-നകം പൂർത്തീകരിക്കുന്നതിന് അദാനി ഗ്രൂപ്പുമായി പ്രത്യേക കരാറുണ്ടാക്കിയ പിണറായി സർക്കാരിന്റെ ഇടപെടൽ എടുത്തുപറയേണ്ടതാണ്. തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ച് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ 200-ലധികം കപ്പലുകളാണ് അവിടെ വന്നത്. ജേഡ് സർവീസിലുൾപ്പെട്ട ഏക ഇന്ത്യൻ തുറമുഖമായി വിഴിഞ്ഞം മാറിയിരിക്കുകയാണ്. കൊളംബോ തുറമുഖംപോലും ജേഡ് സർവീസിന്റെ ഭാഗമല്ലെന്ന് ഓർക്കണം. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ ഷിപ്പായ MSC Irina ഈ സർവീസിൽപ്പെട്ടതാണ്. ഫെബ്രുവരി മാസത്തിൽ കൈകാര്യം ചെയ്ത ചരക്കിന്റെ അളവിൽ ഇന്ത്യയിലെ തെക്കുകിഴക്കൻ മേഖലകളിലെ 15 തുറമുഖങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നത് വിഴിഞ്ഞം തുറമുഖമാണ്. അതിനെയാണ് നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി പ്രവർത്തിപ്പിക്കാൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത്. യഥാർഥത്തിൽ നിങ്ങൾക്ക് ഈ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളോട് എന്ത് താൽപര്യമാണുള്ളതെന്ന് അറിയാതെ ചോദിച്ചുപോകുകയാണ്. ശ്രീ. എം. വിൻസെന്റ് നോക്കിയിട്ട് കാര്യമില്ല, നിങ്ങൾ ചെയ്ത കാര്യമാണ്. അവിടെ പോലീസ് സ്റ്റേഷൻ ആക്രമിച്ചതും അതിന്റെ ഭാഗമായി വെടിവയ്പ് നടത്താൻ നിങ്ങൾ ആഗ്രഹിച്ചതും വെടിവയ്പ് നടക്കുകയാണെങ്കിൽ രണ്ടാം വിമോചന സമരത്തിന് കാഹളം ഊതാൻ നിങ്ങൾ

മോഹിച്ചതുമെല്ലാം മറക്കാൻ സാധിക്കാത്തതുകൊണ്ട് പറഞ്ഞുവെന്നുമാത്രം. വിഴിഞ്ഞത്തിന്റെ പുരോഗതി നിങ്ങൾ കാണുന്നില്ലേ? വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി പോരാട്ടം നടത്തിയത് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനമാണ്. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് വിഴിഞ്ഞം പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ട് 242 ദിവസത്തെ തുടർസമരം ഓണത്തിനും ക്രിസ്തുമസിനും തിരുവനന്തപുരത്ത് നടത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ മാത്രമല്ല ഭരണപക്ഷത്ത് വന്നാലും നാടിന്റെ വികസനം പ്രധാനപ്പെട്ട കാര്യമായി കാണാനുള്ള മനസ്സുണ്ടാകണം. വികസനം നടത്താൻ സമ്മതിക്കില്ലെന്ന നിലപാട് നിങ്ങൾ സ്വീകരിക്കുന്നത് എത്രമാത്രം ആത്മഹത്യാപരമാണെന്ന് മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ പുതിയ അധ്യായങ്ങൾ രചിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അടുത്ത ഒരു വർഷക്കാലത്തിനുള്ളിൽ ഒരുപാട് വികസന പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. പ്രതിപക്ഷം വികസന പ്രവർത്തനങ്ങളോട് സഹകരിക്കുന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. രാഷ്ട്രീയമായ എതിർപ്പുകൾ വച്ചുകൊണ്ട് നമുക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാം. അതിൽ വിജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യാം. നാടിന്റെ വികസന കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്ന കാഴ്ചപ്പാട് സ്വീകരിക്കണമെന്നാണ് ഈ വൈകിയ വേളയിൽ എനിക്ക് അഭ്യർഥിക്കാനുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ. വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി എല്ലാ ശ്രമങ്ങളും നടത്തി അത് യാഥാർഥ്യമാക്കിയ ഒരു മുന്നണിയുടെ ഭാഗമായിട്ടുള്ള വ്യക്തികളാണ് ഞങ്ങൾ എല്ലാവരും. ഞങ്ങൾ വിഴിഞ്ഞം തുറമുഖത്തിന്

എതിരായി ഒരു വാക്ക് പറയുകയോ സമരം ചെയ്യുകയോ ചെയ്തിട്ടില്ല. ആ ഞങ്ങൾ അവിടെ സമരം നടത്തിയെന്നും വെടിവയ്പ് നടത്താനുള്ള ശ്രമമുണ്ടായെന്നുമുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല. സെക്രട്ടേറിയറ്റിൽ അംഗമാകാൻ സാധിക്കാത്തതിന് പ്രതിപക്ഷത്തിന്റെ പുറത്തുകയറണ്ട എന്നാണ് പറയാനുള്ളത്. പരാമർശം രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.[+]

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സഭയ്ക്കകത്ത് ഒരംഗം അസത്യ പ്രസ്താവന നടത്തുന്നത് ശരിയല്ല. ആ ദിവസങ്ങളിൽ നടന്ന പത്രങ്ങളിലെ വാർത്ത അടുത്ത ദിവസം നിയമസഭയിൽ ഹാജരാക്കാം. വിഴിഞ്ഞം പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടത്തെ പ്രാദേശിക സമരപ്പന്തലിൽ എത്തി വിഴിഞ്ഞം പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുകയും പോലീസിനെ ആക്രമിച്ച കേസിൽ പങ്കാളികളാകുകയും ചെയ്തവരാണ് ഇവർ. എന്നിട്ട് ഇപ്പോൾ അസത്യ പ്രസ്താവന നടത്തുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ ഇന്ന് സംസാരിച്ചപ്പോൾ മുമ്പ് സംസാരിക്കുമ്പോൾ ഉണ്ടാകുന്നതുപോലെയുള്ള ആവേശമൊന്നും കണ്ടില്ല. അത് എന്താണെന്ന് അറിയില്ല. ഏതായാലും അങ്ങ് പറഞ്ഞ രണ്ട് കാര്യങ്ങളെക്കുറിച്ച് പറയാൻ ഉദ്ദേശിച്ചതല്ല. അങ്ങ് ആദ്യം ഇവിടെ കൂടൽമാണിക്യം ക്ഷേത്രവുമായി ബന്ധപ്പെട്ട കാര്യമാണ് പറഞ്ഞത്. അതുമായി ബന്ധപ്പെട്ട സബ്മിഷനിൽ

+ സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.കെ.എൽ.എസ്./2394/2025/ഇ.ബി. തീയതി 18/03/2025) സഭാരേഖകളിൽ നിലനിർത്തി.

ഞാൻ പറഞ്ഞത്, ദേവസ്വം അഡ്മിനിസ്ട്രേറ്റർക്ക് പരാതി ലഭിച്ചപ്പോൾ പരാതിയിൽ പറഞ്ഞിരിക്കുന്ന ആൾക്കെതിരെ നടപടിയെടുക്കുന്നതിന് പകരം പരാതി പറഞ്ഞ ജീവനക്കാരനെ സ്ഥലം മാറ്റി എന്നാണ്. ആ അഡ്മിനിസ്ട്രേറ്റർക്കെതിരെ ഒരു നടപടിയുമില്ല. സർക്കാർ അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. അതായിരുന്നു എന്റെ സബ്മിഷനിലെ പ്രധാനപ്പെട്ട കാര്യം. പ്രസ്തുത ക്ഷേത്രത്തിൽ ശുദ്ധികലശം നടത്തിയെന്ന് പറയപ്പെടുന്നു. അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ അതിന്റെ പേരിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്? വർത്തമാന കാലഘട്ടത്തിൽ കേരളത്തിന്റെ പൊതുവായ സാംസ്കാരിക പശ്ചാത്തലത്തിനും നവോത്ഥാന മുന്നേറ്റങ്ങളുടെ നേട്ടങ്ങൾക്കും വിപരീതമായ നടപടിയാണ് ഈ രണ്ട് കാര്യങ്ങളിലും ഗവൺമെന്റ് സ്വീകരിക്കുന്നതെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. മറ്റൊന്ന് വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ചാണ് അങ്ങ് പറഞ്ഞത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ പദ്ധതി നടപ്പാക്കുന്ന സമയത്ത് അങ്ങ് ഇവിടെ പ്രതിപക്ഷത്തുണ്ട്. യഥാർഥത്തിൽ ഇത് 7500 കോടി രൂപയുടെ പദ്ധതിയാണ്. അന്ന് നിങ്ങളുടെ പരാതി അതിൽ 6500 കോടി രൂപയുടെ അഴിമതിയുണ്ടെന്നായിരുന്നു. നിങ്ങൾ അതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തി. ആ റിപ്പോർട്ടിൽ എവിടെയെങ്കിലും അഴിമതി നടന്നതായി പറഞ്ഞിട്ടുണ്ടോ? അങ്ങനെ അന്ന് ഒരുപാട് ബുദ്ധിമുട്ടും എതിർപ്പും സഹിച്ച് ഞങ്ങൾ കൊണ്ടുവന്ന പദ്ധതിയാണിത്. എന്നാൽ നിങ്ങൾ പറയുന്നത് ആ കുഞ്ഞിന്റെ പിതാവ് നിങ്ങളാണെന്നാണ്. വിഴിഞ്ഞം പദ്ധതി കൊണ്ടുവരിക എന്ന ലക്ഷ്യം ഞങ്ങൾക്ക് പൂർത്തീകരിക്കാൻ സാധിച്ചു. അന്ന് തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അനുഭവിച്ച പ്രയാസം എനിക്കറിയാം. അതുകൊണ്ട് പദ്ധതി നന്നായി

പോകുന്നതിൽ സന്തോഷമേയുള്ളൂ. കാരണം, അത് ഞങ്ങളുടെ പദ്ധതിയാണ്. ഞാനിത് സാന്ദർഭികമായി പറഞ്ഞതാണ്. എന്റെ നിയോജകമണ്ഡലത്തിൽ പുലി ഇറങ്ങിയതിനെക്കുറിച്ച് രണ്ട് ദിവസം മുമ്പാണ് ഞാൻ ഈ സഭയിൽ പറഞ്ഞത്. ഫോറസ്റ്റ് ഉദ്യോഗസ്ഥർ അവിടെ തിരച്ചിലും നടത്തിയിരുന്നു. എന്നാൽ അന്ന് വൈകുന്നേരം കരുവാരകുണ്ട് പഞ്ചായത്തിൽ കടുവ ഇറങ്ങി. ക്യാമറയിൽ കടുവയുടെ ചിത്രം പതിഞ്ഞു, എല്ലാ ചാനലുകളിലും വാർത്തയും വന്നു. തൊട്ടടുത്ത ദിവസം മമ്പാട് പഞ്ചായത്തിലെ കരിക്കാട്ടുമണ്ണ, പാലക്കടവ്, കണക്കൻകടവ് എന്നീ സ്ഥലങ്ങളിൽ ആനക്കൂട്ടം ഇറങ്ങി. മുമ്പ് ആനയുടെ ആക്രമണത്തിൽ അവിടെ രണ്ടുപേർ കൊല്ലപ്പെട്ടിരുന്നു. കടുവ ഇറങ്ങിയ സ്ഥലത്ത് മുമ്പ് കാട്ടുപോത്തിന്റെ ആക്രമണത്തിൽ ഞങ്ങളുടെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ഷാജി കൊല്ലപ്പെട്ടിരുന്നു. ഒരേസമയം കടുവയും പുലിയും ആനയും പിന്നെ പന്നികളുടെ ശല്യവുമാണ്. പുലിയും കടുവയും ഇറങ്ങിയ സ്ഥലത്ത് കൂട് വയ്ക്കാൻ നിർദേശം നൽകണമെന്ന് ഞാൻ അങ്ങയോട് രണ്ടുദിവസം മുമ്പ് ആവശ്യപ്പെട്ടിരുന്നു. അതിനുള്ള നിർദേശം നൽകിയിട്ടുണ്ടെന്ന് അങ്ങ് മറുപടിയും പറഞ്ഞു. എന്നാൽ അവിടെ ഇതുവരെ കൂട് വച്ചിട്ടില്ല. ജനങ്ങൾ ആശങ്കയിലാണ്. രാവിലെ പടക്കം പൊട്ടിച്ചാണ് റബ്ബർ പാലെടുക്കാൻ പോകുന്നതെന്നാണ് ഇന്ന് രാവിലെ വിളിച്ചപ്പോൾ അവിടത്തെ ആളുകൾ പറഞ്ഞത്. എവിടെനിന്നാണ് കടുവയും പുലിയും ചാടിവീഴുന്നതെന്ന് അറിയാൻ സാധിക്കാത്ത ഭയാനകമായ സ്ഥിതിയാണ്. അതുകൊണ്ട് ഈ വിഷയം ഗൗരവമായെടുക്കണം. ബഹുമാനപ്പെട്ട മന്ത്രി നിർദേശം നൽകിയിട്ടും വനം വകുപ്പ് ഉദ്യോഗസ്ഥർ എന്തുകൊണ്ടാണ് കൂട് സ്ഥാപിക്കാതിരിക്കുന്നതെന്ന് അന്വേഷിക്കണം. സംഭവം നടന്നിട്ട് മൂന്ന് ദിവസമായി. ഇത്തരം കാര്യങ്ങളെ വെറും

വാക്കുകൾ കൊണ്ടല്ല, പ്രവൃത്തികൊണ്ട് നേരിടണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ദിവസങ്ങളിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയിൽ എല്ലാ മന്ത്രിമാരും പറയുന്നതുകേട്ടാൽ ഇവിടെ ഒരു പ്രയാസവുമില്ലെന്ന് തോന്നിപ്പോകും. കെ.എസ്.ആർ.ടി.സി. വളരെ മെച്ചമാണെന്നാണ് ഗതാഗത വകുപ്പുമന്ത്രി പറഞ്ഞത്. മത്സ്യത്തൊഴിലാളി മേഖലയിൽ ഇതുപോലൊരു കാലഘട്ടമുണ്ടായിട്ടില്ലെന്നാണ് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ പറഞ്ഞത്. മത്സ്യത്തൊഴിലാളികൾ കടലിൽപ്പോയി സമരം ചെയ്യുന്ന ഒരു കാലഘട്ടമാണിത്. അപ്പോഴാണ് ഇവിടെ എല്ലാം സുഭിക്ഷമാണെന്ന് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി കേട്ടാൽ ഇത് മഹാബലിയുടെ രാജസദസ്സാണോയെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. കാരണം ഒരാൾക്കും ഒരു പ്രശ്നവുമില്ല, എല്ലാവരും വളരെ സംതൃപ്തരാണ്, വളരെ നല്ല രീതിയിൽ ജീവിക്കുന്നു എന്നൊക്കെ തോന്നും. അതാണോ കേരളത്തിന്റെ യഥാർഥ ചിത്രം? എറണാകുളത്തും കൊല്ലത്തുമായി നടത്തിയ രണ്ട് സമ്മേളനങ്ങൾ കഴിഞ്ഞപ്പോൾ എല്ലാം ശരിയായെന്നും ഇവിടെ ഒരു പ്രശ്നവുമില്ലെന്നും നിങ്ങൾ സ്വയം പറയുകയാണ്. എന്നാൽ തിരുവനന്തപുരത്ത് നടക്കുന്ന ആശാവർക്കർമാരുടെ സമരവും കൊല്ലം ജില്ലയിലെ കശുവണ്ടി തൊഴിലാളികളുടെ പ്രശ്നവും നിലനിൽക്കുകയാണ്. ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളികൾ പ്രശ്നത്തിലാണ്. കയർ മേഖലയിലെ സ്ഥിതി ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ പറഞ്ഞുതരേണ്ട കാര്യമുണ്ടോ? കഴിഞ്ഞ ദിവസം ഞാൻ പാലക്കാട് നടന്ന ഒരു സമരത്തിൽ പങ്കെടുക്കുകയുണ്ടായി. കൃഷി വകുപ്പുമന്ത്രിയോട് ചോദിച്ചാൽ പാലക്കാട്ടുള്ള കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ എത്രമാത്രമാണെന്ന് അറിയാം. അതുപോലെതന്നെയാണ് കുട്ടനാട്ടിലെ കർഷകരും. ആന, പുലി, കടുവ, പന്നി

തുടങ്ങിയവയുടെ ആക്രമണംമൂലം മലയോരമേഖലയിലെ —ജനങ്ങൾ ആശങ്കയിലാണ്, കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ഇവിടെ യാതൊരു പ്രയാസവുമില്ലെന്നും എല്ലാം സുഭിക്ഷമാണെന്നും ശരിയാണെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്നത്. കേരളത്തിലെ ജനങ്ങൾ പ്രയാസം അനുഭവിക്കുമ്പോൾ നിങ്ങൾ ഇങ്ങനെ പറയുന്നതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ? വ്യവസായ സംരംഭങ്ങളുടെ കാര്യത്തിൽ നിങ്ങളുടെ സമീപനമല്ല ഞങ്ങൾ സ്വീകരിച്ചിരുന്നത്. വ്യവസായ സംരംഭങ്ങൾ വരണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇപ്പോൾ മാത്രമാണ് ഇവിടെ വ്യവസായങ്ങൾ വരുന്നതെന്നും വ്യവസായ മുന്നേറ്റമുണ്ടാകുന്നതെന്നും ഇത്രയുമധികം വ്യവസായ സംരംഭങ്ങൾ കേരളത്തിൽ തുടങ്ങിയതെന്നുമൊക്കെ നിങ്ങൾ പറഞ്ഞാൽ അംഗീകരിക്കാൻ കഴിയുമോ? യു.ഡി.എഫ്-ന്റെ കാലത്ത് 300 സ്റ്റാർട്ടപ്പുകളായിരുന്നത് എൽ.ഡി.എഫ്-ന്റെ കാലത്ത് 8 വർഷങ്ങൾകൊണ്ട് 6200 സ്റ്റാർട്ടപ്പുകളായി എന്നാണ് ഒരു പരസ്യത്തിൽ പറയുന്നത്. ഇന്ത്യയിൽ സ്റ്റാർട്ടപ്പുകൾ കൊണ്ടുവന്നതും ആദ്യമായി കേരളത്തിൽ അത് ആരംഭിച്ചതും എന്നാണ്? കേരളത്തിൽ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് സ്റ്റാർട്ടപ്പുകൾ ആരംഭിച്ചത്. 8 വർഷംകൊണ്ട് 6200 സ്റ്റാർട്ടപ്പുകളുണ്ടായെന്നും നാളിതുവരെ 560 സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ സഹായം നൽകിയെന്നും ഒരു ചോദ്യത്തിന് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുകയുണ്ടായി. ബാക്കിയുള്ളവരൊക്കെ സ്വയം സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. സ്വയം സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്താണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം ഒരു റീലിൽ

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് യാദൃശ്ചികമായി കാണാനിടയായി. അതിൽ 3600 കോടി രൂപയുടെ ടേൺ ഓവറുള്ള പ്രോജക്ടുകളുടെയും മറ്റുപല പദ്ധതികളുടെയും പേരുവിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. ഈ പദ്ധതികളൊക്കെ അങ്ങയുടെ കാലത്ത് ആരംഭിച്ചതാണെന്ന് അതിൽ പറയുന്നില്ലെങ്കിലും ആ രീതിയിൽ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവമായ ഒരു ശ്രമമുണ്ടായിട്ടുണ്ട്. ഈ പ്രോജക്ടുകൾ 1980-കളിലും 1990-കളിലും ആരംഭിച്ചതാണ്. അതൊക്കെ അങ്ങയുടെ കാലഘട്ടത്തിലേതാണെന്ന രീതിയിലുള്ള പ്രചാരണമാണ് നടക്കുന്നത്. ഇതൊരു പ്രചാരണത്തിന്റെ കാലഘട്ടമാണ്. പ്രവൃത്തിയും യാഥാർഥ്യവും തമ്മിൽ യാതൊരു ബന്ധവുമില്ല. സർക്കാർ ഒന്നാകെ പ്രചാരണത്തിനുവേണ്ടി ഇറങ്ങിയിരിക്കുകയാണ്. ഇക്കാര്യത്തിൽ വ്യവസായ വകുപ്പ് മുൻപന്തിയിലാണ്. അങ്ങേക്ക് മാർക്കറ്റിങ്ങിൽ പ്രത്യേക പ്രാവീണ്യമുണ്ട്, അങ്ങ് അക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയുമാണ്. യഥാർഥത്തിൽ ഇവിടെ നടക്കുന്നത് എന്താണെന്ന് അങ്ങേയ്ക്കും എനിക്കുമറിയാം. ഇവിടെ പറഞ്ഞതുപോലെ പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർച്ചയിലാണ്. വ്യവസായ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്ര സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നുള്ള ചോദ്യത്തിന് അങ്ങ് സഭയിൽ മറുപടിയായി നൽകിയത് 2016 വരെ 31 സ്ഥാപനങ്ങളാണെന്നാണ്. ഇപ്പോൾ എത്ര സ്ഥാപനങ്ങൾ നഷ്ടത്തിലാണ് എന്നുള്ള ചോദ്യത്തിന് 9 വർഷം നിങ്ങൾ ഭരണം നടത്തിയപ്പോൾ 33 എണ്ണമായെന്നും മറുപടി നൽകി. നഷ്ടത്തിന്റെ പട്ടികയിൽ 2 എണ്ണത്തിന്റെ വർധനവാണുണ്ടായത്. ഒരെണ്ണമെങ്കിലും കുറയ്ക്കാൻ നിങ്ങൾക്ക് സാധിച്ചോ? എന്നിട്ടാണ്

നിങ്ങൾ ഇത്തരത്തിൽ സംസാരിക്കുന്നത്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് 3 കോടി രൂപ നൽകുമെന്ന് ബജറ്റിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ സ്വകാര്യ വ്യക്തികളോട് കഴിയുമെങ്കിൽ ഇൻഡസ്ട്രികൾ ആരംഭിക്കാൻ ഞാൻ നിർദേശിച്ചു. 3 കോടി രൂപ പോയിട്ട് അതിന്റെ ഇൻഫ്രാസ്ട്രക്ചറിനായി 3/- രൂപപോലും ഇതുവരെ അവർക്ക് ലഭിച്ചിട്ടില്ല. കേരളത്തിലെ ഏതെങ്കിലും ഒരു സ്ഥാപനത്തിന് 3 കോടി രൂപ നൽകിയിട്ടുണ്ടെങ്കിൽ അതൊന്ന് അറിയിക്കണം. മറ്റൊരു പദ്ധതിയായ One Family One Enterprise (OFOE)-ലൂടെ 100 കോടി ക്ലബ്ബിലേക്ക് 1000 സ്ഥാപനങ്ങൾ കൊണ്ടുവരുമെന്നും അങ്ങ് പറഞ്ഞിരുന്നു. അതിൽ എത്ര സ്ഥാപനങ്ങൾ വന്നു? ഇതൊക്കെ പറയുന്നുവെന്നല്ലാതെ പ്രാവർത്തികതലത്തിൽ എത്തുന്നുണ്ടോയെന്നുകൂടി പരിശോധിക്കണം. Oleoresins, Terumo Penpol തുടങ്ങിയ കമ്പനികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ കമ്പനികളൊക്കെ ഏതുകാലത്ത് ആരംഭിച്ചതാണ്? ഇവിടെ വ്യവസായ മേഖലയിൽ എന്തൊക്കെയോ നടക്കുന്നുവെന്ന് വരുത്തലല്ല വേണ്ടത്. ഞാൻ മലബാർ മേഖലയിലുള്ള ആളാണ്. ഒരു പൊതുയോഗത്തിൽ ഞാൻ ഇക്കാര്യങ്ങളൊക്കെ പറഞ്ഞപ്പോൾ, ഹോളോബ്രിക്സ് കമ്പനി നടത്തുന്ന എന്റെ ഒരു സുഹൃത്ത് മലപ്പുറം ജില്ലയിൽ മാത്രം കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഹോളോ ബ്രിക്സിന്റെ 78 നിർമ്മാണ യൂണിറ്റുകൾ പൂട്ടിയെന്ന് എന്നോട് പറഞ്ഞു. മലബാറിലെ ബസ് വ്യവസായം ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതാണ്. ഇപ്പോഴത്തെ അവിടത്തെ ബസ് ഇൻഡസ്ട്രിയെക്കുറിച്ച് അവിടെനിന്നും വരുന്നവരോട് ചോദിച്ചാൽ അറിയാം. മലബാറിലെ ജനങ്ങൾ വർഷങ്ങളായി പ്രൈവറ്റ് ബസുകളെ ആശ്രയിച്ചാണ് കഴിയുന്നത്. ഈ മേഖല ഇന്ന് പൂർണ്ണമായും തകർച്ചയിലാണ്.

ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലില്ലാത്ത സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. ഈ രീതിയിൽ ഇന്ന് കേരളത്തിലെ വ്യവസായങ്ങൾ ഓരോന്നായി തകർന്നുകൊണ്ടിരിക്കുകയാണ്. ട്രേഡുകൾ കൂട്ടിച്ചേർത്താണല്ലോ അങ്ങ് വലിയ കണക്കുകൾ പറയുന്നത്. ട്രേഡുകളുടെ സ്ഥിതിയെന്താണ്? കച്ചവടസ്ഥാപനങ്ങൾ പൂട്ടിക്കൊണ്ടിരിക്കുകയും നിലനിൽക്കുന്ന കച്ചവടങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രയാസപ്പെടുകയുമാണ്. മണിപ്ലോ ഇന്ന് വളരെ കുറവാണ്, കച്ചവടം നടക്കുന്നില്ല. നമ്മുടെ ടെക്സ്റ്റൈൽ-സ്പിന്നിങ് മേഖലകളടക്കം ഏത് വ്യവസായ മേഖല പരിശോധിച്ചാലും അവയെല്ലാം ഇന്ന് പ്രതിസന്ധിയിലാണ്. എന്നിട്ടും ഇവിടെ വ്യവസായത്തിന് കുഴപ്പമില്ലെന്നാണ് അങ്ങ് പറയുന്നത്. അതുകൊണ്ട് യാഥാർഥ്യബോധത്തോടെ കാര്യങ്ങൾ കാണുകയും പ്രതിസന്ധിയെ അതിജീവിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യണം.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. വിഴിഞ്ഞം തുറമുഖം ആരുടെ കുഞ്ഞാണെന്നുള്ളതാണ് സംശയം. അത് എൽ.ഡി.എഫ്.-ന്റെ കുഞ്ഞ് തന്നെയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് വിഴിഞ്ഞം പദ്ധതിക്കായി ആദ്യം ടെൻഡർ ചെയ്യുന്നത്. ടെൻഡറിൽ പങ്കെടുത്തത് ചൈനീസ് കമ്പനിയാണെന്ന് പറഞ്ഞ് അന്ന് അത് മുടക്കിയത് ശ്രീ. എ. കെ. ആന്റണി ഉൾപ്പെടുന്ന ഒന്നാം യു.പി.എ. സർക്കാരാണെന്നുള്ളത് നിങ്ങൾ മറക്കരുത്. പദ്ധതിക്കായി നിങ്ങൾ തറക്കല്ലിട്ടുവെന്നുള്ളത് ശരിയാണ്, തറക്കല്ലിട്ടാൽ തുറമുഖം യാഥാർഥ്യമാകില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് തുറമുഖം യാഥാർഥ്യമായത്. വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാക്കാൻ സാധിച്ചുവെന്നതാണ് സർക്കാരിന്റെ ഏറ്റവും വലിയ വികസന നേട്ടമായി

കാണേണ്ടത്. രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തിയാക്കുന്നതോടെ കേരളത്തിന്റെ വികസന കവാടമായി വിഴിഞ്ഞം മാറും. ഇവിടെ പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ് നിങ്ങളെ അലോസരപ്പെടുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരു വികസനവും ഉണ്ടാകാൻ പാടില്ലെന്നും എല്ലാം മുടക്കുകയെന്നതുമാണ് നിങ്ങളുടെ സമീപനം. സംസ്ഥാനത്തിന്റെ ഭാവിയെ മാറ്റിമറിക്കാൻ കഴിയുന്ന തരത്തിലുള്ള വിപ്ലവകരമായ പദ്ധതിയായി വിഴിഞ്ഞം മാറിക്കൊണ്ടിരിക്കുകയാണ്. ശ്രീ. എ. പി. അനിൽ കുമാർ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ വ്യവസായരംഗത്ത് വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. ഇക്കാര്യം ഞങ്ങൾ എൽ.ഡി.എഫ്.-ന്റെ ആളുകൾ മാത്രമാണോ പറയുന്നത്? ലോകം ഇൻഡസ്ട്രിയൽ റെവല്യൂഷന്റെ ഓരോ ഘട്ടത്തിലേക്ക് കടക്കുമ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ്, ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയവ അതിന് നേതൃത്വം നൽകുന്ന നവീന വ്യവസായങ്ങളാണ്. കേരളത്തിന് ഈ മേഖലയിൽ ഇന്ത്യയ്ക്കുതന്നെ നേതൃത്വം നൽകാൻ കഴിയും. ഇന്ത്യയ്ക്ക് മാത്രമല്ല, ഈ ലോകത്തിന്റെ തന്നെ ബ്രാൻഡ് അംബാസിഡറായി മാറാൻ കേരളത്തിന് സാധിക്കുമെന്ന് പറഞ്ഞത് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമനാണ്. മൂന്നരലക്ഷം എം.എസ്.എം.ഇ.-കൾ കേരളത്തിൽ ആരംഭിക്കാനായത് കേരളത്തിന്റെ മികച്ച നേട്ടമെന്ന് പറഞ്ഞത് മറ്റാരുമല്ല, ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയാണ്. കേരളത്തിന്റെ Talent Pool പ്രശംസനീയമാണെന്നും ഇന്ന് രാജ്യത്ത് ഏറ്റവും എളുപ്പത്തിൽ വ്യവസായം നടത്താൻ സാധിക്കുന്ന നാടാണ് കേരളമെന്നും പറഞ്ഞത് നീതി ആയോഗിന്റെ മുൻ സി.ഇ.ഒ. ആയിരുന്ന ശ്രീ. അമിതാഭ് കാന്ത് ആണ്. അതുപോലെ വ്യവസായികളുടെ

അഭിപ്രായമെന്താണ്? കേരളം വ്യവസായങ്ങൾക്ക് അനുയോജ്യമായ സംസ്ഥാനമാണെന്ന് അഭിപ്രായപ്പെട്ടത് ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ഭാരത് ബയോ ടെക്കിന്റെ സി.എം.ഡി. ആണ്. കേരളം വ്യവസായ സൗഹൃദ സംസ്ഥാനമാണെന്നും സ്റ്റാർട്ടപ്പ് മേഖലയിൽ ലോക ശരാശരിയുടെ രണ്ടര ഇരട്ടി വാർഷിക വളർച്ചാനിരക്കാണ് കേരളത്തിനെന്നും പറഞ്ഞത് മറ്റാരുമല്ല, നിങ്ങളുടെ കോൺഗ്രസ് നേതാവായ ശ്രീ. ശശി തരൂരാണ്. അതാണ് ഇവിടെ വലിയ വിവാദമായി മാറിയത്. അദ്ദേഹത്തെ ഏതെല്ലാം തരത്തിൽ പീഡിപ്പിച്ചുവെന്നത് നാം കണ്ടതാണ്. കേരളത്തിൽ വലിയ വികസന മുന്നേറ്റമുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് ഇടതുപക്ഷത്തിന്റെ അഭിപ്രായമല്ല, മറിച്ച് കേരളത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും അഭിപ്രായമാണ്. അടുത്തിടെ നിരവധി രാജ്യങ്ങളുടെയും സംസ്ഥാനങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്ത, നയതന്ത്ര പ്രതിനിധികൾ പങ്കെടുത്ത ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി സമാപിച്ചപ്പോൾ വ്യവസായരംഗത്ത് നമുക്കുണ്ടായ നേട്ടങ്ങൾ ചെറുതാണോ? വലിയ നിക്ഷേപമല്ലേ കേരളത്തിൽ വരാൻ പോകുന്നത്? ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ ഭാഗമായി 1.75 ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ വരാൻ പോകുന്നത്. അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ തൊഴിലവസരങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ടാകാൻ പോകുകയാണ്. എത്രയേറെ സ്ഥാപനങ്ങളാണ് കേരളത്തിലേക്ക് വരാൻ പോകുന്നത്? നമ്മുടെ പൊതുമേഖലാ വ്യവസായങ്ങളെ നമുക്ക് സംരക്ഷിക്കാൻ കഴിയണം. അത്തരമൊരു സമീപനമുള്ള സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. പരമ്പരാഗത വ്യവസായ മേഖലയെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. പതിനായിരക്കണക്കിന് തൊഴിലാളികൾ

പണിയെടുക്കുന്ന കശുവണ്ടി മേഖലക്കുവേണ്ടി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകണം. കയർ, കൈത്തറി എന്നിവയടക്കമുള്ള പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കണം. തോട്ടം മേഖലയിലെ ലയങ്ങളുടെ നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതി സമയബന്ധിതമായി നടപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. കാർഷിക രാജ്യമായ ഇന്ത്യയിലെ 141 കോടി ജനങ്ങളിൽ 58 ശതമാനത്തിലധികം, അതായത് ഏകദേശം 86 കോടിയിലധികം ആളുകളും കാർഷികമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നടപടികൾ നമുക്ക് അംഗീകരിക്കാൻ കഴിയുന്നതല്ല. കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബജറ്റിൽ വലിയ വെട്ടിക്കുറവാണ് വരുത്തിയത്. കാർഷികമേഖലയിൽ 2.9 ശതമാനമാണ് വെട്ടിക്കുറച്ചിരിക്കുന്നത്. വളം സബ്സിഡി കഴിഞ്ഞ വർഷത്തെക്കാൾ 3,400 കോടി രൂപയാണ് വെട്ടിക്കുറച്ചത്. വിള ഇൻഷ്വറൻസ് വിഹിതവും വെട്ടിക്കുറച്ചു. ഒരു കർഷകന്റെ ഒരു ദിവസത്തെ വരുമാനം 27 രൂപ മാത്രമാണെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമിച്ച സമിതിയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നത്. കഴിഞ്ഞ 30 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ 4 ലക്ഷം കർഷകരാണ് രാജ്യത്ത് ആത്മഹത്യ ചെയ്തത്. ഈ സാഹചര്യത്തിലാണ് റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ് (ആർ.സി.ഇ.പി.) കരാറിന്റെ അടിസ്ഥാനത്തിൽ രാജ്യത്തേക്ക് വലിയ ഇറക്കുമതി വരാൻ പോകുന്നത്. ആസിയാൻ കരാർ നടപ്പാക്കിയത് കോൺഗ്രസ് സർക്കാരാണ്. ആസിയാൻ രാജ്യങ്ങൾ കൂടാതെ അഞ്ച് രാജ്യങ്ങൾകൂടി ചേർന്നുകൊണ്ടാണ് ആർ.സി.ഇ.പി. കരാർ വരാൻ പോകുന്നത്. അത്

കേരളത്തിലെയും രാജ്യത്തെയും കാർഷികമേഖലയെ ഗുരുതരമായി ബാധിക്കും. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി നടത്തിയ കൂടിക്കാഴ്ചയിൽ അമേരിക്കയിൽനിന്ന് വൻതോതിൽ കാർഷികോൽപ്പന്നങ്ങളും ക്ഷീരമേഖലയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്തു. അത് നമ്മുടെ രാജ്യത്തെ കാർഷിക മേഖലയെയും ക്ഷീരമേഖലയെയും ഗുരുതരമായി ബാധിക്കാൻ പോകുന്ന ഒന്നായി മാറുമെന്നതിൽ സംശയമില്ല. ഇവിടെയാണ് എൽ.ഡി.എഫ്. സർക്കാർ വ്യത്യസ്തമാകുന്നത്. സംസ്ഥാന സർക്കാർ ബജറ്റിൽ വിഹിതം വർധിപ്പിക്കുകയും നെൽകൃഷി വികസനത്തിന് പ്രത്യേക പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. കാർഷിക മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 727.40 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിള പരിപാലനത്തിന് 535.90 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് കാർഷിക മേഖലയിൽ മുന്നേറ്റം നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്. കേരഗ്രാമത്തിലൂടെ വലിയ മുന്നേറ്റം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തെ ഉയർന്ന മൂല്യമുള്ള ഹോർട്ടിക്കൾച്ചർ ഹബ്ബാക്കി മാറ്റാൻ 30 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മൂല്യവർധിത ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് മാത്രമേ കേരളത്തിലെ കർഷകരുടെ വരുമാനം വർധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയാണ് സിയാൽ മോഡലിൽ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ)-ക്ക് കൃഷി വകുപ്പ് രൂപം നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് ആദ്യമായി കാലാവസ്ഥാ വ്യതിയാനത്തെ ചെറുത്തുകൊണ്ടും ദ്വിതീയ കാർഷികമേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുമുള്ള സമഗ്ര കാർഷിക വികസനത്തിനായി 'കേര' പദ്ധതി

നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി 2,365.5 കോടി രൂപയുടെ അംഗീകാരം ലോക ബാങ്കിൽനിന്ന് നേടാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. വനമേഖലയുമായി ബന്ധപ്പെട്ട ബഫർ സോൺ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾക്ക് സുപ്രീം കോടതിയുടെ അംഗീകാരം ലഭിക്കുകയുണ്ടായി. കേരളത്തിന്റെ വനവിസ്തൃതി ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർധിക്കുന്നത് ആശങ്കയോടെ കാണേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കേരള സർക്കാർ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും കേന്ദ്ര സർക്കാരിന് ഇതിൽ വലിയൊരു ഉത്തരവാദിത്വം നിർവഹിക്കാനുണ്ട്. 1980-ലെ വനസംരക്ഷണ നിയമം, 1972-ലെ വന്യജീവി സംരക്ഷണ നിയമം, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം എന്നിവയിലെല്ലാം മാറ്റം വരുത്തിയാൽ മാത്രമേ ഒരുപരിധിവരെ ഇതിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ നമ്മൾ ആവശ്യപ്പെട്ടെങ്കിലും കേന്ദ്രം അതിന് അനുവാദം നൽകിയില്ല. കേരള സർക്കാരാണ് വെടിവച്ചുകൊല്ലാനുള്ള ഉത്തരവ് നൽകിയത്. കുരങ്ങുകളുടെ ശല്യം നിയമാനുസൃതമായി നിയന്ത്രിക്കുന്നതിന് അവയെ വനനിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽനിന്ന് രണ്ടാം ഷെഡ്യൂളിലേക്ക് മാറ്റണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടും കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തത് ദൗർഭാഗ്യകരമാണ്. വന്യജീവികളുടെ ശല്യം കാരണം കൃഷി ചെയ്യാൻ കഴിയാത്ത, കർഷകർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അത് നമ്മുടെ ഭക്ഷ്യസുരക്ഷയെപ്പോലും ബാധിക്കുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരെടുക്കുന്ന സമീപനം തിരുത്തണം. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയുമടക്കമുള്ളവർ വളരെ പ്രധാനപ്പെട്ട

തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ട്. കിഫ്ബി വഴി 110 കോടി രൂപ വനമേഖലയ്ക്ക് നീക്കിവച്ചത് സർക്കാർ ഈ മേഖലയെ എത്രമാത്രം പ്രാധാന്യത്തോടെ കാണുന്നുവെന്നതിന്റെ തെളിവാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. എസ്. സുപാൽ: കാർഷിക മേഖലയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക വർധിപ്പിക്കണം. 2008-ലാണ് അത് പുതുക്കി നിശ്ചയിച്ചത്. മതിയായ നഷ്ടപരിഹാരം കൊടുക്കാനാവശ്യമായ ഭേദഗതികൾ അതിൽ വരുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വികസനോന്മുഖ നിലപാടുകൾ സ്വീകരിക്കുന്ന ഒരു സർക്കാരാണിത്. വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇടതുപക്ഷ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിന് കൂടുതൽ ശക്തി പകരുന്ന ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ബജറ്റിനെ സർവാത്മനാ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് രണ്ടായിരത്തോളം ഗുണ്ടകളാണ് പോലീസിന് പിടികിട്ടാതെ സൈ്വരവിഹാരം നടത്തുന്നത്. ആളുകൾക്ക് പുറത്തിറങ്ങാൻ കഴിയുന്നില്ല. മോഷണം, പിടിച്ചുപറി, കൊലപാതകം, എം.ഡി.എം.എ., കഞ്ചാവ് എന്നിവയുള്ളിടത്ത് എങ്ങനെയാണ് പുറത്തിറങ്ങാനും ജീവിക്കാനും സാധിക്കുന്നത്? നാട്ടിൻപുറത്ത് ജീവിക്കാമെന്ന് കരുതിയാൽ അതിനും കഴിയില്ല. കാരണം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 919 പേരാണ് വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടത്, ഒൻപതിനായിരത്തോളം

പേർക്കാണ് പരിക്കേറ്റത്. മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിന് വനം വകുപ്പ് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നാണ് പറയുന്നത്. പക്ഷേ, ഒന്നും ഫലപ്രദമല്ല. റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനത്തിന് പലപ്പോഴും വാഹനങ്ങൾപോലും ലഭിക്കുന്നില്ലെന്നാണ് പരാതി. വാഹനങ്ങൾ ധാരാളമായി വാങ്ങുന്നുണ്ട്. പക്ഷെ വാങ്ങുന്നതെല്ലാം ആഡംബര വാഹനങ്ങളാണ്. കഴിഞ്ഞ 9 വർഷം 200-ലധികം ആഡംബര വാഹനങ്ങളാണ് വാങ്ങിയത്. വനാതിർത്തിയിൽ പ്രതിരോധ സംവിധാനങ്ങളൊരുക്കുന്നതിനുപകരം സുഖയാത്രയ്ക്കായി സൗകര്യമൊരുക്കുകയാണ് ഈ വകുപ്പ് ചെയ്യുന്നത്. വന്യജീവികൾ കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം ആവശ്യപ്പെട്ടാൽ അർഹമായ തുകയുടെ 10 ശതമാനംപോലും ലഭിക്കുന്നില്ല. 2015-ൽ നിശ്ചയിച്ച നഷ്ടപരിഹാര തുകയാണ് ഇപ്പോഴും നൽകിവരുന്നത്. 2 ലക്ഷം രൂപയുടെ നഷ്ടമുണ്ടായാൽ കിട്ടുന്നത് 2000 രൂപയാണ്. അതും സമയത്ത് കൊടുക്കാറില്ല. നഷ്ടപരിഹാരമായി നൽകുന്ന തുക കാലോചിതമായി പരിഷ്കരിക്കാത്തതിനാൽ കർഷകർ വനാതിർത്തിയിലെ കൃഷി ഉപേക്ഷിക്കുകയാണ്. നാട്ടിൻപുറത്ത് പന്നി, മയിൽ, കുരങ്ങ് തുടങ്ങി കൃഷിയെ നശിപ്പിക്കുന്ന മൃഗങ്ങൾ പെരുകിയിരിക്കുകയാണ്. പൊതുജനങ്ങളുടെ ജീവനും കൃഷിക്കും സ്വൈരജീവിതത്തിനും ഭീഷണിയാകുന്ന പന്നികളെ പഞ്ചായത്തിന്റെ അനുവാദത്തോടെ കൊല്ലാൻ അനുമതിയുണ്ടെങ്കിലും ഗൺ ലൈസൻസുള്ളവർക്ക് അത് പൂതുക്കി നൽകുന്നില്ല. മലപ്പുറം ജില്ലയിൽ ഗൺ ലൈസൻസ് പുതുക്കി നൽകുന്നതിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് വിവേചനവുമുണ്ട്. തോക്ക് ലൈസൻസുള്ളവർ കുറ്റവാളികളെന്നപോലെയാണ് പലപ്പോഴും മലപ്പുറത്തെ പോലീസ് പെരുമാറുന്നത്. സംസ്ഥാന വനഭൂമിയുടെ 22 ശതമാനമാണ് വനേതര

ആവശ്യങ്ങൾക്കായി മാറ്റിയത്. സംസ്ഥാനത്ത് അയ്യായിരത്തിലധികം ഹെക്ടർ വനഭൂമിയാണ് കൈയേറിയിട്ടുള്ളത്. 1977 ജനുവരി 1-നുശേഷം കൈയേറിയ 12000 ഹെക്ടർ ഭൂമിയിൽ 4600 ഹെക്ടർ മാത്രമാണ് നാളിതുവരെ ഒഴിപ്പിക്കാൻ കഴിഞ്ഞത്. വന്യമൃഗങ്ങളെ തടയാൻ കഴിയുന്നില്ല, വനം കൈയേറുന്നവരെ തടയാൻ കഴിയുന്നില്ല. പിന്നെ എന്തിനാണ് ഇങ്ങനെയൊരു വകുപ്പ്? കൃഷി വകുപ്പുമന്ത്രി വർഷത്തിൽ ഒരു മാസം നോമ്പുനോൽക്കുന്ന ആളാണ്. വിശപ്പിന്റെ വില അദ്ദേഹത്തിന് നന്നായിട്ടറിയാം. എന്നിട്ടും കർഷകരെ വർഷം മുഴുവൻ പട്ടിണിക്കിടുന്ന പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റെ വകുപ്പിൽനിന്നുണ്ടാകുന്നത്. നെൽകർഷകരുടെ അവസ്ഥ വളരെ ദയനീയമാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ സംസ്ഥാനത്ത് 39500 ഹെക്ടർ കൃഷിഭൂമിയാണ് കുറഞ്ഞത്. തോട്ടവിള, നെല്ല്, പച്ചക്കറി, ഫലവർഗങ്ങൾ എന്നിവയുടെയെല്ലാം കൃഷി കുറഞ്ഞിട്ടുണ്ട്. നെൽകൃഷിയിൽ മാത്രം 10.5 ശതമാനമാണ് കുറവുവന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നെല്ലുൽപാദനം കൂടുമ്പോഴാണ് ഇവിടെ കുറയുന്നത് എന്നതാണ് ഖേദകരമായ കാര്യം. യഥാസമയം നെല്ല് സംഭരിക്കാറില്ല, സംഭരിച്ച നെല്ലിന് യഥാസമയം തുക നൽകാറുമില്ല. അങ്ങനെ കർഷകർ നെൽകൃഷി ഉപേക്ഷിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധി പറഞ്ഞ് കൃഷി വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ 44.5% അതായത്, 230 കോടി രൂപയാണ് വെട്ടിക്കുറച്ചത്. മുൻഗണനാക്രമം നിശ്ചയിച്ചതിനുശേഷം നടപ്പാക്കാൻ തീരുമാനിച്ച 35 പദ്ധതികളിൽ 29 എണ്ണത്തിലും 50 ശതമാനംവരെ വെട്ടിക്കുറച്ചു. പിന്നെ എങ്ങനെയാണ് കൃഷി ഇവിടെ വികസിക്കുന്നത്; കർഷകർ എങ്ങനെയാണ് നിലനിൽക്കുന്നത്? നാളികേര ഉൽപാദനത്തിൽ കേരളം രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. കശുവണ്ടിക്ക് നൽകുന്ന താങ്ങുവില കഴിഞ്ഞ

തവണത്തേക്കാൾ നാല് ശ്രപ കുറച്ചു. ചെറുപ്പക്കാർ ആരുംതന്നെ കൃഷിയിലേക്ക് വരുന്നില്ല. കർഷകർക്ക് പിടിച്ചുനിൽക്കാനാകാത്ത അവസ്ഥയാണ്. വിത്തിനങ്ങളെപ്പറ്റി വ്യാപക പരാതിയാണുള്ളത്. പാകിയാൽ മുളയ്ക്കാത്ത വിത്തിനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്. കാർഷിക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത ക്ലെയിമുകളിൽ 188 കോടി ശ്രപയുടെ ക്ലെയിമുകളാണ് ഇനിയും വിതരണം നടത്താനുള്ളത്. ഇത് എന്ന് കൊടുത്ത് തീർക്കാനാണ് ഉദ്ദേശിക്കുന്നത്? ചില കൃഷിക്കാരും അരി മില്ലുകളും തമ്മിൽ ഒത്തുകളിക്കുന്നുവെന്നും തമിഴ്നാട്ടിൽനിന്ന് നെല്ല് സപ്ലൈ ചെയ്ത് വന്നിച്ച സംഖ്യ സബ്സിഡി ഇനത്തിൽ തട്ടിയെടുക്കുന്നുവെന്നും പറയപ്പെടുന്നു. എന്താണ് ഇതിന്റെ വസ്തുത? വിഴിഞ്ഞം തുറമുഖത്തെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. ആയിരക്കണക്കിന് കണ്ടെയ്നറുകൾ 5000 ലിറ്റർ ശേഷിയുള്ള ഒരു ഫയർ എഞ്ചിന്റെ സുരക്ഷയിലാണുള്ളത്. അവിടെ കൂടുതൽ ഫയർ എഞ്ചിനുകൾ സ്ഥാപിക്കണം. മലപ്പുറം ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥരിൽനിന്ന് രാഷ്ട്രീയപരമായ വിവേചനം പലപ്പോഴും നേരിടേണ്ടി വരുന്നുണ്ട്. എന്നാൽ മന്ത്രി രാഷ്ട്രീയം നോക്കാതെ ഇടപെടുന്ന ആളാണ്. പലപ്പോഴും ഉദ്യോഗസ്ഥരെ സമീപിക്കുമ്പോൾ ഓരോ ഫയലിലും വർഷങ്ങളുടെ കാലതാമസമുണ്ടാകുന്നുണ്ട്. കേരളത്തിലെ സഹകരണ മേഖലയിലെ ഏറ്റവും വലിയ ആർട്സ് ആൻഡ് സയൻസ് കോളേജിലെ പല പ്രവൃത്തികൾക്കും അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഇരുപതോളം ഫയലുകൾ 2019 മുതൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയെ സമീപിച്ചപ്പോൾ ഉടൻ നടപടിയെടുക്കണമെന്ന് അദ്ദേഹം ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും

നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതാണ്. വ്യവസായത്തെക്കുറിച്ച് ഇവിടെ എല്ലാ അംഗങ്ങളും പറഞ്ഞു, അതിനെക്കുറിച്ച് പറയാതിരിക്കുന്നതാണ് ഭേദം. വെറുതെ വർത്തമാനം മാത്രമേയുള്ളൂ സംഗതി വളരെ മോശമാണ്. നാട്ടിലിറങ്ങി നടക്കാൻ പറ്റുന്നില്ല, ആളുകൾ പട്ടിണിയിലാണ്. മിക്കവാറും എല്ലാ സ്ഥാപനങ്ങളും പൂട്ടിക്കൊണ്ടിരിക്കുകയാണ് എന്നതാണ് സത്യം. വ്യവസായ വകുപ്പിന്റെ ഈ വർഷത്തെ മൊത്തം പദ്ധതിച്ചെലവ് 52% മാത്രമാണ്. പദ്ധതി വിഹിതം 50% വെട്ടിക്കുറച്ചിട്ടുപോലും ഇതാണ് അവസ്ഥ. പദ്ധതികൾ പകുതിയും വെട്ടിക്കുറച്ച് വികസനം നിശ്ചയിച്ചതിലും പകുതി മതിയെന്ന് തീരുമാനിച്ചൊരു സർക്കാരാണിത്. എന്നിട്ട് മറ്റൊരു കാലത്തുമില്ലാത്തത്ര വികസനം നടന്നുവെന്ന പൊള്ളയായ അവകാശവാദമാണ് ഉന്നയിക്കുന്നത്. അതുകൊണ്ട് ഇന്നിവിടെ അവതരിപ്പിച്ച ഈ ധനാഭ്യർഥനകളെ ശക്തിയുക്തം എതിർക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഈ ധനാഭ്യർഥനകളെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുകയാണ്. ക്ഷാമകാലത്ത്, ദുരിതകാലത്ത് ഒരു ക്ഷേമ ബജറ്റും ജനപ്രിയ ഭരണം നടത്തുന്നൊരു ഗവൺമെന്റും എന്ന നിലയിൽ ഈ ഗവൺമെന്റിന്റെ കാലം തങ്കലിപികളാൽ ചരിത്രത്തിൽ രേഖപ്പെടുത്തുന്ന ഒന്നായി മാറുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നീതി ആയോഗിന്റെ രേഖകൾ പ്രകാരം രാജ്യത്ത് മികച്ച ഭരണം നടക്കുന്ന സംസ്ഥാനമായി കേരളത്തെ തിരഞ്ഞെടുത്തിരിക്കുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ ഏറ്റവും മികച്ച സ്ഥാനത്തെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ, പൊതുവിദ്യാഭ്യാസ മേഖലയിലും പൊതുജനാരോഗ്യ മേഖലയിലുമുൾപ്പെടെ

സമാനതകളില്ലാത്ത മുന്നേറ്റം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെ എപ്പോഴാണ്? ഫിസ്കൽ ഫെഡറലിസത്തിന്റെ തത്വങ്ങളെയാകെ ബലികഴിച്ച് എല്ലാ അർഥത്തിലും ഈ ഗവൺമെന്റിനെയും ഭരണസംവിധാനത്തെയും കഴുത്ത് ഞെരിക്കാൻ ശ്രമിക്കുന്ന കാലത്ത് എല്ലാത്തിനെയും എതിർക്കും, തടയും, അനുവദിക്കില്ലെന്ന് എപ്പോഴും ഉരുവിടുന്ന ഒരു പ്രതിപക്ഷം നിലവിലുള്ളപ്പോഴാണ് ഈ നേട്ടങ്ങൾ കൈവരിക്കുന്നതെന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം. ഇന്ന് പ്രധാനമായും 5 വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർഥനകളാണുള്ളത്. ഇവയെക്കുറിച്ചെല്ലാം പരാമർശിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും സമയപരിമിതിമൂലം അതിലേക്കൊന്നും പോകുന്നില്ല. വനമേഖലയിലുള്ള കൃഷിഭൂമികൾ വെട്ടിത്തെളിച്ച് എല്ലാവരുടെയും സഹകരണത്തോടെ കൃഷിയും കാർഷികാധിഷ്ഠിത വ്യവസായവുമൊക്കെ നടത്തി ആ ഉൽപ്പന്നങ്ങളൊക്കെ ഇറമുഖത്ത് എത്തിക്കണം. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലൂടെ കേരളത്തിന്റെ ആധുനികതയിലേക്കും വളർച്ചയിലേക്കുമുള്ള പാതയാണ് വെട്ടിത്തെളിക്കാൻ കഴിഞ്ഞത്. 374 ഓളം കമ്പനികളും 26 രാജ്യങ്ങളുടെ പ്രതിനിധികളുമൊക്കെ പങ്കെടുത്ത ആ മീറ്റിലൂടെ ഒന്നര ലക്ഷം കോടി രൂപയുടെ നിക്ഷേപത്തിനുള്ള ധാരണാപത്രത്തിലെത്തിയത് വ്യവസായ മേഖലയുടെ മുന്നോട്ടുള്ള കുതിപ്പിന് ഊർജം നൽകുന്നതാണ്. പ്രവാസികളെയും വിദ്യാഭ്യാസത്തിനും മറ്റുമായി പോയിട്ടുള്ളവരെയും 'മടങ്ങി വാ മക്കളെ' എന്ന് ഈ നാട് മാടിവിളിക്കുന്ന സാഹചര്യം ഇവിടെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ വരുന്ന എരുമേലി എയർപോർട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനുള്ള ശ്രമമുണ്ടാകണം. നിയമ വകുപ്പുമന്ത്രിയെന്ന നിലയിൽ അഭിഭാഷക

ക്ഷേമനിധി വരർധിപ്പിക്കുന്നതിനുള്ള ഭേദഗതികൂടി പാസ്സാക്കണമെന്ന് അഭ്യർഥിക്കുകയാണ്. സഹകരണ മേഖലയെ ഞെരുക്കാനും തകർക്കാനുമുള്ള ശ്രമം നടത്തുമ്പോൾ അതിനെയെല്ലാം അതിജീവിച്ച് സമാനതകളില്ലാതെ സഹകരണ മേഖല മുന്നേറുകയാണ്. വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായതോടെ ചരിത്രപരമായ നേട്ടത്തിന് സാക്ഷ്യം വഹിക്കാൻ സാധിച്ചുവെന്നത് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. കൃഷിയുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയപരിമിതിമൂലം കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല. എങ്കിലും, ഫലവൃക്ഷ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ നിയോജകമണ്ഡലത്തിൽ പൂഞ്ഞാർ ക്ലസ്റ്റർ അനുവദിച്ച ബഹുമാന്യനായ മന്ത്രിയോടുള്ള നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ഒറ്റ പദ്ധതിയിലൂടെ കേരളത്തെ മുഴുവൻ കാർഷിക സമൃദ്ധിയിലേക്ക് നയിക്കാനാവശ്യമായ അടിത്തറയൊരുക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് വർധനയുൾപ്പെടെയുള്ള റബ്ബർ കർഷകരുടെ നിരന്തരമായ ആവശ്യങ്ങൾ അംഗീകരിക്കപ്പെടാനുള്ള ഇടപെടലുണ്ടാകണം. കാർഷിക പ്രതിസന്ധിയുടെ ഘട്ടത്തിൽ ഭൂനികുതി വർധന പിൻവലിക്കേണ്ടതുണ്ട്. വനം വകുപ്പിനെ പലരും കല്ലെറിയുമ്പോഴും എനിക്ക് കുറെയേറെ നല്ല കാര്യങ്ങൾ പറയാനുണ്ട്. മുണ്ടക്കയം, കോരുത്തോട്, എരുമേലി പഞ്ചായത്തുകളിലായി വരുന്ന 30 കിലോമീറ്റർ വനാതിർത്തി പൂർണ്ണമായി കിടങ്ങും ഫെൻസിങും സോളാർ ഫെൻസിങുമടക്കം ചെയ്യാനുള്ള സാഹചര്യമൊരുക്കിയ മന്ത്രിയെ ഞാൻ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. അതുപോലെ, ഒരു ആർ.ആർ.ടി. അനുവദിക്കുകയും ഇ.ഡി.സി. ഹാൾ യാഥാർഥ്യമാക്കുകയും പമ്പാവാലിയെയും എയ്ഞ്ചൽവാലിയെയും പെരിയാർ ടൈഗർ റിസർവിൽനിന്ന് ഒഴിവാക്കുകയും ചെയ്തതടക്കം

ശ്രദ്ധേയമായ,—ജനക്ഷേമകരമായ, വനമേഖലയിലെ ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യാത്തിടത്തോളം കാലം മനുഷ്യ-വന്യജീവി സംഘർഷത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ല. ആരാണ് ആ നിയമം പാസ്സാക്കിയത്? കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള സർക്കാരാണ് ആ നിയമം പാസ്സാക്കിയത്. എന്നിട്ടും ആ നിയമത്തിൽ ജനോന്മുഖമായ ഭേദഗതി വരുത്താൻ നാളിതുവരെ കോൺഗ്രസിന്റെ പാർലമെന്റ് അംഗങ്ങളോ കോൺഗ്രസ് പാർട്ടിയോ ശ്രമിക്കുന്നില്ലെന്നുള്ളത് മലയോര മേഖലയിൽ നിന്നുള്ള ജനപ്രതിനിധിയെന്ന നിലയിൽ ഖേദത്തോടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലയോര മേഖലയിൽ 10 കിലോമീറ്റർ ബഫർ സോണാക്കണമെന്നതും അത് 12 കിലോമീറ്ററാക്കണമെന്ന് ഹരിത എം.എൽ.എ.-മാർ ആവശ്യപ്പെട്ടതുമൊക്ക അവിടെ ഇന്നും ദുരിതത്തിനിടയാക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, കൺക്ലൂഡ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ബഹുമാനപ്പെട്ട വാഴൂർ സോമന്റെ നിയോജകമണ്ഡലത്തിൽ ഒരു കടുവ ഇറങ്ങി. എന്റെ നിയോജകമണ്ഡലത്തിന്റെ അതിർത്തിയിലാണിത്. ആളുകൾ ഭീതിയിലായിരിക്കുകയാണ്. ഗാന്ധിജി പഠിപ്പിച്ചൊരു സമരമാർഗമുണ്ട്, നിയമ ലംഘന സമരം. അതിലേക്ക് മലയോര ജനതയെ തള്ളിവിടരുതെന്ന് അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ **ഈ** അഞ്ച് ധനാഭ്യർഥനകളെയും പിന്തുണയ്ക്കുകയാണ്. ഇന്നിപ്പോൾ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് സമയം

ക്രമീകരിച്ചിരിക്കുന്നതിനാൽ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഞാൻ കോതമംഗലത്തുനിന്നാണ് വരുന്നത്. ഞാൻ എം.എൽ.എ. ആയി പ്രവർത്തനം ആരംഭിച്ചിട്ട് ഒൻപത് വർഷമായി. കഴിഞ്ഞ സഭയുടെ കാലത്തും ഈ 4 വർഷക്കാലവും ഏറ്റവും കൂടുതൽ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത് വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തന്നെയാണ്. അത് കേവലം കോതമംഗലത്തെ മാത്രം വിഷയമല്ല. രാജ്യത്ത് ഒരു ദിവസം 30 പേരാണ് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നതെന്ന് കഴിഞ്ഞ ദിവസം രാജ്യസഭയിൽ ഡോ. വി. ശിവദാസൻ എം.പി.-ക്ക് നൽകിയ മറുപടിയിൽ കൃത്യമായി സൂചിപ്പിക്കുന്നുണ്ട്. രാജ്യത്തിന്റെ പൊതുസ്ഥിതി അതാണ്. കേരളത്തെ സംബന്ധിച്ച് ഇത് ഏതെങ്കിലുമൊരു നിയോജകമണ്ഡലത്തിലെ പ്രശ്നമല്ല, മലയോര മേഖലയിൽ കഴിയുന്ന 30 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവിത പ്രശ്നമാണ്. ഏതാണ്ട് 75 നിയമസഭാ മണ്ഡലങ്ങളിലെ 273-ഓളം പഞ്ചായത്തുകളിൽ ഈ വിഷയം രൂക്ഷമായി നിലനിൽക്കുകയാണ്.

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ- ശ്രീ. മുഹമ്മദ് മുഹസിൻ)

എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിൽ ഏറിയും കുറഞ്ഞും വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കുട്ടമ്പുഴ, പിണ്ടിമന, കീരംപാറ, കോട്ടപ്പടി, കവളങ്ങാട് ഉൾപ്പെടെയുള്ള അഞ്ച് പഞ്ചായത്തുകളിൽ ഇത് രൂക്ഷമായി തുടരുകയാണ്. അവിടെ നിരവധി ജീവനുകളാണ് നഷ്ടപ്പെട്ടത്. അതിൽ വാരിയം ആദിവാസി നഗറിലെ കാശിരാമൻ മുതൽ ഏറ്റവുമൊടുവിൽ ഈ മാസം മൂന്നാം തീയതി

കോട്ടപ്പടിയിലുണ്ടായ സംഭവത്തിൽ ജീവൻ നഷ്ടപ്പെട്ട കർഷകനായ പുന്നപ്പൻ വരെ 14 പേരുടെ ജീവനാണ് എന്റെ നിയോജകമണ്ഡലത്തിലും ദേവികുളം, തൊടുപുഴ, മൂവാറ്റുപുഴ, പെരുമ്പാവൂർ നിയോജകമണ്ഡലങ്ങളിലുമായി നഷ്ടപ്പെട്ടത്. അതോടൊപ്പം, നിരവധിപേർ വന്യമൃഗ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ഇന്നും ആ മേഖലയിൽ കഴിയുകയാണ്. ഇവിടെ മുതിർന്ന അംഗങ്ങളായ ശ്രീ. എ. പി. അനിൽ കുമാറും ശ്രീ. മഞ്ഞളാംകുഴി അലിയും ഏകപക്ഷീയമായ ചില പ്രസ്താവനകളാണ് നടത്തിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒമ്പത് വർഷംകൊണ്ട് ആ മേഖലയിൽ ഹാങ്ങിങ് ഫെൻസിങ്, സോളാർ ഫെൻസിങ്, കിടങ്ങുകൾ എന്നിവ ഉൾപ്പെടെ ഏതാണ്ട് 7 കോടിയിലധികം രൂപയുടെ പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. നാല് വർഷംകൊണ്ട് ഏഴ് കോടിയിലധികം രൂപയുടെ പ്രതിരോധ പ്രവർത്തനങ്ങൾ എന്റെ നിയോജകമണ്ഡലത്തിൽമാത്രം നടപ്പാക്കിവരികയാണ്. എന്നാൽ ഇത് അത്തരത്തിലുള്ള പ്രതിരോധ മാർഗങ്ങൾ ഏർപ്പെടുത്തിയതുകൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന വിഷയമല്ല. ഈ പ്രശ്നം സൂക്ഷ്മമാകുമ്പോൾ ഇതിന്റെ യഥാർഥ കാരണത്തെ സംബന്ധിച്ച് പലപ്പോഴും സമൂഹത്തിന് മുമ്പാകെ ചർച്ച ചെയ്യുന്നില്ലെന്നതാണ് വസ്തുത. ഒട്ടേറെ പ്രതിസന്ധികളുണ്ടെങ്കിലും അതെല്ലാം തരണം ചെയ്ത് പരിമിതിക്കകത്ത് നിന്നുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് അക്കാര്യങ്ങളിൽ ഇടപെടുന്നുണ്ട്. ഇവിടെ പലരും യഥാർഥ വിഷയം മറച്ചുവച്ചുകൊണ്ടാണ് സംസാരിക്കുന്നത്. ഇവിടെ നടത്തിയ മലയോര സമരജാഥയെക്കുറിച്ച് നമുക്കറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിലുണ്ട്. ഞാൻ 22-01-2025-ന് കോതമംഗലം മണ്ഡലത്തിലെ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട്

സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് തടസ്സമായി നിൽക്കുന്ന 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ കാതലായ മാറ്റം കൊണ്ടുവരണമെന്നും സംരക്ഷിക്കപ്പെടേണ്ട വന്യമൃഗങ്ങളുടെ പട്ടിക പുന:ക്രമീകരിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ഗൗരവത്തോടെ ചർച്ച ചെയ്യണമെന്നും ഞാൻ പ്രതിപക്ഷ നേതാവിനോട് അഭ്യർഥിക്കുകയുണ്ടായി. അത് ചർച്ച ചെയ്യേണ്ടത് പാർലമെന്റിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വന്യമൃഗ ശല്യം നേരിടുന്നൊരു ജില്ലയാണ് വയനാട്. നമ്മുടെ സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗമായിരുന്നില്ലേ ശ്രീ. രാഹുൽ ഗാന്ധി? അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ സഹോദരി ശ്രീമതി പ്രിയങ്കഗാന്ധിയുടെയും നേതൃത്വത്തിൽ പാർലമെന്റിൽ എം.പി.-മാരുമായി ചേർന്ന് ഇതിന് നേതൃത്വം കൊടുക്കണമെന്നാണ് പ്രതിപക്ഷനേതാവിനോട് ഞാൻ അഭ്യർഥിച്ചത്. പ്രതിപക്ഷനേതാവ് മലയോര സമരജാഥ നടത്തുകയുണ്ടായി. ജനാധിപത്യ സമൂഹത്തിൽ ഭരണപക്ഷവും പ്രതിപക്ഷവുമുണ്ട്. ജാഥകളും സമരങ്ങളുമൊക്കെ നടത്താൻ എല്ലാവർക്കും അവകാശവുമുണ്ട്. അതിനെയൊന്നും ഞങ്ങളാരും നിഷേധിക്കുന്നില്ല. പക്ഷെ എന്താണ് വസ്തുത? മലയോര സംരക്ഷണ ജാഥയുമായി അദ്ദേഹം എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തും എത്തി. ജാഥയുടെ ഓരോ കേന്ദ്രങ്ങളിലും സംസാരിക്കുമ്പോൾ ഒരിക്കലും കേന്ദ്ര നിയമത്തെക്കുറിച്ച് പറയാൻ അദ്ദേഹം തയ്യാറായില്ല. ശ്രീ. മഞ്ഞളാംകുഴി അലി അടക്കമുള്ളവർ കേന്ദ്ര നിയമത്തെ സംബന്ധിച്ച് ഒരു വാക്കുപോലും സംസാരിക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ്? അത് നമ്മൾ പരിശോധിക്കണ്ടേ? യഥാർഥത്തിൽ 1972-ലെ വന്യജീവി സംരക്ഷണ നിയമം എന്നുള്ളത് കോൺഗ്രസ്സിന്റെ കുഞ്ഞാണ്. ആ കുഞ്ഞിനെ ഇന്ന്

കാണുന്ന നിലയിൽ വഷളാക്കിയതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനാണ്. ഏഴ് പ്രാവശ്യം ആ നിയമം പാർലമെന്റിൽ ഭേദഗതി ചെയ്തപ്പോൾ അഞ്ച് പ്രാവശ്യവും കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഭേദഗതി കൊണ്ടുവന്ന് അത് കൂടുതൽ കർശനമാക്കുന്നതിനുള്ള സമീപനം സ്വീകരിച്ചത്. 2022-ൽ മോദി ഗവൺമെന്റിന്റെ കാലത്ത് ഇടതുപക്ഷത്തിന്റെ അംഗമായ ശ്രീ. ജോൺ ബ്രിട്ടാസ് പാർലമെന്റിൽ ഇതിനൊരു ഭേദഗതി കൊണ്ടുവന്നപ്പോൾ അതിനെ പിന്തുണയ്ക്കാൻപോലും കോൺഗ്രസ്സ് അംഗങ്ങൾ തയ്യാറായില്ല. എന്നിട്ട് പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ സമൂഹത്തോട് കള്ളം പറഞ്ഞുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഈ വിഷയത്തിൽ 1972-ലെ നിയമവും അതിന്റെ തുടർച്ചയായി വന്നിട്ടുള്ള ബുദ്ധിമുട്ടുകളും ചർച്ച ചെയ്യാൻ ജനങ്ങൾ തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഈ അഞ്ച് ധനാഭ്യർഥനകളെയും പിന്താങ്ങുകയാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം മറികടക്കാനുള്ള നിർദേശങ്ങൾ, പ്രത്യേകിച്ച് ഇക്കഴിഞ്ഞ സി.പി.ഐ.(എം.) കൊല്ലം ജില്ലാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 'നവകേരളത്തിന്റെ പുതുവഴികൾ' കേരളത്തിലെ ജനങ്ങൾക്ക്, പ്രത്യേകിച്ച് യുവാക്കൾക്ക് ആത്മവിശ്വാസം പകരുന്നതാണ്. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉൾപ്പെടെ നമ്മൾ ആവശ്യപ്പെട്ട 5000 കോടി രൂപയുടെ പ്രത്യേക പാക്കേജ് നിരസിക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചതെങ്കിലും വിഴിഞ്ഞം പദ്ധതി അതിവേഗം മുന്നോട്ട് കൊണ്ടുപോകാൻ കേരള സർക്കാരിന്റെ നിശ്ചയദാർഢ്യത്തിലൂടെ സാധിച്ചു. അതിന്റെ ഫേസ് വൺ പൂർത്തീകരിച്ചപ്പോൾത്തന്നെ ഇരുന്നൂറിലധികം മദർഷിപ്പുകളുൾപ്പെടെ

ലക്ഷക്കണക്കിന് കണ്ടെയ്നറുകളുടെ ട്രാൻസ്ഷിപ്മെന്റ് സാധ്യമാകുകയുണ്ടായി. ഇതിന്റെ ഭാഗമായി വരുന്ന വികസന പ്രവർത്തനങ്ങൾ പ്രത്യേകിച്ച്, വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ സാമ്പത്തിക വളർച്ചാ മുനമ്പ് വലിയ പ്രതീക്ഷ നൽകുന്നതാണ്. മേജർ പോർട്ടുകൾ വികസിപ്പിക്കുമ്പോൾ അതിനോടൊപ്പം ടൗൺഷിപ്പുകളും വികസിക്കുമെന്നുള്ളത് നമുക്കെല്ലാം അറിയാവുന്നതാണ്. അതിനുതകുന്ന സാഹചര്യമൊരുക്കുകയെന്നത് ഗവൺമെന്റിന്റെ വലിയ ലക്ഷ്യങ്ങളിലൊന്നാണ്. അതിന്റെ ഭാഗമായി വൻകിട ഗ്രോത്ത് ട്രയാങ്കിൾ എന്ന ലക്ഷ്യത്തിലേക്ക് നാം നീങ്ങുകയാണ്. ഇതിലൂടെ നിക്ഷേപ വ്യാപാര മേഖലയെ വികസിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിനായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഹൈവേകളുടെയും റെയിൽവേയുടെയും സാന്നിധ്യമുള്ള സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ചവറ നിയോജകമണ്ഡലത്തിൽ റെയിൽവേയുടെയും ഹൈവേയുടെയും national water way-യുടെയും സാമീപ്യമുള്ള, കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിനോട് ചേർന്നുകിടക്കുന്ന ചിറ്റൂർ-പന്മന പ്രദേശം വിട്ടുനൽകുന്നതിന് പ്രദേശവാസികൾ സമ്മതിച്ചിട്ടുള്ളതാണ്. അതിനാൽ ഈ സ്ഥലം പരിഗണിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുകയാണ്. കൂടാതെ, നീണ്ടകര പോർട്ടിന്റെ സമീപം ഒരു മാരിടൈം അക്കാദമി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ടി നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമ്പോൾ പലവിധ തടസ്സങ്ങളുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വ്യവഹാരങ്ങളെല്ലാം 2022-ൽ പൂർത്തീകരിക്കുകയും കേരള മാരിടൈം ബോർഡ് അത് ഏറ്റെടുത്ത് വികസിപ്പിക്കാനായി മുന്നോട്ടുവരികയും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കായലും കടലും സംഗമിക്കുന്ന ഭൂമിയാണത്. അവിടെ

നിരവധി തുരുത്തുകളുമുണ്ട്. ഏതാണ്ട് 85 മീറ്ററോളം ദൈർഘ്യമുള്ള ഒരു വാർഫും 15 ഏക്കറോളം സ്ഥലവുമുള്ളതിനാൽ ടൂറിസത്തിനും മാരിടൈം അക്കാദമിയായി വികസിപ്പിക്കാനും കഴിയും. പ്രസ്തുത തുരുത്തുകളെല്ലാം വികസിപ്പിച്ചെടുക്കുകയാണെങ്കിൽ യാർഡ് ടൂറിസം ഉൾപ്പെടെ നല്ലൊരു മറീനയാക്കി മാറ്റാൻ സാധിക്കും. അതിവേഗം ഈ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടിയുണ്ടാകണം. വ്യവസായ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി വലിയ കുതിപ്പുതന്നെയാണ് സംഭവിക്കാൻ പോകുന്നത്. സംരംഭക വർഷവും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റും വിജയകരമായി പൂർത്തിയാക്കുന്നതിന് വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ട്. അതിന് എല്ലാവിധ അഭിനന്ദനങ്ങളും അറിയിക്കുകയാണ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഇൻവെസ്റ്റേഴ്സിനിടയിൽ വലിയ രീതിയിലുള്ള വിശ്വാസം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ 'ക്യാമ്പസ് ഇൻഡസ്ട്രീസ്' എന്ന പദ്ധതിയും നന്നായി മുന്നോട്ടുപോകുകയാണ്. അയർലന്റ് ആസ്ഥാനമായ സെമികണ്ടക്ടർ നിർമ്മാണ കമ്പനി TRASNA അതിന്റെ ഫേസ്-4 ടെക്നോപാർക്കിലാണ് ആരംഭിച്ചിരിക്കുന്നത്. ഡിജിറ്റൽ സർവകലാശാലയുമായി ചേർന്ന് ഒരു Research and Development Wing (R&D) ആരംഭിക്കാൻ അവർ താല്പര്യം അറിയിച്ചിരിക്കുകയാണ്. അവിടെ സെമികണ്ടക്ടർ ചിപ്പുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. തീർച്ചയായും ഇത് നമ്മുടെ യൂണിവേഴ്സിറ്റിക്ക് വലിയ പ്രോത്സാഹനമാകും. കേരളത്തിൽ ആരംഭിച്ച Synthite Group കുസാറ്റിൽ ഒരു ലാബ് വികസിപ്പിക്കുന്നതിന് താല്പര്യപ്പെടുന്നുണ്ട്. ഇങ്ങനെ വിവിധ തരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ്

നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് ഗ്ലോബൽ സമ്മിറ്റ് മീറ്റിൽ 1.52 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങളുടെ പ്രഖ്യാപനമുണ്ടായത്. ഒരു വ്യവസായം ആരംഭിക്കുമ്പോൾ വ്യവസായ വകുപ്പിൽനിന്നും സുതാര്യവും അതിവേഗത്തിലുമുള്ള ഇടപെടലുണ്ടാകുന്നതിനാലാണ് നിക്ഷേപകർ ഇതിലേക്ക് ആകർഷിക്കപ്പെടുന്നത്. കേരളത്തിന്റെ പ്രത്യേകതയായി അവർ എടുത്തുപറയുന്നത് സുതാര്യത അഥവാ ട്രാൻസ്പരൻസി ആണ്. എല്ലാ സംസ്ഥാനങ്ങളുടെയും വ്യവസായത്തെക്കുറിച്ച് നന്നായി അറിയാവുന്ന ഭാരത് ബയോടെക്കിന്റെ സി.ഇ.ഒ. ഡോ. കൃഷ്ണ എല്ല പറഞ്ഞത് കേരളംപോലെ സുതാര്യമായ ഒരു സ്റ്റേറ്റ് വേറെയില്ല എന്നാണ്. നിരവധിപേർ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അത്തരത്തിലുള്ള നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്ന വികസന കുതിപ്പ് നമുക്ക് കാണാൻ കഴിയുന്നുണ്ട്, അത് മുന്നോട്ട് കൊണ്ടുപോകണം. അതിനെ ഒരു പി.ആർ. വർക്കായി പ്രതിപക്ഷം കാണുന്നത് കഷ്ടമാണെന്നാണ് എനിക്ക് പറയാനുള്ളത്. കെ.എം.എം.എൽ.-ഉം ആയി ബന്ധപ്പെട്ട് ഐ.ആർ.ഇ.എൽ.-ന്റെ നേതൃത്വത്തിൽ മോണോസൈറ്റിന്റെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകണം. നമുക്ക് മോണോസൈറ്റ് വ്യവസായം നടത്തുന്നതിനുള്ള അവകാശമില്ല. അതിനാൽ പ്രസ്തുത നടപടികൾ വേഗത്തിലാക്കണമെന്ന് അഭ്യർഥിക്കുകയാണ്. മൈനിങ് ഏരിയ വെൽഫെയർ ബോർഡിന്റെ ഫണ്ടുകൾ പലപ്പോഴും അതത് പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കാതെ പോകുന്നുണ്ട്. ബജറ്റിലേക്ക് വരുന്ന ഫണ്ട് തിരികെ നൽകുന്നതിന് തടസ്സമുണ്ടാകുന്നുണ്ട്. കൂടാതെ, കൊല്ലം ജില്ലയിലെ മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് ബോർഡിൽ 18 കോടിയോളം രൂപ ഉപയോഗിക്കാതെ കിടക്കുകയാണ്. ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട്

ജനോപകാരപ്രദമായ നിരവധി പദ്ധതികൾ പഞ്ചായത്തുകളും എം.എൽ.എ.-യും എം.പി.-യും നിർദേശിച്ചെങ്കിലും ഇതുവരെ അത് ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെടുത്തുകയാണ്. മറ്റൊരു വിഷയം, സി.ആർ.ഇസഡ്.-ഉം ആയി ബന്ധപ്പെട്ടതാണ്. മൈനിങ് ഏരിയ വന്നതിനാൽ BARC (Bhabha Atomic Research Centre)-ന്റെ പ്രത്യേക അനുമതിയില്ലാതെ സി.ആർ.ഇസഡ്.-ന്റെ ഇളവുകൾ ലഭിക്കുകയില്ല. നമ്മൾ കാറ്റഗറി 2 ആണ്. കാറ്റഗറി 3 A ആണെങ്കിലും അത് നോട്ടിഫൈഡ് ലാൻഡാണ്. മൈനിങ് ഏരിയ ആയതുകൊണ്ട് ഇളവുകൾ ലഭിക്കുന്നില്ല. പലപ്പോഴും ലക്ഷം വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾപോലും നടത്താൻ സാധിക്കുന്നില്ല. മൈനിങ് പൂർത്തിയായ സ്ഥലങ്ങൾ മൈനിങ് ഏരിയ അല്ലെന്ന് സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഇളവുകൾ ലഭിക്കാൻ സാധ്യതയുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട് വളരെയധികം മുന്നേറ്റമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയിൽ നാം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുകയാണ്. അതിന് മെക്കനൈസേഷൻ ആവശ്യമായി വന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൃഷിയിടങ്ങളിൽ മെക്കനൈസേഷന്റെ ഭാഗമായി ഡ്രോൺ ഉപയോഗപ്പെടുത്തി ജൈവവളം ഉപയോഗിച്ച് നെൽക്കൃഷി നടത്തുന്നുണ്ട്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഇക്കാര്യത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് നൽകുന്ന പൂർണ്ണ പിന്തുണ എടുത്തുപറയേണ്ടതാണ്. തരിശ് പ്രദേശങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് വലിയ സഹായം നൽകുന്നുണ്ട്. അവിടെ നെല്ല് അവർതന്നെ വാങ്ങി

മാർക്കറ്റ് ചെയ്യുകയാണ്. അത് വിജയകരമായി പോകുന്നുണ്ട്. വനമില്ലാതിരുന്നിട്ടും ഇപ്പോൾ അവിടെ പന്നിശല്യം ഉണ്ടാകുന്നുണ്ട്. ഡി.എഫ്.ഒ. പുനലൂരാണുള്ളത്. അക്കാര്യത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. എന്താണ് ഇവിടത്തെ അവസ്ഥ? കർഷകരെ സംബന്ധിച്ചിടത്തോളം കുറെ അലങ്കാര വാക്കുകൾകേട്ട് തൃപ്തരാകേണ്ട അവസ്ഥയാണുള്ളത്. സർക്കാർ പറയുന്ന കാര്യങ്ങളൊന്നും പ്രാവർത്തികമാക്കുന്നില്ല. ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിപോലും കളവല്ലേ? നെല്ല്, നാളികേരം, റബ്ബർ എന്നിവയുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങളൊക്കെ പരിശോധിച്ചുനോക്കൂ. ഈ സർക്കാർ അധികാരത്തിൽവന്നിട്ട് ഒരു വർഷം മാത്രമാണ് നാളികേര സംഭരണം നടന്നത്. 2023 ഒക്ടോബറിനുശേഷം നാളികേര സംഭരണം നടന്നിട്ടില്ല, അതിനുമുമ്പ് സംഭരിച്ച നാളികേരത്തിന്റെ സംസ്ഥാന വിഹിതം പതിനേഴ് മാസമായിട്ട് നൽകിയിട്ടുമില്ല. പക്ഷെ കേന്ദ്ര വിഹിതം നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിന്റെ അവസ്ഥ എന്താണെന്ന് പരക്കെ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. ഇപ്പോൾ ഉപതിരഞ്ഞെടുപ്പ് നടന്ന പാലക്കാട് ജില്ലയിലെ കണ്ണാടി പഞ്ചായത്തിൽ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ഞാനും ചില വീടുകളിലൊക്കെ പോയി. അവിടെ നെല്ല് കെട്ടിക്കിടക്കുകയാണ്. ഒരു വീട്ടിൽ അമ്പതോളം ചാക്ക് നെല്ല് കിടക്കുന്നത് ഞാൻ കണ്ടു. അതിന് മുകളിൽ നായ കയറി മൂത്രമൊഴിച്ചുകൊണ്ടിരിക്കുകയാണ്. 21 ദിവസമായി നെല്ല് കെട്ടിക്കിടക്കുകയാണെന്നാണ് സി.പി.ഐ.(എം) പ്രവർത്തകനായ ആ വീട്ടുടമ വേദനയോടുകൂടി പറഞ്ഞത്. ഞാൻ ഉടനെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ

ഫോണിൽ വിളിച്ചെങ്കിലും അദ്ദേഹം ഫോണെടുത്തില്ല. എന്നാൽ അടുത്ത ദിവസം അദ്ദേഹത്തിന്റെ പി.എ. എന്നെ വിളിച്ചിരുന്നു. അപ്പോൾ ഞാൻ ഇക്കാര്യം പറഞ്ഞു. അങ്ങനെ ഫോൺ ചെയ്തത് ഗുണം ചെയ്യുകയും രണ്ട് ദിവസത്തിനകം നെല്ല് സംഭരിക്കുകയും ചെയ്തു. ഇത് ഇവിടത്തെ സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. കൊയ്ത്ത് കഴിഞ്ഞ് ഒരു മാസമെങ്കിലും കാത്തിരുന്നാലേ നെല്ല് സംഭരിക്കുകയുള്ളൂ. മില്ലുടമകളോട് കാണിക്കുന്ന താൽപര്യംപോലും കർഷകരോട് കാണിക്കുന്നില്ലെന്നതാണ് വസ്തുത. കേന്ദ്രം നൽകുന്ന പല ഫണ്ടും കർഷകർക്ക് ലഭിക്കാതെ പോകുന്നുണ്ട്. കേന്ദ്രം നൽകുന്ന കാലാവസ്ഥ വിള ഇൻഷ്വറൻസ് എത്രയോ കാലമായി കർഷകർക്ക് നൽകാതെ മുടങ്ങിക്കിടക്കുകയാണ്. കേന്ദ്രം നെല്ലിന് മൂന്ന് വർഷം വില കൂട്ടി. 2024-ൽ 1 രൂപ 47 പൈസയും 2023-ൽ ഒരു രൂപയും 2022-ൽ 40 പൈസയുമാണ് കൂട്ടിയത്. ഈ പണമൊന്നും കർഷകർക്ക് നൽകിയില്ല. ചരിത്രത്തിലാദ്യമായി 2021-ൽ ആണ് കേരള സംസ്ഥാന ബജറ്റിലൂടെ 40 പൈസ കർഷകന്റെ വിഹിതത്തിൽനിന്നും കുറച്ചത്. 2022-ൽ അതിൽനിന്നും 20 പൈസ തിരിച്ചുകൊടുത്തിട്ട് ഞങ്ങൾ നെല്ലിന്റെ വില വർധിപ്പിക്കുകയാണെന്ന് പ്രചരിപ്പിക്കുകയും ചെയ്തു. ആ 20 പൈസ ബാക്കി നിൽക്കുകയാണ്. ഈ മൂന്ന് വർഷത്തെ കേന്ദ്ര വിഹിതംകൂടി കൂട്ടുകയാണെങ്കിൽ ഒരു കിലോ നെല്ലിന് 3 രൂപ 8 പൈസ കർഷകർക്ക് അധികം ലഭിക്കേണ്ടതാണ്. എന്നാൽ ഈ പണം കർഷകർക്ക് നൽകുന്നില്ല. 1606,06,90,771.28 രൂപ (ആയിരത്തി അറുനൂറ്റിയാറ് കോടി ആറുലക്ഷത്തി തൊണ്ണൂറായിരത്തി എഴുനൂറ്റി എഴുപത്തിയൊന്ന് രൂപ ഇരുപത്തിയെട്ട് പൈസ) നെൽവയൽ നികത്തുന്നതിനുള്ള ഫീസായി ഈടാക്കിയിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(d) വകുപ്പ്

അനുസരിച്ച് കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് ഈ പണം മുതൽക്കൂട്ടണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ ഫണ്ടിലേക്ക് ഒരു രൂപ മാത്രമാണ് ഇതിനകം വന്നിട്ടുള്ളത്. ചേർത്തല സ്വദേശിയായ ശ്രീ. പി. എസ്. രാജീവ് എന്ന വ്യക്തിക്ക് വിവരാവകാശ നിയമമനുസരിച്ച് ലഭിച്ച മറുപടിയിലാണ് ഇത് പറയുന്നത്. കാർഷിക മേഖലയ്ക്ക് വരുന്ന ഫണ്ടുപോലും ആ മേഖലയിലേക്ക് ഉപയോഗിക്കുന്നില്ല. റബ്ബർ സംഭരണവും മുടങ്ങിയിരിക്കുകയാണ്. വ്യവസായ രംഗത്ത് ജനാധിപത്യ ധ്വംസനമാണ് നടക്കുന്നത്. ഭരണസമിതിയുണ്ടായിരുന്ന സഹകരണ സ്പിന്നിങ് മില്ലിൽ-തിരഞ്ഞെടുപ്പ് നടക്കാത്തതിനാൽ ഒമ്പത് വർഷമായി അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുകയാണ്. 1974-ൽ ടി. വി. തോമസിന്റെ കാലത്താണ് ഗ്രാമങ്ങളിൽ മിനി എസ്റ്റേറ്റുകൾ ആരംഭിച്ചത്. അതിലെ അംഗങ്ങൾ ചേർന്ന് രൂപീകരിച്ച സഹകരണ സംഘങ്ങളിൽ ചെയർമാനെ തിരഞ്ഞെടുക്കാനുള്ള ഭരണസമിതിയുടെ അധികാരത്തെ തടഞ്ഞുകൊണ്ട് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. സഹകരണ സംഘങ്ങളുടെ ചെയർമാൻ ജി.എം. ആയിരിക്കുമെന്നും വൈസ് ചെയർമാനെ മാത്രം അംഗങ്ങൾ തിരഞ്ഞെടുത്താൽ മതിയെന്നുമാണ് ആ ഉത്തരവിൽ പറയുന്നത്. സർക്കാരിന്റെ വിഭവങ്ങൾ പങ്ക് വയ്ക്കുന്നതിലും ചില നീതികേടുകൾ കാണുന്നുണ്ട്. സ്പിന്നിങ് മില്ലുകൾക്ക് സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് പരിഹരിക്കുന്നതിനായി അനുവദിച്ച ഫണ്ട് എല്ലായിടത്തും ലഭിക്കാത്തതിനാൽ അത് അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയുണ്ടായി. പക്ഷെ മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിനെ (മാൽകോടെക്സ്) ഒഴിവാക്കി ബാക്കിയുള്ളവയ്ക്ക് ഫണ്ട് നൽകുകയാണുണ്ടായത്. വെറ്റിലയിൽ നിന്ന് മൂല്യവർധിത

ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനായി വ്യവസായ വകുപ്പ് മുന്നോട്ടുവരുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി രണ്ട് വർഷം മുമ്പ് പറഞ്ഞിരുന്നതാണ്. അതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് അഭ്യർഥിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി ഉൾപ്പെടെ പല അംഗങ്ങളും വന്യജീവി ശല്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു. അപകടകാരികളായ വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ കേന്ദ്രം അനുവാദം തന്നിട്ടും സംസ്ഥാന സർക്കാർ അത് ഉപയോഗപ്പെടുത്താത്തത് ഖേദകരമാണ്. അതുകൊണ്ട് അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ഇവിടെ അവതരിപ്പിച്ച വിവിധ വകുപ്പുകളുടെ ധനാഭ്യർഥനകളെ ഞാൻ സ്വാഗതം ചെയ്യുകയും അംഗീകരിക്കുകയും ചെയ്യുന്നു. പ്രതിപക്ഷം ഉന്നയിച്ച വാദഗതികളെ കണക്കുകൾ സഹിതം നമുക്ക് മറികടക്കാനാകുമെന്ന കാര്യത്തിൽ തർക്കമില്ല. കോൺഗ്രസ്സിന്റെ നേതാവായ ഡോ. ശശി തരൂർ ഉൾപ്പെടെ പറഞ്ഞിട്ടും ബോധ്യം വരാതെ വീണ്ടും തങ്ങളുടെ നിലപാട് ശരിയാണെന്ന് സമർഥിക്കാൻവേണ്ടിയുള്ള വാദങ്ങളാണ് ഇവിടെ ഉന്നയിക്കുന്നത്. കാർഷിക മേഖലയിലുണ്ടായ അഭിവൃദ്ധിയും മുന്നേറ്റവും നിഷേധിക്കാൻ സാധിക്കുമോ? നേരത്തെ നെൽകൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നത് 1.7 ലക്ഷം ഹെക്ടർ ഭൂമിയായിരുന്നെങ്കിൽ ഇന്ന് അത് 2.5 ലക്ഷം ഹെക്ടറായി വർധിച്ചിട്ടുണ്ട്. ഉൽപാദനക്ഷമതയും ഉൽപാദനവും വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി നെല്ലുല്പാദനം 7 ലക്ഷം മെടിക് ടണ്ണിൽനിന്ന് 17.21 ലക്ഷം മെടിക് ടണ്ണായി വർധിച്ചു. അതുപോലെ പച്ചക്കറിയുമായി ബന്ധപ്പെട്ട വിഷയങ്ങളുമുണ്ട്. ഇതിന്റെയൊക്കെ കണക്ക് പറഞ്ഞത് ആരെയും ബോധ്യപ്പെടുത്താൻ വേണ്ടിയല്ല. സാധാരണഗതിയിൽ

അസുഖം വരികയോ അപകടങ്ങൾമൂലം പരിക്കുപറ്റുകയോ ചെയ്താൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയും. എന്നാൽ ജന്മനായുള്ള വൈകല്യങ്ങൾ ഭേദമാക്കാൻ കഴിയില്ലെന്ന് ആവർത്തിച്ച് തെളിയിക്കപ്പെട്ടിരിക്കുകയാണ്. കേരളം ശ്രീലങ്കയെ പോലെയാകുമെന്നായിരുന്നു അവർ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ ശ്രീലങ്ക കേരളത്തെപ്പോലെയായിട്ടുണ്ട്. വ്യവസായരംഗത്തിന്റെ പണ്ടത്തെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയുമായി ബന്ധപ്പെട്ട താരതമ്യമൊക്കെ ഇവിടെ രേഖാപ്രകാരംതന്നെ അവതരിക്കപ്പെട്ടിട്ടുണ്ട്. വികസനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളാണ് വ്യവസായവും കൃഷിയും. ഈ മേഖലകളിൽ പുരോഗതി നേടിക്കൊണ്ട് നാം മുന്നോട്ടുപോകുകയാണ്. ചെറുകിട, പരമ്പരാഗത, വൻകിട വ്യവസായങ്ങൾക്ക് സ്പെയ്സ് നൽകാനും പുതിയ വ്യവസായങ്ങൾ ആരംഭിക്കാനുമാവശ്യമായ നടപടികൾ സുതാര്യമാക്കിയതിന്റെ അനുഭവങ്ങൾ നമുക്ക് ബോധ്യമായിട്ടുള്ളതാണ്. ആ നിലയിൽ വ്യവസായങ്ങളെയും അവയുടെ വളർച്ചയെയും സംബന്ധിച്ച് നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന നിലപാട് തിരുത്തണമെന്നാണ് പറയാനുള്ളത്. മറ്റൊരു കാര്യം പറയാനുള്ളത് സഹകരണമേഖലയെ സംബന്ധിച്ചാണ്. ലോകത്തിനും രാജ്യത്തിനും മാതൃകയാകുന്ന തരത്തിലുള്ള ഒരു സഹകരണ പ്രസ്ഥാനമാണ് കേരളത്തിലുള്ളതെന്ന് അംഗീകരിക്കപ്പെട്ടതിന്റെ സന്തോഷം പ്രകടിപ്പിക്കുന്നതിനുപകരം ചില പുഴുക്കുത്തുകൾ ഉയർത്തിക്കാണിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനമാകെ മോശമാണെന്ന് പ്രചരിപ്പിക്കാൻ ശ്രമം നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഇത്തരത്തിലുള്ള വർത്തമാനം പറയുന്നത് കേൾക്കാൻ കഴിയുന്നില്ല. കാലത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കാൻ പര്യാപ്തമായതും സമഗ്രവുമായ നിയമഭേദഗതി കൊണ്ടുവന്ന് സഹകരണ പ്രസ്ഥാനം മുന്നോട്ടുപോകുകയാണ്.

കേരള ബാങ്കിന്റെ ശ്രുപീകരണം, നിക്ഷേപത്തിന്റെ കണക്ക്, ഔട്ട് സ്റ്റാൻഡിങ് കണക്ക് എന്നിവയെല്ലാം പരിശോധിക്കുമ്പോൾ നമുക്ക് അക്കാര്യം ബോധ്യമാകും. കഴിഞ്ഞ വർഷം 209 കോടി ശ്രുപയുടെ അറ്റാദായമുണ്ടായി. നിക്ഷേപം വർധിക്കുന്നതോടൊപ്പം ലോൺ ഔട്ട്സ്റ്റാൻഡിങും വർധിക്കുകയാണ്. ഉൽപാദന-വികസന-സാമൂഹ്യക്ഷേമ മേഖലകളിലൊക്കെ ഈ ഫണ്ട് ഉപയോഗിച്ചുകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് പ്രബലമായ പിന്തുണ നൽകുന്ന സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. ജോർദാനിൽവച്ച് നടന്ന 11th Asia Pacific Co-operative Ministers Conference-ൽ ക്ഷണിക്കപ്പെട്ട ഒരു സംസ്ഥാനം കേരളമായിരുന്നു. കേരളത്തിന്റെ തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി അതിൽ പങ്കെടുക്കുകയും സഹകരണ പ്രസ്ഥാനത്തെ ലോകത്തിനുമുമ്പിൽ വരച്ചുകാണിക്കുകയും ചെയ്തത് അഭിമാനകരമായ കാര്യമാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. മുൻകാലങ്ങളിൽ ഇലക്ട്രിസിറ്റിയുടെ സ്ഥിതി എന്തായിരുന്നു? കറന്റ് ചാർജ് വർധിച്ചുവെന്ന് ചില അംഗങ്ങൾ കഴിഞ്ഞ സഭയിൽ ഉന്നയിച്ചിരുന്നു. നിങ്ങളുടെ കാലത്ത് കറന്റ് ഉണ്ടായിരുന്നോ; ലോഡ് ഷെഡ്ഡിങും പവർ കട്ടുമായിരുന്നില്ലേ? അക്കാലത്ത് എട്ടും പത്തും മണിക്കൂറുകൾ ലോഡ് ഷെഡ്ഡിങിലും കറന്റ്കട്ടിലും ജീവിച്ചവരാണ് നാം. ഇന്ന് കേരളത്തിലെ 8 വയസ്സായ ഒരു കുട്ടിയോട് ചോദിച്ചാൽ കറന്റ് കട്ട് എന്താണെന്നുപോലും അറിയില്ല. അത്തരമൊരു അവസ്ഥയിലേക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. ഇപ്പോൾ കൂടുതൽ കറന്റ് ഉൽപാദിപ്പിക്കാനുള്ള വിവിധ മാർഗങ്ങൾ സ്വീകരിച്ചുവരികയാണ്. കറന്റ് ഉൽപാദനം വർധിപ്പിച്ച് ലോഡ് ഷെഡ്ഡിങ്, പവർകട്ട് എന്നിവയിൽനിന്നും കേരളത്തെ രക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കാണ്

കഴിഞ്ഞിട്ടുള്ളത്. അത്തരത്തിൽ കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ച് മുന്നോട്ടുപോകുന്ന ഈ കാലഘട്ടത്തിൽ എല്ലാ വകുപ്പുകളും അതിനനുകൂലമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. 'പിച്ച തന്നില്ലെങ്കിലും വേണ്ടില്ല പട്ടിയെ വിട്ട് കടിപ്പിക്കരുതേ' എന്ന് നാട്ടിലൊക്കെ പറയാറുണ്ട്. നല്ല അഭിപ്രായങ്ങൾ ആ രൂപത്തിൽ നിങ്ങൾ പറയണമെന്നില്ല, പക്ഷെ ലോകത്തിന്റെയും രാജ്യത്തിന്റെയും മുന്നിൽ കേരളം പിന്നിലാണെന്നും മോശമാണെന്നും പറയുന്ന രീതിയിലേക്ക് കാര്യങ്ങൾ പോകരുതെന്നാണ് വിനയപൂരസ്സരം അഭ്യർഥിക്കാനുള്ളത്. വനം-വന്യജീവിയുമായി ബന്ധപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിക്കുന്നത് കേട്ടു. വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അത് പരിഹരിക്കാനാവശ്യമായ മാർഗങ്ങളെക്കുറിച്ച് കൂട്ടായി ആലോചിക്കേണ്ടതുണ്ട്. പക്ഷെ ഇവിടെ വന്യജീവി ആക്രമണം വർധിച്ചുവെന്നും അത് ഇടതുപക്ഷ ഗവൺമെന്റിന്റെ തകരാറുകൊണ്ടാണെന്നും സമർഥിക്കാൻ ശ്രമിക്കുന്ന ആളുകൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങളുടെ കാലഘട്ടത്തിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെയും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മരണപ്പെട്ടവരുടെയും എണ്ണം താരതമ്യം ചെയ്താൽ യു.ഡി.എഫ്. ഭരണകാലത്തെ മരണനിരക്കാണ് കൂടുതലെന്ന് കാണാൻ കഴിയും. അങ്ങനെയല്ല എന്ന് സമർഥിക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ പറയണമെന്നാണ് അഭ്യർഥിക്കാനുള്ളത്. അതുപോലെ കാർഷികമേഖലയും നെല്ലുസംഭരണവുമായൊക്കെ ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ട്. നെല്ലുസംഭരണത്തിന്റെ അടിസ്ഥാനമെന്താണ്? കേരളത്തിന് റേഷൻ വിഹിതമായി അനുവദിക്കേണ്ട അരിക്ക് പകരമായി ഇവിടെ നെല്ല് സംഭരിച്ച് അരിയാക്കി വിതരണം

ചെയ്യണമെന്നും അതിന് വേണ്ടിവരുന്ന ചെലവ് കേന്ദ്ര സർക്കാർ വഹിക്കുമെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് NFSA (National Food Security Act, 2013) ആക്ട് നടപ്പാക്കിയത്. അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്, അത് പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. കർഷകർക്ക് നെല്ലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന കേരളം. വസ്തുതാപരമായല്ലാതെ ആക്ഷേപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ നിലപാടിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞതാണ്. "ജന്മനായുള്ള വൈകല്യം പരിഹരിക്കപ്പെടാൻ കഴിയില്ല, ശസ്ത്രക്രിയ നടത്തിയാലും കഴിയില്ല". ആ വൈകല്യത്തിന്റെ ഭാഗമായുള്ള രോദനങ്ങളാണ് അവരുടെ ഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുന്നത് എന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. രാജ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അടിസ്ഥാന സൗകര്യങ്ങൾപോലും നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുണ്ടായിരുന്നത്. എന്നിട്ടും പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം അടിപതറാതെ എല്ലാവരെയും ചേർത്തുനിർത്തി മുന്നേറ്റമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നിറവേറ്റാൻ ഒന്നാം പിണറായി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി കേരള ചരിത്രത്തിൽ ആദ്യമായി തുടർഭരണം സാധ്യമായി. കേരളത്തിൽ ഇന്ന് നിരവധി നേട്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ചില പ്രതിപക്ഷാംഗങ്ങൾ അതൊന്നും അംഗീകരിക്കാൻ തയ്യാറാകുന്നില്ല. കഴിഞ്ഞ ദിവസം പാലക്കാട് അംഗം ഈ സഭയിൽ "നേട്ടങ്ങൾ ഈ കേരളത്തിൽ തന്നെയാണോ?"

എന്ന് ചോദിച്ചുകൊണ്ട് സംശയം പ്രകടിപ്പിച്ചിരുന്നു. കേരളത്തിലുണ്ടായ നേട്ടങ്ങളെ നാം അംഗീകരിക്കാൻ തയ്യാറാകണം. പുതിയ രീതിയിലുള്ള സ്റ്റാർട്ടപ്പുകളുടെയും സംരംഭകരുടെയും നവകേരളം തീർത്തിരിക്കുകയാണ്. ഇൻവെസ്റ്റ് കേരള ഉച്ചകോടി നടത്തിയപ്പോൾ അത് ഫൈവ് സ്റ്റാർ ഹോട്ടലിലാണ് സംഘടിപ്പിക്കുന്നതെന്ന് പ്രതിപക്ഷം ആരോപണം ഉന്നയിച്ചിരുന്നു. ആ ആരോപണം നിലനിൽക്കുമ്പോഴും 384 കമ്പനികൾ നിക്ഷേപം നടത്തുകയും 1.5 ലക്ഷം കോടി രൂപ ഇതിലൂടെ കേരളത്തിൽ എത്തിച്ചേരുകയും ചെയ്തു. വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. ഡിജിറ്റൽ മേഖലയിൽ സംസ്ഥാനം വൻകുതിപ്പാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സാങ്കേതികവിദ്യ, സുസ്ഥിര വളർച്ച, വ്യവസായം എന്നിവയുടെ പ്രധാനപ്പെട്ട കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിൽ ആരംഭിച്ച കിൻഫ്ര പാർക്ക്, സ്പൈസസ് പാർക്ക് എന്നിവയിലൂടെ കൂടുതൽ ഇൻവെസ്റ്റ്മെന്റുകളും തൊഴിൽ സാധ്യതകളും സംജാതമായിരിക്കുകയാണ്. ഇടുക്കിയിൽ തൊഴിൽ സാധ്യതകൾ കുറവായതിനാൽ അവിടെയുള്ള ആളുകൾ തൊഴിൽ അന്വേഷിച്ച് മറ്റ് ജില്ലകളിലേക്കും സംസ്ഥാനങ്ങളിലേക്കുമാണ് പോകുന്നത്. കൂടുതൽ ഇൻവെസ്റ്റുമെന്റുകൾ വരുമ്പോൾ അത് പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. വ്യവസായവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതിക്ക് ചരിത്രത്തിലാദ്യമായി ദേശീയതലത്തിൽ കേരളത്തിന് അംഗീകാരം ലഭിച്ചത് രണ്ടാം പിണറായി സർക്കാരിന്റെ കാലത്താണ്. "കേരളത്തിന് ഇന്ത്യയ്ക്കുതന്നെ നേതൃത്വം കൊടുക്കാൻ സാധിക്കും" എന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞത്. ഇന്ത്യയ്ക്ക് മാത്രമല്ല, ഈ

ലോകത്തിനുതന്നെ ബ്രാൻഡ് അംബാസഡറായി മാറാൻ കേരളത്തിന് സാധിക്കും. സ്റ്റാർട്ടപ് രംഗത്ത് ബെസ്റ്റ് പെർഫോർമർ സംസ്ഥാനമായി തെരഞ്ഞെടുക്കപ്പെട്ട കേരളം സ്റ്റാർട്ടപ്പുകൾക്കാവശ്യമായ മികച്ച ഇക്കോ സിസ്റ്റം ലഭ്യമാക്കുന്നുണ്ടെന്നും യുവാക്കൾക്ക് നൂതന മേഖലകളിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് പിന്തുണ നൽകുന്നുണ്ടെന്നും രാജ്യത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി വസ്തുതകളെ അടിസ്ഥാനമാക്കി വിലയിരുത്തിയിട്ടുണ്ട്. "ഇന്ന് രാജ്യത്ത് ഏറ്റവും എളുപ്പത്തിൽ വ്യവസായം നടത്താൻ സാധിക്കുന്ന സംസ്ഥാനമാണ് കേരളം" എന്നാണ് നീതി ആയോഗിന്റെ മുൻ സി.ഇ.ഒ. പറഞ്ഞിരിക്കുന്നത്. "കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു" എന്നാണ് ആന്ധ്രാപ്രദേശിന്റെ മുഖ്യമന്ത്രി പറഞ്ഞത്. വ്യവസായത്തിൽ ഏറ്റവും പുരോഗതി നേടിയ സംസ്ഥാനം കേരളമാണ്. 28-ാം സ്ഥാനത്തായിരുന്ന കേരളം പിന്നീട് 15-ാം സ്ഥാനത്തും ഇപ്പോൾ ഒന്നാം സ്ഥാനത്തും എത്തിയിരിക്കുകയാണ്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പുതിയ ലാൻഡ് അലോട്ട്മെന്റ് ഗോൾ കൊണ്ടുവരാനും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് അനുമതി നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ 10,000 കോടി രൂപയിലധികം നിക്ഷേപവും ഒരു ലക്ഷത്തിലധികം തൊഴിലും സൃഷ്ടിക്കപ്പെടുന്നതാണ്. എം.എസ്.എം.ഇ. മേഖലയിൽ മൂന്ന് വർഷംകൊണ്ട് ഏകദേശം 22,000 കോടി രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്. 343547 സംരംഭങ്ങൾ ഇവിടെ ആരംഭിക്കുകയും 109387 വനിതാ സംരംഭകർ ഇതിന്റെ ഭാഗമാകുകയും ചെയ്തുവെന്നത് എടുത്തുപറയേണ്ടതാണ്. കൂടാതെ, പുതിയ എം.എസ്.എം.ഇ. ക്ലിനിക്കുകൾ കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ആന്റണി

ജോൺ എം.എൽ.എ പറഞ്ഞതുപോലെ കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നിരവധി ജീവനുകളാണ് വന്യമൃഗ ആക്രമണംമൂലം നഷ്ടപ്പെട്ടത്. സമീപകാലത്ത് മലയോര മേഖലയിൽ യു.ഡി.എഫ്. ഒരു ജാഥ നടത്തുകയുണ്ടായി. ജാഥ ഇടുക്കി ജില്ലയിൽ എത്തിച്ചേർന്നപ്പോൾ മലയോര മേഖലയിൽ ഗതാഗത സൗകര്യങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെല്ലാം അവർ കണ്ടുകാണുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1972-ൽ വന്യമൃഗ സംരക്ഷണ നിയമം കൊണ്ടുവന്നപ്പോൾ ഇന്ത്യയിൽ അധികാരത്തിലിരുന്നത് കോൺഗ്രസ്സാണ്. അതിനുശേഷം ഈ നിയമത്തിൽ ഏഴ് തവണ ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തണമെന്നും അപകടകാരികളായ വന്യജീവികളെ വെർമിനായി പ്രഖ്യാപിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകണമെന്നും കേരളത്തിലെ ഇടതുപക്ഷ എം.പി.-മാർ ആവശ്യപ്പെടുകയാണ്. അതിനെ പിന്തുണയ്ക്കാൻ ഇവിടത്തെ യു.ഡി.എഫ്. എം.പി.-മാർ തയ്യാറായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇന്ത്യയിലെ വനവിസ്തൃതി വർധിപ്പിക്കും എന്നാണ് തിരഞ്ഞെടുപ്പ് സമയത്ത് യു.പി.എ. ഗവൺമെന്റിന്റെ ഭാഗമായി യു.ഡി.എഫ്. പറഞ്ഞത്. "ഞാനും മന്ത്രിയായിട്ടുണ്ട്, പക്ഷേ ഇങ്ങനെ വർധിച്ചുവരുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല" എന്നാണ് മുൻമന്ത്രിയും കെ.പി.സി.സി. പ്രസിഡന്റുമായ ശ്രീ. കെ. സുധാകരൻ പറഞ്ഞത്. മലയോരജാഥയുടെ തുടക്കത്തിൽത്തന്നെ അദ്ദേഹം ആ ഉത്തരവിനെപ്പറ്റിയും പറയുന്നുണ്ടായിരുന്നു. മനുഷ്യന് അന്തസ്സോടെയും അഭിമാനത്തോടെയും ഇന്ത്യൻ ഭരണഘടന നൽകുന്ന മൗലികാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ജീവിക്കാനുള്ള അധികാരമുണ്ട്. വന്യമൃഗ ആക്രമണം തടയുന്നതിനുവേണ്ടിയുള്ള നടപടികളുമായി വനം വകുപ്പ് മുന്നോട്ടുപോകുകയാണ്. രാജ്യത്ത്

വനവിസ്തൃതി വർധിച്ചു. കേരളത്തിൽ വനവിസ്തൃതി വർധിപ്പിക്കുകയില്ല എന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. എന്നാൽ ദേവികുളം നിയോജകമണ്ഡലത്തിലെ പള്ളിവാസൽ, ചിന്നക്കനാൽ, കെ.ഡി.എച്ച്. (Kannn Devan Hills) അടക്കമുള്ള പ്രദേശങ്ങളിൽ വനവിസ്തൃതി വർധിപ്പിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. വനം വകുപ്പിന്റെ ആ ഉത്തരവ് പിൻവലിക്കണം. അതുപോലെ, വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ഈ വർഷം 50 കോടി രൂപ കൂടുതലായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് ഒരു ലക്ഷം രൂപയുമാണ് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. വന്യമൃഗ ആക്രമണത്തിനിരയാകുന്നവരെ വനം വകുപ്പാണ് ആശുപത്രിയിലെത്തിക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ നാലഞ്ച് ലക്ഷം രൂപവരെ ചികിത്സാ ചെലവായി നൽകേണ്ടിവരുന്നവരുണ്ട്. വനം വകുപ്പ് ഒരു ലക്ഷം രൂപ നൽകിയാലും ബാക്കിയുള്ള തുക അവർ സ്വന്തമായി കണ്ടെത്തണം. പലപ്പോഴും എം.എൽ.എ.-മാർ അടക്കം അവിടെ ഗ്യാരന്ററായി നിൽക്കേണ്ട അവസ്ഥയാണുള്ളത്. അതുകൊണ്ട് ഈ തുക വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആൻസലൻ: സർ, 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ സഹകരണം, കൃഷി, വനം, വ്യവസായങ്ങൾ, തുറമുഖങ്ങൾ എന്നീ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ത്യയിലെ ഇതര സഹകരണ പ്രസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്ന മേഖലയാണ്. രണ്ട്

ലക്ഷത്തിലധികം കോടി രൂപയുടെ നിക്ഷേപമുള്ള കരുത്തുറ്റ സഹകരണ പ്രസ്ഥാനമാണ് കേരളത്തിലുള്ളത്. അത് ഇന്ത്യയിലെ ഭരണാധികാരികളുടെ പ്രധാനപ്പെട്ട ആക്രമണത്തിന്റെ കേന്ദ്രമായി മാറിയിരിക്കുന്നുവെന്ന കാര്യം നാം കാണേണ്ടതുണ്ട്. കേരളത്തിലെ സഹകരണ മേഖലയെ തകർക്കാനും അത് ഇല്ലായ്മ ചെയ്യുന്നതിനുമായി സഹകരണ മേഖലയുടെ വിശ്വസ്തതയെ തകർത്ത് കേരളത്തെ സാമ്പത്തികമായി ഞെരുക്കുക എന്ന ദുഷ്ടലാക്കാണ് കേന്ദ്രസർക്കാരിനുള്ളത്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ സഹകരണ മേഖലയുടെ ചെറിയൊരു ശതമാനം ക്രമക്കേടിന്റെയും കെടുകാര്യസ്ഥതയുടെയും ഭാഗമായിത്തീർന്നിട്ടുണ്ടെന്നത് വസ്തുതയാണ്. ക്രമക്കേടുകൾ സൂചിപ്പിക്കപ്പെട്ട സഹകരണ ബാങ്കുകളിൽ 90 ശതമാനത്തിലും യു.ഡി.എഫ്. നേതൃത്വം നൽകുന്ന ഭരണസമിതികളാണുള്ളതെന്ന കാര്യം വ്യക്തമാണ്. ഇപ്പോൾ അത്തരം സഹകരണ ബാങ്കുകൾ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സംരക്ഷണ കവചത്തിനകത്ത് നിന്നുകൊണ്ട് രക്ഷപ്പെടുന്നതിന് പരിശ്രമിക്കുകയാണ്. തെറ്റായ നീക്കങ്ങൾ നടത്തി ജനങ്ങളുടെ വിശ്വാസ്യതയെ തകർത്ത അത്തരം ഭരണസമിതികൾക്കെതിരെ നടപടി സ്വീകരിക്കണം. സഹകരണ ബാങ്കുകളിൽ എത്തിച്ചേരുന്ന നിക്ഷേപത്തിന്റെ നല്ലൊരു ശതമാനവും വായ്പയായും മറ്റ് ക്രയവിക്രയങ്ങളായും ജനങ്ങളിൽത്തന്നെ തിരിച്ചെത്തുന്നുണ്ട്. വായ്പാ തിരിച്ചടവ് ഉൾപ്പെടെ പണത്തിന്റെ തിരിച്ചുവരവിലെ കാലതാമസം ബാങ്കുകളുടെ നിലനിൽപ്പിനെ ബാധിക്കുന്നുണ്ട്. ഈ വിഷയത്തിൽ സഹകരണ വകുപ്പ് കൃത്യമായി ഇടപെടുകയും സഹകരണ പ്രസ്ഥാനത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനും കാര്യമാത്രപ്രസക്തമാക്കുന്നതിനുമായി ഭരണപരിഷ്കാരം കൊണ്ടുവരികയും അത്

ഗുണകരമായിത്തീരുകയും ചെയ്തിട്ടുണ്ട്. സഹകരണ സംരക്ഷണ നിയമം സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ കൂടുതൽ കരുത്തോടെ മുന്നോട്ടുപോകാൻ ഈ പ്രസ്ഥാനത്തിന് സഹായകമാകും. സംസ്ഥാനത്തെ സഹകരണ മേഖല നടത്തുന്ന സേവനങ്ങൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലൊന്നും നമുക്ക് കാണാൻ സാധിക്കില്ല. സ്കൂളുകൾ, എഞ്ചിനീയറിങ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബിസിനസ്സ് സ്ഥാപനങ്ങൾ, നിർമ്മാണമേഖലയിലെ സംരംഭങ്ങൾ എന്നിവയിലൊക്കെ സഹകരണ പ്രസ്ഥാനം കരുത്തോടെ ഇടപെടുന്നുണ്ട്. കഴിഞ്ഞ എട്ടേമുക്കാൽ വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾകൊണ്ട് കേരളത്തിന്റെ കാർഷികോല്പാദന രംഗത്ത് ഇന്ത്യയിലെ ചുരുക്കം ചില സംസ്ഥാനങ്ങളുടെ പട്ടികയിലേക്ക് എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന കാര്യം കാണാതെ പോകുന്നത് ശരിയല്ല. പരിമിതികളും പ്രയാസങ്ങളും ഈ മേഖലയിലുണ്ടെന്നത് യാഥാർഥ്യമാണ്. കേരളം വിശാലമായൊരു ഭൂപ്രദേശമല്ല. ഒരുഭാഗത്ത് മലനാടും മറുഭാഗത്ത് തീരദേശവും ഇടനാടും ഉൾപ്പെടുന്ന വളരെയേറെ ജനസാന്ദ്രതയുള്ള പ്രദേശമായതിനാൽ കാർഷികമേഖല വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതിനാൽ കാർഷിക മേഖലയെ കൂടുതൽ സജീവമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച്, വേനൽക്കാലത്ത് കൃഷിക്ക് ആവശ്യമായ ജലം ലഭിക്കാത്ത പ്രശ്നമുണ്ട്. വിസ്തൃതമായ കുളങ്ങളും ചെറുകുളങ്ങളും ഉൾപ്പെടെ പതിനായിരക്കണക്കിന് ജലസ്രോതസ്സുകൾ കാർഷികമേഖലയ്ക്ക് ആശ്രയിക്കാവുന്ന തരത്തിൽ ഇവിടെയുണ്ടെങ്കിലും അവയിൽ പലതും ചെളിയടിഞ്ഞും പായൽ കയറിയും വെള്ളം പൂർണ്ണമായും ശേഖരിച്ചുനിർത്താൻ കഴിയാത്ത തരത്തിൽ ഉപയോഗശൂന്യമായി

മാറിയിരിക്കുകയാണ്. പണ്ടുകാലത്ത് കുളിക്കുന്നതിനും വസ്ത്രം അലക്കുന്നതിനും മറ്റുമായി ആളുകൾ കുളങ്ങളെ കൂടുതലായി ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ കാലം മാറിയതിന്റെ ഭാഗമായി നാം അവയെ ആശ്രയിക്കുന്നില്ല. ഈ കുളങ്ങളിലെല്ലാം കോടിക്കണക്കിന് രൂപയുടെ മണ്ണും ചെളിയുമാണ് അടിഞ്ഞുകിടക്കുന്നത്. ഇത് കൃഷി വകുപ്പിന് ഒറ്റയ്ക്ക് കൈാര്യം ചെയ്യാൻ കഴിയുന്ന വിഷയമല്ല. തദ്ദേശസ്വയംഭരണം, ജലസേചനം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് ഇതിലെ മണ്ണും ചെളിയും സുതാര്യമായി ലേലം ചെയ്തുകൊടുത്താൽ അത് നിർമ്മാണ സാമഗ്രികളായ ഇഷ്ടിക, ഓട് തുടങ്ങിയവയും കളിമൺപാത്രങ്ങളും നിർമ്മിക്കുന്നതിനുള്ള അസംസ്കൃതവസ്തുവായി ഉപയോഗിക്കാൻ കഴിയും. കൂടാതെ, മണ്ണും ചെളിയും ലേലം ചെയ്യുന്നതിലൂടെ ലഭിക്കുന്ന തുക ഉപയോഗപ്പെടുത്തി കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാധിക്കും. ശുദ്ധജലത്തിന്റെ ഏറ്റവും നല്ല ഉറവിടമായി ഇവയെ മാറ്റേണ്ടതുണ്ട്. കേരകൃഷിയിൽ നമുക്ക് അഭിമാനത്തോടെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. തെങ്ങിൻതൈ നട്ടുപിടിപ്പിച്ചാലുടൻ രോഗം ബാധിച്ച് നശിച്ചുപോകുന്നുവെന്നതാണ് ഈ മേഖലയിലെ ഇപ്പോഴത്തെ പ്രശ്നം. വീട്ടുവളപ്പിൽ തെങ്ങ് നട്ടുപിടിപ്പിച്ച് പരിപോഷിപ്പിക്കുന്നവരാണ് കേരളീയർ. എന്നാൽ ഇന്ന് കാറ്റുവീഴ്ചയടക്കം അവയെ കീഴടക്കുകയാണ്. ഇത്തരം സമയങ്ങളിൽ വൻതോതിൽ കീടനാശിനികൾ ഉപയോഗിക്കേണ്ടിവരുന്നുണ്ട്. പുതിയ ചികിത്സാ രീതികളും രോഗപ്രതിരോധ മാർഗങ്ങളും വ്യാപകമായി ഉപയോഗപ്പെടുത്തി നാളികേരകൃഷിയെ സംരക്ഷിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കേണ്ടതുണ്ട്. കേരഗ്രാമം പദ്ധതി ഗുണകരമായി മുന്നേറുകയാണ്. പുറമ്പോക്കുകൾ ഉൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ ഭൂമിയിൽ തെങ്ങിൻ തൈകൾ

വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിന്റെ വ്യവസായ മേഖല ആരെയും അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള വളർച്ച നേടിയിരിക്കുകയാണ്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ മാത്രമല്ല, ഇൻവെസ്റ്റുമെന്റുകൾ സ്വീകരിക്കുന്ന വിധത്തിൽ കേരളത്തിലെ കാര്യങ്ങൾ എത്തിക്കഴിഞ്ഞു. ദിവസ വേതനത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. ഇപ്പോൾത്തന്നെ തൊഴിലില്ലായ്മ നമ്മെ ബാധിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേർന്ന 30 ലക്ഷത്തിലധികം ആളുകൾ ഇവിടത്തെ നിർമ്മാണ-സേവന മേഖലകളിൽ പണിയെടുക്കുകയാണ്. ഇവരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരാണ്. പണ്ടത്തെപ്പോലെ കൃഷിയിടങ്ങളിൽ തൊഴിൽ ചെയ്യുന്നവർ മാത്രമല്ല ഇവിടെ എത്തുന്നത്. ഉന്നതവിദ്യാഭ്യാസം നേടിയവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള സാധ്യത ഇവിടെ ഉണ്ടാകുകയാണ്. വിദേശ രാജ്യങ്ങളിൽ പോയി ഉന്നതവിദ്യാഭ്യാസം നേടി അവിടത്തെ പൗരന്മാരായി മാറുന്ന പുതിയ തലമുറയെ മാറ്റിയെടുക്കുന്നതിനാണ് കേരളത്തിൽ സ്വകാര്യ സർവകലാശാല അടക്കമുള്ള സംവിധാനങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത്. അതായത്, സ്വകാര്യ സർവകലാശാലയിൽ പഠിച്ചതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് വ്യവസായ സംരംഭങ്ങൾ എന്നിവവഴി ലക്ഷക്കണക്കിനാളുകൾക്ക് കേരളത്തിൽ തൊഴിൽ സാധ്യതയുണ്ടാകുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കൊണ്ടുവരുന്നത്. പണ്ട് കേരളത്തിൽ കൊട്ടിഘോഷിക്കപ്പെട്ട, യാതൊരു ഗുണവും ലഭിക്കാത്ത ധാരാളം മീറ്റുകൾ നടത്തിയിട്ടുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുവെന്നല്ലാതെ സംസ്ഥാനത്തിന് അതുകൊണ്ട് യാതൊരു

പ്രയോജനവുമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ അത് യാഥാർഥ്യമായിരിക്കുകയാണ്. വിഴിഞ്ഞം പദ്ധതി എന്നുപറയുന്നത് തിരുവനന്തപുരം ജില്ലയെ സംബന്ധിച്ച് വലിയൊരു അവസരമാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസന സാധ്യതാ പട്ടികയിൽ നെയ്യാറ്റിൻകരപോലെയുള്ള പ്രധാനപ്പെട്ട പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിലപാട് സ്വീകരിക്കണം. ശ്രീ. എം. വിൻസെന്റ് എം.എൽ.എ. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ തുറമുഖത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട 80% പ്രവൃത്തികളും പൂർത്തീകരിച്ചത് 2006-2011 കാലഘട്ടത്തിൽ ഇവിടെ ഭരിച്ച വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റാണ്. ആ സർക്കാരാണ് ഭൂമി ഏറ്റെടുക്കുന്നതടക്കമുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് കരാർ നടപടികളുമായി മുന്നോട്ടുപോയത്. പിന്നീട് അധികാരത്തിൽ വന്ന ഉമ്മൻ ചാണ്ടി ഗവൺമെന്റ് ചൈനീസ് കമ്പനിയുമായി ബന്ധമുള്ള തെലങ്കാനയിലെ കമ്പനിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത കരാർ റദ്ദ് ചെയ്തു. മത്സ്യത്തൊഴിലാളികളും അവരെ നയിക്കുന്ന ക്രിസ്തീയ സഭകളും ഉൾപ്പെടെയുള്ള ആയിരക്കണക്കിനാളുകൾ സമരം ചെയ്ത് സമ്മർദം ചെലുത്തിയതിന്റെ ഭാഗമായി പിന്നീടുണ്ടാക്കിയ കരാർ വ്യവസ്ഥകളെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അവ കേരളത്തിന് ഗുണകരമാണോയെന്നുള്ളത് വിമർശനപരമായി പരിശോധിക്കുമ്പോഴും പദ്ധതിയുടെ ഭാഗമായി ചെലവഴിക്കേണ്ട മുഴുവൻ തുകയും മുടക്കിക്കൊണ്ടുതന്നെയാണ് പിണറായി ഗവൺമെന്റ് പദ്ധതിയുമായി മുന്നോട്ടുപോയിട്ടുള്ളത്. അത്തരത്തിൽ യാഥാർഥ്യമായ വിഴിഞ്ഞം തുറമുഖത്തിന്റെ പിതൃത്വം ഏറ്റെടുക്കുന്നതിന് ഉമ്മൻ ചാണ്ടി ഗവൺമെന്റിനോ യു.ഡി.എഫ്.-നോ കഴിയില്ല. 9

വർഷക്കാലം കേരളം ഭരിച്ച ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയും തുറമുഖ വകുപ്പിന്റെ നിലപാടുകളുമാണ് വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാക്കുന്നതിനിടയാക്കിയത്. കേരളത്തിന്റെയും രാജ്യത്തിന്റെയും വികസന ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായി അത് മാറിയിരിക്കുകയാണ്. 2035-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യുമെന്ന് പറയപ്പെടുന്ന പദ്ധതി 7 വർഷം മുമ്പ് കമ്മീഷൻ ചെയ്യുകയാണെങ്കിൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തിയും സുതാര്യതയുമാണെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പിതൃത്വം ഏറ്റെടുത്ത ശ്രീ. കെ. ആൻസലൻ കരുവന്നൂരിന്റെ പിതൃത്വം ഞങ്ങൾക്ക് വിട്ടുതന്നതിൽ നന്ദി അറിയിക്കുകയാണ്. പദ്ധതികളുടെ രൂപീകരണത്തിലും വികസന പ്രവർത്തനങ്ങളിലും ആവശ്യമായ പണം അനുവദിക്കുന്നതിലും ന്യായമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല എന്നതാണ് പ്രധാനമായും എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. നീതിപൂർവമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. തികച്ചും പക്ഷപാതപരമായിട്ടാണ് ഗവൺമെന്റ് പ്രവൃത്തിക്കുന്നത്. പദ്ധതികളിൽ പ്രകടമായ വേർതിരിവാണ് കാണുന്നത്. പി.ഡബ്ല്യു.ഡി. റോഡുകൾ, ഗ്രാമീണ റോഡുകൾ തുടങ്ങിയവയ്ക്ക് പണം അനുവദിക്കുന്നതടക്കം നിരവധി ഉദാഹരണങ്ങളുണ്ട്, അതെല്ലാം ഞാൻ വിവരിക്കുന്നില്ല. കേരളം ഇന്ത്യയിൽ തന്നെയാണ്, അങ്ങനെതന്നെ ആയിരിക്കണം എന്നതിൽ യാതൊരു സംശയവുമില്ല. പേരാവൂരും ഇരിക്കൂറും മഞ്ചേശ്വരവും കാസർഗോഡും സുൽത്താൻബത്തേരിയും കൽപ്പറ്റയും മലപ്പുറവും പാലക്കാടും മൂവാറ്റുപുഴയും കുണ്ടറയും

കോവളവും കേരളത്തിൽ തന്നെയാണെന്ന കാര്യം സർക്കാർ മനസ്സിലാക്കണം, ഓർമ്മിക്കണം എന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലെ ജനങ്ങളും നികുതിയും സെസ്സുമൊക്കെ കൊടുക്കുന്നുണ്ട്. അവരും വർധിപ്പിച്ച ഫീസ് ഉൾപ്പെടെ അടയ്ക്കുന്നവരാണ്. ഞങ്ങൾക്ക് അവകാശപ്പെട്ട കാര്യങ്ങളാണ് ചോദിക്കുന്നത്, അവ നൽകാൻ നിങ്ങൾ തയ്യാറാകണം. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് വന്യമൃഗശല്യത്തെക്കുറിച്ചാണ്. വയനാട് കഴിഞ്ഞാൽ വന്യമൃഗശല്യം ഏറ്റവും രൂക്ഷമായ ഒരു നിയോജകമണ്ഡലത്തിലെ പ്രതിനിധിയാണ് ഞാൻ. ഈയടുത്ത ദിവസങ്ങളിലുണ്ടായ കാര്യങ്ങൾ എല്ലാവർക്കുമറിയാം. വന്യജീവികളിൽനിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ 2-ൽ ആണ് കാട്ടുപന്നികൾ ഉൾപ്പെട്ടിട്ടുള്ളത്. അതിനെ വെർമിനായി പ്രഖ്യാപിക്കാൻ 1972-ലെ നിയമത്തിന്റെ 62-ാം വകുപ്പ് കേന്ദ്രത്തിന് അധികാരം നൽകുന്നുണ്ട്. 'The Central Government may, by notification, declare.....' എന്നാണ് പ്രസ്തുത വകുപ്പ് ആരംഭിക്കുന്നത്. അതിനെ നമുക്ക് കേന്ദ്രത്തെയോ ആവശ്യമെങ്കിൽ കോടതികളെയോ സമീപിക്കാവുന്നതാണ്. അതുകൊണ്ട് സുപ്രീം കോടതി വരെയുള്ള നിയമപോരാട്ടത്തിന് സർക്കാർ തയ്യാറാകണമെന്നും കേരളത്തിന്റെ ഈ ആവശ്യം നേടിയെടുക്കാൻ സന്നദ്ധമാകണമെന്നും ഞാൻ അഭ്യർഥിക്കുകയാണ്. സഹകരണ മേഖലയെക്കുറിച്ച് സംസാരിക്കാനാണ് ഞാൻ പ്രധാനമായും ആഗ്രഹിക്കുന്നത്. സഹകരണ മേഖലയെ തകർക്കുന്ന, നട്ടെല്ലൊടിക്കുന്ന ജനാധിപത്യവിരുദ്ധ നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പുകൾ നീതിപൂർവമല്ല. സഹകരണ തത്വങ്ങളിൽ

ഏറ്റവും പ്രധാനപ്പെട്ടത് സഹകരണ ജനാധിപത്യമാണ്. കള്ളവോട്ട്, ആൾമാറാട്ടം, ബൂത്ത് പിടിത്തം തുടങ്ങിയ കുപ്രസിദ്ധമായ പരിയാരം മോഡൽ തിരഞ്ഞെടുപ്പുകൾ ഇന്ന് ചേവായൂരിലും എന്റെ നിയോജകമണ്ഡലത്തിലെ ആനപ്പന്തിയുൾപ്പെടെയുള്ള സ്ഥലങ്ങളിലും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഓർഡറുകൾക്ക് കടലാസിന്റെ വിലപോലും കൽപ്പിക്കാതെയാണ് സി.പി.ഐ.(എം.)-ന്റെയും പോലീസിന്റെയും സഹകരണ വകുപ്പിന്റെയും ഒത്താശയോടെ സഹകരണ ജനാധിപത്യം കശാപ്പ് ചെയ്ത് സംഘങ്ങൾ വെട്ടിപ്പിടിക്കുന്നത്. എന്നിട്ടും മതിയാകാത്തതുകൊണ്ട് കണ്ടെത്തിയിരിക്കുന്ന കുത്സിത ബുദ്ധി അഥവാ കുതന്ത്രമാണ് കേരള സഹകരണ ചട്ടത്തിലെ പുതിയ പരിഷ്കാരത്തിനുവേണ്ടിയുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ. ഫെബ്രുവരി മാസം 22-ാം തീയതി നിയമസഭാ സമ്മേളന സമയത്താണ് ആ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. സംഘം ഭരണസമിതിയെ അവിശ്വാസ പ്രമേയത്തിലൂടെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള അസാധാരണ ചട്ടഭേദഗതിയാണ് അതിൽ നിർദ്ദേശിച്ചിട്ടുള്ളത്. 2023-ൽ കേരള നിയമസഭ വളരെ ഗഹനമായി ചർച്ച ചെയ്ത് മഹാരാഷ്ട്ര ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ സെലക്ട് കമ്മിറ്റി സന്ദർശനം നടത്തി പഠിച്ചതിനുശേഷമാണ് സഹകരണ നിയമത്തിൽ സമഗ്ര പരിഷ്കാരങ്ങൾ നടപ്പാക്കിയത്. ഞാനും ആ കമ്മിറ്റിയിലെ അംഗമായിരുന്നു. അതിനെത്തുടർന്ന് 2024-ലാണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയത്. ആ ചട്ടങ്ങളിലോ 2023-ലെ നിയമഭേദഗതിയിലോ സംഘം ഭരണസമിതിയെ ഒന്നാകെ പിരിച്ചുവിടാനുള്ള വ്യവസ്ഥയില്ല. എന്നാൽ സംഘം പ്രസിഡന്റിനെയോ വൈസ് പ്രസിഡന്റിനെയോ പിരിച്ചുവിടുന്നതിന് സഹകരണ നിയമത്തിന്റെ 28 (AB) വകുപ്പുപ്രകാരം

വ്യവസ്ഥയുണ്ട്. പക്ഷെ ഭരണസമിതിയിലെ ഭൂരിപക്ഷം അംഗങ്ങൾ ചേർന്ന് അവിശ്വാസ പ്രമേയം പാസ്സാക്കുകയും മൂന്നിൽ രണ്ട് അംഗങ്ങൾ നോട്ടീസിൽ ഒപ്പിടുകയും പകുതിയിൽ കുറയാത്ത അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കുകയും ചെയ്താൽ മാത്രമേ ഒരു പ്രസിഡന്റിനെയോ വൈസ് പ്രസിഡന്റിനെയോ ട്രഷററെയോ ഭാരവാഹിത്വത്തിൽനിന്നും പുറത്താക്കാൻ കഴിയുകയുള്ളൂ. എന്നാൽ പുതിയ 43(ബി) ഭേദഗതി പ്രകാരം സംഘം ജനറൽ ബോഡിയിലെ മൂന്നിലൊന്ന് ആളുകൾ മാത്രം നോട്ടീസ് നൽകിയാൽ മതി. അതിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ എന്താണ്? 43 ബി(12) പ്രകാരം യോഗത്തിന്റെ ക്വാറമെന്നത് സംഘത്തിന്റെ ജനറൽ ബോഡി വിളിച്ചുചേർക്കാനുള്ള ക്വാറമാണ്. ഞാൻ മുമ്പ് ഉളിക്കൽ സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നു. ആ സംഘത്തിൽ ഇപ്പോൾ 14000 പേരുണ്ട്. അതിൽ ജനറൽ ബോഡി വിളിച്ചുചേർക്കാനുള്ള ക്വാറം 50 ആണ്. അവിടെ ഭരണസമിതിക്കെതിരെയുള്ള അവിശ്വാസ പ്രമേയം ചർച്ച ചെയ്യാൻ 50 പേർ പങ്കെടുക്കുന്ന ഒരു യോഗം മതിയാകും. ആ യോഗത്തിൽ വച്ച് 14000 അംഗങ്ങളുടെ പിൻബലത്തിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട 26 പേർ ഉൾപ്പെടുന്ന ഭരണസമിതിയെ വെറും 50 പേരുടെ പിന്തുണയിൽ പിരിച്ചുവിടാൻ സാധിക്കും. ഇത്രയും വിപുലമായ യോഗം ചേരുന്നത് സംഘം ഓഫീസിലാണ് എന്നുള്ളതാണ് മറ്റൊരു വ്യവസ്ഥ. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിശോധിക്കണം, തെറ്റായ ഡ്രാക്കോണിയൻ നിയമം (Draconian law) പിൻവലിക്കണം. സംഘം ജനറൽ ബോഡിയുടെ അവകാശങ്ങൾ എന്താണെന്ന് സഹകരണ നിയമത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. സെക്ഷൻ 35 പ്രകാരം ആവശ്യമെങ്കിൽ പ്രത്യേക ജനറൽ ബോഡി യോഗം വിളിച്ചുചേർക്കാം. ഒരു ഭരണസമിതിക്കെതിരെ കുറ്റകരമായ എന്തെങ്കിലും

പ്രശ്നമുണ്ടെങ്കിൽ സെക്ഷൻ 32 പ്രകാരം ആ ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം സഹകരണ വകുപ്പിനും രജിസ്ട്രാർക്കുമുണ്ട്. ഈ അധികാരങ്ങൾ നിലനിൽക്കുകയാണ്. ഒരു പഞ്ചായത്ത് മെമ്പറെ അവിശ്വാസപ്രമേയത്തിലൂടെ മാറ്റാൻ സാധിക്കും. ഒരു വാർഡ് മെമ്പറെ വോട്ട് ചെയ്ത് വിജയിപ്പിക്കുന്നത് ആയിരം പേരായിരിക്കും. ഒരു പഞ്ചായത്ത് മെമ്പറെ മാറ്റണമെങ്കിൽ അതുസംബന്ധിച്ച് പഞ്ചായത്ത് രാജ് നിയമത്തിൽ പറഞ്ഞിട്ടുണ്ടോ? ഒരു എം.എൽ.എ.-യെയോ മുഖ്യമന്ത്രിയെയോ മാറ്റാൻ സാധിക്കും, സർക്കാരിനെയും മാറ്റാം. ഒരു പഞ്ചായത്ത് മെമ്പറെ മാറ്റാൻ 50 പേർ മതിയോ; അങ്ങനെയൊരു ക്വാറമുണ്ടോ? പാർലമെന്റ് അംഗത്തെ മാറ്റാൻ സാധിക്കുമോ; ഇന്ത്യാരാജ്യത്ത് അങ്ങനെയൊരു വ്യവസ്ഥയുണ്ടോ? ഭരണസമിതിയെ കഴുത്തുഞെരിച്ച് കൊല്ലാനുള്ള കിരാതമായ നിയമം നിയമസഭ സമ്മേളിക്കുന്ന സമയത്ത് പ്രസിദ്ധീകരിച്ചത് തെറ്റാണ്. അത് പിൻവലിച്ച് സഹകരണ ജനാധിപത്യം സംരക്ഷിക്കാൻ സർക്കാർ തയ്യാറാകണം. സഹകരണ മേഖല സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. സജീവ് ജോസഫിന്റെ നിയോജകമണ്ഡലത്തിലെ കോളിത്തട്ട് സർവീസ് സഹകരണ ബാങ്ക് കോൺഗ്രസ്സിന്റെ കൈയിൽനിന്നും സി.പി.ഐ.(എം.) പിടിച്ചെടുത്തതാണ്. 14 കോടി രൂപ ടേണോവറുണ്ടായിരുന്ന ആ ബാങ്കിന്റെ നിലവിലെ അവസ്ഥയെന്താണ്? 14 കോടി രൂപയും ലോക്കൽ കമ്മിറ്റി ഭാരവാഹികൾ ഉൾപ്പെടെയുള്ള ആളുകൾ കട്ടെടുത്തിരിക്കുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നിഷേധിക്കാൻ സാധിക്കുമോ? ലോക്കൽ കമ്മിറ്റിയിലുള്ള ആളുകൾ വ്യാജ ലോണെടുത്ത് തിരിമറി നടത്തി രേഖകളിൽ കൃത്രിമം കാണിച്ച് ആ സംഘത്തിന്റെ മുഴുവൻ ആസ്തിയും ഇന്ന് കൈക്കലാക്കിയിരിക്കുകയാണ്. അവിടെ പണം നിക്ഷേപിച്ച

ആളുകൾ വഴിയാധാരമായിരിക്കുകയാണ്, ഇന്ന് അവർ സമരമുഖത്താണ്. അതുകൊണ്ട് കേരളത്തിലെ സഹകരണ മേഖലയെ ശുദ്ധീകരിക്കാൻ ഗവൺമെന്റ് ആത്മാർഥമായി പരിശ്രമിക്കണം. പിടിച്ചെടുക്കുന്ന, ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന നടപടികൾ അവസാനിപ്പിക്കണം. ചട്ടം ഭേദഗതിക്കായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പിൻവലിക്കുമെന്ന് ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2011 മുതൽ 2016 വരെ ആദരണീയനായ ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ ഒരു ഭരണമുണ്ടായിരുന്നു. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളോടും എങ്ങനെ വിവേചനം കാണിച്ചുവെന്ന് ആ ഭരണകാലത്തെ അനുഭവങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എൽ.ഡി.എഫ്. പ്രതിനിധീകരിക്കുന്ന മണ്ഡലങ്ങളിൽ മുഴുവൻ കടുത്ത അവഗണനയാണ് കാണിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ വിവേചനരഹിതമായ വികസന പരിപാടികൾ കാഴ്ചവച്ച് മുന്നോട്ടുപോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ സൂചിപ്പിക്കുകയുണ്ടായി. അതിനനുയോജ്യമായ വികസന പരിപാടികളാണ് 9 വർഷക്കാലമായി കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പ്രതിപക്ഷത്തുള്ളവർക്കും അറിയാമെങ്കിലും അവർ കാര്യങ്ങൾ മറച്ചുവച്ചുകൊണ്ടാണ് സംസാരിക്കുന്നത്. അങ്കമാലി, പറവൂർ, ഹരിപ്പാട്, ഏറനാട് എന്നീ മണ്ഡലങ്ങളിൽ 9 വർഷക്കാലത്തിനിടയിൽ എത്ര കോടി

ശ്രുപയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവെന്നതിന്റെ കണക്ക് പറയാൻ തയ്യാറുണ്ടോ? സഭയുടെ മുമ്പാകെ വ്യാജപ്രചരണങ്ങൾ നടത്തി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ബോധപൂർവം കരിവാരി തേയ്ക്കാനാണ് പ്രതിപക്ഷം ശ്രമം നടത്തുന്നതെന്ന് ഈ മണ്ഡലങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. നവകേരള സൃഷ്ടിക്കുവേണ്ടി മാതൃകാപരമായ പ്രവർത്തനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിവരുന്നത്. ഒരു രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും വികസനത്തിന്റെ അടിസ്ഥാനം കൃഷിയും വ്യവസായവും സേവനവുമാണ്. സേവന മേഖലയിൽ വൻമുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞവർഷങ്ങളിൽ പ്രധാനമായും ചർച്ച ചെയ്തിരുന്നത് കാർഷിക-വ്യാവസായിക രംഗത്തെ പിന്നോക്കാവസ്ഥയെക്കുറിച്ചായിരുന്നു. എന്നാൽ വ്യാവസായിക രംഗത്ത് ബഹുമാന്യനായ വകുപ്പുമന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ ഉജ്ജ്വലമായ മുന്നേറ്റം നടത്തുകയും ലോക ശ്രദ്ധയാർജിക്കുകയും ചെയ്തിട്ടുണ്ട്. നൂതന പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടാണ് കാർഷികരംഗവും മുന്നോട്ടുപോകുന്നത്. കാർഷികോല്പന്നങ്ങളിൽ സ്ഥിരവില ലഭിക്കുന്ന ഏക ഉത്പന്നം നെല്ലാണെന്ന് നമുക്കെല്ലാമറിയാം. 'തരിശ്രൂരഹിത കേരളം' പദ്ധതി ആവിഷ്കരിച്ചതിലൂടെ നെല്ലുല്പാദനം മെച്ചപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടയിൽ 2500 ഹെക്ടർ സ്ഥലത്ത് പുതുതായി കൃഷിയിറക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട നേട്ടമാണ്. കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ പഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യത്തെ തരിശ്രൂരഹിത പഞ്ചായത്തായി പ്രഖ്യാപിക്കുകയുണ്ടായി. കേരളത്തിലെ ചില മണ്ഡലങ്ങളും തരിശ്രൂരഹിതമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇവിടെ നെല്ലിന്

മികച്ച വില നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ 21 രൂപ 83 പൈസ തരുമ്പോൾ സംസ്ഥാന സർക്കാർ 6 രൂപ 37 പൈസയുംകൂടി ചേർത്ത് 28 രൂപ 20 പൈസയാണ് നെല്ലിന് വിലയായി നൽകുന്നത്.——നെല്ലിന്റെ സംഭരണവിലയിൽ 1278 കോടി രൂപ കേന്ദ്രം കുടിശ്ശികയാക്കിയിരിക്കുകയാണ്. കൃഷിക്കാർക്കുവേണ്ടി ഘോരഘോരം പ്രസംഗിച്ച തിരൂർ അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ അക്കാര്യം സൂചിപ്പിച്ചില്ലല്ലോ. കേന്ദ്രത്തെ വിമർശിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന് എന്താണിത്ര വിമ്മിഷ്ടം; കേന്ദ്ര സർക്കാരിന്റെ അവഗണനയെക്കുറിച്ച് തുറന്നുപറയാൻ അദ്ദേഹം തയ്യാറാകേണ്ടതല്ലേ? അക്കാര്യത്തിൽ യു.ഡി.എഫ്. മിണ്ടാറില്ല. എൽ.ഡി.എഫ്.-നോടുള്ള വിരോധം കേരള ജനതയോടുള്ള വിരോധമായി അവർ വളർത്തിക്കൊണ്ടുവരുന്ന കാഴ്ചയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ നെല്ലുല്പാദിപ്പിക്കുന്ന രണ്ട് താലൂക്കുകളാണ് കൊയിലാണ്ടിയും വടകരയും. ആ രണ്ട് താലൂക്കുകളിലുമുള്ള ആവളപ്പാണ്ടി, കരുവോട് ചിറ, വെളിയണ്ണൂർ ചല്ലി, ചെരണ്ടത്തൂർ ചിറ, വേളം, ആയഞ്ചേരി, കുറ്റ്യാടി, തിരുവള്ളൂർ തുടങ്ങിയ പ്രദേശങ്ങൾ വെള്ളക്കെട്ടുകാരണം കൃഷിക്ക് ഉപയുക്തമല്ലെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. എന്റെ മണ്ഡലത്തിൽ 818 ഹെക്ടറിൽ നെൽകൃഷിയുണ്ടെങ്കിലും 370 ഹെക്ടറിൽ മാത്രമേ ഇപ്പോൾ കൃഷി ചെയ്യുന്നുള്ളൂ. 448 ഹെക്ടർ ഭൂമി തരിശായി കിടക്കുകയാണ്. കുറ്റ്യാടിപ്പുഴയെക്കാൾ താഴ്ന്ന നിരപ്പിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് മഴ പെയ്താൽ അവിടെ മുഴുവൻ വെള്ളക്കെട്ടാകുകയും മഴ മാറിയാൽ ജലം ഒലിച്ചുപോകുകയും ചെയ്യും. അതുകൊണ്ട് ജലനിർഗമനത്തിന് ശാസ്ത്രീയ സംവിധാനമേർപ്പെടുത്തിയാൽ എന്റെ മണ്ഡലം പൂർണ്ണമായും തരിശുരഹിതമാക്കി മാറ്റാൻ കഴിയും. അതിനനുയോജ്യമായ പദ്ധതിക്ക്

ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക പരിഗണന നൽകണമെന്ന് വിനയപൂർവം അഭ്യർഥിക്കുകയാണ്. കൃഷി വകുപ്പ് ശ്രദ്ധേയമായ ധാരാളം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടുകൂടി 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും അവയെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കർഷക ഉൽപാദന സംഘടനക്ക് രൂപം നൽകുകയും ചെയ്തു. 2026-നുമുമ്പ് 250 FPO (Farmer Producer Organization)-കൾ എന്ന ലക്ഷ്യം കൈവരിക്കുമെന്ന പ്രതീക്ഷയിലാണ് നാം മുന്നോട്ടുപോകുന്നത്. സമഗ്ര കാർഷിക വികസനത്തിനുവേണ്ടിയുള്ള 2365.5 കോടി രൂപയുടെ പ്രത്യേക പദ്ധതിക്ക് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചത് അഭിനന്ദനാർഹമാണ്. കൃഷി വകുപ്പിൽ നാല്പത് വർഷങ്ങൾക്കുശേഷം ആദ്യമായാണ് ഇത്തരമൊരു പദ്ധതി നടപ്പാകുന്നത്. മൂന്ന് ലക്ഷം തൊഴിൽദിനങ്ങൾ പ്രദാനം ചെയ്യുമെന്ന് വാഗ്ദാനം ചെയ്തതിൽ രണ്ട് ലക്ഷം തൊഴിൽദിനങ്ങൾ നേടിക്കഴിഞ്ഞു. ബാക്കിയുള്ള ഒരു ലക്ഷം തൊഴിൽദിനങ്ങൾ അടുത്തവർഷം നേടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇൻഡോ-ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി പച്ചക്കറി-പുഷ്പ വിളകളുടെ ഒരു മികവിന്റെ കേന്ദ്രം (Centre of Excellence) 13.18 കോടി രൂപ അടങ്കലിൽ വയനാട് ജില്ലയിലെ അമ്പലവയലിൽ പ്രവർത്തനമാരംഭിച്ചത് സ്വാഗതാർഹമാണ്. ഘട്ടംഘട്ടമായി എല്ലാ കൃഷിഭവനുകളെയും സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിനുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനം നടന്നുവരുന്നുവെന്നതും എടുത്തുപറയേണ്ടതാണ്. ഇക്കാര്യങ്ങളെല്ലാം ചെയ്യുമ്പോഴും കൃഷിക്കാരുടെ ദൈനംദിന വരുമാനത്തിൽ കാര്യമായ വർധനവുണ്ടാകുന്നില്ലെന്ന ഗൗരവമായ പ്രശ്നം നിലനിൽക്കുന്നുണ്ട്.

1976-ൽ അഞ്ചേക്കർ കൃഷിഭൂമി കൈവശമുണ്ടായിരുന്ന ഒരു കൃഷിക്കാരന് 1400 രൂപ മാസവരുമാനമുണ്ടായിരുന്നു. അന്ന് ജില്ലാ കളക്ടറുടെ ശമ്പളം 860 രൂപയും എം.എൽ.എ.-യുടേത് 300 രൂപയും മന്ത്രിയുടേത് 700 രൂപയുമായിരുന്നു. എന്നാൽ ഇന്ന് കൃഷിക്കാരന് 500 രൂപപോലും വരുമാനം ലഭിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലത്തെ മുതൽമുടക്കിന്റെ ഫലമായി കാർഷികരംഗത്തുണ്ടായ നേട്ടങ്ങൾ പരിശോധിച്ച് കാലഘട്ടത്തിന് അനുയോജ്യമായ രൂപത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കണം. ഇന്ന് നിലവിലുള്ള പദ്ധതികൾതന്നെ മികവാർന്ന രൂപത്തിൽ മുന്നോട്ടുകൊണ്ടുപോയി ഈ പ്രശ്നം പരിഹരിക്കണം. കഴിഞ്ഞദിവസം ഇവിടെ ബഹുമാന്യനായ മലപ്പുറം അംഗം ഒരു കാര്യം പരാമർശിക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സി.പി.ഐ.(എം.)-ന്റെ അവസാനത്തെ പതാക ഉയർത്തി എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രയോഗം. 1981-ൽ ഇടതുപക്ഷത്തെ കാലുവാരി മറുപക്ഷത്തേക്ക് പോയി ബഹുമാന്യനായ എ. കെ. ആന്റണി മുഖ്യമന്ത്രിയായി അധികാരമേൽക്കുകയും നൂറ് വർഷത്തേക്ക് ഇനി സി.പി.ഐ.(എം) അധികാരത്തിൽ വരില്ലെന്ന് മാലോകരോട് പറയുകയും തങ്ങൾക്ക് പങ്കില്ലാത്ത ഭരണം കേരളത്തിൽ നടക്കില്ലെന്ന് മുസ്ലീം ലീഗും പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷേ 1987-ൽത്തന്നെ മുസ്ലീം ലീഗിന് പങ്കില്ലാത്ത ഇ. കെ. നായനാർ ഗവൺമെന്റ് അധികാരത്തിൽ വന്നുവെന്ന കാര്യവും മനസ്സിലാക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. സി.പി.ഐ.(എം)-ന്റെ ചെങ്കൊടി സംരക്ഷിക്കാൻ ഞങ്ങൾക്കറിയാം. കൊടി താഴ്ത്തിക്കെട്ടുവെന്ന് പറയുമ്പോൾ അത് അഴിച്ച് കക്ഷത്തുവച്ച് നമ്രശിരസ്കരായി തിരിച്ചുവരുന്ന ലീഗിനെ പോലെയല്ല ഞങ്ങൾ. സ്വന്തം

പാർട്ടിയുടെ കൊടി സംരക്ഷിക്കാനുള്ള ശേഷി കാണിക്കാത്ത പാർട്ടിയാണ് മുസ്ലീം ലീഗ്. ആ നിരോധനം നിലനൂരിലെത്തി, നാളെ ഏറനാടിലും ഇതുണ്ടാകുമെന്ന കാര്യം ശ്രീ. പി. കെ. ബഷീർ മനസ്സിലാക്കണം. അതുകൊണ്ട് സ്വന്തം പതാക സംരക്ഷിക്കാനുള്ള ആർജവമെങ്കിലും കാണിച്ചിട്ടുമതി സി.പി.ഐ.(എം)-നെതിരായി വിമർശനം ഉന്നയിക്കേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. മണി: സർ, ഞാൻ ഈ ധനാഭ്യർഥനകളെ സർവാത്മനാ പിന്തുണക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പിന്തുടരുന്ന ജനക്ഷേമ പരിപാടികളുടെയും ജനോപകാരപ്രദമായ നയപരിപാടികളുടെയും വ്യക്തമായ രൂപരേഖയാണ് ഈ ബജറ്റിലൂടനീളം പ്രതിഫലിക്കുന്നത്. പ്രതിപക്ഷത്തിന് വിമർശനങ്ങളൊന്നും ഉന്നയിക്കാനില്ല. പക്ഷെ പ്രതിപക്ഷമെന്ന നിലയിൽ അവരുടെ ദൗത്യം നിറവേറ്റാതിരിക്കാൻ അവർക്ക് കഴിയില്ലല്ലോ. കഴിഞ്ഞകാല ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ ജനക്ഷേമ പരിപാടികളുടെ പ്രതിഫലനമാണ് എൽ.ഡി.എഫ്.-ന് തുടർഭരണം ലഭിക്കാനിടയാക്കിയത്. ബജറ്റിനോടനുബന്ധിച്ച് ഈ സർക്കാർ കേരളത്തിലെ ജനങ്ങളുടെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കുകയും എല്ലാ ജില്ലകളിലെയും വികസനപ്രവർത്തനങ്ങളിൽ മുന്നേറ്റമുണ്ടാക്കുകയും ചെയ്തു. രാജ്യമാകെ ആർ.എസ്.എസ്., സംഘ് പരിവാർ ശക്തികൾ പിടിമുറുക്കുകയും കേന്ദ്രത്തിൽ ബി.ജെ.പി. ഭരണം കൊടികുത്തി വാഴുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇന്ത്യയിലെ ജനാധിപത്യ-മതേതരവാദികൾക്കും മതേതര വിശ്വാസികൾക്കും മതന്യൂനപക്ഷ ജനവിഭാഗങ്ങൾക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും അതിന് നേതൃത്വം നൽകുന്ന സഖാവ്

പിണറായി വിജയനും ആത്മവിശ്വാസം പകരുകയാണ് ചെയ്യുന്നത്. ഇന്നത്തെ ദേശീയ-രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ, രാജ്യത്തെ മതേതര വിശ്വാസികളും മതന്യൂനപക്ഷ ജനവിഭാഗങ്ങളും ഇന്ത്യൻ ജനതയുടെ ഐക്യം കാംക്ഷിക്കുന്നവരും ഉത്കണ്ഠയിലും ഭീതിയിലുമാണ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ സാധിക്കും. രാജ്യത്തെ മതേതര ജനാധിപത്യ ശക്തികൾ ഉയർത്തിപ്പിടിക്കുന്ന ഇന്ത്യയുടെ ഭരണഘടനയും മതനിരപേക്ഷ മൂല്യങ്ങളും ഇന്ന് പ്രതിസന്ധി നേരിടുകയാണ്. സ്വാതന്ത്ര്യം നേടിത്തരുന്നതിൽ വലിയ പങ്കുവഹിച്ചവർ ഭരണം നടത്തിയിട്ട് സ്വാതന്ത്ര്യ സമരത്തിൽ ഒരു സംഭാവനയും ചെയ്യാത്ത, മഹാത്മാഗാന്ധിയെ വകവരുത്തിയ ആളുകളുടെ കൈയിൽ ഇന്ത്യയുടെ ഭരണാധികാരം ഏൽപ്പിച്ചതിന്റെ ഫലമായുണ്ടായ ദുരന്തമാണ് ഇന്ന് ഇന്ത്യൻ ജനത പേറുന്നത്. സഖാവ് പിണറായി വിജയൻ നയിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരണത്തുടർച്ച നേടിയെന്നുള്ളത് ഇന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിൽ അതിപ്രധാനമായ സംഭവമാണ്. ഹിന്ദു വർഗീയ ഫാസിസത്തെ നേരിടുന്നതിന് ആർജവത്തോടുകൂടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം നൽകി പ്രവർത്തിക്കുന്നുവെന്നത് കേരള ജനതയ്ക്ക് മാത്രമല്ല, ഇന്ത്യയിലെ ദേശാഭിമാന-മതേതര ശക്തികൾക്കും മതന്യൂനപക്ഷ ജനവിഭാഗങ്ങൾക്കും ആത്മവിശ്വാസവും ആവേശവും പകരുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരണത്തുടർച്ച നേടിയത് വൃഥാവിലല്ല, ജനങ്ങളോട് പറഞ്ഞതനുസരിച്ച് പ്രവർത്തിക്കുകയും ജനക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തതുകൊണ്ടാണ്. ജനക്ഷേമ പരിപാടികളുടെ ഭാഗമായി അറുപത്തിരണ്ട് ലക്ഷം പേർക്ക് ക്ഷേമനിധി ഉറപ്പാക്കുകയും സർവോപരി

കേരളത്തിന്റെ സർവതോന്മുഖമായ പുരോഗതിയെ മുന്നോട്ടുനയിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്ത ഗവൺമെന്റാണിത്. ഹിന്ദു വർഗീയ ഫാസിസം രാജ്യത്ത് മതേതര മൂല്യങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും മതേതര ശക്തികൾക്കും ഭീഷണി ഉയർത്തുന്ന സാഹചര്യമാണുള്ളത്. ആ ഉത്കണ്ഠയോടുകൂടി ദേശീയ രാഷ്ട്രീയത്തെ നോക്കിക്കാണുമ്പോൾ ഒരു പൊൻവെളിച്ചംപോലെ കേരളത്തിലെ രാഷ്ട്രീയ സാഹചര്യം ആത്മവിശ്വാസം പകരുന്നുവെന്നത് ഒരു നിസ്സാര കാര്യമല്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മതന്യൂനപക്ഷ ജനവിഭാഗങ്ങളുടെയും മതേതര വിശ്വാസികളുടെയും താല്പര്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനെല്ലാം നേതൃത്വം നൽകാൻ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മുഖ്യമന്ത്രിയെന്ന നിലയിൽ സഖാവ് പിണറായി വിജയന്റെ കരങ്ങൾക്ക് ശക്തി പകരേണ്ടത് കേരള ജനതയാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഭരിക്കുന്ന സാഹചര്യത്തിൽ, ബി.ജെ.പി.-യുടേതല്ലാത്ത ഗവൺമെന്റുകൾക്കെതിരെ ഉപജാപം നടത്തുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ കെൽപ്പുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അത് ദേശാഭിമാനശക്തികളുടെയും ഇന്ത്യയുടെ ദേശീയ രാഷ്ട്രീയവും രാജ്യത്തിന്റെ ഭാവിയും കാംക്ഷിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ബാധ്യതയാണ്. നിർഭാഗ്യവശാൽ, കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ആ ധർമ്മം നിറവേറ്റുന്നില്ല. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് മാർഗതടസ്സമുണ്ടാക്കിക്കൊണ്ട് അങ്ങേയറ്റം ജനദ്രോഹപരമായ നയമാണ് സ്വീകരിക്കുന്നത്.

1947 മുതൽ കോൺഗ്രസ്സിലെ മുൻഗാമികൾ ഭരിച്ചുഭരിച്ച് ഇന്ത്യയെ ഇന്ന് എവിടെ കൊണ്ടെത്തിച്ചുവെന്ന വസ്തുത തിരിച്ചറിയാതെ ഇപ്പോഴും ഒരുമാതിരി മുറിമൂക്കന്റെ നിലപാടാണ് യു.ഡി.എഫ്.-ഉം ഐക്യജനാധിപത്യ മുന്നണിയും സ്വീകരിക്കുന്നത്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടർഭരണം നേടിയത് ഇന്ത്യയിലെ ഇടതുപക്ഷ ജനാധിപത്യ മതേതര ശക്തികൾക്ക് ആത്മവിശ്വാസം പകരുന്നതാണ്. എന്തുകൊണ്ടും ഈ ഗവൺമെന്റിനെ സംരക്ഷിക്കേണ്ട ബാധ്യത ഇന്ത്യയിലെ പുരോഗമന ജനാധിപത്യ ശക്തികൾക്കുണ്ട്. പ്രതിപക്ഷം അവരുടെ മുടന്തൻ ന്യായങ്ങൾ തിരുത്തണമെന്ന് വിനീതമായി അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, സഹകരണം, കൃഷി, വനം, വ്യവസായങ്ങൾ, തുറമുഖങ്ങൾ എന്നീ അഞ്ച് ധനാഭ്യർഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. സഹകരണം, കൃഷി എന്നിവയെക്കുറിച്ചാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. കാരണം, ആലപ്പുഴ ജില്ലയിൽ വനമേഖലയില്ല. വ്യവസായമെന്ന് പറയാൻ ആകെയുള്ളത് തകഴി റൈസ് മില്ലാണ്. അക്കാര്യം ഞാൻ പല പ്രാവശ്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അപേക്ഷ നൽകുകയും ചെയ്തെങ്കിലും ഇതുവരെ പരിഗണിച്ചിട്ടില്ല. ഏറ്റവും കൂടുതൽ കൃഷിയുള്ള സ്ഥലമാണ് കുട്ടനാട്. അവിടെ വ്യവസായങ്ങൾ നല്ലരീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞദിവസം നടന്ന മീറ്റിങ്ങിലൊക്കെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപങ്ങളാണ് അവിടേക്ക് വന്നിരിക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ കുട്ടനാട്ടുകാരായ ഞങ്ങളുടെ ഈ അപേക്ഷ പ്രിയങ്കരനായ വ്യവസായ

വകുപ്പുമന്ത്രി പരിഗണിച്ച് തകഴി റൈസ് മിൽ പ്രാവർത്തികമാക്കിത്തരണമെന്ന് അഭ്യർഥിക്കുകയാണ്. അത് ഞങ്ങൾക്ക് അത്യന്താപേക്ഷിതമായ കാര്യമാണ്. സഹകരണ വകുപ്പുമന്ത്രി കുട്ടനാട്ടിനുവേണ്ടി മുൻപന്തിയിൽനിന്ന് സഹായം ചെയ്യുന്ന ഒരാളാണ്. വായ്പയെടുത്തവർ നേരിടുന്ന ജപ്തിയുടെ പ്രശ്നം ഞാൻ സഭയിൽ ഉന്നയിച്ചപ്പോൾ അതിന് മറുപടി പറഞ്ഞത് പ്രിയങ്കരനായ മുഖ്യമന്ത്രിയായിരുന്നു. ഒരുകാരണവശാലും ഒരു വീടും ജപ്തി ചെയ്യില്ല, ഒരു വ്യക്തിയെയും ഭവനത്തിൽനിന്നും ഇറക്കിവിടില്ല, അതിന് ഉചിതമായ തീരുമാനമെടുക്കുമെന്ന് അന്ന് അദ്ദേഹം ഈ സഭയ്ക്ക് വാക്ക് നൽകിയിരുന്നു. അത് പ്രാവർത്തികമാക്കണം. അതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഓർഡറുണ്ടെങ്കിൽ അത് ഞങ്ങൾക്ക് നൽകാനുള്ള മനസ്സലിവുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. സഹകരണ വകുപ്പ് പാവപ്പെട്ടവരുടെ ആശാസങ്കേതമാണ്. സഹകരണ ബാങ്കാണ് അവരുടെ ആശ്രയം, കേരള ബാങ്കാണ് അവരുടെ ബലം. അങ്ങനെയുള്ള സാഹചര്യത്തിൽ അത് കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടുപോകാനുള്ള എല്ലാവിധ സഹകരണവും പൂർണ്ണ പിന്തുണയും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടാകും. ഏറ്റവുമധികം കൃഷിയുള്ള സ്ഥലം കുട്ടനാട് തന്നെയാണ്. ഏറ്റവുമധികം പ്രതിസന്ധിയുള്ളതും കുട്ടനാട്ടിലാണ്. നല്ലൊരു കൃഷി വകുപ്പുമന്ത്രിയാണ് നമുക്കുള്ളത്. എന്തുവാവശ്യത്തിന് വിളിച്ചാലും വരികയും എല്ലാ സഹായങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. നല്ല നിലയിൽ അദ്ദേഹം കൃഷിയെ പുരോഗമിപ്പിക്കുന്നുണ്ട്. അതിന്റെഫലമായി കുട്ടനാട്ടിൽ നേരത്തെയുള്ളതിനേക്കാൾ കൂടുതൽ സ്ഥലങ്ങൾ കൃഷിക്ക് പ്രയോജനപ്പെടുത്താനും നെല്ലുല്പാദനം വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കുട്ടനാടിന് കൃഷിക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യ മന്ത്രിയോടും

എനിക്ക് അപേക്ഷിക്കാനുള്ളത്. മടവീഴ്ച കാരണം കർഷകർക്ക് യഥാസമയം കൃഷിയിറക്കാൻ പലപ്പോഴും സാധിക്കാറില്ല. വേലിയേറ്റവും വേലിയിറക്കവും വരുമ്പോഴാണ് മടവീഴ്ചയുണ്ടാകുന്നത്. ബണ്ടുകൾ ബലപ്പെട്ടിട്ടില്ലെന്നത് വലിയൊരു പ്രശ്നമാണ്. എല്ലാ പാടശേഖരങ്ങളുടെ ചുറ്റും കല്ലുകെട്ടുകയും അതിന്റെ വശങ്ങളിലൂടെ റോഡുകൾ കൊണ്ടുവരികയും മധ്യത്തിലൂടെ ട്രാക്ടർ റോഡുകളുണ്ടാക്കുകയും ചെയ്താൽ മാത്രമേ കൃഷിസ്ഥലങ്ങൾ ബലപ്പെടുത്താൻ സാധിക്കൂ. അതിനാവശ്യമായ സഹായം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. പണ്ടത്തെപ്പോലെ ഇപ്പോൾ കൃഷിക്കും അനുബന്ധ ജോലികൾക്കും ആളുകളെ കിട്ടുന്നില്ല. അത് അങ്ങേയ്ക്കും അറിയാവുന്നതാണ്. ഒരുപാട് പ്രതിസന്ധികളുണ്ട്. യന്ത്രസാമഗ്രികളുടെ സഹായത്തോടെ മാത്രമേ കാര്യങ്ങൾ ചെയ്യാനാകുകയുള്ളൂ. കുട്ടനാട് ഏറ്റവും കൂടുതൽ നിലമുള്ള സ്ഥലമായതുകൊണ്ട് മറ്റ് യാത്രാസൗകര്യങ്ങൾ വളരെ കുറവാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ വണ്ടിയും ട്രാക്ടറും കൊയ്ത്ത് മെഷീനുമൊക്കെ വരണമെന്നുണ്ടെങ്കിൽ അതിനുള്ള സംവിധാനം അത്യാവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് അതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, കുട്ടനാട്ടിലെ നെൽകർഷകരുടെ നെല്ല് മില്ലിന്റെ ഏജന്റുമാർവന്ന് 100 കിലോ നെല്ലിന് അഞ്ചും പത്തും കിലോ കുറച്ച് എടുക്കുന്നുവെന്ന് കഴിഞ്ഞദിവസം വാർത്ത വന്നിരുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ വിഷയം ഞാനും ഭക്ഷ്യ- പൊതുവിതരണ

വകുപ്പുമന്ത്രിയും എം. എൽ. എ.-മാരായ ശ്രീ. എച്ച്. സലാം, ശ്രീമതി സി. കെ. ആശ, ശ്രീ. ജോബ് മൈക്കിൾ എന്നിവരും ചേർന്ന് ഇന്ന് ഓൺലൈൻ മീറ്റിങ്ങിലൂടെ ചർച്ച ചെയ്തിരുന്നു. ഏജന്റുമാരെ ഒഴിവാക്കണമെന്നത് വളരെ അത്യാവശ്യമായ കാര്യമാണ്. ഏജന്റുമാരെവച്ച് മുന്നോട്ടുപോകാൻ സാധിക്കില്ല. അവർ കൃഷിക്കാരെ വളരെയധികം ചൂഷണം ചെയ്യുന്നുണ്ട്. അതുകൊണ്ട് കുട്ടനാടിലെ കൃഷിക്കാരെ ചൂഷണത്തിൽനിന്നും വിമുക്തരാക്കാൻ ഏജന്റുമാരെ ഒഴിവാക്കി മില്ലുകാർ നേരിട്ട് നെല്ല് സംഭരിക്കുന്ന സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട് ഞങ്ങൾക്കാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ലഭിക്കണം. കാരണം, കുട്ടനാട്ടിൽ 99 ശതമാനവും പാവപ്പെട്ടവരായ കൃഷിക്കാരാണ്, ഒന്നുരണ്ട് ഏക്കർ മാത്രം കൃഷിയുള്ളവരും അതുകൊണ്ട് ഉപജീവനം നടത്തുന്നവരുമാണ്. കെട്ടുതാലി വരെ പണയം വച്ചാണ് അവർ കൃഷിയിറക്കുന്നത്. ഈ സാഹചര്യത്തിൽ കുട്ടനാട്ടിലെ കർഷകരെ സംരക്ഷിക്കാൻ ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കുകയാണ്. കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും കുട്ടനാട് എം.എൽ.എ.-യും ഉൾപ്പെടെയുള്ളവരുടെ യോഗം ചേരാനുള്ള സംവിധാനമൊരുക്കണം. കാരണം, അവരുടെ കാര്യങ്ങൾ തുറന്നുപറയാൻ ഒരു വേദിയില്ല. അതുകൊണ്ട് അതിനാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും കൃഷി വകുപ്പുമന്ത്രി ചെയ്തുനൽകണമെന്ന് അഭ്യർഥിക്കുകയാണ്. പച്ചക്കറി കൃഷി ഏറ്റവുമധികമുള്ള സ്ഥലം കുട്ടനാടാണ്. അത് നല്ലരീതിയിൽ ചെയ്തുവരുന്നുണ്ട്. അതിനെ വിപുലപ്പെടുത്തി കർഷകരുടെ കരങ്ങൾക്ക് ശക്തി നൽകാനാവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുണ്ടാകണം. കർഷക തൊഴിലാളികൾക്ക് ലഭിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നതിനുള്ള നടപടിയുണ്ടാകണം. അവരുടെ ഉപജീവനമാർഗം എന്നുപറയുന്നത് അവർക്ക് ലഭിക്കുന്ന കൂലി മാത്രമാണ്. അത് സമയബന്ധിതമായി ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാകണം. കൃഷി വിദഗ്ധനായ ഡോ. എം. എസ്. സ്വാമിനാഥന്റെ സ്ഥലമാണ് കുട്ടനാടിലെ മങ്കൊമ്പ്. ആ പ്രദേശത്തിന് പ്രത്യേക പരിഗണന നൽകി സഹായിക്കണം. കുട്ടനാട്ടുകാരായ ഞങ്ങൾക്ക് എല്ലാവിധ ആനുകൂല്യവും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകാനുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തണമെന്ന് അഭ്യർഥിക്കുകയാണ്. ഒരു വ്യവസായവുമില്ലാത്ത കുട്ടനാടിന് പ്രത്യേക പരിഗണന നൽകി എന്തെങ്കിലുമൊരു അവിടെ വ്യവസായം ആരംഭിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് വ്യവസായ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നതാണ്. അത് നടപ്പിലാക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. ഇന്ന് ചോദ്യോത്തരവേളയിൽ എന്റെ സഹപ്രവർത്തകനായ ശ്രീ. നജീബ് കാന്തപുരം ചോദിച്ച ചോദ്യത്തിന് ബഹുമാന്യനായ ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി പറഞ്ഞ മറുപടി എന്താണ്? സഭ്യമല്ലാത്ത എന്തെങ്കിലും കാര്യം അദ്ദേഹം ചോദിച്ചോ; സർക്കാർ നടത്തുന്ന വാഗാന ലംഘനത്തെക്കുറിച്ച് പരാമർശിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി എന്തിനാണ് പ്രകോപിതനായത്? ജനങ്ങൾ ആഗ്രഹിക്കുന്ന ചോദ്യങ്ങൾ ചോദിക്കുകയെന്നത് ജനപ്രതിനിധികളായ ഞങ്ങളുടെ

ഉത്തരവാദിത്വമാണ്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞപ്പോൾ ഭരണപക്ഷത്തുള്ള അംഗങ്ങളെല്ലാം ഡെസ്കിൽ അടിച്ച് അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്. സഭയ്ക്കകത്ത് ഇതാണ് അവസ്ഥയെങ്കിൽ പുറത്ത് എന്താണ് സ്ഥിതി? കേരളത്തിന്റെ മതേതരത്വം തകർക്കുന്ന രീതിയിൽ ശ്രീ. പി. സി. ജോർജിനെപോലെ വായതുറന്നാൽ വർഗീയത പുലമ്പുന്നവരോട് കർക്കശമായ നിലപാട് സ്വീകരിക്കാൻ സർക്കാരിന് സാധിക്കാത്തത് എന്തുകൊണ്ടാണ്? മുസ്ലീങ്ങൾ മുഴുവൻ പാകിസ്ഥാനിലേക്ക് പോകണമെന്നും അവർ രാജ്യദ്രോഹികളാണെന്നുമുള്ള വിധത്തിൽ അദ്ദേഹം നടത്തിയ അതിപ്രകോപനമായ പ്രസംഗം കേരളത്തെ ഞെട്ടിച്ചതാണ്. ബി.ജെ.പി. പോലും ശ്രീ. പി. സി. ജോർജിനെ കൈവിട്ടു. കോടതി നിശിതമായി വിമർശിച്ച് മുൻകൂർ ജാമ്യം നിഷേധിച്ചപ്പോഴാണ് പോലീസ് മനസ്സില്ലാ മനസ്സോടെ അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്. ജാമ്യം ലഭിച്ച് പുറത്തിറങ്ങിയ ശ്രീ. പി. സി. ജോർജ് നാന്നൂറുപേരെ ലൗ ജിഹാദിലൂടെ മതം മാറ്റിയെന്ന കല്ലുവച്ച നുണ വിളിച്ചുപറഞ്ഞു. ജാമ്യവ്യവസ്ഥയുടെ ലംഘനമാണ് അദ്ദേഹം നടത്തിയത്. അദ്ദേഹത്തിന് എന്തും പറയാനുള്ള ലൈസൻസ് ഈ സർക്കാർ നൽകിയിട്ടുണ്ടോയെന്ന് അറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. സംസ്ഥാന പോലീസ് വിചാരിച്ചാൽ അദ്ദേഹത്തെ ചങ്ങലയ്ക്കിടാൻ കഴിയില്ലേ? കർണ്ണാടക ഭരിക്കുന്ന ശ്രീ. കെ. സിദ്ധരാമയ്യയുടെ ഗവൺമെന്റ് ഇത്തരത്തിലുള്ള എത്ര ആളുകളെയാണ് കൽത്തുറങ്കിലടച്ച് സംസ്ഥാനത്തിന് മാതൃക കാണിച്ചിട്ടുള്ളത്! കൃഷിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ അടയ്ക്ക കർഷകരുള്ള ജില്ലയാണ് കാസർഗോഡ്. 19500 ഹെക്ടറിൽ കൃഷി ചെയ്യുകയും രണ്ട് ലക്ഷം ടൺ അടയ്ക്ക ഉല്പാദിപ്പിക്കുകയും ചെയ്യുന്ന

ജില്ലയാണത്. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ഭീകരമായ നിരവധി രോഗങ്ങൾ അടയ്ക്കാ കൃഷിയെ ബാധിച്ചതുകാരണം കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ വലിയ പ്രയാസത്തിലും സങ്കടത്തിലുമാണ്. മഞ്ഞരോഗം, ഇലക്കുത്ത്, പൂങ്കുല കരിയൽ, മഹാളി എന്നീ രോഗങ്ങൾ കവുങ്ങുകളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെഫലമായി ഇരുപത്തിയഞ്ച് ശതമാനം അടയ്ക്ക ഉൽപാദനം കുറഞ്ഞു. CPCRI (Central Plantation Crops Research Institute)-ലെ സയന്റിസ്റ്റ് മരുന്ന് നിർദേശിച്ചെങ്കിലും അത് വാങ്ങുന്നതിനുള്ള സാമ്പത്തികശേഷി അവിടത്തെ കർഷകർക്കില്ല. അതുകൊണ്ട് അവർ വലിയ പ്രയാസത്തിലും സങ്കടത്തിലുമാണ്. അവരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുകയാണ്. കാസർഗോഡിന്റെ വികസന പിന്നോക്കാവസ്ഥയ്ക്ക് ബഹുമാന്യനായ ഇ. അഹമ്മദ് സാഹിബ് വരദാനമായി നൽകിയ പദ്ധതിയാണ് KEL. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അതിനെ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചിരുന്നു. അങ്ങ് വ്യവസായ വകുപ്പുമന്ത്രിയായി വന്നപ്പോൾ കാസർഗോഡിന്റെ പ്രിയപ്പെട്ട എം.എൽ.എ.-യായ ശ്രീ. എൻ. എ. നെല്ലിക്കുന്ന് നിരന്തരമായി അങ്ങയെ സമീപിക്കുകയും അതിനെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തിയെന്നും അറിയാം. പക്ഷേ KEL (Kerala Electrical & Allied Engineering Co. Ltd.) ഇപ്പോൾ BHEL (Bharat Heavy Electricals Limited) ആയി മാറിയെങ്കിലും ഇപ്പോഴും അവിടെനിന്ന് പെൻഷനാകുന്നവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്ത അവസ്ഥയാണുള്ളത്. കേരളത്തിന്റെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്താൻ ശ്രമിക്കുന്ന കൂട്ടത്തിൽ നിലവിലുള്ള വ്യവസായശാലകളിലെ

തൊഴിലാളികൾ പട്ടിണിയിലേക്ക് പോകുന്ന അവസ്ഥയുണ്ടാകാതിരിക്കാനും അങ്ങ് ജാഗ്രത കാണിക്കണമെന്ന് അഭ്യർഥിക്കുന്നു. മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിലെ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് അറിയാമല്ലോ. കഴിഞ്ഞ പത്തുപതിനഞ്ച് ദിവസങ്ങൾക്കുമുമ്പ് ഞങ്ങളുടെ നാട്ടിൽ ഒരു പുലി ഇറങ്ങിയത് ഭീതി പടർത്തി. ആ പുലിയെ വനം വകുപ്പ് പിടിച്ചു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ വെള്ളൂർ പഞ്ചായത്തിലും എന്റെ നിയോജകമണ്ഡലത്തിലെ എൻമകജെ പഞ്ചായത്തിന്റെ അതിർത്തിയായ വാണിനഗറിലെയും ജനവാസ മേഖലയിലിറങ്ങിയ പുലിയെ വനം വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ച് അർധരാത്രി കർണ്ണാടകയിലെ വനത്തിലേക്ക് തുറന്നുവിട്ടത് ജനങ്ങളെ ഭീതിയിലും ആശങ്കയിലുമാക്കിയിരിക്കുകയാണ്. ഞങ്ങൾ രണ്ട് എം.എൽ.എ.-മാരും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ അവിടത്തെ ജനങ്ങളെ പലപ്രാവശ്യം ബോധവൽക്കരിച്ചിട്ടും ഇപ്പോഴും ആ ഭീതി നിലനിൽക്കുകയാണ്. പുലിയെ പിടിക്കുകയാണെങ്കിൽ അതിനെ ജനവാസകേന്ദ്രത്തിൽ തുറന്നുവിടാത്ത രീതിയിലുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ സഹകരണം, കൃഷി, വനം, വ്യവസായങ്ങൾ, തുറമുഖങ്ങൾ എന്നീ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. നിക്ഷേപ സംഗമത്തിലൂടെ കേരളത്തിൽ ഒന്നര ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് വരാൻപോകുന്നത്. ദേശീയപാത 2025-ൽ പൂർത്തിയാകാൻ പോകുകയാണ്.

ജലപാതയും തീരദേശപാതയും പൂർത്തിയാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിരിക്കുന്നു. കൂടാതെ, 2025 നവംബർ 1-ന് അതിദരിദ്ര കുടുംബമില്ലാത്ത ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. അതായത്, അതിദരിദ്രരില്ലാത്ത കേരളം എന്ന ലക്ഷ്യത്തോടൊപ്പം എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട്, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, യാത്രാസൗകര്യം, കൃഷി, സാമൂഹിക സുരക്ഷ എന്നിവയെല്ലാം ഉറപ്പുവരുത്തിയാണ് കേരളം മുന്നോട്ടുപോകുന്നത് എന്നത് ലോക മാതൃകയാണ്. കേരള സമ്പദ്ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട ശക്തി സ്രോതസ്സാണ് സഹകരണ മേഖല. പ്രളയവും കോവിഡും നോട്ട് നിരോധനവുമൊക്കെ വന്നപ്പോൾ നമ്മോടൊപ്പമുണ്ടായിരുന്ന ഒരു ധനകാര്യ സ്ഥാപനമാണ് സഹകരണ മേഖല. സഹകരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിനായി നൂതന മാതൃകകൾ സൃഷ്ടിക്കുകയാണ്. സഹകരണ മേഖലയിൽ സഹകരണ പുനരുദ്ധാരണ നിധി, സ്നേഹതീരം, സഹായഹസ്തം, നൈപുണ്യ വായ്പ, സൗരജ്യോതി, ശുചിത്വം സഹകരണം എന്നീ പദ്ധതികൾ ആവിഷ്കരിക്കുകയും വനിതാ സഹകരണ സംഘങ്ങളെ ഉല്പാദന യൂണിറ്റുകളോടൊപ്പം ചേർക്കുകയുമാണ്. സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സഹകരണ സ്ഥാപനങ്ങളിൽ സോഫ്റ്റ്വെയർ ഏർപ്പെടുത്തുന്ന പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഉപഭോഗ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ രംഗത്ത് നടക്കുന്നത്. ഏറ്റവും കൂടുതൽ ആളുകൾ

ആശ്രയിക്കുന്ന ഒരു മേഖലയാണ് കാർഷിക മേഖല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ 2026 ലക്ഷ്യമാക്കിയുള്ള ഹ്രസ്വകാല വിഷനായ 'വിഷൻ 2026'-ഉം 2033 ലക്ഷ്യമാക്കിയുള്ള ദീർഘകാല വിഷനായ 'വിഷൻ 2033'-ഉം തയ്യാറാക്കി നടപ്പിലാക്കിവരികയാണ്. കാർഷിക മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതി നടപ്പിലാക്കി. ഉൽപാദന-സേവന മേഖലകളിലായി 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് മികവാർന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ആനയറയിൽ കൃഷി വകുപ്പിന്റെ പുതിയ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 72 കോടി രൂപ മുതൽമുടക്കി ആരംഭിച്ചു. ആദ്യഘട്ടമെന്ന നിലയിൽ 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 'കൃഷി സമൃദ്ധി' പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2026-ൽ ഇത് 500 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. കാർഷിക മേഖലയിൽ മൂന്ന് ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ശ്രമിക്കുകയും രണ്ട് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അടുത്ത ഒരുവർഷത്തിനുള്ളിൽ ഒരു ലക്ഷം തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി 56 കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. അടുത്ത സാമ്പത്തിക വർഷം നൂറ് സ്മാർട്ട് കൃഷിഭവനുകൾ എന്ന ലക്ഷ്യത്തിലേക്കാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല, പോഷകസമൃദ്ധമായ ഭക്ഷണം ജനങ്ങളിലെത്തിക്കുന്നതിനും ശ്രമിക്കുകയാണ്. ജീവിതശൈലി രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അതിനൊരു മിഷൻ രൂപീകരിച്ച് മാതൃകാപരമായ

പ്രവർത്തനത്തിലേക്കാണ് സർക്കാർ നീങ്ങുന്നത്. 2026-ൽ സംസ്ഥാനത്തുടനീളം ടി മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളുടെയും പ്രകൃതിദുരന്തങ്ങളുടെയും ധാരാളം ദുരനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അതിന് പരിഹാരമായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അൻപത് ശതമാനം കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്നത് മുഴുവൻ കൃഷിക്കാരുടെയും ആവശ്യമാണ്. 'കേരഗ്രാമം' പദ്ധതി സജീവമായി നടപ്പിലാക്കുന്നുണ്ടെങ്കിലും കഴിഞ്ഞ രണ്ട് വർഷക്കാലത്തെ അതിരൂക്ഷമായ വരൾച്ചയുടെ ഭാഗമായി നാളികേര ഉൽപാദനം വലിയതോതിൽ കുറഞ്ഞിട്ടുണ്ട്. തേങ്ങയ്ക്ക് വിലയുണ്ട്, എന്നാൽ തേങ്ങയില്ലാത്ത അവസ്ഥയുമുണ്ടാകുന്നുണ്ട്. അതിനാൽ 'തുള്ളിനന' പദ്ധതി വ്യാപകമായി മുന്നോട്ടുകൊണ്ടുപോയില്ലെങ്കിൽ കേര കൃഷി വലിയ പ്രതിസന്ധിയിലേക്കുവരും. അതുകൊണ്ട് അത് സംരക്ഷിക്കാനുള്ള പ്രവർത്തനത്തിന് തുടക്കം കുറിക്കാൻ തയ്യാറാകണം. വ്യവസായ രംഗത്ത് വലിയ മുന്നേറ്റമാണ് സംസ്ഥാനത്തുണ്ടായതെന്ന് എല്ലാവരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ചരിത്രത്തിലാദ്യമായി, ദേശീയതലത്തിൽ കേരളത്തിന് അംഗീകാരം ലഭിക്കുന്ന സാഹചര്യമുണ്ടായി. 'സംരംഭക വർഷം' പദ്ധതി ദേശീയതലത്തിൽ വലിയ മുന്നേറ്റമാണുണ്ടാക്കിയത്. അതിന്റെ ഭാഗമായി എസ്.എം.ഇ. മേഖലയിൽ ബെസ്റ്റ് പ്രാക്ടീസിങ് സ്റ്റേറ്റായി കേരളം തിരഞ്ഞെടുക്കപ്പെട്ടു. വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് പതിനഞ്ചാം സ്ഥാനം ലഭിച്ചിരിക്കുകയാണ്. ഇരുപതിലധികം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി. കേന്ദ്ര സർക്കാരിൽനിന്ന്

സംസ്ഥാന സർക്കാർ ഏറ്റെടുത്ത കെ.പി.പി.എൽ. (കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്) കേരളത്തിന്റെ അഭിമാനമായി മാറി. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബായി കേരളത്തെ മാറ്റാനും 1050 കോടി രൂപയുടെ 'കേരള റബ്ബർ ലിമിറ്റഡ്' എന്ന പുതിയ സ്ഥാപനം ആരംഭിക്കാനും സാധിച്ചത് ഏറെ സന്തോഷകരവും അഭിമാനാർഹവുമാണ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ഫെബ്രുവരി മാസം 21, 22 തീയതികളിൽ കൊച്ചിയിൽ നടന്നപ്പോൾ ആവേശകരമായ സ്വീകരണവും ഒട്ടേറെ അനുമോദനങ്ങളും ഏറ്റുവാങ്ങുകയുണ്ടായി. അതിന്റെ ഭാഗമായി വിവിധ ലോകരാജ്യങ്ങളിൽനിന്നുള്ള നിക്ഷേപകരും ഇന്ത്യയിലും കേരളത്തിലുമുള്ള ഒട്ടേറെ സംരംഭകരും ഇവിടെ വരികയുണ്ടായി. ആ രംഗത്തെയും ശക്തിപ്പെടുത്താനുള്ള പ്രവർത്തനം നടക്കുകയാണ്. കേരളത്തിലെ പശ്ചാത്തലമേഖലയുടെ വികസനത്തോടനുബന്ധിച്ചും ഇന്നത്തെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലുമാണ് വ്യവസായികൾ നമ്മുടെ സംസ്ഥാനത്തേക്ക് കടന്നുവരുന്ന സാഹചര്യമുണ്ടായത്.

എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചപ്പോൾ ലക്ഷ്യമിട്ടതിനപ്പുറം 340605 യൂണിറ്റുകൾ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ധാരാളം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ കുറച്ചൊക്കെ പൂട്ടിപ്പോകുന്നത് സ്വാഭാവികമാണ്. എങ്കിലും ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോഴിക്കോട് ജില്ലയിൽ പൂട്ടിക്കിടക്കുന്ന രണ്ടുമൂന്ന് വ്യവസായ സ്ഥാപനങ്ങളുണ്ട്. അത് എങ്ങനെ പുനരാരംഭിക്കാൻ സാധിക്കുമെന്ന് ആലോചിക്കണം. 1957-ലെ ഗവൺമെന്റ് ആരംഭിച്ച മാവൂർ ഗ്വാളിയോർ റയോൺസ് പൂട്ടിക്കിടക്കുന്നതിനാൽ ആ ഭൂമി തരിശ്ശായി കിടക്കുകയാണ്. അതുപോലെ കുന്നത്തറ ടെക്സ്റ്റൈൽസും പൂട്ടിക്കിടക്കുന്നുണ്ട്. കോംടസ്റ്റ് വീവിങ് ഫാക്ടറി ഏറ്റെടുക്കുന്നത്

സംബന്ധിച്ച ബിൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. അതിന്റെ പ്രവർത്തനവും മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കോഴിക്കോട് നഗരത്തിന്റെ ചരിത്ര സ്മാരകം എന്ന നിലയിൽ നിലനിൽക്കുന്നതും ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധമുള്ളതുമായ സ്ഥാപനമാണത്. കേരളത്തിലെ തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ സമാരാധ്യനായ നേതാവ് പി. കൃഷ്ണപിള്ളയുടെ പ്രവർത്തന കേന്ദ്രമായിരുന്ന, മാനാഞ്ചിറയോട് ചേർന്നുനിൽക്കുന്ന മനോഹരമായ സ്ഥലത്ത് പ്രവർത്തിക്കുന്ന ആ സ്ഥാപനം തിരികെ കൊണ്ടുവരാനുള്ള ശ്രമമുണ്ടാകണം. വനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. ബഫർ സോണായി പ്രഖ്യാപിക്കുന്ന കാര്യം സന്തോഷകരമാണ്. ജനങ്ങൾ അത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വനം-വന്യജീവി ആക്രമണങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി കാട്ടിനകത്ത് വെള്ളം സംഭരിക്കുന്നതിനും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വന്യജീവികൾക്ക് ആവശ്യമായ തീറ്റയ്ക്കുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. തുറമുഖവുമായി ബന്ധപ്പെട്ട് ഒട്ടേറെ ചർച്ചകൾ സഭയിൽ നടന്നതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. വിഴിഞ്ഞം പദ്ധതി കേരളത്തിന്റെ സമ്പദ്ഘടനയുടെ ഉയർച്ചയ്ക്കും ഉണർവിനും ശക്തി പകരുന്നതായിരിക്കുമെന്നതിൽ സംശയമില്ല. വ്യവസായം, കൃഷി, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയ്ക്കെല്ലാം ആക്കം കൂട്ടുന്ന പുതിയൊരു മേഖലയായി ഇതിനെ മാറ്റിയെടുക്കാൻ സാധിക്കും. അതിനെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വളരെ കണിശമായ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടക്കുന്നുവെന്നുള്ളത് സന്തോഷകരമാണ്. ഒരു സമഗ്ര വികസനം

ലക്ഷ്യമാക്കി നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തുന്നത്. അതിന് എല്ലാവിധ വിജയങ്ങളും ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുന്നു. 'ഭാവി പ്രവചിക്കാനുള്ള ഏറ്റവും നല്ല മാർഗം അത് സൃഷ്ടിക്കുകയാണ്', ഇത് എബ്രഹാം ലിങ്കന്റെയും പീറ്റർ ഡെക്കറിന്റെയും വാക്കുകളാണ്. നവകേരളത്തിന്റെ പുതുവഴികൾ തേടി യൂറോപ്യൻ രാജ്യങ്ങൾക്കൊപ്പം കേരളത്തെ എത്തിക്കുന്നതിനുള്ള സമർഥമായ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലെ വ്യവസായങ്ങൾക്ക് മരണമണി മുഴക്കുകയാണ് ചെയ്തത്. എന്നാൽ എൽ.ഡി.എഫ്. ഭരണകാലം വ്യവസായങ്ങൾക്കുള്ള കോളിങ് ബെല്ലാണ്. ഒന്ന് അമർത്തിയാൽ മതി കേരളത്തിലെ വ്യവസായ മേഖലയുടെ വാതിലുകൾ തുറക്കപ്പെടും, കെ-സ്വിഫ്റ്റ് വഴി അകത്തുകടക്കാം. അഞ്ച് മിനിട്ടുകൊണ്ട് 50 കോടി രൂപവരെയുള്ള വ്യവസായങ്ങളും ഏഴ് ദിവസംകൊണ്ട് 50 കോടി രൂപയ്ക്ക് മുകളിലുള്ള വ്യവസായങ്ങളും ആരംഭിക്കാൻ അനുവാദം ലഭിക്കും. മാത്രമല്ല, എം.എസ്.എം.ഇ.-കൾക്ക് വൈദ്യുതി നികുതിയില്ല. വനിതാ സംരംഭകർക്കും പട്ടികജാതി-പട്ടികവർഗ സംരംഭകർക്കും രജിസ്ട്രേഷനിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവും അനുവദിച്ചിട്ടുണ്ട്. വലിയ വ്യവസായങ്ങൾക്ക് ജി.എസ്.ടി. നികുതിയുടെ സംസ്ഥാന വിഹിതം ഒഴിവാക്കിക്കൊടുക്കുകയും പത്ത് കോടി രൂപവരെ സബ്സിഡി അനുവദിക്കുകയും ചെയ്തു. അതുകൊണ്ടാണ് കേരളത്തിൽ പെട്രോ

കെമിക്കൽ വ്യവസായം മുതൽ ചേന്ദമംഗലം കൈത്തറിവരെയുള്ള വ്യവസായ സംരംഭങ്ങൾ വന്നത്. അതുകൊണ്ടാണ് ജർമ്മൻ കമ്പനിയായ ഡീ-സ്പെയിസ് (dSPACE) മുതൽ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ 'വെൽനസ്' പദ്ധതിക്കുവരെ കേരളത്തിൽ വരാൻ സാധിക്കുന്നത്. അതിൽ അഭിമാനിക്കുകയല്ലേ യു.ഡി.എഫ്. ചെയ്യേണ്ടത്? പ്രതിപക്ഷത്തോട് ഒറ്റ കാര്യമേ പറയാനുള്ളൂ, നിങ്ങൾ കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തെ അപമാനിക്കരുത്. യു.ഡി.എഫ്.-ന്റെ അംഗങ്ങൾ അവരുടെ പ്രസംഗത്തിൽ എവിടെയെങ്കിലും കേരളത്തോടുള്ള കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെ ഒരൊറ്റ വാചകമെങ്കിലും പറഞ്ഞോ? പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളെ ഭരണപക്ഷം അവഗണിക്കുകയാണെന്ന് പരിണതപ്രജ്ഞനായ ശ്രീ. സണ്ണി ജോസഫ് പറയുകയുണ്ടായി. എന്നാൽ കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അവഗണനയെക്കുറിച്ച് ചൂണ്ടിക്കാണിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. സഹകരണ മേഖലയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ സമ്പന്നമായ സഹകരണ മേഖലയെ തകർക്കുന്നതിനുവേണ്ടിയാണ് യൂണിയൻ ഗവൺമെന്റിൽ നിന്ന് ശ്രീ. അമിത് ഷായെത്തന്നെ നേരിട്ട് കളിക്കളത്തിലേക്കിറക്കുന്നത്. കേരളത്തിലേക്ക് വന്നിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുപൊന്തുന്നു, കുമിളപോലെ തകർന്നടിയുന്നു. എത്ര സ്ഥാപനങ്ങളാണ് തകർന്നടിഞ്ഞത്; എത്ര ആളുകളുടെ പണമാണ് നഷ്ടമായത്? സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് പറയുമ്പോൾ വയനാട്ടിലെ അച്ഛന്റെയും മകന്റെയും ആത്മഹത്യയെക്കുറിച്ചുകൂടി യു.ഡി.എഫ്. ഓർക്കുന്നത് നന്നായിരിക്കും. അതുപോലെ യു.ഡി.എഫ്. നേതൃത്വം കൊടുത്ത അങ്കമാലിയിലെയും പെരുമ്പാവൂരിലെയും സഹകരണ സ്ഥാപനത്തിന്റെ അവസ്ഥയും ആലോചിക്കണമെന്ന അഭിപ്രായമാണ്

എനിക്കുള്ളത്.

(അധ്യക്ഷവേദിയിൽ മി. സ്പീക്കർ)

നീതി ആയോഗിന്റെ കണക്ക് പരിശോധിച്ചാൽ കേരളം എല്ലാ മേഖലകളിലും ഒന്നാമതാണ്. ഈ അടുത്തകാലത്ത് വന്ന സി.എം.എസ്.-ന്റെ സർവെ റിപ്പോർട്ടിൽ കേരളം വളരെ പുറകിലാണ്. ആ സർവെ ഫലത്തിൽ, ശ്രീ. ബി. എസ്. യദിയൂരപ്പ നേതൃത്വം കൊടുക്കുന്ന കർണ്ണാടകയിലെ കോൺഗ്രസ് ഗവൺമെന്റാണ് 77% പോയിന്റ് നേടി ഒന്നാമത് നിൽക്കുന്നത്, അത് അഴിമതിയുടെ കാര്യത്തിലാണ്. അഴിമതിയുടെ കാര്യത്തിലാണ് കോൺഗ്രസ് ഇന്ന് ഒന്നാമതെത്തി നിൽക്കുന്നത്. വ്യാവസായിക പുരോഗതിക്കൊപ്പം നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയെ ചേർത്തുപിടിക്കുന്നതിന് കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലകളെക്കുറിച്ച് പഠന റിപ്പോർട്ടും അതിനുവേണ്ടി ഒരു കോൺക്ലേവും നടത്താൻ തീരുമാനിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഓസ്കാർ അവാർഡ് നിശയിൽപ്പോലും തിളങ്ങി നിന്നത് കേരളത്തിന്റെ കൈത്തറിയാണെന്നത് അഭിമാനത്തോടുകൂടി ഓർക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പിതൃത്വം അവകാശപ്പെട്ടുകൊണ്ടാണ് യു.ഡി.എഫ്. നടക്കുന്നത്. അങ്ങനെ പിതൃത്വം അവകാശപ്പെടുമ്പോൾ സഖാവ് വി. എസ്. അച്ചുതാനന്ദനെ നിങ്ങൾക്ക് മറക്കാൻ കഴിയുമോ? കേരളത്തിലെ കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1782.92 കോടി രൂപ മുതൽമുടക്കി 1710 ഏക്കർ ഭൂമി ഏറ്റെടുത്തു. അവിടെ ഇപ്പോൾ മറ്റൊരു പിതൃത്വം അവകാശപ്പെട്ടുകൊണ്ട് ചിലയാളുകൾ ബോർഡുകൾ ഉയർത്തുകയാണ്. കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്തുകൊടുത്ത ഭൂമിയിൽ ഒരു കോച്ച് ഫാക്ടറിയും വന്നില്ല, ആ ഭൂമി

നമുക്ക് തിരിച്ച് ലഭിച്ചതുമില്ല. ഇന്ന് അവിടെ വന്യമൃഗങ്ങൾ വസിക്കുകയാണ് ചെയ്യുന്നത്. അതുപോലുള്ള സാഹചര്യം നാം വ്യവസായത്തിനായി ഏറ്റെടുത്ത് നൽകുന്ന ഭൂമിയിൽ ഒരിക്കലും ഉണ്ടാകരുതെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് 2025-ലൂടെ 1.52 ലക്ഷം കോടി രൂപയുടെ ധനാഗമം ഉണ്ടാകുകയാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിയത് ഫൈവ് സ്റ്റാർ ഹോട്ടലിൽ അല്ലേയെന്നാണ് പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ. ചോദിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെയുണ്ട്, അദ്ദേഹം കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ മൊയ്തീയുടെ ചായക്കടയിലാണോ നിങ്ങൾ വ്യവസായ മീറ്റ് നടത്തിയത്? കേരളത്തിന്റെ വ്യാവസായിക വളർച്ചയിൽ അഭിമാനം തോന്നിയില്ലെങ്കിലും അപമാനിക്കരുതെന്ന അഭ്യർഥന മാത്രമാണ് യു.ഡി.എഫ്.-നോടുള്ളത്. കേരളത്തിന്റെ വ്യാവസായിക വളർച്ചയെക്കുറിച്ച് അഭിമാനത്തോടെ പറഞ്ഞ ഒരു മനുഷ്യനുണ്ടായിരുന്നു, ശ്രീ. ശശി തരൂർ. ഇന്ന് കേരളത്തിലും ഇന്ത്യയിലും വിവരവും വെളിവും എഴുത്തും വായനയും അവശേഷിക്കുന്ന കോൺഗ്രസിലെ അവസാനത്തെ കണ്ണിയാണ് അദ്ദേഹം. 'കേരളം അതിശയിക്കുന്നു, ഞാൻ അതിശയിക്കുന്നു' എന്നാണ് കേരളത്തിലെ വ്യവസായ മേഖലയെക്കുറിച്ച് അദ്ദേഹം പറഞ്ഞത്. അതിന്റെ പേരിൽ എന്തൊരു അക്രമമാണ് നിങ്ങൾ അഴിച്ചുവിട്ടത്! എന്റെ നാട്ടുകാരൻ കൂടിയാണ് ശ്രീ. ശശി തരൂർ. മാപ്രകളുടെ ഊർജം ഉൾക്കൊണ്ട് കനഗോലുവിന്റെ ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന നുണബോംബുകൾ പൊട്ടിച്ച് കേരളത്തിന്റെ മുന്നേറ്റത്തെ തടയാമെന്ന് നിങ്ങൾ ആഗ്രഹിക്കണ്ട. നിങ്ങൾ, മാപ്രകൾ ഉയർത്തിക്കൊണ്ടുവന്ന പാലക്കാട് വാളയാറിലുള്ള ഒരു അമ്മയുണ്ടല്ലോ, വാളയാറമ്മ.

തലമുണ്ഡനം ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമ്മടത്ത് കൊണ്ടുപോയി മത്സരിപ്പിച്ച് വ്യക്തിപരമായും എൽ.ഡി.എഫ്.-നെ ആകെയും അധിക്ഷേപിക്കുന്നതിനുവേണ്ടി ഉയർത്തിക്കൊണ്ടുവന്ന ആ വാളയാറമ്മയുടെ സ്ഥിതി ഇന്നെന്താണ്? ആത്മാഭിമാനത്തിന്റെ ഒരംശമെങ്കിലും നഷ്ടപ്പെടാത്ത ഏതെങ്കിലുമൊരു കോൺഗ്രസുകാരനുണ്ടെങ്കിൽ നിങ്ങൾ മാപ്പും കോപ്പുമൊന്നും പറയണ്ട, പക്ഷേ തെറ്റുപറ്റി എന്നെങ്കിലും പറയണമെന്നാണ് എനിക്ക് നിങ്ങളോട് അഭ്യർഥിക്കാനുള്ളത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം കൊണ്ടുവന്നത് ഇന്ദിരാ ഗാന്ധിയാണ്. എന്നിട്ട് ഇപ്പോൾ മലയോരത്തൊരു മാർച്ച് നടത്തിയാൽ കാടിറങ്ങുന്ന കാട്ടുമൃഗങ്ങൾ നിങ്ങളെ പേടിച്ച് കാട്ടിലേക്ക് പോകുമെന്നാണോ നിങ്ങൾ ധരിക്കുന്നത്? കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 18 എം.പി.-മാർ ഇന്ത്യൻ പാർലമെന്റിലുണ്ടല്ലോ. അവിടെ ഇതുസംബന്ധിച്ച നിയമഭേദഗതിക്കായി ശബ്ദിക്കാൻ നിങ്ങൾ തയ്യാറാകണം. ഏതെങ്കിലും വന്യമൃഗങ്ങൾ കാടിറങ്ങി വന്നാൽ അവയെ കൊല്ലാനും ഭക്ഷ്യയോഗ്യമായവ ഭക്ഷിക്കാനുമുള്ള അവകാശം നൽകുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. കാർഷിക മേഖലയിൽ വലിയ ഉണർവുതന്നെയാണ് ഈ ഭരണകാലത്തുണ്ടായിട്ടുള്ളത്. 3500 കർഷകർ 4800 മുതൽ 5000 ഹെക്ടർ വരെ 52 ഇനം മാങ്ങ കൃഷി ചെയ്യുന്നത് എന്റെ നിയോജകമണ്ഡലത്തിലെ മുതലമടയിലാണ്. ഹോർട്ടികൾച്ചറിന് Weather-based Crop Insurance Scheme ഉണ്ട്, കൃഷി വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയുമുണ്ട്. എന്നാൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ അവർക്ക് നഷ്ടപരിഹാരം ലഭിക്കില്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾകൂടി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

മി. സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കേരളത്തിന്റെ വ്യാവസായിക വളർച്ചയിൽ ഗേറ്റ് വേ ഓഫ് കേരളയായി മാറേണ്ട വിഴിഞ്ഞം തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകണമെന്നുമാത്രം അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ക്രിക്കറ്റ് ടെസ്റ്റ് മാച്ച് കഴിഞ്ഞതുപോലെ സഭയിലെ പല കസേരകളും ഒഴിഞ്ഞുകിടക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. പൽവാൽദേവന്റെ പട്ടാഭിഷേക സമയത്ത് ജനങ്ങൾ ആരവം മുഴങ്ങിയത് ബാഹുബലിക്ക് വേണ്ടിയായിരുന്നു. നിങ്ങൾ എന്തൊക്കെ ന്യായവാദങ്ങൾ നിരത്തിയാലും വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുമ്പോൾ മലയാളികളുടെ മനസ്സിൽ പതിയാൻ പോകുന്ന ഒരേയൊരു പേര് ഉമ്മൻ ചാണ്ടിയുടേത് മാത്രമായിരിക്കും. അത് മറയ്ക്കാൻ ശ്രമിച്ചാൽ കൂടുതൽ അപമാനിക്കപ്പെടുമെന്ന കാര്യം മാത്രം സൂചിപ്പിക്കുകയാണ്. ലഹരിയെ സംബന്ധിച്ച് ധാരാളം ചർച്ചകൾ ഈ സഭയിൽത്തന്നെ നടക്കുന്നുണ്ട്. കുട്ടികളെ കൂടുതൽ നിർമ്മാണാത്മക പ്രവർത്തനങ്ങളിലേക്ക് കൊണ്ടുപോകണമെന്നത് സംബന്ധിച്ച് ഇന്നലെ ഇവിടെ ചർച്ച നടത്തുകയുണ്ടായി. കുട്ടികളോട് നമ്മൾ അത് ചെയ്യരുത് എന്നുപറയുന്നതിനുപകരം എന്തെങ്കിലും നിർമ്മാണാത്മക പ്രവർത്തനങ്ങൾ അവരെ ഏൽപ്പിക്കണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നിർദേശപ്രകാരം എന്റെ മണ്ഡലത്തിൽ കുട്ടിക്കൃഷി പദ്ധതി ആരംഭിച്ചു. അത് വലിയ വിജയമാണ്. കുട്ടികൾ വലിയ താൽപര്യത്തോടുകൂടിയാണ് ആ കൃഷിയിൽ

പങ്കെടുക്കുന്നത്. അടുത്ത അധ്യയന വർഷം അത് കൂടുതൽ സജീവമാക്കാൻ വകുപ്പിന്റെ ഭാഗത്തുനിന്ന് പിന്തുണയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ കുണ്ടറ ഒരുകാലത്ത് ആലുവപോലെ വ്യവസായ പ്രാധാന്യമുള്ള നാടായിരുന്നു. 1937-ലാണ് കുണ്ടറ സെറാമിക്സ് ചിത്തിര തിരുനാൾ മഹാരാജാവ് സ്ഥാപിച്ചത്. കേരളം രൂപീകൃതമാകുന്നതിന് മുമ്പാണ് കുണ്ടറ അലിന്റ് സ്ഥാപിച്ചത്. സ്വാതന്ത്ര്യത്തിന് മുമ്പാണ് ട്രാവൻകൂർ കെമിക്കൽസ് കുണ്ടറയിൽ ആരംഭിച്ചത്. മറ്റൊരു അഭിമാന സ്ഥാപനമാണ് KEL (Kerala Electrical & Allied Engineering Co. Ltd.). ഈ സ്ഥാപനങ്ങളുടെയൊക്കെ പഴയകാല പ്രതാപം വീണ്ടെടുക്കുന്നതിനും അവയുടെ വികസന സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുമുള്ള നടപടി വ്യവസായ വകുപ്പിൽനിന്നുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. ഈ സ്ഥാപനങ്ങളോട് ചേർന്ന് ധാരാളം സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. കുണ്ടറ ടെക്നോപാർക്ക്, അലിന്റ്, സെറാമിക്സ്, കെൽ എന്നിവയെല്ലാം സംയോജിപ്പിച്ച് ഒരു ഇൻഡസ്ട്രിയൽ പാർക്ക് കുണ്ടറയിൽ ആരംഭിക്കണം. വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിലാകുന്നവയുടെ എണ്ണം വർധിക്കുകയാണ്. ശ്രീ. കെ. ബാബു (നെന്മാറ) ഇവിടെ പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. നിയമസഭയിൽ ഞങ്ങൾക്ക് മന്ത്രി നൽകിയ ഉത്തരത്തിൽ പറയുന്നത്, 2021-22-ൽ 26-ഉം 2022-23-ൽ 30-ഉം 2023-24-ൽ 33-ഉം പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായി എന്നാണ്. അതാണ് ഇന്നത്തെ സ്ഥിതി. മൂന്നരലക്ഷം സംരംഭങ്ങൾ ആരംഭിച്ചുവെന്ന് പറയുമ്പോൾ എന്തുകൊണ്ട് അതിന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ല? ശ്രീ. ജോബ് മൈക്കിൾ നിയമസഭയിൽ ഇതേ ചോദ്യം

ചോദിച്ചപ്പോൾ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാണെന്നാണ് മറുപടി നൽകിയത്. രാജ്യസുരക്ഷയെ ബാധിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങളാണോ ഇവിടെ ആരംഭിച്ചിരിക്കുന്നത്? പിന്നെ എന്തുകൊണ്ടാണ് ഒരു എം.എൽ.എ. നിയമസഭയിൽ ചോദിക്കുമ്പോൾ മൂന്നരലക്ഷം സംരംഭങ്ങളുടെ ലിസ്റ്റ് നൽകാത്തത്? സംരംഭകത്വ വികസനം, സംരംഭക വർഷം, അവാർഡ് എന്നിവയെക്കുറിച്ചെല്ലാം സഭയിലും പുറത്തുമൊക്കെ ചർച്ച ചെയ്യുന്നുണ്ട്. സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മൂന്ന് ബജറ്റ് ശീർഷകങ്ങളിലെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ കണക്ക് എന്റെ കൈവശമുണ്ട്. അങ്ങേക്ക് ആ കണക്കുകൾ അറിയാമായിരിക്കും. സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനും ഒരു കുടുംബം ഒരു സംരംഭം പദ്ധതി, കാമ്പസ് പാർക്ക് എന്നിവയ്ക്കും വേണ്ടിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള പ്രത്യേക പാക്കേജ് കൊണ്ടുവന്നത്. പ്രസ്തുത പാക്കേജിൽ 2022-23-ൽ വകയിരുത്തിയത് 45.6 കോടി രൂപയും ചെലവഴിച്ചത് പൂജ്യം രൂപയുമാണ്. 2023-24-ൽ വകയിരുത്തിയത് 21.5 കോടി രൂപയും ചെലവഴിച്ചത് 2.56 കോടി രൂപയുമാണ്. 2024-25-ൽ വകയിരുത്തിയത് 1000 രൂപയും ചെലവഴിച്ചത് പൂജ്യം രൂപയുമാണ്. ഇത് ഗവൺമെന്റിന്റെ ഡോക്യുമെന്റിൽത്തന്നെ പറയുന്ന കണക്കാണ്. തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം-ബജറ്റ് ശീർഷകം-2851-102-33-ൽ 2021-22-ൽ വകയിരുത്തിയത് 9 കോടി രൂപയും ചെലവഴിച്ചത് 2 കോടി രൂപയുമാണ്. 2022-23-ൽ വകയിരുത്തിയത് 5 കോടി രൂപയും ചെലവഴിച്ചത് 1.56 കോടി രൂപയുമാണ്. 2023-24-ൽ വകയിരുത്തിയത് 1.5 കോടി രൂപയും ചെലവഴിച്ചത് പൂജ്യം രൂപയുമാണ്. 2024-25-ൽ

വകയിരുത്തിയത് 1.5 കോടി രൂപയും ചെലവഴിച്ചത് 16 ലക്ഷം രൂപയുമാണ്. ഈ സംരംഭങ്ങളെയൊക്കെ പ്രോത്സാഹിപ്പിക്കാനായി സർക്കാർ കഠിനാധ്വാനം ചെയ്യുകയാണെന്ന് പറയുമ്പോൾ ഈ കണക്കുകൾ അതുമായി യോജിക്കുന്നില്ലെന്നാണ് പറയാനുള്ളത്. ഇവിടെ സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട് ചർച്ചകളുണ്ടായി. ഇന്ത്യയിൽ ആദ്യമായി ഒരു സ്റ്റാർട്ടപ് പോളിസി ഒരു സംസ്ഥാനം പ്രഖ്യാപിക്കുന്നത് 2014 സെപ്റ്റംബർ 14-ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുണ്ടായിരുന്ന ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്താണ്. 2016-ലാണ് ദേശീയ സ്റ്റാർട്ടപ് പോളിസി വരുന്നത്. ദേശീയ സ്റ്റാർട്ടപ് പോളിസി വരുന്നതിനുമുമ്പ് സ്റ്റാർട്ടപ് പോളിസി ഡിക്ലെയർ ചെയ്ത സംസ്ഥാനമാണിത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത് 2014-ൽ ആണെന്ന് നിങ്ങളിൽ ചിലയാളുകൾ പറയുന്നതുപോലെ 2016-ലാണ് കേരളമുണ്ടായതെന്ന് പറയരുത്. അതിനുമുമ്പ് ഉമ്മൻ ചാണ്ടിയും ശ്രീ. വി. എസ്. അച്ചുതാനന്ദനും ഇ. കെ. നായനാരും കെ. കരുണാകരനും സി. അച്യുതമേനോനും ഇ.എം.എസ്. നമ്പൂതിരിപ്പാടും ശ്രീ. എ. കെ. ആന്റണിയുമൊക്കെയുണ്ടായിരുന്നു. വികസനമെന്ന് പറയുന്നത് ഒരു തുടർച്ചയാണ്, അതൊക്കെയൊന്ന് പറയണം. ആ ജനാധിപത്യ മര്യാദ എവിടെയോ നിങ്ങൾക്ക് നഷ്ടപ്പെടുന്നുണ്ടെന്ന് ഞാനൊന്ന് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. Vibrant Gujarat Global Summit-നെ കുറിച്ചൊക്കെ ശ്രീ. നരേന്ദ്ര മോദി പറഞ്ഞിറങ്ങുന്നതിന് മുമ്പ് 2003-ൽ ഇന്ത്യയിലാദ്യമായി ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (GIM)-ന് നേതൃത്വം നൽകിയ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ഇപ്പോഴും ഈ സഭയിലുണ്ട്. എ. കെ. ആന്റണി മന്ത്രിസഭയിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ പേര് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നാണ്.

ഇപ്പോൾ ശ്രീ. പീയൂഷ് ഗോയൽ ഇവിടെ വന്ന് താമര വിരിയുമെന്ന് പ്രസംഗിച്ച് പോയതുപോലെയല്ല. 2013-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിങ്ങാണ് എമർജിങ് കേരള ഉദ്ഘാടനം ചെയ്തത്. ഗ്ലോബൽ സ്റ്റാർട്ടപ് ഇക്കോ-സിസ്റ്റം റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി Startup Genome എന്ന സ്ഥാപനത്തിന് സർക്കാർ 48000 യു.എസ്. ഡോളർ നൽകിയെന്ന വിവരവും ഇപ്പോൾ പുറത്തുവരികയാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് വിശദീകരിക്കുമെന്ന് ഞാൻ കരുതുകയാണ്. ഇവിടെ പരമ്പരാഗത വ്യവസായങ്ങളെല്ലാം പ്രതിസന്ധിയിലാണ്. ബഹുമാന്യനായ ശ്രീ. കെ. ബാബു (നെന്മാറ)-യോട് ഞാൻ പറയുകയാണ്, 2015-ൽ എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ സ്വകാര്യ മേഖലയിൽ 116 കശുവണ്ടി ഫാക്ടറികളുണ്ടായിരുന്നു. ഇപ്പോൾ ശ്രീ. പി. രാജീവ് നിയമസഭയിൽ നൽകിയ ഉത്തരത്തിൽ പറയുന്നത്, സ്വകാര്യ മേഖലയിൽ 46 ഫാക്ടറികൾ മാത്രമേ അവിടെ പ്രവർത്തിക്കുന്നുള്ളൂവെന്നാണ്. (ഉത്തരത്തിന്റെ പകർപ്പ് ഉയർത്തിക്കാട്ടി) അപ്പോൾ പരമ്പരാഗത വ്യവസായ മേഖല വികസിച്ചോ; 116-ൽനിന്ന് 46-ലേക്ക് പോകുന്നതിനെ വികസനമെന്നാണോ പറയുന്നത്? കശുവണ്ടി, കയർ, കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെല്ലാം പ്രതിസന്ധിയിലും അവിടെ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് സാധാരണക്കാരായ മനുഷ്യർ പട്ടിണിയിലുമാണ്. എന്നിട്ടും നമ്മളിവിടെ നിന്ന് വാഴ്ത്തുപാട്ട് പാടണമെന്നാണോ നിങ്ങൾ പറയുന്നത്? അത് നമ്മുടെ ജോലിയല്ല. പ്രതിപക്ഷത്തിന് ജനം നൽകിയിരിക്കുന്ന ഉത്തരവാദിത്വം ഭരണപക്ഷത്തെ തിരുത്താനാണ്. ആ ജോലി ഞങ്ങൾ കൃത്യമായി ചെയ്യുണ്ട്? ഇപ്പോൾ ആശാ വർക്കർമാരുടെ സമരം നടക്കുകയാണ്. ആ സമരത്തെക്കുറിച്ച് എന്തെങ്കിലും പറയുമ്പോൾ പ്രതിപക്ഷം

സാമ്രാജ്യത്വപക്ഷവാദികളായി എന്നൊക്കെ നിങ്ങൾ പറയുന്നു. ആശാവർക്കർമാരുടെ സമരം നൂറ് ശതമാനം നീതിയും ന്യായവുമുള്ളതാണെന്നാണ് ഇന്ത്യ അറിയപ്പെടുന്ന എഴുത്തുകാരനും കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റുമായ ശ്രീ. കെ. സച്ചിദാനന്ദൻ ഒരു വാട്സ്ആപ്പ് ശബ്ദസന്ദേശത്തിൽ പറഞ്ഞത്. അദ്ദേഹം പറഞ്ഞതിന്റെ ലേഖനരൂപം ഞാൻ ഇവിടെ വായിക്കാം, "ആശാ വർക്കർമാരുടെ സേവനം തുടങ്ങിയത് ഒരുതരം അസിസ്റ്റൻസ് പോലെയായിരുന്നു. പിന്നീട് അവർക്ക് ധാരാളം ചുമതലകളും ജോലികളും കൂട്ടിയിട്ടുണ്ട്. അതിനനുസരിച്ചുള്ള വേതന വർധനവ് ആവശ്യപ്പെടുന്നത് വെറും നീതിയാണ്. SUCI (Socialist Unity Centre of India (Communist)) ആണെങ്കിലും കോൺഗ്രസ് ആണെങ്കിലും അത് ആര് ചോദിച്ചാലും അതിനൊരു നീതിയുണ്ട്. അതുകൊണ്ട് അവരുടെ നിവേദനം കേൾക്കുക, അവരെ സഹായിക്കുക, ചുരുങ്ങിയത് അവരെ തെറി പറയാതിരിക്കുക. സ്ത്രീകളായതുകൊണ്ട് മാത്രം അവരെ ചീത്ത പറയുകയാണ്. ഇത്തരം വൃത്തികെട്ട ഭാഷ ഉപയോഗിക്കുന്ന ആളുകൾ, ഈ വൃത്തികെട്ട മനുഷ്യരുള്ളിടത്തോളം കാലം നമുക്ക് കമ്മ്യൂണിസമുണ്ടാകില്ല, വർഗസമരമുണ്ടാകില്ല. അതുകൊണ്ട് ചുരുങ്ങിയത് മര്യാദയ്ക്ക് സംസാരിക്കുക, അവരുമായി ഒത്തുതീർപ്പിന് ശ്രമിക്കുക" - ശ്രീ. കെ. സച്ചിദാനന്ദൻ. ആ പാവപ്പെട്ട ആശാവർക്കർമാരെ പാട്ട പെറുക്കികൾ, കൃമികീടങ്ങൾ എന്നൊക്കെ വിളിച്ചിട്ട് മാറിനിന്ന് പാടുന്നത്, "മനുഷ്യനാകണം... മനുഷ്യനാകണം... ഉയർച്ച താഴ്ചകൾക്കതീതമായ സ്നേഹമേ... നിനക്ക് നിങ്ങൾ.... " എന്നാണ്. എന്ത് പേര് വേണമെങ്കിലുമിട്ടോളൂ, പക്ഷെ ആ പാവങ്ങളെ തെറി വിളിക്കാതിരിക്കുക, അവരെ അധിക്ഷേപിക്കാതിരിക്കുക. കശുവണ്ടി, കയർ, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയെയും അവിടെ പണിയെടുക്കുന്ന സാധാരണക്കാരായ

തൊഴിലാളികളെയും സംരക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്ത, പാവപ്പെട്ടവന്റെ വീടുകളിലേക്ക് ജപ്തി നടപടികളുമായി ബാങ്കുകൾ കടന്നുപോകുമ്പോൾ നിസ്സഹായമായി നിൽക്കുന്ന സഹകരണ വകുപ്പാണ് ഇവിടെയുള്ളതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: യെസ്... പ്ലീസ്... പ്ലീസ്... ഇന്ന് ബഹുമാനപ്പെട്ട നാല് മന്ത്രിമാർ മറുപടി പറയേണ്ടതുണ്ട്. അതുകൊണ്ട് മന്ത്രിമാർ മറുപടി പറയുന്നതിൽ മിതത്വം പാലിച്ചാൽ നന്നായിരുന്നു. തിരുവനന്തപുരത്തെ ഇന്നത്തെ സ്ഥിതി നമുക്കറിയാം. എല്ലാവർക്കും പോകേണ്ടതാണ്. ട്രാഫിക് ഇഷ്യൂസ് വരും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാർ പരമാവധി സമയം പാലിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇവിടെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് അധികം ചർച്ചകളൊന്നും വന്നില്ല, വന്നതിനൊക്കെ മറുപടി ചുരുക്കി പറഞ്ഞ് അവസാനിപ്പിക്കാം. സഹകരണ മേഖലയിൽ ഈ കാലഘട്ടത്തിൽ അഭിമാനകരമായ പുരോഗതിയാണുണ്ടായിട്ടുള്ളത്. പ്രത്യേകിച്ച്, ക്രെഡിറ്റ് സംഘങ്ങളിൽ നിക്ഷേപ രംഗത്തും വായ്പാ രംഗത്തും വലിയ പുരോഗതി കൈവരിക്കാൻ –കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് സഹകരണ മേഖല വീണ്ടും പുരോഗതിയിലേക്ക് വരുന്നുവെന്നതിന്റെ സൂചനകൾ കണ്ടുതുടങ്ങിയിരിക്കുന്നു. 68 ബാങ്കുകളെക്കൂടി ലാഭകരമാക്കി മാറ്റുന്ന തരത്തിലെത്തുകയും തൊള്ളായിരത്തോളം ബാങ്കുകൾ ഇപ്പോൾ ലാഭത്തിലായിരിക്കുകയുമാണ്. അത് ഈ വർഷത്തെ മാറ്റമാണ്. നിക്ഷേപ രംഗത്ത് 2022-23 കാലഘട്ടത്തേക്കാൾ വൻവർധനവുണ്ടായിട്ടുണ്ട്. പ്രൈമറി സംഘങ്ങളിൽ മാത്രം 6489.84

കോടി രൂപയുടെ നിക്ഷേപ വർധനവും 5312.34 കോടി രൂപയുടെ വായ്പാ വർധവുമുണ്ടായിട്ടുണ്ട്. ഇത് ഒരു വർഷത്തെ മാത്രം വർധനവാണ്. കേരളത്തിലെ 45 ബാങ്കുകളിൽ 5 ബാങ്കുകൾക്ക് 50,200/- കോടിയിൽപ്പരം രൂപയുടെ വായ്പാവർധനവുണ്ടായി. 50,000/- കോടി രൂപയ്ക്ക് മുകളിൽ വായ്പ വർധിച്ച ആ 5 ബാങ്കുകളിലൊന്നായും ഇന്ത്യയിലെ സംസ്ഥാന സഹകരണ ബാങ്കുകളിൽ ഈ നേട്ടം കൈവരിച്ച ആദ്യ ബാങ്കായും കേരള ബാങ്ക് വളർന്നിരിക്കുന്നു. അതോടൊപ്പം, നിക്ഷേപത്തിലും 6,799 കോടി രൂപയുടെ വർധനവാണുണ്ടായിരിക്കുന്നത്. സഹകരണ മേഖലയുടെ ഈ കാലഘട്ടത്തെ നിക്ഷേപ വർധനവ് 2,99,215 കോടിയിൽപ്പരം രൂപ എന്നത് അഭിമാനകരമായ നേട്ടമാണ്. 2,50,000 കോടി രൂപയാകുമെന്നായിരുന്നു നമ്മൾ പറഞ്ഞിരുന്നതെങ്കിലും അതിനേക്കാൾ കൂടുതലായി നിക്ഷേപം വർധിച്ചിരിക്കുകയാണ്. വായ്പയുടെ തോതും വർധിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ ഈ വർഷത്തെ ലാഭം 209 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. ന്യൂജെൻ ബാങ്കിനൊപ്പം കോംപീറ്റ് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള RTGS, NEFT, Online Banking Business, Mobile Banking, Internet Banking, IMPS, Google Pay ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വളർച്ച കേരള ബാങ്ക് ഉറപ്പാക്കിയിട്ടുണ്ട്. ഈ മേഖലയിൽ ഒറ്റപ്പെട്ട അനഭിലഷണീയമായ പ്രവണതകൾ വളർന്നുവന്നപ്പോൾ ഇത് ആകെ തകർന്നുവെന്ന രൂപത്തിൽ പ്രചാരണം നടത്തിയവർക്കെല്ലാമുള്ള മറുപടിയാണ് കേരള ബാങ്കിലെയും പ്രൈമറി സംഘങ്ങളിലെയും നിക്ഷേപത്തിലും വായ്പയിലുമുണ്ടായ വർധനവെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളുടെ മറ്റൊരു രൂപമാണ് സി.ഡി. റേഷ്യോ. സഹകരണ

മേഖലയുടെ സി.ഡി. റേഷ്യോ പരിശോധിച്ചാൽ കേരള ബാങ്കിന്റേത് 75.06 ശതമാനമായി ഉയർന്നുനിൽക്കുകയാണ്. മറ്റിതര ബാങ്കുകളുടേതുകൂടി പരിശോധിക്കുമ്പോഴാണ് സി.ഡി. റേഷ്യോ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതിനർഥം, സഹകരണ മേഖലയിലെ നിക്ഷേപം ഇവിടെത്തന്നെ വിനിയോഗിക്കുന്നതിനും ഈ നാട്ടിലെ സാധാരണക്കാർക്ക് വായ്പ കൊടുക്കുന്നതിനും കഴിയുന്ന സ്ഥിതിയിലായിരിക്കുന്നുവെന്നാണ്. കാർഷിക മേഖലയുടെ വളർച്ചയ്ക്കുവേണ്ടി എത്ര തുകയാണോ നിഷ്കർഷിക്കുന്നത് അതിനേക്കാൾ കൂടുതൽ വായ്പ നൽകിക്കഴിഞ്ഞിരിക്കുന്നു. അതാണ് 50,200 കോടിയിൽപ്പരം രൂപ വന്നുവെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചത്. പ്രൈമറി സംഘങ്ങളിലും ഇതുപോലെ തുക വന്നിരിക്കുകയാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിനും കേരള ബാങ്ക് മുന്നോട്ടുവന്നിരിക്കുകയാണ്. ഇങ്ങനെ കാർഷിക-വ്യാവസായിക മേഖലകളിലും പുരോഗതി ഉറപ്പാക്കാൻ സഹായിക്കുന്ന സാഹചര്യങ്ങൾ സംജാതമാക്കിക്കൊണ്ടാണ് സഹകരണ മേഖലയുടെ പ്രയാണം അനുസ്യൂതം മുന്നോട്ടുനീങ്ങുന്നത്. മറ്റൊന്ന്, ഈ കാലഘട്ടത്തിൽ മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ നടത്തിയ ഇടപെടലിന്റെ ഫലമായി ആദ്യഘട്ടമെന്ന നിലയിൽ ഏതാണ്ട് 12 ടൺ മൂല്യവർധിത ഉൽപ്പന്നങ്ങൾ അമേരിക്കയിലേക്ക് എക്സ്പോർട്ട് ചെയ്യാൻ സാധിച്ചു. തേയില, വാട്ടുകപ്പ, ചിപ്സ്, പാഷൻ ഫ്രൂട്ടിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങൾ, നാളികേരവുമായി ബന്ധപ്പെട്ട എണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ, ചക്കയുമായി ബന്ധപ്പെട്ട വിവിധ ഉൽപ്പന്നങ്ങൾ തുടങ്ങിയവ അതിലുൾപ്പെടുന്നുണ്ട്. അത് ഫ്ലാഗ് ഓഫ് ചെയ്യാൻ ഞാൻ കൊച്ചിയിൽ പോയിരുന്നു. ഗൾഫ് നാടുകളിലേക്ക് നിരവധി ഉൽപ്പന്നങ്ങൾ എക്സ്പോർട്ട് ചെയ്യാൻ കഴിയുന്ന തരത്തിൽ സഹകരണ മേഖല എത്തിച്ചേർന്നിരിക്കുന്നു. സഹകരണ

മേഖലയിൽ മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കി കാർഷിക മേഖലയിലൂടെ സഹകരണ മേഖലയും സഹകരണ മേഖലയിലൂടെ കാർഷിക മേഖലയും വളരുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരികയാണ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ടും ചില പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ ഭാഗമായി ഏതാണ്ട് 146 സഹകരണ സംഘങ്ങൾ നബാർഡിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രയോജനപ്പെടുത്തി ഏഴ് വർഷത്തെ കാലാവധിക്ക് ഒരു ശതമാനം പലിശ നിരക്കിൽ രണ്ട് കോടി രൂപ വായ്പയെടുത്ത് ശീതീകരിച്ച ഗോഡൗണുകൾ നിർമ്മിച്ചും വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും മുന്നോട്ടുവരുന്നത് അഭിമാനകരമാണ്. ഇക്കാര്യങ്ങൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകാൻ ആഗ്രഹിക്കുകയാണ്. കൂടുതൽ മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനും ശീതീകരിച്ച ഗോഡൗണുകൾ നിർമ്മിക്കുന്നതിനും ശീതീകരിച്ച വാഹനങ്ങളെടുത്ത് ഉൽപ്പന്നങ്ങൾ മാർക്കറ്റുകളിലെത്തിച്ച് വിറ്റഴിക്കുന്നതിനുമാണ് ശ്രമിക്കുന്നത്. അതോടൊപ്പം സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ജില്ലാ സെന്ററുകളിൽ പ്രത്യേക വിപണനകേന്ദ്രങ്ങൾ ആരംഭിച്ച് അത്തരം ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുകയും ഓൺലൈൻ ബിസിനസ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയുടെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകരമായ തരത്തിലുള്ള ഭേദഗതി അനിവാര്യ ഘടകമായിരുന്നു. ഈ രംഗത്തെ അനഭിലഷണീയ പ്രവണതകൾ തടയാൻ കഴിയുന്ന നിയമ ഭേദഗതിയാണ് കൊണ്ടുവന്നത്. അതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതിക്ക് ഒരു വർഷത്തെ കാലാവധി ബഹുമാനപ്പെട്ട ചെയർ അനുവദിച്ചുതന്നിരുന്നു.

എന്നാൽ ഏഴ് മാസങ്ങൾക്കകംതന്നെ സമിതി സിറ്റിങ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ഐകകണ്ഠ്യേന ബിൽ പാസ്സാക്കുകയുമാണ് ചെയ്തത്. ആ നിയമം ഒപ്പിട്ടുനൽകാൻ കുറച്ച് കാലതാമസം വന്നെങ്കിലും പിന്നീട് പാസ്സാക്കുകയും ചട്ടം രൂപീകരിച്ച് ഇപ്പോൾ ആ ഭേദഗതി ആക്ടും റൂളുമായി മുന്നോട്ടുപോകുകയുമാണ്. ബഹുമാന്യനായ സണ്ണി ജോസഫ്, എം.എൽ.എ. ആ കമ്മിറ്റിയിലെ അംഗമായിരുന്നു. പുതുതായി 43(ബി) ഭേദഗതി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഭേദഗതി കൊണ്ടുവരാനിടയായ സാഹചര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കാം. സഹകരണ സംഘങ്ങളിലെ ഭരണസമിതിക്കെതിരായ അവിശ്വാസം സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ നിശ്ചയിക്കണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദേശം കൊടുത്തുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 159/2022 എന്ന സുപ്രധാന വിധിയുണ്ടായി. ആ വിധിയെത്തുടർന്നാണ് ഇപ്പോൾ 43(ബി) എന്ന ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അത് ചട്ടങ്ങൾക്ക് വിധേയമായി പരസ്യപ്പെടുത്തി ആക്ഷേപം കേട്ടുകൊണ്ടുതന്നെയാണ് ചെയ്തിട്ടുള്ളത്. ചട്ടത്തിലെ ഈ ഭേദഗതിപ്രകാരം അവിശ്വാസപ്രമേയത്തിനുള്ള നോട്ടീസ് നൽകണമെങ്കിൽ സംഘങ്ങളിലെ മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങളുടെ പിന്തുണയുണ്ടെന്ന് ഉറപ്പാക്കണം. ഇതിലൂടെ കൂടുതൽ ജനാധിപത്യപരമാകുകയാണ്, ജനാധിപത്യം ധ്വംസിക്കുകയല്ല ചെയ്യുന്നത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ധാരണ തെറ്റാണെന്ന കാര്യം ചൂണ്ടിക്കാണിക്കുകയാണ്. അപാകത ഒഴിവാക്കുന്നതിനും ജനാധിപത്യപരമായ അവകാശം സംരക്ഷിക്കുന്നതിനുമാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പൊതുയോഗങ്ങൾ നടക്കുമ്പോൾ ഹാജരാകുന്ന

അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനപ്രകാരമാണ് സഹകരണ സംഘങ്ങളിലും മറ്റ് ജനാധിപത്യ സംവിധാനങ്ങളിലും അന്തിമതീരുമാനം കൈക്കൊള്ളുന്നത്. അങ്ങനെയുള്ള ഉള്ളടക്കമാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സഹകരണ സംഘങ്ങളിൽ ഇപ്പോൾ ടീം ഓഡിറ്റ് സംവിധാനം ആരംഭിച്ചിരിക്കുകയാണ്. അതിന്റെ നല്ല റിസൾട്ട് വന്നുതുടങ്ങിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിലനിന്നിരുന്ന കൺകറന്റ് ഓഡിറ്റ് മാറ്റുകയും ടീം ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തതോടെ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഇൻസ്പെക്ഷൻ ടീം മെച്ചപ്പെടുത്തിയതിന്റെ ഭാഗമായി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA) ആപ്പ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ ജീവനക്കാർക്കും ഡയറക്ടർമാർക്കും പ്രത്യേക പരിശീലനം നൽകുന്നതിനായി 'മികവ്' എന്ന ടെയിനിങ് മൊഡ്യൂൾ തയ്യാറാക്കി നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ട്. സഹകരണ മാന്വൽ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി (PACS)-യിൽ യൂണിഫോം സോഫ്റ്റ്വെയർ നടപ്പാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. അത് പ്രാബല്യത്തിലാകുമ്പോൾ കുറച്ചുകൂടി സുതാര്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയും. ഈ മേഖലയിൽ ഏറ്റെടുക്കാൻ കഴിയുന്ന പൊതുവായ ചില പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. അതിലൊന്നാണ് ഫെനി നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം. അതുസംബന്ധിച്ച് പരിശോധനകൾ നടത്തുകയും ചില സംഘങ്ങൾ അതിന് തയ്യാറായി മുന്നോട്ടുവരികയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയും അതിന്റെ പരിശോധനയിലാണ്. കശുവണ്ടി കൃഷിക്കാർക്ക് പ്രയോജനപ്രദമാകുന്ന തരത്തിലാണ് ഫെനി നിർമ്മാണത്തെ സംബന്ധിച്ചുള്ള ഭാവി പദ്ധതികൾ തയ്യാറാക്കുന്നത്. ഹോർട്ടികൾച്ചർ

ഹബ്ബ് രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയുർധാരയുടെ നവീകരണം ഉറപ്പാക്കാൻ ശ്രമിക്കുകയാണ്. സഹകരണ എക്സ്പോ ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം ജില്ലയിൽ നടത്തുന്നതാണ്. ഇപ്പോൾ 412-ഓളം ഉൽപ്പന്നങ്ങൾ ഞങ്ങൾ ഉൽപാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്നുണ്ട്. അതിന്റെയെല്ലാം പ്രദർശനവും വിപണനവും നടത്തുന്നതോടൊപ്പം പുത്തൻ ആശയങ്ങൾ രൂപീകരിക്കാനുള്ള നീക്കവും നടന്നുവരികയാണ്. സഹകരണ മേഖലയിലെ സബ്സ്റ്റാഫ് ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങളെല്ലാം റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടിട്ടുണ്ട്. കൂടാതെ, ഇപ്പോൾ നിയമനങ്ങളിൽ ഒരു ഭേദഗതികൂടി വരുത്തിക്കൊണ്ട് ഭിന്നശേഷിക്കാരുടെ സംവരണം മൂന്ന് ശതമാനമെന്നത് നാല് ശതമാനമായി വർധിപ്പിച്ചിട്ടുണ്ട് എന്ന സന്തോഷ വാർത്തയും സഭയെ അറിയിക്കുകയാണ്. അത് ഭിന്നശേഷിക്കാർക്ക് വലിയ അനുഗ്രഹമാണ്. ഭരണസമിതിയിൽ 40 വയസ്സിൽ താഴെയുള്ള പുരുഷനും സ്ത്രീയും ഉണ്ടായിരിക്കണമെന്ന നിയമം നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു. അതുപോലെ, സംഘം ജീവനക്കാരും ഭരണസമിതി അംഗങ്ങളും വലിയ വായ്പയെടുത്താൽ അതൊക്കെ അടുത്ത ജനറൽ ബോഡിയിൽ പരസ്യപ്പെടുത്തണമെന്ന നിയമവും വന്നിരിക്കുകയാണ്. വായ്പയെടുക്കുന്ന ഇടങ്ങളിൽ അതിന്റെ വാല്യുവേഷനുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച ടീമിൽ രണ്ട് മുതിർന്ന ജീവനക്കാരും രണ്ട് ഡയറക്ടർ ബോർഡ് അംഗങ്ങളും ഒരു പ്രൊഫഷണൽ വാല്യുവേറ്ററും ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് ഭാവിയിൽ വാല്യുവേഷൻ രംഗത്തുള്ള പോരായ്മകൾ പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യം ഉറപ്പാക്കുന്നതാണ്. ജോയിന്റ് രജിസ്റ്റാർ ഓഫീസിലെ കാലതാമസത്തെക്കുറിച്ച് ശ്രീ. മഞ്ഞളാംകുഴി അലി

സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ചതനുസരിച്ച് അക്കാര്യത്തിൽ ഇടപെടുകയും അതിന് പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അതും പരിഹരിക്കുന്നതാണ്. നിങ്ങൾ പിതൃത്വം ഏറ്റെടുക്കേണ്ടത് കരുവന്നൂർ ബാങ്കിന്റേതാണെന്ന് ഇവിടെ ബഹുമാനപ്പെട്ട സണ്ണി ജോസഫ് ശ്രീ. കെ. ആൻസലനോട് പറയുകയുണ്ടായി. എനിക്ക് അദ്ദേഹത്തോട് ചോദിക്കാനുള്ളത്, അങ്ങയുടെ നാട്ടിൽ അങ്ങുതന്നെ നേതൃത്വം കൊടുത്ത പ്രദേശത്തെ സഹകരണ സംഘത്തിൽനിന്ന് തട്ടിച്ചതിന്ന് എല്ലാം പൊളിഞ്ഞതിനുശേഷം അതിനെ അമാൽഗമേഷനിലേക്ക് കൊണ്ടുവരണമെന്ന് എനിക്ക് നിവേദനം നൽകുകയും അവരെ രക്ഷിച്ചെടുക്കാൻ ശിപാർശ ചെയ്യുകയും ചെയ്തത് മറന്നുപോയോ എന്നാണ്. പറയുമ്പോൾ എല്ലാം പറയണം. സ്വയം വിമർശനമാണെങ്കിൽ അതുകൂടി പറയേണ്ടതല്ലേ; അതിന്റെ പിതൃത്വം ആരാണ് ഏറ്റെടുക്കുക? പുൽപ്പള്ളിയിലെ ബാങ്ക് വായ്പാ തട്ടിപ്പ് കേസിൽ കെ.പി.സി.സി. ജനറൽ സെക്രട്ടറി മാസങ്ങളോളം അകത്ത് കിടന്നു. അതിന്റെ പിതൃത്വം ആരാണ് ഏറ്റെടുക്കുക? അതുപോലെ യു.ഡി.എഫ്. ഭരിക്കുന്ന പെരുമ്പാവൂർ അർബൻ സഹകരണ ബാങ്കിലുണ്ടായ പ്രശ്നത്തിൽ മുൻ പ്രസിഡന്റും സെക്രട്ടറിയും ജയിലിലാണ്. എന്തുകൊണ്ടാണ് അതിന്റെ പിതൃത്വത്തെക്കുറിച്ച് പറയാത്തത്? എന്തുകൊണ്ടാണ് അങ്കമാലിയിലെയും മാവേലിക്കരയിലെയും തിരുവനന്തപുരത്തെയും പ്രശ്നങ്ങൾ പറയാതെ പോയത്? എന്തുകൊണ്ടാണ് വയനാട്ടിലെ നിങ്ങളുടെ നേതാവ് എൻ. എം. വിജയനും മകനും ആത്മഹത്യ ചെയ്യാനിടയായത്? അത് ഈ മേഖലയിൽ നടത്തിയ കൊള്ളരുതായ്മയുടെ ഭാഗമല്ലേ? എന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കരുത്. പറയിപ്പിച്ചാൽ എണ്ണിയെണ്ണി അക്കമിട്ട് പറയാൻ ധാരാളം കാര്യങ്ങളുണ്ട്.

കരുവന്നൂരിന്റെ കാര്യത്തിൽ ഉയർന്നുവന്ന കാര്യങ്ങൾ ഗവൺമെന്റ് കൃത്യമായി പരിശോധിക്കുകയും ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുകയും ആ നിക്ഷേപകർക്ക് ഇതിനകം 143 കോടി രൂപ തിരികെ നൽകുകയും ചെയ്തുവെന്ന സന്തോഷ വാർത്ത അറിയിക്കുകയാണ്. അതുമാത്രമല്ല, ആ ബാങ്കിൽ ഇപ്പോൾ നിക്ഷേപങ്ങൾ വരാനും സാധാരണഗതിയിൽ വായ്പ നൽകാനും തുടങ്ങിയതോടെ അതിന്റെ പ്രവർത്തനം സാധാരണഗതിയിലായിരിക്കുകയാണ്. അതുകൊണ്ട് കരുവന്നൂർ ബാങ്കിനെക്കുറിച്ച് നിങ്ങൾ ആക്ഷേപം പറയുമ്പോൾ നിങ്ങൾ കൈകാര്യം ചെയ്യുന്ന സംഘങ്ങളിലെ, ഞാൻ നേരത്തെ സൂചിപ്പിച്ച സ്ഥലങ്ങളിലെ കാര്യങ്ങൾകൂടി അന്വേഷിക്കുന്നത് നന്നായിരിക്കുമെന്ന് വിനയപൂർവം അങ്ങയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: യെസ്.... യെസ്....

ശ്രീ. വി. എൻ. വാസവൻ: സർ, ഒരു വകുപ്പിനെക്കുറിച്ചുകൂടി പറയാനുള്ളതിനാൽ അല്പസമയംകൂടി അനുവദിക്കണം. അദ്ദേഹം പറഞ്ഞതിന് മറുപടി പറഞ്ഞതാണ്, അല്ലാതെ ഞാൻ മറ്റ് കാര്യങ്ങളിലേക്ക് പോയതല്ല. ഒറ്റപ്പെട്ട അനഭിലഷണീയ പ്രവണതകൾ ഏത് സംഘത്തിലുണ്ടായാലും, അത് എൽ.ഡി.എഫ്.-ന്റെയോ യു.ഡി.എഫ്.-ന്റെയോ ബി.ജെ.പി.-യുടെയോ ആയാലും തെറ്റുകാരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് ശക്തമായ നടപടി സ്വീകരിച്ച് സംഘങ്ങളെ രക്ഷിക്കാനുള്ള സമീപനം സ്വീകരിക്കും. വിമർശനങ്ങൾ ഉന്നയിക്കുന്നതിനുമുമ്പ് ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് വിനയപൂർവം അറിയിക്കാനുള്ളത്. സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവരുടെ വീട് ജപ്തി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നടത്തിയ പ്രഖ്യാപനങ്ങളിൽനിന്ന് അണുവിട വ്യതിചലിക്കുന്ന പ്രശ്നമില്ല. ആളുകളെ വീടുകളിൽനിന്നും ഇറക്കിവിട്ടുകൊണ്ടുള്ള ജപ്തി നടപടികൾ ഒഴിവാക്കണമെന്നുള്ളത് സഹകരണ സംഘങ്ങളിൽ മാത്രമേ നടപ്പിലാക്കാൻ കഴിയൂ. അർബൻ ബാങ്കുകളിൽ സർഫാസി ആക്ട് ബാധകമായതിനാൽ അവിടെ കോടതിയുടെ നിയമാനുസൃത നടപടികളാണ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ആ നയത്തിലൂടെ തന്നെയാണ് സഹകരണ വകുപ്പ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. കുടിശ്ശിക വരുത്തിയവർക്കെതിരെ വീട് ഒഴിവാക്കിക്കൊടുത്തുകൊണ്ടുള്ള ജപ്തി നടപടികൾ മാത്രമേ സ്വീകരിക്കുകയുള്ളൂവെന്ന കാര്യത്തിൽ ഒരു മാറ്റവുമില്ല. തുടർന്നും അങ്ങനെതന്നെ മുന്നോട്ടുപോകും. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പറഞ്ഞു. നെല്ല് സംഭരണ-സംസ്കരണ-വിപണനത്തിനായി KAPCOS, PAPCOS എന്നീ രണ്ട് റൈസ് മില്ലുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. KAPCOS പാലക്കാടും PAPCOS കോട്ടയത്തുമാണ് സ്ഥാപിക്കുന്നത്. ഓൺഗോയിങ് പ്രോജക്ടുകളായ ഇവ രണ്ടും ഉടൻതന്നെ യാഥാർഥ്യമാകുന്നതാണ്. എങ്ങനെയാണ് ആംഗ്യഭാഷയിൽനിന്നും സംസാരഭാഷയും സംസാരഭാഷയിൽനിന്നും അക്ഷരങ്ങളും അക്ഷരങ്ങളിൽനിന്നും വാക്കുകളും വാക്കുകളിൽനിന്നും വാചകങ്ങളും ഉണ്ടായതെന്നുമുള്ള ഭാഷയുടെ ഉല്പത്തിയും മലയാള ഭാഷയുടെ വികാസവും പരിണാമവും ദൃശ്യവത്കരിക്കുന്നതും ഇന്ത്യയിലെ ഏതാണ്ട് 600 ഭാഷകളെ പരിചയപ്പെടുത്തുന്നതുമായ 'അക്ഷര മ്യൂസിയം' സഹകരണ മേഖലയിൽ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ച് ലോകത്തിലെ

ആറായിരത്തോളം ഭാഷകളെ പരിചയപ്പെടുത്തുന്ന രണ്ടും മൂന്നും ഘട്ടങ്ങളിലേക്ക് കടക്കുകയാണ്. ഒട്ടനവധി നൂതന ആശയങ്ങളുമായി സഹകരണമേഖല മുന്നോട്ടുനീങ്ങുകയാണ്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ഇവിടെ ചില കാര്യങ്ങൾ ഉന്നയിച്ചിരുന്നു. ഈ രംഗത്തെ ഒരു പ്രധാനപ്പെട്ട പോരായ്മയായി ബഹുമാന്യനായ മഞ്ഞളാംകുഴി അലി പറഞ്ഞത് ഫയർ എഞ്ചിന്റെ പ്രശ്നങ്ങളാണ്. ഒരു ഫയർ എഞ്ചിനെ ആസ്പദമാക്കിയല്ല പോർട്ട് പ്രവർത്തിക്കുന്നത്. നാഷണൽ ഫയർ പ്രൊട്ടക്ഷൻ അസോസിയേഷന്റെ നിയന്ത്രണത്തിലാണ് എൻ.എസ്.പി.സി. (National Safety in Ports Committee) ഈ പോർട്ടുമായി ബന്ധപ്പെട്ട ഫയർ സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. അതുകൊണ്ട് അതൊരു പോരായ്മ അല്ല എന്ന കാര്യം സൂചിപ്പിക്കുകയാണ്. മറ്റൊന്ന്, വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ ഉമ്മൻ ചാണ്ടിയുടെ പേരാണ് നിഴലിച്ചുവരികയെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ആവർത്തിച്ച് പറഞ്ഞു. 2010 ആഗസ്റ്റ് മാസം 10-ാം തീയതി 5.00 മണിക്ക് മുൻമുഖ്യമന്ത്രി, അഭിവന്ദ്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ട് ഔപചാരികമായി ആദ്യം ഉദ്ഘാടനം ചെയ്തത്. പ്രസ്തുത ചടങ്ങിൽ അന്നത്തെ തുറമുഖ വകുപ്പുമന്ത്രി സഖാവ് എം. വിജയകുമാർ അധ്യക്ഷത വഹിക്കുകയും ശ്രീ. എം. വിൻസെന്റ് എം.എൽ.എ. ഉൾപ്പെടെയുള്ളവർ അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ആ ചടങ്ങിൽ അന്നത്തെ പ്രതിപക്ഷനേതാവിനെയും ക്ഷണിച്ചിരുന്നു. അതിന്റെ ചിത്രം ഇപ്പോഴും എന്റെ കൈയിലുണ്ട്. അപ്പോൾ വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ട് ആദ്യം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. അതിനുമുമ്പ് ബഹുമാന്യനായ ഇ. കെ.

നായനാരുടെ കാലഘട്ടത്തിൽ ഇത്തരമൊരു ആശയം വരികയും അതിന്റെ അടിസ്ഥാനത്തിൽ പഠനത്തിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിക്കുകയും ചെയ്തിരുന്നു. ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും ശ്രീ. എം. വിജയകുമാർ തുറമുഖ വകുപ്പുമന്ത്രിയുമായിരിക്കുമ്പോഴാണ് ഈ തുറമുഖവുമായി ബന്ധപ്പെട്ട നീക്കങ്ങൾ നടത്തിയത്. തുടർന്ന്, പോർട്ടിന്റെ കമ്പനി ഉദ്ഘാടനം കഴിഞ്ഞതിനുശേഷം ടെൻഡർ ചെയ്തു. ആ ടെൻഡർ നടപടിക്രമത്തിൽ ആന്ധ്രാപ്രദേശിലെ ഒരു കമ്പനി അത് ഏറ്റെടുത്തപ്പോൾ അവർക്ക് സാങ്കേതിക ഉപദേശം നൽകുന്നത് ചൈനീസ് കമ്പനിയാണെന്ന് പറഞ്ഞാണ് അന്നത്തെ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി അതിന് അനുമതി നിഷേധിച്ചത്. അപ്പോൾ യഥാർഥത്തിൽ വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ട് ആരാണ് ആദ്യം തുടങ്ങിയത്? അവിടെ നിങ്ങൾ ഒരു തറക്കല്ലിട്ടുവെന്ന കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. ഞങ്ങൾ സമരം ചെയ്തത് ആ എഗ്രിമെന്റിലെ ഉള്ളടക്കത്തിനെതിരായാണ്. അതായത്, കേരളത്തിന് സംഭവിക്കാവുന്ന നഷ്ടങ്ങൾ എത്ര വലുതാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ആ എഗ്രിമെന്റിലെ ഉള്ളടക്കത്തിലെ പിശകുകളെയാണ് ഞങ്ങൾ ചൂണ്ടിക്കാട്ടിയത്. ഞങ്ങൾ എഗ്രിമെന്റിനെയാണ് എതിർത്തിരുന്നതെങ്കിൽ ഇപ്പോഴത് ഏറ്റെടുത്ത് നടപ്പാക്കാൻ മുന്നോട്ടുവരുമായിരുന്നില്ല. ഇന്ന് വിഴിഞ്ഞം പോർട്ട് യാഥാർഥ്യമായിരിക്കുന്നുവെങ്കിൽ അതിന്റെ എല്ലാ പ്രവർത്തനങ്ങളും പ്രായോഗിക തലത്തിലെത്തിച്ച് പോർട്ടാക്കി മാറ്റിയത് ഇന്നത്തെ പിണറായി ഗവൺമെന്റാണെന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട. വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാക്കുന്നതിന് ആദ്യമുണ്ടായ പ്രതിസന്ധി പാറയുൾപ്പെടെയുള്ള റോ

മെറ്റീരിയലുകളുടെ അഭാവമായിരുന്നു. തുടർന്ന് വെള്ളപ്പൊക്കവും കോവിഡും വന്നു. ഇങ്ങനെയുള്ള പ്രതിസന്ധികളെയും പ്രയാസങ്ങളെയുമെല്ലാം തരണം ചെയ്തുകൊണ്ടാണ് നിശ്ചയദാർഢ്യത്തോടുകൂടി ഈ സർക്കാർ മുന്നോട്ടുപോയത്. പിന്നീടുണ്ടായത് രണ്ടാം വിമോചനസമരത്തിന്റെ കാഹളമൂതിക്കൊണ്ട് സംഘർഷഭരിതമായ രൂപത്തിൽ വന്ന സമരമാണ്. അതിനെ അതിജീവിച്ചുകൊണ്ടാണ് ആ പോർട്ട് യാഥാർഥ്യമാക്കുന്നതിന് പിണറായി ഗവൺമെന്റ് മുന്നോട്ടുപോയത്. ഡിസംബർ മാസം 3-ാം തീയതിയോടുകൂടി പോർട്ടിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. ഇതിനോടകം ഏകദേശം 204 ഷിപ്പുകൾ വരികയും നാല് ലക്ഷത്തിൽപ്പരം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയും ചെയ്തു. മേയ് മാസത്തിൽ ലോകത്തിലെ ഏറ്റവും വലിയ ഷിപ്പുകൾ ഇവിടേക്ക് വരാൻ പോകുകയാണ്. അതുസംബന്ധിച്ച വാർത്തകൾ ഉടൻ വരും. ഫെബ്രുവരി മാസത്തിൽ 40 ഷിപ്പുകൾ വന്നപ്പോൾ ഏതാണ്ട് 71883 TEU കൈകാര്യം ചെയ്യാൻ കഴിഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ ഇന്ത്യയിലെ നമ്പർ വൺ പോർട്ടായി വിഴിഞ്ഞം തുറമുഖം മാറിയിരിക്കുകയാണ്. ഇതിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള എഗ്രിമെന്റ് അദാനിയുമായി ഒപ്പുവച്ചിട്ടുണ്ട്. അതനുസരിച്ച് 2028-ൽ വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കുമ്പോൾ അതിനാവശ്യമായ പശ്ചാത്തലസൗകര്യവും റെയിൽവേ-റോഡ് കണക്റ്റിവിറ്റിയും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും ത്വരിതഗതിയിലാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 10.7 കി.മീ. റെയിൽവേയുള്ളതിൽ 9.2 കി.മീ. തുരങ്കപാതയാണ്. ആ തുരങ്കപാതയ്ക്കാവശ്യമായ സ്ഥലത്തിനുവേണ്ടി തയ്യാറാക്കിയ ഡി.പി.ആർ.-ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാലരാമപുരം, പള്ളിച്ചൽ,

അതിയന്നൂർ എന്നീ സ്ഥലങ്ങളിൽ ഭൂമിയേറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുപോകുകയാണ്. അതുപോലെ റോഡ് കണക്ടിവിറ്റിക്കാവശ്യമായ ഫണ്ട് സർക്കാർ മാറ്റിവയ്ക്കുകയും ഭൂമിയേറ്റെടുത്ത് തുടങ്ങുകയും ചെയ്തതിനാൽ പെട്ടെന്നുതന്നെ ആ പ്രവർത്തനങ്ങളും പൂർത്തീകരിക്കും. 2035 ആകുമ്പോൾ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം മാറും. അടുത്ത ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി മൂന്ന് ദിവസം മുമ്പ് ലഭ്യമായിട്ടുണ്ട്; ഏതാനും ആഴ്ചകൾക്കുള്ളിൽ അത് ആരംഭിക്കുന്നതാണ്. തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആഗോളതലത്തിലും ദേശീയതലത്തിലും ഏറെ ശ്രദ്ധേയമായിട്ടുണ്ട്. സമുദ്രവ്യാപാര മേഖലയിൽ കേരളത്തെ ലോകത്തിന്റെ നെറുകയിലെത്തിക്കുന്ന അന്താരാഷ്ട്ര തുറമുഖമായി വിഴിഞ്ഞം മാറുന്നതോടെ സിംഗപ്പൂരും മലേഷ്യയും കൈവരിച്ചതുപോലെയുള്ള വലിയ നേട്ടങ്ങൾ ലോജിസ്റ്റിക് രംഗത്തും മറ്റ് അനുബന്ധ വ്യവസായങ്ങളിലും കേരളത്തിനും കൈവരിക്കാനാകും. വ്യവസായ വകുപ്പുമന്ത്രി മുൻകൈയെടുത്ത് നടത്തിയ കോൺക്ലേവിനും ഇൻവെസ്റ്റേഴ്സ് മീറ്റിനുമെല്ലാം ഇൻഫ്രാസ്ട്രക്ചറായി ഈ തുറമുഖ മേഖല മാറുമ്പോൾ കേരളത്തിലെ മറ്റ് 17 നോൺ മേജർ തുറമുഖങ്ങളെക്കൂടി ബന്ധിപ്പിച്ചുകൊണ്ടുള്ള സർവീസുകൾ ചരക്ക് ഗതാഗതരംഗത്ത് നടത്തുന്ന കാര്യവും ഇതിനോടകം പ്ലാൻ ചെയ്തിട്ടുണ്ട്. മാരിടൈം ബോർഡിന്റെ കീഴിൽ ആ പ്രവർത്തനങ്ങൾ ഭംഗിയായും ഫലപ്രദമായും നടന്നുവരികയാണ്. ചരക്കുഗതാഗത രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതുപോലെ ക്രൂയിസ് ഷിപ്പുകളുടെ പ്രവർത്തനങ്ങളും ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. കെ. ബാബു (നെന്മാറ) സൂചിപ്പിച്ചതുപോലെ, പാലക്കാട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടത്

ഇപ്പോഴും ഓർമ്മയുണ്ട്. കാക്കയും കഴുകനും കാഷ്ഠിക്കുന്ന ഒരു തറക്കല്ല് അവിടെയുണ്ട്. കല്ലിട്ടാൽ കാര്യങ്ങൾ നടക്കുമെന്ന് മനസ്സിലാക്കുന്നവർ അത് ഓർക്കുന്നത് നന്നായിരിക്കും. കല്ലിട്ടാൽ അല്ല കാര്യങ്ങൾ നടക്കുക, പ്രായോഗിക പ്രവർത്തനരംഗത്ത് കരുത്തും കർമ്മശേഷിയും ഇച്ഛാശക്തിയും ദിശാബോധത്തിലൂന്നിയുള്ള പ്രവർത്തനവും ഉയർത്തിക്കൊണ്ടുവരുമ്പോഴാണ് ഒരു പദ്ധതി യാഥാർഥ്യമാകുന്നത്. വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാക്കിയത് ഒന്നും രണ്ടും പിണറായി സർക്കാരാണെന്ന് അഭിമാനത്തോടെ പറഞ്ഞുകൊണ്ടും അതിന്റെ ഭാവിപ്രവർത്തനങ്ങൾ നിശ്ചയദാർഢ്യത്തോടെയും കാലതാമസം കൂടാതെയും നടപ്പാക്കുമെന്ന് സൂചിപ്പിച്ചുകൊണ്ടും ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഈ സഭയിലെ പ്രമുഖരായ അംഗങ്ങൾ തന്നെയാണ് ഈ ധനാഭ്യർഥനയുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കാളികളായത്. നമ്മുടെ സഭയിലെ ഒട്ടുമിക്ക അംഗങ്ങളും കൃഷിയെയും കാർഷിക മേഖലയെയും നല്ലരീതിയിൽ പിന്തുണയ്ക്കുന്നവരും പിൻബലം നൽകുന്നവരുമാണെന്നത് സന്തോഷകരമായ കാര്യമാണ്. കേരളത്തിന്റെ കാർഷികമേഖലയുടെ സമഗ്ര വികസനവും മുന്നേറ്റവുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പ്രകടന പത്രികയിൽ പ്രഖ്യാപിച്ച കാര്യങ്ങൾ മാത്രമല്ല അതിനപ്പുറത്തുള്ള കാര്യങ്ങളും ഇക്കാലയളവിനുള്ളിൽ നടപ്പാക്കാനായി എന്നത് അഭിമാനകരമാണ്. കേരളത്തിലെ പ്രധാനപ്പെട്ട വിളകളെക്കുറിച്ചൊക്കെ ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. നെല്ലിന്റെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2020-21-ൽ നെല്ലിന്റെ ഉൽപാദനക്ഷമത ഏതാണ്ട് 3091 കിലോഗ്രാം/ഹെക്ടർ ആയിരുന്നത് 2022-23-ൽ 3108

കിലോഗ്രാം/ഹെക്ടറിലേക്ക് എത്തിക്കാൻ സാധിച്ചുവെന്നാണ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. അതൊരു വലിയ നേട്ടമായിട്ടാണ് കാണുന്നത്. നെല്ല് സംഭരണത്തിലും ഫലപ്രദമായി ഇടപെടാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നെൽകർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനപ്പുറം വിവിധങ്ങളായ ആനുകൂല്യങ്ങളും നൽകുന്നുവെന്നുള്ളത് അഭിമാനത്തോടെ പറയാൻ സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 7273 കോടി രൂപയുടെ നെല്ലാണ് സംഭരിച്ചിട്ടുള്ളത്. നാല് വർഷത്തിനുള്ളിൽ ഏതാണ്ട് 269 കോടി രൂപയുടെ ആനുകൂല്യങ്ങൾ ഈ മേഖലയിലെ കർഷകർക്ക് നൽകാനായിട്ടുണ്ട്. ഇതോടൊപ്പം നെൽകൃഷി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി 257 കോടിയിലധികം രൂപ വിനിയോഗിക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് നാളികേരം ഒരു സുപ്രധാന വിളയാണ്. എന്നാൽ നാളികേരത്തിന്റെ കാര്യത്തിൽ നമ്മൾ പുറകോട്ട് പോയിരുന്നു. നാളികേര ഉല്പാദനത്തിൽ കേരളത്തെക്കാൾ മുൻനിരയിൽ എത്തിയ സംസ്ഥാനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നീ കീടങ്ങൾ കേരകൃഷിയെ പ്രതിസന്ധിയിലാക്കിയിരുന്നു. എന്നാൽ നാളികേര ഉല്പാദനം വർധിപ്പിക്കുന്നതിനും നാളികേര കർഷകരെ സഹായിക്കുന്നതിനും ഈ ഗവൺമെന്റ് കഴിഞ്ഞ എട്ടരവർഷക്കാലമായി മികച്ചരീതിയിലുള്ള പിന്തുണയും പിൻബലവും നൽകുന്നുണ്ട്. ഈ മേഖലയ്ക്കായി ഏതാണ്ട് 153 കോടി രൂപ ചെലവഴിച്ചതും 232 കേരഗ്രാമങ്ങൾ യാഥാർഥ്യമാക്കിയതും അഭിമാനത്തോടെ പറയാൻ സാധിക്കുന്ന കാര്യങ്ങളാണ്. കൂടാതെ നാളികേരത്തിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം

നടത്തുന്നതിനുമായി നിരവധി പദ്ധതികൾ കൃത്യതയോടുകൂടി ആവിഷ്കരിച്ച് നടപ്പാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. തന്മൂലം ഈ മേഖലയിലെ കർഷകർ അതീവ ശ്രദ്ധയോടെ തെങ്ങുകളെ പരിചരിക്കുകയും 2020-21 കാലയളവിൽ ഒരു ഹെക്ടറിൽനിന്നും 6228 നാളികേരം ഉല്പാദിപ്പിക്കുകയും ചെയ്തു. 2023-24-ൽ 7211 നാളികേരം/ഹെക്ടർ എന്ന തരത്തിൽ വർധിച്ചിട്ടുണ്ട്. പച്ചക്കറിയുടെ കാര്യത്തിലും നേട്ടമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 2015-16 കാലഘട്ടത്തിൽ ആറ് ലക്ഷം ടൺ പച്ചക്കറിയായിരുന്നു ഉൽപാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ ഒരു വർഷംകൊണ്ട് ഏകദേശം 17 ലക്ഷത്തിലധികം ടൺ പച്ചക്കറി ഉൽപാദിപ്പിക്കാൻ സാധിച്ചുവെന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. കൃഷി വകുപ്പും അനുബന്ധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളുമെല്ലാം ഫലപ്രദമായി ഇടപെട്ടതിന്റെ ഫലമായിട്ടാണ് പച്ചക്കറി ഉൽപാദനത്തിൽ വലിയ നേട്ടം കൈവരിക്കാൻ സാധിച്ചത്. ഇതിനുപുറമെ 67 ടൺ പച്ചക്കറി വിത്തുകളും 243.45 ലക്ഷം പച്ചക്കറി തൈകളും 34 ലക്ഷം ഫലവൃക്ഷ ഗ്രാഫ്റ്റുകളും വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്യുന്ന വിത്തുകളൊന്നും മുളയ്ക്കുന്നില്ലെന്നൊക്കെ സഭയിൽ എതിർകക്ഷികൾ പറയുകയുണ്ടായി. അങ്ങനെയായിരുന്നെങ്കിൽ ഇത്തരത്തിൽ നേട്ടമുണ്ടാക്കാൻ നമുക്ക് സാധിക്കുമായിരുന്നില്ല. കുറച്ച് വർഷങ്ങളായി കേരളത്തിലെ നിരവധി മാധ്യമ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ അവരുടെ വായനക്കാരിലേക്ക് വിത്തുകൾ എത്തിക്കുന്നുണ്ട്. അത്യുൽപാദനശേഷിയുള്ള 82 ഇനം പച്ചക്കറി വിത്തുകളാണ് കേരള കാർഷിക സർവകലാശാല ഇക്കാലയളവിൽ വികസിപ്പിച്ച് വിതരണം ചെയ്തിട്ടുള്ളത്. കേരള കാർഷിക സർവകലാശാല പച്ചക്കറി തൈകളുടെ ഗ്രാഫ്റ്റിങിനുവേണ്ടി റോബോട്ടിക്സ് മെഷീൻ

തയ്യാറാക്കിയതിന്റെ ഫലമായി ഗുണമേന്മയുള്ള പച്ചക്കറി തൈകൾ കർഷകരിലേക്ക് എത്തിക്കാൻ സാധിച്ചു. SWOT (Strengths, Weaknesses, Opportunities and Threats) Analysis നടത്തിയിട്ടാണ് കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തത്. കാലാവസ്ഥ, മണ്ണിന്റെ പ്രത്യേകത, ഭൂപ്രകൃതി, മഴക്കാലം, പശ്ചിമഘട്ടത്തിന്റെ സാന്നിധ്യം എന്നിവയെല്ലാമാണ് നമ്മുടെ സ്ട്രെങ്ത്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ചതും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ നമുക്ക് ഉൽപാദിപ്പിക്കാൻ സാധിക്കുന്നുവെന്നത് ഒരു പ്രത്യേകതയാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, വന്യമൃഗ ശല്യം, ചില അവസരങ്ങളിൽ വിളകൾക്ക് ന്യായവില ലഭിക്കാത്തതും കൃത്യമായി വിളവെടുപ്പ് നടത്താൻ സാധിക്കാത്തതുമായ അവസ്ഥ തുടങ്ങിയവയെല്ലാം നമ്മുടെ മുന്നിലുള്ള ഭീഷണികളും പ്രതിസന്ധികളുമാണ്. ഇതെല്ലാം കണക്കിലെടുത്താണ് വിളപരിപാലനം ആസൂത്രണം ചെയ്യുന്നത്. SWOT Analysis-ന്റെ അടിസ്ഥാനത്തിൽ നമ്മുടെ മെച്ചവും കരുത്തും പോരായ്മകളും കൃത്യമായി അവലോകനം ചെയ്തപ്പോഴാണ് ദ്വിതീയ കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുക്കണമെന്ന് തീരുമാനിച്ചത്. കാലങ്ങളായി നമ്മൾ ഈ മേഖലയ്ക്ക് പ്രാധാന്യം കൊടുത്തിരുന്നില്ല. ഉൽപ്പന്നം ഉൽപാദിപ്പിക്കുക, വിപണനം ചെയ്യുക, തൈകൾ നടുക, പരിചരിക്കുക, വിളവെടുക്കുക എന്നിവയെല്ലാമാണ് നാം ചെയ്തുകൊണ്ടിരുന്നത്. വിൽക്കുക എന്ന പ്രാഥമിക ഘട്ടത്തിൽ മാത്രമാണ് നമ്മൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുമ്പോൾ മാത്രമേ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുകയുള്ളൂ. ഇതിനെയാണ് സെക്കൻഡറി അഗ്രികൾച്ചർ എന്നുപറയുന്നത്. മൂല്യവർധിത ഉൽപ്പന്നങ്ങൾ,

അതിന്റെ വിപണനം, കോൾഡ് ചെയിൻ ലോജിസ്റ്റിക്സ് സംവിധാനങ്ങൾ തുടങ്ങിയവയെല്ലാം ഉറപ്പാക്കിയാൽ ഇത് മെച്ചപ്പെടുത്താൻ സാധിക്കും. വിളവെടുപ്പാനന്തര നഷ്ടത്തെക്കുറിച്ചുള്ള കണക്കുകൾ പരിശോധിച്ചപ്പോൾ 1500 കോടി രൂപയ്ക്ക് മുകളിലാണ് ഒരു വർഷം നഷ്ടമുണ്ടാകുന്നതെന്ന് മനസ്സിലായി. ഇതിൽ 1400 കോടി രൂപയും കർഷകനുണ്ടാകുന്ന നഷ്ടം തന്നെയാണ്. വിളവെടുപ്പാനന്തര പരിപാലനമെന്നത് കേവലമായി പറഞ്ഞുപോകേണ്ട കാര്യമല്ല. ഇത് സെക്കൻഡറി അഗ്രികൾച്ചറിന്റെ ഭാഗമായി വരുന്നതാണ്. കൃത്യമായ ഇടപെടലുകൾ നടത്തിയാൽ ഈ നഷ്ടം കർഷകന്റെ വരുമാനത്തിൽ ഒരു വരുമാന വർധനവായിത്തന്നെ പ്രതിഫലിപ്പിക്കാൻ സാധിക്കും. ഇക്കാര്യങ്ങളിലെല്ലാം കൃത്യമായ ഇടപെടൽ നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതെല്ലാം കണക്കിലെടുത്താണ് കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) യാഥാർഥ്യമാക്കിയത്. ഇന്ത്യയിലെതന്നെ ആദ്യത്തെ സംരംഭമാണിത്. സിയാൽ മാതൃകയിൽ 33% സർക്കാർ ഓഹരിയുള്ള ഈ സ്ഥാപനത്തിന് ശ്രീ. കടകംപള്ളി സുരേന്ദ്രനും ഞാനും ചേർന്നാണ് തറക്കല്ലിട്ടത്. തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ 72 കോടി രൂപ മുതൽമുടക്കുള്ള അഗ്രി എക്സ്പോ പാർക്കിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിരിക്കുകയാണ്. 2025 സെപ്റ്റംബർ മാസത്തോടുകൂടി അത് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കേരളത്തിന് ഇത് പുതിയൊരു അനുഭവമാണ്. സെക്കൻഡറി അഗ്രികൾച്ചറിന്റെ ഭാഗമായി കർഷകർക്ക് പിന്തുണയും പിൻബലവും സഹായവും നൽകാൻ അഗ്രി പാർക്കുകൊണ്ട് മാത്രം കഴിയുകയില്ല. 365 ദിവസവും നമ്മുടെ നാട്ടിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ പുറംനാടുകളിലേക്ക് എത്തിക്കാൻ ഉപകരിക്കുന്ന തരത്തിലുള്ള സംവിധാനമാണ് ആവശ്യം.

അത്തരത്തിൽ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സംവിധാനം ഒരുക്കുന്നതും ഇന്ത്യയിൽ ആദ്യമായാണ്. 65000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലാണ് ഇത് ഏർപ്പെടുത്തുന്നതെന്ന പ്രത്യേകതയുമുണ്ട്. മരടിലും വേങ്ങേരിയിലും അഗ്രി എക്സ്പോ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. അമ്പലവയൽ, കുമരകം, പിലിക്കോട് എന്നിവിടങ്ങളിലും ഇതുപോലുള്ള സെന്ററുകൾ യാഥാർഥ്യമാകും. വിളവെടുപ്പാനന്തര നഷ്ടം കുറച്ചുകൊണ്ടുവരേണ്ടതും മൂല്യവർധിത ഉൽപ്പന്നങ്ങൾ കൂടുതലായി ഉൽപാദിപ്പിക്കേണ്ടതും അനിവാര്യമാണ്. ഒരു കൃഷിഭവനിൽനിന്നും ഒരു മൂല്യവർധിത ഉൽപ്പന്നം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. അതിൻപ്രകാരം 1076 കൃഷിഭവനുകളിൽനിന്നും 1000 ഉൽപ്പന്നങ്ങളുണ്ടാകുമെന്നാണ് കണക്കുകൂട്ടിയതെങ്കിലും ഇപ്പോഴത് രണ്ടായിരത്തിൽ കൂടുതലായിട്ടുണ്ട്. 2026-ഓടുകൂടി നാലായിരത്തിലധികം മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ സാധിക്കും. ആ മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് 'കേരള ഗ്രോ' എന്ന ബ്രാൻഡ് നെയിം നൽകും. ഇത്തരത്തിലൊരു ആശയം കേരളത്തിലും ഇന്ത്യയിലും ആദ്യമായിട്ടാണ് ഉണ്ടാകുന്നത്. ഈ മൂല്യവർധിത ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നതിനായി 14 ജില്ലകളിലും സർക്കാരിന്റെകൂടി സഹായത്തോടെ കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും 11 എണ്ണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഉള്ളൂരിലാണ് കേരള ഗ്രോയുടെ ബ്രാൻഡഡ് ഷോപ്പുള്ളത്. അത്യന്താധുനിക സംവിധാനവും സൗകര്യങ്ങളുമെല്ലാമുള്ള സ്ഥലത്തുതന്നെയാണ് കേരളത്തിലെ കർഷകർ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ വില്പനയ്ക്കായി വച്ചിരിക്കുന്നത്. അത് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള

പ്രശ്നങ്ങൾ കൂടുതലായി ബാധിക്കുന്നത് നമ്മുടെ കാർഷിക മേഖലയെയാണ്. കുട്ടനാടിലെ ബണ്ടുകൾ ശക്തിപ്പെടുത്തി ട്രാക്ടർ റോഡ് സംവിധാനമുണ്ടാക്കേണ്ടത് സംബന്ധിച്ചും മടവീഴ്ചയെയും വേലിയേറ്റത്തെയും വേലിയിറക്കത്തെയും കുറിച്ചുമെല്ലാം കുട്ടനാട് എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാലാവസ്ഥയിൽ വലിയ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന കാലമാണിത്. കേരളം സുരക്ഷിതമായ കേന്ദ്രത്തിൽ അല്ലെന്ന് IPCC (Intergovernmental Panel on Climate Change)-യുടെ മുന്നറിയിപ്പുകൾ ആവർത്തിച്ച് പറയുന്നുണ്ട്. വലിയ പ്രതിസന്ധിയും പ്രയാസവുമുണ്ടാകുന്നുണ്ടെങ്കിലും കൃഷി മാറ്റിവയ്ക്കാൻ കഴിയുന്നൊരു കാര്യമല്ല. 2050-ൽ ജനസംഖ്യ 1000 കോടി എത്തുമെന്നുള്ളതിനാൽ ഇപ്പോഴുള്ളതിനേക്കാൾ 70 ശതമാനമെങ്കിലും ഭക്ഷണം കൂടുതലായി ഉൽപാദിപ്പിക്കേണ്ടിവരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനായി 594 മില്യൺ ഹെക്ടർ കൃഷി ഭൂമി നമുക്ക് കൂടുതലായി വേണ്ടിവരും. ഇതെല്ലാം നമ്മുടെ മുമ്പിലുണ്ടാകുന്ന പ്രതിസന്ധികളായാൽപ്പോലും ഭക്ഷണം ഒഴിവാക്കാൻ സാധിക്കില്ലല്ലോ. നോട്ട് ഭക്ഷിക്കാൻ കഴിയാത്തതുകൊണ്ട് ഭക്ഷണം ഉൽപാദിപ്പിച്ചേ മതിയാകൂ. അതിനുള്ള പരിഹാരം കൃഷി വർധിപ്പിക്കുക തന്നെയാണ്. ഭൂരിപക്ഷത്തിനുവേണ്ടി ന്യൂനപക്ഷം ഭക്ഷ്യസാധനങ്ങൾ ഉൽപാദിപ്പിക്കുന്ന മഹത്തരമായൊരു കർമ്മമാണ് കൃഷി. കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള പ്രതിസന്ധികളെ എങ്ങനെ മറികടക്കാമെന്ന് ചിന്തിച്ചതിനെത്തുടർന്നാണ് 'കേര' (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യു ചെയിൻ മോഡണൈസേഷൻ) പദ്ധതിയിലേക്ക് നീങ്ങിയത്. 2365 കോടി രൂപയുടെ അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതി ഏപ്രിൽ മാസത്തിൽ കേരളത്തിൽ ഔപചാരികമായി ആരംഭിക്കാൻ പോകുകയാണ്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതവുമുണ്ട്. “700

കോടിയോളം രൂപ നിങ്ങൾ ബജറ്റിൽ നീക്കിവച്ചിരിക്കുന്നു, നിങ്ങൾക്ക് ഈ പണം കിട്ടുമോ; സംസ്ഥാന സർക്കാർ വലിയ പ്രതിസന്ധിയിലല്ലേ;" എന്ന് സഭയിലും അല്ലാതെയും ചോദിച്ചവരുണ്ട്. ഞങ്ങൾ ഇക്കാര്യം നബാർഡുമായി ചർച്ച ചെയ്യുകയും ഇത് RIAS (Rural Infrastructure Assistance to State Governments) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതം പൂർണ്ണമായും അനുവദിക്കുകയും ചെയ്തു. 2365 കോടി രൂപയുടെ പദ്ധതികൾ കാർഷിക മേഖലയിൽ നടപ്പാക്കാൻ സാധിക്കും. 4 ലക്ഷം കർഷകർക്ക് നേരിട്ടും 10 ലക്ഷത്തിലധികം കർഷകർക്ക് പരോക്ഷമായും പ്രയോജനപ്പെടുന്ന തരത്തിലാണ് പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്. അതിൽ നെൽകൃഷിക്കായി 500 കോടിയോളം രൂപയാണ് നീക്കിവച്ചിരിക്കുന്നത്. റബ്ബർ, ഏലം ഉൾപ്പെടെയുള്ള തോട്ടവിളകൾക്കും നെല്ലും തെങ്ങും അടക്കമുള്ള വിളകൾക്കും സഹായമെത്തിക്കാൻ കഴിയുന്ന 'കേര' പദ്ധതി യാഥാർഥ്യമാകാൻ പോകുകയാണ്. 40 വർഷക്കാലത്തിനിടയിൽ ആദ്യമായാണ് സംസ്ഥാന കൃഷി വകുപ്പ് ഇത്തരത്തിലൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഇതൊക്കെ കേരളത്തിലെ കാർഷിക മേഖലയോട് ഈ സർക്കാർ ഗൗരവതരമായ സമീപനം സ്വീകരിക്കുന്നുവെന്നതിന്റെ തെളിവാണ്. കണ്ണാറയിൽ ബനാന ആൻഡ് ഹണി പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള താല്പര്യപത്രം ക്ഷണിച്ചുകഴിഞ്ഞു. ഈ വർഷംതന്നെ അത് പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതാണ്. കർഷകർക്ക് നൽകുന്നതുപോലെ പിന്തുണയും പിൻബലവും കേരള കാർഷിക സർവകലാശാലയ്ക്കും നൽകേണ്ടതുണ്ട്. കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത 15 ഇനങ്ങൾക്ക് പേറ്റന്റ് ലഭിച്ചത് സന്തോഷകരമായ കാര്യമാണ്. റാങ്കിങ്ങിൽ 26-ാമതായിരുന്ന കേരള കാർഷിക സർവകലാശാലയെ ഇപ്പോൾ

15-ാമത് എത്തിക്കാനായിട്ടുണ്ട്. നിരവധി പുതിയ വിത്തിനങ്ങൾ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്തതിലൂടെ അഭിമാനകരമായ നേട്ടമാണ് കാർഷിക സർവകലാശാല നേടിയത്. കാർഷിക സർവകലാശാലയുടെ വൈൻ പദ്ധതിക്ക് പിന്തുണയും അംഗീകാരവും നൽകുന്നുവെന്ന് ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പറഞ്ഞിരുന്നു. സാധാരണഗതിയിൽ മുന്തിരിയിൽനിന്നുള്ള വൈനാണ് കേരളത്തിലേക്കെത്തുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ വാഴപ്പഴം, പൈനാപ്പിൽ, കശുമാങ്ങ, ചക്കപ്പഴം, ഞാവൽ, ജാതിക്കയുടെ തോട് എന്നീ 6 ഇനങ്ങളിൽനിന്നും വൈൻ ഉൽപാദിപ്പിക്കാനും 'നിള' എന്ന പേരിൽ അത് വിപണിയിലിറക്കാനും സർവകലാശാല സജ്ജമായിക്കഴിഞ്ഞു. എക്സൈസ് വകുപ്പിന്റെ അനുമതിയോടുകൂടി കാർഷിക സർവകലാശാലയുടെ കേന്ദ്രത്തിൽനിന്നുതന്നെ അത് വിൽക്കുന്നതിനുള്ള സംവിധാനമൊരുക്കാനാണ് ശ്രമിക്കുന്നത്. ഇതിലൂടെ കർഷകർക്ക് ഈ ഇനങ്ങളിൽ നിന്നുള്ള വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കാനും ഒരു പുതിയ ഉൽപ്പന്നമുണ്ടാക്കി ലോകത്തിനുമുന്നിൽ എത്തിക്കാനും കഴിയും. ഇതെല്ലാം കാർഷിക സർവകലാശാലയുടെ നേട്ടങ്ങളുടെ ഭാഗമാണ്. കാർഷിക സർവകലാശാല ഡ്യുവൽ ഡിഗ്രി സംവിധാനത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. ഓസ്ട്രേലിയയിലെ സർവകലാശാലകളുമായി ധാരണാപത്രം ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വിദ്യാർഥികൾ ഇപ്പോൾ അവിടെ അവസാന സെമസ്റ്റർ പഠിക്കുകയാണ്. അവിടെയും ഇവിടെയും ഡിഗ്രി ലഭ്യമാകുന്ന ഡ്യുവൽ ഡിഗ്രി സംവിധാനമാണത്. അണ്ടർ ഗ്രാജ്വേറ്റ് തലത്തിൽ അത്തരമൊരു സംവിധാനം നടപ്പാക്കുന്ന ആദ്യത്തെ സർവകലാശാലയായി കേരള കാർഷിക സർവകലാശാല മാറും. കൃഷി ഓഫീസർമാർ കൂടുതൽ സമയം

ചെലവഴിക്കേണ്ടത് കൃഷിയിടങ്ങളിലാണ് അല്ലാതെ ഓഫീസുകളിൽ അല്ല. കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച സ്മാർട്ട് കൃഷിഭവനുകളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. സേവനമാണ് സ്മാർട്ടാകേണ്ടത്. കെട്ടിടം സ്മാർട്ടായതുകൊണ്ടോ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയതുകൊണ്ടോ കാര്യമില്ല. കൃഷിയെക്കുറിച്ച് പഠിച്ച ഉദ്യോഗസ്ഥർ ഫീൽഡിലേക്ക് എത്തണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം സംവിധാനമുണ്ടാക്കിയത്. കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക സർവകലാശാല എന്നിവിടങ്ങളിൽ പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷിഭവൻ മുതൽ കൃഷി വകുപ്പിന്റെ ഡയറക്ടറേറ്റ് വരെയുള്ള ഓഫീസുകൾ പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്. 'കതിർ' എന്നൊരു ആപ്പുണ്ട്. 25 വർഷങ്ങൾക്കുമുമ്പ് 'ആപ്പ്' എന്നുപറഞ്ഞാൽ 'ആർക്കെങ്കിലും പാരവയ്ക്കുക' എന്നായിരുന്നു അർഥം. എന്നാൽ കാലം മാറിയപ്പോൾ അതിന്റെ അർഥവും മാറി. മുമ്പ് ഞാനൊരു ആപ്പ് തയ്യാറാക്കി എന്നുപറഞ്ഞാൽ ആരെ ഉപദ്രവിക്കാനാണ് എന്നായിരിക്കും ആദ്യം ചോദിക്കുന്നത്. ഇപ്പോൾ ഒരു 'ആപ്പ്' തയ്യാറാക്കി എന്നുപറഞ്ഞാൽ സന്തോഷത്തോടെയാണ് കാണുന്നത്. ഏറ്റവും മെച്ചപ്പെട്ട അല്ലെങ്കിൽ ഏറ്റവും കൂടുതൽ ആളുകൾ അംഗങ്ങളോ പങ്കാളികളോ ആയ രണ്ട് ആപ്പുകളാണ് കേരള സർക്കാരുമായി ബന്ധപ്പെട്ടുള്ളത്. അതിലൊന്ന് ഇലക്ട്രിസിറ്റി ബോർഡിന്റേതും മറ്റൊന്ന് കേരള പോലീസിന്റെ 'POL' ആപ്പുമാണ്. കൃഷി വകുപ്പിന്റെ 'കതിർ' ആപ്പ് നിലവിൽ വന്നിട്ട് 8 മാസം മാത്രമേ ആയിട്ടുള്ളൂ. ഇപ്പോൾ അതിൽ ഏകദേശം 5 ലക്ഷത്തിലധികം അംഗങ്ങളുണ്ട്. കേരളത്തിലെ മുഴുവൻ കർഷകരെയും ഒരു വർഷക്കാലത്തിനിടയിൽ ഇതിന്റെ

അംഗങ്ങളാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ കർഷകർ അതിനെ നല്ലരീതിയിലാണ് സ്വീകരിച്ചത്. കർഷകർക്കുള്ള സേവനം മെച്ചപ്പെടുത്താൻവേണ്ടിയാണ് പ്രസ്തുത ആപ്പിന് രൂപം കൊടുത്തത്. ഇതിലൂടെ ലോൺ, മറ്റ് ആനുകൂല്യങ്ങൾ, ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ എന്നിവ വളരെ വേഗത്തിൽ ലഭ്യമാകും. മാത്രമല്ല, സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾക്കും പദ്ധതികൾക്കുമൊക്കെ അപേക്ഷ സമർപ്പിക്കാൻ ഓരോ തവണയും കൃഷി ഭവനുകളിലേക്ക് പോകേണ്ടിവരുന്നത് ഒഴിവാക്കാനും കഴിയും. കേരള ഗ്രോ ബ്രാൻഡിനെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. കൃഷി എന്നത് ഒരു ജനകീയ പരിപാടിയാക്കി മാറ്റേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് 'ഞങ്ങളും കൃഷിയിലേക്ക്', 'കൃഷി സമൃദ്ധി' എന്നീ പദ്ധതികളെല്ലാം കൊണ്ടുവന്നത്. അവയെല്ലാം വിജയിച്ചതിനാലാണ് പച്ചക്കറിയുടെയും പഴവർഗങ്ങളുടെയും ഉൽപാദനത്തിൽ വൻ വർധനവുണ്ടായത്. അതിന്റെ തുടർച്ചയായി ഫ്രൂട്ട് ഹബ്ബ് പോലുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയുണ്ടായി. കൂടുതൽ മേഖലകളിലേക്ക് പഴവർഗ കൃഷി വ്യാപിപ്പിക്കാനാണ് ശ്രമിക്കുന്നത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇനി എത്ര സമയംകൂടി വേണം.

ശ്രീ. പി. പ്രസാദ്: സർ, മൂന്നുനാല് മിനിട്ടുകൂടി വേണം. പഴവർഗ കൃഷിക്ക് അനുയോജ്യമായ നിരവധി സ്ഥലങ്ങളുണ്ട്. ചില നിയമങ്ങളുടെയും മറ്റും പ്രശ്നങ്ങളൊക്കെ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും അതെല്ലാം പരിഹരിച്ചുകൊണ്ട് പരമാവധി ഇടങ്ങളിൽ പഴവർഗ കൃഷി വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. അതിനാവശ്യമായ ഇടപെടലുകളുണ്ടാകും. 14 ജില്ലകളിലെ 84-ഓളം കൃഷിഭവനുകളെ സോഷ്യൽ ഓഡിറ്റിങ്ങിന്

വിധേയമാക്കുകയുണ്ടായി. കൃഷിഭവനുകളെ റാങ്കിങ്ങിലേക്ക് കൊണ്ടുവരാൻ പോകുകയാണ്. ഇത്തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് കാർഷിക മേഖലയിൽ വളർച്ച കൈവരിക്കാൻ കഴിഞ്ഞത്. കേരളത്തിന്റെ കാർഷിക മേഖല വളർച്ചയുടെ പാതയിൽ തന്നെയാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന കാര്യം പ്രത്യേകമായി പറയേണ്ടതുതന്നെയാണ്. കഴിഞ്ഞ പത്ത് വർഷക്കാലത്തെ കാർഷിക മേഖലയുടെ വളർച്ചയിൽ ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ചത് 2023-24-ൽ ആണെന്നാണ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്. 2023-24-ൽ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് 4.65% വളർച്ച നേടാനായിട്ടുണ്ട്. എന്നാൽ ആ വർഷം അഖിലേന്ത്യാടിസ്ഥാനത്തിൽ കാർഷിക മേഖലയുടെ വളർച്ച 2.1% മാത്രമാണ്. പത്ത് വർഷം മുമ്പ് കേരളത്തിന്റെ കാർഷിക വളർച്ചാ നിരക്ക് മൈനസിലായിരുന്നു. അതെല്ലാം കണക്കിലെടുക്കുമ്പോൾ നമുക്ക് വളർച്ചയിലേക്കെത്താൻ സാധിച്ചുവെന്നാണ് മനസ്സിലാകുന്നത്. സർക്കാർ ചെയ്യുന്നതെല്ലാം മോശമെന്ന തരത്തിൽ ഇവിടെ ചില അംഗങ്ങൾ കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഇവിടെ ഒന്നും നടക്കുന്നില്ല, കുറെ പേരുകൾ മാത്രമെ പറയുന്നുള്ളൂവെന്നാണ് ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞത്. പരിശുദ്ധ റമദാൻ മാസത്തിൽ ഇങ്ങനെയൊന്നും പറയാൻ പാടില്ലാത്തതാണ് എന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. അങ്ങ് മുനാഫിഖ് ആണെന്ന് ഞാൻ ഒരിക്കലും പറയുകയില്ല. അങ്ങ് അത് ആകാതിരിക്കട്ടെയെന്നാണ് എന്റെയും ആഗ്രഹം. ഉള്ള കാര്യങ്ങൾ ഒരിക്കലും ഇല്ലെന്ന് പറയരുത്. അള്ളാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെയെന്നാണ് വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു കാര്യവും

നടക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. ഇവിടെ വെറ്റില കൃഷിയുടെ കാര്യം പറയുകയുണ്ടായി. വെറ്റില കൃഷിക്കും അതിന്റെ മൂല്യവർധനവിനും വേണ്ടി സഹായമൊന്നും ചെയ്യുന്നില്ലെന്നാണ് ഇവിടെ പറഞ്ഞത്. ഇന്ന് പാസ്സാക്കുന്ന ഡിമാന്റിൽത്തന്നെ 50 ലക്ഷം രൂപയാണ് മലപ്പുറം പോലെയുള്ള സ്ഥലങ്ങളിലെ വെറ്റില കൃഷിക്കുവേണ്ടി പ്രത്യേകം നീക്കിവച്ചിട്ടുള്ളത്. അങ്ങനെയുള്ള ഈ ഡിമാൻഡിനെ അങ്ങ് പിന്തുണയ്ക്കുന്നുവെന്നാണ് പറയേണ്ടിയിരുന്നത്. വെറ്റിലയിൽനിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി SFAC (Small Farmers' Agri-Business Consortium) കാർഷിക സർവകലാശാലയുമായി ചേർന്ന് ട്രെയിനിങ് നടത്തുകയും ഐസ് ക്രീം, യോഗർട്ട് എന്നിവ നിർമ്മിക്കുന്നതിന് പരിശീലനം നൽകുകയും ചെയ്തു. വെറ്റിലയുടെ എക്സ്ട്രാക്ട് വിതരണം ചെയ്യുന്നതിന് തിരൂർ ബീറ്റൽ എഫ്.പി.സി. പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. ടെക്നിക്കൽ ഇവാല്യുവേഷനുശേഷം സംസ്ഥാന സർക്കാർ സ്ഥാപനമായ എസ്.എഫ്.എ.സി.-യുടെ സാമ്പത്തിക സഹായം ഈ ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. പ്രസാദ്: സർ, രണ്ട് മിനിട്ടുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കുറെയേറെ കുടിശ്ശികയുണ്ടായിരുന്നു. പ്രകൃതിക്ഷോഭത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം 83 കോടി രൂപയോളം കുടിശ്ശികയായിരുന്നു. അതുൾപ്പെടെ കൊടുത്തുതീർത്തിട്ടുണ്ട്. അതിനായി ഇതുവരെ 112 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇനിയും 60 കോടി രൂപയോളം കൊടുക്കാനുണ്ട്. ഇന്ന്

പാസ്സാക്കുന്ന ധനാഭ്യർഥനയുടെ ഭാഗമായി 7.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റിന്റെ സമാപന പ്രസംഗത്തിൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് പ്രത്യേക പരിഗണനയുണ്ടാകുമെന്നും അതിനുള്ള നടപടി സ്വീകരിക്കുമെന്നും പറയുകയുണ്ടായി. കേന്ദ്ര-സംസ്ഥാന വിഹിതം ലഭിക്കുന്ന MIDH (Mission for Integrated Development of Horticulture) പദ്ധതി പ്രകാരം വെറ്റില കൃഷിക്ക് ഇപ്പോൾത്തന്നെ 40,000 രൂപ/ഹെക്ടർ നിരക്കിൽ 80 ഹെക്ടർ സ്ഥലത്ത് State Horticulture Mission (SHM) മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന കാര്യം കൂടി അറിയിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ആദരണീയനായ അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചത്. കവുങ്ങ് കർഷകർക്കായി കേരള കാർഷിക സർവകലാശാല സെമിനാർ നടത്തുകയും ചില നിർദേശങ്ങൾ നൽകുകയും ചെയ്തു. അവിടെ അഗ്രോ ക്ലിനിക്കുകൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. തിരുമേനി, കുഞ്ഞിമംഗലം, കടുമേനി, മഞ്ചേശ്വരം എന്നിവിടങ്ങളിൽ മാർച്ച് 12, 13, 14, 15 തീയതികളിലായി അഗ്രോ ക്ലിനിക്കുകൾ നടത്തുന്നുണ്ട്. കേരളത്തിൽ കൃഷി നൽകുന്ന സൗഭാഗ്യം തിരിച്ചറിയുന്നവരുടെ എണ്ണം കൂടിവരികയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ...മൈക്ക് ഓഫ്...

മി. സ്പീക്കർ: നോ.... നോ.... പ്ലീസ്..

ശ്രീ. പി. പ്രസാദ്: ഞാൻ കൂടി പങ്കെടുത്ത മലപ്പുറത്തെ ഒരു മീറ്റിങ്ങിൽ ഈ സഭയിലെ ആദരണീയനായ അംഗം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞ കാര്യങ്ങൾ കഴിഞ്ഞ ഒക്ടോബർ മാസത്തിലെ കർഷകശ്രീ മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'നക്ഷത്രത്തേക്കാൾ

തിളക്കമുള്ള കൃഷി" എന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയാണ്. ജീവിതത്തിന്റെ വേഗം കുറയുന്ന ഇക്കാലത്ത് ആസ്വദിക്കാൻ പറ്റിയ ജോലി കൃഷി തന്നെയാണ്. അന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, 'കൃഷി നൽകുന്ന സൗഭാഗ്യം തിരിച്ചറിയുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വലിയ പ്രതിഫലം ലഭിക്കുന്ന ഐ.ടി. മേഖലയിലുള്ളവർപോലും കൃഷിയിൽ മുതൽമുടക്കാൻ താൽപര്യം കാണിക്കുന്ന കാലമാണിത്' എന്നാണ് പറഞ്ഞത്. ശ്രീ. കുറുക്കോളി മൊയ്തീൻ ആ യാഥാർഥ്യം മനസ്സിലാക്കണം. കാർഷിക മേഖലയെ സംരക്ഷിക്കാൻ എല്ലാവരും പിന്തുണയും പിൻബലവും നൽകേണ്ടതാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കൂട്ടികർഷകരുടെ കാര്യം മാതൃകാപരമാണ്. കേരളത്തിലെ മുഴുവൻ നിയോജകമണ്ഡലങ്ങളിലേക്കും അത്തരം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ,..

മി. സ്പീക്കർ: മിനിസ്റ്റർ പ്ലീസ്....., ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിച്ചോട്ടെ. അദ്ദേഹം ഒരു കൃഷിക്കാരനും കർഷക സംഘത്തിന്റെ നേതാവുമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ പറഞ്ഞ കാര്യങ്ങൾക്കൊന്നുമല്ല ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. മന്ത്രി ഒരു സ്ഥലത്ത് തപ്പുന്നു, യാഥാർഥ്യം വേറൊരു സ്ഥലത്ത് കിടക്കുന്നു. നാളികേര സംഭരണം 17 മാസമായി മുടങ്ങിയെന്നാണ് ഞാൻ പറഞ്ഞത്. സംഭരിച്ച നാളികേരത്തിന്റെ വില നൽകിയിട്ടുമില്ല. അതുപോലെ നെല്ല് സംഭരണം കൃത്യമായി നടക്കുന്നില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ പ്രസ്താവനയുമായി ബന്ധപ്പെട്ടാണ് വെറ്റിലയുടെ കാര്യം പറഞ്ഞത്. വ്യവസായ വകുപ്പ്

അതിനായി എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്? ഇതിനാണ് മറുപടി പറയേണ്ടത്.

ശ്രീ. പി. പ്രസാദ്: സർ, താങ്ങുവിലയെക്കാൾ വില കുറഞ്ഞ അവസരത്തിലാണ് നാളികേര സംഭരണം നടക്കുന്നത്. എവിടെയെങ്കിലും നാളികേരമുണ്ടെങ്കിൽ സംഭരിക്കാൻ സർക്കാർ എപ്പോഴും സന്നദ്ധമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹനങ്ങളിൽവരെ സംവിധാനമൊരുക്കി നാളികേരം സംഭരിച്ചിട്ടുണ്ട്. കുടിശ്ശിക നൽകാനുള്ള പ്രശ്നമുണ്ടായിരിക്കും, അത് കൊടുത്തുതീർക്കും. ഒരുകാരണവശാലും കുടിശ്ശികയുമായി മുന്നോട്ടുപോകുകയില്ല. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഇന്നും ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മില്ലുടമകളുടെ യോഗം വിളിച്ചുചേർത്തിരുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ...

മി. സ്പീക്കർ: യെസ്.... ബഹുമാനപ്പെട്ട മന്ത്രി അത് ഇഗ്നോർ ചെയ്തേക്കൂ. ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

ശ്രീ. പി. പ്രസാദ്: സർ, താങ്ങുവിലയെക്കാൾ നാളികേരത്തിന്റെ വില എപ്പോൾ കുറഞ്ഞിട്ടുണ്ടോ അപ്പോഴെല്ലാം നാളികേരം സംഭരിച്ചിട്ടുണ്ട്. നിങ്ങൾ ഇല്ല, ഇല്ല എന്നുപറഞ്ഞാൽ, നാളികേരം സംഭരിച്ചതുകൊണ്ടല്ലേ പണം ലഭിക്കാനുണ്ടെന്ന് പറയുന്നത്? സിവിൽ സപ്ലൈസാണ് നെല്ല് സംഭരിക്കുന്നത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യം മില്ലുടമകളുമായി ചർച്ച ചെയ്യാൻ ഇന്ന് അടിയന്തരമായി യോഗം ചേർന്നിരുന്നു, അതിൽ ജനപ്രതിനിധികളുമുണ്ടായിരുന്നു. 14-ാം തീയതി മില്ലുടമകളുടെ യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു

കാര്യങ്ങളുമുണ്ടാകുകയില്ല. അവിടെയും എഫ്.സി.ഐ. ധാരാളം നിബന്ധനകൾ മുന്നോട്ടുവയ്ക്കുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. പതിര്, കറുത്ത അരി എന്നിവ എത്ര ശതമാനം എന്നത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഓരോ നിയോജകമണ്ഡലങ്ങളിലും നടപ്പാക്കുന്ന പദ്ധതികളിൽ എം.എൽ.എ.-മാർ കൃത്യമായി ഇടപെടണം. സംസ്ഥാന സർക്കാർ അതിനുവേണ്ടി പ്രത്യേക സംവിധാനമൊരുക്കും. എല്ലാ എം.എൽ.എ.-മാരുടെയും നേതൃത്വത്തിൽ കൃഷി ഓഫീസർമാരുടെ യോഗങ്ങൾ ഏപ്രിൽ, മേയ് മാസങ്ങളിലായി ചേരുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ചേരുന്ന യോഗങ്ങളിൽ നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങൾ അവലോകനം ചെയ്യണം. തിരുവനന്തപുരത്ത് ഒരു അഡീഷണൽ ഡയറക്ടർക്ക് അത്തരം യോഗങ്ങളിലെ കാര്യങ്ങൾ വിലയിരുത്താൻ പ്രത്യേക ചുമതല നൽകും. യോഗങ്ങളിലെ വിവരങ്ങൾ ഓരോ മാസങ്ങളിലും മന്ത്രി അടക്കമുള്ളവർ കൃത്യമായി വിലയിരുത്തും. ഒരു ജനകീയ ഇടപെടൽ സാധ്യമാക്കി കൃഷി സമൃദ്ധിയും അതോടൊപ്പം സമഗ്രമായ പച്ചക്കറി ഉൽപാദന യജ്ഞവും കൊണ്ടുവരണം. വിഷമയമായ പച്ചക്കറി കഴിക്കുന്നതിലേക്ക് ഒരിക്കലും പോകാൻ പാടില്ല. അക്കാര്യത്തിൽ ഇടപെടൽ ഉണ്ടാകണം. ഈ ധനാഭ്യർഥന ചർച്ചയിൽ പങ്കെടുത്ത ശ്രീ. കുറുക്കോളി മൊയ്തീൻ ഉൾപ്പെടെയുള്ള എല്ലാവരുടെയും വിലയേറിയ നിർദേശങ്ങളെ പൂർണ്ണ മനസ്സോടെ സ്വീകരിക്കും. എവിടെയെങ്കിലും പിഴവ് ചൂണ്ടിക്കാണിച്ചാൽ ഇടപെടും. സംഭരണത്തിന്റെ കാര്യത്തിലടക്കമുള്ള കുടിശ്ശികകൾ വേഗത്തിൽ കൊടുത്തുതീർക്കും.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി മലയോരമേഖലയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

സർക്കാർ വളരെ പ്രാധാന്യത്തോടെയാണ് ഏറ്റെടുത്തിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷം 48.85 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നതെങ്കിൽ ഇപ്പോഴത് 70.40 കോടി രൂപയാക്കി വർധിഷ്ചിച്ചത് ഈ കാഴ്ചപ്പാടോടുകൂടിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഇതിനുള്ള നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. മുമ്പ് ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായി നിന്നത് പണത്തിന്റെ അഭാവമായിരുന്നു. എന്നാൽ ഇപ്പോഴത് പരിഹരിച്ചാണ് മുന്നോട്ടുപോകുന്നത്. ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ 1051 കി.മീ. സോളാർ വേലിയും 120 കി.മീ. സോളാർ തൂക്കുവേലിയും ആന പ്രതിരോധ കിടങ്ങും സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഒരുഭാഗത്ത് നടക്കുമ്പോഴും അതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാനാകില്ലെന്ന് ഇന്നും ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വന്യജീവികൾ കാട്ടിൽനിന്നും നാട്ടിലേക്ക് വരാതിരിക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി അവയ്ക്ക് ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ലഭ്യത ഉറപ്പുവരുത്തണമെന്നാണ് ശ്രീ. മഞ്ഞളാംകുഴി അലി അഭിപ്രായപ്പെട്ടത്. ഇതിനായി കുളങ്ങളും കിണറുകളും സ്ഥാപിക്കുന്നതിനാണ് ഈ പണം ഉപയോഗപ്പെടുത്തുന്നത്. വന്യജീവി ആക്രമണത്തെ സംസ്ഥാനത്തെ സവിശേഷ ദുരന്തമായി കണക്കാക്കുന്നതിന്റെ ഭാഗമായി ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള അധികാരം സംബന്ധിച്ച് ഇവിടെ പരാമർശമുണ്ടായി. നിലവിൽ കാട്ടുപന്നികളെ വെടിവച്ച് കൊല്ലാനുള്ള അധികാരമുണ്ട്. ചീഫ് വൈൽഡ്ലൈഫ് വാർഡന്

മാത്രമായിരുന്നു ടി ഉത്തരവിറക്കാനുള്ള അധികാരമുണ്ടായിരുന്നത്. എന്നാൽ പ്രസ്തുത അധികാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുമായി സർക്കാർ ഡെലിഗേറ്റ് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ സഹകരണത്തോടെ ഇതിനോടകം അയ്യായിരത്തിലധികം പന്നികളെ വെടിവച്ച് കൊല്ലാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ചില പഞ്ചായത്തുകൾ അത്ര താല്പര്യത്തോടുകൂടിയല്ല ഇക്കാര്യങ്ങളോട് പ്രതികരിക്കുന്നത്. അതിന് കാരണമായി അവർ പറയുന്നത് ഇതിന് വേണ്ടിവരുന്ന ചെലവിനുള്ള മാർഗങ്ങളെ സംബന്ധിച്ചായിരുന്നു. എന്നാൽ ഒരു പഞ്ചായത്തിന് ഒരു വർഷം ഏകദേശം ഒരു ലക്ഷം രൂപവരെ ടി ആവശ്യത്തിനായി ചെലവഴിക്കാമെന്ന സർക്കാർ ഉത്തരവ് കഴിഞ്ഞയാഴ്ച പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കാട്ടുപന്നികളെ കൊന്നൊടുക്കുന്നവർക്കുള്ള ഓണറേറിയവും വർധിപ്പിച്ചിട്ടുണ്ട്. അവയെ വെടിവച്ച് കൊല്ലാൻ 1500/- രൂപയും സംസ്കരിക്കാൻ 2000/- രൂപയും അനുവദിക്കും. ടി സൗകര്യം ഫലപ്രദമായി വിനിയോഗിച്ച് കാട്ടുപന്നികളെ വെടിവയ്ക്കാനുള്ള പരിശ്രമത്തിന് എല്ലാവരുടേയും സഹകരണമുണ്ടായാൽ അക്കാര്യത്തിൽ വേഗത്തിൽ പരിഹാരമുണ്ടാക്കാൻ കഴിയും. മറ്റ് മൃഗങ്ങളെ വെടിവച്ച് കൊല്ലാനുള്ള അധികാരമുണ്ടെന്ന തരത്തിലുള്ള പരാമർശങ്ങൾ ദൗർഭാഗ്യകരമാണ്. അതിനുള്ള അവകാശം ഇപ്പോൾ നമുക്കില്ല. അതുകൊണ്ടാണ് ആ അധികാരം നൽകുന്നതിനാവശ്യമായ ഭേദഗതികൾ നിലവിലുള്ള നിയമത്തിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഉപക്ഷേപം നമ്മുടെ നിയമസഭ പാസ്സാക്കിയതെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർമ്മിക്കുന്നുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അതിന്മേൽ യാതൊരു തരത്തിലുള്ള പ്രതികരണവും നാളിതുവരെ

ഉണ്ടായിട്ടില്ലെന്നും നമുക്കെല്ലാവർക്കും അറിയാം. കൂടാതെ, ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ച നിർദേശം പ്രാവർത്തികമാക്കാൻ ശ്രമിക്കാം.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫിന്റെ പ്രസംഗം നാഷണൽ മീഡിയകളിൽ വലിയ വാർത്തയായിരുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതെ. പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിനെതിരെ കേസിനുപോകാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോയെന്ന സാങ്കേതിക പ്രശ്നം ഈ വിഷയത്തിലുണ്ട്. ഞങ്ങളത് വിശദമായി പരിശോധിച്ചതും ചർച്ചകൾ നടത്തിയതുമാണ്. സുപ്രീം കോടതിയെ നിയമപരമായി സമീപിക്കാൻ സാധിക്കുമെങ്കിൽ അത് ഗൗരവമായി പരിശോധിക്കുന്നതാണ്. വന്യജീവി ആക്രമണംമൂലമുള്ള മരണനിരക്ക് വർധിച്ചിട്ടുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് വർധിച്ചിട്ടില്ലെന്ന് ഞാൻ പറയില്ല. മുൻകാല കണക്കുകളുടെ സുരക്ഷയിൽ തല പൂഴ്ത്തിവച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നില്ലെന്ന് മാത്രമേ പറയുന്നുള്ളൂ. മുൻകാല കണക്കുകൾ എന്റെ കൈവശമുണ്ട്. ഈ പ്രശ്നം കണക്കുകളുടെ കളിയിലല്ല പരിഹരിക്കേണ്ടത്. ജനകീയ പ്രശ്നമെന്ന നിലയിൽ അത് കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഇതുവരെയും ആ കണക്കുകൾ വായിക്കാതിരുന്നത്. വന്യജീവി ആക്രമണത്തിൽ ഒരാൾപോലും മരിക്കാൻ ഇടയാകരുതെന്ന കാഴ്ചപ്പാടുള്ള അവസരത്തിൽ മരണനിരക്ക് കുറച്ചുവെന്ന അവകാശവാദം വലിയൊരു നേട്ടമായി ഞാൻ കരുതുന്നില്ല. അതുകൊണ്ടാണ് ഞാനത് വായിക്കാത്തത്. വന്യജീവികളുടെ ആക്രമണം തടയുക എന്നതിനപ്പുറം വനം വകുപ്പിന് ധാരാളം ചുമതലകൾ നിർവഹിക്കാനുണ്ട്. ആ ചുമതലകളുടെ ഭാഗമായി നടത്തുന്ന വൈവിധ്യമാർന്ന പരിപാടികളിൽ ഏറ്റവും ശ്രദ്ധേയമായത് തൃശ്ശൂർ

ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൂർ എന്ന പ്രദേശത്തെ സുവോളജിക്കൽ പാർക്കാണ്. അത് പ്രവൃത്തി പൂർത്തിയാക്കി അടുത്ത മാസംതന്നെ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 273 ഗ്രാമപഞ്ചായത്തുകളിൽ വിദഗ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ നടത്തുന്ന പരീക്ഷണങ്ങളൊന്നും വിജയിക്കുന്നില്ലെന്ന് ചില പ്രധാനപ്പെട്ട നേതാക്കൾ അഭിപ്രായപ്പെട്ടിരുന്നു. അവരുടെ പേര് പറയാനൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. ചില പ്രവർത്തനങ്ങൾ വേണ്ടത്ര വിജയിക്കാത്ത സാഹചര്യത്തിൽ ഒരു പുതിയ സംവിധാനം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എ.ഐ. അധിഷ്ഠിത 'Ele-fence' എന്ന സ്മാർട്ട് ഫെൻസിങ് വിജയകരമായി പ്രവർത്തിക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ നടത്തിയ പരീക്ഷണം ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതേ മാതൃകയിലുള്ള ഒരു ഫെൻസിങ് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്. കോതമംഗലം പ്രദേശവുമായി ബന്ധപ്പെട്ട ഒരു സ്ഥലവും പ്രധാന ഹോട്ട്സ്പോട്ടായി കണ്ടെത്തിയിട്ടുണ്ട്. തൊടുപുഴ നിയോജകമണ്ഡലത്തിലെ മുള്ളരിങ്ങാട് എന്ന സ്ഥലത്തും സി.എസ്.ആർ. ഫണ്ടുപയോഗിച്ച് ടി പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അത് വിജയിക്കുകയാണെങ്കിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിയും. കോഴിക്കോട് ജില്ലയിൽ ബയോളജിക്കൽ പാർക്ക് ആരംഭിക്കുന്നതിനുള്ള തുക ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ടി സ്ഥലത്ത് വന്യമൃഗ പരിപാലന കേന്ദ്രം സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ കിഫ്ബി വഴിയും ലഭിച്ചിട്ടുണ്ട്. വടക്കൻ കേരളത്തിൽ സാറ്റലൈറ്റ് ആന പുനരധിവാസ കേന്ദ്രവും പുത്തൂരിൽ ഹെർബിവോർസ് സഫാരി പാർക്കും

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചന്ദനവുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. മറയൂർ ചന്ദന ഡിപ്പോയുടെ കീഴിൽ സാറ്റലൈറ്റ് ചന്ദന ഡിപ്പോകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ഭൂമിയിൽനിന്ന് ചന്ദനമരം മുറിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്. ഇത്തരത്തിൽ വിവിധ പദ്ധതികളുമായി മുന്നോട്ടുപോകേണ്ടിവരും. അതൊന്നും ഏകപക്ഷീയമായി ചെയ്യാൻ കഴിയില്ല. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും വന്യമൃഗങ്ങൾക്ക് വേണ്ടത്ര ഭക്ഷണവും വെള്ളവും കൊടുക്കുകയും ചെയ്യുന്നതുകൊണ്ട് മാത്രം വന്യമൃഗശല്യം പരിഹരിക്കാൻ സാധിക്കുകയില്ല. ഇവയെല്ലാം ഉൾപ്പെടുന്ന സമഗ്രമായ പരിഷ്കരണ പരിപാടികളാണ് വനം വകുപ്പ് ലക്ഷ്യമിടുന്നത്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ധനാഭ്യർഥന ചർച്ചയിൽ ബഹുമാന്യരായ അംഗങ്ങൾ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളെയും ഞാൻ സ്വാഗതം ചെയ്യുന്നു. ചുരുങ്ങിയ സമയംകൊണ്ട് പരമാവധി മറുപടി പറയാൻ ശ്രമിക്കാം.

മി. സ്പീക്കർ: അംഗങ്ങൾ ചോദ്യങ്ങൾ ചോദിച്ചാൽ അങ്ങ് യീൽഡ് ചെയ്യാൻ തയ്യാറല്ലേ?

ശ്രീ. പി. രാജീവ്: സർ, അതെ.

മി. സ്പീക്കർ: അംഗങ്ങൾക്ക് ആവശ്യമെങ്കിൽ ചോദ്യങ്ങൾ ചോദിക്കാം. ചെയറിന് ബുദ്ധിമുട്ടില്ല.

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് ഇവിടെ

പ്രധാനമായും വിമർശനം ഉന്നയിച്ചത്. ചില പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ട്. കോവിഡിനുശേഷം ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ മേഖലകളിൽ പ്രതിസന്ധിയുണ്ട്. ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കോട്ടണിന്റെ വില വർധിക്കുകയും ക്വാളിറ്റി കുറയുകയും ചെയ്തുകഴിഞ്ഞിട്ടായിരിക്കും സർക്കാർ ഫണ്ട് അനുവദിക്കുന്നത്. അതാണ് ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധിക്ക് പ്രധാന കാരണം. എത്ര നൂൽ ഉൽപാദിപ്പിക്കുന്നുവോ അത്രയും നഷ്ടവും വർധിക്കുന്ന സ്ഥിതിയാണുള്ളത്. അതിൽ മാറ്റം വരുത്തുന്നതിനാണ് കോട്ടൺ ബോർഡ് രൂപീകരിച്ചത്. കോട്ടൺ ബോർഡ് കോട്ടൺ സംഭരിച്ച് ടെക്സ്റ്റൈൽ മില്ലുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ നല്ലരീതിയിലുള്ള മാറ്റമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2015-2016 കാലഘട്ടത്തിൽ 15 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 18 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ്. 23 സ്ഥാപനങ്ങൾ ലാഭത്തിൽ എത്തിയിരുന്നതാണ്. നേരത്തെ സൂചിപ്പിച്ച രണ്ട് പ്രശ്നങ്ങൾ കാരണമാണ് അത് പതിനെട്ടിലേക്കെത്തിയത്. 2007-2008 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുപോലും സമർപ്പിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ മഹാഭ്രരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും അപ്-ടു-ഡേറ്റായി ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നുണ്ട്. അത് പ്രതിപക്ഷാംഗങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ, പ്രധാനമായും ടെക്സ്റ്റൈൽ മില്ലുകളുടെ വൈദ്യുതി ചാർജിനത്തിൽ കുടിശ്ശികയായിരുന്ന 272.20 കോടി രൂപ സർക്കാർ ഏറ്റെടുക്കുകയുണ്ടായി. കൂടാതെ, സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനുവേണ്ടി 28 കോടി രൂപ സർക്കാർ

ചെലവഴിക്കുകയും ചെയ്തു. പഴയ ചീഫ് സെക്രട്ടറി ശ്രീ. വി. പി. ജോയ് അധ്യക്ഷനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രൊഫഷണലുകൾ ഉൾപ്പെടുന്ന ആ ബോർഡുവഴി സുതാര്യമായി 24 മാനേജിങ് ഡയറക്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം നല്ല യോഗ്യതയുള്ളവരാണെന്ന് നിങ്ങൾക്ക് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. 100 കാറ്റഗറികളിലേക്കായി 211 അഡ്വൈസ് മെമ്മോകളും ഇപ്പോൾ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമനങ്ങളെല്ലാം നടത്തിയിട്ടുള്ളത്, ഒരു നിയമനവും പി.എസ്.യു.-ൽ നടത്തിയിട്ടില്ല. RAMP സ്കീമിൽ ഉൾപ്പെടെ 500 തസ്തികകളിലേക്കുള്ള പുതിയ നോട്ടിഫിക്കേഷൻ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി, മത്സരാധിഷ്ഠിതമാക്കി ലാഭകരമാക്കുകയെന്നതാണ് സർക്കാരിന്റെ സമീപനം. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. പരമ്പരാഗത മേഖലയിലെ പ്രതിസന്ധി എന്താണെന്നുള്ളത് അദ്ദേഹത്തിന് അറിയാവുന്ന കാര്യമാണ്. സ്വകാര്യ കശുവണ്ടി സ്ഥാപനങ്ങളിൽ തൊഴിലുടമ നൽകേണ്ട തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. വിഹിതം സർക്കാർ ഏറ്റെടുക്കുന്നത് കേരള ചരിത്രത്തിൽ ആദ്യമായാണ്. അതിനായി 20 കോടി രൂപയാണ് മാറ്റിവച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായത്തോടെ അതിന്റെ ആദ്യ ഗഡു ലഭിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തു. ബാക്കി ഘട്ടംഘട്ടമായി വിതരണം ചെയ്യാൻ സാധിക്കും. അവിടെ

ആധുനികവൽക്കരണമല്ലാതെ മറ്റ് വഴിയില്ലെന്നത് അങ്ങേയ്ക്കും അറിയാവുന്നതാണ്. നമ്മളെല്ലാവരും അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞുകൊണ്ടിരുന്നാൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല. 4200-ഉം 4500-ഉം 4800-ഉം രൂപവരെ ഒരു ബാഗിന് പ്രൊഡക്ഷൻ കോസ്റ്റ് വരുമ്പോൾ 850 രൂപ പ്രൊഡക്ഷൻ കോസ്റ്റുള്ള മറ്റൊരു ഉൽപ്പന്നവുമായി മത്സരിച്ച് നിൽക്കാൻ സാധിക്കില്ല. അതിനാൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് 5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കൂടാതെ, സ്വകാര്യ കശുവണ്ടി കമ്പനികൾ പ്രവർത്തന മൂലധനത്തിനുവേണ്ടി എടുക്കുന്ന വായ്പയുടെ പലിശയുടെ 50% അതായത്, പരമാവധി 10 ലക്ഷം രൂപവരെ സർക്കാർ നൽകുകയാണ്. ഇത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ്. അതുപോലെ മോഡണൈസേഷൻ നടത്തുകയാണെങ്കിൽ 40 ലക്ഷം രൂപവരെ ക്യാപിറ്റൽ ഇൻസെന്റീവ് ഗവൺമെന്റ് കൊടുക്കുകയാണ്. അത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്ന കാര്യമാണ്. പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെയുള്ളവ മൂന്നോ നാലോ സെന്റ് ഭൂമി മാത്രമുള്ള ആളുകളെ കൂടിയിറക്കുന്ന സാഹചര്യമുണ്ടായപ്പോഴാണ് വർഷങ്ങൾക്ക് മുമ്പ് എടുത്ത വായ്പകൾ കുടിശ്ശികയായി NPA (Non-performing Assest) ആയിരിക്കുന്നവയ്ക്ക് പ്രത്യേകമായി OTS (One Time Settlement) നടത്തി 50% തുക അടച്ചാൽ മതിയെന്ന സ്കീം കൊണ്ടുവന്നത്. അതിന്റെ ഭാഗമായി 66 സ്ഥാപനങ്ങളുടെ 332.83 കോടി രൂപയുടെ വായ്പകൾ തീർപ്പാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ചില ബാങ്കുകൾ തെറ്റായ സമീപനം സ്വീകരിക്കുന്നുണ്ടെന്ന് ഇവിടെ പറഞ്ഞത് ശരിയാണ്. ഗവൺമെന്റ് ഓർഡർ ഇറക്കിയപ്പോൾ കശുവണ്ടി മുതലാളിമാരിലൊരാൾ അതിനെതിരെ കേസ് കൊടുത്തു. 'ബാങ്കിങ്' യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ സ്റ്റേറ്റ് ഗവൺമെന്റിന് അതിൽ അധികാരമില്ലെന്നും സംസ്ഥാന

സർക്കാർ അതിൽ ബൈൻഡിങ് അല്ലെന്നും കോടതി പറഞ്ഞു. അതിനുശേഷവും അക്കാര്യത്തിൽ നല്ലരീതിയിൽ സർക്കാർ ഇടപെട്ടിട്ടുണ്ട്. ഇനിയും ബാങ്കുകളുമായി ചർച്ച ചെയ്ത് നമുക്ക് ആ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കാവുന്നതാണ്. പി.എസ്.യു.-മായി ബന്ധപ്പെട്ട് കുണ്ടറയിലെ ഭൂമിയുടെ കാര്യം ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. അത് നല്ല നിർദേശമാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായിക്കിടക്കുന്ന ഭൂമി മുഴുവൻ സർക്കാർ മാപ് ചെയ്തിട്ടുണ്ട്. പി.എസ്.യു., ഖാദി ബോർഡ്, ഇൻഡസ്ട്രീസ് സൊസൈറ്റികൾ എന്നിവയുടെ ഭൂമിയും റവന്യൂ ലാൻഡും പ്ലാന്റേഷൻ കോർപറേഷന്റെ 250 ഏക്കറോളം ഭൂമിയും വ്യവസായ എസ്റ്റേറ്റാക്കി മാറ്റാൻ കഴിയുമോയെന്ന മാപ്പിങ് നടത്തിയിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, തലശ്ശേരിയിലും ഭൂമിയുണ്ട്.

ശ്രീ. പി. രാജീവ്: സർ, അതെ തലശ്ശേരിയിലുമുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി അവിടെ വികസനം സാധ്യമാക്കുന്നതിനും പുതിയ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും ശ്രമിക്കാം. അദ്ദേഹത്തിന്റെ ആ നിർദേശം സ്വാഗതാർഹമാണ്. കയർ മേഖലയിൽ ഇന്നലെയും ഒരു സൊസൈറ്റി ആരംഭിക്കുകയുണ്ടായി. അതിന്റെ ഉദ്ഘാടന ചടങ്ങിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. നാലഞ്ച് കോടി രൂപ ടേണോവറുള്ള സൊസൈറ്റിയാണത്. നിലവിലുള്ള സൊസൈറ്റികൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ പുതിയൊരു ക്ലസ്റ്റർ ആരംഭിച്ചിട്ടുണ്ട്. അവിടെ ഒരു തൊഴിലാളി 140-150 കിലോ കയർ ഉൽപാദിപ്പിക്കുകയാണ്. മെഷീൻ ഉപയോഗിച്ച് 30-40 കിലോ കയറാണ്

ഉൽപാദിപ്പിക്കുന്നത്. പുതിയ ക്ലസ്റ്റർ ആരംഭിച്ച് ഉൽപാദനക്ഷമതയും ഉൽപാദനവും വർധിപ്പിച്ച് ഉൽപ്പന്നത്തിന് വില കുറച്ചാൽ മാത്രമേ മത്സ്യാധിഷ്ഠിതമാക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ഇൻകം സപ്പോർട്ട് സ്കീം നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. സൊസൈറ്റികൾക്ക് മാനേജീരിയൽ സബ്സിഡി ഉൾപ്പെടെ നൽകുന്നുണ്ട്. കയർ കോർപറേഷൻ ഈ വർഷം 10 കോടിയിലധികം രൂപയുടെ കയർ ഉൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്തത്. കയർഫെഡും കയർ സംഭരിക്കുന്നുണ്ട്. ഇപ്പോൾ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കുറയ്ക്കുകയാണ്. കയർ തൊഴിലാളി ക്ഷേമനിധിയിൽ 1.75 കോടി രൂപയുടെ ആനുകൂല്യം കൊടുക്കാൻ 4.25 കോടി രൂപയാണ് ചെലവഴിക്കേണ്ടിവരുന്നത്. ഏത് ഗവൺമെന്റിന്റെ ഭരണകാലം പരിശോധിച്ചാലും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഒരുഘട്ടം കഴിയുമ്പോൾ തൊഴിലാളികൾക്ക് എന്നത് മാറി ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് മാത്രമായി മാറുന്ന സാഹചര്യമുണ്ട്. അതുകൊണ്ടാണ് കയർ കോർപറേഷനും ഫോം മാറ്റിങ്സ് (ഇന്ത്യ) ലിമിറ്റഡും യോജിപ്പിക്കാൻ തീരുമാനിച്ചത്. ധനകാര്യ വകുപ്പിന്റെ അന്തിമ അനുമതികൂടി ലഭ്യമായാൽ ഈ സാമ്പത്തിക വർഷംതന്നെ അവ രണ്ടും ഒറ്റ കമ്പനിയാക്കി മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്വകാര്യ വ്യവസായ പാർക്കുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. 33 പാർക്കുകൾക്ക് അനുമതി നൽകുകയും 24 എണ്ണം അനുമതിയുടെ വിവിധ ഘട്ടങ്ങളിലുമാണ്. ഈ പാർക്കുകൾക്ക് ആദ്യം പണം കൊടുക്കുകയില്ല, പിന്നീട് റീ-ഇംബേഴ്സ് ചെയ്ത് കൊടുക്കുകയാണ് ചെയ്യുന്നത്. അനുമതി ലഭിച്ചാലുടൻ ഇൻഡസ്ട്രിയൽ പാർക്കായി അവ നോട്ടിഫൈ ചെയ്യുകയും അവിടെത്തന്നെ സിങ്കിൾ വിൻഡോ ക്ലിയറൻസ്

ബോർഡും കൊടുക്കുകയുമാണ്. ഞാൻ ആദ്യത്തെ പാർക്കിന്റെ ഉദ്ഘാടനത്തിന് തിരികൊളുത്തുന്നതിന് മുമ്പ് രണ്ട് നോട്ടിഫിക്കേഷൻ കൈമാറി. ഇൻഡസ്ട്രിയൽ ഏരിയയും ഡിക്ലയർ ചെയ്യ, സിങ്കിൾ വിൻഡോ ക്ലിയറൻസ് ബോർഡും കൊടുത്തു. ഇപ്പോൾ ഒരെണ്ണത്തിന്റെ അപേക്ഷകൂടി വന്നിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ഏപ്രിലിൽ അത് റീ-ഇംബേഴ്സ് ചെയ്തുകൊടുക്കും. ബാക്കിയുള്ളത് ഘട്ടംഘട്ടമായി റീ-ഇംബേഴ്സ് ചെയ്യും. ഇപ്പോഴും അപേക്ഷകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിന്റെ പത്ത് അപേക്ഷകൾ പ്രോസസ്സ് ചെയ്യാനാകുമെന്നാണ് കരുതുന്നത്. 6 എണ്ണത്തിന്റെ പ്രോസസ്സ് പൂർത്തിയായിട്ടുണ്ട്. അവയ്ക്ക് അനുമതി നൽകാൻ കഴിയുന്നതാണ്. കുട്ടനാട്ടിൽ പുതിയൊരു റൈസ് പാർക്ക് ഇപ്പോൾ സാധ്യമാകുകയില്ല. എന്നാൽ ചെങ്ങന്നൂർ മണ്ഡലത്തിലുള്ള കുട്ടനാട് റൈസ് പാർക്കിന് 29.7 കോടി രൂപയുടെ സിവിൽ വർക്സ് അവാർഡ് ചെയ്യുകയും പന്ത്രണ്ടേകാൽ കോടി രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. വെറ്റിലയുമായി ബന്ധപ്പെട്ട കാര്യത്തിൽ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്, അതിന് പരിഹാരമുണ്ടായിട്ടുണ്ട്. "മാൽകോടെക്സിന് തുക നൽകിയില്ലല്ലോ, മന്ത്രി സമ്മതിച്ചതാണല്ലോ" എന്നൊക്കെ ബഹുമാന്യനായ കുറുക്കോളി മൊയ്തീൻ ചോദിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം 6.63 കോടി രൂപ പ്രവർത്തന മൂലധനമായി ടെക്സ്റ്റൈൽസ് മേഖലയ്ക്ക് നൽകിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യം ശരിയാണ്. ചരിത്രത്തിലാദ്യമായാണ് ഗവൺമെന്റ് പി.എസ്.യു.-ന്റെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനുവേണ്ടി പണം അനുവദിക്കുന്നത്. ലയബിറ്റി ഞങ്ങളുടെ സമയത്തുമാത്രം തുടങ്ങിയതല്ല, നിങ്ങളുടെ സമയത്തും അതിനുമുമ്പുമെല്ലാമുള്ളതാണ്. അത് എഴുതിത്തള്ളാൻ

കഴിയാത്തതുകൊണ്ടും ഇതെല്ലാം ഫ്രീസ് ചെയ്യുമെന്നുള്ളതുകൊണ്ടുമാണ് ഗവൺമെന്റ് ഫണ്ട് അനുവദിച്ചത്. അടുത്തപ്രാവശ്യം ആദ്യംതന്നെ മാൽകോടെക്സിനെയും അതിന്റെ ഭാഗമായി ഉൾപ്പെടുത്താമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എ. കെ. എം. അഷ്റഫ് വ്യവസായ വകുപ്പിനെക്കുറിച്ച് നല്ല അഭിപ്രായങ്ങളാണ് പറഞ്ഞത്. ഞങ്ങൾ ഒരുമിച്ച് ഒരു ദിവസം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ അനന്തപുരം വ്യവസായ പാർക്കിൽ 13 കമ്പനികൾ ഉദ്ഘാടനം ചെയ്തു. ആ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം സംസ്ഥാനങ്ങളിലെ വ്യവസായികളുടേതാണെന്ന് നിങ്ങൾ അദ്ദേഹത്തോട് ചോദിച്ചാൽ മതി. മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നൊക്കെയുള്ള വ്യവസായികളുടെ സ്ഥാപനങ്ങൾ അതിലുണ്ട്. ഈ 13 കമ്പനികൾ ഉദ്ഘാടനം ചെയ്തത് ഒരു വർഷം മുൻപാണ്. ഈ വർഷം ഞാൻ 7 കമ്പനികൾ ഉദ്ഘാടനം ചെയ്യുകയും 6 എണ്ണത്തിന് തറക്കല്ലിടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഇവിടെ ഇരിപ്പുണ്ടല്ലോ. വന്ദേഭാരത് എക്സ്പ്രസ്സിൽ കയറുമ്പോൾ അതിന്റെ ഫ്ലോറിങും ഡോറും കാണുമ്പോൾ മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷ്റഫിനെ നിങ്ങൾക്ക് ഓർക്കാം. കാരണം, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ അനന്തപുരം പാർക്കിൽനിന്നാണ് വന്ദേ ഭാരതിന്റെ ഫ്ലോറിങിനും ഡോറിനുമാവശ്യമായ സാധനങ്ങൾ വരുന്നത്. ഇതാണ് മാറുന്ന നമ്മുടെ നാട് എന്നുപറയുന്നത്. ഇവിടെ ഞങ്ങൾ, നിങ്ങൾ എന്നല്ല പറയേണ്ടത്. ആ കമ്പനികളുടെ ഉദ്ഘാടനവേളയിൽ അദ്ദേഹം ഗവൺമെന്റിനെക്കുറിച്ച് നല്ല കാര്യങ്ങൾ പറഞ്ഞു. എം.എൽ.എ. എന്ന നിലയിൽ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് അദ്ദേഹം വഹിച്ച പങ്കിനെക്കുറിച്ചും അവിടെ പറയുകയുണ്ടായി. അത് അദ്ദേഹത്തിനുകൂടി നേട്ടമല്ലേ? ഈ

സമയത്തിനുള്ളിൽ ഇത്രയുമധികം സ്ഥാപനങ്ങൾ അവിടെ വന്നത് രാഷ്ട്രീയമായല്ല നാടിന്റെയാകെ നേട്ടമായാണ് കാണേണ്ടത്. Kerala Electrical & Allied Engineering Co. Ltd. (KEL)-നെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. KEL-ന് 29.70 കോടി രൂപ നൽകിയിട്ടുണ്ട്. അതോടൊപ്പം സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനുവേണ്ടി 1.5 കോടി രൂപയും അനുവദിക്കുന്നുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എപ്പോഴും ഉന്നയിക്കുന്ന പ്രശ്നമാണത്. ആ തുക റിലീസ് ചെയ്യുമ്പോൾ ഡ്യൂസിന്റെ കാര്യത്തിൽ തീരുമാനമാകും. അക്കാര്യത്തിൽ അദ്ദേഹവും ക്രിയാത്മകമായി ഇടപെട്ടിരുന്നു. ആസ്തൽ വാച്ച് കമ്പനി നിലനിന്നിരുന്ന സ്ഥലം വളരെക്കാലമായി കാട് പിടിച്ച് കിടക്കുകയായിരുന്നു. ബഹുമാനപ്പെട്ട അംഗവും ഞാനും കൂടി അവിടെ പോയപ്പോൾ അകത്തേക്ക് കയറാൻപോലും സാധിക്കാത്ത അവസ്ഥയിലായിരുന്നു. വനം വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല, അല്ലെങ്കിൽ അദ്ദേഹം അതൊരു വനമായി പ്രഖ്യാപിച്ചേനെ. ആ രൂപത്തിലായിരുന്നു അതിന്റെ അവസ്ഥ. എന്നാൽ ഇപ്പോഴത് മാറി, അവിടെ നല്ലൊരു ഇൻഡസ്ട്രിയൽ കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടക്കുകയാണ്. ബഹുമാനപ്പെട്ട അംഗവും അതിനുവേണ്ടി മുൻകൈയെടുക്കുന്നുണ്ട്. മാവൂർ ഗ്വാളിയാർ റയോൺസ് സർക്കാർ ഏറ്റെടുത്തെങ്കിലും അതിനെതിരായ കേസ് കോടതിയിൽ നിലനിൽക്കുകയാണ്. എങ്കിലും ആ സ്ഥലം ഉപയോഗിക്കാനുള്ള എല്ലാ മാർഗങ്ങളും ആരായാം. അതുതന്നെയാണ് Comtrust Weaving Factory-യുടെ കാര്യത്തിലുമുണ്ടായത്. സംസ്ഥാന സർക്കാർ ഇവിടെ നിയമം പാസാക്കിയെങ്കിലും അതിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാൻ 9 വർഷമെടുത്തു. അതിനിടയ്ക്ക് പകുതിയിലധികം സ്ഥലവും വിറ്റുപോയി. ഇപ്പോൾ അതുമാത്രമായി ഏറ്റെടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്.

കോടതിയിൽ കേസ് നിലനിൽക്കുകയാണ്. കുന്നത്തറ ടെക്സ്റ്റൈൽസുമായി ബന്ധപ്പെട്ട കേസും കോടതിയുടെ പരിഗണനയിലാണ്. കോടതി നടപടികളുടെ ഭാഗമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചതിനുശേഷം 78182 മെട്രിക് ടൺ കാഷ്യൂ ഇറക്കുമതി ചെയ്തിട്ടുണ്ട്. കേരള കാഷ്യൂ ബോർഡിന്റെ കോൺസെപ്റ്റ് എന്നുപറയുന്നത് ഗവൺമെന്റ് ടു ഗവൺമെന്റ് ഇറക്കുമതി സാധ്യമാകും എന്നതാണ്. കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനായി ഐവറി കോസ്റ്റുമായി ഇപ്പോൾ MoU (Memorandum of Understanding) ഒപ്പുവയ്ക്കുകയും വിദേശകാര്യ മന്ത്രാലയം അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഗവൺമെന്റ് ടു ഗവൺമെന്റ് ഇറക്കുമതി ചെയ്യാൻ പോകുകയാണ്. കൂടാതെ ഡൊമസ്റ്റിക് പ്രൊക്യുവർമെന്റ് നടത്തുന്നതിനും കാഷ്യൂ ബോർഡിന് അധികാരമുണ്ട്. അതിനുവേണ്ടി ടെൻഡർ വിളിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ പ്രവൃത്തി ദിവസങ്ങൾ ഈ വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ഘാനയിൽനിന്നും 5000 മെട്രിക് ടൺ കശുവണ്ടി വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകുകയും 10000 മെട്രിക് ടണ്ണിന്റെ ടെൻഡർ വിളിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ നല്ലരീതിയിൽ മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ടെക്സ്റ്റൈൽസ് മേഖലയിലെ പ്രശ്നങ്ങൾ അങ്ങേയ്ക്ക് അറിയാം. കഴിഞ്ഞ ദിവസം സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എസ്.ടി.യു., എ.ഐ.ടി.യു.സി., ബി.എം.സ്. തുടങ്ങിയ എല്ലാ ട്രേഡ് യൂണിയനുകളുടെയും സംയുക്ത സമരം സെക്രട്ടേറിയറ്റിന് മുന്നിൽ സംഘടിപ്പിച്ചിരുന്നു. എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം

ടെക്സ്റ്റൈൽസ്, തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും പ്രവർത്തനം നിലച്ചിരിക്കുകയാണ്. അവയുടെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ജീവനക്കാർക്ക് നൽകേണ്ട ശമ്പള കുടിശ്ശിക നൽകാനുള്ള നടപടിയുണ്ടാകുമോ? സമരക്കാർ ഉന്നയിച്ചിട്ടുള്ള ഡിമാന്റും ഇതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇൻഡസ്ട്രിയൽ ഏരിയയിൽ ബിൽഡിങ് നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമുണ്ടോ? കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ ഇൻഡസ്ട്രിയൽ ഏരിയയിൽ ഒരു ബിൽഡിങ് തകർന്നുവീണ് ചെറിയൊരു അപകടമുണ്ടായി. അതുപോലെ എഫ്.ഐ.റ്റി.-യുടെ ....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: യെസ്....യെസ്.... ഓരോന്നായി എടുക്കാം. ബഹുമാനപ്പെട്ട മന്ത്രി എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകാൻ തയ്യാറാണ്.

ശ്രീ. പി. രാജീവ്: സർ, ടെക്സ്റ്റൈൽ മില്ലുകളുടെ ഒരു യോഗം വിളിച്ചിരുന്നു. കോട്ടയത്തും എടരിക്കോടുമുള്ള സ്പിന്നിങ് മില്ലുകൾ തമ്മിലുള്ള മെഷിനറികളുടെ മാറ്റത്തിന് ധാരണയായിട്ടുണ്ട്. അതിനനുസരിച്ച് മുന്നോട്ടുപോകാം. കോട്ടണിന്റെ വില വർധിക്കുന്ന സമയത്ത് 'ടെക്സ്റ്റൈൽ ഉൽപാദിപ്പിച്ചാൽ നഷ്ടമുണ്ടാകും. കോട്ടൺ നേരത്തെ വാങ്ങി വച്ചവരുണ്ട്. അവർക്കത് കൺവെർട്ട് ചെയ്ത് നൽകും. അങ്ങനെ എല്ലാ ട്രേഡ് യൂണിയനുകളുമായും ധാരണയിലെത്തി വർക്ക് ആരംഭിച്ചപ്പോൾ സെൻട്രൽ ട്രേഡ് യൂണിയൻകാർ വരികയും അവർ അത് അറിഞ്ഞിട്ടില്ലെന്ന് പറയുകയും ചെയ്തു. പിന്നീട് അവരുമായി ധാരണയിലെത്തിയപ്പോൾ മൂന്നുമാസം കഴിഞ്ഞു. അപ്പോൾ നേരത്തെ വന്ന

കമ്പനിക്കാർ അതിൽനിന്നും പിന്മാറി. അതാണ് അവിടെ പ്രതിസന്ധി രൂക്ഷമാക്കിയത്. വ്യവസായ അന്തരീക്ഷത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. നല്ല മാർക്കറ്റിങ്ങാണെന്ന് ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ പറഞ്ഞു. ഞാൻ മാർക്കറ്റ് ചെയ്യുന്നത് ഭരണപക്ഷത്തെയല്ല, ഞങ്ങൾ മാർക്കറ്റ് ചെയ്യുന്നത് കേരളത്തെയാണ്. വ്യവസായം നടത്താൻ ഏറ്റവും നല്ല സ്ഥലം ഇതാണ് എന്നുപറഞ്ഞ് കേരളത്തെയാണ് ലോകത്തിന് മുന്നിൽ മാർക്കറ്റ് ചെയ്യുന്നത്. അങ്ങ് എന്റെ എല്ലാ പ്രസംഗങ്ങളും പരിശോധിച്ച് നോക്കൂ. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (ഐ.കെ.ജി.എസ്.)-ന് മുന്നോടിയായി ഞാൻ പങ്കെടുത്ത 48 പരിപാടികളുണ്ടായിരുന്നു. അത് സാധാരണ സമ്മിറ്റ് പോലെയായിരുന്നില്ല. ആദ്യം ലോക കേരള സഭ മെമ്പർമാരുടെയും പിന്നീട് ഡെലിഗേറ്റഡ് റെപ്രസെന്റേറ്റീവ്സിന്റെയും പ്രത്യേക യോഗം വിളിച്ചു. അതിനുശേഷം വിദേശ പ്രതിനിധികളുമായുള്ള യോഗം തിരുവനന്തപുരത്ത് ചേർന്നു, International GenAI Conclave നടത്തി. Conclave on Continuous Investments സംഘടിപ്പിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയ പുതിയ ഇൻവെസ്റ്റ്മെന്റും തുടർന്നുള്ള ഇൻവെസ്റ്റ്മെന്റും സംബന്ധിച്ച് അവരുമായി യോഗം ചേർന്നു. വ്യവസായ പാർക്കുകളിൽ റീ-ഇൻവെസ്റ്റ്മെന്റ് നടത്തുന്നവരുടെ യോഗം (Meeting on Reinvestment Leads) ചേർന്നു. കൂടാതെ റോഡ് ഷോ-ചെന്നൈ, ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ്, ഫുഡ് ടെക് & ഫുഡ് പ്രോസസ്സിങ് റൗണ്ട് ടേബിൾ മീറ്റിങ്, മാരിടൈം ആൻഡ് ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ മീറ്റിങ്, ബയോടെക്നോളജി സെക്ടർ റൗണ്ട് ടേബിൾ മീറ്റിങ് (Meeting with investors in Biotechnology sector), റോഡ് ഷോ-കോയമ്പത്തൂർ, റോഡ് ഷോ-ബാംഗ്ലൂർ, Ease of Doing Business (EoDB)-ന്റെ മുന്നോട്ടുള്ള പ്രവർത്തനവുമായി

ബന്ധപ്പെട്ട സെക്രട്ടറിതല മീറ്റിങ്, വകുപ്പുതലവൻമാരുടെ മീറ്റിങ്, ട്രേഡ് യൂണിയനുകളുടെ മീറ്റിങ്, ഇൻഡസ്ട്രിയൽ ട്രേഡ് ബോഡീസിന്റെ മീറ്റിങ്, ഒഫിഷ്യൽസിന്റെ പ്രത്യേക മീറ്റിങ്, ബയോ കണക്ട് 2.0 കേരള 2024 കോൺക്ലേവ്- ലൈഫ് സയൻസ് മേഖലയിലെ കോൺക്ലേവ് എന്നിവ നടത്തി. 'ഇയർ ഓഫ് എന്റർപ്രൈസസ്' ഉദ്യമത്തിന്റെ ഭാഗമായി എം.എൽ.എ.-മാരുടെ ഒരു യോഗം കഴിഞ്ഞ സമ്മേളനസമയത്ത് വിളിച്ചിരുന്നു. ദുബായിൽ നടന്ന GITEX GLOBAL-ലിൽ ഞാൻ നേരിട്ട് പങ്കെടുത്തില്ല, ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്. കൂടാതെ, കേരളത്തിലെ ടോപ് ഇൻഡസ്ട്രീസിന്റെ അതായത്, 1000 കോടി രൂപയ്ക്ക് മുകളിൽ ടേണോവറുള്ള കേരളത്തിലെ കമ്പനികളുടെ റൗണ്ട് ടേബിൾ മീറ്റിങ്, 100 മുതൽ 500 കോടി രൂപ വരെ ടേണോവറുള്ള കമ്പനികളുടെ റൗണ്ട് ടേബിൾ മീറ്റിങ്, 500 മുതൽ 1000 കോടി രൂപ വരെ ടേണോവറുള്ള കമ്പനികളുടെ റൗണ്ട് ടേബിൾ മീറ്റിങ്, ഓസ്ട്രേലിയൻ കോൺസുലേറ്റും അവരുടെ ടീമുമായുള്ള മീറ്റിങ്, വേസ്റ്റ് മാനേജ്മെന്റിന്റെ സെക്ടർവൈസ് മീറ്റിങ്, GARTNER IT SYMPOSIUM എന്നിവയും നടത്തി. ജർമ്മനിയിൽ നടന്ന MEDICA TRADE FAIR-ൽ കേരളത്തിൽനിന്നുള്ള ടീം പങ്കെടുത്തു. ആയുർവേദ ഫാർമസ്യൂട്ടിക്കൽസിന്റെ റൗണ്ട് ടേബിൾ മീറ്റിങ്, ഹൈടെക് ഫാമിങ് & വാല്യു ആഡഡ് പ്ലാന്റേഷന്റെ സെക്ടർവൈസ് മീറ്റിങ്, ടൂറിസം ഹോസ്പിറ്റാലിറ്റി റൗണ്ട് ടേബിൾ മീറ്റിങ്, റീട്ടെയിൽ സെക്ടർ റൗണ്ട് ടേബിൾ മീറ്റിങ്, റോഡ് ഷോ-മുംബൈ, റോഡ് ഷോ-ഡൽഹി, 36 രാജ്യങ്ങളിലെ അംബാസിഡർമാരും സി.ജി.-മാരും പങ്കെടുത്ത ഡിപ്ലോമാറ്റിക് റൗണ്ട് ടേബിൾ മീറ്റിങ്, എല്ലാ ലോക കേരള സഭാംഗങ്ങളുമായുള്ള ഓൺലൈൻ മീറ്റിങ്, ദുബായിലെ Business Fraternity Meeting, സ്റ്റാർട്ടപ് കോൺക്ലേവ്-തിരുവനന്തപുരം, പ്രൊമിനന്റ്

ഇൻവെസ്റ്റേഴ്സുമായുള്ള ദുബായിലുള്ള റൗണ്ട് ടേബിൾ മീറ്റിങ്, ഐ.ടി. കമ്പനികളുടെ റൗണ്ട് ടേബിൾ മീറ്റിങ്, സ്വിറ്റ്സർലാൻഡിൽ World Economic Forum (WEF), ദുബായിൽ ARAB HEALTH 2025, വിഴിഞ്ഞം കോൺക്ലേവ് & ഇൻവെസ്റ്റേഴ്സ് മീറ്റ്, ഹാൻഡ്ലൂം സെക്ടർ മീറ്റിങ്- തിരുവനന്തപുരം, മലബാർ കോൺക്ലേവ്- കണ്ണൂർ, CII Success Meet Ascent-Kochi, CII Mystic South Global Linkage Summit-Chennai, Meeting with Trade Union Representatives -Thiruvananthapuram, Media conclave-Kochi, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് എന്നിങ്ങനെ 48 പരിപാടികൾ നടത്തിയിരുന്നു. ജർമ്മനി, ദുബായ് എന്നീ രാജ്യങ്ങളിൽ നടന്ന രണ്ട് ട്രേഡ് ഫെയർ മീറ്റിങ്ങിൽ ഒഴികെ ബാക്കിയുള്ളതിലെല്ലാം ഞാൻ പങ്കെടുത്തിരുന്നു. ഈ സഭയിൽ പറഞ്ഞതുൾപ്പെടെയുള്ള കാര്യങ്ങളെല്ലാം അങ്ങ് പരിശോധിച്ച് നോക്കണം. എന്താണ് പൊതുവെ സൃഷ്ടിക്കപ്പെട്ട ഇമേജ്? ചിലർ 'ഗേരള' എന്നേ പറയുകയുള്ളൂ, 'കേരളം' എന്നുപോലും പറയില്ല. ഇവിടെ പെട്ടിക്കടയും ബാർബർഷോപ്പും ബിവറേജുമേയുള്ളൂ, വ്യവസായം ഒന്നുമില്ല. ഇത് കേരളത്തെക്കുറിച്ചാണ് പറയുന്നത്, ഇത് ഭരണപക്ഷത്തെക്കുറിച്ചോ പ്രതിപക്ഷത്തെക്കുറിച്ചോ അല്ല. നമ്മളെല്ലാവരും ചേരുന്ന കേരളത്തെക്കുറിച്ചാണ് പറയുന്നത്. അതല്ല കേരളം. ലോകത്ത് ഏത് വാഹനം ഓടുമ്പോഴും അത് കൺട്രോൾ ചെയ്യുന്നത് തിരുവനന്തപുരത്താണ്. ബി.എം.ഡബ്ല്യു., ബെൻസ് തുടങ്ങിയ വാഹനങ്ങളെല്ലാം മാറിയില്ലേ? അതെല്ലാം ഇപ്പോൾ SDV (Software-Defined Vehicle) ആണ്. ഇവിടെ നിന്നാണ് കൺട്രോൾ ചെയ്യുന്നത്. അതുകൊണ്ടാണ് ഇവിടെ ഓട്ടോമോട്ടീവ് കോൺക്ലേവ് സംഘടിപ്പിച്ചത്. ലോകത്തെ ബ്ലഡ് ബാഗുകളിൽ 12% നിർമ്മിക്കുന്നത് കേരളത്തിലാണ്. ഇതെല്ലാം തുടർച്ചയായി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

അല്ലാതെ, ഈ കമ്പനി ഞങ്ങളുടെ മുഖ്യമന്ത്രിയുടെ കാലത്ത് തുടങ്ങിയതാണ്, കോൺഗ്രസ്സിന്റെ സമയത്ത് തുടങ്ങിയതല്ല എന്ന് ഞങ്ങൾ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? എന്നാൽ നിങ്ങൾ ഇതിനെ തെറ്റായ രൂപത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ചു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ കേരളത്തിന് ഒന്നാം സ്ഥാനം കിട്ടിയപ്പോൾ നിങ്ങൾ ചോദിച്ചത്, "ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ റാങ്കിങ്ങുണ്ടോ; BRAP (Business Reforms Action Plan) മാറിയില്ലേ" എന്നാണ്. കേരളത്തിന് ഒരു അംഗീകാരം ലഭിക്കുമ്പോൾ അത് ഞങ്ങൾക്കുകൂടി അവകാശപ്പെട്ടതാണ്, ഞങ്ങളിട്ട അടിത്തറയാണ്, ഇപ്പോഴത് മാറിയിരിക്കുന്നു, ഞങ്ങൾ അധികാരത്തിൽ വന്നാൽ അത് കുറെക്കൂടി മുന്നോട്ടുകൊണ്ടുപോകും എന്നല്ലേ നിങ്ങൾ പറയേണ്ടിയിരുന്നത്? എല്ലാവരുടെയും കൈയിൽ ഫോൺ ഉണ്ടല്ലോ? വെറുതെ ഗൂഗിളിൽ സെർച്ച് ചെയ്തുനോക്കിയാൽ മതി, വെബ്സൈറ്റിലേക്കൊന്നും പോകേണ്ട. അല്ലെങ്കിൽ ChatGPT-യിൽ BRAP എന്ന് ടൈപ്പ് ചെയ്ത് നോക്കണം. എന്താണ് Business Reforms Action Plan? Department for Promotion of Industry and Internal Trade അതുസംബന്ധിച്ച് പറയുന്നത്, 'Since 2015, the Department for Promotion of Industry and Internal Trade (DPIIT) has been actively developing and distributing the Business Reforms Action Plan to States and Union Territories ....' എന്നാണ്. 2015 മുതൽ ഇന്ത്യയിൽ റാങ്കിങ് നടത്തുന്നത് Business Reforms Action Plan ആണ്. കേരളത്തിന് 28-ാം സ്ഥാനം ലഭിച്ചപ്പോഴും ഇപ്പോൾ ടോപ് അച്ചീവർ-1 ആയപ്പോഴും ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനാണ്. ഇനി EoDB എന്താണ്? 'To facilitate this initiative, the DPIIT launched an online portal

(www.eodb.dpiit.gov.in)...' എന്നാണ്. ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ വരുന്ന വെബ്സൈറ്റാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്. ലോക ബാങ്കുമായി ചേർന്നാണ് 2015 മുതൽ ഇത് ആരംഭിച്ചത്. അന്നുമുതൽ മാർക്ക് പൂർണ്ണമായും റിഫോംസിനെ അടിസ്ഥാനമാക്കിയായിരുന്നു. 22.80% റിഫോംസ് നടപ്പാക്കുകയും നമുക്ക് 18-ാം റാങ്ക് ലഭിക്കുകയും ചെയ്തു. അന്ന് റിഫോംസിന് മാത്രമാണ് മാർക്ക് നൽകിയത്, അല്ലാതെ ഫീഡ് ബാക്കിനല്ല. അടുത്ത പ്രാവശ്യം റിഫോംസ് 26.9 ശതമാനമായി വർധിച്ചുവെങ്കിലും റാങ്ക് കുറഞ്ഞ് 20-ലേക്കെത്തി. 2017-18-ൽ നൂറ് ശതമാനവും ഫീഡ് ബാക്കിലേക്ക് മാറിയപ്പോൾ 52.56% റിഫോംസ് നടപ്പാക്കി 21-ാമത്തെ റാങ്കിലേക്കെത്തി. യഥാർഥത്തിൽ 2019-ൽ 85% റിഫോംസ് നടപ്പാക്കിയെങ്കിലും റാങ്ക് 28 ആയി. 2020-ൽ ഫീഡ് ബാക്ക് വന്നതുകൊണ്ട് നമ്മൾ 'Aspires' കാറ്റഗറിയായി. 2020-21-ൽ എസ്.എസ്.എൽ.സി. ഒന്നാം റാങ്ക് എന്നത് എ-പ്ലസ് ഗ്രേഡായി മാറി. അതുപോലെ ഇതിലും 'Top achievers, Achievers, Aspires and Emerging Business Ecosystems' എന്നിങ്ങനെയായി. ഒരു സ്കൂളിൽ ഒരു കുട്ടിക്ക് 9 വിഷയങ്ങൾക്ക് എ-പ്ലസ്, രണ്ടാമത്തെ കുട്ടിക്ക് 5 വിഷയങ്ങൾക്ക് എ-പ്ലസ്, മൂന്നാമത്തെ കുട്ടിക്ക് 3 വിഷയങ്ങൾക്ക് എ-പ്ലസ് എന്നിങ്ങനെ ലഭിക്കുമ്പോൾ സ്വഭാവികമായും ഒന്നാമതാകുന്നത് 9 വിഷയങ്ങൾക്ക് എ-പ്ലസ് ലഭിച്ച കുട്ടിയാണ്. അതുകൊണ്ടാണ് റാങ്കിങ്ങിൽ കേരളം 9 എണ്ണത്തിൽ ഏറ്റവും കൂടുതൽ Top achiever ആയി ആന്ധ്രാപ്രദേശിനെയും ഗുജറാത്തിനെയും മറികടന്ന് ഇന്ത്യയിൽ ഒന്നാമതെത്തിയത്. ചിലയാളുകൾ ഇതിൽ സിറ്റിസൺ റിഫോംസുണ്ടെന്ന് പറയുകയാണ്. 2 എ-പ്ലസ് സോഷ്യൽ സയൻസിനും 7 എ-പ്ലസ് സോഷ്യൽ സ്റ്റഡീസിനും ലഭിച്ചുവെന്ന് നമ്മൾ പറയുമോ? കഴിഞ്ഞ പ്രാവശ്യം

ആന്ധ്രാപ്രദേശിന്റെ പരസ്യം ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ നമ്പർ വൺ എന്നായിരുന്നു. തൊട്ടുമുമ്പിലുള്ള വർഷത്തെ അവരുടെ പരസ്യവും നോക്കാം. 2015 മുതൽ ....

ഡോ. മാത്യു കുഴൽനാടൻ: സർ, ...

ശ്രീ. പി. രാജീവ്: സർ, ഇനി ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ പറയൂ, അങ്ങാണല്ലോ പത്രക്കാർക്ക് ക്ലാസെടുക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഞാൻ accept ചെയ്യാം. നമുക്ക് വളരെ ഹെൽത്തിയായി ഡിബേറ്റ് ചെയ്യാം, കുഴപ്പമില്ല. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ സിറ്റിസൺ-സെൻട്രിക് റിഫോംസും ബിസിനസ്സ്-സെൻട്രിക് റിഫോംസുണ്ട്. സിറ്റിസൺ-സെൻട്രിക് റിഫോംസ് എന്നത് ബിസിനസ് എൻവയോൺമെന്റിനെ ഇൻഫ്ലുവൻസ് ചെയ്യുന്നതാണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ബിസിനസ്സ്-സെൻട്രിക് റിഫോംസിൽ കേരളത്തെക്കാളും കൂടുതൽ ഗ്രേഡ് ലഭിച്ച സംസ്ഥാനമുണ്ടോ? I say, there are States. സിറ്റിസൺ സെൻട്രിക് റിഫോംസ് എന്നുപറയുന്നത് എന്താണ്? നമുക്ക് birth certificate, death certificate എന്നിവ നേരത്തേ ലഭിക്കുമോ; ഇലക്ട്രിസിറ്റി ബിൽ നേരിട്ട് അടയ്ക്കാൻ സാധിക്കുമോ? കേരളം ഇതിനകം അച്ചീവ് ചെയ്ത highest ലെവലാണ് സിറ്റിസൺ-സെൻട്രിക് റിഫോംസ്. In Business-Centric Reforms, you achieve that too. പക്ഷേ ബിസിനസ്സ്-സെൻട്രിക് റിഫോംസാണ് ബിസിനസ്സ് എൻവയോൺമെന്റിനെ മെച്ചപ്പെടുത്തുന്ന റിഫോംസ് എന്നുപറഞ്ഞു. അതിൽ നമ്മളേക്കാൾ മുന്നിൽ നിൽക്കുന്ന, ഗ്രേഡ് കൂടിയ സംസ്ഥാനമുണ്ടോയെന്നത് അങ്ങ് സത്യസന്ധമായി പറഞ്ഞാൽ മതി.

ശ്രീ. പി. രാജീവ്: സർ, I think you can understand what I am trying to say എന്ന്

ഇംഗ്ലീഷിൽ പറഞ്ഞാൽ ഈ പ്രശ്നം തീരില്ല. ഈ റാങ്കിങ് സംവിധാനം മാറ്റണമെന്ന് പറയുന്നതിന് കേന്ദ്ര മന്ത്രാലയത്തെ നേരിൽക്കാണുന്നതിനായി ഞാൻ അങ്ങേയ്ക്ക് അപ്പോയിന്റ്മെന്റ് വാങ്ങിത്തരാം. 28-ാം റാങ്കും കഴിഞ്ഞ വർഷം 15-ാം റാങ്കും ലഭിച്ചപ്പോൾ ഇക്കാര്യം നിങ്ങൾ എന്തുകൊണ്ടാണ് പറയാതിരുന്നത്? 15-ാം റാങ്കും 28-ാം റാങ്കും ലഭിച്ചപ്പോൾ നിങ്ങൾക്ക് സന്തോഷമായിരുന്നു. എന്നാൽ ഒന്നാം റാങ്ക് ലഭിച്ചപ്പോൾ നിങ്ങൾക്ക് വിഷമമുണ്ടാകുന്നത് നിങ്ങൾ കേരളത്തിന് എതിരായതുകൊണ്ടാണ്, നിങ്ങൾ കേരള വിരുദ്ധരായതുകൊണ്ട് മാത്രമാണ്. ഞാൻ വസ്തുതയാണ് പറഞ്ഞത്. Business Reforms Action Plan (BRAP) എന്നുള്ളത് നമ്മൾ നിശ്ചയിച്ചുണ്ടാക്കുന്നതല്ല. Business-centric, Citizen-centric എന്നിവയെല്ലാം യൂണിയൻ ഗവൺമെന്റ് നിശ്ചയിക്കുന്നതാണ്. (...ബഹളം...)

Mr. Speaker: Let him say, please.

ശ്രീ. പി. രാജീവ്: സർ, 15 ഏക്കറിൽ കൂടുതലുള്ള എസ്റ്റേറ്റിന് വേഗത്തിൽ എക്സംപ്ഷൻ ലഭിക്കുന്നില്ലെന്ന് കഴിഞ്ഞ ദിവസം ഡോ. മാത്യു കുഴൽനാടൻ എന്നോട് പറയുകയുണ്ടായി. നിങ്ങൾ പണ്ട് എടുത്തുകാണിച്ച കടലാസ് വായിച്ച് നോക്കിയാൽ മതിയെന്ന് ഞാൻ അതിന് മറുപടി നൽകി. നിങ്ങൾ കടലാസ് കാണിച്ചെങ്കിലും നിങ്ങൾ ഉദ്ദേശിച്ച കടലാസ് അതായിരുന്നില്ല. ബഹുമാനപ്പെട്ട അംഗം അതൊന്ന് വായിച്ചുനോക്കൂ. നിങ്ങളുടെ ആവശ്യത്തിന്മേൽ ഞങ്ങൾ ഇറക്കിയ ഉത്തരവാണത്. അതാണ് നിങ്ങൾ ഞങ്ങൾക്കെതിരായി കാണിച്ചത്. വസ്തുത വസ്തുതയായിത്തന്നെ നമ്മൾ കാണണം. ഇത് കുട്ടികൾക്കും അറിയാവുന്ന കാര്യമാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ റാങ്കിങ്

നിർത്തി, അങ്ങനെയൊരു റാങ്കിങ് ഇല്ല എന്നല്ലേ നിങ്ങൾ പറഞ്ഞത്? അമേരിക്കയിൽ പോയപ്പോൾ മാർപാപ്പയോട് പത്രക്കാർ ചോദിച്ചത് എന്താണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. അതുപോലെ ചോദ്യം ചോദിച്ചിട്ടുണ്ടാകും. അതിന് മറുപടിയുമുണ്ടാകും. .... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്, അദ്ദേഹം സ്റ്റാൻഡ് ക്ലിയർ ചെയ്യട്ടെ.

ശ്രീ. പി. രാജീവ്: സർ, മുഴുവൻ കേട്ടതിനുശേഷവും രാമൻ, സീതയുടെ ആരാണെന്ന് നിങ്ങൾ ചോദിക്കരുത്. 2015 മുതൽ BRAP റാങ്കിങ് ആണ്, 28-ാം റാങ്ക് നമുക്ക് ലഭിച്ചപ്പോഴും BRAP റാങ്കിങ് ആയിരുന്നു. 28-ാം റാങ്ക് ലഭിച്ചപ്പോൾ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ റാങ്കിങ്ങിൽ നമ്മൾ ഏറ്റവും പിന്നിലാണെന്ന് എല്ലാവരും അധിക്ഷേപിക്കുകയും നിങ്ങൾ കൈയടിക്കുകയും ഞങ്ങൾ ശിരസ്സ് കുനിച്ചിരിക്കുകയും ചെയ്തു. 15-ാം റാങ്ക് ലഭിച്ചപ്പോൾ നമ്മൾ പിന്നിലാണെന്ന് പറഞ്ഞ് എല്ലാവരും അധിക്ഷേപിച്ചപ്പോഴും BRAP റാങ്കിങ് ആയിരുന്നു. എന്നാൽ നമുക്ക് ഒന്നാം റാങ്ക് ലഭിക്കുകയും ഞങ്ങൾ അതിനെ ഉയർത്തിപ്പിടിക്കുകയും ചെയ്തപ്പോൾ ഇത് ഏത് റാങ്കിങ്ങെന്ന് നിങ്ങൾ ചോദിച്ചു. ....(ബഹളം).... ബഹുമാനപ്പെട്ട പാലക്കാട് അംഗം, മൊബൈൽ എടുത്ത് BRAP റാങ്കിങ് ഗൂഗിളിൽ സെർച്ച് ചെയ്താൽ മതി. കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. പീയൂഷ് ഗോയലിനെ നിങ്ങൾ അന്ധമായി വിശ്വസിക്കേണ്ട. നിങ്ങൾ എന്തിനാണ് അദ്ദേഹത്തിന്റെ ശിഷ്യനാകുന്നത്?

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഇത് ഞങ്ങളുടെ സ്റ്റേറ്റ്മെന്റ് അല്ല. ഇക്കാര്യത്തിൽ ഞങ്ങൾക്ക് ക്ലാരിറ്റി ലഭിച്ചാൽ മതി. കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രി ശ്രീ. പീയൂഷ്

ഗോയലിന്റെ ഇന്റർവ്യൂ പൂർണ്ണമായും കണ്ടുനോക്കണം. ഇപ്പോൾ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ് ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ രണ്ടാമത്തെ സ്റ്റേറ്റ്മെന്റ് എന്താണ് അങ്ങ് പറയാത്തത്? അങ്ങനെയൊരു റാങ്കിങ് ഉണ്ടായിരുന്നെങ്കിൽ കേരളം പിന്നിലാകുമായിരുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് പറയാത്തത്?

മി. സ്പീക്കർ: മതി, മതി. ബഹുമാനപ്പെട്ട മന്ത്രി പറയൂ. ഈ രണ്ട് കാര്യങ്ങളും ക്ലിയർ ചെയ്യട്ടെ.

ശ്രീ. പി. രാജീവ്: സർ, ഞാൻ ഇവിടെ വിശദീകരിച്ചത് മുഴുവൻ BRAP റാങ്കിങിനെക്കുറിച്ചാണ്. അതിനായി സമയം കളയേണ്ട കാര്യമില്ല, വെബ്സൈറ്റ് പരിശോധിച്ചാൽ മതി. കഴിഞ്ഞ പ്രാവശ്യം ആന്ധ്രാപ്രദേശ് Top achiever ആയപ്പോൾ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ ഒന്നാം റാങ്ക് ആന്ധ്രാപ്രദേശിന് എന്നായിരുന്നു അവരുടെ എല്ലാ പത്രങ്ങളിലെയും ഒന്നാം പേജ് പരസ്യം. ഇതുകണ്ടപ്പോൾ എല്ലാവരും സന്തോഷിച്ചു. അന്ന് ആരും BRAP റാങ്കിങിനെക്കുറിച്ചോ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങിനെക്കുറിച്ചോ ചോദിച്ചിട്ടില്ല. ലോകബാങ്കിന്റെ പദ്ധതിയോടുചേർന്ന് 2015 മുതൽ ഇന്ത്യയിൽ BRAP ആരംഭിച്ചു. ലോകബാങ്ക് BRAP ഇടക്കാലത്ത് നിർത്തുകയും ഇന്ത്യ അത് തുടരുകയും ചെയ്തു. അതിൽ ആദ്യം റിഫോംസിനായിരുന്ന നൂറ് ശതമാനം മാർക്ക് കൊടുത്തിരുന്നത്. പിന്നീട് ഫീഡ് ബാക്കിനും നൂറ് ശതമാനമായി. ആദ്യം കാര്യങ്ങൾ പഠിക്കണം. ചാനൽ ചർച്ചയിലേതുപോലെ സഭയിൽ സംസാരിച്ചിട്ട് കാര്യമില്ല. ഞാൻ

വസ്തുതകൾ മാത്രമാണ് പറയുന്നത്. ....(ബഹളം)...

മി. സ്പീക്കർ: ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ അവിടെയിരിക്കൂ. ബഹുമാനപ്പെട്ട മന്ത്രി പറയൂ. അദ്ദേഹം മറുപടി പറയുന്നുണ്ടല്ലോ. Show some patience. നിങ്ങൾ ചോദിച്ച രണ്ട് ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നൽകിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറയൂ.

ശ്രീ. പി. രാജീവ്: സർ, ഇതിനേക്കാളും ലളിതമായി എങ്ങനെയാണ് പറയുന്നത്? .... (ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അവിടെയിരിക്കൂ, ബഹുമാനപ്പെട്ട മന്ത്രി പറയൂ.

ശ്രീ. പി. രാജീവ്: സർ, നമ്മൾ വസ്തുതകൾ വസ്തുതകളായി കാണണം. കഴിഞ്ഞ പ്രാവശ്യം ഇതേ റാങ്കിങ്ങിൽ, ഇതേ ബിസിനസ്സ്-സെൻട്രിക് റിഫോംസും സിറ്റിസൺ-സെൻട്രിക് റിഫോംസും വച്ച് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ ഒന്നാമതെത്തിയെന്നത് എല്ലാ പത്രങ്ങളിലും ഒന്നാം പേജ് വാർത്തയായി. ഇപ്രാവശ്യം നമ്മൾ പരസ്യം കൊടുക്കാൻ ഉദ്ദേശിച്ചെങ്കിലും പണത്തിന് ഞെരുക്കമുള്ളതുകൊണ്ട് കൊടുത്തില്ല. അന്ന് ഈ പരസ്യം വന്നപ്പോൾ ഇത് BRAP ആണെന്നും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് അല്ലെന്നും കേരളം ഇങ്ങനെയല്ലെന്നും നിങ്ങൾ ആരെങ്കിലും പറഞ്ഞോ? റാങ്ക് 28 ആയപ്പോൾ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ കേരളം ഏറ്റവും പിന്നിലാണെന്നും ഇതിന്റെയും പിന്നിൽ വേറെ ആരെങ്കിലുമുണ്ടോയെന്നും ഈ സഭയിൽ നിങ്ങൾ പ്രസംഗിച്ചല്ലോ, അന്നും

ഇതുതന്നെയായിരുന്നില്ലേ? കേരളത്തിന് നേട്ടമുണ്ടാകുമ്പോൾ നിങ്ങൾ ഞങ്ങളുടെ നേട്ടമായി കാണേണ്ട, പക്ഷെ വസ്തുതകൾ മനസ്സിലാക്കി സംസാരിക്കാൻ ശ്രമിക്കണം. ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞതുപോലെ 'ഉദ്യം' രജിസ്ട്രേഷൻ വന്നപ്പോൾ നിങ്ങൾ ട്രേഡ് ക്ലൂട്ടിയല്ലോ, ട്രേഡ് ക്ലൂട്ടിയിട്ട്..... (..ബഹളം..)

മി. സ്പീക്കർ: ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, നിങ്ങൾക്കുവേണ്ട ഉത്തരം നൽകാൻ കഴിയില്ല. അദ്ദേഹം പറയുന്നത് കേൾക്കൂ. (..ബഹളം..)

ശ്രീ. പി. രാജീവ്: സർ, ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ചോദിക്കട്ടെ. ചോദിക്കേണ്ടത് ചോദിക്കൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഇവിടെ ചോദ്യം വളരെ കൃത്യമാണ്. സിറ്റിസൺ-സെൻട്രിക്കും ബിസിനസ്സ്-സെൻട്രിക്കുമുണ്ട്. ബിസിനസ്സ്- സെൻട്രിക്കിൽ കേരളം എത്രാമതാണ്; ബിസിനസ്സ്-സെൻട്രിക്കിൽ കേരളത്തിന് മുകളിൽ ഏതൊക്കെ സംസ്ഥാനങ്ങളുണ്ട്; അങ്ങ് താരതമ്യപ്പെടുത്തുന്നത് എങ്ങനെയാണ്? റാങ്കിങ് സിസ്റ്റം നിർത്തലാക്കിയിട്ട് എ-പ്ലസ് വന്നില്ലേ എന്നുപറഞ്ഞാണ് അങ്ങ് താരതമ്യപ്പെടുത്തുന്നത്. എന്നാൽ അങ്ങനെയല്ല. റാങ്കിങ് എന്നാൽ എന്താണ്? ഉദാഹരണത്തിന്, 600-ൽ 596 മാർക്ക് ലഭിക്കുന്ന ഒരാൾക്ക് ഒന്നാം റാങ്ക് എന്നുപറയുന്നു. എ-പ്ലസ് എന്നുപറയുന്നത് അതല്ല, 90 ശതമാനത്തിനുമുകളിൽ വരുന്നതെല്ലാം എ-പ്ലസ് ആയിട്ടാണ് കണക്കാക്കുന്നത്. കേരളം ഒന്നാമതെത്തി എന്നുപറയുന്ന ആ ഡോക്യുമെന്റ് ഒന്ന് കാണിക്കൂ. (..ബഹളം..)

ശ്രീ. പി. രാജീവ്: സർ, അദ്ദേഹത്തിന് എത്ര പറഞ്ഞാലും ഇത് മനസ്സിലാകാനിടയില്ല.

(..ബഹളം..)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.... ശ്രീ. റോജി എം. ജോൺ, ഉത്തരം തയ്യാറാക്കിവന്ന് ചോദ്യം ചോദിക്കേണ്ട.

ശ്രീ. പി. രാജീവ്: സർ, ശ്രീ. റോജി എം. ജോൺ, നിങ്ങൾ ജെ.എൻ.യു.-ലൊക്കെ പഠിച്ചതല്ലേ? (...ബഹളം...) ഏത് ചോദ്യം വേണമെങ്കിലും ചോദിച്ചോളൂ. 'Top achievers, Achievers, Aspires and Emerging Business Ecosystems' എന്നീ നാല് കാറ്റഗറിയാണ് റാങ്കിങ്ങിലുള്ളത്. ടോപ് അച്ചീവറെന്നാൽ 95 ശതമാനത്തിന് മുകളിലുള്ളതാണ്. ആ വിക്കിപീഡിയ ഒന്ന് പരിശോധിച്ച് നോക്കൂ. (..ബഹളം..)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വിക്കിപീഡിയയിൽ ആർക്കും എഡിറ്റ് ചെയ്യാം. അതുകൊണ്ട് വിക്കിപീഡിയ നോക്കൂവെന്ന് പറയരുത്. വളരെ കൃത്യമായ ചോദ്യമാണ് ഡോ. മാത്യു കുഴൽനാടൻ ചോദിച്ചത്. അതിന് അങ്ങ് ഇതുവരെ മറുപടി പറഞ്ഞിട്ടില്ല. ആ ചോദ്യമാണ് ഞങ്ങൾ ആവർത്തിച്ചത്.

ശ്രീ. പി. രാജീവ്: സർ, ചൂരുങ്ങിയത് വിക്കിപീഡിയ എങ്കിലും നോക്കാനാണ് ഞാൻ പറഞ്ഞത്. ഇന്ത്യ ഗവൺമെന്റിന്റെ സൈറ്റാണല്ലോ ഞാൻ ഉദ്ധരിച്ചത്. അങ്ങ് മറ്റ് സംസ്ഥാനങ്ങളിലൊക്കെ പോകുന്ന ആളാണല്ലോ. ആന്ധ്രാപ്രദേശിന് കഴിഞ്ഞതവണ കിട്ടിയത് എന്താണ്? (..ബഹളം..) ഇത് നമ്മുടെ സൈറ്റിൽ തന്നെയുണ്ടല്ലോ. സിറ്റിസൺ-സെൻട്രിക്കും ബിസിനസ്സ്-സെൻട്രിക്കും ചേരുന്നതാണ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (BRAP). മലയാളത്തിൽ, കൊച്ചുകുട്ടികൾക്കുപോലും മനസ്സിലാകാവുന്ന തരത്തിൽ വളരെ ലളിതമായിട്ടാണ് ഞാനത് പറഞ്ഞത്. ഒരാൾക്ക് എസ്.എസ്.എൽ.സി.-ക്ക് 9 എ-പ്ലസ്

ലഭിച്ചാൽ, അതിൽ 7 എണ്ണം സോഷ്യൽ സ്റ്റഡീസിനല്ലേ, രണ്ടെണ്ണം സയൻസിനല്ലേയെന്ന് ചോദിക്കാൻ പാടില്ല. കഴിഞ്ഞ തവണ അങ്ങനെയല്ലെങ്കിലോ? അത് നമ്മുടെ സൈറ്റിലുണ്ടല്ലോ. 7 എണ്ണം സിറ്റിസൺ-സെൻട്രിക്, 2 എണ്ണം... (..ബഹളം..) ഇനി ഞാൻ വഴങ്ങുന്നില്ല. ഇവർ രാഷ്ട്രീയ അന്ധതയിൽ കേരളത്തിന്റെ ശത്രുക്കളായി നിൽക്കുകയാണ്. (..ബഹളം..) നിങ്ങൾ കേരള വിരുദ്ധരാണ്. (..ബഹളം..) അത് ഞാൻ കൃത്യമായി പറയുന്നു.

മി. സ്പീക്കർ: ശ്രീ. ചാണ്ടി ഉമ്മൻ, എവിടെയെങ്കിലുമിരുന്ന് ബഹളമുണ്ടാക്കരുത്. നിങ്ങൾക്ക് ഒരു സീറ്റ് അലോട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പി. രാജീവ്: സർ, ശ്രീ. റോജി എം. ജോൺ, നിങ്ങൾ എത്ര ചോദിച്ചാലും വസ്തുത വസ്തുതയായിരിക്കുമല്ലോ. നിങ്ങൾ ഇതുവരെ പറഞ്ഞത് എന്താണ്? (..ബഹളം..)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... വളരെ ഡെമോക്രാറ്റിക്കായി ബഹുമാനപ്പെട്ട മന്ത്രി വഴങ്ങി. പ്ലീസ്.....പ്ലീസ്..... വെറുതെ ബഹളം വയ്ക്കരുത്. ദയവായി സീറ്റിലിരിക്കൂ. (..ബഹളം..) വളരെ ഡെമോക്രാറ്റിക്കായി അദ്ദേഹം വഴങ്ങി. അങ്ങനെ വഴങ്ങുമ്പോൾ നിങ്ങൾ ചോദിക്കുന്ന ചോദ്യത്തിന് നിങ്ങൾ പ്രതീക്ഷിക്കുന്ന ഉത്തരം വേണമെന്ന് പറയുന്നത് ഡെമോക്രസിയല്ല. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, ഒരു ഉത്തരം തയ്യാറാക്കി ചോദ്യം ചോദിച്ചാൽ അതിന് മന്ത്രി ഉത്തരം നൽകില്ല. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഉത്തരമേ നൽകുകയുള്ളൂ. അല്ലാതെ നിങ്ങൾക്ക് വേണ്ട ഉത്തരം നൽകാൻ സാധിക്കില്ല. ശ്രീ. രാഹുൽ മാങ്കൂട്ടത്തിന് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അത് പുറത്തുപോയി പറയണം. അല്ലാതെ ഉത്തരം തയ്യാറാക്കി വച്ചിട്ട് സഭയ്ക്കുള്ളിൽ ചോദ്യം ചോദിക്കാൻ സാധിക്കില്ല. ഉത്തരം പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയാണ്.

ശ്രീ. പി. രാജീവ്: സർ, ശ്രീ. എ. പി. അനിൽ കുമാർ ചില കാര്യങ്ങൾ ചോദിച്ചു. അദ്ദേഹം പാർലമെന്ററി പാർട്ടി സെക്രട്ടറിയായതുകൊണ്ടാണ് ഞാൻ വഴങ്ങിയത്. (..ബഹളം..) കുട്ടികളെക്കാൾ ധാരണയില്ലാതായാൽ കഷ്ടമാണ്. കഴിഞ്ഞ തവണ എന്താണോ മാനദണ്ഡം, അതുതന്നെയാണ് ഇത്തവണത്തെയും മാനദണ്ഡം എന്നാണ് ഞാൻ പറഞ്ഞത്. യൂണിയൻ സർക്കാരാണ് മാനദണ്ഡം നിശ്ചയിക്കുന്നത്. കഴിഞ്ഞതവണ ആന്ധ്രാപ്രദേശ് ടോപ് അച്ചീവറായ വാർത്ത ഒന്നാം പേജിൽ അച്ചടിച്ചുവന്നപ്പോൾ ഇവരെല്ലാം കൈയടിച്ചു. (..ബഹളം..) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, നിങ്ങൾ പുതിയ ആളല്ലേ? ഞാൻ സഭയിലെ കാര്യമാണ് പറയുന്നത്. നിങ്ങൾ ഇപ്പോൾ വന്നതല്ലേയുള്ളൂ. ഈ സഭയിൽ നടന്ന കാര്യമാണ് ഞാൻ പറയുന്നത്. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.... ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, നിങ്ങൾക്ക് അവസരം നൽകി. ദയവായി സീറ്റിലിരിക്കൂ. വീണ്ടും വീണ്ടും ബഹളമുണ്ടാക്കരുത്.

ശ്രീ. പി. രാജീവ്: സർ, സഭയിൽ പൊതുവിൽ പാലിക്കേണ്ട ചില മര്യാദകളുണ്ട്. സാധാരണയായി പിൻബഞ്ചിൽ ആദ്യം വന്നയാളിന് ഞങ്ങൾ വഴങ്ങാറില്ല. എന്നാൽ ചെറുപ്പക്കാരൻ, ഒരു യുവജനനേതാവ് എന്ന നിലയിലാണ് അദ്ദേഹം ചോദിച്ചപ്പോൾ ഞാൻ വഴങ്ങിയത്. ഇത് ചാനൽ ചർച്ചയല്ല, നിയമസഭയാണ്. തിരഞ്ഞെടുക്കപ്പെട്ട ഒരു വേദിയാണ്. ഇതിനകത്ത് അതിന്റേതായ കീഴ്വഴക്കങ്ങളുണ്ട്. (..ബഹളം..)

മി. സ്പീക്കർ: ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, പ്ലീസ്.... 'Playing to the gallery' പറ്റില്ല. സാധാരണനിലയിൽ ഡിമാന്റ് ഡിസ്കഷന്റെ മറുപടിയിൽ വഴങ്ങാൻ അനുവദിക്കാറില്ല. എന്നിട്ടും അദ്ദേഹം തയ്യാറായതുകൊണ്ട് ചെയർ സമ്മതിച്ചതാണ്. ആ അവസരത്തിൽ

നിങ്ങൾ ഉദ്ദേശിക്കുന്ന ഉത്തരം ലഭിക്കണമെന്ന് പറഞ്ഞാൽ നടക്കില്ല. ശ്രീ. രാഹുൽ മാങ്കൂട്ടത്തിലിനുവേണ്ട ഉത്തരം ലഭിക്കണമെന്ന് പറഞ്ഞാൽ അത് നടക്കുന്ന കാര്യമല്ല. ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ നിങ്ങൾ തൃപ്തരല്ലെങ്കിൽ നിങ്ങൾക്ക് പുറത്തുപോയി പറയാം. (..ബഹളം..)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി പാർലമെന്ററി പ്രാക്ടീസിൽ പ്രഗത്ഭനാണ്, പ്രഗത്ഭനായ എം.പി.-യും ആയിരുന്നതാണ്. അദ്ദേഹം ഒരിക്കലും ജൂനിയറായ ഒരാൾക്ക് സാധാരണ വഴങ്ങിക്കൊടുക്കാറില്ലെന്ന് പറയാൻ പാടില്ലായിരുന്നു. ഇവിടത്തെ 140 എം.എൽ.എ.-മാർക്കും നിയമസഭയിലെ ചട്ടങ്ങൾ ഒരേ അധികാരമാണ് നൽകുന്നത്, അതിൽ വേർതിരിവില്ല. മറ്റൊന്ന്, ചാനൽ ചർച്ചയല്ലെന്ന് പറഞ്ഞത് അപ്പുറത്തിരിക്കുന്നവർ കൈയടിച്ചെങ്കിൽപ്പോലും അങ്ങയെപ്പോലൊരാളിൽനിന്നും അതുണ്ടാകാൻ പാടില്ലായിരുന്നു. അത് ഒഴിവാക്കണം. (..ബഹളം..)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... ചെയർ മറുപടി പറയാം. സാധാരണനിലയിൽ ചെയർതന്നെ അനുവദിക്കാറില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, എന്റെയൊരു റിക്വസ്റ്റാണ്. You are capable of answering. ഞാൻ ചോദ്യം ചോദിച്ചു. അങ്ങ് ആദ്യം എനിക്ക് വഴങ്ങി. അങ്ങ് ഓരോരുത്തരുടെ ചോദ്യത്തിനും മറുപടി പറയുന്നു. അങ്ങ് വഴങ്ങുമ്പോൾ മറ്റുള്ളവർ എന്തിനാണ് ബഹളം വയ്ക്കുന്നത്? ഞങ്ങൾ നിശ്ശബ്ദരായി ഇരുന്ന് കേൾക്കുമല്ലോ. (..ബഹളം..)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... ദയവായി സീറ്റിലിരിക്കൂ.... ശ്രീ. പി. സി. വിഷ്ണുനാഥ്, ചോദ്യം ചോദിക്കുന്നവർക്ക് ഇഷ്ടമുള്ള ഉത്തരം കിട്ടിയില്ലെങ്കിൽ ബഹളം വയ്ക്കുന്നത് ജനാധിപത്യത്തിൽ മര്യാദയല്ല. ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞു. അതിൽ തൃപ്തി വരാതെ അദ്ദേഹം ഉദ്ദേശിക്കുന്ന ഉത്തരം വേണമെന്ന് പറയുന്നത് ഡെമോക്രസിയല്ല.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട ചെയറും അധികം മൈക്ക് തരാറില്ല, വഴങ്ങുന്നതിൽ നിയന്ത്രണവുമുണ്ട്. പക്ഷേ ഇന്ന് തുടക്കത്തിൽ വേണമെങ്കിൽ ചോദിക്കാമെന്ന് അങ്ങ് പറഞ്ഞു. നേരത്തെ ഞാൻ സഭയിൽ വിശദീകരിച്ച കാര്യം മറ്റൊരു രീതിയിൽ പാലക്കാട് അംഗം ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ പുറത്ത് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അദ്ദേഹം എഴുന്നേറ്റപ്പോൾ ഞാൻ വഴങ്ങിയത്. പുതിയ അംഗമായതുകൊണ്ടാണ് അവസരം കൊടുത്തതും ഞാൻ വഴങ്ങിയതും. വഴങ്ങുക എന്നത് എന്റെ അവകാശമാണല്ലോ. ഞാൻ വഴങ്ങാറില്ലെന്ന് ഡോ. മാത്യു കുഴൽനാടൻ പറയാറുണ്ട്. അതുകൊണ്ട് അദ്ദേഹത്തിനും വഴങ്ങി. പുറത്ത് പറയുന്ന കാര്യങ്ങൾ സഭയ്ക്കുള്ളിൽ വസ്തുതാപരമായി പറയാമല്ലോ. ആ വസ്തുതകൾ വ്യക്തമാക്കുമ്പോൾ പിന്നെയും എഴുന്നേറ്റുനിൽക്കുന്നത് പാർലമെന്ററി രീതിക്ക് എതിരാണ്. ആ പാർലമെന്ററി രീതി നമ്മൾ പാലിക്കണ്ടേ; ഏത് കാര്യത്തിലും അങ്ങനെയല്ലേ? ഇതിനുമുമ്പും ഇവിടെ എല്ലാവരും ചോദിക്കുമ്പോൾ ഞങ്ങൾ വഴങ്ങാറുണ്ട്, കാര്യങ്ങൾ പറയാറുണ്ട്, ചില കാര്യങ്ങളിൽ നിങ്ങൾക്ക് യോജിക്കാൻ കഴിയാതെ വരാറുമുണ്ട്. ഞങ്ങൾ വസ്തുതകളാണ് പറയുന്നത്. ഞാൻ ഒരൊറ്റ കാര്യമാണ് പറഞ്ഞത്. കഴിഞ്ഞ തവണയും ഇത്തവണയുമെല്ലാം ഒരേ രീതിയായിരുന്നു. കേരളം മുന്നോട്ടുവരുമ്പോൾ കേരളം ഇതാ ഒന്നാമതാകുന്നുവെന്ന് നമ്മൾ

ഒരുമിച്ച് പറയണം. അല്ലാതെ ഗവേഷണം നടത്തിയിട്ട് ഇത് കുറവുണ്ടോ അത് കുറവുണ്ടോ എന്നല്ല പറയേണ്ടത്. ആന്ധ്രാപ്രദേശിന്റെ മുഖ്യമന്ത്രി ശ്രീ. ചന്ദ്രബാബു നായിഡു സ്വിറ്റ്സർലാൻഡിൽവച്ച് കേരളത്തെക്കുറിച്ച് പറയുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ ഇന്ത്യയിൽ ഒന്നാം നമ്പർ കേരളമായതിൽ ഞാൻ അഭിമാനിക്കുന്നുവെന്ന് ശ്രീ. അമിതാഭ് കാന്തും 'കേരളം ഇതാ ഒന്നാമതായി' എന്ന് റാങ്കിങ് നടത്തുന്ന DPIIT-യുടെ മുൻസെക്രട്ടറിയും നിലവിൽ ഡിഫൻസ് സെക്രട്ടറിയുമായ ശ്രീ. രാജേഷ് കുമാർ സിൻഹയും പറയുമ്പോൾ എവിടെയെങ്കിലും എന്തെങ്കിലും കുറവുണ്ടോയെന്ന് ഗവേഷണം നടത്തുകയാണോ കേരളത്തെ സ്നേഹിക്കുന്നവർ ചെയ്യേണ്ടത്? സർവശ്രീ അമിതാഭ് കാന്ത്, ചന്ദ്രബാബു നായിഡു, ആർ. കെ. സിങ്, പീയുഷ് ഗോയൽ തുടങ്ങിയവരെല്ലാം കേരളം ഒന്നാമതായെന്ന് പറയുന്നു. ടോപ് പെർഫോർമർ എന്ന നിലയിൽ കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായ എന്റെ കൈയിൽ ഏൽപ്പിച്ച മെമന്റോ എനിക്കുള്ളതല്ല, കേരളത്തിനുള്ളതാണ്. അത് ഇനിയെങ്കിലും മനസ്സിലാക്കണം. നിങ്ങൾ ചെറുപ്പക്കാരാണ്, നമ്മുടെ ചെറുപ്പക്കാർക്ക് ഇവിടെ ജോലി ലഭിക്കണമെങ്കിൽ ഇവിടെ വ്യവസായമുണ്ടാകണം. അതിന് അനുയോജ്യമായ സ്ഥലം കേരളമാണെന്ന് നമ്മൾതന്നെ പറയണം. 'ഉദ്യം' രജിസ്ട്രേഷൻ കൂടുതൽ നടക്കുന്നത് ടേഡ് കൂട്ടിയതുകൊണ്ടാണെന്ന് പറഞ്ഞു. നിങ്ങൾ പറഞ്ഞ മാനദണ്ഡമാണെങ്കിൽ എനിക്ക് എത്ര അവകാശപ്പെടാൻ സാധിക്കും! 2021-ൽ കേരളത്തിന്റെ ആകെ ഉദ്യം രജിസ്ട്രേഷൻ 85143 ആയിരുന്നെങ്കിൽ ഇന്ന് അത് 1461764 ആണ്. 1376621 എണ്ണത്തിന്റെ വ്യത്യാസമാണുണ്ടായിരിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെയാണെങ്കിൽ 1376621 പുതിയ സംരംഭങ്ങൾ കേരളത്തിൽ വന്നുവെന്ന് എനിക്കും പറയാമായിരുന്നില്ലേ?

ഞങ്ങൾ അങ്ങനെ പറഞ്ഞില്ലല്ലോ. പഴയതും പുതിയതും ഇൻഫോർമലായതും ഉദ്യം രജിസ്ട്രേഷനിൽ ഉൾപ്പെടുന്നുണ്ട്. ട്രേഡ് ആണോ? നമ്മുടെ ട്രേഡ് 44 ശതമാനമാണ്. സൈറ്റ് പരിശോധിച്ചാൽ ഇന്ത്യൻ ആവറേജ് 45 ശതമാനമാണെന്ന് മനസ്സിലാക്കാം. നമ്മളുടെയും അവരുടെയും ട്രേഡ് ഒരുപോലെയാണ്. മൈക്രോയുടേത് മുമ്പും ഇപ്പോഴും എത്ര ശതമാനം വീതം വരുന്നുണ്ടെന്ന് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. സമയപരിമിതിമൂലം എല്ലാ കണക്കുകളിലേക്കും പോകുന്നില്ല. രഹസ്യരേഖയായതുകൊണ്ടാണോ മൂന്നരലക്ഷം സംരംഭങ്ങളുടെ ലിസ്റ്റ് ചോദിച്ചിട്ട് കൊടുക്കാത്തതെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ചോദിച്ചു. അത് കൊടുക്കാൻ യാതൊരു മടിയുമില്ല. യഥാർഥത്തിൽ എം.എൽ.എ.-മാർ ആർ.ടി.ഐ. വഴി ചോദിക്കേണ്ട ആവശ്യമുണ്ടോ? നിങ്ങളാണ് ഇത് നയിച്ചത്. ഇതാ ഗവൺമെന്റ് ഓർഡർ. (ഗവൺമെന്റ് ഓർഡർ ഉയർത്തിക്കാട്ടി.) ഓരോ മണ്ഡലത്തിലും ഈ പ്രവർത്തനത്തിന് നേതൃത്വം നൽകിയത് നിയമസഭാമണ്ഡലം ഉപദേശക സമിതി ചെയർമാൻ-എം.എൽ.എ., കൺവീനർ-നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തെ ബ്ലോക്ക് ഉപജില്ലാ വ്യവസായ ഓഫീസർ, അംഗങ്ങൾ-നിയമസഭാ മണ്ഡലത്തിലെ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, നിയോജകമണ്ഡലത്തിന്റെ പരിധിയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവരാണ്. നിങ്ങൾ യോഗം വിളിക്കൂ. എല്ലാ വിവരങ്ങളും അവിടെയുണ്ടല്ലോ. എല്ലാ കമ്പനികളുടെയും പേര് ഡാഷ് ബോർഡിലിടാൻ പോകുകയാണെന്ന് Invest Kerala Global Summit (IKGS) കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. അപ്പോൾ Confederation of Indian Industry (CII)-യുടെ പ്രസിഡന്റ് എന്നോട് പറഞ്ഞത് ഇവിടെ വന്നിട്ടുള്ള കമ്പനികളെ പിടിക്കാൻ പറ്റുമോയെന്ന് നോക്കാൻ നാല്

സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകൾ ഈ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട് എന്നാണ്. നിങ്ങൾ അപ്പോൾ ലിസ്റ്റ് ചോദിച്ചോ? ലിസ്റ്റുകളെല്ലാം എന്റെ കൈവശവുമുണ്ട്, പഞ്ചായത്തുകളിലുമുണ്ട്. പല എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ യോഗം വിളിച്ചുകൂട്ടിയല്ലോ. ഉദ്യം രജിസ്ട്രേഷൻ പഞ്ചായത്തുകളിലുമുണ്ട്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി സംരംഭകസഭ 98% പഞ്ചായത്തുകളിൽ പൂർത്തീകരിച്ചു. എല്ലാ എം.എൽ.എ.-മാർക്കും ഇതുമായി ബന്ധപ്പെട്ട് കത്ത് അയച്ചിരുന്നു. ഓരോ പഞ്ചായത്തിലെയും ഉദ്യോഗസ്ഥരും സംരംഭകരും സംയുക്തമായി ചർച്ച ചെയ്യുകയാണ്. ഉദ്യം പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സംരംഭങ്ങളെ എം.എൽ.എ.-മാർക്ക് രജിസ്റ്റർ ചെയ്യിക്കാവുന്നതും ഇൻഷ്വറൻസ് വേണമെങ്കിൽ നൽകാവുന്നതുമാണ്. 50% അതായത്, 5000 രൂപവരെ ഇൻഷ്വറൻസ് പ്രീമിയം നൽകാം. അവരുടെ ഉൽപ്പന്നം മാർക്കറ്റിൽ കൊണ്ടുവരണമെങ്കിൽ അതിനായി കെ-സ്റ്റോർ ഉണ്ട്. നിലവിൽ കെ-സ്റ്റോർ വഴി 19 കോടി രൂപയുടെ വില്പന നടത്തിക്കഴിഞ്ഞു. നാം ഒരുമിച്ച് ഇത് ഏറ്റെടുക്കണം. ഇക്കാര്യത്തിൽ നിങ്ങൾ തലനാരിഴ കീറി അങ്ങോട്ടോ ഇങ്ങോട്ടോ എന്നല്ല നോക്കേണ്ടത്. ഈ വരുന്ന 29-ാം തീയതി American Society for Public Administration വാഷിങ്ടണ്ണിൽ നടത്തുന്ന 'Innovation in Public Administration; A case of Year of Enterprises' സംബന്ധിച്ച കോൺഫറൻസിൽ വിഷയാവതരണത്തിനായി നമ്മളെ ക്ഷണിച്ചിരിക്കുകയാണ്. അതിൽ മലയാളിക്ക് അഭിമാനിക്കാമല്ലോ. ഞാൻ അവിടെ പോയി പറയാൻ പോകുന്നത് "ഇത് എൽ.ഡി.എഫ്., ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റ്, ഞാൻ അവിടത്തെ വ്യവസായ വകുപ്പുമന്ത്രി" എന്നൊന്നുമല്ലല്ലോ. കേരളമെന്നല്ലേ പറയൂ? Year of Enterprises-നെക്കുറിച്ച്

പഠിക്കാൻ ഒരു ആധികാരിക ഏജൻസിയെ ഏല്പിക്കുന്ന കാര്യം ഇവിടെ പറഞ്ഞു. Indian Institute of Management (IIM), Indore-ന്റെ Contextually Relevant Industry Policy Creation and Implementation: An Impact-Evaluation Study of the Success of the 'Year of Enterprises' Initiatives എന്ന പഠന റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ഐ.ഐ.എം., ഇൻഡോറിന്റെ ഡയറക്ടറായ Shri Himanshu Rai-യുടെയും Shri Prashant Salwan-ന്റെയും പഠന റിപ്പോർട്ടാണിത്. ഇതുകൂടാതെ Centre for Management Development (CMD)-നെക്കൊണ്ടും ഞങ്ങൾ പഠനം നടത്തി. ഇന്ത്യയിൽ ആദ്യത്തെ വർഷം 30% വ്യവസായങ്ങൾ പൂട്ടുമെന്നാണ് CMD-യുടെ നിഗമനം. ഇവിടെ നമ്മൾ 12 ശതമാനത്തിലേക്ക് എത്തി. Sustainable report തയ്യാറാക്കിയതും സർവെയും നടത്തിയതും കേരളത്തിൽ മാത്രമെയുള്ളൂ. അങ്ങനെ എല്ലാ MSME-കളെയും map ചെയ്തിട്ടുണ്ട്. രക്ഷപ്പെടുത്താൻ പറ്റുന്നതും കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്നതുമായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് CMD മനസ്സിലാക്കിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ പ്ലാൻ ചെയ്ത് മുന്നോട്ടുപോകുന്നത്. നിങ്ങൾകൂടി ഇതിനോട് സഹകരിച്ചാൽ നല്ല രീതിയിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. Startup Genome റിപ്പോർട്ട് എന്നുപറയുന്നത് അംഗത്വ ഫീസുമായി ബന്ധപ്പെട്ടതാണ്. മലയാള മനോരമ ഓഡിറ്റ് ബ്യൂറോ സർക്കുലേഷൻ ഇത്രയാണെന്ന് പറഞ്ഞാൽ അതിന് എത്രയാണ് അവർ അംഗത്വ ഫീസ് നൽകുന്നത്? ഞാൻ ദേശാഭിമാനിയുടെ ചീഫ് എഡിറ്റർ ആയിരുന്നപ്പോൾ 5 ലക്ഷം രൂപ കൊടുത്തു. അത് അംഗത്വ ഫീസാണ്. മലയാള മനോരമയും കൊടുത്തു. അപ്പോൾ അവർക്കാണ് റിപ്പോർട്ട് ആധികാരികമായി കിട്ടുന്നത്. അവരെ മാത്രമെ പരിശോധിക്കുകയുള്ളൂ. ഇത് ഹരികൃഷ്ണൻസ് സിനിമ പോലെയല്ലല്ലോ. ഒരു സ്ഥലത്ത്

മോഹൻലാലിനെയും മറ്റൊരു സ്ഥലത്ത് മമ്മൂട്ടിയെയും കാണിക്കുന്നതുപോലെ ഇവിടെ പറ്റില്ല. ഇതിൽ കർണ്ണാടകയും തെലുങ്കാനയും തമിഴ്നാടുമെല്ലാം അംഗത്വ ഫീസ് കൊടുത്തിട്ടുണ്ട്. കർണ്ണാടകയ്ക്ക് നൽകുന്ന റിപ്പോർട്ടിൽ കർണ്ണാടക ഒന്നാമതും തമിഴ്നാടിന് നൽകുന്ന റിപ്പോർട്ടിൽ തമിഴ്നാട് ഒന്നാമതും കേരളത്തിന് നൽകുന്ന റിപ്പോർട്ടിൽ കേരളം ഒന്നാമതുമാകുന്നത് ഹരികൃഷ്ണൻസ് പോലുള്ള സിനിമകളിൽ മാത്രമേ സാധിക്കുകയുള്ളൂ. ഇതൊരു എൻ.ജി.ഒ. സംവിധാനമാണ്. അവർ മെമ്പർഷിപ്പ് കൊടുക്കുമ്പോൾ എല്ലാ കാര്യങ്ങളും പരിശോധിക്കും. അങ്ങനെ പരിശോധന നടത്തിയതിന്റെ ഫലമായി വന്ന റാങ്കിങ്ങായി ഇത് കണ്ടാൽ മതി. കോ-വാക്സിൻ വികസിപ്പിച്ച ഭാരത് ബയോടെക്കിന്റെ എക്സിക്യൂട്ടീവ് ചെയർമാനും പത്മഭൂഷൺ ജേതാവുമായ Dr. Krishna Ella പറഞ്ഞത് അദ്ദേഹം ഇതുവരെ പങ്കെടുത്തതിൽ ഏറ്റവും മികച്ചത് Invest Kerala Global Summit (IKGS) ആണ് എന്നാണ്. സർവശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി, പി. കെ. ബഷീർ, ചാണ്ടി ഉമ്മൻ, അൻവർ സാദത്ത്, പ്രതിപക്ഷനേതാവ് തുടങ്ങി നിരവധി എം.എൽ.എ.-മാർ അതിൽ പങ്കെടുത്തിരുന്നു. ശ്രീ. രമേശ് ചെന്നിത്തല വിളിച്ച് ചോദിച്ചപ്പോൾ സമാപന സമ്മേളനമായിക്കഴിഞ്ഞിരുന്നു. ഇല്ലെങ്കിൽ അദ്ദേഹവും പങ്കെടുക്കുമായിരുന്നു. IKGS-ൽ 197144.82 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകളാണ് ലഭിച്ചത്. 1.75 കോടി രൂപയുടേതെന്നാണ് ഞാൻ നേരത്തെ പറഞ്ഞിരുന്നത്. എന്നാൽ ഇന്നലത്തെ കണക്കനുസരിച്ച് 197144.82 കോടി രൂപയുടെ പ്രൊപ്പോസലുകളാണ് വന്നിട്ടുള്ളത്. ഇതിലൂടെ 559144 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ, 60000 തൊഴിലവസരങ്ങൾ ഐ.ടി. മേഖലയിലും പ്രതീക്ഷിക്കുന്നു. 50 കോടി രൂപയ്ക്ക് മുകളിലുള്ളവയെന്നും താഴെയുള്ളവയെന്നും

ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകളെ തരംതിരിച്ചിട്ടുണ്ട്. കേരളത്തിന്റേത് ഇൻക്ലൂസീവ് ഇൻഡസ്ട്രിയലൈസേഷനാണ്. വൻകിട കുത്തകകളെയും നഗരങ്ങളെയും കേന്ദ്രീകരിച്ച് മാത്രമല്ല നാനോ, മൈക്രോ, സ്മാൾ, മീഡിയം തുടങ്ങി എല്ലായിടത്തും വ്യവസായങ്ങൾ ആരംഭിക്കുകയാണ്. അതുകൊണ്ടാണ് കാസർഗോഡും വയനാടും ഉൾപ്പെടെ എല്ലായിടത്തും വ്യവസായം വരുന്നത്. ഇതിനായി 28 ടീമുകൾ റെഡിയായി കഴിഞ്ഞു. 50 കോടി രൂപയ്ക്ക് താഴെയുള്ളവയ്ക്ക് DIC ജനറൽ മാനേജർമാരുടെ കീഴിലുള്ള 14 ടീമുകളും 50 കോടി രൂപയ്ക്ക് മുകളിലുള്ളവയ്ക്ക് വേറെ ടീമുകളുമാണുള്ളത്. കൂടാതെ, കോ-ഓർഡിനേഷനുവേണ്ടി RAMP പദ്ധതിയിൽനിന്നുള്ള പതിനാറോളം എക്സ്പെർട്ടുകളെ ഉപയോഗിക്കുകയാണ്. CII, FICCI എന്നീ സംഘടനകളുടെ യോഗം കഴിഞ്ഞു. മറ്റന്നാൾ മുഖ്യമന്ത്രിയുടെയും വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരാൻ പോകുകയാണ്. അതുകഴിഞ്ഞ് ട്രേഡ് യൂണിയൻ യോഗം ചേരുന്നതാണ്. ഈ സഭാ സമ്മേളനം അവസാനിച്ചശേഷം അധികം വൈകാതെതന്നെ Investment Kerala Global Summit (IKGS)-ന്റെ ഭാഗമായുള്ള ആദ്യത്തെ പദ്ധതിക്ക് തറക്കല്ലിടും. അതിനുശേഷം എല്ലാ ജില്ലകളിലും ഓരോ സംരംഭത്തിന്റെ ഉദ്ഘാടനം നിങ്ങൾ മുൻകൈയെടുത്ത് നടത്തണം. ഐ.കെ.ജി.എസ്.-ന്റെ ഭാഗമായ പദ്ധതികളുടെ പോസ്റ്റ് ഈവന്റ് റിപ്പോർട്ടിന്റെ ഡ്രാഫ്റ്റ് തയ്യാറായിട്ടുണ്ട്. അതിന്റെ പ്രിന്റ് എം.എൽ.എ.-മാർക്കെല്ലാം തരാം. IKGS എന്താണ്; എന്തെല്ലാം കാര്യങ്ങൾ നടന്നു; ഇനി നമുക്ക് എന്തെല്ലാം കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും; എന്നിവയെല്ലാം വിശദമായി അതിൽ പ്രതിപാദിച്ചിട്ടുണ്ട്. കോഫി ടേബിൾ ബുക്കും തയ്യാറാക്കുന്നുണ്ട്. അതും എല്ലാവർക്കും നൽകുന്നതാണ്. വ്യവസായത്തിന്റെ കാര്യത്തിൽ നിങ്ങൾ, ഞങ്ങൾ എന്നത്

മാറി നമ്മൾ എന്നതിലേക്ക് വന്നുവെന്നതാണ് കേരളത്തിന്റെ മെച്ചം. യുണൈറ്റഡ് കേരളയാണ്, യൂണിഫൈഡ് കേരളയാണ്, പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചുനിന്നതിനാൽ നല്ല മാറ്റമുണ്ടായി എന്ന് ഐ.കെ.ജി.എസ്.-ന്റെ ഉദ്ഘാടന വേദിയിൽത്തന്നെ ഞാൻ പറഞ്ഞു. സമയപരിമിതിമൂലം കേരളത്തിൽ വന്നിട്ടുള്ള എല്ലാ കമ്പനികളുടെയും പേര് ഞാൻ പരാമർശിക്കുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സ്റ്റാർട്ടപ്പ് ജെനോം അംഗത്വ ഫീസുമായി ബന്ധപ്പെട്ടതാണെന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ അത് മെമ്പർഷിപ്പല്ല, സേവന കരാറാണെന്ന് ഞാൻ ഉറപ്പിച്ചുപറയുകയാണ്. മെമ്പർഷിപ്പും സേവന കരാറും രണ്ടും രണ്ടല്ലേ?

ശ്രീ. റോജി എം. ജോൺ: സർ, ഇൻഡ്യയുടെ ജി.ഡി.പി.-യിൽ കേരളത്തിന്റെ കോൺട്രിബ്യൂഷൻ 2020-21-ൽ 3.8 ശതമാനമാണ്. 2023-24-ലും അത് 3.8 ശതമാനമായിത്തന്നെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപ്രകാരം ഇത്രയധികം വ്യവസായങ്ങളും സംരംഭങ്ങളും നിക്ഷേപങ്ങളും നമുക്കുണ്ടായിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് കേരളത്തിന്റെ കോൺട്രിബ്യൂഷനിൽ വർധനവുണ്ടാകാത്തത്?

ശ്രീ. പി. രാജീവ്: സർ, ഞാനത് കഴിഞ്ഞ ദിവസവും വിശദമാക്കിയതാണ്. 100 രൂപയാണ് ഇൻഡ്യയുടെ ജി.ഡി.പി., എങ്കിൽ 20 രൂപ അതായത്, 20% ശതമാനമാണ് നമ്മുടെ സംഭാവന. ഇന്ത്യൻ ജി.ഡി.പി. 200 രൂപയാകുമ്പോൾ നമ്മുടെ കോൺട്രിബ്യൂഷൻ 40 രൂപയാകും. അപ്പോൾ ശതമാനം എത്രയായിരിക്കും; വർധനവുണ്ടായോ? .....(ബഹളം...)

ശ്രീ. റോജി എം. ജോൺ: സർ, ...

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, മിനിസ്റ്റർ ഉത്തരം പറഞ്ഞു. നിങ്ങൾക്കുവേണ്ട ഉത്തരം കിട്ടാത്തതുകൊണ്ട് ബഹളമുണ്ടാക്കരുത്.

ശ്രീ. പി. രാജീവ്: സർ, ഇതിൽ ശതമാനം സൂത്രക്കാരനാണല്ലോ, അത് എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാം. ജി.ഡി.പി.-യുടെ കണക്ക് ഞാൻ സഭയിൽ വച്ചിട്ടുണ്ട്. ജി.ഡി.പി. കഴിഞ്ഞ തവണ എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്; അതെങ്ങനെയാണ് പ്രതിഫലിക്കുന്നത്; ജി.എസ്.ടി.-യിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നത് എന്നിവയുടെ ഡീറ്റെയിൽസ് അതിലുണ്ട്. 40 ലക്ഷത്തിന് മുകളിൽ ടേണോവറുള്ളവരാണെങ്കിൽ ജി.എസ്.ടി. രജിസ്ട്രേഷനിലേക്ക് വരാം. ഇന്ത്യയിൽ ഓരോ സംസ്ഥാനത്തും 'ഉദ്യം' രജിസ്ട്രേഷനിൽ കഴിഞ്ഞ വർഷത്തെക്കാൾ ഇത്തവണ എത്ര വർധനവുണ്ടായെന്നും അതിനനുസരിച്ച് ജി.ഡി.പി.-യിലും ജി.എസ്.ടി.-യിലും എങ്ങനെ മാറ്റം വന്നുവെന്നുമുള്ള കാര്യങ്ങളെല്ലാംതന്നെ കഴിഞ്ഞ തവണ ഞാൻ ഇവിടെ പ്രതിപാദിച്ചതാണ്. കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ മറ്റൊരു ദിവസം അതുസംബന്ധിച്ച് വിശദമായി ചർച്ച ചെയ്യാം. ഡൽഹിയിലെ മീറ്റിങ് കഴിഞ്ഞശേഷമുള്ള പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ (PIB)-യുടെ പ്രസ്സ് റിലീസ് വന്നു. അതിൽ പറഞ്ഞിരിക്കുന്നത്, "While felicitating the top performers under the Business Reforms Action Plan (BRAP), Shri Piyush Goyal recognised the outstanding work of States and UTs in enhancing the Ease of Doing Business. States like Kerala, Andhrapradesh and Gujarat were highlighted for their remarkable reforms in streamlining processes and providing efficient service to businesses and citizens alike." എന്നാണ്. ഇത് ശ്രീ. പീയുഷ് ഗോയലിന്റെ PIB റിലീസാണ്. ഇതിന്റെ വിശദമായ വിവരങ്ങൾ

വിക്കിപീഡിയയിലുണ്ട്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾക്ക് FDI (Foreign Direct Investment) വന്നതിനെക്കുറിച്ച് പ്രസ്സ് റിലീസിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഇപ്പോൾ ചർച്ചയില്ലല്ലോ. നമ്മുടെ നാടിനെ സ്നേഹിക്കുന്ന മുഴുവൻ ആളുകളും ഒരേ മനസ്സോടുകൂടിയുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സഹകരണ സംഘങ്ങളുടെ ചെയർമാൻ ജി.എം. ആയിരിക്കണമെന്നുള്ള ഡയറക്ടറുടെ പുതിയ ഉത്തരവ് വന്നിട്ടുണ്ട്. അത് ജനാധിപത്യത്തെ തകർക്കുന്നതാണ്. നേരത്തെയുള്ളതുപോലെ തിരഞ്ഞെടുക്കപ്പെടാനുള്ള അവകാശമുണ്ടാകണം, അത് അംഗങ്ങൾക്ക് അവകാശപ്പെട്ടതായിരിക്കണം.

ശ്രീ. പി. രാജീവ്: സർ, ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞ പ്രശ്നത്തിനുള്ള മറുപടി ഞാൻ പരിശോധിച്ചിട്ട് പറയാം. അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും വളരെ പോസിറ്റീവായിട്ടാണല്ലോ നമ്മൾ കാണുന്നത്. ഇക്കാര്യവും അതുപോലെ നമുക്ക് പരിശോധിക്കാം. സമയപരിമിതിയുള്ളതുകൊണ്ട് ജി.ഡി.പി.-യുടെ കണക്ക് ഞാനിവിടെ വായിക്കുന്നില്ല. നമുക്ക് കേരളത്തിൽ നല്ലൊരു അന്തരീക്ഷം വന്നിട്ടുണ്ട്. നല്ല രീതിയിൽ സംരംഭകർ കേരളത്തിലേക്ക് വരുന്നുണ്ട്. ലോകോത്തര സംരംഭകരെല്ലാം ഇപ്പോൾ കേരളത്തിലുണ്ടെന്നതിൽ നമുക്ക് അഭിമാനിക്കാം. ശ്രീ. എ. പി. അനിൽകുമാർ പറഞ്ഞതുപോലെ നമ്മൾ സംയുക്തമായി കേരളത്തെ മാർക്കറ്റ് ചെയ്താൽ കേരളം ലോകത്തിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരിടമായി മാറും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ടും ഈ ഡിമാൻഡ് പാസ്സാക്കിത്തരണമെന്ന് അഭ്യർഥിച്ചുകൊണ്ടും എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXVII
സഹകരണം

മി. സ്പീക്കർ: സർവശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, അൻവർ സാദത്ത്, സണ്ണി ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ),

ടി. സിദ്ദിഖ്, സജീവ് ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, റോജി എം. ജോൺ, സനീഷ്കുമാർ ജോസഫ്, പി. സി. വിഷ്ണുനാഥ്, രാഹുൽ മാങ്കൂട്ടത്തിൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്ക് നേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക

2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XXIX

കൃഷി

മി. സ്പീക്കർ: സർവശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, രാഹുൽ മാങ്കൂട്ടത്തിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സജീവ് ജോസഫ്, റോജി എം. ജോൺ, സനീഷ്കുമാർ ജോസഫ്, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), ടി. സിദ്ദിഖ്, എം. വിൻസെന്റ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി ഒ. എസ്. അംബിക
3. ശ്രീ. ജി. ആർ. അനിൽ
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. എൻ. ബാലഗോപാൽ
8. ഡോ. ആർ. ബിന്ദു
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീമതി ദെലീമ
12. ശ്രീ. സി. കെ. ഹരീന്ദ്രൻ
13. ഡോ. കെ. ടി. ജലീൽ
14. ശ്രീ. ജി. എസ്. ജയലാൽ

15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. യു. ജനീഷ് കുമാർ
17. ശ്രീ. ഒ. ആർ. കേളു
18. ശ്രീ. കെ. കൃഷ്ണൻകുട്ടി
19. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
20. ശ്രീ. ലിന്റോ ജോസഫ്
21. ശ്രീ. എം. എം. മണി
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീ. മാത്യു ടി. തോമസ്
24. ശ്രീ. കെ. പി. മോഹനൻ
25. ശ്രീ. ഡി. കെ. മുരളി
26. ശ്രീ. മുഹമ്മദ് മുഹസിൻ
27. ശ്രീ. എം. നൗഷാദ്
28. ശ്രീ. യു. ആർ. പ്രദീപ്
29. ശ്രീ. പി. പ്രസാദ്
30. ശ്രീമതി യു. പ്രതിഭ
31. ശ്രീ. എ. രാജ
32. ശ്രീ. പി. രാജീവ്
33. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
34. ശ്രീ. ടി. പി. രാമകൃഷ്ണൻ
35. ശ്രീ. കെ. എം. സച്ചിൻദേവ്
36. ശ്രീ. എച്ച്. സലാം
37. ശ്രീ. എ. കെ. ശശീന്ദ്രൻ
38. ശ്രീ. വി. ശശി
39. ശ്രീ. ഐ. ബി. സതീഷ്
40. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
41. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
42. ശ്രീ. വാഴൂർ സോമൻ
43. ശ്രീ. ജി. സ്റ്റീഫൻ
44. ഡോ. സുജിത് വിജയൻപിള്ള
45. ശ്രീ. പി. പി. സുമോദ്
46. ശ്രീ. പി. എസ്. സുപാൽ

47. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
48. ശ്രീ. തോമസ് കെ. തോമസ്
49. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
50. ശ്രീ. വി. എൻ. വാസവൻ
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. എം. വിജിൻ
53. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. എ. പി. അനിൽ കുമാർ
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എ. കെ. എം. അഷ്റഫ്
4. ശ്രീ. പി. കെ. ബഷീർ
5. ശ്രീ. ചാണ്ടി ഉമ്മൻ
6. ഡോ. മാത്യു കുഴൽനാടൻ
7. ശ്രീ. കുറുക്കോളി മൊയ്തീൻ
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
11. ശ്രീ. റോജി എം. ജോൺ
12. ശ്രീ. സജീവ് ജോസഫ്
13. ശ്രീ. സണ്ണി ജോസഫ്
14. ശ്രീ. പി. ഉബൈദുള്ള
15. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 15

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXIV

വനം

മി. സ്പീക്കർ: സർവശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, റോജി എം. ജോൺ, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, രാഹുൽ മാങ്കൂട്ടത്തിൽ, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി ഒ. എസ്. അംബിക
3. ശ്രീ. ജി. ആർ. അനിൽ
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. എൻ. ബാലഗോപാൽ
8. ഡോ. ആർ. ബിന്ദു
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീമതി ദെലീമ
12. ശ്രീ. സി. കെ. ഹരീന്ദ്രൻ
13. ഡോ. കെ. ടി. ജലീൽ
14. ശ്രീ. ജി. എസ്. ജയലാൽ
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. യു. ജനീഷ് കുമാർ
17. ശ്രീ. ഒ. ആർ. കേളു
18. ശ്രീ. കെ. കൃഷ്ണൻകുട്ടി
19. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
20. ശ്രീ. ലിന്റോ ജോസഫ്
21. ശ്രീ. എം. എം. മണി
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീ. മാത്യു ടി. തോമസ്

24. ശ്രീ. കെ. പി. മോഹനൻ
25. ശ്രീ. ഡി. കെ. മുരളി
26. ശ്രീ. മുഹമ്മദ് മുഹസിൻ
27. ശ്രീ. എം. നൗഷാദ്
28. ശ്രീ. യു. ആർ. പ്രദീപ്
29. ശ്രീ. പി. പ്രസാദ്
30. ശ്രീമതി യു. പ്രതിഭ
31. ശ്രീ. എ. രാജ
32. ശ്രീ. പി. രാജീവ്
33. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
34. ശ്രീ. ടി. പി. രാമകൃഷ്ണൻ
35. ശ്രീ. കെ. എം. സച്ചിൻദേവ്
36. ശ്രീ. എച്ച്. സലാം
37. ശ്രീ. എ. കെ. ശശീന്ദ്രൻ
38. ശ്രീ. വി. ശശി
39. ശ്രീ. ഐ. ബി. സതീഷ്
40. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
41. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
42. ശ്രീ. വാഴൂർ സോമൻ
43. ശ്രീ. ജി. സ്റ്റീഫൻ
44. ഡോ. സുജിത് വിജയൻപിള്ള
45. ശ്രീ. പി. പി. സുമോദ്
46. ശ്രീ. പി. എസ്. സുപാൽ
47. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
48. ശ്രീ. തോമസ് കെ. തോമസ്
49. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
50. ശ്രീ. വി. എൻ. വാസവൻ
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. എം. വിജിൻ
53. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. എ. പി. അനിൽ കുമാർ
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എ. കെ. എം. അഷ്റഫ്
4. ശ്രീ. പി. കെ. ബഷീർ
5. ശ്രീ. ചാണ്ടി ഉമ്മൻ
6. ഡോ. മാത്യു കുഴൽനാടൻ
7. ശ്രീ. കുറുക്കോളി മൊയ്തീൻ
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
11. ശ്രീ. റോജി എം. ജോൺ
12. ശ്രീ. സജീവ് ജോസഫ്
13. ശ്രീ. സണ്ണി ജോസഫ്
14. ശ്രീ. പി. ഉബൈദുള്ള
15. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 15

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXVII
വ്യവസായങ്ങൾ

മി. സ്പീക്കർ: സർവശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, രാഹുൽ മാങ്കൂട്ടത്തിൽ, എം. വിൻസെന്റ്,

പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ചാണ്ടി ഉമ്മൻ, അൻവർ സാദത്ത്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി ഒ. എസ്. അംബിക
3. ശ്രീ. ജി. ആർ. അനിൽ
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. എൻ. ബാലഗോപാൽ
8. ഡോ. ആർ. ബിന്ദു
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീമതി ദെലീമ
12. ശ്രീ. സി. കെ. ഹരീന്ദ്രൻ
13. ഡോ. കെ. ടി. ജലീൽ
14. ശ്രീ. ജി. എസ്. ജയലാൽ
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. യു. ജനീഷ് കുമാർ
17. ശ്രീ. ഒ. ആർ. കേളു
18. ശ്രീ. കെ. കൃഷ്ണൻകുട്ടി
19. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
20. ശ്രീ. ലിന്റോ ജോസഫ്
21. ശ്രീ. എം. എം. മണി
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീ. മാത്യു ടി. തോമസ്
24. ശ്രീ. കെ. പി. മോഹനൻ
25. ശ്രീ. ഡി. കെ. മുരളി
26. ശ്രീ. മുഹമ്മദ് മുഹസിൻ
27. ശ്രീ. എം. നൗഷാദ്
28. ശ്രീ. യു. ആർ. പ്രദീപ്
29. ശ്രീ. പി. പ്രസാദ്
30. ശ്രീമതി യു. പ്രതിഭ

31. ശ്രീ. എ. രാജ
32. ശ്രീ. പി. രാജീവ്
33. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
34. ശ്രീ. ടി. പി. രാമകൃഷ്ണൻ
35. ശ്രീ. കെ. എം. സച്ചിൻദേവ്
36. ശ്രീ. എച്ച്. സലാം
37. ശ്രീ. എ. കെ. ശശീന്ദ്രൻ
38. ശ്രീ. വി. ശശി
39. ശ്രീ. ഐ. ബി. സതീഷ്
40. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
41. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
42. ശ്രീ. വാഴൂർ സോമൻ
43. ശ്രീ. ജി. സ്റ്റീഫൻ
44. ഡോ. സുജിത് വിജയൻപിള്ള
45. ശ്രീ. പി. പി. സുമോദ്
46. ശ്രീ. പി. എസ്. സുപാൽ
47. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
48. ശ്രീ. തോമസ് കെ. തോമസ്
49. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
50. ശ്രീ. വി. എൻ. വാസവൻ
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. എം. വിജിൻ
53. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. എ. പി. അനിൽ കുമാർ
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എ. കെ. എം. അഷ്റഫ്
4. ശ്രീ. പി. കെ. ബഷീർ
5. ശ്രീ. ചാണ്ടി ഉമ്മൻ
6. ഡോ. മാത്യു കുഴൽനാടൻ
7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
11. ശ്രീ. റോജി എം. ജോൺ
12. ശ്രീ. സജീവ് ജോസഫ്
13. ശ്രീ. സണ്ണി ജോസഫ്
14. ശ്രീ. പി. ഉബൈദുള്ള
15. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 15

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XL
തുറമുഖങ്ങൾ

മി. സ്പീക്കർ: സർവശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, കെ. ബാബു (തൃപ്പൂണിത്തുറ), എം. വിൻസെന്റ്, അൻവർ സാദത്ത്, റോജി എം. ജോൺ, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, ടി. സിദ്ദിഖ്, സജീവ് ജോസഫ്, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ചാണ്ടി ഉമ്മൻ, രാഹുൽ മാങ്കൂട്ടത്തിൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി ഒ. എസ്. അംബിക
3. ശ്രീ. ജി. ആർ. അനിൽ
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. എൻ. ബാലഗോപാൽ
8. ഡോ. ആർ. ബിന്ദു

9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീമതി ദെലീമ
12. ശ്രീ. സി. കെ. ഹരീന്ദ്രൻ
13. ഡോ. കെ. ടി. ജലീൽ
14. ശ്രീ. ജി. എസ്. ജയലാൽ
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. യു. ജനീഷ് കുമാർ
17. ശ്രീ. ഒ. ആർ. കേളു
18. ശ്രീ. കെ. കൃഷ്ണൻകുട്ടി
19. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
20. ശ്രീ. ലിന്റോ ജോസഫ്
21. ശ്രീ. എം. എം. മണി
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീ. മാത്യു ടി. തോമസ്
24. ശ്രീ. കെ. പി. മോഹനൻ
25. ശ്രീ. ഡി. കെ. മുരളി
26. ശ്രീ. മുഹമ്മദ് മുഹസിൻ
27. ശ്രീ. എം. നൗഷാദ്
28. ശ്രീ. യു. ആർ. പ്രദീപ്
29. ശ്രീ. പി. പ്രസാദ്
30. ശ്രീമതി യു. പ്രതിഭ
31. ശ്രീ. എ. രാജ
32. ശ്രീ. പി. രാജീവ്
33. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
34. ശ്രീ. ടി. പി. രാമകൃഷ്ണൻ
35. ശ്രീ. കെ. എം. സച്ചിൻദേവ്
36. ശ്രീ. എച്ച്. സലാം
37. ശ്രീ. എ. കെ. ശശീന്ദ്രൻ
38. ശ്രീ. വി. ശശി
39. ശ്രീ. ഐ. ബി. സതീഷ്
40. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

41. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
42. ശ്രീ. വാഴൂർ സോമൻ
43. ശ്രീ. ജി. സ്റ്റീഫൻ
44. ഡോ. സുജിത് വിജയൻപിള്ള
45. ശ്രീ. പി. പി. സുമോദ്
46. ശ്രീ. പി. എസ്. സുപാൽ
47. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
48. ശ്രീ. തോമസ് കെ. തോമസ്
49. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
50. ശ്രീ. വി. എൻ. വാസവൻ
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. എം. വിജിൻ
53. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. എ. പി. അനിൽ കുമാർ
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എ. കെ. എം. അഷ്റഫ്
4. ശ്രീ. പി. കെ. ബഷീർ
5. ശ്രീ. ചാണ്ടി ഉമ്മൻ
6. ഡോ. മാത്യു കുഴൽനാടൻ
7. ശ്രീ. കുറുക്കോളി മൊയ്തീൻ
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
11. ശ്രീ. റോജി എം. ജോൺ
12. ശ്രീ. സജീവ് ജോസഫ്
13. ശ്രീ. സണ്ണി ജോസഫ്
14. ശ്രീ. പി. ഉബൈദുള്ള
15. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 15

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 17-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 3.41-ന് പിരിഞ്ഞു.)

* * * * * * * *

അനുബന്ധം-1

ചോദ്യംനമ്പർ (*274)-ന്റെ 'സി' പിരിവിന്റെ വിശദമായ മറുപടി

ഹൂപ്പ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്പ്. കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തിരഞ്ഞെടുക്കപ്പെട്ടവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21-ന് തിരുവനന്തപുരം തൈക്കാട് സെന്ററിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

സ്പിന്റ്

ലോകനിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പിന്റ്. ആദ്യഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട് പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ വിദ്യാർഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകിവരുന്നു.

ഹെൽത്തി കിഡ്സ് പ്രോഗ്രാം

SCERT അംഗീകരിച്ച ഫിസിക്കൽ എജ്യൂക്കേഷൻ കരിക്കുലം ഉപയോഗിച്ച് പ്രൈമറി

സ്കൂൾ കുട്ടികളിൽ കായിക അഭിരുചിയുണ്ടാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ് പ്രോഗ്രാം.

ജൂഡോക

അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുകയെന്ന ഉദ്ദേശ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് 10 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു കേന്ദ്രത്തിൽ 8 മുതൽ 11 വയസ്സ് പ്രായമുള്ള 40 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ആദ്യഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്.

പഞ്ച്

കേരളത്തിലെ വിദ്യാർഥികൾക്ക് ബോക്സിങ് എന്ന കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തമാക്കുന്നതിനുമായി ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി 'പഞ്ച്' എന്ന പേരിൽ സംസ്ഥാനത്തെ 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. ബോക്സിങ്ങിനെക്കുറിച്ചുള്ള അറിവും മൂല്യങ്ങളും കേരളത്തിലുടനീളം പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്. ആദ്യഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുമുണ്ട്.

ഗോൾ

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുക എന്നത്

ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഗോൾ. പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലങ്ങളിലും 140 സെന്ററുകളിലായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കാനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം

ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. എല്ലാവർക്കും പ്രായഭേദമെന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്.

ഖേലോ ഇന്ത്യ പദ്ധതി

രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. ഈ പദ്ധതിയിൽ കായിക അടിസ്ഥാന സൗകര്യവികസനം, കമ്മ്യൂണിറ്റി കോച്ചിങ്ങിന്റെ പ്രോത്സാഹനം, സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ മത്സരങ്ങൾ, സ്പോർട്സ് അക്കാദമികളെ പ്രോത്സാഹിപ്പിക്കൽ, സ്കൂൾ തലത്തിൽ കായികക്ഷമത വർധിപ്പിക്കൽ എന്നിവയുൾപ്പെടുന്നു.

കോളേജ് സ്പോർട്സ് ലീഗ്

കോളേജ് സ്പോർട്സ് മത്സരങ്ങൾ ജനപ്രിയമാക്കുക, വാണിജ്യവൽക്കരിക്കുക എന്നീ ലക്ഷ്യങ്ങളോടെ കോളേജ് സ്പോർട്സ് ലീഗ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി ഗവേണിങ് ബോഡി രൂപീകരിച്ചിട്ടുണ്ട്.

കോളേജുകളിൽ രൂപീകരിക്കുന്ന കോളേജ് സ്പോർട്സ് കൗൺസിലുകളിലൂടെയായിരിക്കും മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. കോം, എവേ മത്സരങ്ങളായി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ലീഗ് കോളേജ് വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം വളർത്തുന്നതിനും സഹായകരമാകുന്ന തരത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്.

ഇ-സ്പോർട്സ് സെന്റർ

ഒളിമ്പിക്സിൽ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര കായിക മേളകളിൽ ഇ-സ്പോർട്സ് ഒരു കായിക ഇനമായി അംഗീകരിച്ചുകഴിഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇ-സ്പോർട്സിന് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. "ഹെൽത്തി ഗെയിമിങ്" എന്ന വീക്ഷണത്തോടെ ഇ-സ്പോർട്സ് ഗെയിമിങ് പരിശീലനം നടത്തുക എന്നതാണ് സെന്ററുകളുടെ പ്രഥമ ലക്ഷ്യം. ഇതോടൊപ്പം ഇ-സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കുക, പൊതുജനങ്ങൾക്ക് ഇ-സ്പോർട്സ് പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളും ഇ-സ്പോർട്സ് സെന്ററുകൾ നിറവേറ്റുന്നതായിരിക്കും.

അനുബന്ധം-2

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ക്ഷീര സംസ്കരണ പ്ലാന്റുകൾ

5(*275) ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും ശേഖരിക്കുന്ന പാൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾക്കുണ്ടാകുന്ന ബാധ്യത പരിഹരിക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാൽ സംസ്കരിക്കുന്നതിനാവശ്യമായ എല്ലാ പ്രക്രിയകൾ ചെയ്യുന്നതും അതിന് ആവശ്യമായ ജീവനക്കാർക്ക് സാമ്പത്തികമായ എല്ലാ സഹായവും നിർവഹിക്കുന്നതും ബന്ധപ്പെട്ട മിൽമ മേഖലാ യൂണിയനുകളാണ്. അതിനാൽത്തന്നെ ക്ഷീരകർഷകരിൽനിന്നും ശേഖരിക്കുന്ന പാൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾക്ക് അധിക ബാധ്യത ഉണ്ടാകുന്നില്ല.

ക്ഷീരകർഷകനിൽനിന്നും സംഭരിക്കുന്ന പാൽ സംസ്കരിക്കുന്നതിന് സംഘങ്ങൾക്ക് ബൾക്ക് മിൽക്ക് കൂളറുകൾ (BMC) സ്ഥാപിച്ചുകൊണ്ടും സംഭരണ സ്ഥലത്ത് വച്ചുതന്നെ പാൽ ശീതീകരിക്കുന്നതിനും ശീതീകരിച്ച പാൽ ഇൻസുലേറ്റഡ് ടാങ്കറുകളിൽ ഡയറികളിലെത്തിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മിൽമ ഒരുക്കിയിട്ടുണ്ട്. BMC സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി ചാർജ്, BMC അനുബന്ധ ഉപകരണങ്ങൾ, AMC ഉൾപ്പെടെ വരുന്ന തുക മേഖലാ യൂണിയനുകൾ നിർവഹിച്ചുവരുന്നു. പാൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾക്കുണ്ടാകുന്ന ബാധ്യത പരിഹരിക്കുന്നതിനായി

കാലാകാലങ്ങളിൽ മേഖലാ യൂണിയനുകൾ BMC-കളുടെ പ്രവർത്തനം വിലയിരുത്തി Chilling ചാർജിലും വർധനവുവരുത്തി നൽകുന്നു.

(ബി) ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാൽ സംസ്കരിക്കുന്നതിന് ആവശ്യമായിവരുന്ന ഊർജം, മലിനജല സംസ്കരണ സംവിധാനം എന്നിവ പാൽ സംസ്കരണ പ്ലാന്റുകൾക്ക് ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ ക്ഷീരസംഘങ്ങളുടെ "മൂലധന വർധനവ്" എന്ന പദ്ധതിയിലെ ഘടക പദ്ധതികളായ സൗരോർജ പ്ലാന്റ് സ്ഥാപനം, മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപനം എന്നിവയിലൂടെ ക്ഷീര സംസ്കരണ പ്ലാന്റുകൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ശുദ്ധമായ പാൽ സംസ്കരണത്തിന്റെ ഭാഗമായി കുറഞ്ഞ ചെലവിലുള്ള മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡിയോടുകൂടി പരമാവധി മൂന്ന് ലക്ഷം രൂപ വകുപ്പ് നൽകിവരുന്നു. കൂടാതെ ഊർജ സംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിന് 75% സബ്സിഡിയോടുകൂടി പരമാവധി 8 ലക്ഷം രൂപയുടെ ധനസഹായം നൽകിവരുന്നു. ഓരോ ക്ഷീര സംസ്കരണ പ്ലാന്റുകളുടെയും ആവശ്യം കഴിഞ്ഞ് അധികം ഉൽപാദിപ്പിക്കുന്ന വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകാവുന്ന തരത്തിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 26.21 ലക്ഷം രൂപയും മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 9 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക

വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയിലധികം വകുപ്പ് വിനിയോഗിച്ചു.

മിൽമ മേഖലാ യൂണിയന്റെ കീഴിൽ BMC സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിൽനിന്നും ശരിയായ രീതിയിൽ മലിനജലം നീക്കംചെയ്യുന്നതിന് വേണ്ടി ഇ.ടി.പി. (Effluent Treatment Plant) പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചുവരുന്നു. ഊർജ സംരക്ഷണത്തിനായി വിവിധ ബൾക്ക് മിൽക്ക് കൂളറുകളിൽ സൗരോർജ പ്ലാന്റിനും ദേശീയ ക്ഷീര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മിൽമ മേഖലാ യൂണിയനുകളിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു.

കാബ്കോ കമ്പനിയിലെ ഓഹരി വിഹിതം

6(*276) ശ്രീ. വി. ജോയി:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി രൂപീകരിച്ച കാബ്കോ (കേരള അഗ്രോ ബിസിനസ്സ് കമ്പനി)-യുടെ ഓഹരി നബാർഡ് എടുക്കുന്നതിന് ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ?

നബാർഡുമായി ഉന്നത തലത്തിൽ നടന്ന ചർച്ചയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്കായി കാബ്കോ മാറ്റിവച്ചിരിക്കുന്ന

ഓഹരി വിഹിതത്തിൽ ഒരു പങ്ക് NABARD ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി Companies Act-ന്റെ സെക്ഷൻ 42 പ്രകാരം, private placement മുഖേന നബാർഡിന് ഓഹരി നൽകാൻ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) കമ്പനിയിൽ സർക്കാരിന്റെ ഓഹരി വിഹിതം എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; വ്യക്തിഗത കൃഷിക്കാർക്കും കർഷക കൂട്ടായ്മകൾക്കും ഓഹരി ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ?

കമ്പനിയിൽ സർക്കാരിന്റെ ഓഹരി നിലവിൽ 33% ആണ്. 24-09-2024-ലെ സ.ഉ. (കൈ)നം. 95/2024/കൃഷി പ്രകാരം കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ ഷെയർ ഹോൾഡിങ് പാറ്റേൺ ചുവടെ പറയും പ്രകാരമാണ്.

ഓഹരി ഉടമകളുടെ വിഭാഗം	**ഓഹരി വിഹിതം (%)**
കേരള സർക്കാർ	33
വ്യക്തിഗത കർഷകർ	20
ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും ഫാർമർ കോ-ഓപ്പറേറ്റീവും ഉൾപ്പെടെയുള്ള കർഷക കൂട്ടായ്മ	22
പൊതുജനങ്ങൾ	10
പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ	15

(സി) കാബ്കോയുമായി നബാർഡിനെ സഹകരിപ്പിക്കുന്നതിലൂടെ കാർഷികോൽപ്പന്ന വിപണന രംഗത്ത് പൊതുവായി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

കേരള അഗ്രോ ബിസിനസ്സ് കമ്പനിയിൽ (KABCO) നബാർഡ് ഓഹരി പങ്കാളിയാകുന്നതോടെ താഴെ പറയുന്ന നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു.

1. നബാർഡിന്റെ സാമ്പത്തികശക്തിയും അനുഭവപരിചയവും KABCO-യെ മൂല്യവർധിത കാർഷിക പദ്ധതികൾക്ക് ധനസഹായവും മാർഗനിർദേശവും നൽകുന്നതിന് പര്യാപ്തമാക്കും.

2. നബാർഡിന്റെ പങ്കാളിത്തം KABCO-യുടെ വിശ്വാസ്യത വർധിപ്പിക്കുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് സഹായകരമാകുകയും ചെയ്യും.

3. കൃഷിയിലും ഗ്രാമവികസനത്തിലും നബാർഡിനുള്ള വൈദഗ്ധ്യം KABCO-യ്ക്ക് മികച്ച വിപണി അവസരങ്ങൾ നേടിത്തരികയും തദ്വാരാ കാർഷിക മേഖലയുടെ വളർച്ചയ്ക്കും സുസ്ഥിരതയ്ക്കും ശക്തമായ പിന്തുണ നൽകുകയും ചെയ്യും.

4. KABCO-യുടെ പ്രവർത്തനത്തിൽ കാർഷിക ഉൽപാദന സംഘടനകളുടെ (FPO) പങ്കാളിത്തം പ്രമുഖമാണ്. കൂടുതൽ FPO-കളെ കമ്പനിയുമായി സഹകരിപ്പിക്കാൻ NABARD-ന്റെ പങ്കാളിത്തം സഹായകരമാകും.

സർവകലാശാലകളെ ഒരു കുടക്കീഴിലാക്കാൻ പദ്ധതി

7(*277) ശ്രീ. സി. കെ. ഹരീന്ദ്രൻ:

ഡോ. കെ. ടി. ജലീൽ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളെയെല്ലാം ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും വിദ്യാർത്ഥി സേവനങ്ങൾ വേഗത്തിലാക്കുന്നതിനായി കെ-റീപ് എന്ന പേരിൽ ഒരു ഇ.ആർ.പി. അധിഷ്ഠിത സോഫ്റ്റ്വെയർ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കെ-റീപ് സോഫ്റ്റ്വെയർ ഫ്രെയിം വർക്ക് എല്ലാ സർവകലാശാലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സർവകലാശാലകളിലും ഇതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ സർവകലാശാല ഈ അധ്യയന വർഷം നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യ സെമസ്റ്ററിൽത്തന്നെ കെ-റീപ് സോഫ്റ്റ്വെയർ ഉപയോഗിച്ച് പരീക്ഷയടക്കം എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവകലാശാലകളും രണ്ടാം സെമസ്റ്റർ മുതൽ പരീക്ഷയും ഫലപ്രഖ്യാപനവും അടക്കമുള്ള സേവനങ്ങൾ കെ-റീപ് വഴി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ എല്ലാ സ്ഥാപനങ്ങൾക്കും പരസ്പരപൂരക

സ്വഭാവത്തോടെ മുന്നേറാൻ എത്രത്തോളം സഹായകമാവുമെന്ന് വ്യക്തമാക്കാമോ?

നാലുവർഷ ബിരുദ പ്രോഗ്രാം മുന്നോട്ടുവയ്ക്കുന്ന ഫ്ലെക്സിബിൾ സെലക്ഷൻ, മേജർ-മൈനർ മാറ്റങ്ങൾ, വിവിധ സർവകലാശാലകളുടെയും കോളേജുകളുടെയും ക്രെഡിറ്റുകൾ സംയോജിപ്പിച്ച് ബിരുദം നേടൽ, ക്രെഡിറ്റ് ട്രാൻസ്ഫർ, സർവകലാശാലാ മാറ്റം എന്നിവ നടപ്പിലാക്കാൻ കെ-റീപ് സംവിധാനം വളരെ ഫലപ്രദമാണ്. വിദ്യാർഥികൾക്ക് ഇക്കാര്യങ്ങളെല്ലാം അവരുടെ മൊബൈലിൽ ലഭ്യമാകുന്ന വിധത്തിലുള്ള മൊബൈൽ ആപ്പ് സംവിധാനംവരെ ഉൾപ്പെടുത്തിയാണ് കെ-റീപ് സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുള്ളത്.

(സി) വിദ്യാർഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള പ്രക്രിയയിലെ വിവരശേഖരണവും സൂക്ഷിപ്പും പ്രസ്തുത സംവിധാനം വഴിയാക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ വിദ്യാർഥികൾക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കിക്കൊണ്ടാണ് കെ-റീപ് സോഫ്റ്റ്വെയർ സംവിധാനം പ്രവർത്തിക്കുന്നത്. അഡ്മിനിസ്ട്രേറ്റീവ്, ലേണിങ് മാനേജ്മെന്റ് മൊഡ്യൂളുകൾ സംയോജിപ്പിച്ചുകൊണ്ടാണ് സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. വിദ്യാർഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള വിവിധ ഘട്ടങ്ങൾ ഫലപ്രദമായി കെ-റീപ് സോഫ്റ്റ്വെയർ വഴി കൈകാര്യം ചെയ്യാൻ സാധിക്കും. കോഴ്സ് സെലക്ഷൻ, രജിസ്ട്രേഷൻ, ക്ലാസ് റൂം മാനേജ്മെന്റ്, പരീക്ഷ, മൂല്യനിർണ്ണയം, ക്രെഡിറ്റ് ട്രാൻസ്ഫർ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയ വിദ്യാർഥികളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും കെ-റീപ് വഴി നൽകാനാവും.

നാലുവർഷ ബിരുദ കോഴ്സുകൾ

8(*278) ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നാലുവർഷ ബിരുദ പ്രോഗ്രാം എന്താണെന്നും ഇതിന്റെ സവിശേഷതകൾ എന്തെല്ലാമെന്നും വിശദമാക്കുമോ; ബിരുദ പഠനത്തിന് തിരഞ്ഞെടുക്കാവുന്ന പാഠ്യവേകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

ബിരുദ പ്രോഗ്രാമിന്റെ മൂന്നുവർഷം വിജയകരമായി പൂർത്തീകരിക്കുമ്പോൾ ബിരുദം നേടാനും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രോജക്ടുള്ള ഓണേഴ്സ് ബിരുദം/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ളവയാണ് സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുള്ള FYUG പ്രോഗ്രാമുകൾ.

ഡിഗ്രി പഠനത്തിനായി വിവിധ പാഠ്യവേകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാഠ്യേതരകൾ വിദ്യാർഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാഠ്യവേകളിൽ കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് അവരുടെ താല്പര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാഠ്യവേയുടെ ഭാഗമാക്കാൻ കഴിയും. ഓരോ പാഠ്യവേകൾക്കകത്തും തനിക്കുവേണ്ട ബിരുദ ഘടന രൂപകല്പന ചെയ്യാനുള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്ക് ലഭിക്കുന്നു.

(ബി) നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിൽവരുത്തിയതിനുശേഷമുള്ള സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത കോഴ്സിലെ കുട്ടികളുടെ ആദ്യ സെമസ്റ്റർ പരീക്ഷകൾ നടത്തുകയും അവയുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

FYUGP-യുടെ ഭാഗമായി നടപ്പാക്കിയ കോഴ്സുകളും അതിന്റെ സിലബസും വിലയിരുത്തുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ സർവകലാശാലകൾ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യ സെമസ്റ്റർ റിസൾട്ട് ഏകീകരിച്ച അക്കാദമിക-പരീക്ഷ കലണ്ടർ അനുസരിച്ച് എല്ലാ പരീക്ഷകളും പൂർത്തിയാക്കിയശേഷം പ്രസിദ്ധീകരിച്ചു.

(സി) വിദ്യാർഥികൾക്കാവശ്യമായ സ്കിൽ, തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലെയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിങും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്ന കേന്ദ്രം സ്വയംപര്യാപ്ത രീതിയിൽ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ

നിർദ്ദിഷ്ട പ്രാദേശിക/വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സാധാരണ വിദ്യാർഥികൾക്കും പൂർവ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ വിവിധ തലത്തിലുള്ള നൈപുണി വികസനത്തിനും (Skilling, Up Skilling, reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിതസ്ഥിതിക്കും വിദഗ്ധ പ്രൊഫഷണലുകളുടെ വികസനത്തിനും സഹായകമാവുകയും ചെയ്യും. സ്കിൽ കോഴ്സുകളുടെ നടത്തിപ്പിനായി അസാപ് കേരള, ഐ.എച്ച്.ആർ.ഡി, ഐ.സിറ്റി. അക്കാദമി, കെൽട്രോൺ, സി.സി.ഇ.കെ. എന്നീ പൊതുമേഖലാ ഏജൻസികളെ സർക്കാർ എംപാനൽ ചെയ്തിട്ടുണ്ട്.

(ഡി) ഇവർക്കാവശ്യമായ ഓൺലൈൻ കോഴ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

വിദ്യാർഥികൾക്ക് പഠനത്തിനും അധിക പഠനത്തിനും ആവശ്യമായ കോഴ്സുകളും ഓൺലൈൻ വിഭവങ്ങളും ലഭ്യമാക്കുന്നതിനായി SWAYAM/MOOC, NPTEL എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് പുറമെ സംസ്ഥാനത്ത് centre for e-learning and e-content development രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യം എന്തെന്ന് വിശദീകരിക്കുമോ?

ഗവേഷണ താൽപര്യമുള്ള വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന പാത്ത് വേയാണ് ഓണേഴ്സ് വിത്ത് റിസർച്ച്. യു.ജി.സി. നിബന്ധനകൾ പ്രകാരം നാലുവർഷ ഓണേഴ്സ്

ബിരുദധാരികൾക്ക് നേരിട്ട് പി.എച്ച്.ഡി. പ്രവേശനം നേടാവുന്നതാണ്. അവർക്ക് ഒരു വർഷംകൊണ്ട് പി.ജി. പൂർത്തിയാക്കി നെറ്റ് പരീക്ഷ എഴുതുവാനും സാധിക്കും.

കൃഷിഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി

9(*279) ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള കൃഷി ഭവനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. വകുപ്പുതല അവലോകനം, കൃഷി ഭവന്റെ പ്രവർത്തനം ജനകീയമായി വിലയിരുത്തുന്ന സോഷ്യൽ ഓഡിറ്റ്, കൃഷി ഭവന്റെ സേവനത്തെക്കുറിച്ച് കർഷകന് QR code മുഖേന സംവദിക്കാൻ കഴിയുന്ന 'അനുഭവം' പോർട്ടൽ എന്നിവയിലൂടെ നിലവിൽ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കൃഷി ഭവനുകളെ റാങ്ക് ചെയ്യാൻ നടപടി സ്വീകരിക്കും.

(ബി) കർഷകരുമായി ആശയവിനിമയം നടത്താനുള്ള സൗകര്യവും തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സ്ഥലവും ഇല്ലാത്ത കൃഷി ഭവനുകളിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി ഭവനുകളുടെ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുക

എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ കൃഷിഭവനുകൾ ഘട്ടംഘട്ടമായി സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തുന്നതോടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

(സി) കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും കർഷകർക്ക് നൽകുന്ന സേവനങ്ങൾ ത്വരിതപ്പെടുത്തിയും കൃഷി ഭവനുകളെ ശാക്തീകരിക്കുവാൻ സർക്കാർ ശ്രമം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചും സേവനങ്ങൾ സാങ്കേതികവിദ്യയിലധിഷ്ഠിതമാക്കി സമയബന്ധിതമായി നൽകാനും ഉതകുംവിധം സ്മാർട്ട് കൃഷിഭവനുകളാക്കാനുള്ള നടപടികൾ 2022-23 സാമ്പത്തിക വർഷം മുതൽ ഘട്ടംഘട്ടമായി ആരംഭിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി 80 കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ഈ കൃഷി ഭവനുകൾ നവീകരിക്കുകയും മോടിപിടിപ്പിക്കുകയും സാങ്കേതിക വിദ്യയിലധിഷ്ഠിതമായി ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു.

വിവിധ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നതിനായി അപേക്ഷ സ്വീകരിക്കുക, അതിന്മേലുള്ള സംശയങ്ങൾ ദൂരീകരിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ, പദ്ധതി ആനുകൂല്യങ്ങൾ, അപേക്ഷ നൽകിയതിന്റെ സ്ഥിതി എന്നീ വിവരങ്ങൾ കർഷകർക്ക്

ലഭ്യമാക്കുക എന്നിവയ്ക്കായി ഫ്രണ്ട് ഓഫീസ്, കർഷകർക്ക് ഓൺലൈൻ സംവിധാനത്തിൽ അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യം എന്നീ സേവനങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്.

തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനായി സ്മാർട്ട് കൃഷി ഭവനുകളിൽ ഷെയ്ഡ് ഹൗസുകളും, ഉൽപാദന ഉപാധികൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യയിലധിഷ്ഠിതമാക്കി കൃഷിയിട പരിപാലനത്തിനും വിളകളുടെ സംരക്ഷണത്തിനും ആവശ്യമായ കൂടുതൽ അറിവുകൾ കർഷകർക്ക് നൽകാൻ ലക്ഷ്യമിടുന്നു. സാങ്കേതികവിദ്യ സംയോജിപ്പിച്ച് കൃഷി ഭവനുകളെ നവീകരിക്കുകയും കൃഷി ഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാൽ കൃത്യസമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിന് ലഭ്യമാക്കുകയും കൃഷി ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഫീൽഡ് സന്ദർശനത്തിന് കൂടുതൽ സമയം ലഭിക്കുകയും ചെയ്യും

തെങ്ങ് കൃഷിയിൽ ശാസ്ത്രീയ പരിപാലന രീതി

10(*280) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:

ശ്രീ. കെ. ആൻസലൻ:

ശ്രീ. എം. നൗഷാദ്:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) തെങ്ങ് കൃഷിയിൽ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും ശാസ്ത്രീയ പരിപാലന രീതികളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും

പ്രത്യേകമായ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ക്യാമ്പയിനിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉണ്ട്. നാളികേര വികസന പദ്ധതിയുടെ ഭാഗമായി കേരരക്ഷാ വാര ക്യാമ്പയിനുകൾ നടത്തിവരുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീടരോഗ പരിപാലനം, പച്ചിലവള പ്രയോഗം, ഇടവിള കൃഷിയുടെ പ്രാധാന്യം എന്നിവ ക്യാമ്പയിനിൽ ഉൾപ്പെടുത്തുന്നു.

കാർഷിക സർവകലാശാലയിലെ വിവിധ കേന്ദ്രങ്ങളിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴി ശാസ്ത്രീയ കൃഷി രീതികൾ, പരിപാലന മുറകൾ, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, പച്ചിലവള പ്രയോഗം, ഇടവിള കൃഷി, ജലസേചനം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകിവരുന്നു.

തെങ്ങുകർഷകർക്ക് പരിശീലന പരിപാടികൾ, സംരംഭകത്വ വികസനത്തിനായുള്ള സാങ്കേതിക പരിശീലനങ്ങൾ എന്നിവ കാർഷിക സർവകലാശാലയിലെ നാളികേര മിഷൻ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ, വിവിധ തെങ്ങുഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നടത്തിവരുന്നുണ്ട്. ശാസ്ത്രീയ തെങ്ങുകൃഷിയെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനങ്ങളും നൽകിവരുന്നു.

(ബി) നാളികേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

നാളികേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം

പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിക്കൂട്ടങ്ങളെയും കർഷക ഉൽപാദക സംഘടനകളെയും സർക്കാർ സജ്ജമാക്കിയിട്ടുണ്ട്. നാളികേര മൂല്യവർധന മേഖലയിലെ കർഷകരെ സഹായിക്കുന്നതിനായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി നൽകിവരുന്നു. കേരള കാർഷിക സർവകലാശാല മുഖേന പുതുതായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാനുള്ള സാങ്കേതികവിദ്യകൾ, വ്യാവസായിക അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള പിന്തുണ എന്നിവ "നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതി" പ്രകാരം നൽകുന്നുണ്ട്.

സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം കേരള നടപ്പിലാക്കുന്ന 2 പദ്ധതികളിലും മേൽനോട്ടം വഹിക്കുന്ന ഒരു സി.എസ്.എസ്. പദ്ധതിയിലുമായി 48 നാളികേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ നിലവിലുണ്ട്.

പോഷകസമൃദ്ധമായ ഭക്ഷ്യഎണ്ണ, 'നീര', ‘കേരചക്കര’, പാംഷുഗർ, വെളിച്ചെണ്ണയിൽനിന്നുള്ള സൗന്ദര്യവർധക ലേപനങ്ങൾ, കരിക്കിൻവെള്ളം, വെന്തവെളിച്ചെണ്ണ, തേങ്ങാപ്പാൽ എന്നിവ ഉപയോഗിച്ചുള്ള വിവിധ ഉൽപ്പന്നങ്ങൾ, തെങ്ങിൻ തടിയിൽനിന്നുള്ള ഗൃഹോപകരണങ്ങൾ, തെങ്ങിൽ നിന്നുള്ള വേസ്റ്റ് ഉപയോഗിച്ചുള്ള ഫ്യൂയൽ ബ്രിക്കേറ്റുകൾ, കമ്പോസ്റ്റ് എന്നിവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നുണ്ട്. കേരള കോക്കനട്ട് ഡെവലപ്മെന്റ് കോർപറേഷൻ, കേരാഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും നാളികേരാധിഷ്ഠിത മൂല്യവർധിത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ആവശ്യമായ പിന്തുണ

നൽകുകയും ചെയ്യുന്നുണ്ട്.

സർവകലാശാലകൾക്ക് ലഭിച്ച ഉയർന്ന നാക് ഗ്രേഡുകൾ

11(*281) ശ്രീ. എം. വിജിൻ:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. പി. പി. സുമോദ്:

ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാഷണൽ അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാര പരിശോധനയിൽ സംസ്ഥാന സർവകലാശാലകൾക്ക് ഉയർന്ന ഗ്രേഡുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവകലാശാലകൾക്ക് ഏതൊക്കെ ഗ്രേഡുകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉണ്ട്. നാളികേര വികസന പദ്ധതിയുടെ ഭാഗമായി കേരരക്ഷാ വാര ക്യാമ്പയിനുകൾ നടത്തിവരുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീടരോഗ പരിപാലനം, പച്ചിലവള പ്രയോഗം, ഇടവിള കൃഷിയുടെ പ്രാധാന്യം എന്നിവ ക്യാമ്പയിനിൽ ഉൾപ്പെടുത്തുന്നു.

കാർഷിക സർവകലാശാലയിലെ വിവിധ കേന്ദ്രങ്ങളിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾവഴി ശാസ്ത്രീയ കൃഷി രീതികൾ, പരിപാലന മുറകൾ, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, പച്ചിലവള പ്രയോഗം, ഇടവിള കൃഷി, ജലസേചനം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകിവരുന്നു.

തെങ്ങുകർഷകർക്ക് പരിശീലന പരിപാടികൾ, സംരംഭകത്വ വികസനത്തിനായുള്ള

സാങ്കേതിക പരിശീലനങ്ങൾ എന്നിവ കാർഷിക സർവകലാശാലയിലെ നാളികേര മിഷൻ, അഗ്രി ബിസിനസ് ഇൻകൃബേറ്റർ, വിവിധ തെങ്ങ് ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നടത്തിവരുന്നുണ്ട്. ശാസ്ത്രീയ തെങ്ങുകൃഷിയെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനങ്ങളും നൽകിവരുന്നു.

(ബി) ഉയർന്ന ഗ്രേഡുകൾ ലഭിക്കുന്നതിനടിസ്ഥാനമായി എന്തൊക്കെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളാണ് സർവകലാശാലകളിൽ നടത്തിവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

നാളികേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിക്കൂട്ടങ്ങളെയും കർഷക ഉൽപാദക സംഘടനകളെയും സർക്കാർ സജ്ജമാക്കിയിട്ടുണ്ട്. നാളികേര മൂല്യവർധന മേഖലയിലെ കർഷകരെ സഹായിക്കുന്നതിനായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി നൽകിവരുന്നു. കേരള കാർഷിക സർവകലാശാല മുഖേന പുതുതായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുള്ള സാങ്കേതികവിദ്യകൾ, വ്യാവസായികാടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള പിന്തുണ എന്നിവ "നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതി" പ്രകാരം നൽകുന്നുണ്ട്.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം കേരള നടപ്പിലാക്കുന്ന 2 പദ്ധതികളിലും മേൽനോട്ടം വഹിക്കുന്ന ഒരു സി.എസ്.എസ്. പദ്ധതിയിലുമായി 48

നാളികേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ നിലവിലുണ്ട്.

പോഷകസമൃദ്ധമായ ഭക്ഷ്യഎണ്ണ, 'നീര', 'കേരചക്കര', പാംഷുഗർ, വെളിച്ചെണ്ണയിൽനിന്നുള്ള സൗന്ദര്യവർധക ലേപനങ്ങൾ, കരിക്കിൻവെള്ളം, വെന്തവെളിച്ചെണ്ണ, തേങ്ങാപ്പാൽ എന്നിവ ഉപയോഗിച്ചുള്ള വിവിധ ഉൽപ്പന്നങ്ങൾ, തെങ്ങിൻ തടിയിൽനിന്നുള്ള ഗൃഹോപകരണങ്ങൾ, തെങ്ങിൽനിന്നുള്ള വേസ്റ്റ് ഉപയോഗിച്ചുള്ള ഫ്യൂയൽ ബ്രിക്കേറ്റുകൾ, കമ്പോസ്റ്റ് എന്നിവയുടെ വ്യവസായികാടിസ്ഥാനത്തിലുള്ള പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നുണ്ട്.

കേരള കോക്കനട്ട് ഡെവലപ്മെന്റ് കോർപറേഷൻ, കേരാഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും നാളികേരാധിഷ്ഠിത മൂല്യവർധിത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നുണ്ട്.

പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി സാന്നിധ്യം

12(*282) ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന പച്ചക്കറികളിലും പഴങ്ങളിലും അമിതമായ തോതിൽ കീടനാശിനികളുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ

കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ നടത്തിയ സാമ്പിൾ പരിശോധനയിൽ 9 മുതൽ 12% പച്ചക്കറി സാമ്പിളുകളിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ കീടനാശിനി സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേരളത്തിലെ വിവിധ പച്ചക്കറി മാർക്കറ്റുകളിൽ എത്തുന്ന പച്ചക്കറിയുടെ സാമ്പിൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് ശേഖരിച്ച് അവയെ കേരള കാർഷിക സർവകലാശാലയുടെ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇത്തരം സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശം സംബന്ധിച്ച റിപ്പോർട്ട് തൊട്ടടുത്ത മാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഈ റിപ്പോർട്ടുകളിൽക്കൂടി പച്ചക്കറിയിൽ അടങ്ങിയിരിക്കുന്ന വിഷാംശത്തിന്റെ തീവ്രതയും ഏത് സ്രോതസ്സിൽ നിന്നുമാണ് സാമ്പിൾ ലഭ്യമാക്കിയതെന്നും പൊതുജനങ്ങൾക്ക് അറിവ് ലഭ്യമാകുന്നു. കൂടാതെ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരുപരിധിവരെ സഹായകമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന് സഹായകരമാകും.

കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാശാലകൾ പ്രവർത്തിക്കുന്നു. പ്രസ്തുത ലാബുകളിൽ കീടനാശിനി അവശിഷ്ട പരിശോധനയ്ക്കായി ഗ്യാസ് ക്രോമാറ്റോഗ്രാഫ്, ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രോമാറ്റോഗ്രാഫി-ഹൈറെസല്യൂഷൻ മാസ് സ്പെക്ട്രോമീറ്റർ തുടങ്ങിയവ ഉപയോഗിച്ച് ഒരു സാമ്പിളിൽ 105 കീടനാശിനികൾ വരെ പരിശോധിക്കാവുന്ന അത്യാധുനിക സംവിധാനങ്ങൾ നിലവിലുണ്ട്.

(സി) കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുന്നതിന് കൂടുതൽ ലബോറട്ടറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

റാഗിങ് തടയാൻ നടപടി

13 (*283) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് തടയുന്നതിനായി ആന്റി റാഗിങ് കമ്മിറ്റി, ആന്റി റാഗിങ് സ്ക്വാഡ് എന്നിവ രൂപീകരിക്കണമെന്ന് യു.ജി.സി. മാർഗരേഖയിൽ നിർദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള കമ്മിറ്റികൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) UGC Anti-Ragging Regulations for curbing the Menace of Ragging in Higher Educational Institutions, 2009-ൽ ആന്റി റാഗിങ് കമ്മിറ്റി, ആന്റി റാഗിങ് സ്ക്വാഡ്, മോണിറ്ററിങ് കമ്മിറ്റി തുടങ്ങിയവ രൂപീകരിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്റി റാഗിങ് കമ്മിറ്റി, ആന്റി റാഗിങ് സ്ക്വാഡ് എന്നിവ പ്രവർത്തിക്കുന്നുണ്ട്.

(സി) റാഗിങ് നടത്തുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്താനും റാഗിങ് തടയാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

റാഗിങിനെതിരെയുള്ള യു.ജി.സി.-യുടെ നിർദേശങ്ങൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നുണ്ട്. ഇത്തരത്തിലുള്ള കമ്മിറ്റികൾ/സ്ക്വാഡുകൾ പ്രവർത്തിക്കാത്ത സ്ഥാപനങ്ങളിൽ യു.ജി.സി. ചട്ടങ്ങൾ പാലിച്ചുകൊണ്ട് റാഗിങ് വിരുദ്ധ സമിതി രൂപീകരിക്കുന്നതിനും ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കർശന നിർദേശം നൽകുന്നതാണ്. കൂടാതെ ഇതുസംബന്ധിച്ച് വിവിധ ബോധവൽക്കരണ ക്ലാസ്സുകളും പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. കോളേജ് ക്യാമ്പസുകളിൽ റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ

നടപടികളെക്കുറിച്ചുള്ള അറിയിപ്പും പ്രദർശിപ്പിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ അധ്യയന വർഷ ആരംഭത്തിൽത്തന്നെ പുതിയ വിദ്യാർഥികൾക്കായി പ്രത്യേക ഓറിയന്റേഷൻ/ഇൻഡക്ഷൻ പ്രോഗ്രാം നടത്താറുണ്ട്. മാത്രമല്ല പ്രവേശനം നേടുന്ന അവസരത്തിൽത്തന്നെ റാഗിങ് നടത്തുകയോ പിന്തുണയ്ക്കുകയോ ചെയ്യില്ലെന്ന പ്രതിജ്ഞ ഒപ്പുവച്ച് വാങ്ങുകയും ചെയ്യുന്നുണ്ട്.

ഗ്രണനിലവാരമുള്ള മാംസോത്പന്നങ്ങൾ

14(*284) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ഗ്രണനിലവാരമുള്ള മാംസോൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഗ്രണനിലവാരമുള്ള മാംസോൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു:

1. 3102 ലക്ഷം രൂപ മുതൽമുടക്കിൽ അത്യാധുനിക സാങ്കേതിക സംവിധാനമൊരുക്കി ശാസ്ത്രീയമായ രീതിയിൽ ഗ്രണനിലവാരമുള്ള മാംസോത്പാദനത്തിനായി ബൊവൈൻ പ്ലാന്റ്, സ്വൈൻ പ്ലാന്റ്, റെൻഡറിങ് പ്ലാന്റ് ഇവ ഉൾക്കൊള്ളുന്ന ഒരു മോഡേൺ അബറ്റയർ

ഇടയാറുള്ള എം.പി.ഐ. ഹെഡ് ക്വാർട്ടേഴ്സ് കാമ്പസിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. പ്രതിവർഷം 1,44,000 മൃഗങ്ങളെ കശാപ്പുചെയ്ത് 9360 മെട്രിക് ടൺ ഇറച്ചി ഉൽപാദിപ്പിക്കാനുള്ള ശേഷി ഇതിനുണ്ട്.

2. ഒരു ഷിഫ്റ്റിൽ 2500 കോഴികളെ സംസ്കരിച്ച് ഇറച്ചിയാക്കാനുള്ള കോഴിയിറച്ചി സംസ്കരണ പ്ലാന്റും ഇടയാറിൽ പ്രവർത്തിക്കുന്നു. ഉൽപാദനം രണ്ട് ഷിഫ്റ്റാക്കി ഉയർത്താൻ നടപടി സ്വീകരിച്ചുവരുന്നു.

3. മൂല്യവർധിത ഇറച്ചി ഉൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിന് ഒരു അത്യാധുനിക മൂല്യവർധിത ഇറച്ചി ഉൽപ്പന്ന സംസ്കരണ പ്ലാന്റ് കൊല്ലം ജില്ലയിൽ എഴുരിൽ നിർമ്മാണം പൂർത്തിയാക്കി ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. പ്രതിദിനം 4 മെട്രിക് ടൺ ഉൽപ്പന്നങ്ങൾ ഇവിടെ സംസ്കരിക്കാം.

4. ചിൽഡ്/ഫ്രഷ് ഇറച്ചി ഉൽപാദനം പുതിയതായി ആരംഭിച്ചു. ഇതിന്റെ വിപണനത്തിനായി "എം.പി.ഐ. മീറ്റ്സ് & ബൈറ്റ്സ്" എന്ന ബ്രാൻഡിൽ ഫ്രാഞ്ചൈസി ഔട്ട്ലെറ്റുകൾ 30 എണ്ണം 15-10-2024-ൽ ആരംഭിച്ചു. കൂടുതൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൃഗസംരക്ഷണ വകുപ്പിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന്റെ (കെപ്കോ) തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽനിന്നും ഉൽപാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കോൺട്രാക്ട്-കുടുംബശ്രീ ഫാമിങ്

പദ്ധതിയിലൂടെ വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ തിരിച്ചെടുത്ത് സ്വന്തം പ്രോസസ്സിങ് പ്ലാന്റിൽ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഗുണമേന്മയുള്ളതും സംശുദ്ധവുമായ കോഴിയിറച്ചിയും അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് വിപണനം നടത്തിവരികയും ചെയ്യുന്നു. കൂടാതെ സർക്കാർ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതിക്കാവശ്യമായ ഒരു ദിവസം പ്രായമായ ഗുണമേന്മയുള്ള ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും വിതരണം നടത്തിവരുന്നു.

(ബി) അറവുപ്രവൃത്തികൾക്ക് ആധുനികവും ശാസ്ത്രീയവുമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

അറവു പ്രവൃത്തികൾക്ക് ആധുനികവും ശാസ്ത്രീയവുമായ അടിസ്ഥാന സൗകര്യങ്ങളാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ നടപ്പിലാക്കിയിട്ടുള്ളത്. അത്യാധുനിക സാങ്കേതികവിദ്യ യന്ത്രസംവിധാനത്തിൽ സംവേദിപ്പിച്ചാണ് എം.പി.ഐ. മൃഗങ്ങളുടെ അറവുപ്രവൃത്തികൾ നടത്തുന്നത്. മോഡേൺ അബറ്റയറിൽ മൃഗങ്ങളെ കശാപ്പുചെയ്യുമ്പോൾ ഭക്ഷ്യസുരക്ഷാ നിയമവും മൃഗങ്ങളോടുള്ള ക്രൂരത നിരോധന നിയമവും ഗുണനിലവാരം നിലനിർത്തുന്ന സംസ്കരണ രീതിയും പാലിക്കുന്നുണ്ട്.

മൃഗങ്ങളുടെ ആന്റിമോർട്ടം, സ്ലോട്ടറിങ്ങിനുശേഷമുള്ള പോസ്റ്റ്മോർട്ടം, ക്ലീനിങ്, ചില്ലിങ്, ഡെബോണിങ്, പാക്കിങ് എന്നിവ അംഗീകൃത മാനദണ്ഡങ്ങൾ ഉപയോഗിച്ച് ചെയ്തുവരുന്നു. FSSAI ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ട്. മാംസ സംസ്കരണത്തിൽ കഴിവും പരിചയ

സമ്പത്തുമുള്ള വെറ്ററിനറി ഡോക്ടർമാർ, എഞ്ചിനീയർമാർ, മൈക്രോബയോളജിസ്റ്റ്, ഫുഡ് ടെക്നോളജിസ്റ്റ്, മീറ്റ് ടെക്നോളജിയിൽ സ്കിൽഡ് ആയിട്ടുള്ള ജീവനക്കാർ എന്നിവർ ഉൾപ്പെട്ട ടീം ആണ് സമുഷ്ടവും സംശുദ്ധവും ഏറെ സുരക്ഷിതവുമായ എം.പി.ഐ. ബ്രാൻഡ് ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളും സംസ്കരിക്കുന്നത്. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ ഒരു അത്യാധുനിക ലബോറട്ടറിയും പ്രവർത്തിക്കുന്നു.

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ആധുനികവും ശാസ്ത്രീയവുമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് തിരുവനന്തപുരം ജില്ലയിലെ പേട്ടയിൽ പ്രവർത്തിക്കുന്ന മാംസ സംസ്കരണശാല വഴി കോഴിയിറച്ചിയുടെ മാംസ സംസ്കരണം നടപ്പിലാക്കുന്നത്.

(സി) മാംസം കൊണ്ടുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മാംസംകൊണ്ടുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ സംസ്കരിക്കാൻ കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിൽ 15 കോടി രൂപ മുതൽ മുടക്കിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഒരു അത്യാധുനിക മൂല്യവർധിത ഇറച്ചി ഉൽപ്പന്ന സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വർഷത്തിൽ 1440 മെട്രിക് ടൺ മൂല്യവർധിത ഇറച്ചി ഉൽപ്പന്നങ്ങൾ ഈ പ്ലാന്റിൽ സംസ്കരിക്കാൻ കഴിയുന്നുണ്ട്.

കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ സ്വന്തം നിലയ്ക്കുതന്നെ അടിസ്ഥാന ചേരുവകൾ ചേർത്ത് കോഴിയിറച്ചിയിൽനിന്നും മൂല്യവർധിത ഉൽപ്പന്നങ്ങളായ

മാരിനേറ്റഡ് ചിക്കൻ, ചിക്കൻ കട്ലറ്റ്, ചിക്കൻ സോസേജ്, ചിക്കൻ ലോലിപോപ്പ്, ചിക്കൻ അച്ചാർ എന്നിവ ഉൽപാദനം നടത്തി വിപണനം നടത്തിവരുന്നു.

ഇലക്ട്രിക് വെഹിക്കിൾ പോളിസി

15(*285) ശ്രീ. ഐ. ബി. സതീഷ്:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസി നടപ്പിലാക്കിയിട്ടുണ്ടോ; പാരമ്പര്യേതര ഊർജ ഉപഭോഗം വർധിപ്പിക്കുന്നതിനും പാരിസ്ഥിതികാഘാതം ലഘൂകരിക്കുന്നതിനും പ്രസ്തുത പോളിസി എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസി നടപ്പിലാക്കിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ ഉപയോഗം വർധിപ്പിക്കുന്നതിനും പാരിസ്ഥിതികാഘാതം ലഘൂകരിക്കുന്നതിനും CO2 ഉദ്വമനം കുറയ്ക്കുന്നതിലൂടെ വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങളിലൂടെ നെറ്റ് സീറോ എമിഷൻ ലക്ഷ്യമിടുന്ന ഒരു ഇലക്ട്രിക് വെഹിക്കിൾ പോളിസി 10-03-2019-ലെ സ.ഉ.(കൈ.)നം.24/2019/ഗതാ. പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

1. വൈദ്യുത വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

2. മലിനീകരണമില്ലാത്ത പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുക.

3. ഹരിത ഹൈഡ്രജൻപോലുള്ള ബദൽ ഹരിത ഇന്ധനങ്ങളുടെ മേഖലയിൽ ഗവേഷണ വികസനം പ്രോത്സാഹിപ്പിക്കുക.

വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. നിലവിൽ 05-03-2025-വരെ സംസ്ഥാനത്ത് 2,27,185 ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വൈദ്യുത വാഹനങ്ങളുടെ പ്രചാരണത്തിൽ ചാർജിങ് സൗകര്യങ്ങളുടെ അഭാവം ഒരു പ്രധാന തടസ്സമാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് KSEB, ANERT, KSRTC എന്നിവരുമായി സഹകരിച്ച് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

a) സംസ്ഥാനത്തുടനീളമുള്ള ഫലപ്രദമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി അനെർട്ടിൽനിന്ന് 71 ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ട്. ANERT വഴി വിവിധ ഓഫീസുകളിൽ 315 ലക്ഷം രൂപ ചെലവിൽ 35 ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പുരോഗമിച്ചുവരികയാണ്.

b) സ്വകാര്യ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 64 ലക്ഷം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ANERT വഴിയാണ് സബ്സിഡി വിതരണം ചെയ്യുന്നത്.

c) KSEB-യുടെ സഹായത്തോടെ 32 ചാർജിങ് സ്റ്റേഷനുകളും ചാർജിങ് സൗകര്യങ്ങളും പൊതുജനങ്ങൾക്കായി സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 5 കോടി രൂപ KSEB-ക്ക് നൽകിയിട്ടുണ്ട്.

d) പൊതുഗതാഗതത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വളരെ ഉപയോഗപ്രദമാകുമെന്ന വസ്തുതയും ഏറ്റവും കൂടുതൽ ഇലക്ട്രിക് ബസുകളുള്ള ഈ മേഖലയിലെ പ്രധാന പങ്കാളികളിൽ ഒന്നാണ് കെ.എസ്.ആർ.ടി.സി എന്നതും കണക്കിലെടുത്ത്, തിരുവനന്തപുരം സെൻട്രൽ, പാപ്പനംകോട് ഡിപ്പോകളിൽ ഹൈസ്പീഡ് ഫാസ്റ്റ് ചാർജിങ് സൗകര്യം സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദ റോഡ് ഗതാഗത മാർഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ജനപ്രിയമാക്കുന്നതിനുമുള്ള മറ്റ് സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.

1. ശബരിമല സേഫ് സോൺ പദ്ധതിപ്രകാരം ഗതാഗത നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നത് ഗ്രീൻ സോൺ പ്രദേശത്ത് വാഹന മലിനീകരണം കുറയ്ക്കാനും പ്രവർത്തനച്ചെലവ് കുറയ്ക്കാനും ഫലപ്രദമായി സഹായിച്ചിട്ടുണ്ട്.

2. വിവിധ സ്റ്റേക്ക് ഹോൾഡർമാരുമായി സഹകരിച്ച് ഇലക്ട്രിക് വാഹനങ്ങൾ, ബാറ്ററികൾ, ചാർജിങ് ഉപകരണങ്ങൾ, ചാർജിങ് സ്റ്റേഷനുകൾ മുതലായവയെക്കുറിച്ചുള്ള ചർച്ചകളും പുതിയ സാങ്കേതിക പ്രദർശനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഇ-മൊബിലിറ്റി എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി EVOLVE 2022 സംഘടിപ്പിച്ചിട്ടുണ്ട്.

3. ഇലക്ട്രിക് വാഹനങ്ങളുടെ പ്രോത്സാഹനത്തിനും ഇതേ മേഖലയിലെ റിസർച്ച് & ഡെവലപ്മെന്റിനും ചുവടെ ചേർത്തിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്:

(i) 15 MVD ഓഫീസുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കൽ –

24-11-2022-ലെ G.O.(Rt)No.496/2022/Trans പ്രകാരം 15 എം.വി.ഡി. ഓഫീസുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 135 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ആയതുപ്രകാരം ചാർജിങ് സ്റ്റേഷൻ വിവിധ ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് അനെർട്ടിന് ചുമതല നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

(ii) സർക്കാരിന്റെ നൂറുദിന പരിപാടിയോടനുബന്ധിച്ച് 2024-25 സാമ്പത്തിക വർഷം 1000 ഇ-ഓട്ടോറിക്ഷകൾക്ക് 3,00,00,000/- രൂപ സബ്സിഡി സർക്കാർ അനുവദിക്കുകയും അതനുസരിച്ച് 1000 ഗുണഭോക്താക്കൾക്ക് ഇ-സബ്സിഡി നൽകിയിട്ടുണ്ട്.

(iii) Green Hydrogen prototype പ്ലാന്റ് നിർമ്മിക്കുക എന്ന പദ്ധതി രൂപകൽപ്പന ചെയ്യുന്നതിന്റെ ഭാഗമായി 23 ലക്ഷം രൂപ സാമ്പത്തിക സഹായം മൂന്ന് ഘട്ടമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോളേജ് ഓഫ് എഞ്ചിനീയറിങ് നൽകിയ പ്രൊപ്പോസലിൽ സർക്കാർ ആദ്യത്തെ ഘട്ടം പൂർത്തീകരിക്കുന്നതിന് 3 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നതിന് ഉത്തരവായിട്ടുള്ളതും അത് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

(iv) മോട്ടോർ വാഹനങ്ങൾ വൈദ്യുത വാഹനങ്ങളാക്കി മാറ്റുന്നതിനും നിലവിലുള്ള വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുമായി മോട്ടോർ വാഹന വകുപ്പിന്റെ 20 ഓഫീസുകളിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനെർട്ടിനെ ഏൽപ്പിക്കുകയും ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിച്ചുവരികയുമാണ്.

(v) പൊതു ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും അനുവദിക്കുന്നതിനും സംരംഭകർക്കും സ്വകാര്യ വ്യക്തികൾക്കും ബെഞ്ച് മാർക്ക് വിലയുടെ 25% സബ്സിഡിയായി സർക്കാർ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 42.25 ലക്ഷം രൂപ 19 സംരംഭകർക്ക് അനെർട്ട് നൽകിയിട്ടുണ്ട്.

(vi) കെ.എസ്.ആർ.ടി.സി-യിൽ ഇലക്ട്രിക് വെഹിക്കിൾ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി 200 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയിട്ടുണ്ട്.

(vii) ഇ-മൊബിലിറ്റിയുടെ ഗവേഷണം, നവീകരണം, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമിടുന്ന സെന്റർ ഓഫ് എക്സലൻസ് നടപ്പിലാക്കുന്നതിനുള്ള ശ്രീചിത്തിര തിരുനാൾ കോളേജ് പാപ്പനംകോട് സമർപ്പിച്ച പ്രൊപ്പോസലിന് 95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പോളിസി മോട്ടോർ വാഹന വകുപ്പിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി പുതുതായി രജിസ്ട്രേഷൻ നടത്തുന്ന ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് (പാസഞ്ചർ) ഓട്ടോറിക്ഷകൾക്ക് 30,000/- രൂപ സബ്സിഡി നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം e-mobility promotion fund-ൽനിന്നും ആയിരം ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകുന്നതിനായി മൂന്നുകോടി രൂപ 04-06-2024-ലെ G.O.(Ms)No.204/2024/Trans പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ 1000 അപേക്ഷകർക്ക് 3 കോടി രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം മുതൽ

നാളിതുവരെ 4587 ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 13.76 കോടി രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും സാധാരണ ജനങ്ങൾക്കിടയിൽ പുനരുപയോഗ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഈ പദ്ധതി ഉപയോഗപ്രദമായിട്ടുണ്ട്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതി

16(*286) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. യു. എ. ലത്തീഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) 2030-ൽ റോഡപകടങ്ങൾ പകുതിയായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി നാറ്റ്പാക് എന്തെങ്കിലും പദ്ധതി തയ്യാറാക്കി ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

രണ്ടായിരത്തി മുപ്പതോടെ സംസ്ഥാനത്തെ റോഡ് അപകടങ്ങൾ 50% കുറയ്ക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി നാറ്റ്പാക്ക് കേരളത്തിനായി ഒരു റോഡുസുരക്ഷാ ആക്ഷൻ പ്ലാനിന്റെ (Road Safety Action Plan for Kerala 2025-30) കരട് തയ്യാറാക്കി മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അഭിപ്രായങ്ങൾ തേടുന്നതിനായി 20-02-2025-ന് സമർപ്പിച്ചിട്ടുണ്ട്. അതത് വകുപ്പുകൾ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദമാക്കുമോ?

ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാർ മുഖാന്തരമുള്ള ഫണ്ടിങ് സ്രോതസ്സ് പ്രതിപാദിച്ചിട്ടുണ്ട്. ആയതിനോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം, ഓഹരി പങ്കാളിത്തമുള്ള വകുപ്പുകളുടെ/ഏജൻസികളുടെ തനത് ഫണ്ടുകൾ, റോഡ് ഉപഭോക്തൃ ചാർജ്ജുകൾ, ഇന്ധന നികുതി, ഇൻഷ്വറൻസിന്റെ നികുതി, സി.എസ്.ആർ. ഫണ്ടുകൾ, ട്രാഫിക് പിഴകളുടെയും സാമൂഹിക ആഘാത ബോണ്ടുകളുടെയും ഉപയോഗം, ബഹുമുഖ വായ്പാ സ്ഥാപനങ്ങൾ വഴിയുള്ള ധനസഹായം, സ്വകാര്യ മേഖലയുടെ സ്പോൺസർഷിപ്പ്/നിക്ഷേപങ്ങൾ, അന്താരാഷ്ട്ര ഫണ്ടിങും ജീവകാരുണ്യ സംഭാവനകൾ തേടുന്നതും ധനസഹായ ഉറവിടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അപകടമേഖലകളായ ബ്ലാക്ക്സ്പോട്ടുകൾ പുതുക്കി നിർണ്ണയിക്കാനും പ്രസ്തുത മേഖലകളിൽ ഗതാഗത വകുപ്പ് ഉദ്യോഗസ്ഥരെ നിരന്തര നിരീക്ഷണത്തിന് നിയോഗിക്കാനും ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

അപകട മേഖലകളായ ബ്ലാക്ക് സ്പോട്ടുകൾ പുതുക്കി നിർണ്ണയിക്കുന്നത് നാറ്റ്പാക് ആണ്. ഓരോ മൂന്ന് വർഷത്തെയും റോഡപകട വിവരങ്ങൾ അടിസ്ഥാനമാക്കി കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമാണ് ബ്ലാക്ക് സ്പോട്ടുകൾ നിശ്ചയിക്കേണ്ടത്. ഇതിനുള്ള പഠന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള കേരളാ റോഡ് സുരക്ഷാ ഫണ്ടിൽനിന്നുമാണ് നാറ്റ്പാക്കിന് നൽകിവരുന്നത്. ഓരോ വർഷവും ബ്ലാക്ക് സ്പോട്ടുകൾ പുതുക്കി നിർണ്ണയിക്കേണ്ടതിനാൽ ഓരോ വർഷവും റോഡപകട വിവരങ്ങൾ പോലീസ് വകുപ്പ് നാറ്റ്പാക്കിന് കൈമാറുന്നുണ്ട്.

സംസ്ഥാനത്തെ റോഡപകട ബ്ലാക്ക്സ്പോട്ടുകൾ പുതുക്കി നിർണ്ണയിക്കാനുള്ള പ്രാരംഭ നടപടികൾ നാറ്റ്പാക് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നിർദേശപ്രകാരം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് പരിഗണിക്കുന്നതാണ്.

ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ

17(*287) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. പി. പി. സുമോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ക്ഷീര സംഘങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളില്ലാത്തത് അവയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില ക്ഷീരസംഘങ്ങൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. അത് അവയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

(ബി) ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇത് ക്ഷീരസംഘങ്ങൾക്ക് എത്രത്തോളം സഹായകമാണ്; വിശദാംശം ലഭ്യമാക്കുമോ?

ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്ന

പദ്ധതി ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ ക്ഷീരസംഘങ്ങൾ പുതിയതായി വാങ്ങുന്ന സ്ഥലത്തിന്റെ വിലയുടെ 30%, പരമാവധി 3 ലക്ഷം രൂപയാണ് വകുപ്പ് ധനസഹായമായി അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ 15 ക്ഷീരസംഘങ്ങൾക്കായി 45 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. 'ക്ഷീര സഹകരണ സംഘങ്ങൾക്ക് ധനസഹായം' എന്ന വകുപ്പിന്റെ പ്രധാന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾക്കും നിശ്ചിത കാലാവധിക്കുള്ളിൽ സ്ഥലം വാങ്ങിച്ച ക്ഷീരസംഘങ്ങൾക്ക് റീ-ഇമ്പേഴ്സ്മെന്റായും ധനസഹായം അനുവദിച്ചു വരുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ സ്ഥലം വാങ്ങുന്നതിന് നൽകിവരുന്ന ധനസഹായം ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സംഘങ്ങളുടെ ബാധ്യതകൾ ഇല്ലാതാക്കുന്നതിനും സഹായകമാണ്.

(സി) ക്ഷീരസംഘങ്ങളിൽ ആവശ്യമായ ഊർജ ലഭ്യത, മലിനജല സംസ്കരണം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ക്ഷീരസംഘങ്ങളിൽ ആവശ്യമായ ഊർജ ലഭ്യത, മലിനജല സംസ്കരണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ 'ക്ഷീരസംഘങ്ങളുടെ

മൂലധന വർധനവ്' പദ്ധതിയിലെ ഘടക പദ്ധതികളായ സൗരോർജ പ്ലാന്റ് സ്ഥാപനം, മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപനം എന്നിവയിലൂടെ കേരളത്തിലുടനീളം പ്രവർത്തിച്ചുവരുന്ന ക്ഷീരസംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു. ശുദ്ധമായ പാൽ സംസ്കരണത്തിന്റെ ഭാഗമായി കുറഞ്ഞ ചെലവിലുള്ള മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡിയോടുകൂടി പരമാവധി മൂന്ന് ലക്ഷം രൂപയും ഊർജ സംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിന് 75% സബ്സിഡിയോടുകൂടി പരമാവധി 8 ലക്ഷം രൂപയുടെ ധനസഹായവും വകുപ്പ് നൽകിവരുന്നു. ഓരോ ക്ഷീര സഹകരണ സംഘങ്ങളും ആവശ്യം കഴിഞ്ഞ് അധികം ഉൽപാദിപ്പിക്കുന്ന വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകാവുന്ന തരത്തിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 26.21 ലക്ഷം രൂപയും മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 9 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ വിവിധ ക്ഷീര സംഘങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 50 ലക്ഷത്തിലധികം രൂപ വകുപ്പ് വിനിയോഗിച്ചിട്ടുണ്ട്.

മിൽമ മേഖലാ യൂണിയന്റെ കീഴിൽ BMC സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിൽനിന്നും ശരിയായ രീതിയിൽ മലിനജലം നീക്കംചെയ്യുന്നതിന് വേണ്ടി ഇ.ടി.പി. (Effluent Treatment Plant) പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചുവരുന്നു. ഊർജ സംരക്ഷണത്തിനായി വിവിധ ബൾക്ക് മിൽക്ക് കൂളറുകളിൽ സൗരോർജ പ്ലാന്റിനും ദേശീയ ക്ഷീര വികസന

പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ധനസഹായം അനുവദിച്ചുവരുന്നു.

നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

18(*288) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. റോജി എം. ജോൺ:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാളികേര ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും വിഭാവന ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായക സ്വാധീനമാണ് നാളികേര കൃഷിക്കുള്ളത്. ചെറുകിട കർഷകരാണ് ഈ മേഖലയിൽ കൂടുതലായുള്ളത്. അത്യുൽപാദനശേഷിയുള്ള തൈകളുടെ ലഭ്യതക്കുറവ്, കീടബാധ, തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ്, നാളികേരത്തിന്റെ വിലക്കുറവ് തുടങ്ങിയവയായിരുന്നു കേരകർഷകർ നേരിട്ടിരുന്ന പ്രധാന പ്രശ്നങ്ങൾ. നാളികേര മേഖലയിലെ കർഷകരുടെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി ലക്ഷ്യാധിഷ്ഠിത സമീപനത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും കൂടുതൽ

കർഷകരെ തെങ്ങുകൃഷിയിലേക്ക് ആകർഷിക്കാൻ ഉതകുന്നതുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 232 കേരഗ്രാമങ്ങളിലൂടെ 153 കോടി രൂപയാണ് നാളികേര കൃഷി പ്രോത്സാഹിപ്പിക്കുവാനായി സർക്കാർ വിനിയോഗിച്ചത്. ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വയ്ക്കുന്നതിനുള്ള സഹായം, കണിക ജലസേചന മാർഗങ്ങൾ നടപ്പാക്കൽ, ഇടവിള കൃഷി, സംയോജിത രോഗ കീടബാധ നിയന്ത്രണം, സംയോജിത വളപ്രയോഗം എന്നീ പിന്തുണ നൽകിയാണ് നാളികേര ഉൽപാദന വർധനവ് സാധ്യമായത്. 2021 മുതൽ നാളിതുവരെ 4819185 ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്യുകഴിഞ്ഞു. പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 32 രൂപയിൽനിന്നും 34 രൂപയായി വർധിപ്പിക്കുകയും ഒരു തെങ്ങിൽനിന്നുള്ള സംഭരണത്തിന്റെ പരിധി 50 തേങ്ങയിൽനിന്നും 70 ആയി ഉയർത്തുകയും ചെയ്തതോടുകൂടി ഈ മേഖലയിലെ ചെറുകിട കർഷകർക്ക് പിന്തുണ നൽകാൻ സർക്കാരിന് സാധിച്ചു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം തെങ്ങിന്റെ ഉൽപാദന ക്ഷമത 2021-22-ൽ 6228 നാളികേരം/ ഹെക്ടറായിരുന്നത് 2022-23-ൽ 7419 നാളികേരം/ഹെക്ടർ ആയി ഉയർത്തുവാൻ സാധിച്ചത് കേരഗ്രാമം പദ്ധതി, നാളികേര വികസന കൗൺസിൽ നിഷ്കർഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ സർക്കാർ നൽകിയ പിന്തുണ മുഖേനയാണെന്ന് വിലയിരുത്തുന്നു. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ രംഗത്ത് യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും തെങ്ങുകയറ്റ തൊഴിലാളികളുടെ കൂട്ടായ്മകൾ രൂപീകരിച്ച് യഥാസമയം തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തെങ്ങ് കൃഷിയിൽ യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) മുഖേന വ്യക്തികൾക്കും കർഷക കൂട്ടായ്മകൾക്കും കൃഷി ഭൂമി ഒരുക്കുന്നതിനും കളകൾ ഒഴിവാക്കുന്നതിനും കുഴി എടുക്കുന്നതിനും തെങ്ങ് കയറുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകിവരുന്നു.

കാർഷിക മേഖലയിലെ സേവനങ്ങൾ കർഷകർക്ക് വേഗത്തിലും കുറഞ്ഞ ചെലവിലും ലഭ്യമാക്കുന്നതിനായി 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി സേവന മേഖലയിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകയറ്റ സേവനം നൽകുന്ന 132 സേവന കൃഷിക്കൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നു.

കൃഷി വകുപ്പിന് കീഴിലുള്ള റിസർച്ച് ടെസ്റ്റിങ് ആൻഡ് ടെയിനിങ് സെന്റർ നാളികേര വികസന ബോർഡുമായി ചേർന്ന് 60 പേർക്ക് തെങ്ങുകയറ്റ പരിശീലനം നൽകുകയും തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ കാൾ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇവരുടെ സേവനം കർഷകർക്ക് ലഭ്യമാകുന്നതാണ്.

തരിശുഭൂമിയിൽ ആധുനിക കൃഷി

19(*289) ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീമതി ദെലീമ:

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുഭൂമിയിൽ ഇടവിള കൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉൽപാദനവും കാർഷിക വരുമാനവും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് തരിശുഭൂമിയിൽ കൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ആധുനിക കൃഷിരീതികൾ ഉപയോഗിച്ച് ഉൽപാദനവും കാർഷിക വരുമാനവും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ New Agriculture Wealth Opportunities– Driving Horticulture Agri Business Networking (NAWO-DHAN) എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

സ്വകാര്യ വ്യക്തികളുടെ പക്കലുള്ളതും പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും കൃഷിക്ക് ഉപയോഗിക്കാവുന്നതുമായ ഭൂമി കണ്ടെത്തി കർഷകനും ഭൂവുടമയുമായി, Indian Contracts Act 1872 പ്രകാരമുള്ള പരസ്പര കരാറിന്റെ അടിസ്ഥാനത്തിൽ ദീർഘകാല കൃഷിക്കായി കർഷകന് നൽകുന്ന രീതിയാണ് നവോ-ധൻ പദ്ധതിയിൽ

അനുവർത്തിക്കുന്നത്. പദ്ധതി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഹോർട്ടികൾച്ചർ, തേനീച്ചവളർത്തൽ, ക്ലൗൺ കൃഷി, അനുബന്ധ മേഖലകൾ, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഫാമിങ് എന്നിവയുൾപ്പെടെയുള്ള വാണിജ്യ കൃഷി രീതികൾക്കായി സംസ്ഥാനത്തെ വിനിയോഗിക്കപ്പെടാത്ത ഭൂവിഭവങ്ങൾ പ്രയോജനപ്പെടുത്താൻ നവോ-ധൻ പദ്ധതി വിഭാവന ചെയ്യുന്നു. കൂടാതെ കർഷകർക്ക് വായ്പാ സൗകര്യമൊരുക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ കീഴിൽ വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കാർഷിക മൂല്യ ശൃംഖല ശാക്തീകരിക്കുന്നതിനും വിള ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

•ഹൈടെക് വാണിജ്യ കൃഷിക്കായി ഉപയോഗശൂന്യമായ കൃഷിഭൂമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

•അന്താരാഷ്ട്ര വിപണികൾക്ക് അനുയോജ്യമായ ഉയർന്ന മൂല്യമുള്ള പഴങ്ങളും പച്ചക്കറികളും വാണിജ്യ വിളകളും കണ്ടെത്തി കൃഷി ചെയ്യുക.

•ആധുനികവും ശാസ്ത്രീയവുമായ കൃഷിരീതികൾ അവലംബിക്കുന്നതിനായി സുസ്ഥിരവും ലാഭകരവുമായ ഒരു ഫാമിങ് മാതൃക സ്ഥാപിക്കുക.

•കയറ്റുമതി ലക്ഷ്യമിട്ടുള്ള കൃഷിയിലൂടെ ഉയർന്ന മൂല്യമുള്ള കാർഷിക വിളകളുടെ ഉൽപാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് കർഷകർ, കാർഷിക സംരംഭകർ എന്നിവരുടെ വരുമാനം വർധിപ്പിക്കുക.

കാർഷിക മേഖലയിലെ മൂല്യവർധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുംവിധം അനുയോജ്യമായ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

നവോ-ധൻ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കാർഷിക വികസന & കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനിയെ (KABCO) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. കാബ്കോയുടെ മേൽനോട്ടത്തിൽ വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ സംവിധാനം മുഖേന കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾ/ഭൂവുടമകളിൽ നിന്നും താൽപര്യപത്രം (Expression of Interest) ക്ഷണിക്കുന്നു. താൽപര്യപത്രം സമർപ്പിക്കുന്ന കർഷകരുടെ/കൃഷിക്കൂട്ടങ്ങളുടെ/കർഷക ഉൽപാദന സംഘടനകളുടെ സാങ്കേതിക പരിജ്ഞാനം വിലയിരുത്തി യോഗ്യരായവരുടെ പട്ടിക തയാറാക്കി അവരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുന്നു. രജിസ്റ്റർ ചെയ്ത കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾ സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൃഷി ഭൂമികളിൽ നിന്നും അനുയോജ്യമായവ കണ്ടെത്തി ടെൻഡർ സമർപ്പിക്കുന്നു. സമർപ്പിച്ച ടെൻഡറുകളിൽനിന്നും Quality & Cost Based Selection (QCBS) രീതിയിലൂടെ തിരഞ്ഞെടുക്കുന്ന കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾക്ക് അനുയോജ്യമായ കൃഷി ഭൂമി നിശ്ചയിക്കുന്നു. തുടർന്ന് ഭൂവുടമ, കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾ, കാബ്കോ എന്നിവർ കക്ഷികളായി ഒരു സേവനതല കരാർ (Service Level Agreement) ഒപ്പുവയ്ക്കുന്നു. കൃഷി ഭൂമിയുമായി ബന്ധപ്പെട്ട ഒരു അവകാശങ്ങളും കൈമാറ്റം

ചെയ്യാതെ "കൃഷി ഒരു സേവനമായി" കണക്കാക്കി, ഈ സേവനതല കരാറുകളിലൂടെ തിരഞ്ഞെടുത്ത കർഷകർ/കൃഷിക്കൂട്ടങ്ങൾ/ കർഷക ഉൽപാദന സംഘടനകൾക്ക് കൃഷിക്കായി ഭൂമി നൽകുന്നു. സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങൾക്കും ബാങ്ക് വായ്പ ഉൾപ്പെടെയുള്ള അനുകൂല്യങ്ങൾക്കും പദ്ധതിയിൽ ഭാഗമായ കർഷകൻ അർഹനായിരിക്കും.

കൂടാതെ, 11 മാസക്കാലയളവിൽ വിളവെടുപ്പ് നടത്താവുന്ന ഹ്രസ്വകാല വിളകൾക്ക് പ്രാധാന്യം നൽകി കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകളും ഭൂവുടമയും പരസ്പര കരാറിൽ ഏർപ്പെട്ട് നിയമ സാധുതയോടെ കൃഷി ചെയ്യുക എന്ന ലക്ഷ്യംവച്ച് ക്രോപ്പ് കൾട്ടിവേറ്റേഴ്സ് കാർഡ് ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

(ബി) ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാതെ തന്നെ കൃഷിക്കായി ഭൂമി വിട്ടുനൽകുന്നതിന് പ്രസ്തുത പദ്ധതി വഴി സാധ്യമാണോ; ഇതിലൂടെ ഭൂവുടമകൾക്ക് വരുമാനം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ?

സാധ്യമാണ്. 1963, 1973 വർഷങ്ങളിലെ ഭൂപരിഷ്കരണ നിയമ പ്രകാരം കൃഷിക്കായി ഭൂമി പാട്ടത്തിന് നൽകുന്നത് റദ്ദാക്കിയിട്ടുണ്ട്. ഇതുമൂലം ചെറുകിട/നാമമാത്ര കർഷകർക്കും ഭൂരഹിത കർഷകർക്കും കൃഷി ഭൂമി ലഭ്യമാകുന്നതിന് നിയമ തടസ്സം നിലനിൽക്കുന്നു. നവോ-ധൻ പദ്ധതി കാർഷിക മേഖലയിലെ കൃഷി ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി 1872-ലെ Indian Contract Act അടിസ്ഥാനമാക്കി തയ്യാറാക്കിയ സേവനതല കരാറുകൾ ആധാരമാക്കിയായിരിക്കും പ്രവർത്തിക്കുക. ഈ സേവനതല കരാർ നടപ്പാക്കുന്നതിലൂടെ ഭൂമി സംബന്ധമായി എല്ലാ അവകാശങ്ങളും നിയന്ത്രണവും ഭൂവുടമയിൽത്തന്നെ

നിലനിർത്തിക്കൊണ്ട് കൃഷി ഒരു സേവനമായി കണക്കാക്കി കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾക്ക് കൃഷി ചെയ്യുന്നതിനായി ഭൂമി നൽകാൻ സാധിക്കുന്നു. ആയതിനായുള്ള സേവനതല കരാർ മാതൃക 28-09-2024-ലെ G.O. (Rt)914/2024/Agri. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തിരഞ്ഞെടുത്ത കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾ കൃഷിയിലൂടെ ലഭ്യമാകുന്ന ലാഭത്തിന്റെ ഒരു വിഹിതം അതത് ഭൂവുടമകൾക്ക് നൽകേണ്ടതാണ്. ആയത് കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾ സമർപ്പിക്കുന്ന ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്.

(സി) കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന ഭൂരഹിത യുവാക്കൾക്ക് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനകരമാണ്; വിശദമാക്കുമോ?

ഭൂരഹിതരായ യുവകർഷകർക്ക് കൃഷി ഭൂമി പാട്ടത്തിന് ലഭ്യമാകുന്നതിന് നിയമ തടസ്സങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ നൂതന കൃഷി രീതികൾ അവലംബിച്ച് കൃഷി ചെയ്യുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിന് നവോ-ധൻ പദ്ധതിവഴി സാധ്യമാകുന്നു. കൂടാതെ ഈ പദ്ധതി മുഖാന്തരം വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും മൂല്യശൃംഖല ശാക്തീകരിക്കുന്നതിനും വിള ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനും സാധ്യമാകുന്നു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് തടയുന്നതിന് നടപടി

20(*290) <u>ശ്രീ. ഇ. കെ. വിജയൻ</u>:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) റാഗിങ് ഒഴിവാക്കുന്നതിന് സംവിധാനങ്ങളും നിയമങ്ങളും നിലവിലുണ്ടെങ്കിലും സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് വർധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും റാഗിങ് പോലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അവ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള റാഗിങ് വിരുദ്ധ സംവിധാനങ്ങൾ ഉടനടി കൈക്കൊള്ളുന്നുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട കോളേജുകളിലെ ആന്റി-റാഗിങ് സെല്ലുകൾ പ്രാഥമിക അന്വേഷണം നടത്തുകയും കോളേജ് കൗൺസിലിന്റെകൂടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയരായവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുകയും പരാതിയിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾക്കായി പോലിസ് അന്വേഷണം ആവശ്യപ്പെടാറുമുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് വിരുദ്ധ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയുന്നതിന്റെ ഭാഗമായി ആന്റി-റാഗിങ് കമ്മിറ്റികളും ആന്റി-റാഗിങ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ആന്റി-

റാഗിങ് സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളെയും റാഗിങ് വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന്റെ ഭാഗമായും കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽതന്നെ റാഗിങ് നടത്തുകയോ റാഗിങിന് പിന്തുണ നൽകുകയോ ചെയ്യില്ലെന്നുള്ള സത്യവാങ്മൂലം വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ഒപ്പുവച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് തടയുന്നതിന് വേണ്ടി യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009 വായിച്ച് മനസ്സിലാക്കിയിട്ടുണ്ടെന്നും റാഗിങിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും റാഗിങിൽ ഏർപ്പെട്ടാൽ ഉണ്ടാകാനിടയുള്ള ഭവിഷ്യത്തിനെ സംബന്ധിച്ചും താൻ ബോധവാനാണെന്നും സാക്ഷ്യപ്പെടുത്തുകയാണ് ഈ അണ്ടർടേക്കിങ് പൂരിപ്പിച്ച് സമർപ്പിക്കുന്നതിലൂടെ വിദ്യാർഥികൾ ചെയ്യുന്നത്. പരാതികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി Internal Complaint Committee-കൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള റാഗിങ് നിരോധന നിയമത്തിൽ റാഗിങിനെതിരെ അതിശക്തമായ നിയന്ത്രണങ്ങളും നിബന്ധനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗിങ് നടത്തിയതായി തെളിയിക്കപ്പെട്ടാൽ 2 വർഷംവരെ തടവ് ശിക്ഷയും 10,000 രൂപ പിഴയും വരെ ലഭിക്കാവുന്നതാണ്.

എല്ലാ കോളേജ് ക്യാമ്പസുകളുടെയും വിവിധ ഭാഗങ്ങളിലായി റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാനടപടികളെ

കുറിച്ചുള്ള മുന്നറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്.

റാഗിങ്ങിന് വിധേയമാവുകയോ റാഗിങ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഫോൺ നമ്പറും കോളജുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

വിദ്യാർഥികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെതന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും അവസരമുണ്ട്.

(സി) റാഗിങ്ങിന് ഇരയാകുന്ന വിദ്യാർത്ഥികൾക്ക് നിർഭയമായി പരാതിപ്പെടുന്നതിനും അവർക്ക് ഉടനടി നീതി ലഭ്യമാക്കുന്നതിനും ജുഡീഷ്യൽ സംവിധാനം സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

റാഗിങ്ങിന് ഇരയാകുന്ന വിദ്യാർഥികൾക്ക് നിർഭയമായി പരാതിപ്പെടുന്നതിന് നിലവിൽ സംവിധാനമുണ്ട്. ഇതിനായി ജുഡീഷ്യൽ സംവിധാനം സജ്ജമാക്കുന്നതിനായി ആഭ്യന്തര-നിയമ വകുപ്പുകളുമായും കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നത് പരിശോധിക്കാവുന്നതാണ്.

മൃഗസംരക്ഷണ ഫാമിങ് ചട്ടങ്ങളിലെ ഇളവുകൾ

21(*291) ശ്രീ. എം. എം. മണി:

ശ്രീ. ആന്റണി ജോൺ:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ ഫാമുകൾ തുടങ്ങുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 2024 ജൂലൈ 28-ാം തീയതിയിലെ സ.ഉ.(അ)നമ്പർ 40/2024/തസ്വവ. എന്ന നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും 2024 ജൂലൈ 30-ാം തീയതിയിലെ 2456-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 658/2024 നമ്പരായി 2024-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പുതുക്കി കേരള സർക്കാർ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത ഇളവുകൾ മൃഗസംരക്ഷണ ഫാമിങ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നുവരുന്നതിനും തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുന്നതിനും സഹായകമാവുമോ; വിശദാംശം നൽകാമോ?

2024-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിലവിൽ വന്നതോടുകൂടി ഫാമിങ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമായിട്ടുണ്ട്. ഈ ചട്ടപ്രകാരം ഒരു ലൈവ്സ്റ്റോക്ക്/പൗൾട്രി ഫാം നടത്തുന്നതിന് ലൈസൻസ് ആവശ്യമായ മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണത്തിൽ വർധന വരുത്തിയിട്ടുണ്ട്. കൂടാതെ ഫാം നടത്തുന്നതിനാവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ

വിസ്തൃതിയിലും മാറ്റം വരുത്തിയിട്ടുണ്ട്.

കാട ഫാം, ടർക്കി ഫാം, എമു ഫാം, ഒട്ടകപക്ഷി ഫാം എന്നിവയുടെ എണ്ണവും പുതിയ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലൈവ്സ്റ്റോക്ക് ഫാമുകളിൽ മുതിർന്ന മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിക്കുന്നതോ അവയുടെ എണ്ണത്തിനനുസൃതമായ ക്ലാസ് തിരിവിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതെല്ലാം ഫാമിങ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നുവരുന്നതിന് സഹായിക്കുന്നവയാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധാരണക്കാരായ കർഷക കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും പന്നി ഫാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ചട്ടങ്ങളിൽ വളരെയധികം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഏതൊക്കെ ഫാമുകൾക്കാണ് ലൈസൻസ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മറ്റ് എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

പത്ത് മൃഗങ്ങൾ വരെയുള്ള കന്നുകാലി ഫാമിനെയും അൻപത് മൃഗങ്ങൾ വരെയുള്ള ആട് ഫാമിനെയും അഞ്ച് മൃഗങ്ങൾ വരെയുള്ള പന്നി ഫാമിനെയും അമ്പത് മൃഗങ്ങൾ വരെയുള്ള മുയൽ ഫാമിനെയും അഞ്ഞൂറ് പക്ഷികൾ വരെയുള്ള പൗൾട്രി ഫാമിനെയും ആയിരം പക്ഷികൾ വരെയുള്ള കാട ഫാമിനെയും അൻപത് പക്ഷികൾ വരെയുള്ള ടർക്കി ഫാമിനെയും പതിനഞ്ച് പക്ഷികൾ വരെയുള്ള എമു ഫാമിനെയും രണ്ട് പക്ഷികൾ വരെയുള്ള

ഒട്ടക പക്ഷി ഫാമിനെയും ലൈസൻസ് നേടുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

•പഞ്ചായത്ത് ഫാം ലൈസൻസ് ചട്ടങ്ങളിൽ മൃഗങ്ങളുടെ പ്രായം പരിഗണിക്കാതെയാണ് എണ്ണം കണക്കാക്കിയിരുന്നതെങ്കിൽ പുതുക്കിയ ചട്ടങ്ങളിൽ മുതിർന്ന മൃഗങ്ങളെ കൃത്യമായി നിർവ്വചിക്കുന്നുണ്ട്.

•ലൈസൻസ് ആവശ്യമായ മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണത്തിൽ വർധന വരുത്തിയിട്ടുണ്ട്. അതായത് കന്നുകാലി ഫാമിന് അഞ്ച് മൃഗങ്ങൾവരെ നിലവിൽ ലൈസൻസ് ആവശ്യമില്ലായിരുന്നു. ആയത് പത്ത് മൃഗങ്ങൾ വരെയായി ഉയർത്തിയിട്ടുണ്ട്.

•ഫാം സ്ഥാപിക്കുന്നതിനാവശ്യമായ കുറഞ്ഞ സ്ഥലത്തിന്റെ അനുപാതത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതായത് ഒരു കന്നുകാലിക്ക് കുറഞ്ഞത് ഒരു സെന്റ് ഭൂമി ആവശ്യമാണ് എന്നുള്ളത് മൂന്ന് കന്നുകാലികൾക്ക് ഒരു സെന്റ് എന്നാക്കി മാറ്റിയിട്ടുണ്ട്.

•ലൈസൻസ് ആവശ്യമില്ലെങ്കിൽ പോലും 5 മുതൽ 10 വരെ മുതിർന്ന മൃഗങ്ങളുള്ള കന്നുകാലി ഫാമുകളിലും 100 മുതൽ 500 വരെ പക്ഷികളുള്ള ഫാമുകളിലും 5-ൽത്താഴെ പന്നികളെ വളർത്തുന്ന ഫാമുകളിലും മാലിന്യങ്ങൾ കൈയൊഴിക്കുന്നതിന് വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശങ്ങളിലെ പന്നി ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള പ്രത്യേക വ്യവസ്ഥകളും ഭേദഗതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, അപ്പാർട്ടുമെന്റുകൾ, വീടുകൾ എന്നിവയിൽനിന്നുള്ള ഭക്ഷണാവശിഷ്ടങ്ങളും കശാപ്പുശാല

മാലിന്യങ്ങളും പന്നികൾക്ക് നൽകാവുന്നതാണ്. പന്നി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളിൽ അത്തരം ഭക്ഷണാവശിഷ്ടങ്ങളുടെ ഉറവിടങ്ങൾ വ്യക്തമായി പരാമർശിക്കണം. പന്നി ഫാമുകളിലേക്ക് ഭക്ഷണാവശിഷ്ടങ്ങൾ കൊണ്ടുപോകുന്നതിന് കർശനമായ വ്യവസ്ഥകളും നിർദേശിക്കുന്നുണ്ട്.

കായിക മേഖലയുടെ ഉന്നമനം

22(*292) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കായികമേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതികളും നിക്ഷേപങ്ങളും ആകർഷിക്കുന്നതിന് 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽവച്ച് അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റ് സംഘടിപ്പിച്ചിരുന്നു. വിവിധ മേഖലകളിലായി നിരവധി പദ്ധതികളും നിക്ഷേപ വാഗ്ദാനങ്ങളും ഈ സമ്മിറ്റിൽ ലഭ്യമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന

സൗകര്യ വികസനം, അടിസ്ഥാന കായിക പരിശീലനം, ഇ-സ്പോർട്സ്, ലീഗുകൾ എന്നീ വിഭാഗങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജൂഡോ, ബോക്സിങ്, റസ്ലിങ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളിൽ കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് അന്താരാഷ്ട്ര എക്സ്പോഷർ ലഭിക്കുന്നതിന് കൃബയുമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

പ്രഗത്ഭരായ കായികതാരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എല്ലാ വർഷവും വിവിധ ജില്ലകളിൽ 6-ാം ക്ലാസ്സ് മുതലുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. 21 കായിക ഇനങ്ങളിലായി വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലേക്ക് കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു.

നീന്തലിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും നിയന്ത്രണത്തിലുള്ള നീന്തൽക്കുളങ്ങളിൽ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, കോട്ടയം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ നീന്തൽ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വനിതാ ഫുട്ബോളിൽ അന്തർദേശീയ നിലവാരം ലക്ഷ്യം കണ്ടുകൊണ്ട് അണ്ടർ 14

വനിതാ അക്കാദമി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ഹട്ടപ്പ്സ്, സ്പിന്റ്, ഹെൽത്തി കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ, സ്പ്ലാഷ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കായിക മേഖലയെ ദേശീയ, അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിങ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ഖേലോ ഇന്ത്യ പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലും കേരള ഒളിമ്പിക് അസോസിയേഷനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എലൈറ്റ് സ്കീം പദ്ധതി സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. പത്തിനും പതിനാലിനും ഇടയിൽ പ്രായമുള്ള പ്രതിഭകളായ കുട്ടികളെ തിരഞ്ഞെടുത്ത് ദീർഘകാലാടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകി പരിശീലന സഹായത്തിനുള്ള പദ്ധതി തയ്യാറാക്കി സ്പോൺസർമാരുമായി ചർച്ച ചെയ്തു വരുന്നു. CSR

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ട് കണ്ടെത്താനുള്ള ശ്രമവും നടക്കുന്നു. അതോടൊപ്പം സംസ്ഥാന കായിക വികസനവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ ശില്പശാലകൾ സംഘടിപ്പിച്ച് പരിശീലകരെയും കായിക സംഘടനകളെയും കാലത്തിന് അനുസരിച്ചുള്ള പ്രവർത്തനശൈലി രൂപീകരണത്തിന് പാകപ്പെടുത്തുന്നുമുണ്ട്.

ഒളിമ്പിക്സ് നടത്തിപ്പിനായി പ്രവർത്തിക്കുന്ന നോൺ-ഗവൺമെന്റൽ ഓർഗനൈസേഷനാണ് IOC. സർക്കാരിൽനിന്ന് ഗ്രാന്റ് കൈപ്പറ്റരുതെന്ന് ഒളിമ്പിക് ചാർട്ടർ നിഷ്കർഷിക്കുന്നുണ്ട്.

(സി) ലോകോത്തര നിലവാരത്തിലെത്താൻ സാധ്യതയുള്ള കുട്ടികളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അതിനുള്ള പരിശീലനം നൽകുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതികളും നിക്ഷേപങ്ങളും ആകർഷിക്കുന്നതിന് 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽവച്ച് അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റ് സംഘടിപ്പിച്ചിരുന്നു. വിവിധ മേഖലകളിലായി നിരവധി പദ്ധതികളും നിക്ഷേപ വാഗ്ദാനങ്ങളും ഈ സമ്മിറ്റിൽ ലഭ്യമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനം, അടിസ്ഥാന കായിക പരിശീലനം, ഇ-സ്പോർട്സ്, ലീഗുകൾ എന്നീ വിഭാഗങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രതിഭയുള്ള കായിക താരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എല്ലാവർഷവും വിവിധ ജില്ലകളിൽ 6-ാം ക്ലാസ്സ് മുതലുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. 21 കായിക ഇനങ്ങളിലായി വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് അക്കാഡമികളിലേക്ക് കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു.

നീന്തലിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും നിയന്ത്രണത്തിലുള്ള നീന്തൽക്കുളങ്ങളിൽ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, കോട്ടയം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ നീന്തൽ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വനിതാ ഫുട്ബോളിൽ അന്തർദേശീയ നിലവാരം ലക്ഷ്യം കണ്ടുകൊണ്ട് അണ്ടർ 14 വനിതാ അക്കാദമി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി ഹൂപ്പ്സ്, സ്പിന്റ്, ഹെൽത്തി കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ, സ്പ്ലാഷ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കായിക മേഖലയെ ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട്

കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിങ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഖേലോ ഇന്ത്യ പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

മൃഗസംരക്ഷണമേഖലയിൽ ഫാം ടൂറിസം പദ്ധതി

23(*293) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി സി. കെ. ആശ:

ശ്രീ. പി. എസ്. സുപാൽ:

ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) കൃഷി, മൃഗപരിപാലനം, മത്സ്യകൃഷി എന്നിവ ഉൾപ്പെടുത്തി സംയോജിതകൃഷി നടത്തുന്ന മൃഗസംരക്ഷണ മേഖലയിലെ ഫാം ടൂറിസം സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി, മൃഗപരിപാലനം, മത്സ്യകൃഷിപോലുള്ള മേഖലകളെല്ലാം ഉൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിലെ ഫാം ടൂറിസത്തിന് മികച്ച സാധ്യതകളുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിൽ കൊല്ലം ജില്ലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തിന്റെ സഹായത്തോടെ ഫാം ടൂറിസം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 25-10-2021-ലെ തീരുമാനം നം.20/21-22 പ്രകാരം ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നുണ്ട്. മൃഗപരിപാലനം, പച്ചക്കറികൃഷി, മത്സ്യകൃഷി എന്നിവ സംയോജിപ്പിച്ച രീതിയിലാണ് പ്രസ്തുത ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(ബി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിന് ഫാം ടൂറിസം പദ്ധതി സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിന് ഫാം ടൂറിസം പദ്ധതി സഹായകരമാണ്. സ്വാഭാവികമായി ഈ മേഖലയിൽനിന്ന് ലഭിക്കുന്ന വരുമാനത്തിന് പുറമേ വിനോദസഞ്ചാരികൾ, വിദ്യാർഥികൾ, ടൂറിസം മേഖല എന്നിവ മുഖാന്തരവും മികച്ച വരുമാനത്തിനുള്ള സാധ്യതയാണുള്ളത്.

(സി) പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിൽ ജില്ലാ പഞ്ചായത്തിന് കൈമാറി നൽകിയ സ്ഥാപനം എന്ന നിലയിൽ കൊല്ലം ജില്ലാ പഞ്ചായത്തുമായി സഹകരിച്ചാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ടൂറിസം വകുപ്പുമായി സഹകരിച്ച് നിലവിൽ പദ്ധതികളില്ല.

(ഡി) ഫാം ടൂറിസത്തിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുമായി ഓൺലൈൻ സൗകര്യങ്ങളൊരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഫാം ടൂറിസത്തിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുമായി നിലവിൽ ഓൺലൈൻ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.

ഇലക്ട്രിക് വാഹനമേഖലയിൽ ഗവേഷണവും പരിശീലനവും

24(*294) ശ്രീ. എം. മുകേഷ്:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ഗവേഷണവും പരിശീലനവും നൽകുന്നതിന് ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. ഇ-മൊബിലിറ്റിയുടെ ഗവേഷണം, നവീകരണം, നൈപുണ്യ വികസനം എന്നിവയ്ക്കായി പാപ്പനംകോട് ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ്

എഞ്ചിനീയറിങ്ങിൽ സെന്റർ ഓഫ് എക്സലൻസ് സജ്ജീകരിക്കുന്നതിന് 30-05-2023-ലെ G.O. (Rt)No.209/2023/Trans ഉത്തരവുപ്രകാരം 95 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഇലക്ട്രിക് വാഹന രംഗത്ത് ഗവേഷണം, നവീകരണം, വൈദഗ്ധ്യം, ഗ്രീൻ മൊബിലിറ്റിക്കുള്ള വികസനവും സംരംഭകത്വവും എന്നിവയ്ക്കായി ഒരു ഇക്കോസിസ്റ്റം രൂപീകരിക്കുക, വ്യവസായത്തിലേക്കും അക്കാദമിയിലേക്കും അറിവും ആശയങ്ങളും പരിഹാരങ്ങളും കൈമാറുന്നതിനും ഗവേഷണത്തിനും നവീകരണത്തിനുമായി വൈവിധ്യമാർന്ന അനുഭവങ്ങളും സൗകര്യങ്ങളുമുള്ള വൈദഗ്ധ്യത്തിന്റെ ശക്തമായ ഒരു ബന്ധം സൃഷ്ടിക്കുക എന്നിവയാണ് പ്രാധാന ഉദ്ദേശ്യങ്ങൾ.

പരിശീലനം, വർക്ക്ഷോപ്പുകൾ, ഇന്റേൺഷിപ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വിദഗ്ധ ചർച്ചകൾ, ഫാക്കൽറ്റി വികസനം തുടങ്ങിയ സാങ്കേതിക പരിപാടികൾ പ്രസക്തമായ മേഖലകളിൽ നടത്താനും പദ്ധതി ഉദ്ദേശ്യമിടുന്നു.

NEP (ദേശീയ വിദ്യാഭ്യാസ നയം) നടപ്പിലാക്കുകയും വ്യവസായവും അക്കാദമിയും തമ്മിലുള്ള അന്തരം നികത്തുകയും ചെയ്യുക, ഡിസൈൻ, ഗവേഷണം, പ്രോട്ടോടൈപ്പിങ് എന്നിവയ്ക്കായി മികച്ച ലോകോത്തര സമ്പ്രദായങ്ങൾ നൽകുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്.

(സി) ഇ-മൊബിലിറ്റി പ്രൊമോഷന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

പാരമ്പര്യേതര ഊർജ ഉപയോഗം വർധിപ്പിക്കുന്നതിനും പുനരുപയോഗ ഊർജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതികാഘാതം ലഘൂകരിക്കുന്നതിനും വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഒരു ഇലക്ട്രിക് വെഹിക്കിൾ പോളിസി 10-03-2019-ലെ സ.ഉ.(കൈ.)നം.24/2019/ഗതാ. ഉത്തരവുപ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. വൈദ്യുത വാഹനങ്ങളുടെ പ്രചാരണത്തിൽ ചാർജിങ് സൗകര്യങ്ങളുടെ അഭാവം ഒരു പ്രധാന തടസ്സമാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് KSEB, ANERT, KSRTC എന്നിവരുമായി സഹകരിച്ച് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

a) ANERT വഴി വിവിധ ഓഫീസുകളിൽ 315 ലക്ഷം രൂപ ചെലവിൽ 35 ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പുരോഗമിച്ചുവരികയാണ്.

b) സ്വകാര്യ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 64 ലക്ഷം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ANERT വഴിയാണ് സബ്സിഡി വിതരണം ചെയ്യുന്നത്.

c) KSEB-യുടെ സഹായത്തോടെ 32 ചാർജിങ് സ്റ്റേഷനുകളും ചാർജിങ് സൗകര്യങ്ങളും പൊതുജനങ്ങൾക്കായി സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 5 കോടി രൂപ KSEB-ക്ക് നൽകിയിട്ടുണ്ട്.

d) പൊതുഗതാഗതത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വളരെ ഉപയോഗപ്രദമാകുമെന്ന വസ്തുതയും ഏറ്റവും കൂടുതൽ ഇലക്ട്രിക് ബസ്സുകളുള്ള ഈ മേഖലയിലെ

പ്രധാന പങ്കാളികളിലൊന്നാണ് കെ.എസ്.ആർ.ടി.സി. എന്നതും കണക്കിലെടുത്ത് തിരുവനന്തപുരം സെൻട്രൽ, പാപ്പനംകോട് ഡിപ്പോകളിൽ ഹൈസ്പീഡ് ഫാസ്റ്റ് ചാർജിങ് സൗകര്യം സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദ റോഡ് ഗതാഗത മാർഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ജനപ്രിയമാക്കുന്നതിനുമുള്ള മറ്റ് സംരംഭങ്ങൾ ചുവടെ ചേർത്തിട്ടുണ്ട് :

1. ശബരിമല സേഫ് സോൺ പദ്ധതി പ്രകാരം ഗതാഗത നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിലൂടെ വാഹന മലിനീകരണം കുറയ്ക്കാനും പ്രവർത്തനച്ചെലവ് കുറയ്ക്കാനും ഫലപ്രദമായി സഹായിച്ചിട്ടുണ്ട്.

2. വിവിധ സ്റ്റേക്ക് ഹോൾഡർമാരുമായി സഹകരിച്ച് ഇലക്ട്രിക് വാഹനങ്ങൾ, ബാറ്ററികൾ, ചാർജിങ് ഉപകരണങ്ങൾ, ചാർജിങ് സ്റ്റേഷനുകൾ മുതലായവയെക്കുറിച്ചുള്ള ചർച്ചകളും പുതിയ സാങ്കേതിക പ്രദർശനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഇ-മൊബിലിറ്റി എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി EVOLVE 2022 സംഘടിപ്പിച്ചിട്ടുണ്ട്.

3. ഇലക്ട്രിക് വാഹനങ്ങളുടെ പ്രോത്സാഹനത്തിനും ഇതേ മേഖലയിലെ റിസർച്ച് & ഡെവലപ്മെന്റിനും ചുവടെ ചേർത്തിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്:

(i) 15 MVD ഓഫീസുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കൽ - 24-11-2022-ലെ G.O.(Rt)No.496/2022/Trans. പ്രകാരം 15 എം.വി.ഡി. ഓഫീസുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 135 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ആയതുപ്രകാരം ചാർജിങ് സ്റ്റേഷൻ വിവിധ ഓഫീസുകളിൽ

സ്ഥാപിക്കുന്നതിന് അനെർട്ടിന് ചുമതല നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

(ii) സർക്കാരിന്റെ നൂറുദിന പരിപാടിയോടനുബന്ധിച്ച് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇ-വാഹന നയത്തിന് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. 2024-25 സാമ്പത്തിക വർഷം 1000 ഇ-ഓട്ടോറിക്ഷകൾക്ക് 3,00,00,000/- രൂപ സബ്സിഡി സർക്കാർ അനുവദിക്കുകയും, അതനുസരിച്ച് 1000 ഗുണഭോക്താക്കൾക്ക് ഇ-സബ്സിഡി നൽകിയിട്ടുണ്ട്.

(iii) Green Hydrogen prototype പ്ലാന്റ് നിർമ്മിക്കുക എന്ന പദ്ധതിക്ക് രൂപകൽപ്പന ചെയ്യുന്നതിന്റെ ഭാഗമായി 23 ലക്ഷം രൂപ സാമ്പത്തിക സഹായം മൂന്ന് ഘട്ടമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോളേജ് ഓഫ് എഞ്ചിനീയറിങ് നൽകിയ പ്രൊപ്പോസൽ ഗതാഗത കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആദ്യത്തെ ഘട്ടം പൂർത്തീകരിക്കുന്നതിന് 3 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(iv) മോട്ടോർ വാഹനങ്ങൾ വൈദ്യുത വാഹനങ്ങളാക്കി മാറ്റുന്നതിനും നിലവിലുള്ള വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുമായി മോട്ടോർ വാഹന വകുപ്പിന്റെ 20 ഓഫീസുകളിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനെർട്ടിനെ ഏൽപ്പിക്കുകയും ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിച്ചുവരികയുമാണ്.

(v) പൊതു ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സംരംഭകർക്കും സ്വകാര്യ വ്യക്തികൾക്കും ബെഞ്ച് മാർക്ക് വിലയുടെ 25% വരെ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 42.25 ലക്ഷം രൂപ 19 സംരംഭകർക്ക് അനെർട്ട് നൽകിയിട്ടുണ്ട്.

(vi) കെ.എസ്.ആർ.ടി.സി-യിൽ ഇലക്ട്രിക് വെഹിക്കിൾ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി 200 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി-ക്ക് കൈമാറിയിട്ടുണ്ട്.

(vii) ഇ-മൊബിലിറ്റിയുടെ ഗവേഷണം, നവീകരണം, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമിടുന്ന സെന്റർ ഓഫ് എക്സലൻസ് നടപ്പിലാക്കുന്നതിനുള്ള ശ്രീചിത്തിര തിരുനാൾ കോളേജ്, പാപ്പനംകോട് സമർപ്പിച്ച പ്രൊപ്പോസലിന് 95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പഴവർഗ്ഗ വികസന പദ്ധതി

25(*295) ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി പഴവർഗ്ഗ വികസന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഫലവൃക്ഷ തൈകൾ നടുന്നതിനും ഫലവർഗ്ഗ കാർഷിക വിസ്തൃതി വ്യാപിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികളിലൂടെ ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കി വരുന്ന പഴവർഗ്ഗ പുഷ്പ-ഔഷധ സസ്യ കൃഷി വികസന പദ്ധതിയിൻ കീഴിൽ പഴവർഗ്ഗങ്ങളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **"ഫലവൃക്ഷ തൈകളുടെ വിതരണം"**:- പദ്ധതി ഘടകത്തിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശ ഫലവർഗ്ഗങ്ങളും വീട്ടുവളപ്പിലും പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് വിഷരഹിത ഫലവർഗ്ഗങ്ങൾ ഉൽപാദിപ്പിക്കുന്നതിനും പുതിയ വിദേശ ഇനങ്ങൾ കർഷകർക്ക പരിചയപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവകലാശാല, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ (KSAMM)-ന്റെ കീഴിലുള്ള കാർഷിക കർമ്മസേന/അഗ്രോ സർവീസ് സെന്റർ, കുടുംബശ്രീ, ആറളം ഫാമിങ് കോർപ്പറേഷൻ തുടങ്ങിയ അംഗീകൃത ഏജൻസികൾ മുഖേന വിവിധ ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ വാഴ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ തൈകൾ എന്നിവ 75% സബ്സിഡിയോടുകൂടിയും ഫലവൃക്ഷ

തൈകൾ പൂർണ്ണമായും സൗജന്യമായുമാണ് നൽകിവരുന്നത്. ഫലവർഗ്ഗ വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്.

പദ്ധതി പ്രകാരം പ്ലാവ്, മാവ്, മാതളം സപ്പോട്ട, പേരയ്ക്ക, നാരക ഇനങ്ങൾ, ചാമ്പ ഇനങ്ങൾ, കൂടംപുളി, പപ്പായ, ടിഷ്യുകൾച്ചർ വാഴ ഇനങ്ങൾ, സീതപ്പഴം, പാഷൻഫ്രൂട്ട്, അവക്കാഡോ, റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ, ഡ്രാഗൺഫ്രൂട്ട് തുടങ്ങിയ ഇനങ്ങളാണ് 2024-25 സാമ്പത്തിക വർഷത്തിൽ വിതരണം നടത്തിയത്.

ഒരുകോടി ഫലവൃക്ഷത്തൈ വിതരണം പദ്ധതി പ്രകാരം 2021-22 മുതൽ നാളിതുവരെ 187.34 ലക്ഷം ഗുണമേന്മയുള്ള ഫലവൃക്ഷ തൈകൾ വിതരണം നടത്തിയിട്ടുണ്ട്.

2. **'ഫലവൃക്ഷ ക്ലസ്റ്ററുകളുടെ' രൂപീകരണം.**- 2024-25 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്ന മറ്റൊരു പദ്ധതി ഘടകമാണ്. പദ്ധതി പ്രകാരം കാർഷിക പാരിസ്ഥിതിക മേഖല അടിസ്ഥാനമാക്കി 1000 ഹെക്ടർ വിസ്തൃതിയിൽ മാവ്, പ്ലാവ്, റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ, വാഴ, ടിഷ്യുകൾച്ചർ വാഴ, പപ്പായ, ഡ്രാഗൺഫ്രൂട്ട്, അവക്കാഡോ തുടങ്ങിയ വിവിധ വിളകളുടെ ക്ലസ്റ്ററുകളാണ് രൂപീകരിക്കുന്നത്. വാഴ, പപ്പായ തുടങ്ങിയ വിളകളിൽ നൂതന സാങ്കേതികവിദ്യയായ തുള്ളിനന അവലംബിച്ചുള്ള കൃഷിക്കും ആനുകൂല്യം നൽകുന്നുണ്ട്. 1000 ഹെക്ടർ സ്ഥലത്ത് ഫലവൃക്ഷ ക്ലസ്റ്ററുകളുടെ രൂപീകരണം ലക്ഷ്യമിട്ടതിൽ നാളിതുവരെ 735 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ

ഉൽപാദനവും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ ഫലവൃക്ഷ തൈകൾ നടുന്നതിനും ഫലവർഗ്ഗ വിസ്തൃതി വ്യാപിപ്പിക്കുന്നതിനുമായി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

1) വിളവിസ്തൃതി വ്യാപനം:- ഡ്രാഗൺ ഫ്രൂട്ട്, സ്ട്രോബെറി, വാഴ, കൈതച്ചക്ക, അവക്കാഡോ, മാവ്, പ്ലാവ്, റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ, പാഷൻ ഫ്രൂട്ട് തുടങ്ങിയ വിളകൾ 2025 ഹെക്ടറിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ 1656 ഹെക്ടറിൽ പുതിയ തോട്ടങ്ങൾ തയ്യാറാക്കി.

2) രാഷ്ട്രീയ വികാസ് യോജനയുടെ ഭാഗമായ ഫലവർഗ്ഗ പോഷകത്തോട്ട പദ്ധതി പ്രകാരം 1000 ഹെക്ടർ സ്ഥലത്ത് പഴവർഗ്ഗത്തോട്ടങ്ങൾ തയ്യാറാക്കുന്നതിന് പ്രവർത്തനങ്ങൾ നടത്തുകയും 654.9 ഹെക്ടറിൽ ഫലവർഗ്ഗ പോഷകത്തോട്ടങ്ങൾ തയ്യാറാക്കുകയും ചെയ്തു.

3) കയറ്റുമതി അധിഷ്ഠിത വാഴകൃഷി:- 1250 ഹെക്ടറിൽ കയറ്റുമതി അധിഷ്ഠിത വാഴകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ 1192 ഹെക്ടറിൽ നാളിതുവരെ വാഴകൃഷി വ്യാപനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കേരളത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള 64 ഫാമുകളിൽ ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ലെയറുകൾ, തൈകൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 6.81 ലക്ഷം ഗ്രാഫ്റ്റുകളും 3.35 ലക്ഷം ലെയറുകളും 34.5 ലക്ഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൈകളും ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 39 ഫാമുകളിൽ 117.8 ഹെക്ടർ സ്ഥലത്ത് മാവ്, പ്ലാവ്, സിട്രസ് വർഗ്ഗങ്ങൾ, സപ്പോട്ട, വെസ്റ്റ് ഇന്ത്യൻ ചെറി, പേരയ്ക്ക തുടങ്ങിയവയുടെ പ്രോജനി ഓർച്ചാർഡുകൾ പരിപാലിച്ചുവരുന്നു. വിദേശ ഫല സസ്യങ്ങളായ റമ്പൂട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, പുലാസാൻ, ലോങ്ങൻ, ബറാബ, മാങ്കോസ്റ്റീൻ, ദുരിയൻ, സ്റ്റാബെറി, ലിച്ചി, സ്റ്റാർ ഫ്രൂട്ട്, മിൽക്ക് ഫ്രൂട്ട്, അഭിയു, മിറക്കിൾ ഫ്രൂട്ട്, ജബൂട്ടിക്കാബാ, സോർസോപ് തുടങ്ങിയവയും 74.45 ഹെക്ടർ സ്ഥലത്ത് 25 ഫാമുകളിലായി കൃഷി ചെയ്തുവരുന്നു.

കായികക്ഷമതയുള്ള യുവതലമുറ

26(*296) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കായികക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കായികക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുകയും കായിക രംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടിയും ഹൂപ്പ്സ്, സ്പിന്റ്, ഹെൽത്തി കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ എന്നീ പദ്ധതികൾ

നടപ്പാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

കായികക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കായിക ക്ഷമത മിഷൻ. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിലവിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ 14 ജില്ലകളിലും എല്ലാ വർഷവും പ്രത്യേക മാനദണ്ഡപ്രകാരം ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാദമികൾ എന്നിവയിലേക്ക് കായിക താരങ്ങളെ തിരഞ്ഞെടുത്ത് മികച്ച പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതികളിലെ കായികതാരങ്ങൾക്ക് സൗജന്യമായി താമസസൗകര്യം, ഭക്ഷണം, സ്പോർട്സ് കിറ്റ്, മെഡിക്കൽ അലവൻസ് എന്നിവ നൽകുന്നുണ്ട്.

(ബി) കായികരംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വിവിധ സംരംഭങ്ങൾ നിലവിലുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

•കിഫ്ബി ഫണ്ടിങ് ഉപയോഗിച്ച് 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും 44 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി സ്റ്റേഡിയങ്ങളുടെയും വികസനം.

•എം.എൽ.എ.-എ.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

•സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി ആവശ്യാനുസരണം നിലവിലുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനം.

•രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഖേലോ ഇന്ത്യ പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കിവരുന്നു.

കൂടാതെ, സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുക, അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത് ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "ഒരു പഞ്ചായത്തിന് ഒരു കളിക്കളം" എന്ന പദ്ധതി. ഈ പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത്, നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർ കോർട്ട്, മാനസിക/ശാരീരികശേഷി വർധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷവും കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഉണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് പ്രവൃത്തിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. ലാൻഡ്

ഡെവലപ്മെന്റ്, കോർട്ടുകളുടെ നിർമ്മാണം, മഡ് കോർട്ടുകളുടെ നിർമ്മാണം, ഫിറ്റ്നസ് പവിലിയൻ, ഇൻഡോർ സൗകര്യങ്ങൾ, കായിക ഉപകരണങ്ങൾ, ടോയ്ലെറ്റ്, കഫറ്റേരിയ, ചെയിഞ്ചിങ് റൂമുകളുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, മെയിന്റനൻസ് എന്നിവ ഉൾപ്പെടുത്തിയ വിശദമായ മാർഗനിർദേശങ്ങൾ പദ്ധതിക്കായി പുറപ്പെടുവിച്ചിട്ടുണ്ട്. കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പദ്ധതിയുടെ നിർവഹണ ഏജൻസി. ഇത് നടപ്പിൽവരുന്നതോടെ പ്രാദേശികമായി എല്ലാ പഞ്ചായത്തുകളിലും കായിക സൗകര്യങ്ങൾ വികസിക്കപ്പെടുകയും അത് കായികക്ഷമതയുള്ള ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിനും യുവതലമുറയെ കായികമേഖലയിലേക്ക് ആകർഷിക്കുന്നതിനും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യമൊരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കായിക വികസന നിധിയിൽനിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം ദേശിയ/അന്തർദേശിയ നിലവാരമുള്ള കായികതാരങ്ങൾക്ക് കായിക മത്സരത്തിൽ പങ്കെടുക്കുന്നതിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾപ്രകാരം സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ 2028-ലെ ഒളിമ്പിക്സ് ലക്ഷ്യംവച്ച് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ട്. ദേശിയ/അന്തർദേശീയ തലത്തിൽ നേട്ടങ്ങളുണ്ടാക്കാൻ കഴിവുള്ള കായിക താരങ്ങളെ കണ്ടെത്തി അവരെ രാജ്യാന്തര തലത്തിൽ മികച്ച പ്രകടനം നടത്താൻ

സഹായിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മികച്ച കായികതാരങ്ങളിൽനിന്ന് അപേക്ഷ ക്ഷണിച്ച് 10 കായിക താരങ്ങളെ കണ്ടെത്തി ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതം 50 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് പദ്ധതിയിലൂടെ നടപ്പാക്കുന്നത്.

കൂടാതെ, സംസ്ഥാനത്തെ കായിക താരങ്ങളെ ദേശീയ/അന്തർദേശീയ തലത്തിലേക്കുയർത്തുന്നതിനുവേണ്ടി അതത് കായിക ഇനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ശാസ്ത്രീയമായ പരിശീലന സൗകര്യമൊരുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് എന്ന പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

അത്‌ലറ്റിക്സ് കായികയിനത്തിൽ പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എലൈറ്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. അവർക്ക് സായി എൽ.എൻ.സി.പി.ഇ. കാര്യവട്ടം പരിശീലന സെന്ററിൽ മികച്ച പരിശീലനം നൽകിവരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും എലൈറ്റ് പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടുതൽ കായിക ഇനങ്ങളെ എലൈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരണം

27(*297) ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. 2000-ലെ കേരള സ്പോർട്സ് ആക്ട്, 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരം കോർപറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് 29-12-2021-ലെ സ.ഉ.(കൈ)നം. 304/2021/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കായിക പ്രവർത്തനങ്ങൾ താഴെത്തട്ടിൽ സജീവമാക്കാനും ശാരീരിക ക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിലുകളെ പങ്കാളികളാക്കി വരികയാണ്.

പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ നിലവിൽവന്നിട്ടുള്ള ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	എണ്ണം
തിരുവനന്തപുരം	62
കൊല്ലം	40
പത്തനംതിട്ട	53
ആലപ്പുഴ	65
കോട്ടയം	61

ഇടുക്കി	49
എറണാകുളം	55
തൃശ്ശൂർ	84
പാലക്കാട്	87
മലപ്പുറം	81
കോഴിക്കോട്	70
വയനാട്	23
കണ്ണൂർ	71
കാസർഗോഡ്	19
ആകെ	**820**

(ബി) കായികരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഇതുവഴി ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

കായിക വികസനം ഊർജിതമാക്കാനും ചെറുപ്രായത്തിൽത്തന്നെ മികച്ച കായിക പരിശീലനം നൽകാനും മുഴുവൻ ജനങ്ങളെയും ശാരീരിക ക്ഷമത പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുവാനുമാണ് പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴെത്തട്ടുകൾ കായിക സംസ്കാരം വളർത്താനും ഗ്രാമീണ, നഗര പ്രദേശത്തിലെ കുട്ടികൾക്കിടയിൽ അടിസ്ഥാന കായിക പരിശീലനം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്പോർട്സ് കൗൺസിലുകൾ മുഖേന ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ

രൂപീകരിച്ചിട്ടുള്ളത്.

കായിക പ്രവർത്തനങ്ങൾ താഴെത്തട്ടിൽ സജീവമാക്കാനും ശാരീരികക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രസക്തമായ സംവിധാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിൽ.

ട്രാൻസ്ജെൻഡറുകൾക്കായി കലാട്ടൂപ്പ്

28(*298) ശ്രീമതി ദെലീമ:

ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡറുകളുടെ സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക കലാട്ടൂപ്പ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

ഉണ്ട്. കലാപരമായി മികവ് പുലർത്തുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ടി മേഖലയിൽ കൂടുതൽ ശോഭിക്കുന്നതിനും അവരുടെ സർഗാത്മകശേഷി കൂടുതൽ മെച്ചപ്പെട്ട നിലയിൽ വിനിയോഗിക്കുന്നതിനും അവസരമൊരുക്കുന്നതിനായി ഒരു ട്രാൻസ്ജെൻഡർ കലാടീം രൂപീകരിക്കുന്ന പദ്ധതി 'അനന്യം' എന്ന പേരിൽ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ഗുരു ഗോപിനാഥ് നടനഗ്രാമത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

(ബി) ഏതൊക്കെ കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോഗ്രാമാണ് സജ്ജമാക്കുന്നതെന്നും കൃത്യമായ വരുമാനം ഉറപ്പുവരുത്തുന്നുണ്ടോയെന്നും വിശദമാക്കുമോ?

ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന അനന്യം പദ്ധതിയുടെ ആദ്യഘട്ടത്തിൽ നൃത്തം, അഭിനയം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് 2 മണിക്കൂർ ദൈർഘ്യമുള്ള പരിപാടിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സർക്കാർ/പ്രാദേശിക സർക്കാർ നടത്തുന്ന പരിപാടികളിൽ കലാ ടീമിന് സർക്കാർതലത്തിൽ അവസരമൊരുക്കുന്നതിനും അതുവഴി ദേശീയ/അന്തർദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും അപ്രകാരം സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(സി) ട്രാൻസ്ജെൻഡറുകളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ദൃശ്യത വർധിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി 'വർണ്ണപ്പകിട്ട്' എന്ന പേരിൽ ട്രാൻസ്ജെൻഡർ കലോത്സവം എല്ലാ വർഷവും നടത്തിവരുന്നു. ഏകദേശം 23 പ്രദർശന ഇനങ്ങളുള്ള കലോത്സവത്തിൽ എല്ലാ ജില്ലകളിൽനിന്നുമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നുണ്ട്. കലോത്സവത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ട്രാൻസ്ജെൻഡർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തികൾക്ക് അവാർഡ് നൽകുകയും ചെയ്യുന്നു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ ആദരിക്കുകയും ചെയ്യുന്നു. കൂടാതെ, ദേശീയ/അന്തർദേശീയ കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും സൗന്ദര്യ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും ധനസഹായം അനുവദിക്കുന്ന 'പ്രതിഭ' പദ്ധതി 2025-26 സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

ജലഗതാഗതം മെച്ചപ്പെടുത്താൻ നടപടി

29(*299) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതം മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി തടി ബോട്ടുകൾക്ക് പുറമെ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റീൽ/ഫൈബർ കറ്റാ മറൈൻ ബോട്ടുകൾ ഉപയോഗിച്ച് സർവീസുകൾ നടത്തിവരുന്നു. ജലഗതാഗതത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ജലഗതാഗത വകുപ്പ് വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1) ജലഗതാഗത സംവിധാനം കാര്യക്ഷമാക്കുന്നതിനുവേണ്ടി പാസഞ്ചർ സർവീസുകൾക്ക് പുറമെ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവീസുകളും റെസ്ക്യൂ ആൻഡ് ഡൈവ്

ബോട്ടുകൾ ഉപയോഗിച്ച് ആംബുലൻസ് സർവീസുകളും വാട്ടർ ടാക്സികൾ ഉപയോഗിച്ച് ടാക്സി സർവീസുകളും നടത്തുന്നുണ്ട്.

2) സോളാർ ബോട്ടിന്റെ പ്രവർത്തനം വിജയമായതിനെത്തുടർന്ന് 5 വർഷംകൊണ്ട് 50% ബോട്ടുകൾ സോളാറിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു. ഇത്തരത്തിൽ 18 സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

3) കാലപ്പഴക്കംചെന്ന ബോട്ടുകൾ സർവീസിൽനിന്നും പിൻവലിക്കുന്നതിനും പുതിയ ബോട്ടുകൾ സർവീസിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പൊതുഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളിൽ 6 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർവീസ് നടത്തിവരുന്നു. കൂടാതെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളുടെ കൂടി നിർമ്മാണം പൂർത്തീകരിച്ച് സർവീസിനായി ഉപയോഗിക്കുന്നു.

4) റോഡ് ഗതാഗതത്തിൽ ടാക്സി സംവിധാനങ്ങളുണ്ടെങ്കിലും ജലഗതാഗതത്തിൽ ഇത്തരം സർവീസുകൾ ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സികളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിൽ 3 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർവീസിൽ ഉൾപ്പെടുത്തുകയും ചെയ്തു.

5) ഉൾനാടൻ ജലഗതാഗത മേഖലയിൽ വലിയ ബോട്ടുകൾക്ക് എത്തിച്ചേരാൻ

കഴിയാത്ത സ്ഥലങ്ങളിൽ വെള്ളപ്പൊക്ക സമയത്തുൾപ്പടെ രക്ഷാപ്രവർത്തനത്തിന് ഉതകുന്ന തരത്തിൽ 10 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 ഡിങ്കി ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

6) ടൂറിസം സാധ്യതകൾക്ക് പ്രാധാന്യം നൽകി ആധുനിക സൗകര്യങ്ങളോടുകൂടിയ 20 പേർക്ക് യാത്ര ചെയ്യാവുന്ന സോളാർ ഇലക്ട്രിക് എ.സി. ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ 10 പാസഞ്ചർ കപ്പാസിറ്റിയുള്ള വാട്ടർ ടാക്സി (1 എണ്ണം), 120 പാസഞ്ചർ കപ്പാസിറ്റിയുള്ള (40 AC + 80 NON AC) പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് (2 എണ്ണം) എന്നിവയുടെ നിർമ്മാണവും നടന്നുവരുന്നു.

7) ജലഗതാഗത മേഖലയിൽ ബജറ്റ് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ കം ടൂറിസം സർവീസുകളും ടൂറിസം സർവീസുകളും നല്ല രീതിയിൽ നടത്തിവരുന്നു. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയിലുള്ള ജലഗതാഗത വകുപ്പിന്റെ സാന്നിധ്യം ഊട്ടിയുറപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളിലൊന്നാണ് ഇന്ത്യയിലെ ആദ്യത്തെ സംരംഭമായ സോളാർ ക്രൂയിസ് വെസ്സൽ - 'ഇന്ദ്ര'. ഈ ബോട്ട് പൂർണ്ണമായും ശീതീകരിച്ചതും എല്ലാവിധ ആധുനിക സൗകര്യങ്ങളോടും സുരക്ഷയോടുംകൂടി ഐ.ആർ.എസ് ക്ലാസ്സിലാണ് നിർമ്മിച്ചിട്ടുള്ളത്.

8) ജലഗതാഗത വകുപ്പിന് കീഴിൽ കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ നടപ്പിലാക്കിയ മാതൃകയിൽ ബോട്ട് യാത്ര ടൂറിസം പദ്ധതി മറ്റ് സ്ഥലങ്ങളിൽ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം ടൂറിസം വകുപ്പുമായി ചേർന്ന്

ജല ടൂറിസം പദ്ധതികൾ ആരംഭിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

സംസ്ഥാനത്ത് ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി പശ്ചിമതീര കനാലിന്റെ വികസനവും ഫീഡർ കനാലുകളുടെ വികസനവും ബോട്ട് ജെട്ടികളുടെ നവീകരണവും നിർമ്മാണവും ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് മുഖേന നടന്നുവരുന്നു. ഇതിൽ പശ്ചിമതീര കനാലിന്റെ വികസന പ്രവൃത്തികൾ ദ്രുതഗതിയിൽ നടക്കുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഫീഡർ കനാലുകളുടെ വികസനവും ബോട്ട് ജെട്ടികളുടെ നവീകരണവും പുരോഗമിക്കുകയാണ്.

(ബി) ജലഗതാഗതത്തിനായി ഉപയോഗിക്കുന്ന പഴകിയ ബോട്ടുകൾ മാറ്റി പുതിയവ നൽകുന്നതിനും ബോട്ട് ജെട്ടികൾ നവീകരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കാലപ്പഴക്കംചെന്ന ബോട്ടുകൾ സർവീസിൽനിന്നും പിൻവലിക്കുന്നതിനും പുതിയ ബോട്ടുകൾ സർവീസിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പൊതുഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളിൽ 6 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർവീസ് നടത്തിവരുന്നു. കൂടാതെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളുടെകൂടി നിർമ്മാണം പൂർത്തീകരിച്ച് സർവീസിനായി ഉപയോഗിക്കുന്നു.

സോളാർ ബോട്ടിന്റെ പ്രവർത്തനം വിജയമായതിനെത്തുടർന്ന് 5 വർഷം കൊണ്ട് 50%

ബോട്ടുകൾ സോളാറിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു. ഇത്തരത്തിൽ 18 സോളാർ ബോട്ടുകളുടെ നിർമ്മാണവും 10 പാസഞ്ചർ കപ്പാസിറ്റിയുള്ള വാട്ടർ ടാക്സി (1 എണ്ണം), 120 പാസഞ്ചർ കപ്പാസിറ്റിയുള്ള പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് (2 എണ്ണം) എന്നിവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

ഡബിൾ ഡക്കർ ബസ് സർവീസ്

30(*300) ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. സജീവ് ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡബിൾ ഡക്കർ ബസ് സർവീസ് എവിടെയെല്ലാമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. ഡബിൾ ഡക്കർ ബസ് തിരുവനന്തപുരം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ സൈറ്റ് സീയിങ് സർവീസ് നടത്തിവരുന്നുണ്ട്. കൂടാതെ മുമ്പ് തലശ്ശേരി യൂണിറ്റിൽ ഒരു ഡബിൾ ഡക്കർ ബസ് സ്പെഷ്യൽ സർവീസായി ഏതാനും മാസങ്ങൾ ഓപ്പറേറ്റ് ചെയ്തിരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡീസൽ ഡബിൾ ഡക്കർ ബസ് യാത്രക്കാർക്ക് നഗരക്കാഴ്ചകൾ ആസ്വദിക്കുന്നതിനായി സർവീസ് ആരംഭിച്ചിരുന്നു. ദിവസേന വൈകുന്നേരം 5 മണി മുതൽ 9.30 വരെ നീളുന്ന ഒരു

ട്രിപ്പായി സൈറ്റ് സീയിങ് ക്രമീകരിച്ചിരുന്നു. തുടർന്ന് 2024 ഫെബ്രുവരിയിൽ സ്മാർട്ട് സിറ്റിയുടെ ഭാഗമായി രണ്ട് ഇലക്ട്രിക് ഡബിൾ ഡക്കർ ബസുകൾ തിരുവനന്തപുരം നഗരക്കാഴ്ചകൾക്കായി ഉപയോഗിക്കുവാൻ തുടങ്ങി. 3.00 P.M. മണി മുതൽ 10.00 P.M. മണി വരെയായി 2 മണിക്കൂർ വീതം ദൈർഘ്യമുള്ള ആകെ 8 ട്രിപ്പുകളാണ് ദിവസേന നടത്തിവരുന്നത്. ഇലക്ട്രിക് ബസുകൾ സർവീസ് ആരംഭിച്ചപ്പോൾ സർവീസ് നടത്തിയിരുന്ന ഡീസൽ ഡബിൾ ഡക്കർ ബസ് തലശ്ശേരി യൂണിറ്റിലേക്ക് സ്പെഷ്യൽ സർവീസിനായി ഏതാനും മാസം നൽകുകയും തുടർന്ന് ഇപ്പോൾ എറണാകുളം യൂണിറ്റിലേക്ക് സ്പെഷ്യൽ സർവീസ് നടത്തുന്നതിലേക്ക് മെയിന്റനൻസിനായി നൽകിയിരിക്കുകയുമാണ്.

2025 ഫെബ്രുവരി മുതൽ മൂന്നാർ സൈറ്റ് സീയിങ്ങിനായി ഡബിൾ ഡെക്കർ ബസ് 'റോയൽ വ്യൂ' എന്ന പേരിൽ സർവീസ് ആരംഭിച്ചു. മൂന്നാറിന്റെ മനോഹാരിത പൂർണമായും ആസ്വദിക്കുവാൻ സാധിക്കും വിധത്തിൽ രൂപകൽപ്പന നിർവഹിച്ചിട്ടുള്ള പ്രസ്തുത ബസിൽ യാത്ര ചെയ്യുന്നവർക്ക് 360 ഡിഗ്രിയിൽ പ്രകൃതി ഭംഗി ആസ്വദിക്കുവാൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. ഇക്കാര്യം കൊണ്ടുതന്നെ പ്രസ്തുത സർവീസ് ചുരുങ്ങിയ സമയംകൊണ്ടുതന്നെ ജനപ്രീതിയാർജിക്കുകയും അന്യസംസ്ഥാന സഞ്ചാരികൾക്കുൾപ്പെടെ പ്രിയങ്കരമായി മാറുകയും ചെയ്തു. ശരാശരി 235 രൂപയിലധികം പ്രതി കി.മീ. വരുമാനം ലഭ്യമാകുന്നതിനാൽത്തന്നെ സമാന ശ്രേണിയിലുള്ള കൂടുതൽ ബസുകൾ ലഭ്യമാക്കുന്നതിലേക്കായി മൂന്നാറിൽനിന്നും കേരളത്തിന്റെ മറ്റ് ഭാഗങ്ങളിൽനിന്നും ആവശ്യമുയർന്നിട്ടുണ്ട്.

നിലവിൽ സർവീസ് നടത്തുന്ന തിരുവനന്തപുരം, മൂന്നാർ ഡബിൾ ഡെക്കർ ബസുകളുടെ റൂട്ട് ചുവടെ ചേർക്കുന്നു;

1. തിരുവനന്തപുരം ബസ് റൂട്ട് : കിഴക്കേകോട്ട - സെക്രട്ടേറിയറ്റ് - നിയമസഭാ മന്ദിരം - കനകക്കുന്ന് - വെള്ളയമ്പലം - രാജ് ഭവൻ - കവടിയാർ - ശംഖുമുഖം - ലുലുമാൾ - കിഴക്കേകോട്ട.

2. മൂന്നാർ ബസ് റൂട്ട് : മൂന്നാർ - ദേവികുളം - പെരിയകനാൽ - ആനയിറങ്ങൽ ഡാം.

(ബി) ബസുകളിൽ രൂപമാറ്റം വരുത്തി ഡബിൾ ഡക്കർ ബസുകളിൽ പൊതുജനങ്ങളെ കയറ്റി സർവീസ് നടത്തുന്നതിന് അനുമതി നൽകിയത് മോട്ടോർ വാഹന ചട്ടത്തിലെ ഏത് വകുപ്പ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 334 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചുകൊണ്ട് അനുമതി ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി[+] ചേർക്കുന്നു.

(സി) സംരക്ഷണ കവചവും മേൽമൂടിയുമില്ലാതെ ഡബിൾ ഡക്കർ ബസുകളിൽ കുട്ടികൾ ഉൾപ്പെടെയുള്ളവർ ഉല്ലാസയാത്ര ചെയ്യുമ്പോൾ വാഹനത്തിനോ യാത്രക്കാർക്കോ അപകടമുണ്ടായാൽ രൂപമാറ്റം വരുത്തി പൊതുനിരത്തിൽ വാഹനം ഓടിക്കാൻ അനുവാദം നൽകിയ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കുമോ?

സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ഒരു പഴയ ഡബിൾ ഡക്കർ ബസ് ഓപ്പൺ ഡബിൾ ഡക്കറായി രൂപമാറ്റം വരുത്തി ഉല്ലാസ യാത്രകൾക്കായി ഉപയോഗിച്ചിരുന്നു. ടി വാഹനത്തിന്റെ മുകൾനിലയിൽ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് യാത്ര ചെയ്യുന്നതിന് മതിയായ സംരക്ഷണ കവചം (side rails) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സീറ്റിങ് കപ്പാസിറ്റി യാത്രക്കാരെ മാത്രമാണ് യാത്ര ചെയ്യുന്നതിനായി അനുവദിക്കുന്നത്. ആയതിന് സർക്കാർ അനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരത്ത് സർവീസിന് ഉപയോഗിക്കുന്ന പുതുതായി വാങ്ങിയ ഇലക്ട്രിക് ഡബിൾ ഡക്കർ ബസിന്റെ മുകൾനിലയിലെ സംവിധാനങ്ങളാണ് കെ.എസ്.ആർ.ടി.സി. രൂപമാറ്റം വരുത്തിയ ബസ്സിനും ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) ടൂറിസം മേഖലയിൽ സ്വകാര്യ വ്യക്തികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും ഇപ്രകാരം വാഹനങ്ങൾ രൂപമാറ്റം വരുത്തി ടൂർ ഓപ്പറേറ്റ് ചെയ്യാൻ അനുവാദം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാഫ് കാർഷിക പദ്ധതി

1 (3446) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാപ്പ് കാർഷിക പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഈ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഈ പ്രദേശത്ത് ഹെക്ടർ കണക്കിന് നെൽകൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷിനാശം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-സി) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാപ്പ് കാർഷിക പദ്ധതിയുടെ കരട് പദ്ധതിരേഖ മലപ്പുറം ജില്ല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ പരപ്പനങ്ങാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കൃഷിനാശം തടയുന്നതിനുമാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

(ഡി) മോര്യകാപ്പ് കാർഷിക പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഷൊർണ്ണൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ

2 (3447) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ ഏതൊക്കെ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലുള്ള കൃഷി ഭവനുകളെയൊന്നും ഇതുവരെ സ്മാർട്ട് കൃഷിഭവനാക്കുവാൻ നിലവിൽ തിരഞ്ഞെടുത്തിട്ടില്ല. സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളെയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനാണ് സർക്കാർ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്.

തോട്ടവിള, ഫലവർഗ്ഗ, ഔഷധ സസ്യ കൃഷികളുടെ വിവരം

3 (3448) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2024 വരെ സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമിയിൽ നെല്ല്, പച്ചക്കറി ഉൾപ്പെടെയുള്ള കൃഷിയിറക്കിയിട്ടുണ്ടെന്ന് ജില്ല, വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2017 മുതൽ 2024 വരെ നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്ത വിസ്തൃതി, ജില്ലയും വർഷവും തിരിച്ച് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിലെ തോട്ടവിള, ഫലവർഗ, ഔഷധ സസ്യ കൃഷികളുടെ ജില്ല, വർഷം തിരിച്ചുള്ള ഹെക്ടർ കണക്ക് വിശദമാക്കുമോ?

പ്രസ്തുത കാലയളവിലെ തോട്ടവിള, ഫലവർഗ, ഔഷധ സസ്യ കൃഷികളുടെ ജില്ല, വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത കാലയളവിൽ കാർഷിക മേഖലയിലുണ്ടായ കൃഷി നാശത്തിന്റെയും കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെയും കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ കാർഷിക മേഖലയിലുണ്ടായ കൃഷി നാശത്തിന്റെയും കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെയും കണക്ക് അനുബന്ധമായി+ചേർത്തിരിക്കുന്നു.

കാർഷിക മേഖലയിലെ പദ്ധതികൾ

4 (3449) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലേക്ക് യുവതീയുവാക്കളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുവാനും കൃഷി സംസ്കാരത്തിന്റെ ഭാഗമാക്കാനും സാധ്യമായ കുടുംബങ്ങളിലെല്ലാം കൃഷി ആരംഭിക്കുവാനും ഉദ്ദേശിച്ച് ആരംഭിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ യുവാക്കളെയും സ്ത്രീകളെയും കൗമാരപ്രായക്കാരെയും കൃഷിയിലേക്ക് ആകർഷിക്കുവാൻ സാധ്യമായിട്ടുണ്ട്. നവീനകാർഷിക രീതികൾ നടപ്പാക്കിയും ഡിജിറ്റൽ സാങ്കേതികവിദ്യകൾ കൃഷിയിലേക്ക് ഉൾക്കൊള്ളിച്ചും നടപ്പാക്കിയ കൃഷിരീതി യുവാക്കൾക്ക് ഈ മേഖലയിലേക്ക് കടന്നുവരുവാനുള്ള പ്രചോദനം നൽകുന്നുണ്ട്. ദ്വിതീയ കാർഷിക മേഖലയെ (Secondary Agriclture) പ്രോത്സാഹിപ്പിക്കുംവിധം കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകി വരുമാനം ഉറപ്പാക്കുംവിധം ആസൂത്രണം ചെയ്തതിനാൽ യുവതലമുറ കൃഷിയെ പ്രധാന വരുമാന സ്രോതസ്സാക്കി തിരഞ്ഞെടുക്കുന്നുണ്ട്. കാർഷിക മേഖലയിൽ സ്റ്റാർട്ടപ്പുകൾക്കും ചെറുകിട സംരംഭകർക്കും SFAC വഴി പ്രചോദനം നല്കുന്നതിലൂടെയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നതിലൂടെയും യുവാക്കൾ കാർഷികമേഖലയിലേക്ക് ആകൃഷ്ടരാകുന്നുണ്ട്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ഉൽപാദന, സേവന, വിപണന, മൂല്യവർധന മേഖലയിലെ കൃഷിക്കൂട്ടങ്ങളിൽ യുവാക്കളുടെയും സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൃഷിക്കൂട്ടം കേന്ദ്രീകരിച്ചുള്ള FPO-കളും യുവാക്കളുടെ പ്രാതിനിധ്യം കൂട്ടുന്നതിന് സഹായകരമാകുന്നുണ്ട്.

കൃഷി ശാസ്ത്രത്തിൽ ബിരുദവും ഡിപ്ലോമയുമുള്ള വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് അവസരങ്ങളൊരുക്കുന്നതിനായി ഇന്റേൺഷിപ് പരിപാടി നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട്

നേരിട്ട് ഇടപെടുന്ന കൃഷി ഭവനുകളിൽനിന്നും കൃഷിയെപ്പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ നേരിട്ട് ഇടപെടാനും പഠിക്കുവാനും പരിശീലനം ലഭിക്കുവാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്.

യന്ത്രവൽക്കരണം കാർഷിക മേഖലയിൽ വളരെ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ്. കേരളത്തിൽ നിലവിൽ കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അഗ്രോ സർവീസ് സെന്ററുകളും സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളും കാർഷിക കർമ്മസേനകളും പ്രവർത്തിച്ചുവരുന്നു. ഇവയെ സംയോജിപ്പിച്ച് കാർഷിക മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകളായി വികസിപ്പിക്കുന്നതിനും എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിനും കൃഷിശ്രീ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സേവനങ്ങൾ നൽകുന്നതിന് യുവതലമുറ മുന്നോട്ടുവരുന്നുണ്ട്. സ്കൂൾ തലത്തിൽ കൃഷി പാഠ്യപദ്ധതിയാക്കിയത് ഭാവിയിൽ കൂടുതൽ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാനിടയാക്കും.

ഗ്രൂപ്പായും വ്യക്തിഗതമായുമുള്ള ആനുകൂല്യങ്ങൾ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയിൽകൂടി നൽകി കാർഷിക യന്ത്രവൽക്കരണത്തിൽ യുവാക്കളെ ആകർഷിക്കാനും വരുമാനം ഉറപ്പാക്കാനും സാധ്യമാക്കുന്നുണ്ട്. കൂടുതൽ കാർഷിക ഉപകരണങ്ങൾ സ്വായത്തമാക്കി പ്രവർത്തിപ്പിക്കാനും വരുമാനം വർധിപ്പിക്കാനും യുവാക്കളെ പരിശീലിപ്പിക്കുന്ന നടപടി കേരള സംസ്ഥാന മെക്കനൈസേഷൻ മിഷൻവഴി നടപ്പാക്കുന്നുണ്ട്.

മേൽ നടപടികൾ കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കാനും കൃഷി പ്രധാന വരുമാന സ്രോതസ്സാക്കി മാറ്റുന്നതിന് പ്രേരിപ്പിക്കുവാനും ഇടയാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ കൃഷിഭവനുകൾ മുഖേന നടീൽ വസ്തുക്കളുടെ വിതരണം

5 (3450) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ കൃഷി ഭവനുകൾ വഴി നടീൽ വസ്തുക്കൾ, കാർഷികോല്പാദന ഉപാധികൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ കൃഷിഭവനുകൾ മുഖേന ഇത്തരം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാരിന്റെ കാലത്ത് വിവിധ കൃഷിഭവനുകൾ വഴി നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കുരുമുളക് കൃഷി വ്യാപനം, കുരുമുളക് കൃഷി പുനരുദ്ധാരണം, പ്ലാവ്, മാവ്, റമ്പുട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, ടിഷ്യുകൾച്ചർ വാഴ, പപ്പായ, കൊക്കോ, ജാതി, ഗ്രാമ്പൂ മുതലായ വിളകളുടെ വിസ്തൃതി വ്യാപനം പദ്ധതി വഴി വിവിധ നടീൽ വസ്തുക്കൾ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ഒരുകോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതി വഴി കുടമ്പുളി, മാവ്, പ്ലാവ്, റമ്പൂട്ടാൻ, സപ്പോട്ട, പേര, ചാമ്പ, ടിഷ്യുകൾച്ചർ വാഴ, ആത്ത, ഡ്രാഗൺപഴം, മാങ്കോസ്റ്റീൻ, പപ്പായ, പാഷൻ ഫ്രൂട്ട്, പുളി, നെല്ലി, മാതളം മുതലായ ഫലവൃക്ഷങ്ങളുടെ തൈകളും ഗ്രാഫ്റ്റുകളും

ലേയറുകളും വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ നൽകിയിരിക്കുന്നു.

പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ നടീൽവസ്തുക്കളും കാർഷികോൽപാദനോപാധികളും വിതരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിവിധ കൃഷിഭവനുകളിലൂടെ പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കോക്കനട്ട് കൗൺസിൽ പദ്ധതിപ്രകാരം കൃഷിഭവനുകൾ മുഖേന നൽകിയ തെങ്ങിൻതൈകളുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽകൃഷി വികസനം ലക്ഷ്യമിട്ട് ഉൽപാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവയിലൂടെ കൃഷി വികസനം ലക്ഷ്യമിടുന്നു.

നെല്ല് വികസന പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ല് വിത്ത്, കുമ്മായം, സെക്കൻഡറി ആൻഡ് മൈക്രോ ന്യൂട്രിയന്റ്സ്, പൾസ് സീഡ്, മില്ലറ്റ് സീഡ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കൃഷിഭവനുകൾ വഴി നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ വി.എഫ്.പി.സി.കെ. മുഖേന വിതരണം ചെയ്ത പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ, തൈകൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇപ്രകാരം നടീൽ വസ്തുക്കളുടെ സംഭരണം നടത്താൻ ചുമതലപ്പെടുത്തിയ ഏജൻസികൾ ഏതൊക്കെയെന്നും ഇവയെ തിരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയെന്നും വ്യക്തമാക്കുമോ; തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം തിരഞ്ഞെടുത്ത ഏജൻസികൾ സംഭരണവും വിതരണവും നടത്തിയിരുന്നോ; വിശദമാക്കുമോ?

നടീൽ വസ്തുക്കളുടെയും മറ്റ് കാർഷികോൽപാദനോപാധികളുടെയും സംഭരണം സർക്കാർ ഫാമുകൾ, കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്റർ, ബ്ലോക്ക് പഞ്ചായത്ത് നഴ്സറികൾ, വി.എഫ്.പി.സി.കെ., കെയ്കോ, റെയ്ഡ്കോ തുടങ്ങിയ ഏജൻസികളിലൂടെയാണ് നടത്തിയത്.

സർക്കാർ സ്ഥാപനങ്ങളായ കാർഷിക സർവകലാശാല ഫാമുകൾ, കുടുംബശ്രീ, KSAMM, ബി.എം.എഫ്.സി., സർക്കാർ അംഗീകൃത ഏജൻസികളായ കെയ്കോ, റെയ്ഡ്കോ, കൃഷി വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്ന വിവിധ ഏജൻസികളായ കർമ്മസേന, അഗ്രോ സർവീസ് സെന്ററുകൾ, ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ എന്നിവയിലൂടെയാണ് വിതരണം നടത്തിവരുന്നത്.

(സി) കർഷകരിൽനിന്ന് നടീൽ വസ്തുക്കൾ ശേഖരിച്ചതിനുള്ള തുക വിതരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം എത്ര തുക കർഷകർക്ക് നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിത്തുതേങ്ങകൾ സംഭരിച്ചതിനും ഫാമിലെ ആവശ്യങ്ങൾക്ക് കുരുമുളക് വള്ളികൾ വാങ്ങിയതിനുമായി കർഷകർക്ക് നൽകിയ തുകകളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. കർഷകരിൽനിന്ന് നടീൽവസ്തുക്കൾ നേരിട്ട് സ്വീകരിച്ചിട്ടില്ല.

കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള കൃഷി വകുപ്പിന്റെ ഭൂമി

6 (3451) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ കീഴിൽ കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ നിലവിൽ ഏതെങ്കിലും തരത്തിലുള്ള വിളകൾ കൃഷി ചെയ്യുന്നുണ്ടോ; കൃഷി വകുപ്പിന്റെ കൈവശം കോന്നി മെഡിക്കൽ കോളേജിനോട് ചേർന്ന് എത്ര ഏക്കർ ഭൂമിയുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

കൃഷി വകുപ്പിന്റെ കീഴിൽ കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ നിലവിൽ തെങ്ങ് കൃഷി ചെയ്യുന്നുണ്ട്. ടി സ്ഥലത്തിന്റെ ആകെ വിസ്തീർണം 1.571 Ha ആണ്. ഈ സ്ഥലത്ത് പുതിയ മാതൃവൃക്ഷത്തോട്ടം പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി അഭിയു, റമ്പുട്ടാൻ, N18, വിയറ്റ്നാം സൂപ്പർ ഏർലി പ്ലാവ്, കലാപട്ടി സപ്പോട്ട,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അച്ചൻകോവിൽ, പ്രിയൂർ, കോട്ടുകോണം മാവ് എന്നിവയുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഗുണമേന്മയുള്ള മാതൃവൃക്ഷത്തിന്റെ തൈകളുടെ സംഭരണം നടന്നുകഴിഞ്ഞു. പ്രസ്തുത സ്ഥലത്ത് നടപ്പാക്കുന്ന മാതൃവൃക്ഷത്തോട്ടം പദ്ധതി പ്രകാരം ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

കാർഷികരംഗം സ്വയംപര്യാപ്തമാക്കാൻ നടപടി

7 (3452) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികരംഗം സ്വയംപര്യാപ്തമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യോൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു.

കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ

മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമവും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വിള വിസ്തൃതി വർധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗങ്ങൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു. തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗങ്ങളും കീടരോഗ നിയന്ത്രണ മാർഗങ്ങളും നടപ്പിലാക്കുന്ന കേര രക്ഷാവാരം പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമണം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉൽപാദനക്ഷമത വർധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിള അവതരണം, വൈവിധ്യവൽക്കരണം, വിളതീവ്രത വർധിപ്പിക്കൽ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു .

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണ മേഖലയിൽ അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക,

കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളികളുടെ കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു.

കൃഷിയുടെ നഷ്ടസാധ്യത ലഘൂകരിക്കാൻവേണ്ടി പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി, വന്യമൃഗശല്യം ചെറുത്ത് നിൽക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പ്രത്യേക പ്രോജക്ട് എന്നിവ നടപ്പിലാക്കുന്നുണ്ട്.

നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതികവിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, KATHIR തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി.

കാർബൺ ത്രലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ

കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ. ലോകബാങ്കിൽനിന്നും 200 മില്യൺ വായ്പയോടെ (KERA) അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് കാർഷിക മേഖലയിൽ മൂല്യവർധനവും അടിസ്ഥാന സൗകര്യ വികസനവും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇതോടൊപ്പം ജൈവകൃഷി വികസനം, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, വിപണി വികസനം, കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധനവിനായുള്ള പദ്ധതി, പഴം- പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ കാർഷിക രംഗത്ത് മൂല്യവർധനം ഉറപ്പാക്കുന്നതിനും അതിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനുമായി കാബ്കോ എന്ന കമ്പനി കൃഷി വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് ആനയറ മൊത്തവ്യാപാര കേന്ദ്രത്തിന്റെ പരിസരത്തായി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കർഷകരുടെ കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, മൂല്യവർധന, സംസ്കരണം, സംഭരിക്കൽ, വിതരണം, വിപണനം, ചില്ലറ വില്പന, ഇറക്കുമതി, കയറ്റുമതി തുടങ്ങിയ ബിസിനസ്സുകളിൽ ഏർപ്പെടാനും അത്തരം ബിസിനസ്സ് നടത്തുന്നതിന് ഇന്ത്യയ്ക്കകത്തോ പുറത്തോ ഉള്ള കരാറുകളിൽ ഏർപ്പെടാനും ദേശീയ, അന്തർദേശീയ വിപണികൾക്ക് അനുയോജ്യമായ വിളകൾ വളർത്താൻ കർഷകരെ സഹായിക്കുന്നതിനും അത്യാധുനിക സാങ്കേതികവിദ്യകൾ

അവതരിപ്പിക്കുന്നതിനും ഈ സാങ്കേതികവിദ്യകൾ മൂല്യവർധനയ്ക്കായി കർഷകർക്ക് അവരുടെ വിളകൾ കാര്യക്ഷമമായി പ്രോസസ്സ് ചെയ്യാനും അവരുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള ആഭ്യന്തര, വിദേശ വിപണികളെ തിരിച്ചറിയാനും സംസ്ഥാന തലത്തിലുള്ള അപെക്സ് ഏജൻസിയായി പ്രവർത്തിക്കുകയുമാണ് കാബ്കോയുടെ ലക്ഷ്യം.

(ബി) തരിശ്ശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനും കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് വിവിധ സബ്സിഡികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തരിശ്ശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെയും ഫാം പ്ലാൻ അധിഷ്ഠിത പദ്ധതികളിലൂടെയും പ്രോത്സാഹനം നൽകിവരുന്നു.

നെൽകൃഷി വികസന പദ്ധതിയിൽ തരിശ് നിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിലെ നെൽകൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40000 രൂപ ഹെക്ടറൊന്നിന് സഹായധനമായി നൽകുന്നു.

തരിശുഭൂമികളും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിള അവതരണം തീവ്രത വർധന, വൈവിധ്യവൽക്കരണം' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ,

പയറുവർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും തരിശ്ശു ഭൂമിയിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ ഉപയോഗശൂന്യമായതും തരിശ്ശായി കിടക്കുന്നതുമായ ഭൂമി വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി ഉദ്യാനകൃഷി ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് കൃഷി എന്നിവ നടപ്പിലാക്കുന്നതിനായി "നവോ-ധൻ" എന്ന പേരിൽ പുതിയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും കൃഷിക്കൂട്ടങ്ങളെയും കുടുംബശ്രീ യൂണിറ്റുകളെയും സ്വയംസഹായ സംഘങ്ങളെയും സ്റ്റാർട്ടപ്പുകളെയും യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി കേരള അഗ്രോ ബിസിനസ്സ് കമ്പനി പ്രവർത്തിക്കും. പ്രാരംഭ ഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ കൃഷിഭൂമി പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നു. കാർഷിക വികസന കർഷക വകുപ്പിന്റെ മേൽനോട്ടത്തിൽ, നവോ-ധൻ പദ്ധതിയുടെ നടത്തിപ്പിനായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ)-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിരിക്കുന്നു.

വിവിധ സബ്സിഡികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സംസ്ഥാന പ്ലാനിങ് ബോർഡിന് നൽകിവരുന്നുണ്ട്.

(സി) കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന സാമ്പത്തിക

സഹായങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന സാമ്പത്തിക സഹായങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽനിന്നും ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന അലോക്കേഷൻ അനുസരിച്ച് കൃഷി വകുപ്പ് വാർഷിക കർമ്മ പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കുകയും, സംസ്ഥാന തലത്തിൽ ബഹു. ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മിറ്റിയുടെ ശിപാർശയോടെ കേന്ദ്ര സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ ലംഘിക്കപ്പെടാത്തപക്ഷം സമർപ്പിക്കപ്പെടുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും കേന്ദ്ര വിഹിതം ഗഡുക്കളായി അനുവദിക്കുകയും ചെയ്യുന്നു. ഓരോ ഗഡുവും വിനിയോഗിക്കുന്നതോടെ അടുത്ത ഗഡു അനുവദിക്കുകയും ചെയ്യും.

കാർഷിക മേഖലയിൽ തൊഴിലുറപ്പ് പ്രവൃത്തികൾ ഉൾപ്പെടുത്താൻ നടപടി

8 (3453) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക മേഖലയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ തൊഴിലുറപ്പ് മേഖലയെക്കൂടി ഉൾപ്പെടുത്തി ജലസംഭരണികളും ജലനിർഗമന മാർഗങ്ങളുമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകപ്പ് മുഖേന പ്രകൃതിവിഭവ പരിപാലനത്തിനായി നീർത്തട സമീപനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മണ്ണ്-ജല സംരക്ഷണത്തോടൊപ്പം കാർഷിക ഉൽപാദന വർദ്ധനവും മെച്ചപ്പെട്ട ജീവിത സാഹചര്യവും ഉറപ്പാക്കുന്ന ഇത്തരം പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ചാണ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. നിലവിലെ ജനകീയാസൂത്രണ മാർഗ നിർദേശരേഖ അനുസരിച്ച് MGNREGS പദ്ധതിയുമായുള്ള സംയോജന സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നു.

അനുയോജ്യമായ ഭൂമികളിൽ പുതിയ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ജലസ്രോതസ്സുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തിവരുന്നു. ഓരോ ഗ്രാമപഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ ഏതൊക്കെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടത് എന്നത് സംബന്ധിച്ച് കൃഷി ഓഫീസർ വേണ്ട നിർദേശങ്ങൾ നൽകിവരുന്നു. അതിനനുസൃതമായി ലേബർ ബജറ്റ് തയ്യാറാക്കുന്നു. വ്യക്തിഗതമായി കർഷകർക്ക് അത്തരം ആവശ്യങ്ങളുണ്ടെങ്കിൽ അതും സ്ഥല പരിശോധന നടത്തി ശിപാർശ ചെയ്യുന്നു. ചെറിയ നിർമ്മാണ പ്രവർത്തനങ്ങളും മുപ്പത് ശതമാനം മെറ്റീരിയൽ കോസ്റ്റ് ഉപയോഗിച്ചുകൊണ്ട് ഏറ്റെടുത്ത് വരുന്നുണ്ട്. ആവർത്തന സ്വഭാവമില്ലാത്ത എല്ലാ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രാദേശിക സർക്കാരുകളുടെ തീരുമാനങ്ങൾക്ക് വിധേയമായി ഏറ്റെടുക്കാൻ സാധിക്കും.

കാർഷിക കടാശ്വാസ കമ്മീഷൻ

9 (3454) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷൻ നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 03-12-2022-ലെ സ.ഉ.(പി) നം.296/2022/ആർ.ഡി. പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർക്ക് 31-08-2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർക്ക് 31-03-2016 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. 19-09-2023-ലെ സ.ഉ. (സാധാ)നം.917/2023/അഗ്രി. പ്രകാരം കടാശ്വാസത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന തീയതി 2023 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ 244 സിറ്റിങ്ങുകൾ നടത്തി 79215 അപേക്ഷകൾ തീർപ്പാക്കി. ഇതുവരെ 366.88 കോടി രൂപയുടെ അവാർഡ് കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലാണ് ഇനി അപേക്ഷ തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളത്. അതിനായി പ്രത്യേകം സിറ്റിങ്ങുകൾ കമ്മീഷൻ നടത്തിവരുന്നു.

കാർഷിക മേഖലയിലെ വളർച്ചാനിരക്ക്

10(3455) ശ്രീ. പി. നന്ദകുമാർ:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. എച്ച്. സലാം:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കാർഷികമേഖലയിൽ മെച്ചപ്പെട്ട വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ഈ സർക്കാർ അധികാരത്തിൽവന്ന 2020-21 മുതൽ 2023-24 വരെ കാർഷികമേഖലയിലെ മൂല്യവർധനവിൽ (Gross Value Added) നിലവിലെ വിലയെ (Current Price) അടിസ്ഥാനമാക്കി 19.87%-വും സ്ഥിരവിലയെ (Constant Price) അടിസ്ഥാനമാക്കി 11.62%-വും വളർച്ചയുണ്ടായിട്ടുണ്ട്. ഓരോ വർഷത്തെയും മുൻവർഷത്തെ അപേക്ഷിച്ചുള്ള വളർച്ചാനിരക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കാർഷിക മേഖലയിലെ വളർച്ചാ നിരക്ക് സാധാരണഗതിയിൽ അളക്കുന്നത് കാർഷിക മേഖലയിലെ "അധിക മൊത്ത മൂല്യ (ജി.വി.എ.)" ശതമാനംമാറ്റം ഒരു നിശ്ചിത കാലയളവിൽ കണക്കാക്കിയാണ്. ജി.വി.എ. കണക്കാക്കുന്നത് കാർഷിക ഉൽപാദനം, ഉൽപാദനോപാധികൾക്കുള്ള ചെലവുകൾ, വിലകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാന കാർഷികോൽപ്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവയുടെ ഉൽപാദനക്ഷമതയിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിൽനിന്ന് ലഭിച്ച കണക്കുകൾപ്രകാരം നെല്ലിന്റെ (അരി) ഉൽപാദനക്ഷമത 2021-22-ൽ 2884 (കി.ഗ്രാം/ഹെക്ടർ)- ൽനിന്നും 2022-23-ൽ 3117 (കി.ഗ്രാം/ഹെക്ടർ) ആയും തേങ്ങയുടെ ഉൽപാദനക്ഷമത യഥാക്രമം 7231 (എണ്ണം/ഹെക്ടർ)-ൽനിന്നും 7419 (എണ്ണം/ഹെക്ടർ) ആയി വർധിച്ചിട്ടുണ്ട്.

വിള വൈവിധ്യവൽകരണം, വിള പരിക്രമം, ജലസംരക്ഷണ മാർഗങ്ങളായ മൈക്രോ ഇറിഗേഷൻ, ഡ്രിപ് ഇറിഗേഷൻ, ഡ്രോണുകളുടെ ഉപയോഗം തുടങ്ങിയ ആധുനിക കൃഷിരീതികൾ പ്രോൽസാഹിപ്പിച്ചും ഉയർന്ന മൂല്യമുള്ള വിളകളായ സുഗന്ധവിളകളുടെയും പഴവർഗ വിളകളുടെയും കൃഷി പ്രോൽസാഹിപ്പിച്ചും കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പ്രോത്സാഹിപ്പിച്ചും സംസ്ഥാനത്തെ കാർഷിക മേഖല മെച്ചപ്പെടുത്താനാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികളിലൂടെ ശ്രമിക്കുന്നത്.

ഇവ കൂടാതെ ലോകബാങ്കിൽനിന്നും 200 മില്യൻ ഡോളർ വായ്പ ഉപയോഗിച്ച് അടുത്ത അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്ന കേര (KERA) പദ്ധതിയിലൂടെയും സംസ്ഥാനത്ത് കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും മൂല്യവർധനവിനും മികച്ച വിപണി ഒരുക്കി കൊടുക്കുന്നതിനും രൂപീകൃതമായ KABCO കമ്പനിയുടെ പ്രവർത്തനങ്ങളിലൂടെയും കാർഷിക മേഖലയിൽ സമൂലമായ മാറ്റങ്ങൾ പ്രകടമാകും.

(സി) കാർഷിക മേഖലയിൽ കൂടുതൽ അടിസ്ഥാനസൗകര്യ വികസനം

സാധ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പിന്റെ വാർഷിക പദ്ധതി, നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്, റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവ മുഖേന കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെയും മറ്റ് കൃഷിയിടങ്ങളിലെയും കൃഷിഭൂമിയുടെ അടിസ്ഥാനസൗകര്യ വികസനവും ഡ്രെയിനേജ് സംവിധാനങ്ങളും ജലസേചന സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നു. ഇതിലൂടെ കൃഷിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുകയും ജലവിതരണം ഉറപ്പാക്കുകയും വെള്ളക്കെട്ട് പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു.

കൂടാതെ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ വിവിധ കൃഷി യന്ത്രങ്ങൾ ലഭ്യമാക്കുന്നു. ഇതിൽ വിത്ത് പാകുവാനുള്ള യന്ത്രങ്ങൾ, കീടനാശിനി തളിക്കുന്ന ഉപകരണങ്ങൾ, വിളവെടുപ്പ് തുടങ്ങിയ വിവിധ ഉൽപാദനാനന്തര (Post Harvest) ഭക്ഷ്യ പ്രോസസ്സിങ് ഉപകരണങ്ങൾ, (പ്ലസ് മിൽ, ഓയിൽ എക്സ്ട്രാക്ഷൻ യൂണിറ്റ്, ഫ്ലവർ മിൽ മുതലായവ) യന്ത്രങ്ങൾ ഉൾപ്പെടുന്നു. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിങ് സെന്ററുകൾ (CHC), കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖേന വിവിധതരം കാർഷിക

യന്ത്രോപകരണങ്ങളും കാർഷിക സേവനങ്ങളും ലഭ്യമാക്കുന്നു. ആയതിനാൽ കൃഷിച്ചെലവ് കുറച്ച് കൂടുതൽ കാർഷിക ഉൽപാദനം സാധ്യമാക്കാം. നൂതന സാങ്കേതിക വിദ്യയായ ഡ്രോൺ മുഖേന ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ വളപ്രയോഗം ഫലവത്തായി നടത്താൻ സാധിക്കുന്നു.

സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിക്കുന്നതിന് ഡ്രിപ്, സ്പ്രിങ്ക്ലർ തുടങ്ങിയ ആധുനിക ജലസേചന പദ്ധതികൾ നടപ്പാക്കുന്നു. ഇത് ജലസംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും സഹായിക്കുന്നു.

(ഡി) ഇതിലൂടെ കാർഷികോൽപാദന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് സാധ്യമായത്; വിശദമാക്കുമോ?

കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം വഴി താഴെ പറയുന്ന മാറ്റങ്ങൾ സാധ്യമാകുന്നു.

• സമയബന്ധിതമായി കൃഷി ചെയ്യാനും കൃഷിയിലെ ഉൽപാദന ചെലവ് കുറയ്ക്കാനും പ്രകൃതിക്ഷോഭങ്ങളിൽനിന്ന് കൃഷിയെ സംരക്ഷിക്കാനും സഹായിക്കുന്നു.

• ജലസേചനത്തിൽ പുരോഗതി: RKVY-PDMC മുഖേന സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിച്ചതോടെ ജല ഉപയോഗം കുറച്ച് പരിസ്ഥിതി സൗഹാർദ്ദ കൃഷിക്ക് പ്രോത്സാഹനം നൽകാൻ സാധിച്ചു.

• ഡ്രെയിനേജ് സംവിധാനം മെച്ചപ്പെട്ടു: വെള്ളക്കെട്ട് പ്രശ്നങ്ങൾ ഒഴിവാക്കി, മണ്ണൊലിപ്പ് കുറച്ച് കൃഷിക്ക് അനുകൂലമായ സാഹചര്യം ഉറപ്പാക്കാൻ കഴിഞ്ഞു.

• വിളവെടുപ്പിനുശേഷമുള്ള നഷ്ടം കുറച്ചു: പോസ്റ്റ്-ഹാർവെസ്റ്റ് (Post Harvest) സംവിധാനങ്ങൾ മെച്ചപ്പെട്ടതോടെ വിളവെടുപ്പാനന്തര നഷ്ടം കുറയുകയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ദീർഘകാലം നിലനിർത്താൻ കഴിയുകയും ചെയ്തു.

• സംഭരണ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ: വിളവെടുപ്പിനുശേഷം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്താൻ കഴിഞ്ഞു.

• പ്രോസസ്സിങ് ഉപകരണങ്ങൾ ലഭ്യമാക്കി: കർഷകർ ഉൽപ്പന്നങ്ങൾ പ്രോസസ് ചെയ്ത് മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും അധിക വരുമാനം നേടാനും സഹായിച്ചു.

• കസ്റ്റം ഹയറിങ് സെന്ററുകളുടെ (CHC) വികസനം: അത്യാധുനിക കൃഷിയന്ത്രങ്ങൾ കുറഞ്ഞ ചെലവിൽ ഉപയോഗിക്കാൻ കഴിയുന്നതുകൊണ്ട് ചെലവ് നിയന്ത്രിക്കാനും ലാഭം വർദ്ധിപ്പിക്കാനും സഹായിച്ചു.

• പ്രാദേശിക തൊഴിലവസരങ്ങൾ വർദ്ധിച്ചു: കൃഷിയന്ത്രങ്ങൾ, പ്രോസസ്സിങ് യൂണിറ്റുകൾ, കസ്റ്റം ഹയറിങ് സെന്ററുകൾ തുടങ്ങിയവയുടെ വ്യാപനത്തോടെ തൊഴിലവസരങ്ങൾ വർധിച്ചു.

• ഗ്രാമീണ യുവതീയുവാക്കൾക്ക് അവസരങ്ങൾ: കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കൂടുതൽ അവസരങ്ങൾ ലഭ്യമായി.

മേൽനടപടികളിലൂടെ കാർഷികമേഖലയിൽ കൂടുതൽ സുസ്ഥിരമായ മാറ്റം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

വിവിധ കൃഷികളുടെ വിസ്തൃതി കണക്ക്

11 (3456) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2019-20-ൽ എത്ര ഹെക്ടർ നെൽകൃഷി, പച്ചക്കറി കൃഷി, തോട്ടവിള കൃഷി, ഫലവർഗ കൃഷി എന്നിവ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത കൃഷികൾ നിലവിൽ എത്ര ഹെക്ടർ വീതമുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2019-20, 2023-24 എന്നീ വർഷങ്ങളിൽ നെൽകൃഷി, പച്ചക്കറി കൃഷി, തോട്ടവിള കൃഷി, ഫലവർഗ കൃഷി എന്നിവയുടെ വിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കൃഷി വിസ്തൃതി (ഹെക്ടറിൽ)		
	വിള	വർഷം	
		2019-20	2023-24
1	നെല്ല്	198180	180278.48
2	പച്ചക്കറി	96313	115250
3	തോട്ടവിള	687227	684403.1
4	ഫലവർഗങ്ങൾ	371030	354325.06

കാർഷികമേഖലയ്ക്ക് ഉണർവ് നൽകാൻ പദ്ധതികൾ

12 (3457) ശ്രീ. അൻവർ സാദത്ത്:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) തകർച്ച നേരിടുന്ന കാർഷിക മേഖലയ്ക്ക് ഉണർവ് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സർക്കാരിന്റെ സമയബന്ധിതവും കാർഷിക സൗഹൃദവുമായ നടപടികളിലൂടെ കാർഷിക മേഖലയ്ക്ക് ഉണർവുണ്ടാക്കാനും യുവാക്കൾ, സ്ത്രീകൾ, പ്രവാസികൾ, കൃഷി ഉപേക്ഷിച്ച പരമ്പരാഗത കർഷകർ തുടങ്ങിയവരെ കൃഷിയിലേക്ക് ആകർഷിക്കാനും സാധ്യമായിട്ടുണ്ട്.

താഴെ പറയുന്ന നടപടികൾ ഇക്കാര്യത്തിൽ കൈക്കൊണ്ടു;

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കിയതിലൂടെ കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കാനായി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ ഉൽപാദന, സേവന, വിപണന, മൂല്യവർധനവ് മേഖലയിൽ ഇടപെട്ടതിലൂടെ കൃഷി ആദായകരമാക്കാനും വരുമാനം ഉറപ്പാക്കാനും സാധ്യമായി.

2. വിളയധിഷ്ഠിത കൃഷി രീതിയിൽനിന്നും മാറി വിളയിടാധിഷ്ഠിത (Farm plan) കൃഷിരീതി അവലംബിച്ചതിലൂടെ കർഷക വരുമാനം ഉയർത്തുവാൻ സാധ്യമായി.

3. പരമ്പരാഗത വിളകളായ നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ കൈക്കൊണ്ടതിലൂടെ മേഖലയിലെ പാരമ്പര്യ കർഷകർക്കും ചെറുകിട കർഷകർക്കും കാർഷികവൃത്തി ആദായകരമായി.

4. നെല്ല് സംഭരണം, നാളികേരം, കൊപ്ര സംഭരണം, 16 ഇനം പഴം പച്ചക്കറികൾക്ക്

തറവില എന്നിവ കർഷകർക്ക് പിന്തുണ നൽകുന്ന പദ്ധതികളാണ്.

5. കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോൽപ്പന്നങ്ങളുടെ കാര്യക്ഷമമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയൽ, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർധനവിന് പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

6. ലോകബാങ്കിൽനിന്നും 200 മില്യൻ ഡോളർ വായ്പ ഉപയോഗിച്ച് അടുത്ത അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്ന കേര (KERA) പദ്ധതിയും സംസ്ഥാനത്ത് കർഷകർക്ക് നൂതന സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും മൂല്യവർധനവിനും മികച്ച വിപണി ഒരുക്കിക്കൊടുക്കുന്നതിനും രൂപീകൃതമായ KABCO കമ്പനിയും കാർഷിക മേഖലയിലേക്ക് സമൂലമായ മാറ്റങ്ങളുണ്ടാക്കും.

7. കാർഷിക രംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക യന്ത്രവൽക്കരണ മേഖലയിൽ ഏകജാലക സംവിധാനമായ കൃഷിശ്രീ സെന്ററുകൾ അമ്പത് എണ്ണം ആരംഭിച്ചു. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളിക്ഷാമംമൂലം തരിശ്ശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപാദനം, വിപണനം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ

ഉൾപ്പെടുന്നു.

8. നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതികവിദ്യയുടെ മേഖലയിലേക്ക് കർഷകർക്ക് സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, KATHIR ആപ്ലിക്കേഷൻ തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി.

9. കൃഷിക്ക് ആവശ്യമായ ഗുണനിലവാരമുള്ള ഉൽപാദനോപാധികൾ കർഷകർക്ക് നൽകുകയും ലഭിക്കുന്ന ഉൽപാദനോപാധികൾ ഗുണമേൻമയുള്ളതാണോയെന്ന് ഉറപ്പുവരുത്താൻ വകുപ്പുതല ലാബുകൾക്ക് സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി ഏത് വിധത്തിലുള്ള ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രധാന വിളകളായ നെല്ല്, നാളികേരം എന്നിവയ്ക്ക് സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി കർഷകരിൽനിന്നും സർക്കാർ 28.20 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നുണ്ട്.

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ

നാളികേര ഉൽപാദനം പ്രോത്സാഹിപ്പിക്കുവാനും കേരഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ, FPO-കൾ എന്നിവ മുഖേനയും VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നിവ മുഖേനയും പച്ചത്തേങ്ങ കിലോയ്ക്ക് 34/- രൂപ സംഭരണ വില നൽകി സംഭരിച്ചുവരുന്നു.

റബ്ബർ വിലയിടിവിനെ ചെറുക്കാൻ സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) നടപ്പിലാക്കിവരുന്നു. അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. 2024 മാർച്ച് 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 180/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കർഷകർ ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് പലപ്പോഴും വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നു. ഇത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ, 'വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ' എന്ന പദ്ധതിയിലൂടെ ഓണക്കാലത്ത് പ്രത്യേക വിപണികൾ നടപ്പിലാക്കിയും സംഭരണ ഏജൻസികളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കേരഫെഡ്, മാർക്കറ്റ്ഫെഡ്, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപറേഷൻ എന്നിവയ്ക്ക് ധനസഹായം

നൽകിയും സംസ്ഥാനത്തെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വില ഉറപ്പുവരുത്താൻ ശ്രമിക്കുന്നു.

(സി) മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

ദ്വിതീയ കാർഷിക മേഖലയെ (Secondary Agriculture) പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് കൃഷി വകുപ്പ് കൈക്കൊള്ളുന്നത്. മൂല്യവർധന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, FPO-കൾ തുടങ്ങിയവയെ മൂല്യവർധന മേഖലയിലേയ്ക്ക് ആകർഷിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുന്നുണ്ട്. 'സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) മുഖാന്തരം കൃഷിക്കൂട്ടങ്ങൾക്കും വ്യക്തിഗത സംരംഭകർക്കും സഹായം നൽകുന്നു. ഇതുകൂടാതെ സർക്കാർ/പൊതുമേഖല/സഹകരണമേഖല/കുടുംബശ്രീ യൂണിറ്റുകൾ/ എഫ്.പി.ഒ.-കൾ എന്നിവ മുഖേനയുള്ള വിപണനത്തിനും മൂല്യവർധനവിനും പദ്ധതി അധിഷ്ഠിത സഹായം നൽകുവാനും കാർഷിക മേഖലയിലെ അഗ്രി സ്റ്റാർട്ടപ്പുകളെയും സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കണ്ടുപിടിത്തങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷക സംഘടനകളെയും പ്രോത്സാഹിപ്പിക്കുന്നതിനും SFAC സഹായം നൽകുന്നുണ്ട്. കാർഷിക രംഗത്ത് മൂല്യവർധനം ഉറപ്പാക്കുന്നതിനും അതിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനുമായി കേരള അഗ്രോ ബിസിനസ്സ് എന്ന കമ്പനി കൃഷി വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

"ഒരു കൃഷി ഭവൻ ഒരു മൂല്യവർധിത ഉൽപന്നം" എന്ന പദ്ധതിയിലൂടെയും കാർഷിക

മേഖലയിലെ മൂല്യവർധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് 'കേരളഗ്രോ' ബ്രാൻഡ് നൽകിയും കേരളഗ്രോ സ്റ്റോറുകൾ ആരംഭിച്ചതും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പാക്കിങ് ആകർഷകമാക്കുവാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി ചേർന്ന് പരിശീലനം നൽകിയും മൂല്യവർധിത കാർഷിക മേഖലയെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നു.

കൂടാതെ, വിവിധ പുതിയ ഇടപെടലുകളായ കൃഷി സമൃദ്ധിയിലും മറ്റ് പദ്ധതികളായ കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികളിലും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകിവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

13 (3458) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന

പദ്ധതികൾ, ചെലവഴിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മുനിസിപ്പാലിറ്റി കൃഷിഭവൻ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുള്ള പദ്ധതി അനുവദിക്കുകയും അതുപ്രകാരം 2023 ഡിസംബറിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. KLDC മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്.

നവോഥൻ പദ്ധതി

14 (3459) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക യോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ തരിശ് കിടക്കുന്ന സർക്കാർ/അർധ സർക്കാർ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഭൂമി കണ്ടെത്തി അവിടെ അനുയോജ്യമായ കൃഷി ചെയ്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നവോഥൻ പദ്ധതിയിലേക്ക് എത്ര കർഷകരും ഭൂവുടമകളും നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് തരിശുഭൂമിയിൽ കൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ആധുനിക കൃഷിരീതികൾ ഉപയോഗിച്ച് ഉൽപാദനവും കാർഷിക വരുമാനവും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള New Agriculture Wealth

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Opportunities– Driving Horticulture Agri Business Networking (NAWO-DHAN) പദ്ധതിയിൽ നാളിതു വരെ കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉൽപാദന സംഘടനകൾ എന്നിവ ഉൾപ്പെടെ ആകെ 198 പേരും 28 ഭ്രൂവുടമകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഓപ്പൺ ഫീൽഡ് പ്രിസിഷൻ ഫാമിങ് സാങ്കേതിക സമ്പ്രദായത്തിലൂടെ എത്ര തരിശ് സ്ഥലം കൃഷിയോഗ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ കീഴിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാനത്ത് 64.483 ഹെക്ടർ തരിശ് ഭ്രൂമിയിൽ ഓപ്പൺ ഫീൽഡ് പ്രിസിഷൻ ഫാമിങ് നടപ്പിലാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ നബാർഡ് സ്കീം വഴിയുള്ള കൃഷി വകുപ്പ് പ്രവൃത്തികൾ

15 (3460) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നിവർ മുഖേന കോട്ടയം ജില്ലയിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം യഥാക്രമം അനുബന്ധമായി+ ചേർക്കുന്നു.

വിദ്യാർഥികളിൽ കാർഷികാഭിരുചി വർധിപ്പിക്കാൻ നടപടി

16 (3461) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർഥികളിൽ കാർഷികാഭിരുചി വർധിപ്പിക്കുന്നതിനും അവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കാമോ?

സ്കൂൾ, കോളേജ് വിദ്യാർഥികളിൽ കാർഷികാഭിരുചി വർധിപ്പിക്കുന്നതിനും അവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ഒരു മുഖ്യഘടകമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ഘടകപ്രകാരം വിദ്യാർഥികളിൽ കൃഷി സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി കുറഞ്ഞത് 30 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യേണ്ടതാണ്. ഒരേക്കർ വിസ്തൃതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ ധനസഹായം നൽകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തി 91 സ്കൂൾ/കോളേജുകളിൽ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കി.

കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും സുരക്ഷിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും സാധ്യമാകുന്നു.

സ്കൂൾ/കോളേജ് വിദ്യാർഥികളിൽ കാർഷികാഭിരുചി വളർത്തുന്നതിന്റെ ഭാഗമായി മികച്ച രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാലയങ്ങൾക്കും സ്കൂൾ/കോളേജ് വിദ്യാർഥികൾക്കും അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകി കൃഷി വകുപ്പ് ആദരിച്ചുവരുന്നു. പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ പോഷകസമൃദ്ധി മിഷന്റെ ഭാഗമായി കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പോഷകത്തോട്ടം, സ്കൂൾ പച്ചക്കറിത്തോട്ടം തുടങ്ങിയവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ സങ്കരയിനം ഉൾപ്പെടെയുള്ള വിവിധ ഇനം പച്ചക്കറി വിത്ത്, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി സ്കൂൾ/കോളേജ് വിദ്യാർഥികൾക്ക് വിതരണം നടത്തിവരുന്നു. കൂടാതെ പോഷകഗുണവും വിഷരഹിതവുമായ

ഭക്ഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും പോഷകസമൃദ്ധി മിഷനിൽ ഉൾപ്പെട്ട വിളകളുടെ പരിപാലന രീതികളെക്കുറിച്ചും സ്കൂൾ/കോളേജ് വിദ്യാർഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് സ്കൂൾ/കോളേജ് വിദ്യാർഥികളിൽ കാർഷികാഭിരുചി വർധിപ്പിക്കുന്നതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. വിദ്യാലയങ്ങളിൽ അഗ്രി കേഡറ്റ് ക്രോപ്സ്, കാർഷിക ക്ലബ്ബുകൾ തുടങ്ങിയവ രൂപീകരിച്ച് ആരോഗ്യ സംരക്ഷണവും പോഷക പ്രാധാന്യവും എന്ന വിഷയത്തിൽ പഠന ക്ലാസ്സുകൾ (പോഷകത്തോട്ടം നിർമ്മിക്കൽ, പോഷക തളിക, ചെറുധാന്യങ്ങളുടെ ഉപയോഗം, ചെറുധാന്യങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷണ ചേരുവകൾ) എക്സിബിഷനുകൾ, വിജ്ഞാന സദസ്സ് എന്നിവ സംഘടിപ്പിക്കുക.

2. സ്കൂൾ, കോളേജ് വിദ്യാർഥികളിൽ കാർഷികാഭിരുചി വർധിപ്പിക്കുന്നതിനും സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്യാമ്പയിനുകൾ (Nutrition education) സംഘടിപ്പിക്കുക.

3. കാർഷിക പരിശീലന കളരികൾ, നൂതന കൃഷി സങ്കേതങ്ങളുടെ പരിചയപ്പെടുത്തൽ, കാർഷിക കലോത്സവങ്ങൾ, വിജ്ഞാന സദസുകൾ, വിദ്യാർഥികളുടെ കാർഷിക കണ്ടുപിടിത്തങ്ങൾ അവതരിപ്പിക്കാൻ കൃഷി ശാസ്ത്ര-സാംസ്കാരിക പരിപാടികൾ

സംഘടിപ്പിക്കുക.

4. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കും ചുറ്റുമുള്ള സ്ഥലം ഉപയോഗപ്പെടുത്തി ("പെരിമീറ്റർ കൃഷി") ചെടിച്ചട്ടികൾ, പന്തൽ ഇനങ്ങൾ തുടങ്ങിയ കൃഷി ചെയ്യുന്നതിലൂടെ വിദ്യാർഥികളിൽ ശാരീരികവും മാനസികവുമായ വളർച്ച കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

5. കലാലയ വിദ്യാർഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലന പരിപാടികൾ കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുക.

6. എല്ലാ വിദ്യാലയങ്ങളിലും പോഷകത്തോട്ടങ്ങൾ രൂപകൽപന ചെയ്ത് പി.റ്റി.എ.-യുടെ സഹായത്തോടെ നടപ്പിലാക്കുക. അതിലൂടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ വിദ്യാലയങ്ങളുടെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുക.

7. ആഴ്ചയിലൊരിക്കൽ കുട്ടികൾ വീട്ടിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ വിപണനം ചെയ്യാനായി സ്കൂളുകളിൽ സൗകര്യമൊരുക്കുക

8. ശാസ്ത്രീയ-കാർഷിക ക്ലബ്ബുകൾ, വിദ്യാർഥികളുടെ ഇന്റേൺഷിപ്, പ്രോജക്ടുകൾ, മാതൃകാ വില്ലേജ് പ്രോജക്ടുകൾ എന്നിവയിലൂടെ കൃഷിയെ ഒരു co-curricular activity ആയി ഉൾപ്പെടുത്തി നടപ്പിലാക്കുക.

(ബി) കൃഷിയിൽ തൽപ്പരരായ വിദ്യാർഥികൾക്ക് കൃഷി ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കൃഷിയിൽ തൽപ്പരരായ വിദ്യാർഥികൾക്ക് കൃഷി ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതിപ്രകാരം പ്രോത്സാഹനം നൽകിവരുന്നുണ്ട്. വിദ്യാർഥികൾക്ക് തങ്ങളുടെ വീട്ടുവളപ്പിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിനായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ (മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമപ്ലാവ്), ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡി നിരക്കിൽ നൽകിവരുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ തുടങ്ങിയവയും നൽകുന്നു. കൂടാതെ സങ്കരയിനം ഉൾപ്പെടെയുള്ള പച്ചക്കറി വിത്ത്, തൈ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവയും പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തുവരുന്നു. നഗരപ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത വിദ്യാർഥികൾക്കായി 25 മൺചട്ടി/HDPE ചട്ടികളും പച്ചക്കറി തൈകളും അടങ്ങിയ ഒരു യൂണിറ്റിന് (ഒരു യൂണിറ്റിന്റെ വില 5000 രൂപ) 75% സബ്സിഡി നിരക്കിൽ ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

പൊലിമ പുതുക്കാട് പദ്ധതി

17 (3462) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ നാൽപ്പതിനായിരത്തോളം വനിതകളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി കൃഷി, തദ്ദേശം, സഹകരണ വകുപ്പുകളുടെ സഹകരണത്തോടെ

കൃഷിയിലേർപ്പെടുത്തുന്നതിന് 'പൊലിമ പുതുക്കാട്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനും വിപുലീകരണത്തിനുമായി കൃഷി വകുപ്പ് പ്രത്യേകം ഫണ്ടും അനുബന്ധ പദ്ധതികളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും കൃഷി വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതി വിഹിതവും പൊലിമ പുതുക്കാട് പദ്ധതിയുടെ നടത്തിപ്പിനായി മുൻഗണനാടിസ്ഥാനത്തിൽ അനുവദിച്ച് നടപ്പിലാക്കിവരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 8 ലക്ഷം രൂപയുടെ പച്ചക്കറി തൈകൾ 2022-23 വർഷം പൊലിമ പുതുക്കാട് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയുണ്ടായി.

(സി) സ്കൂൾ, കോളേജ് വിദ്യാർഥികളിൽ കാർഷിക സംസ്കാരവും കൃഷിയോട് ആഭിമുഖ്യവും വളർത്തുന്നതിന് സഹായകരമായ രീതിയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

സ്കൂൾ, കോളേജ് വിദ്യാർഥികളിൽ കാർഷിക സംസ്കാരവും കൃഷിയോട് ആഭിമുഖ്യവും വളർത്തുന്നതിന് സഹായകരമായ വിവിധ പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ഒരു മുഖ്യഘടകമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ മികച്ച രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാലയങ്ങൾക്കും

സ്കൂൾ/കോളേജ് വിദ്യാർഥികൾക്കും അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകി കൃഷി വകുപ്പ് ആദരിച്ചുവരുന്നു. പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് സ്കൂളുകളിൽ പോഷകത്തോട്ടം, പച്ചക്കറിത്തോട്ടം തുടങ്ങിയവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുകയും സങ്കരയിനം ഉൾപ്പെടെയുള്ള വിവിധ ഇനം പച്ചക്കറി വിത്ത്, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി വിദ്യാർഥികൾക്ക് വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കാർഷിക പ്രവൃത്തികൾ

18 (3463) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വലിയ കാർഷിക പ്രവൃത്തികൾ ഏതൊക്കെയെന്നും എവിടെയാണ് നടപ്പിലാക്കിയതെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ 2025 വരെ എത്ര സ്ഥലം കൃഷിക്ക് അനുയോജ്യമാക്കിയെന്നുള്ള വിവരം സ്ഥലം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർ മുഖേന നടപ്പിലാക്കിയിട്ടുള്ള വലിയ കാർഷിക പ്രവൃത്തികളുടെ (പത്ത് കോടി മുതൽ ഭരണാനുമതി

തുകയുള്ളവ) വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനം

19 (3464) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനം ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ?

ഉൽപാദനം, വിപണനം, മൂല്യവർധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് ഉദ്ദേശിച്ചാണ് പോഷകസമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.

പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും മിഷൻ സഹായകരമാകുന്നതാണ്. പോഷകസമൃദ്ധമായ ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ എന്നീ വിളകൾക്ക് മിഷനിലൂടെ പ്രോത്സാഹനം നൽകുന്നു. പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട വിവിധ വിളകൾ വിവിധ കാർഷിക പാരിസ്ഥിതിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപാദിപ്പിക്കുന്നതാണ്. ഇതിനായി മേൽപ്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്ന വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.

കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച പോഷക സമൃദ്ധി മിഷന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

2024-25 സാമ്പത്തിക വർഷം മുതൽ 2026-27 വർഷം വരെ നീണ്ടുനിൽക്കുന്ന മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ പങ്കാളികളാക്കുന്നതിനാണ് മിഷനിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 459839 കുടുംബങ്ങൾ മിഷനിൽ പങ്കാളികളായിട്ടുണ്ട്. മിഷന്റെ ഭാഗമായി ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ 1792 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. മിഷന്റെ ഭാഗമായി ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ 1083 ഉൽപ്പാദന വിതരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി വിവിധ ഘടകങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- മിഷന്റെ ഭാഗമായി വീട്ടുവളപ്പുകളിൽ 86000 പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു.
- മിഷന്റെ ഭാഗമായി 737.61 ഹെക്ടർ സ്ഥലത്ത് പഴവർഗ്ഗ ക്ലസ്റ്റർ നടപ്പിലാക്കി.

• ഫലവൃക്ഷതൈകളുടെ വിതരണ പദ്ധതിയിൽ 12,41,633 ഫലവൃക്ഷ തൈകളുടെ വിതരണം പൂർത്തീകരിച്ചു.

• 100/- രൂപ വിലയുള്ള വിവിധ പച്ചക്കറി ഇനങ്ങളുടെ ഒരു ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് വിതരണം പൂർത്തീകരിച്ചു.

• 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈ വിതരണം പൂർത്തീകരിച്ചു.

• മിഷന്റെ ഭാഗമായി മാധ്യമങ്ങൾ മുഖേന 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം പൂർത്തീകരിച്ചു.

• സങ്കരയിനം അല്ലാതെയുള്ള 10/- രൂപയുടെ 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം പൂർത്തീകരിച്ചു.

• സങ്കരയിനം അല്ലാതെയുള്ള 2.5/- രൂപയുടെ 40 ലക്ഷം പച്ചക്കറി തൈകൾ വിതരണം പൂർത്തീകരിച്ചു.

• ദീർഘകാല പച്ചക്കറി ഇനങ്ങളായ അഗത്തി, മുരിങ്ങ, കറിവേപ്പ് ഉൾപ്പെടെയുള്ള 15/- രൂപയുടെ ഒരു ലക്ഷം തൈകൾ വിതരണം പൂർത്തീകരിച്ചു.

• 25 പച്ചക്കറി തൈകൾ നട്ടുപടിപ്പിച്ച് മൺചട്ടി/HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ, ആകെ 7980 യൂണിറ്റുകൾ വിതരണം പൂർത്തീകരിച്ചു.

• 62.69 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി വ്യാപിപ്പിച്ചു.

• ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ മിഷന്റെ പ്രചരണത്തിന്റെ ഭാഗമായി ബ്രോഷർ, ഷോർട്ട് വീഡിയോ തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ട്. ഞാറ്റുവേല പ്രോഗ്രാമിനോടൊപ്പവും കേരള കർഷകൻ മാസികയിലൂടെയും മിഷനെ സംബന്ധിച്ച പ്രചരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

• കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ 17 വിഭാഗങ്ങൾക്കുമായി പോഷക തളിക രൂപകല്പന ചെയ്തിട്ടുണ്ട്.

• കാർഷിക സർവകലാശാല മില്ലറ്റ് മിഷനുമായി ചേർന്ന് വെബിനാർ സംഘടിപ്പിച്ചു.

• ജില്ലാതലത്തിൽ മിഷന്റെ പ്രചാരണത്തിന്റെ ഭാഗമായി കർഷകർക്കായി 1792 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ SAMETI, RATTC, FTC മുഖേന കൃഷി ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

പയ്യന്നൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

20 (3465) ശ്രീ. ടി. ഐ. മധുസൂദനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ കൃഷി

വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

പാലക്കാട് ജില്ലയിലെ നബാർഡ് വഴിയുള്ള നീർത്തട സംരക്ഷണ പ്രവൃത്തികൾ

21 (3466) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഏതെല്ലാം കുളങ്ങളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പ്രവൃത്തികളാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളതെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഓരോന്നിന്റെയും പ്രവൃത്തി വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർ മുഖേന നടപ്പിലാക്കിവരുന്ന നീർത്തടങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കണ്ണൂർ ജില്ലയിലെ ക്ലൺ ഗ്രാമം പദ്ധതി

22 (3467) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന 'ക്ലൺ ഗ്രാമം'

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ കണ്ണൂർ ജില്ലയിൽനിന്നും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതി വഴി എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY-RAFTAAR 2022-23-ൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം 'ക്ലൺ ഗ്രാമം' പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിലെ ധർമ്മടം, ന്യൂമാഹി, തലശ്ശേരി, എരഞ്ഞോളി, മുഴപ്പിലങ്ങാട്, അഞ്ചരക്കണ്ടി, കോടിയേരി, പിണറായി, വേങ്ങാട് എന്നീ പഞ്ചായത്തുകളെയും പേരാവൂർ ബ്ലോക്കിലെ മാലൂർ, പേരാവൂർ, മുഴക്കുന്ന്, കോളയാട്, കണിച്ചാർ, കേളകം, കൊട്ടിയൂർ എന്നീ പഞ്ചായത്തുകളെയും തിരഞ്ഞെടുത്തിട്ടുണ്ട്.

ക്ലൺ ഗ്രാമം പദ്ധതിയിൽ 100 ക്ലൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരു ക്ലൺ ഗ്രാമത്തിൽ നൂറ് ചെറുകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ, രണ്ട് വൻകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ, ഒരു സ്പോൺ ഉൽപാദന യൂണിറ്റ്, പത്ത് കമ്പോസ്റ്റ് യൂണിറ്റുകൾ, രണ്ട് പാക്ക് ഹൗസുകൾ, മൂന്ന് സംസ്കരണ യൂണിറ്റുകൾ, നൂറു പേർക്ക് പരിശീലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതി വഴി നൽകിവരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

നമ്പർ	ഘടകം	യൂണിറ്റുകളുടെ എണ്ണം	പദ്ധതി ചെലവ് (ലക്ഷത്തിൽ)	ധനസഹായം (ലക്ഷത്തിൽ)
1	ചെറുകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ (40% സബ്സിഡി @ 11250 രൂപ)	100	28.1250	11.25

2	വൻകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ (40% സബ്സിഡി @2,00,000 രൂപ)	2	10.00	4.00
3	സ്പോൺ ഉൽപാദന യൂണിറ്റ് (40% സബ്സിഡി @2,00,000 രൂപ)	1	5.00	2.00
4	കമ്പോസ്റ്റ് യൂണിറ്റുകൾ (50% സബ്സിഡി@50,000 രൂപ)	10	10.00	5.00
5	പാക്ക് ഹൗസുകൾ (50% സബ്സിഡി@2,00,000 രൂപ)	2	8.00	4.00
6	സംസ്കരണ യൂണിറ്റുകൾ (50% സബ്സിഡി@1,00,000 രൂപ)	3	6.00	3.00
7	പരിശീലനം (പങ്കെടുക്കുന്നവരുടെ എണ്ണം)	100	1.00	1.00
ആകെ			**68.125**	**30.25**

(ബി) കല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ക്ലൺ ഗ്രാമം പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടില്ല. തുടർന്നുവരുന്ന ഘട്ടങ്ങളിൽ കല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളെ പരിഗണിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ

23 (3468) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർ മുഖേന തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ യഥാക്രമം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കാലയളവിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) നബാർഡ് ധനസഹായത്തോടെ മണലൂർ മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) RIDF-XXIX - 'ഇൻസ്റ്റലേഷൻ ഓഫ് ഫ്ലഡ് റെസിലിയന്റ് ആൻഡ് എനർജി എഫിഷ്യന്റ് ഡീവാട്ടറിങ് ഡിവൈസസ് ഇൻ ലോ ലയിങ് റൈസ് ഫീൽഡ്സ് ഇൻ 13 ഗ്രാമപഞ്ചായത്ത് ഓഫ് ചേർപ്പ്, അന്തിക്കാട്, പുഴക്കൽ, മുല്ലശ്ശേരി, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി ബ്ലോക്ക് ഇൻ തൃശ്ശൂർ ജില്ല' എന്ന പദ്ധതിക്ക് കാർഷിക വികസന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകക്ഷേമ വകുപ്പിന് അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽ മണലൂർ മണ്ഡലത്തിൽ 5 പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

RIDF XXIX-ൽ കോൾ ഡെവലപ്മെന്റ് പദ്ധതിയുടെ സേവിങ്സ് തുക ഉപയോഗിച്ച് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന മണലൂർ മണ്ഡലത്തിൽ പേരാമംഗലം പഴമുക്ക് ബ്രാഞ്ച് കനാലിനും പതിയാർകുളങ്ങര മുല്ലശ്ശേരി കനാലിനും കുറുകെയുള്ള VCB-യുടെ നിർമ്മാണം 128.84 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

മണലൂർ മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

24 (3469) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I. സംയോജിത കൃഷിയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ- ജൈവഗൃഹം പദ്ധതി:

പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട് വളർത്തൽ/പോഷകത്തോട്ടം/തേനീച്ച വളർത്തൽ/ക്ഷീര കൃഷി/പശു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വളർത്തൽ/മത്സ്യകൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. 2020-22 വർഷത്തിൽ മണലൂർ നിയോജകമണ്ഡലത്തിൽ 43.2 ലക്ഷം രൂപ അനുവദിക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും 123 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു.

II. തൃശ്ശൂർ-പൊന്നാനി കോൾ പ്രദേശം- പ്രളയം-വരൾച്ച എന്നിവയെ തരണം ചെയ്യുവാനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി:

a. കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തൃശ്ശൂർ പൊന്നാനി കോൾ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ നൽകിയിരിക്കുന്നു.

മെയിൻചാൽ ആഴംകൂട്ടൽ, എഞ്ചിൻഷെഡ് നിർമ്മാണം, എഞ്ചിൻ തറ നിർമ്മാണം, ഉൾചാൽ ആഴം കൂട്ടൽ, കിടു, റാമ്പ്, സ്ലൂയിസ്സ്, ഫാം റോഡ് എന്നിവ പദ്ധതിപ്രകാരം പൂർത്തീകരിച്ചു.

b. സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ:

പ്രസ്തുത പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ പെട്ടിപ്പറ മാറ്റി സബ്മേഴ്സിബിൾ പമ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെറ്റ് വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പാടശേഖരം	പവർ
	ഒന്നാംഘട്ടം	
1	മണലൂർതാഴം ബ്രാട്ടിത്തറ	50 HP
2	മനക്കൊടി വെളുത്തൂർ ഉൾപ്പാടം	50 HP
3	വെളുത്തൂർ കൈപ്പള്ളി അകംപാടം	50 HP (2nos.)
4	ആറുമുറി കോൾപടവ്	50 HP
5	മതുക്കര നോർത്ത് കോൾ കർഷക സമിതി -പതിയാർ കുളങ്ങര	50 HP
6	പൊണ്ണമുത കോൾപടവ് സഹകരണ സംഘം	50 HP
7	ആറുമുറി തുരുത്ത്	50 HP
8	ചാത്തൻകോൾ ഗോതമ്പ് റോഡ്	50 HP
9	വടക്കേകോഞ്ചിറപുഞ്ച കോൾ പടവ് W-9	50 HP
10	താനപ്പാടം രാമൻകായൽ W-18	50 HP
11	മണൽപ്പുഴ കണ്ണോത്ത് സംയുക്ത കോൾപടവ് കണ്ണോത്ത് W-6	50 HP
12	മണൽപ്പുഴ കണ്ണോത്ത് സംയുക്ത കോൾപടവ് താമരച്ചാൽ	50 HP
13	മതുക്കര തെക്കുപുറം	50 HP
14	എറവ് കൈപ്പള്ളി അകംപാടം	50 HP
15	കരാട്ടെക്കോൾ	50 HP
16	മണലൂർ താഴം മാങ്ങോറുതറ	50 HP
17	മതുക്കര തെക്കുപുറം	50 HP

18	അഞ്ചുമുറി	50 HP
19	തോട്ടുപുര	30 HP
20	അന്തിക്കാട്കണംകോൾ വാഴക്കോൾ തറ (സൌത്ത് മണലൂർ)	50 HP
21	ഏലമുത വടക്ക് -കടുംപാത	50 HP
22	കരാട്ടെക്കോൾ	50 HP
23	കിഴക്കേ കരിംപാടം തെക്കേത്തറ	50 HP
24	കുടയാട്ടിപ്പടവ്	50 HP
25	പടിഞ്ഞാറെ കരിംപാടം	50 HP
26	വിളക്കുമാടം തറ മുറിച്ചുത്തി	60 HP
27	അന്തിക്കാട് പാടശേഖരം പഴങ്ങാപറമ്പ്, സൌത്ത് മണലൂർ	50 HP
28	മണലൂർ താഴം ബ്രാട്ടിത്തറ, മങ്കോത്തറ	50 HP
29	മതുക്കര നോർത്ത് കോൾ കർഷക സമിതി -പതിയാർ കുളങ്ങര	50 HP
30	മണലൂർ താഴം മുറിക്കോൾ	50 HP
31	മതുക്കര തെക്കുപുറം	50 HP
രണ്ടാംഘട്ടം		
1	തെക്കേ കോഞ്ചിറ	50 HP
2	പടിഞ്ഞാറെ കരിംപാടം കോൾ പടവ്	50 HP
3	പൊണ്ണമുത	50 HP

c. കെ.എസ്.ഇ.ബി. മുഖേന നടഷിലാക്കിയ പ്രവൃത്തികൾ:

കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

ഘടകങ്ങൾ	**പൂർത്തികരിച്ചവ**

New 11 KV OH Line (in Mtrs)	360
Installation of 100 KVA Transformer (No.)	6
Installation of 160 KVA Transformer (No.)	1
Enhancement of 100KVA to 160KVA Transformer (No.)	1
Enhancement of 63KVA to 100KVA Transformer (No.)	1

(ബി) മണ്ഡലത്തിലെ കാർഷിക മേഖലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഏതെങ്കിലും പദ്ധതി പുരോഗമിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തൃശ്ശൂർ-പൊന്നാനി കോൾ പ്രദേശം - പ്രളയം, വരൾച്ച എന്നിവയെ തരണം ചെയ്യുവാനുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതി:

a. കെ.എൽ.ഡി.സി. മുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികൾ:

നിലവിൽ 11 പ്രവൃത്തികൾ നടന്നുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി+ നൽകിയിരിക്കുന്നു.

ബണ്ട് നിർമ്മാണം, എഞ്ചിൻഷെഡ്, എഞ്ചിൻ തറ, കിടങ് എന്നിവയാണ് കെ.എൽ.ഡി.സി. മുഖേന ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ.

b. സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ മുഖേന ചെയ്തുകൊണ്ടിരിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ:

ക്രമ നമ്പർ	പാടശേഖരം	പവർ
	ഒന്നാംഘട്ടം	
1	മണൽപ്പുഴ കണ്ണോത്ത് സംയുക്ത കോൾ പടവ് എടത്ത	50 HP
2	വാരിയൻ കോൾ	50 HP
3	പടിഞ്ഞാറെ കരിംപാടം	20 HP
4	എറവ് കൈപ്പള്ളി അകംപാടം	50 HP
5	ഏലമുത പാടുകണ്ടൻ	50 HP
6	പുള്ള് അയ്യപ്പൻ കോൾ	50 HP
7	പുഞ്ചപ്പടവിള കോൾ	50 HP
8	മാരുതിത്താഴം കുട്ടിപ്പറമ്പ്	20 HP (2nos.)
9	രജമുട്ട്തറ	50 HP
10	അന്തിക്കാട്കണംകോൾ രാജൻതറ	50 HP
	രണ്ടാംഘട്ടം	
1	കാണിയാംതുരുത്ത് പാടശേഖരം കൂട്ടുകൃഷി സമിതി	30 HP
2	വടക്കേ കോഞ്ചിറ	50 HP
3	പരുവെല്ലൂർ കോൾ പടവ്	20 HP

കൃഷി സമൃദ്ധി പദ്ധതി

25 (3470) <u>ശ്രീ. ജി. സ്റ്റീഫൻ</u>**:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

തരിശ് ഭൂമികളിൽ കൃഷി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന സമഗ്രകൃഷി കർമ്മ പദ്ധതിയായ കൃഷി സമൃദ്ധിയിലൂടെ അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

2024-25 വർഷത്തിൽ ഒന്നാംഘട്ടമായി കൃഷിസമൃദ്ധി പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനത്തെ 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്. അരുവിക്കര മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടില്ല. ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൃഷിസമൃദ്ധി പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

26 (3471) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എവിടെയൊക്കെ കേരഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ട്; പദ്ധതിയുടെ വിശദാംശം നൽകുമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി.

വർഷം	പഞ്ചായത്ത്

2020-21	അജാന്തൂർ
2021-22	കോടോംബെളൂർ
2022-23	കാഞ്ഞങ്ങാട്, കിനാന്തൂർ കരിന്തളം
2023-24	പനത്തടി
2024-25	കള്ളാർ

2020-21 ൽ അജാന്തൂർ പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 43750 തെങ്ങുകളുടെ തടം തുറക്കൽ, ജൈവവളം, രാസവളം, 868 തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി, 62 ജലസേചന പമ്പ്സെറ്റുകൾ, 11 ജൈവവള നിർമ്മാണ യൂണിറ്റുകൾ, 36 തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ നടപ്പിലാക്കി, 47.67 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 43750 തെങ്ങുകൾക്ക് ജൈവവളം, രാസവളം, 1154 തെങ്ങിൻതോട്ടങ്ങളിൽ ഇടവിള കൃഷി എന്നിവ നടപ്പിലാക്കി, 14.54776 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷത്തിൽ 43750 തെങ്ങുകൾക്ക് ജൈവവളം നൽകി, 2.68345 ലക്ഷം രൂപ ചെലവഴിച്ചു.

2021-22-ൽ കോടോംബെളൂർ പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 245 ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിൽ തടം തുറക്കൽ, 250 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ രാസവള പ്രയോഗം, 36.8 ഹെക്ടറിൽ ഇടവിള കൃഷി, 20 ജലസേചന പമ്പ്സെറ്റുകൾ, 8 ജൈവവള നിർമ്മാണ യൂണിറ്റുകൾ, 61 തെങ്ങുകയറ്റ യന്ത്രങ്ങൾ, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈകൾ എന്നിവ നടപ്പിലാക്കി 45.02 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 250 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ തടം

ഇറക്കൽ, 30.5 ഹെക്ടറിൽ ഇടവിള കൃഷി, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈകൾ എന്നിവ നടപ്പിലാക്കി 16.7774 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷത്തിൽ 250 ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിൽ തടം ഇറക്കൽ നടപ്പിലാക്കി 5.14197 ലക്ഷം രൂപ ചെലവഴിച്ചു.

2022-23 ൽ കാഞ്ഞങ്ങാട് പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 100 ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിൽ തടം ഇറക്കൽ, 100 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ ജൈവവള പ്രയോഗം, 11 ജലസേചന പമ്പ്സെറ്റുകൾ, ഒരു തെങ്ങുകയറ്റ യന്ത്രം, എന്നിവ നടപ്പിലാക്കി 17.2 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 100 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ ജൈവവളം നൽകി, 7.07526 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം പദ്ധതി നടപ്പിലാക്കിവരുന്നു.

2022-23-ൽ കിനാനൂർ കരിന്തളം പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 9525 തെങ്ങുകളുടെ തടം ഇറക്കൽ, ജൈവവളം, രാസവളം, 17 ജലസേചന പമ്പ്സെറ്റുകൾ, 3 ജൈവവള നിർമ്മാണ യൂണിറ്റുകൾ, 24 തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ നടപ്പിലാക്കി 17.47185 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 7336 തെങ്ങുകളുടെ തടം ഇറക്കൽ, ജൈവവളം, രാസവളം, എന്നിവ നടപ്പിലാക്കി 7.28283 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം പദ്ധതി നടപ്പിലാക്കിവരുന്നു.

2023-24-ൽ പനത്തടി പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 461 തെങ്ങുകളുടെ തടം ഇറക്കൽ, 414 തെങ്ങുകൾക്ക് ജൈവവളം,

രാസവളം, ഇടവിള കൃഷി, 24 ജലസേചന പമ്പ്സെറ്റുകൾ, 3 തെങ്ങുകയറ്റ യന്ത്രങ്ങൾ, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ എന്നിവ നടപ്പിലാക്കി 21.63317 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 100 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ ജൈവവളം നൽകി 3.0 ലക്ഷം രൂപ ചെലവഴിച്ചു.

2024-25-ൽ കള്ളാർ പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ക്ലസ്റ്ററിലെ തെങ്ങുകളുടെ തടം തുറന്ന് ജൈവവളം നൽകി.

പോഷക സമൃദ്ധി മിഷൻ

27 (3472) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ പോഷക സമൃദ്ധി മിഷനിൽ പങ്കാളികളായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷം മുതൽ 2026-27 വർഷംവരെ നീണ്ടുനിൽക്കുന്ന മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ പങ്കാളികളാക്കുന്നതിനാണ് മിഷനിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 459839 കുടുംബങ്ങളാണ് മിഷനിൽ പങ്കാളികളായിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	കുടുംബങ്ങളുടെ എണ്ണം

1	തിരുവനന്തപുരം	25808
2	കൊല്ലം	23320
3	പത്തനംതിട്ട	21847
4	ആലപ്പുഴ	29086
5	കോട്ടയം	40596
6	ഇടുക്കി	40945
7	എറണാകുളം	41250
8	തൃശ്ശൂർ	81833
9	പാലക്കാട്	28091
10	മലപ്പുറം	18179
11	കോഴിക്കോട്	31000
12	വയനാട്	45945
13	കണ്ണൂർ	10049
14	കാസർഗോഡ്	21890
ആകെ		**459839**

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പച്ചക്കറി വികസന പദ്ധതിപ്രകാരം വിവിധ ഘടകങ്ങളിൽ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി ഇതിനോടകം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

• വീട്ടുവളപ്പുകളിൽ 86000 പോഷകത്തോട്ടങ്ങൾ നിർമ്മിക്കുകയും ഇതിലേക്കായി 23.14 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

• 737.61 ഹെക്ടർ സ്ഥലത്ത് പഴവർഗ ക്ലസ്റ്റർ നടപ്പിലാക്കുകയും 225.7341 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

• ഫലവൃക്ഷ തൈകളുടെ വിതരണം പദ്ധതിയിൽ 12,41,633 എണ്ണം ഫലവൃക്ഷ തൈകൾ വിതരണം നടത്തുകയും ഇതിനായി 331.43 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

• ഒരു ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് വിതരണം നടത്തി. ഇതിനായി 13.92 ലക്ഷം രൂപ ചെലവഴിച്ചു.

• 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈ വിതരണം നടത്തി ഇതിനായി 68.0053 ലക്ഷം രൂപ ചെലവഴിച്ചു.

• മിഷന്റെ ഭാഗമായി മാധ്യമങ്ങൾ മുഖേന 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം നടത്തുകയും ഇതിനായി 10 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

• സങ്കരയിനം അല്ലാതെയുള്ള 10/- രൂപയുടെ 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം നടത്തുകയും ഇതിനായി 124.86 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

• സങ്കരയിനം അല്ലാതെയുള്ള 2.5/- രൂപയുടെ 40 ലക്ഷം പച്ചക്കറി തൈകൾ വിതരണം നടത്തുകയും ഇതിനായി 57.6 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

• ദീർഘകാല പച്ചക്കറി ഇനങ്ങളായ അഗത്തി, മുരിങ്ങ, കറിവേപ്പ് ഉൾപ്പെടെയുള്ള 15/- രൂപയുടെ ഒരു ലക്ഷം തൈകൾ വിതരണം നടത്തുകയും ഇതിനായി 4.61 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

• 25 പച്ചക്കറി തൈകൾ, മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ ആകെ 7980 യൂണിറ്റുകൾ വിതരണം നടത്തുകയും ഇതിനായി 73.13 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

• 62.69 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി നടപ്പിലാക്കുകയും ഇതിനായി 2.30 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

• മിഷന്റെ ഭാഗമായി 1792 പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഇതിനായി 15 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

• പോഷക സമൃദ്ധി മിഷൻ പദ്ധതിയുടെ ഭാഗമായി വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം പദ്ധതിക്കായി 119.94 ലക്ഷം രൂപ ചെലവഴിച്ചു.

കണ്ടറ മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

28 (3473) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കണ്ടറ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന കൃഷിഭവനുകളിൽ അനുവദിച്ചിട്ടുള്ള കാർഷിക പദ്ധതികൾ ഏതൊക്കെയെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നുമുള്ള വിവരം ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കണ്ടറ നിയോജകമണ്ഡലത്തിൽ കണ്ടറ, ഇരവിപുരം, ചാത്തന്നൂർ ബ്ലോക്കുകളിലായി

ഇളമ്പള്ളൂർ, തൃക്കോവിൽവട്ടം, കൊറ്റങ്കര, നെടുമ്പന, പെരിനാട്, പേരയം, കുണ്ടറ എന്നീ പഞ്ചായത്തുകളിലെ കൃഷിഭവനുകൾ മുഖാന്തരം നടപ്പാക്കിയ കാർഷിക പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കുട്ടനാടൻ കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ

29 (3474) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ കാർഷിക മേഖലയ്ക്ക് പുതിയ ഉണർവ് പകരാൻ ഈ സർക്കാർ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായി 2019-20 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പ്രധാന സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി. കുട്ടനാട് മേഖലയിലെ വിള ഉൽപാദനത്തിന്റെ ഭാഗമായി നടത്തുന്ന പ്രധാന പ്രവർത്തനം പാടത്തെ അധിക ജലം നീക്കം ചെയ്യൽ (de-watering) ആണ്. നിലവിലുള്ള പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം ഊർജക്ഷമതയുള്ള വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റുകളോ സബ് മേഴ്സിബിൾ പമ്പ്സെറ്റുകളോ സ്ഥാപിക്കുന്നതിനുള്ള ധനസഹായവും പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതിയിലൂടെ നൽകിവരുന്നു. കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകൾ RIDF പോലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളിൽനിന്നുള്ള സഹായത്താലും നടപ്പാക്കിവരുന്നു.

ഇതുകൂടാതെ ഒന്നാം കുട്ടനാട് പാക്കേജ് നടപ്പാക്കിയതിൽ വന്നിട്ടുള്ള പോരായ്മകൾ ഉൾക്കൊണ്ടുകൊണ്ട്, 2447.66 കോടി രൂപയുടെ സമഗ്രമായ ഒരു പ്ലാൻ സംസ്ഥാന പ്ലാനിങ് ബോർഡ് സർക്കാരിന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2400 കോടി രൂപയുടെ രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിനെ സംബന്ധിച്ച വിഷയം 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവഹണം ആരംഭിക്കുന്നതാണ്. ടി പദ്ധതിക്ക് വളരെ ഉയർന്ന തോതിലുള്ള വിഭവ സ്രോതസ്സുകൾ ആവശ്യമായതിനാൽ പതിനാറാം ധനകാര്യ കമ്മിഷന്റെ പ്രത്യേക പരിഗണനയ്ക്കായും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിനും കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി കുട്ടനാട് ഏകോപന വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി നയിക്കുന്ന കൗൺസിലിന്റെ വൈസ് ചെയർമാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും കൺവീനർ/സെക്രട്ടറി ആയി ആസൂത്രണ ബോർഡ് ചീഫ് സെക്രട്ടറിയുമാണ്. വിവിധ വകുപ്പുകളുടെ മേധാവിമാർ പ്രസ്തുത കൗൺസിൽ

അംഗങ്ങളായി നിയുക്തരാണ്. ആറു മാസത്തിലൊരിക്കൽ കൗൺസിൽ യോഗം ചേർന്ന് കുട്ടനാട്ടിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശകലനം നടത്തുന്നു.

ജനപ്രതിനിധികൾ, കർഷക/കർഷക കൂട്ടായ്മ പ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവർ അടങ്ങുന്ന ഒരു ജനകീയ സമിതിയാണ് കുട്ടനാട് വികസന ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും.

കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ജില്ലാ ഭരണകൂടം, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടുകൂടി കുട്ടനാട് മേഖലയിൽ കൃഷി സമയബന്ധിതമായി നടത്തുന്നതിനായി ഒരു വിള കലണ്ടർ തയ്യാറാക്കുകയും ഇതര വകുപ്പുകളുടെയും കർഷകരുടെയും യോഗം കൂടി വിള കലണ്ടർപ്രകാരം കൃഷി നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം, അനുബന്ധ മേഖലകളുടെ ഉൽപാദന വർധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്ക് 55 ശിപാർശകൾ ഉൾക്കൊള്ളിച്ച REBUILDING KUTTAND (Sustainable Agriculture Development and Eco-Restoration) 2053.00 രൂപ അടങ്കലുള്ള ഒരു പദ്ധതി കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, ആലപ്പുഴ സമർപ്പിച്ചിട്ടുണ്ട്.

(ബി) വിവിധ കാർഷിക പദ്ധതികളുടെ സബ്സിഡികൾ യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കാർഷിക മേഖലയ്ക്ക് അനുവദിച്ചുനൽകുന്ന ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികൾക്കും സാമ്പത്തിക വർഷത്തിന്റെ ആദ്യ ഘട്ടത്തിൽതന്നെ ഭരണാനുമതി ലഭിക്കുവാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവഹണത്തിനുള്ള മാർഗരേഖ തയ്യാറാക്കി സബ് ഓഫീസുകളിലേക്ക് ടി മാർഗരേഖ നൽകുകയും പദ്ധതി നിർവഹണത്തിനായുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ പദ്ധതി നിർവഹണത്തിലൂടെ യഥാസമയം ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നു.

കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

30 (3475) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രസ്തുത ഇനത്തിൽ 2020-21 മുതൽ സംസ്ഥാനത്തിന് ലഭിച്ച ധനസഹായങ്ങളും വ്യക്തമാക്കാമോ?

കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു. ഈ പദ്ധതികളിൽ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ ഫണ്ട് ലഭ്യമാക്കുന്നു.

1. സോയിൽ ഹെൽത്ത് കാർഡ് സ്കീം

2. റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് സ്കീം

3. പി.കെ.വി.വൈ. - ഭാരതീയ പ്രകൃതി കൃഷി പദ്ധതി

4. പെർ ഡ്രോപ് മോർ ക്രോപ് സ്കീം.

5. സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ

6. സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി

7. രാഷ്ട്രീയ കൃഷി വികാസ് യോജന -ഡി.പി.ആർ. ഘടകം

8. സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ

9. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ

10. നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്

11. മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ

12. ഡിജിറ്റൽ ക്രോപ് സർവെ

2020-21 മുതൽ 2024-25 വരെ പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച ഫണ്ടിന്റെ വിവരം അനുബന്ധമായി+ ചേർക്കുന്നു

സമഗ്ര പച്ചക്കറി വികസനം

31 (3476) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറുപടി നൽകുമോ:

സമഗ്ര പച്ചക്കറി വികസനം ലക്ഷ്യമാക്കി 2025-2026 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ സവിശേഷതകൾ വിശദീകരിക്കാമോ; ഇതിനായി എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ നടപ്പാക്കുന്നതെന്നും വിശദീകരിക്കാമോ?

അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ പച്ചക്കറിയിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുവാൻ "സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം" എന്ന പേരിൽ ഒരു ജനകീയ പദ്ധതി ആരംഭിക്കാൻ സർക്കാർ തീരുമാനിക്കുകയും വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും നേതൃത്വം നൽകി ലക്ഷ്യത്തിലെത്തിക്കാൻ തീരുമാനിക്കുകയും ചെയ്തു.

പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. പച്ചക്കറി ഉൽപാദനത്തിൽ 5 വർഷത്തിനുള്ളിൽ സ്വയംപര്യാപ്തത കൈവരിക്കുക.

2. കാർഷിക മേഖലയിലെ കൃഷിക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള കർഷകക്കൂട്ടായ്മകളെ പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉൽപാദനം, വിപണനം, മൂല്യവർധനവ് എന്നീ മേഖലകളിൽ പങ്കാളികളാക്കുക.

3. കേരളത്തിലെ പച്ചക്കറി ഉൽപാദനം വർധിപ്പിച്ചുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറിയുടെ വരവ് നിയന്ത്രിക്കുക.

4. ഉൽപാദനവും ഉൽപാദനക്ഷമതയും വിപണിയും മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കുക.

5. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

6. സുസ്ഥിരമായ കാർഷിക വളർച്ചയിലേക്ക് നയിക്കുന്ന പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക.

7. സുരക്ഷിത പച്ചക്കറികൾ ലഭ്യമാക്കി ആരോഗ്യകരമായ ഭക്ഷണക്രമവും ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുക

സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം കൃഷി വകുപ്പിനെ കൂടാതെ ആരോഗ്യം, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണ/ക്ഷീര വികസനം, റവന്യൂ, വ്യവസായം, ഫിഷറീസ്, ജലസേചനം, കായിക യുവജനക്ഷേമം, സാമൂഹ്യക്ഷേമം, വനിത-ശിശുക്ഷേമം/സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, പട്ടികജാതി പട്ടികവർഗം, സഹകരണം മുതലായ വകുപ്പുകളുടെ വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത് എന്നതിനാൽ വിവിധ വകുപ്പുകളുടെ സമാനമായ പദ്ധതി തുകയിൽനിന്നും സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന്റെ വിവിധ ഘടകങ്ങൾക്ക് തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ

32 (3477) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഞങ്ങളും കൃഷിയിലേക്ക്- സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കുടുംബത്തെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി ഉൽപാദനം, സേവനം, മൂല്യവർധനവ്, വിപണി എന്നീ മേഖലകളിലായി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി.

2) കൃഷിയിടാധിഷ്ഠിത ആസൂത്രണം-കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് വിള അധിഷ്ഠിത കൃഷിരീതിയിൽനിന്നും മാറി വിളയിട അധിഷ്ഠിത കൃഷിരീതി നടപ്പാക്കി. ഓരോ കൃഷിയിടത്തിന്റെയും ശക്തി, ദൗർബല്യങ്ങൾ സാധ്യതകൾ എന്നിവ മനസ്സിലാക്കിയുള്ള ആസൂത്രണമാണ് ഫാംപ്ലാൻ വഴി നടപ്പാക്കുന്നത്.

3) കൃഷിക്കൂട്ടങ്ങൾ- കർഷകരെ ഏകോപിപ്പിച്ചുകൊണ്ട് ഉൽപാദന-സേവന-മൂല്യവർധന മേഖലകളിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഉൽപാദന, സേവന, മൂല്യവർധനവ് മേഖലയിൽ 23568 കൃഷിക്കൂട്ടങ്ങൾ

രൂപീകരിക്കുവാനായി.

4) സ്മാർട്ട് കൃഷി ഭവൻ- ഉൽപാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക, അടിസ്ഥാനസൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകളായി' പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5) കൃഷി ദർശൻ- കാർഷിക ബ്ലോക്കുകൾ അടിസ്ഥാനപ്പെടുത്തി കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി തീർപ്പുകല്പിക്കുന്നതിനും ആ പ്രദേശത്തേക്കുവേണ്ട ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതിന് കൃഷി വകുപ്പുമന്ത്രിതന്നെ ഉദ്യോഗസ്ഥരോടും വിദഗ്ധരോടുമൊപ്പം ഫീൽഡിലേക്കിറങ്ങി നടത്തുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമാണ് കൃഷിദർശൻ. ഇതുവരെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര, കണ്ണൂർ ജില്ലയിലെ തലശ്ശേരി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് എന്നീ ബ്ലോക്കുകളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

6) കേരള അഗ്രോ ബിസിനസ് കമ്പനി- സംസ്ഥാനത്ത് ഊർജിതമായ കാർഷിക സംഭരണ വിപണന സംവിധാനമൊരുക്കുന്നതിനായി കേരള അഗ്രോബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

7)കതിർ ആപ്- നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതികവിദ്യയുടെ മേഖലയിലേക്ക് കർഷകരെയും

വകുപ്പിനെയും നയിക്കുന്നതിന്റെ ഭാഗമായി കേരള കൃഷി ഹബ്, കതിർ ആപ്പ് എന്നിവ കർഷകർക്ക് ലഭ്യമാണ്. കർഷകർക്കാവശ്യമായ എല്ലാ സേവനങ്ങളും കതിർ ആപ്പിലൂടെ ലഭ്യമാണ്. കൂടാതെ AIMS പോർട്ടൽ തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങളും നടപ്പിലാക്കിയിട്ടുണ്ട് .

8) ഇ-ഓഫീസ് സംവിധാനം- കൃഷി ഓഫീസ് തലം മുതൽ കൃഷി ഡയറക്ടേറ്റ് വരെ പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം തയ്യാറായി. ഇതോടെ കടലാസുരഹിത ഓഫീസുകളായി കൃഷി വകുപ്പിനുകീഴിലുള്ള ഓഫീസുകളെ മാറ്റുവാൻ സാധ്യമായി.

9) കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി (കേര) - ലോകബാങ്ക് ധനസഹായത്തോടെയുള്ള 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി' 2024-25-ൽ ആരംഭിക്കും. ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം ഉറപ്പുവരുത്തുകയും അതുവഴി പ്രാദേശിക സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

10) ഫ്രൂട്ട് ക്ലസ്റ്ററുകൾ സ്ഥാപിക്കൽ- ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ നാടൻ, വിദേശ ഫലസസ്യങ്ങളുടെ വിപണിയധിഷ്ഠിത ഉൽപാദനം പ്രോത്സാഹിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

11) പോഷകസമൃദ്ധി മിഷന്റെ രൂപീകരണം- കേരള ജനതയുടെ ആരോഗ്യ സംരക്ഷണം

ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉൽപാദനം, വിപണനം, മൂല്യവർധനവ്, ആരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് പൊതുസമൂഹത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് പോഷകസമൃദ്ധി മിഷൻ രൂപീകരിച്ചു.

12) ജൈവ കാർഷിക മിഷൻ- ജൈവ കാർഷിക രീതികളിലൂടെ സുരക്ഷിതമായി കഴിക്കാവുന്ന ഭക്ഷ്യ ഉൽപാദനം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള ജി.എ.പി. ക്ലസ്റ്ററുകളുടെ ശാക്തീകരണം, പുതിയ ജി.എ.പി. ക്ലസ്റ്ററുകൾക്കുള്ള പ്രോത്സാഹന സഹായം, പച്ചിലവളത്തിന്റെ പ്രോത്സാഹനം, ശാസ്ത്രീയ ജൈവവളം തയ്യാറാക്കുന്നതിനുള്ള മാതൃകാ യൂണിറ്റുകളുടെ വികസനം, ഭക്ഷ്യ ഉൽപാദനം സുരക്ഷിതമാക്കൽ, ഓർഗാനിക് സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് പിന്തുണ നൽകി വരുന്നു.

കാർബൺ തുലിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ, കാര്യക്ഷമമായ ജല ഉപയോഗം, പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ. കാർബൺ തുലിത പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് സീഡ് ഫാം ആലുവയെ ഇന്ത്യയിലെ ആദ്യത്തെ കാർബൺ തുലിതാ ജൈവ ഫാമായി പ്രഖ്യാപിക്കുകയുണ്ടായി.

13) കേരരക്ഷാ വാരം- തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും

വർധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗങ്ങളും കീടരോഗ നിയന്ത്രണ മാർഗങ്ങളും നടപ്പിലാക്കുന്ന കേരരക്ഷാ വാരം പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

14)കൃഷിഭവനുകളിൽ സോഷ്യൽ ഓഡിറ്റ്

15) കേരളഗ്രോ ബ്രാൻഡിങ് – സർക്കാർ ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന നടീൽ വസ്തുക്കളും ഉൽപ്പന്നങ്ങളും സ്റ്റേറ്റ് ബയോകൺട്രോൾ ലബോറട്ടറിയിൽ ഉൽപാദിപ്പിക്കുന്ന ജൈവിക നിയന്ത്രണകാരികളും ഓൺലൈനായി ലഭിക്കത്തക്കവിധം പുതിയ പദ്ധതി നടപ്പിലാക്കി. നിലവിൽ ഇത്തരത്തിലുള്ള 66 ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാണ്. "കേരളഗ്രോ" ബ്രാൻഡിങ് പദ്ധതിയുടെ ഭാഗമായിക കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഓണാട്ടുകര വികസന ഏജൻസി, ഹോർട്ടികോർപ്പ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കർഷകസംരംഭകർ, എഫ്.പി.ഒ.-എഫ്.പി.സി.-കൾ, മറ്റ് കർഷക കൂട്ടായ്മകൾ എന്നിവർ ഉൽപാദിപ്പിക്കുന്ന ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ നിലവിൽ കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും നിയന്ത്രണത്തിലുള്ള ഔട്ട്ലെറ്റുകൾ വഴിയും എല്ലാ ജില്ലകളിലും പുതുതായി ആരംഭിച്ച് കൊണ്ടിരിക്കുന്ന കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴിയും ഗുണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

16) കേരളാഗ്രോ ഔട്ട്ലെറ്റ്- കേരളാ ഗ്രോ ബ്രാൻഡഡ് ഉല്പന്നങ്ങൾക്ക് മാത്രമായി കേരളാ ഗ്രോ ഔട്ട്ലെറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നു. 12 ജില്ലകളിൽ കേരളാഗ്രോ

ഔട്ട്‌ലെറ്റുകൾ സജ്ജമായിട്ടുണ്ട്.

17) മില്ലറ്റ് കഫേ- എല്ലാ ജില്ലകളിലും മില്ലറ്റ് കഫേ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചു. 12 മില്ലറ്റ് കഫേകൾ ആരംഭിച്ചുകഴിഞ്ഞു.

18) കാർബൺ തുലിത കൃഷി വികസനം- കൃഷിയിടങ്ങളിൽനിന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും പരിസ്ഥിതി സൗഹാർദ കൃഷിരീതികൾ അവലംബിക്കുന്നതിനുമുള്ള പദ്ധതികളാണ് ഇതിലൂടെ വിഭാവന ചെയ്യുന്നത്. ആലുവ സ്റ്റേറ്റ് സീഡ് ഫാം രാജ്യത്തെ പ്രഥമ കാർബൺ തുലിത ഫാമാക്കി മാറ്റിയിട്ടുണ്ട്.

19) കൃഷി സമൃദ്ധി- 'ഞങ്ങളും കൃഷിയിലേക്ക്' കാമ്പയിനിന്റെ തുടർച്ചയായി **"കൃഷി സമൃദ്ധി"** ആവിഷ്കരിച്ചു. കൃഷി സമൃദ്ധിയുടെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നിലവിലുള്ള എല്ലാ പദ്ധതികളും അനുബന്ധ വകുപ്പുകളുടെ സാധ്യമായ പദ്ധതികളും തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഫലാധിഷ്ഠിതമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ ഇടപെടലുകളിലൂടെ പ്രധാന വിളകളുടെ ഉൽപാദനക്ഷമതയും ലാഭക്ഷമതയും മെച്ചപ്പെടുത്തുന്നതിനാണ് പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്.

20) സമഗ്ര ക്ലൺ ഗ്രാമം പദ്ധതിയുടെ ആദ്യഘട്ടമായി 20 ക്ലൺഗ്രാമങ്ങൾ നടപ്പിലാക്കിവരുന്നു. 100 ചെറുകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ, 2 വൻകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ, 1 ക്ലൺ വിത്തുൽപാദന യൂണിറ്റ്, 3 ക്ലൺ സംസ്കരണ യൂണിറ്റുകൾ, 2 പായ്ക്ക് ഹൗസുകൾ, 10 കമ്പോസ്റ്റ് ഉൽപാദന യൂണിറ്റുകൾ എന്നിവ ചേർന്നതാണ് ഒരു സമഗ്ര ക്ലൺ ഗ്രാമം.

21) കേരളീയ ഗൃഹങ്ങളിൽ ഫലവൃക്ഷ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി (Scheme for promoting establishment of fruit nutrition gardens in homesteads of Kerala) നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ 1000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുവാണ് ലക്ഷ്യമിടുന്നത്. കയറ്റുമതി അധിഷ്ഠിത വാഴക്കൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതി (Programme on Developing export-oriented cultivation practises of Banana for enhancing quality - Production and export in Kerala)യും നടപ്പിലാക്കിവരുന്നു. 1250 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്ന പദ്ധതിയിൽ 1250 ha വാഴക്കൃഷി വ്യാപനത്തിനുള്ള ആനുകൂല്യം നൽകുന്നു. 2 ഇന്റഗ്രേറ്റഡ് പാക്ക്ഹൗസിന് 35 ലക്ഷം രൂപയും ശീതീകരണ സൗകര്യമുള്ള 3 വാനുകൾ വാങ്ങാനായി 27.3 ലക്ഷം രൂപയും പരിശീലന പരിപാടികൾക്കായി 25 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

22) സംസ്ഥാനത്ത് പഴം-പച്ചക്കറി വിളകളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് മുളക്, തക്കാളി, വഴുതന, വെണ്ട, തണ്ണിമത്തൻ എന്നീ വിളകളുടെ ഹൈബ്രിഡ് വിത്തുൽപാദനം IIHR, കേരള കാർഷിക സർവകലാശാല എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. ഹൈബ്രിഡ് പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതി.

(ബി) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കൃഷി വകുപ്പിന് കേന്ദ്രസർക്കാരിൽനിന്നും എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്;

അതിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കൃഷി വകുപ്പിന് കേന്ദ്രസർക്കാരിൽനിന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക**	**ചെലവഴിച്ച തുക**
2023-24	60.34 കോടി	60.34 കോടി
2024-25 ഒന്നാം ഗഡു	44.18 കോടി	40.00 കോടി
2024-25 സ്പർശിലൂടെ ലഭിച്ച രണ്ടാം ഗഡു	61.45 കോടി	4.716 കോടി

2024-25 സാമ്പത്തിക വർഷം `സ്പർശ്' എന്ന പുതിയ ഫണ്ട് ഫ്ലോ മാതൃകയിൽ രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. പി.എഫ്.എം.എസ്.-ട്രഷറി-റിസർവ് ബാങ്ക് എന്നിവയുടെ സംയോജിത സമ്പ്രദായത്തിലൂടെയാണ് ഇനി മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഫണ്ട് ലഭ്യമാകുന്നത്. രണ്ടാം ഗഡുവായി ഈ സാമ്പത്തിക വർഷം കേന്ദ്രം സ്പർശിലൂടെ മദർ സാങ്ഷൻ നൽകിയ തുക 61.45 കോടി രൂപയാണ്.

2023-24 സാമ്പത്തിക വർഷം മണ്ണ് പര്യവേഷണ വിഭാഗത്തിന് ഫണ്ട് ലഭിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ പദ്ധതിയായ ആർ.കെ.വി.വൈ.എൻ.എം.എസ്എ. സോയിൽ ഹെൽത്ത് കാർഡ് പദ്ധതിക്ക് നോഡൽ

വകുപ്പായ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന 26.50500 ലക്ഷം രൂപ ലഭിക്കുകയും ആയത് മുഴുവനും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്രവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി വഴി 2023-24 സാമ്പത്തിക വർഷത്തിൽ 18.09 കോടി രൂപ ലഭിച്ചിട്ടുണ്ട്. 18.03 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷത്തിൽ 19.152 കോടി രൂപ ലഭിച്ചു, 16.736 കോടി രൂപ വിനിയോഗിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിക്കായി കേന്ദ്ര വിഹിതമായി അനുവദിച്ച 83.430 ലക്ഷം രൂപയിൽ 67.82 ലക്ഷം രൂപ ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 49.38216 ലക്ഷം രൂപയിൽ 49.355028 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വർഷങ്ങളിൽ പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കാമോ;

2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനവിഷ്കൃത പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ടിന്റെ 77 ശതമാനം ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 616.21 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതി പുനക്രമീകരണത്തിനു ശേഷം 'ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യ

വികസനം' എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 10.00 കോടി രൂപയും 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി (കേര)'-ക്ക് വകയിരുത്തിയിട്ടുള്ള 100.00 കോടി രൂപയും ഒഴിച്ചുള്ള തുകയായ 506.21 കോടി രൂപയുടെ പദ്ധതികളെ പുനക്രമീകരിക്കുകയും ഇവയ്ക്കുള്ള തുക 287.16 കോടി രൂപയായി നിശ്ചയിക്കുകയും ചെയ്തു. ഈ തുകയിൽനിന്നും നാളിതുവരെ 253.29 കോടി രൂപ (93.44 ശതമാനം) തുക ചെലവഴിക്കുകയും ചെയ്തു.

2023-24 സാമ്പത്തിക വർഷത്തിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്ലാൻ ഫണ്ടിന്റെ 57.5 ശതമാനം ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഇതുവരെ വകുപ്പ് പ്ലാൻ ഫണ്ടിന്റെ 51.0 ശതമാനം വിനിയോഗിച്ചിട്ടുണ്ട്.

2023-24, വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയ്ക്ക് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിക്ക് (MIDH) ലഭിച്ച പ്ലാൻ ഫണ്ട് തുകയുടെ 99.69 ശതമാനം ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ പ്ലാൻ ഫണ്ടിന്റെ 87.38 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിക്കായി (RKVY) അനുവദിച്ച തുകയുടെ 81.28% വും, 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ 99.94% വും ചെലവഴിച്ചിട്ടുണ്ട്.

പ്ലാൻ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതി	ലഭിച്ച തുക (ലക്ഷം രൂപ)	ചെലവഴിച്ച തുക (ലക്ഷം രൂപ)
2023-24	MIDH	1206.089	1202.396
	RKVY	55.62	45.21
2024-25	MIDH	1276.834	1115.793
	RKVY	32.921	32.903

(ഡി) പ്രസ്തുത വർഷങ്ങളിൽ കർഷകർക്ക് എത്ര രൂപയുടെ കൃഷി നഷ്ടം ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് 2391.3159 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. പ്രസ്തുത തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ഇ) കൃഷിനാശം സംഭവിച്ച എല്ലാ കർഷകർക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് ഈ സാമ്പത്തിക വർഷം സംസ്ഥാന വിഹിതത്തിൽനിന്നുള്ള നഷ്ടപരിഹാര ധനസഹായമായി 524.98 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള ധനസഹായമായി 370.27 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് നഷ്ടപരിഹാരമായി 401.11 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷി വകുപ്പ് പദ്ധതികളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള പുനഃക്രമീകരണം

33 (3478) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ തീരുമാനത്തെത്തുടർന്ന് കൃഷി വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ പരിമിതപ്പെടുത്താനുള്ള സർക്കാർ തീരുമാനപ്രകാരം കൃഷി വകുപ്പിന്റെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി[+] ചേർക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 616.21 കോടി രൂപയാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനായി വകയിരുത്തിയിരിക്കുന്നത്. ഇതിൽനിന്നും 'ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യ വികസനം' എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 3.00 കോടി രൂപയും 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി (കേര)'-ക്ക് വകയിരുത്തിയിട്ടുള്ള 100.00 കോടി രൂപയും ഒഴിച്ചുള്ള തുകയായ 506.21 കോടി രൂപയുടെ പദ്ധതികളെ പുനഃക്രമീകരിക്കുകയും ഇവയ്ക്കുള്ള തുക 287.16 കോടി രൂപയായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനർനിശ്ചയിക്കുകയും ചെയ്തു.

2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 1521 ലക്ഷം രൂപയാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനായി വകയിരുത്തിയത് (Outlay excluding 2000 lakh for RIDF and 400 lakh for NIDA). ഇതിൽ Training Programme for Department Staff and Other Staff, Application of Information Technology, Laboratories, Creation of Data bank for Classification of Land തുടങ്ങിയ പദ്ധതികളിലെ തുക സംരക്ഷിച്ചുകൊണ്ട് ആകെ 881.00 ലക്ഷം രൂപയായി പുനഃക്രമീകരിച്ചു.

കൂടാതെ, കാർഷിക സർവകലാശാലയ്ക്കായി സംസ്ഥാനവിഷ്കൃത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക 50 ശതമാനമായും പുനഃക്രമീകരിച്ചു.

ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് വടക്കാഞ്ചേരിയിൽ നടപ്പാക്കിയ പദ്ധതികൾ

34 (3479) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് നബാർഡ് വടക്കാഞ്ചേരി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾപ്രകാരം വരുംവർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ വന്നശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് വടക്കാഞ്ചേരി മണ്ഡലത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് പദ്ധതി

35 (3480) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴം-പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി കാർഷിക വിളകൾക്ക് 'കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്' എന്ന പേരിൽ അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ കൂടുതൽ നാടൻ കാർഷിക വിളകൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരളാ ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതിയിൽ പുതുതായി ചേന, കത്തിരി & വഴുതന, മത്തൻ, കോവയ്ക്ക, ചുരക്ക എന്നീ 5 വിളകളെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ലോകബാങ്ക് വായ്പ

36 (3481) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ലോകബാങ്കിൽനിന്ന് വായ്പ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തേടിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ വായ്പയാണ് തേടിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പ തുക പൂർണ്ണമായും നെൽകൃഷിക്ക് തന്നെയാണോ വിനിയോഗിക്കുന്നതെന്ന് വിശദീകരിക്കാമോ?

(എ&ബി) കാലാവസ്ഥാ പ്രതിരോധ കാർഷിക രീതികൾ അവലംബിച്ച് കാർഷിക ഭക്ഷ്യമേഖലയിലെ നിക്ഷേപത്തിലൂടെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജിതപ്പെടുത്താൻവേണ്ടി KERA (Kerala Climate Resilient Agri Value Chain Modernisation) പദ്ധതിയിലേക്ക് ലോകബാങ്കിൽനിന്നും 1655.5 കോടി രൂപയാണ് കേരള സർക്കാർ വായ്പയായി തേടിയിരിക്കുന്നത്. ആയതിൽ 231 കോടി രൂപയാണ് നെൽകൃഷിക്കുവേണ്ടി നീക്കിവച്ചിരിക്കുന്നത്.

ബാലുശ്ശേരി മണ്ഡലത്തിലെ നെൽകൃഷി

37 (3482) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ ഗ്രാമപ്പഞ്ചായത്തുകളിലായി നിലവിൽ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നുണ്ട്; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ താഴെ പറയുന്ന പ്രകാരം നെൽകൃഷി ചെയ്യുന്നുണ്ട്.

ക്രമ നം.	**പഞ്ചായത്ത്**	**വിസ്തീർണ്ണം (ഹെക്ടർ)**

1	പനങ്ങാട്	27
2	ബാലുശ്ശേരി	15
3	കോട്ടൂർ	48
4	നടുവണ്ണൂർ	46.8
5	ഉള്ളിയേരി	3.952
6	ഉണ്ണികുളം	6.368
7	അത്തോളി	3.656
8	കായണ്ണ	20.00
ആകെ		**170.776**

(ബി) മണ്ഡലത്തിൽ നെൽകൃഷിക്ക് യോഗ്യമായ ഭൂമി തരിശായി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. പ്രധാനമായും വെള്ളക്കെട്ട് മൂലമാണ് കൃഷി ചെയ്യാൻ സാധിക്കാത്തത്, ബാലുശ്ശേരി മണ്ഡലത്തിൽ 40 ഹെക്ടർ തരിശുഭൂമിയാണ് നെൽകൃഷിക്ക് യോഗ്യമായി നിലവിലുള്ളത്.

(സി) മണ്ഡലത്തിൽ നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി കൃഷിഭവനുകൾ മുഖേന സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി കൃഷിഭവനുകൾ മുഖേന, കാർഷികവികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. സുസ്ഥിര നെൽകൃഷി വികസനം 9 ഹെക്ടർ നടപ്പിലാക്കി 38,500/- രൂപ നൽകിയിട്ടുണ്ട്.

2. കമ്മായ വസ്തുക്കൾക്കുള്ള ധനസഹായം- 23.86 ഹെക്ടർ നടപ്പിലാക്കിയിട്ടുണ്ട്, 1,28,844/- രൂപ ധനസഹായം നൽകിയിരിക്കുന്നു.

3. പാടശേഖരങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം-70 ഹെക്ടർ നടപ്പിലാക്കിയിട്ടുണ്ട്, 18,000/- രൂപ ധനസഹായം നൽകിയിരിക്കുന്നു.

4. നെൽകൃഷിക്കുള്ള ഉൽപാദന ബോണസ് പദ്ധതിയിൽ 168.92 ഹെക്ടറിന് 1,68,920/- രൂപ ധനസഹായം നടപ്പിലാക്കിയിട്ടുണ്ട്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് തരിശ് നെൽകൃഷിക്ക് ആനുകൂല്യം (9.2 ഹെക്ടർ, Rs.3,68,000/-), നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (170.776 ഹെക്ടർ, Rs. 39,89,400/-) എന്നീ ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്.

6. ശാസ്ത്രീയ നെൽക്കൃഷിക്കുള്ള സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. മണ്ണ് പരിശോധന ക്യാമ്പയിൻ നടത്തി സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

7. മണ്ഡലത്തിൽ ഉൾപ്പെട്ട ബാലുശ്ശേരി ബ്ലോക്ക് പരിധിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലൂടെ 4 ഹെക്ടർ തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് (1,60,000/- രൂപ വകയിരുത്തിയിരിക്കുന്നു).

8. പേരാമ്പ്ര ബ്ലോക്ക് പരിധിയിൽ 3 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി 1,20,000/- രൂപ വകയിരുത്തുകയും നെൽവിത്തിനായി 3000/- രൂപയും നെൽകൃഷി കൂലി

ചെലവിനായി (സ്ഥിരം കൃഷിക്കായി 2,20,000/-രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

റാംസർ സൈറ്റ് സംരക്ഷണം

38 (3483) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭൂമിയുടെ വിസ്തൃതി വർധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; വിശദമാക്കുമോ?

സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ കൃഷിയോഗ്യമായ ഭൂമി തരിശായി കിടക്കുന്നുണ്ട്. ഇത്തരത്തിലുള്ള കൃഷിയോഗ്യമായ തരിശുഭൂമിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക ഘടകം സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്.

സാധ്യമായ എല്ലാ ഇടങ്ങളിലും പച്ചക്കറി, പഴവർഗങ്ങൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയ വിളകളുടെ വിസ്തൃതി വ്യാപനം ലക്ഷ്യമാക്കി ഈ വിളകൾക്കെല്ലാം പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തെങ്ങിന്റെ വിസ്തൃതി വ്യാപനം ലക്ഷ്യമിട്ട് നാളികേര കൗൺസിലിന്റെ ഭാഗമായി സബ്സിഡി നിരക്കിലുള്ള തെങ്ങിൻതൈ വിതരണം 2018 തൊട്ട് എല്ലാ വർഷവും എല്ലാ വാർഡിലും നടത്തിവരുന്നു.

നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിച്ച് നെൽകൃഷി നിലനിർത്താനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള സംരക്ഷണം കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളിലൂടെയും ആർ.ഐ.ഡി.എഫ്. പദ്ധതികളിലൂടെയുമുള്ള അടിസ്ഥാന സൗകര്യവികസനത്തിലൂടെ സാധ്യമാകുന്ന ഇടങ്ങളിലെല്ലാം അധിക കൃഷി നടപ്പിലാക്കിവരുന്നു.

വനാതിർത്തികളിൽ വിവിധതരം സൗരോർജ വേലികൾ സ്ഥാപിച്ചും മറ്റ് സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും കൃഷിഭൂമി സംരക്ഷിച്ച് കൃഷി ചെയ്യാൻ കർഷകരെ സഹായിക്കുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ ജലസേചനത്തിനുള്ള അടിസ്ഥാന സൗകര്യം വികസനംമൂലം സാധ്യമാകുന്ന പാടശേഖരങ്ങളിലെ നെൽകൃഷി, എണ്ണപ്പന കൃഷി വ്യാപനം, പയർവർഗ വികസനം, പ്ലാന്റേഷൻ ഭൂമിയിലെ വൈവിധ്യവൽക്കരണം എന്നിവ നടപ്പിലാക്കുവാനുള്ള സഹായം, എം.ഐ.ഡി.എച്ച്. പദ്ധതിപ്രകാരമുള്ള വിവിധ തോട്ടവിളകളുടെ വിസ്തൃതി വ്യാപനത്തിനുള്ള സഹായം എന്നിവയും ലഭ്യമാക്കുന്നു.

കൂടാതെ നവോ ധൻ പദ്ധതി വഴിയുള്ള സേവന ഉടമ്പടിയും ഈ നിയമ സഭയിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന ക്രോപ് കൾട്ടിവേറ്റർ കാർഡ് ബില്ലും തരിശായ ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യാൻ താൽപര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും അവസരം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

ഇത്തരത്തിൽ വിവിധ പദ്ധതികളിലൂടെയും സാധ്യമാകുന്ന ഇടങ്ങളിലെല്ലാം കൃഷി വിസ്തൃതി വ്യാപനം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നു.

(ബി) സംസ്ഥാനത്തെ ആകെ നെൽപ്പാടങ്ങളുടെ വിസ്തൃതി എത്ര; കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഇതിൽ കുറവുണ്ടായിട്ടുണ്ടോ; നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

2023-24 വർഷത്തിൽ സംസ്ഥാനത്തെ ആകെ നെൽപ്പാടങ്ങളുടെ വിസ്തൃതി 180278.48 ഹെക്ടറാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നെൽപ്പാടങ്ങളുടെ വിസ്തൃതിയിൽ 9.03% കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാനത്ത് 2019-20, 2023-24 എന്നീ വർഷങ്ങളിലെ നെൽകൃഷി വിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു.

2019-20	2023-24	വ്യതിയാനം
198180 Ha	180278.48 Ha	-9.03%

കേരള നെൽവയൽ തണ്ണീർത്തട നിയമം-2008 നിലവിൽ വന്നതിനു ശേഷം കേരളത്തിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത നികത്തലുകൾക്കെതിരെ കർശനമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) സംസ്ഥാനത്ത് എത്ര റാംസർ സൈറ്റുകളുണ്ട്; കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ റാംസർ സൈറ്റുകൾ നികത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

റാംസർ സൈറ്റ് സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിൽ മൂന്ന് റാംസർ സൈറ്റുകളാണുള്ളത്.

1. വേമ്പനാട്-കോൾ തണ്ണീർത്തടം

2.അഷ്ടമുടി തണ്ണീർത്തടം

3.ശാസ്താംകോട്ട തണ്ണീർത്തടം

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ റാംസർ സൈറ്റുകൾ നികത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം-2008 പ്രകാരവും തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) 2017 ചട്ടങ്ങൾ പ്രകാരവും റാംസർ തണ്ണീർത്തടങ്ങൾ സംരക്ഷിച്ചുവരുന്നു.

കാർഷിക-ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി

39 (3484) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് ഉൽപാദനം വർധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും

അത്യുൽപാദനശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കാനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമായി കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) വിത്ത്, വളം, സാങ്കേതിക സഹായങ്ങൾ, വായ്പ എന്നിവ യഥാസമയം ലഭിക്കാത്തതുകൊണ്ടും തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാകാത്തതിനാലും നെൽകർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി നാഷണൽ സീഡ് കോർപ്പറേഷൻ, സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രങ്ങൾ, കേരള കാർഷിക സർവകലാശാല എന്നിവരിൽനിന്നും ആവശ്യാനുസരണം സമയബന്ധിതമായി നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ കർഷകർക്ക് വിതരണം ചെയ്യാനാവശ്യമായ വിത്ത് ലഭ്യമല്ലാത്തപക്ഷം മറ്റു സംസ്ഥാനങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു നടപ്പിലാക്കിവരുന്നു.

നെൽകർഷകർ ചില സന്ദർഭങ്ങളിൽ യൂറിയ, ഫാക്കം ഫോസ് പോലുള്ള വളങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യതക്കുറവ് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വേളകളിൽ കേന്ദ്ര രാസവള മന്ത്രാലയവുമായും വളം വിതരണ കമ്പനികളുമായും ബന്ധപ്പെട്ട് വളത്തിന്റെ ലഭ്യത ഉടൻ പുനഃസ്ഥാപിച്ച് വരുന്നുണ്ട്.

കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ഫീൽഡ് തലത്തിൽ കൃഷി ഓഫീസർമാർ നൽകിവരുന്നുണ്ട്. സുഭിക്ഷ കേരളം പദ്ധതിപ്രകാരം 2020-ൽ ശാസ്ത്രജ്ഞർ, ഫീൽഡ് ലെവൽ വിദഗ്ധർ, ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവരടങ്ങുന്ന ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം ലഭ്യമാക്കുക എന്നതാണ് പ്രസ്തുത ടീമിന്റെ ഉദ്ദേശലക്ഷ്യം. അത് നല്ലരീതിയിൽ ഫീൽഡ് തലത്തിൽ നടപ്പിലാക്കിവരുന്നു.

നെൽകർഷകർക്ക് കാർഷിക വായ്പ വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്നുണ്ട്. എല്ലാ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകളും കാർഷിക വായ്പ നൽകുന്നുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിപ്രകാരം രണ്ട് ശതമാനം പലിശയിളവ് കർഷകർക്ക് ലഭിക്കുന്നു. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലൂടെ ലഭ്യമാകുന്ന വായ്പയുടെ ഉയർന്ന പരിധി മൂന്നുലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് കൂടുതൽ വായ്പാത്തുക ലഭ്യമാകുന്നതിന് സഹായകരമാകുന്നു.

(സി) സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കേതിക, വിദഗ്ധ ഉപദേശങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങളെ

ശക്തിപ്പെടുത്തുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സർവകലാശാലയുടെ പട്ടാമ്പി, കരമന, അമ്പലവയൽ എന്നീ മികവിന്റെ കേന്ദ്രങ്ങൾവഴി വിവിധ കാർഷിക പരിശീലനങ്ങളും സാങ്കേതിക ഉപദേശവും കർഷകർക്ക് നൽകിവരുന്നത് കൂടാതെ വെള്ളായണി, തൃശ്ശൂർ, പട്ടാമ്പി എന്നിവിടങ്ങളിലെ മികവിന്റെ കേന്ദ്രങ്ങൾവഴി നവസംരംഭകർക്ക് പ്രോത്സാഹനവും വിവിധ പരിശീലനങ്ങളും (മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം ഉൾപ്പെടെ) കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗംവഴി നടത്തിവരുന്നു.

കുഴിപ്പള്ളി ഐക്യസമാജം പാടശേഖരത്തിലെ പ്രവൃത്തി

40 (3485) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ 2.07 കോടി രൂപ അനുവദിച്ചിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ ഐക്യസമാജം പാടശേഖരത്ത് പമ്പുസെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ ഐക്യസമാജം പാടശേഖരത്തിൽ 50 HP പമ്പുസെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി 207 ലക്ഷം രൂപയാണ്

വകയിരുത്തിയിട്ടുള്ളത്. അതിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 206.39 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 3.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി കൃഷി വകുപ്പിന് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

നെൽകൃഷിയില്ലാത്ത പാടശേഖരങ്ങളുടെ വിവരം

41 (3486) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നെൽകൃഷിയില്ലാത്ത പാടശേഖരങ്ങളുടെ വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ നെൽകൃഷിയില്ലാത്ത പാടശേഖരങ്ങളുടെ വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു:

1. <u>ആലപ്പുഴ മുനിസിപ്പാലിറ്റി</u>

a) കരളകം പാടശേഖരം - 34 ഹെക്ടർ

b) അത്തിത്തറ പാടം - 9.2 ഹെക്ടർ

2. മണ്ണഞ്ചേരി പഞ്ചായത്ത്

a) മാങ്കരി പാടം - 8 ഹെക്ടർ

b) ചിരട്ടക്കാട്ടുകരി - 3.2 ഹെക്ടർ

3. മാരാരിക്കുളം വടക്ക്

ഏകദേശം 80 ഹെക്ടർ വിസ്തൃതിയുള്ള പുറക്കരി പാടം, കണിച്ചുകുളങ്ങര എന്നീ പാടശേഖരങ്ങളുടെ മുക്കാൽ ഭാഗം തരിശായി കിടക്കുന്നു.

(ബി) നെൽകൃഷിയില്ലാത്ത പാടശേഖരങ്ങളിൽ കൃഷി നടത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്?

കരളകം പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്., ഇറിഗേഷൻ വകുപ്പ് എന്നിവയുടെ സഹായത്തോടെ ബന്ധപ്പെട്ട തോടുകൾ ആഴം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

തരിശുനിലങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40000/- രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(സി) പ്രസ്തുത പാടശേഖരങ്ങളിൽ കൃഷി നടത്താൻ സന്നദ്ധരായിട്ടുള്ള പാടശേഖര

സമിതികൾക്ക് അനുവാദം നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പാടശേഖരങ്ങളിൽ കൃഷി നടത്താൻ പാടശേഖര സമിതികൾക്ക് നിലവിൽ അനുമതിയുള്ളതാണ്.

നെൽകർഷകരെ സഹായിക്കുന്നതിന് നടപടി

42 (3487) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമായി കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

നെൽകൃഷി മേഖലയിലെ യന്ത്രവൽക്കരണം

43 (3488) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നെൽകർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്തുകൾതോറും നടീൽ, കൊയ്ത്ത് ഉൾപ്പെടെയുള്ള കാർഷികവൃത്തികൾ യന്ത്രവൽക്കരണത്തോടെ ചെയ്യുന്നതിനുള്ള സംവിധാനവും സഹായവും ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. നെൽകർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്തുകൾ തോറും ഞാറ്റടി ഉൽപാദനം, ട്രാക്ടർ-ടില്ലർ ഉപയോഗിച്ച് നിലം ഒരുക്കൽ, യന്ത്രോപകരണങ്ങൾ ഉപയോഗിച്ചുള്ള നടീൽ, കൊയ്ത്ത് ഉൾപ്പെടെയുള്ള കാർഷികവൃത്തികൾ കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മസേനകളും മുഖേന നൽകിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ 4 കാർഷിക സേവന കേന്ദ്രങ്ങളും, 2 കൃഷിശ്രീ സെന്ററുകളും, 12 കാർഷിക കർമ്മസേനകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കൃഷി അസിസ്റ്റന്റ് എക്സ്റ്റൻഷൻ എഞ്ചിനീയറുടെ കാര്യാലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംങ് സെന്ററിൽ നിന്നും കാർഷിക വൃത്തിക്കായി വിവിധതരം കാർഷിക യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകിവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതി മുഖേന സബ്സിഡി നിരക്കിൽ കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്. 2021-2022 സാമ്പത്തിക വർഷം മുതൽ 2023-2024 സാമ്പത്തിക വർഷം വരെ 6674 കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) നെൽകൃഷി മേഖലയിൽ വ്യാപകമായ തോതിൽ തൊഴിലാളികൾ കുറവായതിനാൽ ഈ മേഖലയ്ക്ക് ഗുണപ്രദമാകുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാർഷിക സേവന കേന്ദ്രങ്ങളിലേയും കാർഷിക കർമ്മസേനകളിലേയും കൃഷിശ്രീ സെന്ററുകളിലേയും സർവീസ് പ്രൊവൈഡർമാർക്ക് കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ മുഖേന നെൽകൃഷി മേഖലയ്ക്ക് ഗുണപ്രദമാകുന്ന തരത്തിൽ യന്ത്ര പരിശീലനങ്ങൾ നൽകാറുണ്ട്. സർവീസ് പ്രൊവൈഡർമാർ നെൽകർഷകർക്ക് നടീൽ, കൊയ്ത്ത് ഉൾപ്പെടെയുള്ള കാർഷികവൃത്തികൾ കാർഷിക യന്ത്രോപകരണങ്ങളുടെ സഹായത്തോടെ ചെയ്തു കൊടുക്കാറുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള കസ്റ്റം ഹയറിങ് സെന്ററിൽനിന്നും കർഷകർക്ക് ഗുണപ്രദമാകുന്ന തരത്തിൽ വിവിധതരം കാർഷിക യന്ത്രോപകരണങ്ങൾ വാടകയ്ക്ക് ലഭ്യമാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) മുഖേന കർഷകർ, കർഷക ഗ്രൂപ്പുകൾ, എഫ്.പി.ഒ., പ്രാഥമിക സഹകരണസംഘങ്ങൾ തുടങ്ങിയവർക്ക് വിവിധ കാർഷിക യന്ത്രോപകരണങ്ങൾ 40 മുതൽ 80 ശതമാനം വരെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

44 (3489) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമായി കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ എത്ര ടൺ നെല്ലുല്പാദിപ്പിച്ചു എന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ ഉൽപാദിപ്പിച്ച നെല്ലിന്റെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

നിയോജക മണ്ഡലം	വർഷം	നെൽകൃഷിയുടെ വിസ്തൃതി (ഹെക്ടർ)	ഉൽപ്പാദിപ്പിച്ച നെല്ലിന്റെ അളവ് (ടൺ)
മണലൂർ	2021-22	3433.67	17016.442
	2022-23	3502.73	19614.972

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

	2023-24	3470.96	14090.556
	2024-25	3244.91	11856.023
ആകെ		13652.27	62577.993

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർധിപ്പിക്കുന്നതിനുമായി നിലവിലെ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര രൂപ ചെലവഴിക്കുകയുണ്ടായെന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർധിപ്പിക്കുന്നതിനുമായി നിലവിലെ സർക്കാരിന്റെ കാലത്ത് നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക ചെലവഴിക്കുകയുണ്ടായി.

വർഷം	ചെലവായ തുക (ലക്ഷത്തിൽ)
2020-21	8582.80316
2021-22	10710
2022-23	4891.91284
2023-24	5700.66151
2024-25	4462.56080 (നാളിതുവരെ)
ആകെ	34347.93831

ആലത്തൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

45 (3490) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ഇതുവരെ ആലത്തൂർ, എരിമയൂർ, വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

എരിമയൂർ, പഞ്ചായത്തിൽ 2018-19-ൽ ആരംഭിച്ച കേരഗ്രാമത്തിൽ ഒന്നാം വർഷം 160 ഹെക്ടർ സ്ഥലത്തു 28000 എണ്ണം തെങ്ങുകൾക്ക് തടം തുറക്കുകയും അതിൽ രാസവളങ്ങളും ജൈവ വളങ്ങളും സസ്യസംരക്ഷണ മാർഗങ്ങൾ എന്നിവയും ജലസേചനത്തിനായി 20 മോട്ടോർ പമ്പ്സെറ്റുകൾ, 24 തെങ്ങുകയറ്റ യന്ത്രങ്ങൾ, 4 ജൈവവള യൂണിറ്റുകൾ എന്നിവയും നൽകി. കൂടാതെ ഒരു കേരസമിതിയും രൂപീകരിച്ച് 30.137 ലക്ഷം രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം വർഷം (2019-20) കേരഗ്രാമ പദ്ധതി പ്രകാരം 28000 എണ്ണം തെങ്ങുകൾക്ക് തടം തുറക്കുകയും ജൈവവളം, ഇടവിള കൃഷിക്കുള്ള സഹായം, കേരസമിതിക്കുള്ള ധനസഹായം എന്നിവ നൽകി 12.8705 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം (2020-21) കേരഗ്രാമ പദ്ധതിപ്രകാരം 28000 എണ്ണം തെങ്ങുകൾക്ക് രാസവളങ്ങളും, ജൈവ വളങ്ങളും എന്നിവ നൽകി 4.004 ലക്ഷം രൂപ ചെലവഴിച്ചു.

ആലത്തൂർ, പഞ്ചായത്തിൽ 2018-19 ൽ ആരംഭിച്ച കേരഗ്രാമത്തിൽ ഒന്നാം വർഷം 90 ഹെക്ടർ സ്ഥലത്ത് 15750 തെങ്ങുകൾക്ക് തടം തുറക്കുകയും അതിൽ രാസവളങ്ങളും ജൈവ വളങ്ങളും സസ്യസംരക്ഷണ മാർഗങ്ങൾ എന്നിവയും ജലസേചനത്തിനായി 20 മോട്ടോർ പമ്പ്സെറ്റുകൾ, 24 തെങ്ങുകയറ്റ യന്ത്രങ്ങൾ 4 ജൈവവള യൂണിറ്റുകൾ എന്നിവയും നൽകി. കൂടാതെ ഒരു ചകിരിച്ചോർ കമ്പോസ്റ്റ് യൂണിറ്റ് എന്നിവ നടപ്പിലാക്കി 17.693 ലക്ഷം രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം വർഷം (2019-20) കേരഗ്രാമ പദ്ധതി പ്രകാരം 15750 തെങ്ങുകൾക്ക് തടം തുറക്കുകയും ജൈവവളം, ഇടവിള കൃഷിക്കുള്ള സഹായം എന്നിവ നൽകി 7.138 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം (2020-21) കേരഗ്രാമ പദ്ധതിപ്രകാരം 15750 എണ്ണം തെങ്ങുകൾക്ക് രാസവളങ്ങളും, ജൈവ വളങ്ങളും നൽകി 2.46 ലക്ഷം രൂപ ചെലവഴിച്ചു.

2022-23-ൽ ആരംഭിച്ച വണ്ടാഴി കേരഗ്രാമത്തിൽ ഒന്നാം വർഷം 100 ഹെക്ടർ സ്ഥലത്ത് 17500 എണ്ണം തെങ്ങുകൾക്ക് തടം തുറക്കുകയും അതിൽ രാസവളങ്ങളും, ജൈവ വളങ്ങളും നൽകുകയും ജലസേചനം കുറവുള്ള സ്ഥലത്ത് 33 മോട്ടോർ പമ്പ്സെറ്റുകൾ, 25 തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ നൽകി 22.88246 ലക്ഷം രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം വർഷം കേരഗ്രാമ പദ്ധതിപ്രകാരം 17500 എണ്ണം തെങ്ങുകൾക്ക് കുമ്മായം, ഡോളോമൈറ്റ്, ജൈവവളം, സൂക്ഷ്മമൂലകങ്ങൾ എന്നിവ നൽകി 8.00 ലക്ഷം രൂപ ചെലവഴിച്ചു.

കിഴക്കഞ്ചേരി പഞ്ചായത്തിൽ 2024-25 വർഷത്തിൽ കേരഗ്രാമം പദ്ധതി അനുവദിക്കുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

ആലത്തൂർ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിലൂടെ തെങ്ങിന്റെ ഉൽപാദന ക്ഷമത

വർധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ മേലാർക്കോട്, കുഴൽമന്ദം, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കാത്തത്. മാനദണ്ഡങ്ങൾ പാലിച്ച് വരുംവർഷങ്ങളിൽ ഈ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

അരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

46 (3491) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നു.

സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടിൽ, തൊണ്ട് കുഴിച്ചിടിൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ-രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.

കേരഗ്രാമം ഒന്നാം വർഷം: (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം) - താഴെ പറയുംപ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു.

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടിൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് അടുക്കൽ - 90 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ/ ഹെക്ടറിന്

(d) സംയോജിത വളപ്രയോഗം

i) കുമ്മായം -9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ - 20 രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യ സംരക്ഷണം

i) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

(f) രോഗം ബാധിച്ചതും ഉൽപാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/ തെങ്ങ്

(g) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/-രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങുകയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

8. താൽപര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

പരിചരണമുറകൾക്കായി 19.2 ലക്ഷം രൂപയും 2 മുതൽ 7 വരെയുള്ള ഘടകങ്ങൾക്ക് 6.47 ലക്ഷം രൂപയും നൽകുന്നു. ആകെ 25.67 ലക്ഷം രൂപ ഒന്നാംവർഷം ഒരു കേരഗ്രാമത്തിന് നൽകുന്നു.

കേരഗ്രാമം രണ്ടാം വർഷം:

രണ്ടാം വർഷം 100 ha തെങ്ങിൻപ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വളപ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.

കേരഗ്രാമം മൂന്നാം വർഷം:

മൂന്നാം വർഷം 100 ha തെങ്ങിൻപ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4.00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.

(ബി) അരൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

അരുർ മണ്ഡലത്തിലെ പാണാവള്ളി, അരുക്കുറ്റി, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് തുടർന്ന് വരുന്ന വർഷങ്ങളിൽ എന്തെല്ലാം ആനുകൂല്യങ്ങൾ/പദ്ധതികളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് തുടർന്നുവരുന്ന വർഷങ്ങളിൽ താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരഗ്രാമം രണ്ടാംവർഷം:

ഒന്നാം വർഷ കേരഗ്രാമം പ്രദേശത്ത് രണ്ടാം വർഷം മേൽപറഞ്ഞ സംയോജിത വളപ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.

കേരഗ്രാമം മൂന്നാംവർഷം:

ഒന്നാം വർഷ കേരഗ്രാമം പ്രദേശത്ത് മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വളപ്രയോഗത്തിനായി 4.00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.

കയ്പമംഗലം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

47 (3492) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

മതിലകം, പെരിഞ്ഞനം, എടത്തിരുത്തി, എടവിലങ്ങ്, എറിയാട് പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇടവിള കൃഷി പ്രോത്സാഹനം, (വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ചേന), മോട്ടോർ പമ്പ്സെറ്റ് വിതരണം, തെങ്ങുകയറ്റ യന്ത്ര വിതരണം, വെർമി കമ്പോസ്റ്റ്, കേടായ തെങ്ങ് വെട്ടിമാറ്റൽ, കുമ്മായം, രാസവളം, ജൈവവളം, മഗ്നീഷ്യം സൾഫേറ്റ് വിതരണം, തെങ്ങിന്റെ തടം തുറക്കൽ എന്നീ പ്രവർത്തികളാണ് കേരഗ്രാമം പദ്ധതിയിലൂടെ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കാത്തതെന്നും പ്രസ്തുത സ്ഥാപനങ്ങളിൽക്കൂടി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

കയ്പമംഗലം, എസ്.എൻ. പുരം പഞ്ചായത്തുകളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്തത്. മാനദണ്ഡങ്ങൾ പാലിച്ച് വരുംവർഷങ്ങളിൽ ഈ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

48 (3493) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും പദ്ധതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി, തൃക്കൊടിത്താനം, പായിപ്പാട്, വാഴപ്പള്ളി പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ പഞ്ചായത്തിലും പദ്ധതിക്കായി താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

2021-2022-ൽ ആരംഭിച്ച കേരഗ്രാമം പദ്ധതിയിൽ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ 20 ഹെക്ടർ സ്ഥലത്ത് 1760 എണ്ണം തെങ്ങുകൾക്ക് തടം എടുക്കുകയും രാസവളങ്ങളും ജൈവവളങ്ങളും നൽകുകയും ചെയ്തു. 79 കർഷകർക്ക് ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചു. ഉൽപാദനശേഷി കുറഞ്ഞ 12 തെങ്ങുകൾ വെട്ടിമാറ്റി 25 തെങ്ങിൻ തൈകൾ വിതരണം ചെയ്തു. ഇടവിള കൃഷിക്കായി 30,198/- രൂപയുടെ ഇടവിള കിറ്റ് വിതരണം ചെയ്തു. കേരസമിതിയുടെ വിവിധ പ്രവർത്തനങ്ങൾക്ക് 12,000/- രൂപ അനുവദിച്ചു. ജലസേചനത്തിനായി ആറ് പമ്പ്

സെറ്റുകൾ വിതരണം ചെയ്തു. ആകെ 2,01,792/- രൂപ ചെലവഴിച്ചു. രണ്ടാം വർഷം കേരഗ്രാമം (2022-23) പദ്ധതിയിൽ 3494 തെങ്ങുകൾക്ക് 20 ഹെക്ടർ സംയോജിത വളപ്രയോഗത്തിന് 1,58,000/- രൂപയും കേര സമിതിക്ക് 4,000/- രൂപയും നൽകി. (2023-24) മൂന്നാം വർഷം കേരഗ്രാമം (2023-24) പദ്ധതിയിൽ സംയോജിത വളപ്രയോഗത്തിന് 3500 തെങ്ങുകൾക്ക് 48,000/- രൂപയും ചെലവഴിച്ചു.

പായിപ്പാട് പഞ്ചായത്ത്

2021-22-ൽ ആരംഭിച്ച കേരഗ്രാമം പദ്ധതിയിൽ പായിപ്പാട് പഞ്ചായത്തിൽ 100 ഹെക്ടർ സ്ഥലത്ത് 8355 എണ്ണം തെങ്ങുകൾക്ക് തടമെടുക്കുകയും രാസവളങ്ങളും ജൈവവളങ്ങളും നൽകുകയും ചെയ്തു. 370 കർഷകർക്ക് ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചു. 113 ഉൽപാദനശേഷി കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി 480 തെങ്ങിൻതൈകൾ വിതരണം ചെയ്തു. 8333 തെങ്ങുകളുടെ മണ്ട വൃത്തിയാക്കി കീടനാശിനി പ്രയോഗം നടത്തി. 25 തെങ്ങുകയറ്റ യന്ത്രങ്ങളും ജലസേചനത്തിന് 26 പമ്പ്സെറ്റുകളും നൽകുകയുണ്ടായി. ഇടവിള കൃഷിക്ക് 4,50,000/- രൂപയുടെ കിഴങ്ങുവർഗ വിത്തുകൾ വിതരണം ചെയ്തു. ആകെ 21,24,605/- രൂപ ചെലവഴിച്ചു. കൊപ്ര ഉണക്കുന്നതിന് ഡ്രൈയർ ഉൾപ്പെടെ കേരസമിതിയുടെ വിവിധ പ്രവർത്തനങ്ങൾക്ക് 3,20,000/- രൂപ അനുവദിച്ചു. രണ്ടാം വർഷം കേരഗ്രാമം (2022-23) പദ്ധതിയിൽ 11586 തെങ്ങുകൾക്ക് സംയോജിത വളപ്രയോഗത്തിന് 7,90,000/-രൂപ ചെലവഴിച്ചു. കേരസമിതി പ്രവർത്തനങ്ങൾക്ക് 8,000/- രൂപ ചെലവഴിച്ചു.

മൂന്നാം വർഷം കേരഗ്രാമം (2023-24) പദ്ധതിയിൽ സംയോജിത വളപ്രയോഗത്തിന് 17500 തെങ്ങുകൾക്ക് 2,40,000/- രൂപ ചെലവഴിച്ചു.

തൃക്കൊടിത്താനം പഞ്ചായത്ത്

2021-22-ൽ ആരംഭിച്ച കേരഗ്രാമം പദ്ധതിയിൽ തൃക്കൊടിത്താനം പഞ്ചായത്തിൽ ഒന്നാം വർഷം 130 ഹെക്ടർ സ്ഥലത്ത് 10002 തെങ്ങുകൾക്ക് തടമെടുക്കുകയും രാസവളങ്ങളും ജൈവവളങ്ങളും നൽകുകയും ചെയ്തു. 556 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഉൽപാദനക്ഷമത കുറഞ്ഞ 323 തെങ്ങുകൾ വെട്ടിമാറ്റുകയും 840 തെങ്ങിൻതൈകൾ നടുകയും ചെയ്തു. 4556 തെങ്ങുകളുടെ മണ്ടവൃത്തിയാക്കി ജീവാണു കീടനാശിനികൾ തളിക്കുകയുണ്ടായി. ഇടവിള കൃഷിക്കുവേണ്ടി 65,0,814/- രൂപയ്ക്ക് കിഴങ്ങുവർഗ വിത്തുകൾ നൽകി 54 തെങ്ങുകയറ്റ യന്ത്രങ്ങളും 46 പമ്പ്സെറ്റുകളും വിതരണം ചെയ്തു. ജൈവവള നിർമ്മാണത്തിന് 2 യൂണിറ്റുകൾ നൽകി. കേര സമിതിക്ക് വിവിധ പ്രവർത്തനങ്ങൾക്ക് 1,68,000/- രൂപ ചിലവഴിച്ചു. ഒന്നാം വർഷം ആകെ 25,25,195/- രൂപ ചെലവഴിച്ചു. രണ്ടാം വർഷം (2022-23) 23257 തെങ്ങുകൾക്ക് സംയോജിത വളപ്രയോഗത്തിനും ഇടവിള കൃഷിക്കുമായി 10,27,000/- രൂപയും കേരസമിതി പ്രവർത്തനങ്ങൾക്ക് 8000/- രൂപയും ചെലവഴിച്ചു. മൂന്നാം വർഷം (2023-24) 22750 തെങ്ങുകൾക്ക് സംയോജിത വളപ്രയോഗത്തിന് 3,12,000/- രൂപ ചെലവഴിച്ചു.

വാഴപ്പള്ളി പഞ്ചായത്ത്

2023-24 വർഷം ആരംഭിച്ച കേരഗ്രാമം പദ്ധതിയിൽ 2024-25 വർഷം വാഴപ്പള്ളി പഞ്ചായത്തിൽ വിവിധ ഘടകങ്ങളിലായി 100 ഹെക്ടർ സ്ഥലത്ത് തെങ്ങ് കർഷകർക്ക്

10,25,090/- രൂപയുടെ ആനുകൂല്യം നൽകി. (ഒന്നാം വർഷം) ഇതിൽ രണ്ട് ജൈവവള യൂണിറ്റുകൾക്ക് 20,000/- രൂപയും 7 പമ്പ്സെറ്റുകൾക്ക് 64,500/- രൂപയും 20 തെങ്ങുകയറ്റ യന്ത്രത്തിന് 20,000/- രൂപയും തെങ്ങിന്റെ തടമെടുക്കൽ, ജൈവവള പ്രയോഗം രാസവള പ്രയോഗം, കമ്മായം വിതരണം ചെയ്യൽ എന്നിവയ്ക്ക് 8750 തെങ്ങുകൾക്ക് 6,42,590/- രൂപയും 278 ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റിയതിന് 2,78,000/- രൂപയും ചെലവഴിച്ചു.

2023-24 വർഷം ആരംഭിച്ച കേരഗ്രാമം പദ്ധതിയിൽ 2024-25 വർഷം കുറിച്ചി പഞ്ചായത്തിൽ 8750 തെങ്ങുകൾക്ക് തടമെടുക്കലിനായി 3,06,238/- രൂപയും ഉൽപാദനക്ഷമത കുറഞ്ഞ 500 തെങ്ങുകൾ വെട്ടിമാറ്റിയ പദ്ധതിക്കായി 5,00,000/- രൂപയും 11 പമ്പ്സെറ്റുകളും വിതരണം ചെയ്തു. ആയതിനായി 86,782/- രൂപയും 2 തെങ്ങുകയറ്റ യന്ത്രത്തിന് 3,425/- രൂപയും ചെലവഴിച്ചു. കൂടാതെ ജൈവവള-രാസ സബ്സിഡികൾക്കായി 2987 തെങ്ങുകൾക്ക് 72,245/- രൂപയും ചെലവഴിച്ചു.

പാലാ മണ്ഡലത്തിലെ റബ്ബർ കൃഷി പ്രോത്സാഹന പദ്ധതികൾ

49 (3494) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ റബ്ബർ കൃഷി പ്രോത്സാഹനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പാക്കുന്ന KERA പദ്ധതിയുടെ ഘടകം 2-ൽ (പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യവർധനക്കായി ചെറുകിട കാർഷിക

വാണിജ്യവൽക്കരണം വർധിപ്പിക്കുക) ഉൾപ്പെടുത്തി സംസ്ഥാനത്ത് തോട്ടം മേഖലയിൽ റബ്ബർ കൃഷിയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി:-

(1) റബ്ബറിന്റെ വർധനവിനായി ഉൽപാദനക്ഷമത കുറഞ്ഞ മരങ്ങൾ മുറിച്ചുമാറ്റി കാലാവസ്ഥാ മാറ്റ പ്രതിരോധശേഷിയുള്ള ഇനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

(2) നാമമാത്ര ചെറുകിട റബ്ബർ കർഷകർക്ക് സുസ്ഥിരമായ വരുമാനം ലക്ഷ്യമിട്ട് 5 വർഷത്തേക്ക് റബ്ബറിന് 30000 ഹെക്ടറിന് 22,500/- ലക്ഷം രൂപ പുനർനടിൽ ധനസഹായം നൽകാൻ ലക്ഷ്യമിടുന്നു.

(3) കൂടാതെ റബ്ബർ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായി കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്ന തൈകൾ ഉൽപാദിപ്പിക്കുന്നതിന് റബ്ബർ നഴ്സറികൾക്ക് 180 ലക്ഷം രൂപ ധനസഹായം ലക്ഷ്യമിടുന്നു.

(4) പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന റബ്ബർ ബോർഡിന്റെ സാങ്കേതിക സഹായത്തോടുകൂടിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(5) 30000 ഹെക്ടർ റബ്ബർ കൃഷി പുനർനടീലിന് എറണാകുളം, കോട്ടയം, പത്തനംതിട്ട, കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ ഹെക്ടറൊന്നിന് 75,000/- രൂപ വീതം 25 സെന്റ് മുതൽ അഞ്ച് ഹെക്ടർ വരെയുള്ള നാമമാത്ര ചെറുകിട റബ്ബർ കർഷകർക്ക് വ്യക്തിഗത ധനസഹായം ലക്ഷ്യമിടുന്നു.

(6) ഉൽപാദനക്ഷമത കുറഞ്ഞ മുപ്പത് വർഷത്തിനുമേൽ പ്രായമുള്ള റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി, പ്രാദേശികാടിസ്ഥാനത്തിലെ ഉൽപാദനക്ഷമത കണക്കിലെടുത്ത് റബ്ബർ ബോർഡ്

നിഷ്കർഷിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന ഇനങ്ങൾ നട്ട് KERA പദ്ധതിയുടെ മാർഗനിർദേശാനുസൃതം പരിചരിച്ച് വിളവെടുപ്പ് ലക്ഷ്യമിടുന്നു.

(7) പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ട പരിശീലനത്തിൽ 10 ഹെക്ടർവരെ കൃഷി ചെയ്യുന്ന ഒരു ലക്ഷത്തോളം വരുന്ന റബ്ബർ കർഷകർക്ക് ബോധവൽക്കരണവും കാലവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതടക്കമുള്ള ശാസ്ത്രീയ വിള പരിചരണമുറകളും നിർദേശങ്ങളും റബ്ബർ ബോർഡ് മുഖാന്തരം നൽകാൻ ലക്ഷ്യമിടുന്നു.

(8) രണ്ടാം ഘട്ടത്തിൽ (രണ്ടാം വർഷം), ആദ്യഘട്ടം പരിശീലനം (ഒന്നാം വർഷം) ലഭിച്ച് പുനർനടീൽ നടപ്പിലാക്കിയ 50000 കർഷകർക്ക് തുടർ പരിചരണമുറകളും മൂല്യവർധിത ഉൽപാദനവും മികച്ച വിപണന തന്ത്രങ്ങളും ഉൾപ്പെടുന്ന പരിശീലനവും ലക്ഷ്യമിടുന്നു.

(9) റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി അടക്കമുള്ള ഉൽപാദക സംഘങ്ങളെ മൂല്യവർധിത ശൃംഖലയിൽ കരുത്തരാക്കുന്നതിനുതകുന്ന പ്രൊഡക്ടീവ് അലയൻസ് വഴി മികച്ച വ്യാപാരികളുമായി അവരെ ബന്ധിപ്പിച്ചുകൊണ്ട് സുസ്ഥിരമായ വിപണിമൂല്യം റബ്ബറിന് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) സംസ്ഥാനത്ത് റബ്ബർ കൃഷി പ്രോത്സാഹനത്തിന് നിലവിൽ കർഷകർക്ക് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി

നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. 15-03-2024-ലെ സ.ഉ.(പി)നമ്പർ 20/2024/ധന. പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170 രൂപയിൽനിന്ന് 180 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. സംസ്ഥാനത്ത് 2015-16 സാമ്പത്തികവർഷം മുതൽ 2024-25 (നാളിതുവരെ) വരെ റബ്ബർ ഇൻസെന്റീവ് സ്കീമിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

നിലവിൽ 5 ലക്ഷത്തിലധികം റബ്ബർ കർഷകർ ഈ സ്കീമിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത പദ്ധതിയുടെ പത്താം ഘട്ടമാണ് നടപ്പിലാക്കിവരുന്നത് (ജൂലൈ 2024 മുതൽ ജൂൺ 2025 വരെ). ഈ പദ്ധതിയുടെ കീഴിൽ പുതുതായി രജിസ്റ്റർ ചെയ്യുവാൻ കർഷകർക്ക് 30-11-2024 വരെ അവസരം നൽകിയിരുന്നു.

നിലവിൽ കേരളത്തിൽ മാത്രമാണ് റബ്ബറിന് താങ്ങുവില അനുവദിച്ചുവരുന്നത്.

രാജ്യത്ത് സ്വാഭാവിക റബ്ബർ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ റബ്ബർ ബോർഡ് മുഖാന്തരം സ്വാഭാവിക റബ്ബറിന്റെ സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം കേരളത്തിലെ റബ്ബർ കർഷകർക്ക് പുതിയ തൈകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വച്ചുപിടിപ്പിക്കുന്നതിനും കേടായവ മാറ്റി പുതിയ വച്ചുപിടിപ്പിക്കുന്നതിനുമായി ഹെക്ടറിന് 40,000/- രൂപ നിരക്കിൽ ധനസഹായം (planting subsidy@Rs.25000/Ha, planting subsidy @ Rs 15,000/- Ha for using certified planting materials) നൽകിവരുന്നു. 4 Ha കൃഷി ഭൂമിയുള്ള റബ്ബർ കർഷകർക്ക് പരമാവധി 1 Ha സ്ഥലത്ത് റബ്ബർ തൈകൾ വച്ചുപിടിപ്പിക്കുന്നതിനാണ് ധനസഹായം നൽകുന്നത്.

(സി) റബ്ബർ കൃഷി ചെയ്യുന്നതിന് കർഷകർക്ക് വസ്തു വാങ്ങുവാൻ നിലവിൽ വായ്പയും സബ്സിഡിയും നൽകുന്നുണ്ടോ; വിശദമാക്കാമോ?

റബ്ബർ കൃഷി ചെയ്യുന്നതിന് കർഷകർക്ക് വസ്തു വാങ്ങുവാൻ വായ്പയും സബ്സിഡിയും നൽകുന്ന പദ്ധതി നിലവിലില്ല.

മണലൂർ മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം

50 (3495) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിള ഇൻഷ്വറൻസ് ഉൾപ്പടെ ആകെ എത്ര രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച 1259 കർഷകർക്ക് പ്രകൃതിക്ഷോഭ കൃഷിനാശ ധനസഹായവും 703 കർഷകർക്ക് വിള ഇൻഷ്വറൻസ് ധനസഹായവും നൽകി.

പ്രകൃതിക്ഷോഭം, വിള ഇൻഷ്വറൻസ് ഉൾപ്പെടെ നഷ്ടപരിഹാരം അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായ പദ്ധതി പ്രകാരം 5,12,227/- രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 20,50,594/- രൂപയും നൽകാൻ ബാക്കിയുണ്ട്. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗുണമേന്മയുള്ള നല്ലയിനം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കാൻ നടപടി

51 (3496) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകർ നിലവിൽ ഉപയോഗിച്ചുവരുന്ന ഉമ നെൽവിത്തിന്റെ ഗുണമേന്മയും ഉൽപാദനശേഷിയും പ്രതിരോധശേഷിയും കുറഞ്ഞ സാഹചര്യത്തിൽ കൂടുതൽ ഗുണമേന്മയും പ്രതിരോധശേഷിയും മലയാളികളുടെ ഭക്ഷണക്രമത്തിന് അനുയോജ്യവുമായ നല്ലയിനം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയും ഉൽപാദനശേഷിയും പ്രതിരോധശേഷിയും കൂടതലുള്ള ഇനങ്ങളായ പൗർണമി, KAU പുണ്യ (MO 25), KAU ആദ്യ (MO 24) എന്നീ പുതിയ ഇനം വിത്തുകൾ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയിൽ ഉയർന്ന ഉൽപാദനശേഷിയും രോഗകീട പ്രതിരോധ ശേഷിയും കാലാവസ്ഥാ മാറ്റത്തിന് ഉതകുന്നതുമായ നെൽവിത്തിനങ്ങളെ വികസിപ്പിക്കാനുള്ള ഗവേഷണ പ്രക്രിയ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നു.

(ബി) കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നെൽകൃഷിയുടെ വികസനത്തിന് മുൻപ് നൽകിയിരുന്ന വിവിധ സബ്സിഡികളും ഉൽപാദന ഇൻസെന്റീവുകളും പുനഃസ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കർഷക സൗഹൃദമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് കൃഷിഭവൻ, കേരള കൃഷി ഹബ്ബ്, കതിർ ആപ്പ്, അനുഭവം പദ്ധതി തുടങ്ങിയവ പൂർണ്ണതയിലെത്തുന്നതോടെ ഈ ലക്ഷ്യം കൈവരിക്കുവാനും നിലവിലുള്ള കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ കാര്യക്ഷമമായി വിളയിടത്തിൽ പ്രയോജനപ്പെടുത്താനും സാധിക്കും.

നെൽകൃഷിയുടെ വികസനത്തിനായി നെൽകൃഷി വികസന പദ്ധതി മുഖാന്തരം മുൻവർഷങ്ങളിൽ നൽകിവരുന്ന വിവിധ സബ്സിഡികളും ഉൽപാദന ഇൻസെന്റീവുകളും

നിലവിലും തുടർന്നുവരികയാണ്. നെല്ലിനുള്ള പദ്ധതി വിഹിതം 2025-26 സാമ്പത്തിക വർഷം 120 കോടി രൂപയാക്കിയിട്ടുണ്ട്.

(സി) കൊയ്ത്ത് മെഷീൻ ഏജന്റുമാരുടെയും നെല്ല് സംഭരണ ഏജന്റുമാരുടെയും ചൂഷണത്തിൽനിന്ന് നെൽകർഷകരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൊയ്ത്ത് മെഷീൻ ഏജന്റുമാരുടെ ചൂഷണം തടയുന്നതിനായുള്ള പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) നെല്ലിന്റെ കയറ്റിറക്ക് കൂലി, കൈകാര്യ ചെലവ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ ഒരു ക്വിന്റൽ നെല്ലിന് കർഷകർക്ക് ചെലവാകുന്ന തുക എത്രയാണെന്നും സർക്കാർ എത്രയാണ് അവർക്ക് നൽകുന്നതെന്നും പ്രസ്തുത തുക വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

കൈകാര്യ ചെലവിനത്തിൽ ഒരു ക്വിന്റൽ നെല്ലിന് 12 രൂപയാണ് കർഷകർക്ക് നൽകിവരുന്നത്. നെല്ല് സംഭരണത്തിന്റെ അടിസ്ഥാന താങ്ങുവില എല്ലാ സീസണുകളിലും അഗ്രികൾച്ചർ പ്രൈസ് കമ്മിഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് പ്രഖ്യാപിക്കുന്നത്. സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് കൂടി ചേർത്താണ് സംസ്ഥാന സർക്കാർ സംഭരണ വില പ്രഖ്യാപിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പാടശേഖരങ്ങളുടെ ബണ്ടുകളുടെ പരിപാലനംകൂടി സാധ്യമാക്കുന്ന വിധത്തിൽ പമ്പിങ് സബ്സ്ഡി തുക കാലോചിതമായി പരിഷ്കരിക്കുന്നതിനും വർധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

സ്വന്തമായി ഭൂമിയില്ലാതെ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർക്കുള്ള ആനുകൂല്യങ്ങൾ

52 (3497) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	കർഷകരുടെ എണ്ണം
1	തിരുവനന്തപുരം	16491
2	കൊല്ലം	7387
3	പത്തനംതിട്ട	20000
4	ആലപ്പുഴ	29698
5	കോട്ടയം	12585
6	ഇടുക്കി	4968
7	എറണാകുളം	8873
8	തൃശ്ശൂർ	11421
9	പാലക്കാട്	8843
10	മലപ്പുറം	21460

11	കോഴിക്കോട്	10198
12	വയനാട്	1039
13	കണ്ണൂർ	11371
14	കാസർഗോഡ്	667

(ബി) ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സ്വന്തം ഭൂമിയിലോ ഇതര ഭൂമിയിലോ കൃഷി ചെയ്യുന്നവർ എന്ന വേർതിരിവില്ലാതെ എല്ലാ കർഷകർക്കും ബാധകമാണ്. കർഷകർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് കൃഷി വിസ്തൃതി വ്യാപനം, തരിശുഭൂമിയിൽ കൃഷി, സുരക്ഷിത കൃഷി, ജൈവകൃഷി, മറ്റ് കൃഷികൾ എന്നിവയ്ക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ പമ്പ്സെറ്റ് പോലുള്ള മൂലധന ആസ്തികൾ നൽകുന്ന പദ്ധതികളിൽ പദ്ധതി നിർദേശിക്കുന്ന കൈവശ ഭൂമിയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

(സി) ഇത്തരം കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ, ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ

ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ 296 സ്വാശ്രയ കർഷക സമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. സ്വാശ്രയ കർഷക സമിതികളിൽ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 1 രൂപ/കിലോ എന്ന നിരക്കിൽ 4000 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് ഉൽപാദന ബോണസ് ലഭ്യമാക്കി. 7 ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രൈമറി പ്രോസസ്സിങ് കേന്ദ്രങ്ങൾ മുഖേന പഴം-പച്ചക്കറികൾ വിപണികളിൽ അധികരിക്കുന്ന അവസരങ്ങളിലും അവ പ്രാഥമിക വിളവെടുപ്പാനന്തര നടപടികൾ പൂർത്തിയാക്കി ബ്രാൻഡ് ചെയ്ത് റീട്ടെയിൽ, പ്രീമിയം ഔട്ട്ലെറ്റുകൾ മുഖേന വിപണം നടത്തുന്നു. ഇത് വിലത്തകർച്ചയെ അതിജീവിക്കുവാൻ കർഷർക്ക് സഹായമാകുന്നു. കർഷകരുടെ അഭിവൃദ്ധിക്കും വിപണികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കൗൺസിൽ മുഖേന നടപ്പിലാക്കുന്ന ഡി.എസ്.എസ്. (Development and Stabilisation Support) പദ്ധതി പ്രകാരം 1.35 കോടി രൂപ വിപണികൾക്ക് നൽകുവാൻ സാധിച്ചു. സംസ്ഥാനത്ത് പച്ചത്തേങ്ങയുടെയും കൊപ്രയുടെയും വിലയിടിഞ്ഞ സാഹചര്യത്തിൽ 2022 മുതൽ കേരഫെഡ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളുടെ ചുമതലയിൽ പച്ചത്തേങ്ങ

സംഭരണവും മാർക്കറ്റ് ഫെഡ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളുടെ നേതൃത്വത്തിൽ കൊപ്രസംഭരണവും നടത്തുന്നുണ്ട്.

നാളികേരം/പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക

53 (3498) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര സംഭരണ കേന്ദ്രങ്ങളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ നാളികേര സംഭരണ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് സർക്കാർ നൽകാനുള്ള വിഹിതത്തിന്റെ കുടിശ്ശിക എത്രയെന്നും ഇത് എത്ര കർഷകർക്കാണ് നൽകാനുള്ളതെന്നും അറിയിക്കാമോ?

പച്ചത്തേങ്ങ സംഭരണ പദ്ധതിയുടെ ഭാഗമായി കേരഫെഡ് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

PSS കൊപ്ര സംഭരണ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ മാർക്കറ്റ് ഫെഡ് സംഭരിച്ച പച്ചത്തേങ്ങയുടെ തുക പൂർണ്ണമായും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2023-24-ലെ മുഴുവൻ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതമായി 55.77864 ലക്ഷം രൂപയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതമായി ബാക്കി നൽകാനുള്ള 2.89859 ലക്ഷം രൂപ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വി.എഫ്.പി.സി.കെ. മുഖേന പച്ചത്തേങ്ങ സംഭരിച്ച വകയിൽ 2023-24 വർഷത്തിൽ 137.99163 ലക്ഷം രൂപയും 2024-25 വർഷത്തിൽ 16.24594 ലക്ഷം രൂപയും കർഷകർക്ക് നൽകാനുണ്ട്. ഇത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2021 മുതൽ നാളിതുവരെ സർക്കാർ സംഭരിച്ച നാളികേരത്തിന്റെ അളവ് വർഷം തിരിച്ച്, സംഭരണ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2021 മുതൽ നാളിതുവരെ സർക്കാർ സംഭരിച്ച പച്ചക്കറി ഉൽപ്പന്നങ്ങളുടെ അളവ് വർഷം തിരിച്ച്, സംഭരണ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

(സി&ഡി) 2021 മുതൽ നാളിതുവരെ സർക്കാർ സംഭരിച്ച പച്ചക്കറി ഉൽപ്പന്നങ്ങളുടെ അളവ് വർഷം തിരിച്ച്, സംഭരണ കേന്ദ്രങ്ങൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ഇ) പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് സർക്കാർ നൽകാനുള്ള വിഹിതത്തിന്റെ കുടിശ്ശിക എത്രയെന്നും ഇത് എത്ര കർഷകർക്കാണ് നൽകാനുള്ളതെന്നും അറിയിക്കാമോ?

കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവയ്ക്ക് പച്ചക്കറി സംഭരിച്ച വകയിൽ ഡിസംബർ 2024 വരെ നൽകാനുള്ള കുടിശ്ശിക തുക ഹോർട്ടികോർപ്പ് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനം ഊർജിതപ്പെടുത്താൻ നടപടി

54 (3499) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകക്ഷേമ ബോർഡിന്റെ പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള സർക്കാർ 2020 ഒക്ടോബർ മാസം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും 3 മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. 5 വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് പദ്ധതിയിലെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന കർഷക ക്ഷേമ നിധി പദ്ധതിയുടെ കരട് അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുന്നതാണ്.

കിസാൻ അഭിമാൻ പദ്ധതിയിൽനിന്നും കർഷക ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്ത തുക

55 (3500) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന തുക കർഷക ക്ഷേമനിധി ബോർഡ് നിലവിൽവന്ന തീയതിയിൽ കർഷകക്ഷേമ നിധിയിലേക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അപ്രകാരം കൈമാറ്റം ചെയ്ത് നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തുക ഏതിനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കിസാൻ അഭിമാൻ പദ്ധതിയുടെ പേരിൽ തുടങ്ങിയ 701011400000163-നമ്പർ STSB (സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 34,100/-രൂപ 21-03-2022-ൽ സർക്കാരിലേക്ക് തിരിച്ചെടുത്തിട്ടുണ്ട്. കിസാൻ അഭിമാൻ പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിയ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ ഭാഗമായി പിരിച്ച രജിസ്ട്രേഷൻ ഫീസ് തിരുവനന്തപുരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വികാസ് ഭവൻ ബ്രാഞ്ചിൽ കൃഷി ഡയറക്ടറുടെ പേരിലുള്ള 67089522212 നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിലാണ് സ്വീകരിച്ചിരുന്നത്. നിലവിൽ ഈ അക്കൗണ്ടിൽ 5128950.34 രൂപ ഈ ഇനത്തിലുണ്ട്. കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നെങ്കിലും ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി ബോർഡ് ഏറ്റെടുത്തിട്ടില്ല. കർഷക പെൻഷൻ സേവന പോർട്ടൽവഴി വിതരണം നടത്തുന്നത് ഇപ്പോഴും കാർഷിക വികസന കർഷകക്ഷേമ വകുപ്പാണ്. അതിനാൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ സ്വീകരിച്ച തുകയും ബോർഡിന് കൈമാറിയിട്ടില്ല.

കാലാവസ്ഥാ വ്യതിയാനംമൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ

56 (3501) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടിയ വരൾച്ചയും അതിതീവ്ര മഴയും സംസ്ഥാനത്തുണ്ടാക്കുന്ന കാലാവസ്ഥാ വ്യതിയാനവുംമൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷിയും വിളവെടുപ്പും കാലാവസ്ഥയ്ക്കനുസൃതമായി ക്രമീകരിച്ച് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിന് പ്രത്യേക പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖലാ നവീകരണ (Kerala Climate Resilient Agri Value Chain Modernization Project-KERA) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ വിശദമായ പഠനം ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ?

ലഭ്യമാകുന്നുണ്ട്. പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയിലെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള 27 വിളകൾക്ക് കാലാവസ്ഥ വ്യതിയാനങ്ങളായ താപനില, മഴയുടെ അളവ്, കാറ്റിന്റെ വേഗത, രോഗകീട ആക്രമണ സാധ്യത, വരണ്ട കാലാവസ്ഥ, ആപേക്ഷിക ആർദ്രത എന്നിവകൊണ്ടുണ്ടാകുന്ന വിളനഷ്ടത്തിന് ഒരു പരിഹാരമെന്നോണം കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. ഓരോ വിളകൾക്കും അംഗീകരിച്ചിട്ടുള്ള ടേം ഷീറ്റിൽ പരാമർശിച്ചിട്ടുള്ള കാലാവസ്ഥ ഘടകത്തിന് അനുസൃതമായി ഇൻഷ്വർ ചെയ്ത വിളയ്ക്ക് നഷ്ടപരിഹാരം കർഷകർക്ക് ലഭ്യമാക്കുന്നു. പ്രാദേശിക പ്രകൃതിക്ഷോഭങ്ങളായ വെള്ളപ്പൊക്കം, ആലിപ്പഴമഴ, ഇടിമിന്നൽമൂലം ഉണ്ടാകുന്ന തീപിടുത്തം, മേഘവിസ്ഫോടനം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് തുകയുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് നഷ്ടപരിഹാരം നൽകുന്നു. കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്നത് ഏജൻസിയായ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയാണ്. ലോൺ എടുത്തിട്ടുള്ള കർഷകരെ ബാങ്ക് മുഖേന പദ്ധതിയിൽ അംഗങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മറ്റ് കർഷകരെ അംഗങ്ങളാക്കുന്നതിനായി അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിയുടെ ഫീൽഡ് കോ-ഓർഡിനേറ്റേഴ്സ് വഴി നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിൽ ഖാരിഫ് (വിരിപ്പ്), റാബി (മുണ്ടകൻ), റാബി (പുഞ്ച) എന്നിങ്ങനെ മൂന്ന് സീസണുകളിൽ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന കട്ട് ഓഫ് ഡേറ്റിനുള്ളിൽ പ്രീമിയം ഒടുക്കി കർഷകർക്ക്

പദ്ധതിയിൽ ചേരാവുന്നതാണ്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്നും പ്രീമിയം തുക ഇനത്തിൽ 24776.43 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഖാരിഫ് 2023 സീസൺ വരെയുള്ള കർഷകരുടെ ക്ലെയിം കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കാലാവസ്ഥ വ്യതിയാനംമൂലം കൃഷി നശിച്ച എല്ലാ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉഷ്ണതരംഗംമൂലം മലയോര മേഖലയിലുണ്ടായ കൃഷിനാശം സംബന്ധിച്ച് പഠനം നടത്തി നഷ്ടം വിലയിരുത്തി പ്രത്യേക പാക്കേജ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു തുകയും അനുവദിച്ചില്ല. തുടർന്ന് മുഖ്യമന്ത്രിയുടെ ദുരന്ത പ്രതികരണ നിധിയിൽനിന്നും 10 കോടി രൂപ ഏലം കർഷകർക്കായി അനുവദിച്ചു. കൂടാതെ കാലാവസ്ഥാ വ്യതിയാനംമൂലം വിളകൾ പൂർണ്ണമായി നശിച്ചില്ലെങ്കിൽക്കൂടി ഉൽപാദനത്തിൽ ഉണ്ടായേക്കാവുന്ന കുറവിനെ അടിസ്ഥാനമാക്കി വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം അനുവദിക്കുന്നതിന് കേന്ദ്ര സംസ്ഥാന സഹായത്തോടെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 വിളകളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ഏലം കൃഷിക്കുണ്ടായ നാശനഷ്ടം കണക്കിലെടുത്ത് ഏലം കൃഷി ഇൻഷ്വർ ചെയ്യുന്നതിനുള്ള കുറഞ്ഞ സ്ഥലപരിധി ഒരു ഹെക്ടറിൽനിന്നും ഒരു ഏക്കറായി കുറച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനംമൂലം കൃഷി നശിച്ച കർഷകർക്ക് പ്രധാനപ്പെട്ട 27 വിളകൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി,

പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി എന്നിവയിലൂടെ നിശ്ചയിക്കപ്പെട്ട തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പദ്ധതിയിൽ ഉൾപ്പെടുത്തിയും നഷ്ടപരിഹാരം നൽകിവരുന്നു.

അടയ്ക്കയുടെ വിളവ് കുറഞ്ഞതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി

57 (3502) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടയ്ക്കയുടെ വിലയിൽ വർധനവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക സ്ഥിതിവിവര വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടയ്ക്കയുടെ മാർക്കറ്റ് വിലയുടെ 2022 മുതലുള്ള വർഷങ്ങളിലെ വാർഷിക ശരാശരി ചുവടെ ചേർക്കുന്നു. 2024 വർഷത്തിൽ മാർക്കറ്റ് വിലയിൽ വർധനവുണ്ടായിട്ടുണ്ട്.

അടയ്ക്കയുടെ മാർക്കറ്റ് വിലയുടെ വാർഷിക ശരാശരി			
ഇനം	2022	2023	2024
അടയ്ക്ക (പാകമായത്) - 1000 എണ്ണം	4053.1	3873.71	4064.73
അടയ്ക്ക (പാകമായത്) - ക്വിന്റൽ	7595.35	7088.19	7094.67
അടയ്ക്ക (പാകമാകാത്തത്) - ക്വിന്റൽ	16015	16073.33	16865

(ബി) മികച്ച വില ലഭിക്കുമ്പോഴും അടയ്ക്കയുടെ വിളവ് കുറഞ്ഞത് മലയോര കർഷകരെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അടയ്ക്കയുടെ വിളവ് ഗണ്യമായി കുറഞ്ഞതോടെ വിലയുടെ ഗുണം ലഭിക്കാത്ത കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ രണ്ടുവർഷമായി കവുങ്ങുകൾക്ക് ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപെട്ടതാണ് അടയ്ക്കയുടെ വിളവ് കുറയാൻ കാരണമായതെന്നത് വസ്തുതയാണോ; എങ്കിൽ എന്ത് പ്രതിവിധികളാണ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(ബി-ഡി) കഴിഞ്ഞ രണ്ട് വർഷമായി കവുങ്ങുകൾക്ക് ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപെട്ടത് അടയ്ക്കയുടെ വിളവ് കുറയാൻ കാരണമായി. ഇതിനുള്ള പ്രതിവിധിയായി കോപ്പർ അധിഷ്ഠിത കുമിൾനാശിനികളായ കോപ്പർ ഓക്സായി ക്ലോറൈഡ് 0.25% അല്ലെങ്കിൽ മാന്കോസെബ് 0.2% എന്നിവ പ്രയോഗിക്കുന്നതിന് കർഷകർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും കൂടുതലായി കാണുന്നത് കുന്നിൻ ചരിവിൽ നട്ട കവുങ്ങുകൾക്കാണ്. സ്ഥിരമായി കുമ്മായ പ്രയോഗം നടത്തി ജൈവവളം, രാസവളം സമീകൃതമായി നൽകുന്ന തോട്ടങ്ങളിൽ ഇലപ്പുള്ളി രോഗവും പൂങ്കുല കരിച്ചിലും നിയന്ത്രണവിധേയമാകുകയും വിളവ് കൂടുതൽ ലഭിക്കുന്നതായും കേരള കാർഷിക സർവകലാശാലയുടെ പരീക്ഷണ നിരീക്ഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇതിനോടൊപ്പം സംയോജിത രോഗനിയന്ത്രണ മാർഗങ്ങൾക്കൂടി സ്വീകരിക്കുകയാണെങ്കിൽ

പൂർണ്ണനിയന്ത്രണവും സാധ്യമാണ്. നിലവിൽ അഗ്രി ക്ലിനിക്കുകൾ കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്.

പാലാ മണ്ഡലത്തിലെ കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ

58 (3503) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളായ കൊടുംവരൾച്ച, അതിവർഷം, പ്രളയം, ഉരുൾപൊട്ടൽ മുതലായ പ്രകൃതിദുരന്തങ്ങൾ കൃഷിയേയും കർഷക വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ കർഷകരെ സംരക്ഷിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ (Kerala Climate Resilient Agri Value Chain Modernization Project-KERA) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത Micro Small Medium Enterprises (MSME)-കൾക്കും ഭക്ഷ്യമേഖലയിലെ വാണിജ്യവൽക്കരണം, കാർഷിക വിതരണ ശൃംഖലകളുടെ നവീകരണം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ എന്നിവ അവലംബിച്ച് കൃഷിയിലും അനുബന്ധമേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജിതപ്പെടുത്തുകയാണ് ഈ പദ്ധതി

മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

ഘടകം 1: കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും

കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate - Smart Agriculture - CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

* കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവനദാതാക്കളുടെ ശേഷി വർധിപ്പിക്കൽ.
* അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.
* മെച്ചപ്പെട്ട ജല ഉപയോഗ ക്ഷമതയ്ക്കും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

ഘടകം 2: പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യ വർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർധിപ്പിക്കുക.

* കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദനസഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.
* സംസ്ഥാനത്ത് തിരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.
* നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർധിപ്പിക്കൽ എന്നിവയിലൂടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തൽ.

ഘടകം 3: FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം

* കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർധിപ്പിക്കുക.

* അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻകുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്.

* അഗ്രിപാർക്കുകൾക്കുള്ള സഹായം

പ്രകൃതിദുരന്തങ്ങൾമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭംമൂലം ഉണ്ടാവുന്ന വിളനാശ നഷ്ടപരിഹാര പദ്ധതി പ്രകാരം ധനസഹായവും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുമുള്ള ധനസഹായവും നൽകിവരുന്നുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പരിരക്ഷയുടെ പരിധിയിൽ വരുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ വഴി 27 വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. വിതച്ച നെൽവിത്തുകൾ പ്രകൃതിക്ഷോഭംമൂലം നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് പ്രകൃതിക്ഷോഭം മൂലമുണ്ടാവുന്ന വിളനാശത്തിന് നഷ്ടപരിഹാര പദ്ധതി പ്രകാരം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി സൗജന്യമായി വിത്തുകൾ നൽകിവരുന്നു. പ്രകൃതി ദുരന്തങ്ങൾമൂലം കൃഷിഭൂമിയിൽ കെട്ടിക്കിടക്കുന്ന ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിനായി കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ധനസഹായം നൽകുന്നു. കൂടാതെ മണ്ണിടിച്ചിൽമൂലം കൃഷിഭൂമിയുടെ വലിയൊരു ഭാഗം നഷ്ടപ്പെട്ട കർഷകർക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്നും സഹായം

നൽകുന്നു. കൊടും വരൾച്ചമൂലം കൃഷി നഷ്ടപ്പെട്ട ഏലം കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏലം വിളയുടെ ഇൻഷ്വർ ചെയ്യാൻവേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ വിസ്തീർണം 0.04 ഹെക്ടറായി നിജപ്പെടുത്തിയിട്ടുണ്ട്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവർക്കുവേണ്ട നിർദേശങ്ങൾ നൽകുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരുടെ അധ്യക്ഷതയിൽ ബ്ലോക്ക് ലെവൽ കാർഷിക വിജ്ഞാന സെന്റർ (BLAKC) പ്രവർത്തിച്ചുവരുന്നുണ്ട്. പ്രകൃതിക്ഷോഭങ്ങൾമൂലം ബണ്ട് പൊട്ടുന്ന കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ബണ്ട് ബലപ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു. വനം വകുപ്പിന്റെ അനുമതിയോടെ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനഭൂമിയിൽ കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗങ്ങൾ, വാഴ ഉൾപ്പെടെയുള്ള വിളകൾക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ നൽകിവരുന്നുണ്ട്.

(ബി) കർഷകർ കൂടുതലുള്ള പാലാ മണ്ഡലത്തിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പാലാ മണ്ഡലത്തിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പദ്ധതികളായ കേരഗ്രാമം, വാഴക്കൃഷി വ്യാപനം, കുരുമുളക് കൃഷി വ്യാപനം, സുഗന്ധവിള കൃഷി വ്യാപനം, പച്ചക്കറി കൃഷി വ്യാപനം, വിദേശ ഫലവൃക്ഷ കൃഷി വ്യാപനം, ആത്മ പദ്ധതി, എസ്.എച്ച്.എം. പദ്ധതികൾ, പുനർജനി, ജൈവഗൃഹം തുടങ്ങിയ വിവിധതരം പദ്ധതികളും ഗ്രാമപഞ്ചായത്ത് പദ്ധതികളായ കൂലിച്ചെലവ് ധനസഹായം, കിഴങ്ങുവിള വ്യാപനം, ഫലവൃക്ഷത്തൈ വിതരണം, വളം വിതരണം തുടങ്ങിയ വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ ഫാം പ്ലാൻ ബേസ്ഡ് പ്രൊഡക്ഷൻ പ്രോഗ്രാം, സ്കീം ഓൺ സപ്ലൈ ചെയിൻ/വാല്യൂ ചെയിൻ ഡെവലപ്മെന്റ് ആൻഡ് ഇന്റഗ്രേഷൻ, ക്രോപ് ഡൈവേഴ്സിഫിക്കേഷൻ എന്നീ നൂതന പദ്ധതികളും കേരളാ അഗ്രോ ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സഹായിക്കുന്ന മാർക്കറ്റിങ് സ്കീമുകൾ, മധുരിമ കൃഷിക്കൂട്ടം എന്ന പേരിൽ ഗ്രൂപ്പുണ്ടാക്കി കരിമ്പുകൃഷി വ്യാപനം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

പുതുപ്പള്ളി മണ്ഡലത്തിലെ കർഷകരുടെ വിളനാശത്തിന് നഷ്ടപരിഹാരം

59 (3504) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുപ്പള്ളി മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിലുണ്ടായ വിളനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് കർഷകരിൽനിന്നും അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിളനാശ ധനസഹായത്തിനായി എയിംസ് പോർട്ടൽവഴി അപേക്ഷ സമർപ്പിച്ച കർഷകരുടെ സ്ഥലപരിശോധന നടത്തി അർഹരായവർക്ക് പ്രകൃതിക്ഷോഭ കൃഷിനാശ ധനസഹായവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ധനസഹായവും നൽകിയിട്ടുണ്ട്. കൂടാതെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽവരുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ വഴി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്.

കൂടാതെ, പ്രകൃതിക്ഷോഭം നിമിത്തം നെൽവിത്തുകൾ നശിച്ച കർഷകർക്ക് കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്ചുറൽ കലാമിറ്റീസ് ആൻഡ് പെസ്റ്റ് ആൻഡ് ഡിസീസ് എൻഡമിക് പദ്ധതിയിലൂടെ കേരള വിത്ത് വികസന അതോറിറ്റി വഴി സൗജന്യമായി നെൽവിത്തുകളും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കർഷകർ സർക്കാരിന്റെ വിള ഇൻഷ്വറൻസ് എടുത്തിട്ടുള്ളവരായിരുന്നോ; ഇവർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; നഷ്ടപരിഹാരം പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ?

പ്രസ്തുത കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിരുന്നു. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിവഴി 268 കർഷകർക്ക് 90,95,562/- രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണ്ഡലത്തിൽനിന്നും വിവിധ കൃഷിനാശങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷാ വിവരങ്ങൾ പേരും ലഭിച്ച തീയതിയും സഹിതം നൽകാമോ; അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പുതുപ്പള്ളി മണ്ഡലത്തിലെ കോട്ടയം, മാടപ്പള്ളി, പാമ്പാടി ബ്ലോക്കുകളിൽ ഉൾപ്പെട്ട കർഷകർ വിവിധ കൃഷിനാശങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ അപേക്ഷാ വിവരങ്ങൾ (പേരും ലഭിച്ച തീയതിയും സഹിതം) അനുബന്ധമായി ചേർക്കുന്നു+.

സ്ഥലപരിശോധന നടത്തി നഷ്ടപരിഹാരത്തിനായി ശിപാർശ സഹിതം അപേക്ഷകളെല്ലാം എയിംസ് പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. അർഹരായവർക്ക് പ്രകൃതിക്ഷോഭ കൃഷിനാശ ധനസഹായവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ധനസഹായവും വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനോടൊപ്പം പ്രകൃതിക്ഷോഭംമൂലമുള്ള ധനസഹായവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമുള്ള ധനസഹായവും നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന പ്രകൃതിക്ഷോഭ കൃഷിനാശ ധനസഹായമായി 8,18,688/- രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 57,75,259/- രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി വഴി 90,95,562/- രൂപയും പുതുപ്പള്ളി മണ്ഡലത്തിലെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

നേര്യമംഗലം കൃഷിഫാമിലെ വികസന പ്രവർത്തനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

60 (3505) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലം കൃഷിഫാമിൽ കഴിഞ്ഞ ഒമ്പത് വർഷങ്ങളായി നടപ്പാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കാമോ?

നേര്യമംഗലം കൃഷിഫാമിൽ കഴിഞ്ഞ ഒമ്പത് വർഷങ്ങളായി നടപ്പാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

ഇന്റഗ്രേറ്റഡ് ഫാമിങ് സിസ്റ്റം (സംയോജിത കൃഷി സംവിധാനം)

1. ലംബമായുള്ള കൃഷിരീതി (വെർട്ടിക്കൽ ഫാമിങ് സിസ്റ്റം)

2. കോഴി വളർത്തൽ

3. നൂതന ആട് വളർത്തൽ ഷെഡ്

4. താറാവ് ഷെഡ്ഡും കുളവും

5. ഐ.എഫ്.എസ്. ഭാഗത്ത് തറയോടിട്ട് വൃത്തിയാക്കൽ

6. സൗരോർജ വിളക്കുകൾ

7. സ്റ്റീൽകൊണ്ട് തയ്യാറാക്കിയ മുയൽക്കൂടുകൾ

8. മുയൽ കൂടുകൾക്ക് സംരക്ഷണം നൽകുന്ന ഷെഡ് നിർമ്മാണം

അടിസ്ഥാന സൗകര്യ വികസനം

1. ഫാം ഓഫീസ് കെട്ടിട നവീകരണവും ടോയ്ലറ്റ് നിർമ്മാണവും

2. വിവിധ ബ്ലോക്കുകളിൽ തൊഴിലാളികൾക്ക് ശുചിമുറി നിർമ്മാണം

3. പഴയ ഷെഡ്ഡിനെ ടെയിനിങ് ഹാളാക്കി മാറ്റൽ.

ആർ.കെ.വി.വൈ. 2020-21 (കെ.എൽ.ഡി.സി. മുഖാന്തരം)

തുള്ളിനന ജലസേചന യൂണിറ്റിന്റെ നിർമ്മാണം

ആർ.കെ.വി.വൈ. 2020-21 (അസിസ്റ്റന്റ് എഞ്ചിനീയർ - കൃഷി മുഖാന്തരം)

1. ജലസേചന ടാങ്ക് നിർമ്മാണം

2. പോത്തിന്റെ തൊഴുത്ത് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും

3. പമ്പ് ഹൗസ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും

4. കന്നുകാലി ഷെഡ് നിർമ്മാണം

Submission on Agroforestry- എസ്.എം.എ.എഫ്.

വിപണന കേന്ദ്രം, മിനി ലാബ്, കോൺഫറൻസ് റൂം, വിത്തുപുര, വളം സ്റ്റോർ, ബഡ്ഡിങ് മഴമറ, സെമി പോളി ഹൗസ്, പോട്ടിങ് ഷെഡ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, സ്റ്റെറിലൈസേഷൻ യൂണിറ്റ്.

കോതമംഗലം മണ്ഡലത്തിലെ "നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ സമഗ്ര വളർച്ചയ്ക്ക് വേണ്ടിയിട്ടുള്ള സംയോജിത കൃഷി രീതി" എന്ന പദ്ധതിയിൽ പത്തുകോടി രൂപ ആർ.കെ.ഐ. പ്രകാരം അനുവദിച്ചിരിക്കുന്നു. ഈ പദ്ധതിയിൽ കെ.എൽ.ഡി.സി. ഏറ്റെടുത്ത് നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ആർ.കെ.ഐ. പദ്ധതികൾ

1. കർഷകർക്കുള്ള പരിശീലനവും അതിഥി മന്ദിരവും

2. ചെറുകിട സംസ്കരണ യൂണിറ്റ് (ഫാം ഉൽപ്പന്നങ്ങളുടെ)

3. തടയണ നിർമ്മാണം

4 നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംരക്ഷിത കൃഷി നിർമ്മിതികൾ

5. സംയോജിത കൃഷിരീതി - കുളങ്ങളും,കൂടുകളും ഉൾപ്പെടെ

6. ടോപ്പോഗ്രാഫിക് സർവ്വേയും സർവേയ്ലൻസും

ആർ.കെ.വി.വൈ. 2019-20 പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നവ

1. സംയോജിത കൃഷി - മീൻ വളർത്തലും കോഴി - താറാവ് വളർത്തൽ യൂണിറ്റ്

2. കൃത്രിമ മീൻകുളം

3. വിള പ്രദർശനശാല

4. സംരക്ഷിതകൃഷി നിർമ്മിതികളും വിൽപന പ്രദർശനശാലയും

5.. ക്ലൺ കൃഷി യൂണിറ്റ്

6. തൊഴിലാളികൾക്ക് പരിശീലനം

7. ജലസേചനവും കൃത്യത കൃഷിരീതി

8. അതിസാന്ദ്രതാ ഫലവൃക്ഷ കൃഷി

9. ഫർണിച്ചർ ഓഫീസ് ഉപകരണങ്ങൾ

10. ഫാമിന്റെ സമഗ്ര വിവരശേഖരണം

ആർ.ഐ.ഡി.എഫ്. -26

ടിഷ്യൂകൾച്ചർ ലബോറട്ടറിയുടെ നിർമ്മാണം നടന്നുവരുന്നു.

ആർ.ഐ.ഡി.എഫ്. - 27

ഫാം റോഡുകൾ, നടപ്പാതകൾ, പുഴ കെട്ടി സംരക്ഷണം, കാട്ടാനയുടെ ആക്രമണത്തിനെതിരെ ളക്കുവേലി മുതലായവ ഇതിൽപ്പെടുന്നു.

(ബി) പ്രസ്തുത ഫാമിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എത്രയെണ്ണമുണ്ടെന്നും അവയ്ക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

ജില്ലാ കൃഷിത്തോട്ടം നേര്യമംഗലത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്.

ക്രമ നം.	പദ്ധതികൾ	അനുവദിച്ച തുക (കോടി)
1.	ഇന്റഗ്രേറ്റഡ് ഫാമിങ് സിസ്റ്റം സംയോജിത കൃഷി രീതി	0.42
2.	ക്യാപിറ്റൽ ഔട്ട് ലേ	0.3566
3.	ആർ.കെ.വി.വൈ. 2020-21 അസിസ്റ്റന്റ് എഞ്ചിനീയർ കൃഷി മുഖാന്തരം	0.9939708
4.	ആർ.കെ.വി.വൈ. 2019-20 കെ.എൽ.ഡി.സി. മുഖാന്തരം	2.35
	ആർ.കെ.വി.വൈ. 2020-21 കെ. എൽ.ഡി.സി. മുഖാന്തരം	0.27
5.	ആർ.കെ.ഐ.	10
6.	ആർ.ഐ.ഡി.എഫ്. XXVI	7.3984

7.	ആർ.ഐ.ഡി.എഫ്. XXVII	13.55

(സി) ഫാമിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ സ്ഥിരം തൊഴിലാളികളുടെ ഒഴിവുണ്ടാകുന്ന വേളയിൽ നിലവിലെ ചട്ടങ്ങൾ പ്രകാരം വർഷാവർഷം തയ്യാറാക്കി അന്തിമമാക്കുന്ന കാഷ്വൽ തൊഴിലാളികളുടെ സീനിയോരിറ്റി ലിസ്റ്റിനെ അടിസ്ഥാനമാക്കി സ്ഥിരപ്പെടുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഫാമുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ജില്ലാ കൃഷിത്തോട്ടം നേര്യമംഗലത്ത് പുതുതായി ആർ.ഐ.എ.എസ്. പദ്ധതിയിൽ താഴെപറയുന്ന പ്രവൃത്തികളുൾപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

1. 50 എച്ച്.പി. പമ്പ് സെറ്റ് പൈപ്പ് ലൈൻ സ്ഥാപിക്കൽ

2. സോളാർ ഹൈ മാസ്റ്റ് /മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ

3. സോളാർ ഡ്രയറുകൾ സ്ഥാപിക്കൽ

4. തൊഴിലാളികൾക്ക് പരിശീലനം

5. സോളാർ പമ്പ്

കോഴിക്കോട് നഗരത്തിൽ തരിശുഭൂമികൾ കണ്ടെത്തുന്നതിന് നടപടി

61 (3506) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കൃഷിക്കനുയോജ്യമായ തരിശുഭൂമികൾ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കോഴിക്കോട് നഗരത്തിൽ കൃഷിക്കനുയോജ്യമായ തരിശുഭൂമികൾ കണ്ടെത്തുന്നതിന് കാർഷിക കൂട്ടായ്മകൾ രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് കോർപറേഷൻ പരിധിയിൽ ഇത്തരത്തിൽ തരിശുഭൂമി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോഴിക്കോട് കോർപറേഷൻ പരിധിയിൽ വിരിപ്പിൽ 10 ഹെക്ടർ, പൂളക്കടവ് 2 ഹെക്ടർ, പാറോപ്പടി 2 ഹെക്ടർ എന്നീ സ്ഥലങ്ങൾ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) നഗരങ്ങളിൽ കാർഷിക പുരോഗതിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പരിഗണന നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

നഗരങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിമിതമായ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ വീട്ടുവളപ്പുകളും ലഭ്യമായ സ്ഥലം പച്ചക്കറിക്കൃഷിയിലേക്ക് കൊണ്ടുവരികയും സുരക്ഷിത ഭക്ഷണം ഓരോ വീട്ടുവളപ്പുകളിലും ലഭ്യമാക്കി ഓരോ കുടുംബത്തിനും ആവശ്യമായ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുവാനുള്ള ഘടകം പച്ചക്കറി വികസന പദ്ധതിയിലും പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 'സമ്പൂർണ്ണ പച്ചക്കറി ഉൽപാദന യജ്ഞത്തിലും' ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലക്കുറവുമൂലം കൃഷി ചെയ്യാൻ ബുദ്ധിമുട്ടുള്ള

കുടുംബങ്ങൾക്ക് മട്ടുപ്പാവുകളും ഫ്ലാറ്റിലെ ബാൽക്കണികളിലും മൺചട്ടികളിലോ HDPE ചട്ടികളിലോ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ, പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. സ്ഥല ലഭ്യതയുള്ള നഗരപ്രദേശങ്ങളിൽ മറ്റ് വിളയാധിഷ്ഠിതവും ഫാം പ്ലാൻ അധിഷ്ഠിത പദ്ധതി ഘടകങ്ങളും പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിവകുപ്പിന്റെ സംസ്ഥാന ആവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ എല്ലാ പദ്ധതികളും നഗരങ്ങളിലും സ്ഥല ലഭ്യത അനുസരിച്ച് നടപ്പാക്കുന്നുണ്ട്.

കീടനാശിനി കലർത്തിയ ജൈവ പച്ചക്കറികൾ

62 (3507) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറി എന്ന പേരിൽ വില്പന നടത്തുന്ന ജൈവ പച്ചക്കറികളിൽ മാരകമായ കീടനാശിനികൾ കലർത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഇത് തടയുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) ഇല്ല. കേരള കാർഷിക സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള നാല് കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകളിൽ പച്ചക്കറിയിൽ അടങ്ങിയിരിക്കുന്ന വിഷാംശം പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിച്ച് നൽകുന്ന സാമ്പിളുകളിൽ പരിശോധന നടത്തി പരിശോധനാ ഫലം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നുണ്ട്.

പച്ചക്കറികളിലെ വിഷാംശം

63 (3508) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ വിപണനത്തിനെത്തുന്ന പച്ചക്കറികളിൽ മാരക വിഷാംശങ്ങളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്തിച്ചേരുന്ന 9 മുതൽ 12% പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ വിവിധ പച്ചക്കറി മാർക്കറ്റുകളിലെത്തുന്ന പച്ചക്കറിയുടെ സാമ്പിൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിച്ച് അവയെ കേരള കാർഷിക സർവകലാശാലയുടെ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ കീടനാശിനി

അവശിഷ്ട വിഷാംശ പരിശോധന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. 2023 വർഷം മുതൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് നൽകുന്ന പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശം പ്രസ്തുത ലാബിൽ തിട്ടപ്പെടുത്തുകയും പച്ചക്കറികളിലെ അവശിഷ്ട വിഷാംശം സംബന്ധിച്ച റിപ്പോർട്ട് തൊട്ടടുത്ത മാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചുവരികയും ചെയ്യുന്നു. ഈ റിപ്പോർട്ടുകളിൽക്കൂടി പച്ചക്കറിയിൽ അടങ്ങിയിരിക്കുന്ന വിഷാംശത്തിന്റെ തീവ്രതയും ഏത് സ്രോതസ്സിൽനിന്നുമാണ് സാമ്പിൾ ലഭ്യമാക്കിയതെന്നും പൊതുജനങ്ങൾക്ക് അറിവ് ലഭ്യമാകുന്നു. കൂടാതെ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധിവരെ സഹായകമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന് സഹായകമാകും.

പ്രസ്തുത ലാബുകളിൽ കീടനാശിനി അവശിഷ്ട പരിശോധനയ്ക്കായി ഗ്യാസ് ക്രോമാറ്റോഗ്രാഫ്, ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രോമാറ്റോഗ്രാഫി-ഹൈ റെസല്യൂഷൻ മാസ് സ്പെക്ട്രോമീറ്റർ തുടങ്ങിയവ ഉപയോഗിച്ച് ഒരു സാമ്പിളിൽ 105 കീടനാശിനികൾ വരെ പരിശോധിക്കാവുന്ന അത്യാധുനിക സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) വിഷരഹിത പച്ചക്കറികൾ വിപണിയിലെത്തിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ജൈവ കാർഷിക മേഖലയിൽ ശക്തമായ ഇടപെടലുകൾ നടത്തുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങളിലൂടെ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഹോർട്ടികോർപ്പ്, VFPCK എന്നിവയുമായി സംയോജിച്ച് പ്രവർത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം(1), ആലപ്പുഴ(4), എറണാകുളം(1), തൃശ്ശൂർ(1), കോഴിക്കോട്(1) പ്രവർത്തിക്കുന്ന ആകെ 8 പ്രീമിയം ജൈവ വിപണികളിലൂടെ ജൈവ ഉൽപ്പന്നങ്ങൾ ബ്രാൻഡിങ്ങോടുകൂടി വിറ്റഴിക്കാൻ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല കേരളത്തിലൊട്ടാകെ ആകെ 14 കേരളാ ഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ കേരളാ ഗ്രോ ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബോറട്ടറിയിൽ 2013 മുതൽ നടന്നുവരുന്ന "സേഫ് ടു ഈറ്റ്" പദ്ധതിയിൽ പച്ചക്കറികളുടെ കീടനാശിനി പരിശോധന നടത്തുകയും അതിന്റെ വെളിച്ചത്തിൽ കർഷകർക്ക് തുടർച്ചയായി ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്തുവരുന്നു.

'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി' എന്ന ത്രിവത്സര പദ്ധതി പ്രകാരം APEDA (അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി) അംഗീകരിച്ചിട്ടുള്ള രണ്ട് സർട്ടിഫിക്കേഷൻ എജൻസികളായ LACON, INDOCERT മുഖാന്തരം NPOP ജൈവ സർട്ടിഫിക്കേഷൻ നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP) പ്രകാരം 7945.38 ഹെക്ടറിലെ 31696 കർഷകർ അംഗങ്ങളായ 1017 ഗ്രൂപ്പുകൾക്ക് PGS Green സർട്ടിഫിക്കറ്റ് നാളിതുവരെ നൽകാൻ സാധിച്ചു. NPOP/PGS ജൈവ സാക്ഷ്യപ്പെടുത്തലിനും നടപടിക്രമങ്ങൾക്കുള്ള ചെലവുകൾ കർഷകന്റെ കൃഷിയിടം ജൈവവൽക്കരിക്കുന്നതിനുള്ള ചെലവുകൾ എന്നിവ ടി പദ്ധതികൾ പ്രകാരം നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം കർഷകർക്കും പ്രയോജനപ്രദമായ ഈ പദ്ധതി സാക്ഷ്യപ്പെടുത്തിയ 502 കാർഷിക ഉൽപ്പന്നങ്ങൾക്ക് അധികമൂല്യം ലഭിക്കുന്നതിനും ഗുണഭോക്താക്കൾക്ക് വിഷരഹിതമായ ജൈവ കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നവയുമാണ്.

അഗ്രോ പാർക്കുകൾ

64 (3509) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ട് ആരംഭിച്ച അഗ്രോ പാർക്കുകളുടെ വിശദാംശം നൽകാമോ?

കേരളത്തിൽ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ട് കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത് 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**അഗ്രോപാർക്കിന്റെ പേര്**	**സ്ഥലം**	**സ്പെഷ്യൽ പർപ്പസ് വെഹിക്കൾ (SPV)**	**തുക (കോടി രൂപയിൽ)**
1.	ബനാന & ഹണി പാർക്ക്	കണ്ണാറ, തൃശ്ശൂർ	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ	25.13
2.	നാളികേര പാർക്ക്	വേങ്ങേരി, കോഴിക്കോട്	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ	20.00
3.	നാളികേര പാർക്ക്	ക്ലത്താളി കോഴിക്കോട്	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ	20.00
4.	മാംഗോ പാർക്ക്	മുതലമട, പാലക്കാട്	Infrastructure Kerala Limited (INKEL)	20.00
5.	വെജിറ്റബിൾ പാർക്ക്, ചേർത്തല	ആലപ്പുഴ	Vegetable & Fruit Promotion Council (VFPCK)	15.00
ആകെ				**100.13**

ബനാന & ഹണി പാർക്കിന്റെ Detailed Project Report (DPR)-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും അതിന്റെ സിവിൽ പ്രവൃത്തികൾ 95% പൂർത്തീകരിക്കുകയും തേൻ സംസ്കരണത്തിനുള്ള യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും ക്ലത്താളിയിലും സ്ഥാപിക്കുന്ന നാളികേര പാർക്കുകളുടെ DPR-ന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമായിട്ടില്ല.

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് വില്ലേജിലെ ബ്ലോക്ക് 28-ൽ റീസർവേ 278-ൽപ്പെട്ടതും കുത്തകപ്പാട്ടമായിരുന്നതും സർക്കാർ തിരികെ എടുത്തതുമായ 114.5 സെന്റ് ഭൂമിയിൽ വെജിറ്റബിൾ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ഭൂമി കൃഷി വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാംഗോ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം ലഭ്യമായിട്ടില്ല.

07-08-2023-ലെ G.O.(MS) 71/2023/Agri. പ്രകാരം അഗ്രോ പാർക്കുകളുടെ നടത്തിപ്പും ചുമതലയും കേരള അഗ്രോ ബിസിനസ്സ് കമ്പനിക്ക് (KABCO) കൈമാറിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ അഗ്രോ പാർക്കുകളാണ് നിലവിലുള്ളത്; പുതിയ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) പേരാമ്പ്ര മണ്ഡലത്തിൽ കൂത്താളി കൃഷിഫാമിൽ അഗ്രോ പാർക്ക് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) നിലവിൽ കോഴിക്കോട് ജില്ലയിൽ അഗ്രോ പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പാർക്കുകളുടെ DPR-ന് കിഫ്ബിയിൽനിന്ന് അംഗീകാരം ലഭ്യമായിട്ടില്ല.

പച്ചക്കറി ഉൽപാദനവും വിപണനവും

65 (3510) ശ്രീ. എം. എം. മണി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ കൃഷിനാശം പച്ചക്കറിയുൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാഹചര്യത്തെ മറികടക്കുന്നതിനായി ആവശ്യമായ പച്ചക്കറികൾ മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രാദേശികമായി ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിൽനിന്ന് ശേഖരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യങ്ങളിൽ സർക്കാർ നിർദേശപ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തുകയും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്കുതല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന

ഉൽപാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപാദിപ്പിക്കുന്നതുമായ പച്ചക്കറികൾ ഹോർട്ടികോർപ് സംഭരിച്ചുവരുന്നു.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 296 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. കാർഷിക വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ഇടപെടലുകൾക്കുമായി 160 ഓണച്ചന്തകൾ 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 7 ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രൈമറി പ്രോസസ്സിങ് കേന്ദ്രങ്ങൾ മുഖേന പഴം-പച്ചക്കറികൾ ബ്രാൻഡ് ചെയ്ത് റീട്ടെയിൽ, പ്രീമിയം ഔട്ട്ലെറ്റുകൾ മുഖേന വിപണം നടത്തിവരുന്നു.

കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വരൾച്ചയെ മറികടക്കുന്നതിനും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രിസിഷൻ അഗ്രികൾച്ചർ കൃഷിയുടെ ഭാഗമായി നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ എന്നിവയുടെ പ്രചാരം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 9 ജില്ലകളിൽ 210 ഹെക്ടർ സ്ഥലത്ത് വാഴകൃഷിക്കുവേണ്ടിയും 265.81 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്കുവേണ്ടിയും മൾച്ചിങ് അടക്കമുള്ള കൃത്യതാ കൃഷി നടപ്പിലാക്കി.

കേരളത്തിൽ ലഭ്യമല്ലാത്തതും ഗുണഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പഴം, പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലംവഴിയും ഹോർട്ടികോർപ് സംഭരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ്, തമിഴ്നാട് കാർഷിക വിപണന വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പുവച്ച് സംഭരണം നടത്തി മിതമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് വിപണനം നടത്തിവരുന്നു.

(ഡി) വിപണനശാലകൾ സജീവമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; സഞ്ചരിക്കുന്ന പച്ചക്കറി വിപണനശാലകൾ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിപണിയിൽ അമിതമായ വിലവർധനവ് ഉണ്ടാകാതിരിക്കാൻ ഹോർട്ടികോർപ്പ് 71 സ്വന്തം സ്റ്റാളുകൾ വഴിയും 192 ലൈസൻസി സ്റ്റാളുകൾ വഴിയും 7 മൊബൈൽ യൂണിറ്റുകൾ മുഖേനയും പൊതുവിപണിയെക്കാൾ വിലക്കുറച്ച് ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഴം-പച്ചക്കറികൾക്ക് പൊതുവിപണിയിൽ ഉണ്ടാകുന്ന വിലവർധനവ് ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി ചില്ലറ വിൽപ്പനക്കായി 63 തളിർ-ഗ്രീൻ ഔട്ട്ലെറ്റുകളും 45 സസ്യ ഔട്ട്ലെറ്റുകളും 1 തളിർ സൂപ്പർമാർക്കറ്റും വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

വി.എഫ്.പി.സി.കെ. മുഖേന സംസ്ഥാന സർക്കാർ പദ്ധതി സഹായത്തോടെ എറണാകുളത്ത് കൗൺസിൽ ആസ്ഥാനത്തോട് ചേർന്ന് കാക്കനാട് ഒരു പഴം-പച്ചക്കറി ബ്രാൻഡഡ് ഔട്ട്ലെറ്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. നാടൻ പഴം-പച്ചക്കറികൾ, ജൈവ ഉൽപാദനോപാധികൾ, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവ ഉൽപ്പന്നങ്ങൾ, അലങ്കാരച്ചെടികൾ, കർഷകരിൽനിന്നും സംഭരിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് ഇതുവഴി സാധ്യമാകുന്നു. നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽനിന്ന് നേരിട്ട് സംഭരിക്കുന്നതിനും മിതമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

കാർഷിക ധാന്യങ്ങളുടെ ആഭ്യന്തര ഉൽപാദനം

66 (3511) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി കാർഷിക ധാന്യങ്ങളുടെ ആഭ്യന്തര ഉൽപാദനം കൂട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം നാലിലൊന്ന് താഴെയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉൽപാദനം കൂട്ടാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളായ നെല്ലിന്റെയും ചെറുധാന്യങ്ങളുടെയും ഉൽപാദനം വിസ്തൃതി വർധനവിലൂടെയും ഉൽപാദനക്ഷമത വർധനവിലൂടെയും വർധിപ്പിക്കുന്നതിനായി നെൽകൃഷി വികസനം, വിള വൈവിധ്യവൽക്കരണം, ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, രാഷ്ട്രീയ കൃഷി വികാസ് യോജന, റിബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളും യന്ത്രവൽക്കരണത്തിനായി സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ, നെൽകൃഷിക്കാവശ്യമായ കുമ്മായംപോലുള്ള ഉൽപാദനോപാധികൾക്കായി സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മിഷൻ പദ്ധതികളും വിള ഇൻഷ്വറൻസിനായി കേന്ദ്ര-സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികൾ, വിത്തുൽപാദനത്തിനായി ഫാമുകൾക്ക് നൽകുന്ന സഹായം എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിനുപരിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ധാന്യവിളകളുടെ ഉൽപാദനത്തിന് ആവശ്യമായ പദ്ധതികൾ പ്രാദേശിക ആവശ്യകത അനുസരിച്ച് തയ്യാറാക്കി നടപ്പാക്കിവരുന്നുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസനത്തിനായി വിവിധ പദ്ധതികളുടെ ഏകോപനത്തിലൂടെ 120.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും ഡ്രോൺ ഉപയോഗിച്ചുള്ള സൂക്ഷ്മമൂലകങ്ങളുടെയും ജൈവവളങ്ങളുടെയും പ്രയോഗവും ഇതിൽ ഉൾപ്പെടുന്നു. പുതിയതായി ഇതിൽ പൊക്കാളി നെല്ലിനത്തിന്റെ ഫീൽഡുതല വിത്ത് വികസനവും ഉൾപ്പെടുന്നു.

വിളവൈവിധ്യവൽക്കരണത്തിനായുള്ള പദ്ധതിയിലൂടെ പ്രധാനമായും ചെറുധാന്യങ്ങളുടെയും പയർവർഗ വിളകളുടെയും വിസ്തൃതി വർധനവും ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് സഹായം നൽകുന്നുണ്ട്.

കാബ്കോയിൽ ഷെയർ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

67 (3512) ശ്രീ. വി. കെ പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ അഗ്രി ബിസിനസ് കമ്പനിയായ കാബ്കോയിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഷെയർ അനുവദിക്കുന്നതെന്നും ഓരോ വിഭാഗത്തിനും എത്ര ശതമാനം ഷെയറാണ് അനുവദിക്കുന്നതെന്നും ഒരു ഷെയറിന്റെ മുഖവില എത്രയാണെന്നും അറിയിക്കാമോ;

(ബി) കൃഷി വകുപ്പ് രൂപീകരിച്ചിട്ടുള്ള കർഷക കൂട്ടായ്മകളായ പാടശേഖര സമിതികൾ, കേര സമിതികൾ, കാർഷിക കർമ്മസേനകൾ, കൃഷിക്കൂട്ടങ്ങൾ, കൃഷിക്കൂട്ട ഫെഡറേഷനുകൾ

എന്നിവക്ക് കാബ്കോയിൽ ഷെയർ അനുവദിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്താണെന്നും അറിയിക്കാമോ?

24-09-2024-ലെ സ.ഉ.(കൈ)നം. 95/2024/കൃഷി പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനിയുടെ ഷെയർഹോൾഡിങ് പാറ്റേൺ ചുവടെ പറയും പ്രകാരമാണ്. ഷെയറിന്റെ മുഖവില 100 രൂപയാണ്.

ഓഹരി ഉടമകളുടെ വിഭാഗം	ഓഹരി വിഹിതം *(%)*
കേരള സർക്കാർ	33
വ്യക്തിഗത കർഷകർ	20
ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും ഫാർമർ കോ-ഓപ്പറേറ്റീവ് ഉൾപ്പെടെയുള്ള കർഷക കൂട്ടായ്മ	22
പൊതു ജനങ്ങൾ	10
പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ	15

(സി) കൃഷി വകുപ്പ് പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള നൂറ് എഫ്.പി.ഒ-ക.-ൾക്ക് കാബ്കോ-യിൽ ഷെയർ അനുവദിക്കുമോയെന്നും എങ്കിൽ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

എഫ്.പി.ഒ.-കൾക്ക് 22% ഷെയറാണ് അനുവദിച്ചിട്ടുള്ളത്.

കാബ്കോയുടെ ഓഹരി വാങ്ങുന്നതിന് താൽപര്യമുള്ള എല്ലാ എഫ്.പി.ഒ.-കൾക്കും കമ്പനി നിയമത്തിന് വിധേയമായി മൂലധന നിക്ഷേപം നടത്താവുന്നതാണ്.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ പുനരുദ്ധാരണം

68 (3513) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ പുനരുദ്ധാരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തുന്നതിനും ടി സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പോകുന്ന പുതിയ പദ്ധതികൾ തുടങ്ങിയവ അവലോകനം ചെയ്യുന്നതിനുമായി പ്രസ്തുത സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാരെയും ചെയർമാൻമാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ഇടവേളകളിൽ സർക്കാർ നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ കൃത്യമായി പഠിച്ച് അവ പ്രത്യേകമായി പരിശോധിച്ച് ഏത് രീതിയിൽ ഇവയൊക്കെ പരിഹരിക്കാനാകുമെന്ന വ്യക്തമായ പദ്ധതി തയ്യാറാക്കാൻ ടി സ്ഥാപനങ്ങളിലെ ചെയർമാൻ/മാനേജിങ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ കാറ്റഗറൈസ് ചെയ്തതിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാറ്റഗറി വ്യക്തമാക്കുമോ?

സർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം കാറ്റഗറൈസ് ചെയ്തതിട്ടില്ല.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ

69 (3514) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ നിലവിൽ നഷ്ടത്തിൽ പ്രവർത്തിച്ചുവരികയാണ്. ഓഡിറ്റ് പൂർത്തീകരിച്ച 2021-22 വർഷത്തിൽ 697.20 ലക്ഷം രൂപയുടെ നഷ്ടത്തിലായിരുന്നു. കോർപറേഷനെ ലാഭത്തിലാക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുവെങ്കിലും നിലവിൽ 484.78 ലക്ഷം (പ്രൊവിഷണൽ ബാലൻസ്ഷീറ്റ് പ്രകാരം) രൂപയുടെ നഷ്ടത്തിലാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ സ്പെഷ്യൽ റൂൾസും സ്റ്റാഫ് പാറ്റേണും നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ സ്പെഷ്യൽ റൂളും സ്റ്റാഫ് പാറ്റേണും നിലവിലില്ല. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വാമനപുരം മണ്ഡലത്തിലെ ക്ലൺഗ്രാമം പദ്ധതി

70 (3515) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം പട്ടികവർഗ വികസന വകുപ്പുമായി ചേർന്ന് വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ക്ലൺഗ്രാമം പദ്ധതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY-RAFTAAR-ൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നടപ്പാക്കിവരുന്ന ക്ലൺ ഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടത്തിലാണ് പട്ടികവർഗ ഗ്രണഭോക്താക്കളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. ആയതിലേക്കായി വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിലെ മാങ്കുഴി, കിടാരക്കുഴി, നാഗര, നന്ദിയോട് ടൗൺ, ചൂടൽമൺപുറം, ദ്രുംവച്ചപ്പാറ, വട്ടപ്പൻകാട്, പച്ചമല, മണലയം, മരുതുംമൂട് എന്നീ ടൈബൽ സെറ്റിൽമെന്റുകളിലെ 75 ഗ്രണഭോക്താക്കളുടെ ലിസ്റ്റ് പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തന മാർഗരേഖ, പരിശീലന മാന്വൽ എന്നിവയും തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ വികസന വകുപ്പുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

കൊച്ചി നഗരത്തിൽ പുതിയ കൃഷി ഓഫീസ് അനുവദിക്കാൻ നടപടി

71 (3516) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 വില്ലേജുകളിൽ 74 ഡിവിഷനിൽ 94.88 സ്ക്വയർ കിലോമീറ്ററിലായി ഏകദേശം ഏഴുലക്ഷം ജനസംഖ്യയുള്ള കൊച്ചി നഗരത്തിലെ വൈറ്റിലയിൽ ഒരു കൃഷി ഓഫീസ് മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഓൺലൈൻ അപേക്ഷകളും ഓഫ്‌ലൈൻ അപേക്ഷകളും ഉൾപ്പെടെ ഭൂമി തരംമാറ്റത്തിനുള്ള എത്ര അപേക്ഷകൾ വൈറ്റില കൃഷി ഓഫീസിൽ കെട്ടിക്കിടക്കുന്നുവെന്ന് അറിയിക്കുമോ?

3154 അപേക്ഷകൾ നിലവിൽ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്.

(സി) കൃഷി ഓഫീസുമായി ബന്ധപ്പെടുന്ന ഏകദേശം 1800 കർഷകരും റെസിഡന്റ്സ് അസോസിയേഷനുകളുടെ കീഴിൽ ധാരാളം കർഷക ഗ്രൂപ്പുകളും ഗ്രീൻ ഹൗസുകൾ നിർമ്മിച്ച് ടെറസ് കൃഷി നടത്തുന്ന ഒട്ടനവധി വീടുകളും സ്ഥാപനങ്ങളുമുള്ള കൊച്ചി നഗരത്തിൽ ഇവരെ മോണിറ്റർ ചെയ്യാനും അവർക്കുവേണ്ട മാർഗനിർദേശങ്ങൾ നൽകാനുമായി നിലവിലുള്ള ഉദ്യോഗസ്ഥർ എത്രപേരാണെന്ന് അറിയിക്കുമോ?

4 പേർ.

അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ - 1

അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ – 1

അഗ്രികൾച്ചറൽ അസിസ്റ്റന്റ് - 2

(ഡി) മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി വൈറ്റില മൊബിലിറ്റി ഹബ്ബിനോടുചേർന്ന് പ്രവർത്തിച്ചിരുന്ന കൃഷി ഓഫീസ് കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടി വന്നതിനെത്തുടർന്ന് നിലവിൽ പ്രവർത്തിക്കുന്നത് കൊച്ചി കോർപ്പറേഷന്റെ വൈറ്റില സോണൽ ഓഫീസിന്റെ രണ്ടാം നിലയിലായതിനാൽ നടീൽ വസ്തുക്കളും തെങ്ങിൻ തൈകളും രണ്ടാം നിലയിൽ കൃഷി

ഓഫീസറുടെ മുറിയിൽ വെയിൽകൊള്ളാതെ സൂക്ഷിക്കുന്ന നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. രണ്ടാം നിലയിലായതുകൊണ്ടും ഉൽപാദനോപാധികൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളില്ലാത്തതിനാലും സ്റ്റോക്ക് ചെയ്യുന്നതിൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(ഇ) വൈറ്റിലയിലെ കൃഷി ഓഫീസിന്റെ നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൊച്ചി കോർപ്പറേഷൻ പരിധിയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി കൊച്ചി കോർപറേഷന്റെ ഏതെങ്കിലും ഫണ്ട് ഉപയോഗിച്ചോ ജനകീയാസൂത്രണ പദ്ധതി ഫണ്ട് ഉപയോഗിച്ചോ എല്ലാ സൗകര്യങ്ങളുമുള്ള ഒരു കൃഷിഭവൻ പണിയുന്നതിന് കൊച്ചി കോർപറേഷനിലേക്ക് കൃഷി വകുപ്പ് ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(എഫ്) കൊച്ചി നഗരത്തിലെ കർഷകരുടെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലായി പുതിയ കൃഷി ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

72 (3517) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ, അനുവദിച്ച തുക, നിലവിലെ സ്ഥിതി, ഏതൊക്കെ തദ്ദേശസ്ഥാപനങ്ങൾ എന്ന അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) കെ.എൽ.ഡി.സി. നിലവിൽ ഏതൊക്കെ പദ്ധതികളാണ് മണ്ഡലത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം

73 (3518) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്ന പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന ഗവേഷണ പദ്ധതികൾ, അടിസ്ഥാന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യങ്ങളുടെ വികസനം, കർഷകർക്കായുള്ള അധിക സേവനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കാർഷികമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

74 (3519) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതിനായി പ്രത്യേകം പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തുന്നതിനും മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉറപ്പാക്കുന്നതിലും ടി സ്ഥാപനങ്ങൾ ആരംഭിക്കാൻ പോകുന്ന പുതിയ പദ്ധതികൾ തുടങ്ങിയവ അവലോകനം ചെയ്യുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാരെയും ചെയർമാൻമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ബഹു. മന്ത്രിയുടെയും കൃഷി വകുപ്പ് സെക്രട്ടറിയുടെയും അധ്യക്ഷതയിൽ നിശ്ചിത ഇടവേളകളിൽ യോഗം നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ കൃത്യമായി പഠിച്ച് അവ പ്രത്യേകമായി പരിശോധിച്ച് ഏത് രീതിയിൽ ഇവയൊക്കെ പരിഹരിക്കുവാനാകുമെന്ന വ്യക്തമായ പദ്ധതി തയാറാക്കുവാൻ ടി സ്ഥാപനങ്ങളിലെ ചെയർമാൻ/മാനേജിങ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാർ തയ്യാറാക്കി നൽകിയിട്ടുള്ള short term & long term ശിപാർശകൾ പരിഗണനയിലാണ്. കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുള്ള ശിപാർശ നൽകുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കേരഫെഡിൽ ഉൽപ്പന്ന വൈവിധ്യവൽക്കരണം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

ഉണ്ട്. കേരഫെഡിൽ ഉൽപ്പന്ന വൈവിധ്യവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. നാളികേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങളായ കോക്കനട്ട് ഓയിൽ, കോക്കനട്ട് മിൽക്ക് പൗഡർ, ഡെസിക്കേറ്റഡ് കോക്കനട്ട് ഹെയർ ഓയിൽ എന്നിവ വ്യാവസായികമായി ഉൽപാദിപ്പിച്ച് വിപണനം ചെയ്തുവരുന്നു. വൈവിധ്യവൽക്കരണത്തിലൂടെ ഉന്നത നിലവാരത്തിലുള്ള വിവിധങ്ങളായ നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങൾ ന്യായമായ വിലയിൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുക, നാളികേര മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയും സുസ്ഥിരതയും വർധിപ്പിക്കുക, ഇതിലൂടെ നാളികേര കർഷകരുടെ വരുമാന വർധന സാധ്യമാക്കുക എന്നിവയാണ് ലക്ഷ്യമാക്കുന്നത്.

(സി) ഹോർട്ടികോർപ് പുതുതായി ഔട്ട്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ്, ഹൈറേഞ്ച് ബീ കീപ്പിങ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പഴവും പച്ചക്കറികളും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും പഞ്ചായത്ത്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിൽ 1232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ് ആരംഭിച്ചു. നാളിതുവരെ 35 ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ ഹോർട്ടികോർപ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്കുതല സംഭരണ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്.

NABARD RIDF XXVII ഫണ്ടുപയോഗിച്ച് 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ, തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ ഇന്റഗ്രേറ്റഡ് പാക്ക്ഹൗസുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇടുക്കി ജില്ലയിലെ കൊച്ചറയിൽ ഹൈറേഞ്ച് ബീ കീപ്പിങ് സെന്റർ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

അഗ്രോ സർവീസ് സെന്ററുകൾ

75 (3520) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര അഗ്രോ സർവീസ് സെന്ററുകളാണ് അനുവദിച്ചിട്ടുള്ളത്; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിൽ നിലവിൽ അഗ്രോ സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 50 കൃഷിശ്രീ സെന്ററുകളാണ് (അഗ്രോ സർവീസ് സെന്ററുകൾ) അനുവദിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ നിലവിൽ കുന്നുമ്മൽ, കൊടുവള്ളി, ചേളന്നൂർ (കാക്കൂർ), ബാലുശ്ശേരി, മേലാടി (തിക്കൊടി), പേരാമ്പ്ര, പന്തലായിനി (കൊയിലാണ്ടി), തോടന്നൂർ, വടകര എന്നീ ബ്ലോക്കുകളിലാണ് അഗ്രോ സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്.

(ബി) ബാലുശ്ശേരി ബ്ലോക്കിൽ അഗ്രോ സെന്റർ അനുവദിക്കുന്നതിനായി പുതിയ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഒരു ബ്ലോക്കിൽ നിലവിൽ ഒരു അഗ്രോ സെന്റർ മാത്രമാണോ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ബാലുശ്ശേരി ബ്ലോക്കിൽ അഗ്രോ സർവീസ് സെന്റർ ആരംഭിക്കുന്നതിന് പുതിയ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ഒരു ബ്ലോക്കിൽ നിലവിൽ ഒരു അഗ്രോ സർവീസ് സെന്റർ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(സി) അഗ്രോ സർവീസ് സെന്ററുകളിൽ എന്തൊക്കെ സേവനങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

അഗ്രോ സർവീസ് സെന്ററുകളിലൂടെ കർഷകർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

മണ്ണാർക്കാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

76 (3521) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ സേവനങ്ങൾ കർഷകർക്ക് എത്തിക്കുന്നതിനായി സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

ഉണ്ട്. സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷിഭവനുകളെ നവീകരിക്കുകയും കൃഷിഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യസമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിന് ലഭ്യമാക്കുകയും ചെയ്യും. കർഷകരുമായി ആശയവിനിമയം നടത്തുന്നതിനായി സ്മാർട്ട് കൃഷിഭവനിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഐ.റ്റി. ഇൻഫ്രാസ്ട്രക്ചർ, ഫാർമസി എന്നിവയും ഉണ്ടാകും. കൂടാതെ കൃഷി വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ച് നേരിട്ടുള്ള വിവരങ്ങൾ നൽകുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോം സേവനങ്ങൾ നൽകുന്നു. അപേക്ഷകളുടെ സ്ഥിതി, സാമ്പത്തിക സഹായം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ കർഷകർക്ക് നൽകാൻ കഴിയുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിപ്പാർട്ടുമെന്റിന്റെയും അനുബന്ധ മേഖലയുടെയും പ്രസിദ്ധീകരണങ്ങൾ, വ്യത്യസ്ത ബ്രോഷറുകൾ, ഇൻഫർമേഷൻ ബുള്ളറ്റിനുകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നതാണ്.

വിവിധ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നതിനായി അപേക്ഷ സ്വീകരിക്കുക, അതിന്മേലുള്ള സംശയങ്ങൾ ദൂരീകരിക്കുക എന്നീ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനായി സ്മാർട്ട് കൃഷിഭവനുകളിൽ ഷെയ്ഡ് ഹൗസുകളും ഉൽപാദന ഉപാധികൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ടായിരിക്കും.

സാങ്കേതികവിദ്യ ഉപയോഗിച്ച് ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തും. ഡിസ്പ്ലേ ബോർഡുകൾ, നെയിം ബോർഡുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ, ടെലിവിഷൻ എന്നിവയും ഇതിനാവശ്യമായ നെറ്റ് കണക്ഷനുകളും ഒരുക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിനായി ഓരോ ബജറ്റിലും അനുവദിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം RIDF Tranche XXVII, RIDF Tranche XXX, സംസ്ഥാന പദ്ധതികളിലുൾപ്പെടെ ആകെ 80 കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷം സ്മാർട്ട് കൃഷിഭവൻ നിർമ്മാണത്തിനായി ബജറ്റ് വിഹിതമായ 1000 ലക്ഷം രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 700 ലക്ഷം രൂപയും (ഒരു കൃഷിഭവന് 25 ലക്ഷം രൂപ വച്ച് -installation of front office cum information center including limited furnishing- 7.5 L, installation and upgradation of Plant Health Clinic- 5.0 L, Renovation of KB & limited furnishing- 10.00 L, Providing sufficient IT infrastructure- 2.50 L) ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയുമാണ് വകയിരുത്തിയത്.

2023-24 സാമ്പത്തിക വർഷം സ്മാർട്ട് കൃഷിഭവൻ നിർമ്മാണത്തിനായി ബജറ്റ് വിഹിതമായ 1000 ലക്ഷം രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 370 ലക്ഷം രൂപയും ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 630 ലക്ഷം രൂപയുമാണ് വകയിരുത്തിയത്.

2024-25 സാമ്പത്തിക വർഷം സ്മാർട്ട് കൃഷിഭവൻ നിർമ്മാണത്തിനായി ബജറ്റ് വിഹിതമായ 562 ലക്ഷം രൂപയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി 136.5 ലക്ഷം രൂപയും ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 24 ലക്ഷം രൂപയുമാണ് വകയിരുത്തിയത്.

(സി) മണ്ണാർക്കാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളായി മാറ്റുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

മണ്ണാർക്കാട് മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തുന്നതിന് നിലവിൽ തെരഞ്ഞെടുത്തിട്ടില്ല.

നെടുമ്പന സ്മാർട്ട് കൃഷിഭവൻ നിർമ്മാണം

77 (3522) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ നെടുമ്പന സ്മാർട്ട് കൃഷിഭവന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിലെ നെടുമ്പന സ്മാർട്ട് കൃഷിഭവൻ കെട്ടിട നിർമ്മാണത്തിൽ ആദ്യനിലയുടെ മേൽപ്പുര നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കായംകുളം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

78 (3523) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതി, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്	
പദ്ധതിയുടെ പേര്	**ചെലവഴിച്ച തുക (രൂപയിൽ)**
കൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കളുടെ വിതരണം	₹12,00,420.00
കൃഷിക്കാവശ്യമായ ഗ്രോബാഗ് വിതരണം	₹10,48,000.00
മഴമറ നിർമ്മാണം	₹10,75,000.00
ജലസേചനത്തിനായി പമ്പ് സെറ്റുകളുടെ വിതരണം	₹5,11,034.00
കാർഷിക യന്ത്രങ്ങളുടെ വിതരണം	₹16,47,142.00
പച്ചക്കറി കൃഷിക്കുള്ള ആനുകൂല്യം	₹2,09,64,012.00
വളം വിതരണം	₹15,16,189.00
കർഷകർക്ക് പരിശീലനം നൽകിയത്	181066
ക്ഷൺകൃഷി പ്രോത്സാഹനം	₹1,12,500.00
പൂകൃഷി പ്രോത്സാഹനം	₹88,200.00
നെൽകൃഷി പ്രോത്സാഹനം	₹1,16,91,642.00
കാർഷികോൽപ്പന്ന വിപണനം	₹29,55,000.00
വാഴക്കൃഷി പ്രോത്സാഹനം	₹3,59,650.00
സുഗന്ധവ്യഞ്ജനങ്ങൾ കൃഷി പ്രോത്സാഹനം	₹7,53,745.00
ഫലവൃക്ഷങ്ങൾ	₹4,42,418.00
എള്ള് കൃഷി പ്രോത്സാഹനം	₹19,44,250.00
വിള ആരോഗ്യ പരിപാലന കേന്ദ്രം	₹6,29,600.00
നാളികേര വികസനം	₹3,61,39,567.00
കാർഷിക പെൻഷൻ	₹7,69,84,900.00
മണ്ണ് പരിപാലന പദ്ധതി	₹15,75,500.00
ജൈവകൃഷിയും നല്ല കാർഷിക രീതികളും	₹7,07,400.00
സ്മാം	₹77,000.00
സൗജന്യ വൈദ്യുത പദ്ധതി	₹25,09,421.00
ലൊക്കേഷൻ സ്പെസിഫിക്	₹12,81,100.00
സ്ട്രെങ്തനിങ് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ	₹22,22,323.00
വകുപ്പുതല ലാബിന്റെ നവീകരണം	₹52,567.00

പയർവർഗങ്ങളുടെയും കിഴങ്ങ് വർഗങ്ങളുടെയും വികസനം	₹12,85,340.00
ഡീസിൽറ്റിങ്	₹5,71,624.00
പ്രകൃതിദുരന്തം	₹19,52,293.00
മാർക്കറ്റ് ഡെവലപ്മെന്റ്	₹62,54,647.00
ബയോഗ്യാസ്	₹63,900.00
ആത്മ	₹43,09,081.00
എസ്.എച്ച്.എം.	₹74,27,362.00
പി.കെ.വി.വൈ.	₹75,360.00
ഫാം പ്ലാൻ	₹10,70,807.00
മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്	
പദ്ധതിയുടെ പേര്	**ചെലവഴിച്ച തുക**
പുഴക്കത്തോട് വെള്ളക്കെട്ട് നിവാരണ പദ്ധതി (RIDF 19)	₹99,14,474.00
പാലത്തുംപാട്ട് വെള്ളക്കെട്ട് നിവാരണ പദ്ധതി (RIDF 19)	₹1,17,32,330.00

കൊടുങ്ങല്ലൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

79 (3524) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവനുകൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കിക്കൊണ്ട് ഇ-ഗവേണൻസിന്റെയും സാങ്കേതികവിദ്യയുടെയും ഫലപ്രദമായ വിനിയോഗത്തിലൂടെ കൃഷിഭവനുകളുടെ പ്രവർത്തനം നവീകരിച്ച് കർഷക സമൂഹത്തിന് മെച്ചപ്പെട്ട സേവനങ്ങൾ

കാലതാമസമില്ലാതെ ലഭ്യമാക്കുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.

1) കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

2) വിള ആരോഗ്യ ക്ലിനിക് സ്ഥാപിക്കലും നിലവിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ മെച്ചപ്പെടുത്തലും.

3) കൃഷിഭവനുകളുടെ നവീകരണം.

4) കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.

5) കൃഷിഭവനുകളെ കടലാസുരഹിത ഓഫീസുകളാക്കി മാറ്റുക.

കൃഷിഭവനുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, പി.എം. കിസാൻ, എയിംസ് പോർട്ടൽ തുടങ്ങിയ വെബ്സൈറ്റുകളിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം പ്ലാന്റ് ഹെൽത്ത് ക്ലിനിക്, കർഷകർക്ക് ആവശ്യമായ പരിശീലന ക്ലാസുകൾ മുതലായവ സ്മാർട്ട് കൃഷിഭവൻ വഴി കർഷകർക്ക് ലഭ്യമാണ്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഡിസ്പ്ലേ ബോർഡുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ, ടെലിവിഷൻ എന്നിവയും സ്മാർട്ട് കൃഷിഭവനുകളിൽ ലഭ്യമാക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ 6 കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയുടെ വിവരം ചുവടെ നൽകുന്നു.

ക്രമ നമ്പർ	**ജില്ല**	**കൃഷിഭവൻ**
1	തിരുവനന്തപുരം	കരകുളം
2	പത്തനംതിട്ട	അരുവാപ്പുലം
3	കോട്ടയം	നീണ്ടൂർ
4	എറണാകുളം	കോട്ടുവള്ളി
5	വയനാട്	തൊണ്ടർനാട്
6	കണ്ണൂർ	ചെറുതാഴം

(സി) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ ഏതൊക്കെ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ മണ്ഡലത്തിൽനിന്ന് കഴൂർ കൃഷിഭവനെ 2023-24 വർഷത്തെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിലെ കൃഷി ഓഫീസുകളിലെ ഒഴിവുകൾ

80 (3525) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ കൃഷി ഓഫീസുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയത്തിൽ തസ്തിക, ഓഫീസ് തിരിച്ച് വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ നെടുങ്കണ്ടം കൃഷിഭവനിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവ് താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

അഗ്രിക്കൾച്ചറൽ ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

81 (3526) ശ്രീ. ഡി. കെ മുരളി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച അഗ്രിക്കൾച്ചർ ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്ന് ഇതേവരെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

അഗ്രികൾച്ചറൽ ഓഫീസർ തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ 421 പേരെ നിയമിച്ചിട്ടുണ്ട്. 01-08-2025, 01-08-2026 തീയതികളിൽ നിലവിൽവരുന്ന യഥാക്രമം 105, 86 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാരുടെ ടൈം ബൗണ്ട് ഗ്രേഡ് പ്രൊമോഷൻ

82 (3527) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാർക്ക് ടൈം ബൗണ്ട് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതിന് വകുപ്പുതല പരീക്ഷ പാസ്സാകണമെന്ന നിബന്ധനവച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ, എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല. എന്നാൽ കൃഷി വകുപ്പിലെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽനിന്നും അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് (ലോവർ) വകുപ്പുതല പരീക്ഷ നിർബന്ധമാക്കി 25-10-2023-ലെ സ.ഉ.(അച്ചടി) നം. 18/2023/കൃഷി ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു+)

(ബി) കൃഷി വകുപ്പിന്റെ സ്പെഷ്യൽ റൂൾസിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടോ, അറിയിക്കുമോ?

മേൽ സർക്കാർ ഉത്തരവിലെ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തി കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ നോൺഗസറ്റഡ് തസ്തികകളിലേക്ക് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മറ്റ് ഏതെല്ലാം വകുപ്പിലെ ജീവനക്കാർക്കാണ് സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതിന് വകുപ്പുതല പരീക്ഷ നിർബന്ധമാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ സർക്കാർ വകുപ്പുകളിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പൊതുവായ മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി 08-08-2008-ലെ 46/2008/ധന. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു+). കൂടാതെ ഇതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളിലും ലഭ്യമാണ്.

കൃഷി വകുപ്പിലെ താൽക്കാലിക നിയമനം

83 (3528) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇവരിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ?

കൃഷി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ആകെ 1059 ജീവനക്കാർ ജോലി ചെയ്യുന്നു. ഇവരിൽ 164 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരാണ്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വകുപ്പിൽ സ്ഥിരം/കരാർ അല്ലാതെ നിയമനം ലഭിച്ചവരുണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെന്നും അതിന് നിലവിലുള്ള നിയമം അനുശാസിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള സമേതിയിൽ സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന ഉത്തരവ് പ്രകാരം 12 ദിവസ വേതന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ MANAGE ഹൈദരാബാദിന്റെ പദ്ധതിയായ (DAESI) നടത്തിപ്പിനായി പദ്ധതി ഫണ്ട് ഉപയോഗിച്ച് ഒരു Data Entry Operator-നെ ആവശ്യാനുസരണം ജോലിക്ക് നിയോഗിക്കുന്നു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരുടെ നിയമന കാലാവധി എത്ര മാസമാണ്; അല്ലാതെ താൽക്കാലിക നിയമന ജീവനക്കാരുടെ കാലാവധി എത്രയാണ്; വ്യക്തമാക്കാമോ?

വകുപ്പിന് കീഴിൽ വിവിധ പദ്ധതികളിലായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരുടെ കാലാവധി 179 ദിവസം/1 വർഷവുമാണ്. അല്ലാതെ താൽക്കാലിക നിയമന ജീവനക്കാരുടെ കാലാവധി ഒരു വർഷവുമാണ്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർ ഇപ്പോൾ എത്ര വർഷമായി ജോലിയിൽ തുടരുന്നു; പ്രസ്തുത ജീവനക്കാർക്കുതന്നെ തുടർച്ചയായി നിയമനാനുമതി നൽകിവരുന്നതിന്റെ കാരണം എന്താണ്; പ്രസ്തുത ജീവനക്കാർ അടിസ്ഥാന യോഗ്യത നേടിയിട്ടുണ്ടോ; വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർ 2011 മുതൽ വിവിധ കാലയളവുകളിലായി സർക്കാർ അനുമതി ലഭ്യമാകുന്നതിനെ ആസ്പദമാക്കി ജോലിയിൽ തുടരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാർ നിശ്ചിത കാലയളവിലേക്ക് അനുവദിക്കുന്ന പ്രത്യേക പദ്ധതികൾക്ക് സ്ഥിരനിയമനം നടത്താറില്ല. പദ്ധതിയിൽ നിയമിക്കപ്പെട്ടിട്ടുള്ള മേൽപ്പറഞ്ഞ ജീവനക്കാരുടെ ജോലിയിലുള്ള പരിചയം പദ്ധതിയുടെ തുടർ നിർവഹണത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കും അത്യന്താപേക്ഷിതമായതിനാലാണ് സർക്കാർ/കൃഷി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം കരാർ ജീവനക്കാർക്ക് തുടർച്ചാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെട്ട കരാർ ജീവനക്കാരെ തുടർച്ചയായി നിയമിക്കുന്നില്ല. കരാർ കാലാവധിക്കുശേഷം ഒരു ദിവസത്തെ ഇടവേള നൽകിയാണ് നിയമിക്കുന്നത്. ടി കരാർ ജീവനക്കാർ അതാത് പദ്ധതിക്ക് വേണ്ടിയുള്ള അടിസ്ഥാന യോഗ്യത നേടിയിട്ടുള്ളവരാണ്.

(ഇ) അടുത്ത സാമ്പത്തിക വർഷം മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകി നിയമനം നൽകുവാനും നീതി ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നത്.

പളളിമുക്കത്ത് മോട്ടോർതറയും മോട്ടോറും ട്രാൻസ്ഫോർമറും സ്ഥാപിക്കാൻ നടപടി

84 (3529) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൂറനാട്, പാലമേൽ ഗ്രാമപഞ്ചായത്തുകളിലുള്ള കരിങ്ങാലിച്ചാൽ പുഞ്ചയിലെ പളളിമുക്കത്ത് മോട്ടോർതറയും മോട്ടോറും ട്രാൻസ്ഫോർമറും അനുബന്ധ ഇലക്ട്രിഫിക്കേഷനും സ്ഥാപിക്കുന്നതിനുളള തുക അനുവദിക്കുമോ; വ്യക്തമാക്കാമോ?

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെട്ട നൂറനാട് പഞ്ചായത്തിൽ കരിങ്ങാലിൽചാൽ പുഞ്ചയിലെ പള്ളിമുക്കം ക്ഷേത്രത്തിന് കിഴക്കുവശം പള്ളിമുക്കം പാടശേഖരത്തിൽ (ഏലായിൽ) പമ്പ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതം) 3,16,800/-രൂപ (മൂന്ന് ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിച്ചതിൽനിന്നും 96,000/-രൂപ മോട്ടോർ തറ റിപ്പയറിനുവേണ്ടി പള്ളിമുക്കം പാടശേഖര സമിതിക്കും 2,20,800/-രൂപ 15 HP പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുവേണ്ടിയും 50 HP പെട്ടി പറ മോട്ടറിന്റെ റിപ്പയിറിനുവേണ്ടിയും RAIDCO ഹരിപ്പാടിനും നൽകിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. XXV സ്കീമിൽ ഉൾപ്പെടുത്തി കരിങ്ങാലിൽചാൽ പുഞ്ചയിലെ പള്ളിമുക്കം സൗത്ത് പാടശേഖരത്തിൽ 20 ലക്ഷം രൂപയുടെ മോട്ടോർതറയും 15 Hp വെർട്ടിക്കൽ പമ്പുസെറ്റും കെ.എൽ.ഡി.സി. മുഖാന്തരം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ട്രാൻസ്ഫോർമറും അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

കുത്തുപറമ്പ് യങ് ജനറേഷൻ പവർ ടില്ലർ ഉൽപാദന യൂണിറ്റ്

85 (3530) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ മെഷിനറി കോർപറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

കേരള അഗ്രോ മെഷിനറി കോർപറേഷൻ കാർഷിക യന്ത്രങ്ങൾ ഉൽപാദനം നടത്തി ഇന്ത്യയിലുടനീളം വിപണനം ചെയ്തുവരുന്ന പൊതുമേഖലാ സ്ഥാപനമാണ്. സംസ്ഥാനത്തെ കാർഷിക പുരോഗതിക്കായി നൂതനമായ യന്ത്രങ്ങൾ കാംകോ വികസിപ്പിച്ച് വിപണിയിൽ എത്തിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും കൂടാതെ ഉൽപ്പന്നങ്ങൾ രാജ്യത്തുടനീളം വിറ്റഴിക്കുന്നതിനായി മാർക്കറ്റിങ് രംഗത്ത് കൂടുതൽ ഡീലർമാരെ നിയമിക്കുക, ബിസിനസ് കൺസൾട്ടന്റുമാരെ കണ്ടെത്തി കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ പ്രചാരണം വർധിപ്പിക്കുക തുടങ്ങിയ നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ കമ്പനിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി പുതിയ പ്രോജക്ടുകൾ സർക്കാരിന്റെ RIAS സ്കീം വഴി NABARD-ന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവഹണം 2025-26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നത് കാംകോയുടെ പുരോഗതിക്ക് തുണയാകുമെന്ന് വിലയിരുത്തുന്നു.

(ബി) കുത്തുപറമ്പ് മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015-ൽ ആരംഭിച്ച കാംകോയുടെ യങ് ജനറേഷൻ പവർ ടില്ലർ ഉൽപാദന യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) യങ് ജനറേഷൻ പവർ ടില്ലറുകൾ നിർമ്മിക്കുന്നതിനായി കാംകോ ആരംഭിച്ച പ്രസ്തുത യൂണിറ്റിന് നാളിതുവരെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കാംകോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി-ഡി) കുത്തുപറമ്പ് മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015-ൽ ആരംഭിച്ച കാംകോയുടെ ന്യൂജനറേഷൻ പവർ ടില്ലർ ഉൽപാദന യൂണിറ്റിൽ ഉൽപാദനം ആരംഭിച്ചുവെങ്കിലും കോവിഡിനെ തുടർന്ന് വില്പന കുറഞ്ഞതിനാൽ ഉൽപാദനം ഇടക്കാലത്ത് നിർത്തേണ്ടി വന്നു. മാർക്കറ്റിങ് രംഗത്ത് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾമൂലം 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഉൽപാദനം തുടങ്ങുവാൻ പദ്ധതിയിട്ടിട്ടുണ്ട്. ന്യൂജനറേഷൻ പവർ ടില്ലറിന്റെ ടെസ്റ്റ് മാർക്കറ്റിങ് ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ അനുബന്ധ ഉപകരണങ്ങൾ ഉൽപാദിപ്പിക്കുന്ന പ്രക്രിയ 2025 ഏപ്രിലിൽ പൂർണ്ണമാകും. ടെസ്റ്റ് മാർക്കറ്റിങ്ങിന് ആവശ്യമായ 30-ഓളം യന്ത്രങ്ങൾ കാംകോയുടെ R&D ഡിവിഷനിൽ ഉൽപാദിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിൽപനയ്ക്ക് ആവശ്യമായ പവർ റീപ്പർ ഏറ്റവും നൂതനമായ മോഡൽ ഉൽപാദിപ്പിക്കുന്നതിന് തയ്യാറാകുന്നുണ്ട്. വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കാംകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുറുഞ്ചേരി കാർഷിക സംഘത്തിന് ലഭിക്കാനുള്ള കുടിശ്ശികകൾ അനുവദിക്കാൻ നടപടി

86 (3531) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എഫ്.പി.സി.കെ. വഴി കർഷകർക്ക് നൽകിവരുന്ന അടിസ്ഥാന വില ആനുകൂല്യങ്ങൾ കുറുപ്പന്തറ കാർഷിക സംഘത്തിൽ ലേലം ചെയ്ത് വിൽക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി താങ്ങുവില പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ.-യുടെ 250-ഉം ഹോർട്ടികോർപ്പിന്റെ 18-ഉം കൃഷിവകുപ്പ് വിവിധ പദ്ധതികളിലായി ആരംഭിച്ചിട്ടുള്ള 32-ഉം ഉൾപ്പെടെ 300 നോട്ടിഫൈഡ് വിപണികൾ വഴിയാണ് താങ്ങുവില പദ്ധതി പ്രകാരമുള്ള സംഭരണം നടത്തിവരുന്നത്.

കൂടുതൽ വിപണികളെ നോട്ടിഫൈഡ് മാർക്കറ്റാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ദൂരെ സ്ഥലങ്ങളിൽനിന്ന് ഉൽപ്പന്നങ്ങൾ സംഘത്തിലെത്തിച്ച് വിൽപന നടത്തിവരുന്ന കർഷകർക്ക് 2012 മുതൽ കിലോക്ക് 1.50 രൂപ നിരക്കിൽ നൽകിവരുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ് അടിയന്തരമായി അനുവദിക്കുന്നതിനും പ്രസ്തുത തുക കാലാനുസൃതമായി മൂന്ന് രൂപയാക്കി വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും കോട്ടയം ജില്ലാ സംഭരണ കേന്ദ്രത്തിലും കാർഷികോൽപ്പന്നങ്ങൾ ലേലത്തിന് എത്തിക്കുന്ന കർഷകർക്ക് മാത്രമാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിവരുന്നത്.

ദൂരെ സ്ഥലങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ എത്തിച്ച് വിൽപന നടത്തുന്ന കർഷകർക്ക് 25 കി.മീ. പരിധിക്ക് Rs. 1.5/ Kg, 26 കി.മീ. മുതൽ 50 കി.മീ. വരെ Rs. 2/Kg, 50 കി.മീ. മുകളിൽ Rs. 2.5/Kg എന്ന നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകിവരുന്നത്.

കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ നൽകുന്ന ഈ ട്രാൻസ്പോർട്ടേഷൻ സബ്സിഡി നിലവിൽ പര്യപ്തമാണെന്ന് കാണുന്നു.

(സി) നിലവിലെ വരുമാനംകൊണ്ട് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന സംഘത്തിന് കിട്ടാനുള്ള തുകയും കൈകാര്യ ചെലവും അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുറുപ്പന്തറ കാർഷിക വിപണിക്ക് കൈകാര്യ ചെലവിനത്തിൽ 2023-24 വർഷത്തിൽ 2.00 ലക്ഷം രൂപയും 2024-25 വർഷത്തിൽ 1.50 ലക്ഷം രൂപയും പ്രസ്തുത വിപണി ലഭ്യമാക്കിയ ക്ലെയിമിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

(ഡി) ഹോർട്ടികോർപ്പിന് സ്ഥിരമായി നൽകിവരുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഘത്തിന്റെ കടിശ്ശിക ഹോർട്ടികോർപ്പിൽനിന്ന് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുറുപ്പന്തറ കാർഷിക സംഘത്തിൽനിന്ന് നടപ്പ് സാമ്പത്തിക വർഷം 21.94552 ലക്ഷം രൂപയുടെ പച്ചക്കറികൾ ഹോർട്ടികോർപ് സംഭരിച്ചിട്ടുണ്ട്. ആയതിൽ ഡിസംബർ വരെയുള്ള

സംഭരണവിലയായ 19.74078 ലക്ഷം രൂപ സമിതിക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള സംഭരണ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോട്ടയ്ക്കലിലെ സമഗ്ര ജലസേചന പദ്ധതിയിന്മേൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ

87 (3532) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയ്ക്കൽ കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രൊപ്പോസൽ പരിഗണനയിലില്ല.

മാവൂർ സ്മാർട്ട് കൃഷിഭവൻ

88 (3533) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവനുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി അനുവദിക്കുന്ന തുക എത്രയാണെന്നും അറിയിക്കുമോ?

കർഷകർക്കാവശ്യമായ സേവനങ്ങൾ മുഴുവനായും കൃഷി ഓഫീസിൽനിന്നും ലഭ്യമാക്കാനും കൃഷി ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും കൃഷിയിടത്തിൽ എത്തിക്കാനും ഉദ്ദേശിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷിഭവൻ. അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം ഡിജിറ്റൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമാക്കി എല്ലാ സേവനങ്ങളും സ്മാർട്ട് കൃഷിഭവനിൽനിന്നും കർഷകർക്ക് നൽകുന്നു. യന്ത്രവൽക്കരണ സഹായം, കീടരോഗ നിയന്ത്രണ പിന്തുണ എന്നിവയോടൊപ്പം കർഷക സൗഹൃദമായ ഫ്രണ്ട് ഓഫീസും സ്മാർട്ട് കൃഷി ഭവനിലൂടെ നടപ്പിലാക്കുന്നു.

ഫ്രണ്ട് ഓഫീസ് സ്ഥാപിക്കുന്നതിനായി 7.50 ലക്ഷം രൂപയും പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിക്കുന്നതിന് 5.00 ലക്ഷം രൂപയും നിലവിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക് നവീകരിക്കുന്നതിന് 2.5 ലക്ഷം രൂപയും ഐ.റ്റി. ഇൻഫ്രാസ്ട്രക്ചറിനായി 2.5 ലക്ഷം രൂപയും കൃഷിഭവൻ നവീകരണത്തിനായി 10 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. കൂടാതെ ഡിജിറ്റൽ സാങ്കേതികവിദ്യയിലധിഷ്ഠിതമായ സേവനം സംസ്ഥാനത്തൊട്ടാകെ പൊതുവായി തുക കണ്ടെത്തി നൽകുന്നു. ബിൽഡിങ് ഇല്ലാത്ത കൃഷിഭവനുകളിൽ NABARD സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സഹായം നൽകുന്നുണ്ട്.

(ബി) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ കൃഷിഭവൻ സ്മാർട്ടാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആയതിന് എത്ര തുക വേണ്ടിവരുമെന്നും പ്രസ്തുത തുക കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായി 2023-24 സാമ്പത്തിക വർഷം അപ്ഗ്രേഡ് ചെയ്തിരുന്നു. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.റ്റി., ഇൻഫ്രാസ്ട്രക്ച്ചർ വർക്ക്സ്, ഇന്റീരിയൽ വർക്ക്സ്, പ്ലാന്റ് ഹെൽത്ത് ക്ലിനിക്, അടിസ്ഥാന സൗകര്യം ഒരുക്കൽ, ഫ്ലോറിങ്, പ്ലമ്പിങ്, വയറിങ്, ഇലക്ട്രിഫിക്കേഷൻ എന്നീ വർക്കുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. അതിന് കേരള കാർഷികവികസന കർഷകക്ഷേമ വകുപ്പിൽനിന്നും അനുവദിച്ച 22.5 ലക്ഷത്തിനുള്ള മോഡേണൈസേഷൻ വർക്കുകൾ കൃഷിഭവനിൽ പൂർത്തീകരിച്ചുകഴിഞ്ഞു. കമ്പ്യൂട്ടർ വാങ്ങുന്നതിന് 1.85 ലക്ഷം രൂപയുടെ അലോക്കേഷൻ നൽകിയിട്ടുണ്ട്. ബാക്കി 20.64 ലക്ഷം രൂപയുടെ ക്ലെയിം സമർപ്പിച്ച് കഴിഞ്ഞിട്ടുമുണ്ട് .

പെയിന്റിങ്, ടോയ്ലറ്റ് നവീകരണം, ഫർണിച്ചറുകൾ വാങ്ങൽ, എൻട്രൻസ് നവീകരണം എന്നീ വർക്കുകൾ പൂർത്തീകരിക്കാനുണ്ട്. ആയതിന്റെ പൂർത്തീകരണത്തിന് 8 ലക്ഷം രൂപ (നികുതി, സെന്റേജ് എന്നിവ കൂടാതെ) കൂടി ആവശ്യമായി വരും. ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽ 8 ലക്ഷം രൂപയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലാ കൃഷിത്തോട്ടത്തിന് അനുവദിച്ച തുക

89 (3534) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 മുതൽ ആലപ്പുഴ ജില്ലാ കൃഷിതോട്ടത്തിന് (തഴക്കര ഗ്രാമപഞ്ചായത്തിലെ നൂറ് എക്കറിൽ) കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെയും അവയുടെ വിനിയോഗത്തിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

2022-2023 മുതൽ ആലപ്പുഴ ജില്ലാ കൃഷിത്തോട്ടത്തിന് (തഴക്കര ഗ്രാമ പഞ്ചായത്തിലെ നൂറ് ഏക്കറിൽ) കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെയും അവയുടെ വിനിയോഗത്തിന്റെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

90 (3535) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ കുന്നത്തുനാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) സ്മാർട്ട് കൃഷിഭവനായി ഉയർത്തിയ കൃഷിഭവനുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

കർഷകർക്കാവശ്യമായ സേവനങ്ങൾ മുഴുവനായും കൃഷി ഓഫീസിൽനിന്നും ലഭ്യമാക്കുവാനും കൃഷി ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും കൃഷിയിടത്തിൽ എത്തിക്കാനും ഉദ്ദേശിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷിഭവൻ. അടിസ്ഥാന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യ വികസനത്തോടൊപ്പം സാങ്കേതികവിദ്യയിൽ അധിഷ്ഠിതമാക്കി എല്ലാ സേവനങ്ങളും സ്മാർട്ടാക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഫാർമസി, ടെലിവിഷൻ, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(സി) മണ്ഡലത്തിൽ പുതുതായി ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഇനി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ കൂടുതൽ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ചിറയിൻകീഴ് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

91 (3536) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിലൂടെ 2022-23 മുതൽ ചിറയിൻകീഴ് മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഓരോ ഇനങ്ങളിലും 2022-23, 2023-24 വർഷങ്ങളിൽ ചെലവഴിച്ച തുകയും ഭൗതിക നേട്ടങ്ങളും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ചിറയിൻകീഴ് അസംബ്ലി നിയോജക മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷം ഫാം പ്ലാൻ അധിഷ്ഠിത പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മോഡൽ ഇന്റഗ്രേറ്റഡ് ഫാമിങ് സിസ്റ്റം (IFS) എന്ന ഘടകത്തിൽ 6 യൂണിറ്റുകൾക്കായി 1,00,000.00 രൂപ ചെലവഴിച്ചിട്ടുണ്ട്. ഡിജിറ്റൽ പ്രൈസ് ഇൻഫർമേഷൻ ഡിസ്പ്ലേ ഫോർ FPOS ആൻഡ് അഗ്രിഗേഷൻ (Digital Display for FPOs and Aggregation Centre) എന്ന ഘടകത്തിൽ 6 യൂണിറ്റുകൾക്കായി 30,000.00 രൂപയും അസിസ്റ്റൻസ് ഫോർ അഗ്രിഗേഷൻ ഓഫ് അഗ്രികൾച്ചറൽ കമ്മോഡിറ്റീസ് ബൈ അഗ്രിഗേറ്റേഴ്സ് (Assistance for Aggregation of Agricultural Commodities by Aggregators) എന്ന ഘടകത്തിൽ 5 യൂണിറ്റുകൾക്ക് 1,25,000/- രൂപയും 60 ഫീൽഡ് ഡയറി പ്രിന്റ് ചെയ്യുന്നതിന് 6,000/- രൂപയും കാർഷിക കർമ്മസേന/അഗ്രോ സർവീസ് സെന്ററുകൾ വഴി 60 മണ്ണുസാമ്പിളുകൾ ശേഖരിക്കുന്നതിനായി 3,000/- രൂപയും മോഡൽ ഫാമുകളുടെ ക്രിട്ടിക്കൽ കമ്പോണന്റിനുള്ള സഹായം എന്ന നിലയിൽ 73 ഫാം പ്ലാനുകൾക്കായി 5,46,574/- രൂപയും ചേർത്ത് ഫാം പ്ലാൻ അടിസ്ഥാനത്തിലുള്ള കൃഷിക്കായി ചിറയിൻകീഴ് മണ്ഡലത്തിൽ ആകെ 8,10,574/- രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ അസിസ്റ്റൻസ് ഫോർ IFS എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 25,000/- രൂപയും അസിസ്റ്റൻസ് ഫോർ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മോഡൽ ഐ.എഫ്.എസ്. എന്ന ഘടകത്തിൽ 8 യൂണിറ്റുകൾക്കായി 1,75,000/- രൂപയും അസിസ്റ്റൻസ് ടു ക്രിട്ടിക്കൽ കമ്പോണന്റ് ഓഫ് മോഡൽ ഫാംസ് -നോൺ IFS എന്ന ഘടകത്തിൽ 38 യൂണിറ്റുകൾക്കായി 3,65,236/- രൂപയും വെഞ്ചർ ക്യാപ്പിറ്റൽ ഫോർ കൃഷിക്കൂട്ടം എന്ന

ഘടകത്തിൽ 10 യൂണിറ്റുകൾക്കായി 5,00,000/- രൂപയും ചേർത്ത് ആകെ 10,65,236/- രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കാട്ടുപന്നി ശല്യം

92 (3537) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളെ കാട്ടുപന്നികളിൽനിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

കാർഷിക വിളകളെ കാട്ടുപന്നികളിൽനിന്നും സംരക്ഷിക്കുന്നതിന് താഴെ പറയുംപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വിള ആരോഗ്യപരിപാലന പദ്ധതി (പ്ലാൻ)

സാങ്കേതികവിദ്യ സഹായത്തോടെ വന്യമൃഗ ആക്രമണത്തെ തടയുന്നതിന് കമ്പിവേലികൾ, ജൈവവേലി, രാസ/ഇലക്ട്രിക് റിപ്പല്ലന്റുകൾ, സൗരോർജ കമ്പിവേലികൾ പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള മാർഗങ്ങൾ അവലംബിക്കുന്നതിന് കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ കൂടിയാലോചിച്ച് എസ്റ്റിമേറ്റും പ്രോജക്ടും തയ്യാറാക്കി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ ശിപാർശയോടുകൂടി സംസ്ഥാന കമ്മറ്റികൾ പരിശോധിച്ച് അംഗീകരിച്ചതിനുശേഷം തുക അനുവദിച്ച് നൽകുന്നു. വിള ആരോഗ്യ പരിപാലന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ സാങ്കേതികവിദ്യ സഹായത്തോടെ വന്യജീവി ആക്രമണം തടയൽ എന്ന ഘടകത്തിൽ നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി ജില്ലകൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ഈ ഘടകത്തിന് പിന്നിലെ പ്രധാന ലക്ഷ്യങ്ങൾ വിളയുടെ സംരക്ഷണവും വിളനിലങ്ങളിൽ പ്രവേശിക്കുന്നതിൽനിന്ന് കാട്ടുപന്നിയെപോലുള്ള വന്യമൃഗങ്ങളെ തടയുന്നതുമാണ്.

രാഷ്ട്രീയ കൃഷി വികാസ് യോജന (മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള വിളനാശം നിയന്ത്രിക്കൽ) പദ്ധതി

2023-24 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പ്രകാരം 2500 ലക്ഷം രൂപ പദ്ധതി ചെലവിൽ "കേരളത്തിലെ മനുഷ്യ വന്യജീവി സംഘർഷംമൂലമുള്ള വിളനാശം കൈകാര്യം ചെയ്യൽ" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടത്തിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് അനുയോജ്യമായ സംവിധാനം സ്ഥാപിക്കുക, കൃഷിയിടങ്ങളിൽനിന്ന് വന്യമൃഗങ്ങളെ അകറ്റി നിർത്തുന്നതിന് ഓരോ പ്രദേശത്തിന് അനുയോജ്യമായതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യ പ്രയോഗിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2023-24 മുതൽ രാഷ്ട്രീയ കൃഷി വികാസ് യോജന (മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള വിളനാശം നിയന്ത്രിക്കൽ) പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കിവരുന്നത്. കാട്ടുപന്നികൾക്കെതിരെ സോളാർ ഫെൻസിങ്, കാട്ടുപന്നിയെ കൃഷിയിടത്തിൽനിന്നും അകറ്റി നിർത്തുന്നതിനായി ബോറെപ്,

ഇക്കോഡോൺ എന്നിവയുടെ പ്രയോഗവും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെ 1982.57153 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷി നാശത്തിന് നിലവിൽ ആനുകൂല്യം നൽകുന്നത് വനം വകുപ്പാണ്. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത 27 വിളകൾക്ക് വന്യജീവി ആക്രമണംമൂലം നാശനഷ്ടമുണ്ടായാൽ നിശ്ചിത മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്.

സംസ്ഥാനത്തെ കൃഷിയിടങ്ങളിലെ വന്യമൃഗാക്രമണം നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളുമായി കൃഷി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 15-1-2025-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കൃഷി വകുപ്പ് ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയുടെ ഭാഗമായും RKVY പദ്ധതിയുടെ ഭാഗമായും വന്യമൃഗാക്രമണം ലഘൂകരിക്കുന്നതിന് സ്റ്റാർട്ടപ്പുകളുമായി സഹകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനമെടുത്തിരുന്നു.

പഞ്ചായത്ത് തലത്തിൽ വന്യമൃഗശല്യം രൂക്ഷമാകുന്ന സ്ഥലങ്ങൾ നോക്കി പദ്ധതി പ്രദേശം കണ്ടെത്തുകയും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള ഒരു ഗ്രണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നു. കാർഷിക വികസന സമിതിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) ജില്ലാതല കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നു. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറും ആയിട്ടുള്ള ഒരു ജില്ലാ സമിതി രൂപീകരിക്കുകയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) അംഗീകരിക്കുകയും

ചെയ്യുന്നു. ജില്ലാതല കമ്മിറ്റി അംഗീകരിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സംസ്ഥാനതല കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച് തുക അനുവദിക്കുന്നു.

ഇത്തരത്തിൽ പദ്ധതി രൂപീകരണത്തിലും അംഗീകാരം ലഭ്യമാക്കുന്നതിനും നടപ്പിലാക്കുന്നതിനും ടി സംവിധാനം നിലനിർത്തുന്നതിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകർ, ജനപ്രധിനിധികൾ ഉൾപ്പെടെയുള്ള ഗുണഭോക്തൃ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇത്തരം വിവരങ്ങൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകർക്ക് ലഭ്യമാക്കുമോ; വിശദമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വന്യജീവി ആക്രമണംമൂലം നാശനഷ്ടം സംഭവിക്കുമ്പോൾ AIMS പോർട്ടൽ വഴി നഷ്ടപരിഹാരത്തിന് അപേക്ഷിക്കാൻ സാധിക്കുന്നതാണ്. ആയത് കൃഷിഭവൻ തലത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി അർഹതപ്പെട്ട കർഷകരുടെ ക്ലെയിം അപ്രൂവ് ആകുന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നു.

എല്ലാ ജില്ലകളിലും പ്രോജക്ട് ഡയറക്ടർ (ആത്മ) മുഖാന്തരം നടപ്പിലാക്കുന്ന ആത്മ പദ്ധതിയിലൂടെ ആദിവാസി, ദളിത് കർഷകർ ഉൾപ്പെടെയുള്ള കർഷകർക്കുള്ള വിവിധ പരിശീലന പരിപാടികൾ, കർഷക- ശാസ്ത്രജ്ഞ സംവാദങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും കൂടാതെ അച്ചടി-ദൃശ്യ-ശ്രവ്യ-നവ മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകർക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ ഇത്തരത്തിലുള്ള കാർഷിക വിജ്ഞാന വ്യാപനം നടത്തിവരികയും ചെയ്യുന്നുണ്ട്.

കർഷകർക്ക് ഇത്തരം കാർഷിക പ്രവർത്തനങ്ങൾ സംബന്ധിക്കുന്ന അറിവുകൾ പകർന്ന് കൊടുക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം സർവകലാശാലയുടെ കേരളത്തിലെ മറ്റ് സ്ഥാപനങ്ങൾ വഴിയും പരിശീലന പരിപാടികൾ നടത്തുകയും ഇതിന് സഹായകരമായ വിധത്തിലുള്ള വീഡിയോകൾ സംപ്രേഷണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ കർഷകർക്ക് കാർഷിക പ്രവൃത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്ന് കൊടുക്കുന്നതിനായി താഴെപ്പറയുന്ന പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നുണ്ട്.

i. ആർ.എ.റ്റി.റ്റി.സി. (റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിങ് സെന്റർ), കഴക്കൂട്ടം, തിരുവനന്തപുരം.

ii. ആർ.ടി.ടി.സി. (റിസർച്ച് ടെസ്റ്റിങ് ആൻഡ് ട്രെയിനിങ് സെന്റർ), വെള്ളായണി, തിരുവനന്തപുരം.

iii. എഫ്.ടി.സി. (ഫാർമേഴ്സ് ട്രെയിനിങ് സെന്റർ), പന്തളം, പത്തനംതിട്ട.

iv. ആർ.എ.റ്റി.റ്റി.സി., കോഴ, കോട്ടയം.

v. ആർ.എ.റ്റി.റ്റി.സി., മലമ്പുഴ, പാലക്കാട്.

vi. ആർ.എ.റ്റി.റ്റി.സി., വൈറ്റില, എറണാകുളം.

vii. എഫ്.റ്റി.സി. (ഫാർമേഴ്സ് ട്രെയിനിങ് സെന്റർ), വേങ്ങേരി, കോഴിക്കോട്.

viii. ആർ.എ.റ്റി.റ്റി.സി., തളിപ്പറമ്പ്, കണ്ണൂർ.

കർഷക ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ പെൻഷൻ

93 (3538) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; അംശാദായമായി ഈടാക്കുന്ന തുക എത്രയാണ്; ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കേരള കർഷക ക്ഷേമനിധി ബോർഡിൽ നാളിതുവരെ 15446 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 11879 പേർ അംഗത്വ നടപടികൾ പൂർത്തീകരിച്ച് അംഗങ്ങളായിട്ടുണ്ട്. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതമാണ് നിധിയിലേക്ക് അംശദായം നൽകേണ്ടത്. അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. ഉയർന്ന നിരക്കിന് പരിധി നിശ്ചയിച്ചിട്ടില്ല. ഈ ഇനത്തിൽ നാളിതുവരെ അംശദായമായി 3,58,86,886/- രൂപ (മൂന്ന് കോടി അമ്പത്തിയെട്ട് ലക്ഷത്തി എൺപത്തിയാറായിരത്തി എണ്ണൂറ്റി എൺപത്തിയാറ് രൂപ) രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കർഷക ക്ഷേമനിധി ബോർഡിൽനിന്നും നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് പെൻഷനും മറ്റാനുകൂല്യങ്ങൾക്കും ആക്ട് പ്രകാരം അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്.

പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും നൽകാറായിട്ടില്ല.

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാരിൽനിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്ന വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡിന് നാളിതുവരെ സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

2020-21 - 1 കോടി രൂപ

2021-22 - 1.10 കോടി രൂപ

2022-23 - 1 കോടി രൂപ

2023-24 - 1 കോടി രൂപ

2024-25 - 2 കോടി രൂപ

ബജറ്റ് വിഹിതം പൂർണ്ണമായും ഭരണ നിർവഹണ ചെലവുകൾക്കായാണ് അനുവദിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ തുകകളുടെ ഇനം തിരിച്ച് ചെലവഴിച്ച 2020-21, 2021-22, 2022-23 സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ആഡിറ്റ് ചെയ്ത കണക്കുകൾ യഥാക്രമം അനുബന്ധമായി ചേർക്കുന്നു+. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക്

94 (3539) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പ്രത്യേക ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകത മുൻനിർത്തി കാർഷിക വായ്പകൾക്ക് ഇപ്പോൾ എത്ര ശതമാനമാണ് പലിശനിരക്ക് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാർഷിക വായ്പകൾക്ക് സഹകരണ സംഘങ്ങളിൽ നിലവിൽ 6% പലിശയാണ് ഈടാക്കുന്നത്. അതിൽനിന്നും 3% സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ 'കിസ്സാൻ മിത്ര' എന്ന പേരിൽ കേരളാ ബാങ്ക് നൽകുന്ന കാർഷിക വായ്പയ്ക്ക് 4% പലിശയാണ് ഈടാക്കുന്നത്. പൊതുമേഖലാ ബാങ്കുകൾ കൃഷി ആവശ്യങ്ങൾക്ക് നൽകുന്ന കിസാൻ ക്രെഡിറ്റ് കാർഡ് വായ്പ 7% പലിശയിൽ ലഭ്യമാണ്. എന്നാൽ തവണകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് നിലവിൽ 3 ലക്ഷം വരെ തത്വത്തിൽ 4% പലിശ നിരക്കാണ് ഈടാക്കുന്നത്.

(ബി) കാർഷികാനുബന്ധ വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാർഷിക/കാർഷികാനുബന്ധ വായ്പകളുടെ പലിശ, വായ്പയുടെ തരം, കാലാവധി, വായ്പയുടെ ഉദ്ദേശ്യം എന്നിവ അനുസരിച്ച് നിർണ്ണയിക്കുന്നതിനുള്ള വിവേചനാധികാരം വ്യക്തിഗത പൊതുമേഖലാ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 02-02-2024-ലെ 06/2024 നമ്പർ സർക്കുലറിൽ നിഷ്കർഷിക്കുന്ന പലിശ

നിരക്കാണ് കാർഷികാനുബന്ധ വായ്പകൾക്ക് സഹകരണസംഘങ്ങൾ ഈടാക്കുന്നത്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

ആലപ്പുഴ ജില്ലയിലെ പൊതുആവശ്യത്തിന് നിലം നികത്തുന്നതിനുള്ള അപേക്ഷകൾ

95 (3540) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ആലപ്പുഴ ജില്ലയിൽ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിനായി എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ലഭ്യമായ അപേക്ഷകളിൽ എത്ര അപേക്ഷകളിലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ലഭ്യമായ കണക്കുകൾ പ്രകാരമുള്ള 51 അപേക്ഷകളിൽ 29 എണ്ണം തീർപ്പുകൽപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) തീർപ്പുകൽപ്പിക്കാൻ കഴിയാത്ത അപേക്ഷകൾ എന്ത് കാരണത്താലാണ് നിരസിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2(xiv) പ്രകാരമുള്ള 'പൊതു ആവശ്യം' എന്ന നിർവചനത്തിന്റെ പരിധിയിൽ വരാത്തതും ബി.റ്റി.ആർ./ഡാറ്റാ ബാങ്കിൽ തണ്ണീർത്തടം എന്ന് ഉൾപ്പെട്ടിട്ടുള്ളതും പരിവർത്തനാനുമതിക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷിച്ചിട്ടുള്ള ഭൂമിയുടെ സമീപ പ്രദേശത്തെ നെൽകൃഷിക്കും ജലനിർഗമന മാർഗങ്ങൾക്കും തടസ്സമാകുമെന്ന് ബോധ്യമാകുന്ന സാഹചര്യത്തിലുമാണ് അപേക്ഷകൾ സാധാരണയായി നിരസിക്കുന്നത്.

ഒറ്റപ്പാലം മണ്ഡലത്തിലെ ഇക്കോ ഷോപ്പുകൾ

96 (3541) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും കഴിഞ്ഞ മൂന്ന് മാസക്കാലമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവരം കൃഷിഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ കൃഷിഭവൻ പരിധിയിൽ 2017-18 വർഷത്തിൽ ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

അമ്പലപ്പാറയിലെ ഇക്കോഷോപ്പ് അമ്പലപ്പാറ പഞ്ചായത്ത് ബിൽഡിങ് കോംപ്ലക്സിലാണ് പ്രവർത്തിച്ചുവരുന്നത്. ടി ഇക്കോഷോപ്പിൽ പ്രാദേശികമായി കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിച്ച് വിൽപന നടത്തുന്നു. കൂടാതെ പട്ടാമ്പി കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപാദനോപാധികളും വിൽപന നടത്തിവരുന്നു. ഈ ഇക്കോഷോപ്പിന് കഴിഞ്ഞ 3 മാസമായി ഇരുപത്തി ആറായിരം രൂപയുടെ വിറ്റുവരവുണ്ട്.

പൂക്കോട്ടുകാവിൽ ഇക്കോഷോപ്പ് നല്ല രീതിയിലാണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും പൊതുജനശ്രദ്ധ കുറവായ സ്ഥലത്തായതിനാൽ നഷ്ടത്തിലാകുകയും തുടർന്ന് പ്രവർത്തനം നിലച്ചുപോകുകയുമാണുണ്ടായത്. നടത്തിപ്പ് ചുമതല പുതിയ കമ്മിറ്റിക്ക് നൽകിയും കൂടുതൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലത്തേക്ക് മാറ്റിസ്ഥാപിച്ചും ഇക്കോഷോപ്പിന്റെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മണ്ണ് പരിശോധനാ ലാബുകളുടെയും മൊബൈൽ യൂണിറ്റുകളുടെയും വിവരങ്ങൾ

97 (3542) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന മണ്ണ് പരിശോധനാ ലാബുകളുടെയും മൊബൈൽ മണ്ണ് പരിശോധനാ യൂണിറ്റുകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ പാറോട്ടുകോണം, തിരുവനന്തപുരം എന്നതിനുപുറമെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ മണ്ണ് പരിശോധനശാലകളും പ്രവർത്തിച്ചുവരുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 9 ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകളും കൂടാതെ പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ യൂണിറ്റുകൾ അതത് ജില്ലാ മണ്ണ് പരിശോധനാശാലകളോട് ചേർന്നും പ്രവർത്തിച്ചുവരുന്നു. കോട്ടയം, പാലക്കാട്, കണ്ണൂർ എന്നീ

ജില്ലകളിലെ വാഹനങ്ങൾ കാലാവധി കഴിഞ്ഞതിനാൽ പുതിയത് വാങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു.

മണ്ണ് പര്യവേഷണ & മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ ചുവടെ ചേർക്കുന്ന 5 സ്റ്റാറ്റിക് ലാബുകളും 2 സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ഒരു മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബും പ്രവർത്തിച്ചുവരുന്നു.

1. സെന്ട്രൽ സോയിൽ അനലറ്റിക്കൽ ലാബ് പാറോട്ടുകോണം, തിരുവനന്തപുരം.

2. റീജിയണൽ സോയിൽ അനലറ്റിക്കൽ ലാബ്, ആലപ്പുഴ

3. റീജിയണൽ സോയിൽ അനലറ്റിക്കൽ ലാബ്, തൃശ്ശൂർ.

4. റീജിയണൽ സോയിൽ അനലറ്റിക്കൽ ലാബ്, കോഴിക്കോട്.

5. ഹൈടെക് സോയിൽ അനലറ്റിക്കൽ ലാബ്, വയനാട്.

6. സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്, പത്തനംതിട്ട.

7. സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്, കാസർഗോഡ്.

മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബ് നിലവിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ സോയിൽ കൺസർവേഷൻ വകുപ്പ്
മുഖേനയുള്ള പദ്ധതികൾ

98 (3543) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്. 25-ൽ ഉൾപ്പെടുത്തി 48.92 ലക്ഷം രൂപ അടങ്കൽ തുകയുള്ള പിട്ടുക്കാരി കുളമ്പ് നീർത്തടം കിഴക്കഞ്ചേരി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പദ്ധതി പൂർത്തീകരിച്ചു.

തിരുവനന്തപുരം ജില്ലയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ

99 (3544) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ചെറിയ നീർത്തടങ്ങളെ അടിസ്ഥാനമാക്കി തിരുവനന്തപുരം ജില്ലയിൽ ശാസ്ത്രീയ രീതിയിൽ നടപ്പിലാക്കിയ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി, സംസ്ഥാന വാർഷിക പദ്ധതികളായ ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തെ സംരക്ഷണം, സൂക്ഷ്മ നീർത്തടങ്ങളുടെ വികസനം എന്നിവയിൽ ഉൾപ്പെടുത്തി 16 ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നിർവഹണം

നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നിർവഹണം നടത്തിയ നബാർഡ് ആർ.ഐ.ഡി.എഫ്., സംസ്ഥാന വാർഷിക പദ്ധതി എന്നിവയിലുൾപ്പെട്ട ജലസംരക്ഷണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ടാക്ടർ പാത്ത് വേയ്സ് സംരക്ഷണ ഭിത്തി നിർമ്മാണം

100 (3545) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നഗരസഭയിൽ ഈസ്റ്റ് വില്ലൂർ ഭാഗത്ത് ഇരണിയൽ തോടിനോട് ചേർന്നുള്ള ടാക്ടർ പാത്ത് വേയ്സ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സോയിൽ കൺസർവേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മതിയായ തുക വകയിരുത്തി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രൊപ്പോസൽ പരിഗണനയിലില്ല.

ബി.ടെക് കോഴ്സുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച്

101 (3546) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ ബി.ടെക് കോഴ്സുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സാങ്കേതിക വിദ്യാഭാസ മേഖലയിലെ അന്തർദേശീയ മുന്നേറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിദ്യാർഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ടാണ് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല പാഠ്യപദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. 2024-25 അക്കാദമിക് വർഷം ബി.ടെക് പ്രോഗ്രാമിന്റെ പദ്ധതിയും സിലബസും പരിഷ്കരിച്ചു. കൂടാതെ, ഇൻഡസ്ട്രിയിൽനിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്ടീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായ സംരംഭ മേഖലയോട് ചേർത്തു കൊണ്ടുപോകാൻ പര്യാപ്തമായ രീതിയിൽ Translational Research Centre സർവകലാശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കീമുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖലയെ ശാസ്ത്ര സാങ്കേതികരംഗങ്ങളിലെ മുൻനിരയിലേക്കെത്തിക്കുന്നതിലേക്കായി (i) ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ്, കണ്ണൂർ, (ii) ഗവൺമെന്റ് മോഡൽ എഞ്ചിനീയറിങ് കോളേജ്,

തൃക്കാക്കര, (iii) രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവിടങ്ങളിലായി സർവകലാശാല മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. ഗവേഷണത്തിലും വിദ്യാർത്ഥി പരിശീലനത്തിലുമൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഇവയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ Teaching and Learning methods പരിഷ്കരിക്കുന്നതിനായി Human Resources Development Centre സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദേശ യൂണിവേഴ്സിറ്റികളുമായി ചേർന്ന് സംയുക്ത ബിരുദം, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ, വിദ്യാർഥികളുടെ കൈമാറ്റം, അധ്യാപക കൈമാറ്റം, ട്രിന്നിങ് പ്രോഗ്രാമുകൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചർച്ചകളും നടപടികളും സർവകലാശാല തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) 2020 വർഷം എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ബി.ടെക്.-ന് പ്രവേശനം നേടുകയും 2024 അധ്യയന വർഷം കോഴ്സ് പൂർത്തിയാക്കുകയും ചെയ്ത സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കമ്പ്യൂട്ടർ സയൻസ് എന്നീ ട്രേഡുകളിൽ ഏറ്റവും കൂടുതൽ സി.ജി.പി.എ. ലഭിച്ച ഓരോ ട്രേഡിലെയും 10 കുട്ടികളുടെ പേരും സി.ജി.പി.എ.-യും ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു[+].

യു.ജി.സി. കരട് ചട്ടഭേദഗതിക്കെതിരെ നടത്തിയ ദേശീയ

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൺവെൻഷനിലെ നിർദേശങ്ങൾ

102 (3547) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. കരട് ചട്ടഭേദഗതിക്കെതിരെ സർക്കാർ നേതൃത്വം കൊടുത്ത് നടത്തിയ ദേശീയ കൺവെൻഷനിൽ ഉയർന്നുവന്ന നിർദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കൺവെൻഷനിൽ ആരൊക്കെയാണ് പങ്കാളികളായതെന്ന് വ്യക്തമാക്കാമോ;

(സി) ഉന്നതവിദ്യാഭ്യാസത്തിലെ ജനാധിപത്യ മൂല്യങ്ങളെ ദുർബലപ്പെടുത്താനും ഉന്നതവിദ്യാഭ്യാസം മതപരവും സാമുദായികവുമായ പ്രത്യയ ശാസ്ത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നവരുടെ നിയന്ത്രണത്തിലാക്കാനുമുള്ള ശ്രമങ്ങളെ ചെറുക്കുന്നതിന് പ്രസ്തുത സമ്മേളനം എത്രത്തോളം സഹായകമാവുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) ദേശീയ കൺവെൻഷനിൽ ഉയർന്നുവന്ന നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

രാജ്യത്തിന്റെ ഫെഡറൽ മൂല്യങ്ങൾ ഹനിക്കുന്ന വിധത്തിലുള്ള കേന്ദ്രീകരണ പരിശ്രമമാണ് UGC ഡ്രാഫ്റ്റ് റെഗുലേഷനിലുള്ളത്.

വൈസ് ചാൻസലർ തിരഞ്ഞെടുപ്പിന്റെ സെർച്ച് കമ്മിറ്റിയിൽനിന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയെ ഒഴിവാക്കിയതുൾപ്പെടെ ഫണ്ട് ചെലവാക്കുകയും മേൽനോട്ട ഉത്തരവാദിത്തം വഹിക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിനെ ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്.

ഭരണപരമായ കാര്യങ്ങൾ നിർണയിക്കുന്നതിനുള്ള മുഖ്യപങ്ക് സംസ്ഥാനങ്ങൾക്ക് നൽകണം. അക്കാദമിക് ഇതരരെ വി.സി. ആക്കരുത്. വ്യവസായിക, വാണിജ്യ പശ്ചാത്തലമുള്ളവരെ വി.സി. ആക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരിക്കും. അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും തിരഞ്ഞെടുപ്പിൽ അതാത് മേഖലയിലുള്ള 'ശ്രദ്ധേയ സംഭാവനകൾ' സെലക്ഷൻ കമ്മിറ്റി പരിഗണിക്കുമെന്ന നിർദേശം ഗുണനിലവാരം കുറയ്ക്കുന്നതിലേക്കും സ്വജന പക്ഷപാതത്തിലേക്കും അഴിമതിയിലേക്കും നയിക്കും. നിയമനങ്ങൾക്ക് പി.എസ്.സി. പോലുള്ള സംസ്ഥാനങ്ങളിലെ ഭരണഘടനാ സ്ഥാപനങ്ങളെ കണക്കിലെടുക്കുന്നില്ല. സേവന, വേതന വ്യവസ്ഥകൾ നിയന്ത്രിക്കുന്ന സംസ്ഥാനങ്ങളോടുള്ള അവഗണനയാണിത്. യു.ജി.സി. ചട്ടങ്ങളിൽ കൂടുതൽ ഇളവ് വേണം. സർവകലാശാലകളുടെ അക്കാദമിക് സ്വയംഭരണം വെട്ടിക്കുറയ്ക്കാനുള്ള ശ്രമം യു.ജി.സി. ഉപേക്ഷിക്കണം. കരാർ നിയമനം, ഗസ്റ്റ് ഫാക്കൽറ്റി നിയമനം, വിസിറ്റിങ് ഫാക്കൽറ്റി എന്നിവയിൽ വ്യക്തത വേണം. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകണം. നിയമ നിർമ്മാണത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ യു.ജി.സി. മാനിക്കണം. ബിരുദ കോഴ്സുകൾക്ക് പ്രവേശന

പരീക്ഷ നിർബന്ധമാക്കുന്നത് ഗ്രോസ് എൻറോൾമെന്റ് അനുപാതം വർധിപ്പിക്കാനുള്ള ശ്രമത്തിന് തിരിച്ചടിയാകും.

തെലുങ്കാന, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷ നേതാവ്, എം.എൽ.എ.-മാർ, സംസ്ഥാന സർവകലാശാല/കോളേജ് അധ്യാപകർ, അനധ്യാപകർ, വിദ്യാർഥികൾ, വിവിധ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികൾ എന്നിവർ പങ്കെടുത്ത സമ്മേളനം ബഹു. മുഖ്യമന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. സംസ്ഥാനത്തിന്റെ താൽപര്യം ഉയർത്തിപ്പിടിച്ച് സർക്കാർ എടുക്കുന്ന നിലപാടുകൾക്ക് ദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായകമായതായി വിലയിരുത്തുന്നു.

ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതം

103 (3548) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ആൾ ഇന്ത്യ ഹയർ എഡ്യുക്കേഷൻ സർവെ (AISHE) 2021-22 റിപ്പോർട്ട് പ്രകാരം ദേശീയ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ദേശീയ ശരാശരി 28.4-ഉം സംസ്ഥാന ശരാശരി 41.3-ഉം ആണ്. ആയതിൽ മെയിൽ GER ദേശീയ തലത്തിൽ 28.3-ഉം സംസ്ഥാന

തലത്തിൽ 34.1-ഉം ആണ്. ഫീമെയിൽ GER ദേശീയ തലത്തിൽ 28.5-ഉം സംസ്ഥാനതലത്തിൽ 49.0-ഉം ആണ്.

ദേശീയ തലത്തിലെ സ്ത്രീ-പുരുഷ അനുപാത സൂചിക 1.01 ആയിരിക്കെ കേരളത്തിലേത് 1.44 ആണ്. ഇത് സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും ഉയർന്ന ജെൻഡർ പാരിറ്റി ഇൻഡക്സാണ്.

(ബി) ഈ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും തുടരുന്ന വിദ്യാഭ്യാസ നയങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണലേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിന് ചേരുന്ന (എയ്ഡഡ് കോഴ്സുകൾ) വിദ്യാർഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നത്. പ്ലസ് ടു-വിന്/ തത്തുല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തെരഞ്ഞെടുക്കുന്നത്. ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്. ഈ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തി ബിരുദവും ബിരുദാനന്തര ബിരുദവും നേടുന്നതിൽ നല്ലൊരു ശതമാനം പെൺകുട്ടികളാണ്.

(സി) സംസ്ഥാനത്തുനിന്നും വിദേശ രാജ്യങ്ങളിലേക്ക് ഉപരിപഠനത്തിനായി പോകുന്നവരിൽ കൂടുതലും പെൺകുട്ടികളാണെന്നുള്ള സർവെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഉന്നതവിദ്യാഭ്യാസത്തിനായി ഇതരരാജ്യങ്ങളെ ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്കായി 2021 മുതൽ നോർക്ക റൂട്ട്സിൽ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഉപരിപഠനത്തിനായി വിദേശത്ത് പോയിട്ടുള്ള, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികളുടെ എണ്ണം കണക്കിലെടുത്താൽ അതിൽ കൂടുതൽ പെൺകുട്ടികളാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആഗോള തലത്തിൽ ഉയർന്നുവരുന്ന പുത്തൻ തൊഴിലവസരങ്ങൾ മനസ്സിലാക്കി വിദ്യാർഥികളുടെ നൈപുണ്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രോജക്ടുള്ള ഓണേഴ്സ് ബിരുദം/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള FYUGP പ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലേയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിങും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയംപര്യാപ്ത രീതിയിൽ ആരംഭിക്കും. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ നിർദിഷ്ട പ്രാദേശിക/വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം വിദ്യാർഥികൾക്ക് ആവശ്യമായ വിവിധതലത്തിലുള്ള നൈപുണി വികസനത്തിനും (Skilling, Upskilling, Reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തെ മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിതസ്ഥിതിക്കും വിദഗ്ധ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിന് സഹായകമാവുകയും ചെയ്യും. അക്കാദമിക് സൂക്ഷ്മതയ്ക്കൊപ്പം നൈപുണ്യ വികസനം ഉറപ്പാക്കുന്നതിന് FYUG പ്രോഗ്രാമുകളുടെ മൈനർ കോഴ്സുകൾക്ക് പകരമായി ഈ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളിലൂടെ നേടിയ ക്രെഡിറ്റുകൾ ഉപയോഗിക്കാൻ വിദ്യാർഥികൾക്ക് അവസരം ലഭിക്കും.

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത്വേയുടെ ഭാഗമാക്കാനും സാധിക്കും. സ്കിൽ കോഴ്സുകൾ പ്രദാനം ചെയ്യുന്നതിന് അസാപ് കേരള, കെൽട്രോൺ, IHRD, ICT അക്കാഡമി ഓഫ് കേരള എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തെരഞ്ഞെടുത്ത് പഠിക്കാം.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിങ്/ ഡിപ്ലോമ വിദ്യാർഥികളെ ഇന്നവേഷൻ സമൂഹമായി വാർത്തെടുക്കുന്നതിന് പാഠ്യപദ്ധതിയിൽത്തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start-ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിൽ വിഭാവന ചെയ്യുന്ന വിഭവ വിനിയോഗ നിർവഹണ കേന്ദ്രം (Resource Management Centre) പരിശീലന പരിപാടികളും ഗവേഷണ പ്രവർത്തനങ്ങളും വിവിധ സാങ്കേതിക വിഷയങ്ങളിലെ ഉള്ളടക്കം വികസിപ്പിക്കലും ഭരണപരമായ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കേന്ദ്രീകൃതമായി നടപ്പാക്കാനും ഘട്ടംഘട്ടമായി പദ്ധതി കാലയളവിൽ പരിപൂർണ്ണ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റാനും ലക്ഷ്യമിടുന്നു. സി.ഇ.ടി. എഞ്ചിനീയറിങ് കോളേജിലെ പ്രൊഫസർമാരുടെ അക്കാദമിക് പിന്തുണയോടെ, KDISC, KKE-യുമായി സഹകരിച്ച് കേരളത്തിലെ യുവാക്കളുടെ തൊഴിൽക്ഷമത വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു നൈപുണ്യ വികസന പരിശീലന പരിപാടിയായ വിജ്ഞാന കേരളം പദ്ധതി 2025 മാർച്ച് 5-ന് ഉദ്ഘാടനം ചെയ്തു. ഈ വർഷത്തോടെ 25000 തൊഴിലവസരങ്ങൾ ലക്ഷ്യമിടുന്നു.

ആഗോളതലത്തിൽ ഉയർന്നുവരുന്ന പുത്തൻ തൊഴിലവസരങ്ങൾ മനസ്സിലാക്കുന്നതിനും അതിനനുയോജ്യമായ രീതിയിൽ നൈപുണ്യ പരിശീലനത്തിന് അവസരമൊരുക്കുന്നതിനും അസാപ് കേരള ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി/വിർച്വൽ റിയാലിറ്റി തുടങ്ങിയ പുതുതലമുറയ്ക്ക് അനുയോജ്യമായ ഐ.ടി. കോഴ്സുകളിൽ പരിശീലനം നേടാൻ അവസരമൊരുക്കുന്നു. കൂടാതെ, ഫിനാൻസ്, ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി, മെഡിക്കൽ കോഡിങ്, ലോജിസ്റ്റിക്സ്, ഹൈഡ്രോപോണിക്സ് തുടങ്ങി ശ്രദ്ധേയമായ ഐ.ടി. ഇതര മേഖലകളിലെ കോഴ്സുകൾ രൂപപ്പെടുത്താനും മികച്ച രീതിയിൽ പരിശീലനം നൽകി തൊഴിലിലേക്ക് നയിക്കാനും അസാപ് വഴി സാധ്യമാക്കുന്നു.

എൻറോൾഡ് ഏജന്റ് എന്ന കോഴ്സ് രൂപപ്പെടുത്തുവാനും അതിൽ പരിശീലനം പൂർത്തിയാക്കിയ കുട്ടികളെ പരീക്ഷയ്ക്കും മുൻപേതന്നെ ആകർഷകമായ സേവന വേതന വ്യവസ്ഥകളിൽ തൊഴിൽ കരസ്ഥമാക്കാൻ സഹായിക്കാനും അസാപ് വഴി സാധിച്ചു.

വിദേശഭാഷാ പരിശീലനത്തിന്റെ ഭാഗമായി ഇംഗ്ലീഷ്, ജർമൻ, ജാപ്പനീസ് മുതലായ വിദേശഭാഷകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും അസാപ് കേരള ഒരുക്കിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പദ്ധതികൾ

104 (3549) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനർ ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ക്രമീകരിച്ച് വകുപ്പ്/സ്ഥാപന മേധാവികൾ നൽകുന്ന പ്രൊപ്പോസൽ പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ നൽകിയ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ

105 (3550) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ, കാസർഗോഡുള്ള കേരള കേന്ദ്ര സർവകലാശാലയിലും കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)-യിലും നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കാൻ NCTE അനുമതി നൽകിയിട്ടുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ഇതിലേക്ക് NCTE മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ ആരംഭിച്ചിട്ടില്ലെങ്കിൽ അത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

(ബി&സി) ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം ആരംഭിക്കുന്നതിന് NCTE പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് അവലംബമാക്കുന്നത്. നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് മൾട്ടി ഡിസിപ്ലിനറി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമേ നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കരിക്കുലവും മറ്റ് നിർദേശങ്ങളും സമർപ്പിക്കുന്നതിന് ശ്രീ. മോഹൻ ബി. മേനോൻ അധ്യക്ഷനായ ഒരു സമിതിയെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. സമിതിയുടെ ശിപാർശ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷൻ

106 (3551) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഫെബ്രുവരി 20-ന് യു.ജി.സി.-യുടെ കരട് റെഗുലേഷൻ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ

വിവിധ സർവകലാശാലകളിൽനിന്ന് പങ്കെടുക്കേണ്ട ഡെലിഗേറ്റുകളുടെ ചെലവുകൾ, ഡ്യൂട്ടി ലീവ് എന്നിവ അനുവദിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി രജിസ്ട്രാർമാർക്ക് നിർദേശം നൽകിയിരുന്നോ; പ്രസ്തുത പരിപാടിയിൽ എത്ര പേരെ പങ്കെടുപ്പിക്കാനാണ് നിർദേശിച്ചിരുന്നത്; സെമിനാറിന്റെ ചെലവുകൾ വഹിച്ചത് സർക്കാർ ഫണ്ടിൽനിന്നായിരുന്നോ; ആകെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ?

2025 ഫെബ്രുവരി 20-ന് യു.ജി.സി.-യുടെ കരട് റെഗുലേഷൻ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ വിവിധ സർവകലാശാലകളിൽനിന്ന് പങ്കെടുക്കുന്ന ഡെലിഗേറ്റുകൾക്ക് ഡ്യൂട്ടി ലീവ് അനുവദിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി രജിസ്ട്രാർമാർക്ക് നിർദേശം നൽകിയിരുന്നു. സെമിനാറിനുള്ള ചെലവ് അതത് സ്ഥാപനങ്ങൾ വഹിക്കേണ്ടതാണെന്നും നിർദേശിച്ചിരുന്നു. കൺവെൻഷനുമായി ബന്ധപ്പെട്ട ഹാൾ, സ്റ്റേജ്, ഭക്ഷണക്രമീകരണം എന്നിവയ്ക്കായി സർക്കാർ ഫണ്ടിൽനിന്നും ആകെ 3,82,041/- രൂപ ചെലവായിട്ടുണ്ട്.

(ബി) സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിനെതിരെ ഗവർണർ അസംതൃപ്തി പ്രകടിപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) യു.ജി.സി. കരട് റഗുലേഷനെതിരെ സംസ്ഥാനം സംഘടിപ്പിച്ച ദേശീയ ഉന്നതവിദ്യാഭ്യാസ കൺവെൻഷൻ സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിഷയത്തിൽ ആദ്യം പുറപ്പെടുവിച്ച സർക്കുലർ തിരുത്തി പുതിയത് പുറത്തിറക്കേണ്ടിവന്ന സാഹചര്യം വ്യക്തമാക്കാമോ?

സെമിനാർ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും നൽകിയ കത്തിൽ ചില ഭേദഗതികൾ വരുത്താൻ ഗവർണ്ണറുടെ ഓഫീസിൽനിന്നും അറിയിച്ചതിനെത്തുടർന്ന് ഭേദഗതി വരുത്തിയ കത്ത് നൽകിയിരുന്നു. പ്രസ്തുത കൺവെൻഷൻ സംബന്ധിച്ച് സർക്കാർ സർക്കുലറുകളൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

ഫ്ലോട്ടിങ് സംവരണം

107 (3552) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ, എഞ്ചിനീയറിങ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിൽ സംവരണ വിഭാഗങ്ങളുടെ സീറ്റ് നഷ്ടം ഒഴിവാക്കാൻ ഏർപ്പെടുത്തിയ ഫ്ലോട്ടിങ് സംവരണം ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി പ്രവേശന പരീക്ഷ കമ്മീഷണർക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മെഡിക്കൽ, എഞ്ചിനീയറിങ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിൽ സംവരണ വിഭാഗങ്ങളുടെ സീറ്റ് നഷ്ടം ഒഴിവാക്കാൻ ഏർപ്പെടുത്തിയ ഫ്ലോട്ടിങ് സംവരണം ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല. ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി പ്രവേശന പരീക്ഷ കമ്മീഷണർക്ക് കത്ത് നൽകിയെങ്കിലും പ്രസ്തുത കത്തിന്മേലുള്ള നടപടിയൊന്നും എടുത്തിരുന്നില്ല. കത്തിന്റെ പകർപ്പ് അനുബന്ധമായി

ചേർക്കുന്നു+. പ്രവേശന പരീക്ഷയും അനുബന്ധ അഡ്മിഷനുകളുമായി ബന്ധപ്പെട്ടുള്ള ഫ്ലോട്ടിങ് റിസർവേഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ റിസർവേഷൻ സീറ്റുകളുടെ എണ്ണത്തിൽ ഗൗരവകരമായ വ്യത്യാസം കാണുന്നുവെന്നും നിലവിലെ ഫ്ലോട്ടിങ് സംവിധാനത്തിലൂടെ കൂടുതൽ സംവരണ യോഗ്യരായ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നുണ്ടെന്നും ആയതിനാൽ നിലവിലെ സംവിധാനമാണോ അതോ പകരമുള്ള മറ്റേതെങ്കിലും സംവിധാനമാണോ കൂടുതൽ മെച്ചമെന്ന് വിദഗ്ധ സമിതി പരിശോധിക്കേണ്ടതാണെന്ന് 2025-26 വർഷത്തെ കീം എഞ്ചിനീയറിങ് പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 04-02-2025-ന് ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

നാലുവർഷ ബിരുദ കോഴ്സ്

108 (3553) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സുകളുടെ പോരായ്മകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നാലുവർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP) നടപ്പാക്കുന്ന സമയത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും FYUGP-യുടെ നടത്തിപ്പിന്റെ പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിരുത്തുന്നതിനും സംസ്ഥാനതലത്തിൽ FYUGP മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തി വരുന്നുണ്ട്.

(ബി) പുതിയ ബിരുദ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2024-25 അധ്യയന വർഷം 8 സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയിട്ട് ഒരു സെമസ്റ്റർ മാത്രമാണ് പിന്നിട്ടിട്ടുള്ളത്. കോഴ്സുകളുടെ അവലോകനത്തിനായി ഡോ. സുരേഷ് ദാസ് അധ്യക്ഷനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവകലാശാല തലത്തിൽ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ നേതൃത്വത്തിലും കോഴ്സുകളുടെ അവലോകനം നടത്താനുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. FYUGP പ്രകാരമുള്ള പുതിയ കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സർവകലാശാലകളും സിലബസ് പരിഷ്കരിക്കുന്നുണ്ട്.

(സി) അധ്യാപകർക്ക് സർവകലാശാലാതലത്തിൽ പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും വിദ്യാർഥി സേവനങ്ങൾ വേഗത്തിലാക്കുന്നതിനായി 'കെ-റീപ്' എന്ന പേരിൽ ഒരു ഇ.ആർ.പി. അതിസ്ഥിത സോഫ്റ്റ്വെയർ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 'കെ-റീപ്' സോഫ്റ്റ്വെയർ ഫ്രെയിംവർക്ക് എല്ലാ സർവകലാശാലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ

സർവകലാശാലകൾക്കും ഇതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ സർവകലാശാല നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യ സെമസ്റ്ററിൽത്തന്നെ കെ-റീപ് സോഫ്റ്റ്വെയർ ഉപയോഗിച്ച് പരീക്ഷ അടക്കം എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. നിലവിൽ രണ്ടാം സെമസ്റ്ററിലും ഈ സോഫ്റ്റ്വെയർ ഉപയോഗിച്ചുവരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത,

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലകളും രണ്ടാം സെമസ്റ്ററിൽ ഈ സോഫ്റ്റ്വെയർ ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, FYUGP സംബന്ധിച്ച് അധ്യാപക-അനധ്യാപക ജീവനക്കാർക്ക് തുടർ പരിശീലനം നൽകുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ആദ്യ പരിശീലന പരിപാടി 2025 മാർച്ചിൽ ആരംഭിക്കുന്നുണ്ട്.

നാലുവർഷ ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ

109 (3554) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച കരിക്കുലം കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ?

സംസ്ഥാനത്ത് നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കരിക്കുലവും മറ്റ് നിർദേശങ്ങളും സമർപ്പിക്കുന്നതിന് ശ്രീ. മോഹൻ ബി. മേനോൻ അധ്യക്ഷനായ ഒരു സമിതിയെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. സമിതിയുടെ ശിപാർശ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) പുതിയ കോഴ്സ് തുടങ്ങുന്നതോടൊപ്പം ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സുകൾ അവസാനിപ്പിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

ആലോചനയിലില്ല.

സംസ്ഥാനത്തെ കോളേജുകളിൽ എ.ഐ. സാങ്കേതികവിദ്യ ഉൾപ്പടെയുള്ള നൂതന കോഴ്സുകൾ

110 (3555) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോളേജുകളിൽ എ.ഐ. സാങ്കേതികവിദ്യ ഉൾപ്പടെയുള്ള നൂതന കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം നൂതന കോഴ്സുകളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വകാര്യ കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്പെഷലൈസേഷൻ ആയിട്ടുള്ള ബി.ടെക്, എം.ടെക് പ്രോഗ്രാമുകൾ നടത്തിവരുന്നു. കൂടാതെ, വിവിധ എം.ടെക്, ബി.ടെക് പ്രോഗ്രാമുകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ നിർദിഷ്ട പിണറായി സർക്കാർ പോളിടെക്നിക് കോളേജിൽ (i) Artificial Intelligence & Machine Learning, (ii) Embedded Systems, (iii) Automobile Engineering, (iv) Construction Technology തുടങ്ങിയ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2025-26 അധ്യയന വർഷത്തിൽ ഇടുക്കി ഗവ. എഞ്ചിനീയറിങ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പാലക്കാട് ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിങ്, കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇൻഡസ്ട്രിയൽ സിസ്റ്റംസ് എഞ്ചിനീയറിങ് തുടങ്ങിയ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ആയവ പരിശോധിക്കാവുന്നതാണ്.

സെക്രട്ടേറിയറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

111 (3556) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ നിലവിൽ ഒഴിവുണ്ടെന്നത് തസ്തികയും ഒഴിവുകളുടെ എണ്ണവും സെക്ഷനുകളും സഹിതം പട്ടിക തിരിച്ച് അറിയിക്കാമോ?

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സെക്ഷൻ	**ഒഴിവുള്ള തസ്തിക**	**ഒഴിവുകളുടെ എണ്ണം**
ബി	അസിസ്റ്റന്റ് (B2)	1
സി	അസിസ്റ്റന്റ് (C3)	1
ഇ	അസിസ്റ്റന്റ് (E1, E3)	2
ജെ	സെക്ഷൻ ഓഫീസർ	1
എൽ	അസിസ്റ്റന്റ് (L3)	1
ഓഫീസ് സെക്ഷൻ	ഓഫീസ് അറ്റൻഡന്റ്	2

(ബി) ഇതിൽ കഴിഞ്ഞ മൂന്ന് മാസത്തിൽ കൂടുതലായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസ (ഇ) വകുപ്പിലെ E1, E3 അസിസ്റ്റന്റ് തസ്തികകളും ഓഫീസ് സെക്ഷനിലെ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയും മൂന്ന് മാസത്തിൽ കൂടുതലായി ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) ഇപ്രകാരം മൂന്നുമാസത്തിൽ കൂടുതലായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ കൈകാര്യം ചെയ്തിരുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ടി തസ്തികകളുടെ നിർവഹണ ചുമതല നൽകിയിട്ടുള്ളത് ആർക്കെല്ലാമാണെന്നും വിശദമാക്കുമോ?

മൂന്നുമാസത്തിൽ കൂടുതലായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ കൈകാര്യം ചെയ്തിരുന്ന പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

E1 സീറ്റ്:

റൂസ സംബന്ധിച്ച പേപ്പറുകൾ (ഫണ്ട് ഒഴികെ).

എല്ലാ സർവകലാശാലകളുടേയും പുതിയ സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ്, ബി.എഡ് കോളേജുകൾക്കും കോഴ്സുകൾക്കുമുള്ള അനുമതി.

കേരള സർവകലാശാലയ്ക്ക് കീഴിലെ സ്വാശ്രയ കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകൾക്കുള്ള അനുമതി (NOC Renewal ഉൾപ്പെടെ)

സർവകലാശാലയുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങൾ.

E3 സീറ്റ്:

കണ്ണൂർ സർവകലാശാലയുമായി ബന്ധപ്പെട്ട എല്ലാ പേപ്പറുകളും.

മലയാള സർവകലാശാലയുമായി ബന്ധപ്പെട്ട എല്ലാ പേപ്പറുകളും.

എം.ജി. സർവകലാശാലയ്ക്ക് കീഴിലെ സ്വാശ്രയ കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകൾക്കുള്ള അനുമതി. (NOC Renewal ഉൾപ്പെടെ).

സെക്ഷൻ മിസലേനിയസ്.

ഈ വിഷയങ്ങൾ വകുപ്പിനുള്ളിലെ മറ്റ് സെക്ഷനുകളിലേക്ക് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഓഫീസ് അറ്റൻഡന്റ്: ജി.എ.ഡി.-യിലേക്കും അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്കും ഡെസ്പാച്ചുകൾ ദിവസവും എത്തിക്കുക, സ്റ്റേഷനറി എടുക്കുക, തപാലുകൾ സെക്ഷനുകളിലേക്ക് എത്തിക്കുക, സ്പീഡ് പോസ്റ്റ്/രജിസ്റ്റേർഡ് എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൈകാര്യം ചെയ്യുക എന്നതാണ് ഓഫീസ് അറ്റൻഡന്റിന്റെ പ്രധാന ചുമതല.

നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് ഇപ്പോൾ ടി ജോലികൾ നിർവഹിക്കുന്നുണ്ട്.

ചവറ ഗവ. കോളേജിൽ അസാപ് മുഖേനയുള്ള കോഴ്സുകൾ

112 (3557) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ ഗവ. കോളേജിൽ അസാപ് മുഖേന എത്ര കോഴ്സുകൾ നടത്തുന്നുണ്ടെന്നും ഓരോ കോഴ്സിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും അറിയിക്കുമോ?

ചവറ ഗവ. കോളേജിൽ അസാപ് മുഖേന നിലവിൽ കോഴ്സുകളൊന്നും നടത്തുന്നില്ല.

മൊകേരി ഗവൺമെന്റ് കോളേജ്

113 (3558) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 ജൂൺ മാസം മുതൽ നാളിതുവരെ മൊകേരി ഗവൺമെന്റ് കോളേജിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് അറിയിക്കുമോ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക സഹിതം വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

2021 ജൂൺ മാസം മുതൽ നാളിതുവരെ മൊകേരി സർക്കാർ കോളേജിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കാളികാവിൽ സർക്കാർ കോളേജ്

114 (3559) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ കാളികാവിൽ സർക്കാർ കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത കോളേജ് എന്നേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുകയാണ്.

മൊകേരി കോളേജിൽ പുതിയ കോഴ്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

115 (3560) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ ഇതുവരെ മൊകേരി ഗവൺമെന്റ് കോളേജിൽ അനുവദിച്ച പുതിയ കോഴ്സുകൾ എതൊക്കെയാണെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

2021 ജൂൺ മുതൽ മൊകേരി ഗവൺമെന്റ് കോളേജിൽ B.A. Econometrics & Data Management (40 Seats) പ്രോഗ്രാം അനുവദിച്ചിട്ടുണ്ട്.

(ബി) കുറ്റ്യാടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ മൊകേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുമോ; വിശദമാക്കാമോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണ്.

മങ്കട ആർട്സ് & സയൻസ് കോളേജിലെ വികസന പ്രവർത്തനങ്ങൾ

116 (3561) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ആർട്സ് & സയൻസ് കോളേജിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും ഏതെല്ലാം ഫണ്ട് ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

2021-22 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സംരക്ഷണഭിത്തി നിർമ്മാണം നടത്തുന്നതിനായി 99,35,541/ രൂപ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഏത് ഏജൻസി വഴിയാണ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് 8,66,12,211/ - (എട്ടുകോടി അറുപത്തിയാറ് ലക്ഷത്തി പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവഹണ ഏജൻസിയായി KSITIL-നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോളേജിൽ പുതിയതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമെന്നും പുതിയതായി ആരംഭിക്കുന്നതിന് പരിഗണനയിലുള്ള കോഴ്സുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോളേജിൽ പുതിയതായി കോഴ്സുകൾ അനുവദിച്ചിട്ടില്ല. പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

അമ്പലപ്പുഴ ഗവ. കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കൽ

117 (3562) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ ഗവ. കോളേജിൽ കിഫ്ബി പദ്ധതി പ്രകാരം പുതിയ അക്കാദമിക് ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

അമ്പലപ്പുഴ സർക്കാർ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് KSITIL-നെയാണ് പദ്ധതി നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KSITIL കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതി രൂപരേഖ (ഡി.പി.ആർ.) സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമായശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

വൈപ്പിൻകരയിലെ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനം

118 (3563) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ വൈപ്പിൻകരയിലെ ഏക സർക്കാർ കോളേജായ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിനായി കഴിഞ്ഞ ബജറ്റിൽ 6 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിൽനിന്നും 10 കോടിയും സ്ഥലമെടുപ്പിനായി 9.31 കോടി രൂപയും വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) വൈപ്പിൻ സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് എളങ്കുന്നപ്പുഴ എൽ.പി. സ്കൂളിൽനിന്ന് കോളേജിന് ലഭിച്ച 52 സെന്റ് ഭൂമിയിലാണ്. യു.ജി.സി. നിബന്ധന പ്രകാരം ഒരു കോളേജ് പ്രവർത്തിക്കുന്നതിന് 5 ഏക്കർ ഭൂമി സ്വന്തമായി ആവശ്യമായതിനാലും വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാലും കെട്ടിട നിർമ്മാണത്തിന് പ്രായോഗികമായ ഭൂമി കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. നിലവിൽ വൈപ്പിൻ സർക്കാർ ആർട്സ് & സയൻസ് കോളേജ് സ്ഥിതി ചെയ്യുന്നതിന് സമീപമുള്ള 2.36 ഏക്കർ ഭൂമി വിട്ടുനൽകുന്നതിനായി ഭൂവുടമകൾ സമ്മതം നൽകിയത് പ്രകാരം ഭൂമിയേറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിനുള്ള തുടർനടപടിക്രമങ്ങൾ നടന്നുവരികയാണ്. ഭൂമിയേറ്റെടുത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

കുന്ദമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ

119 (3565) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

(ബി) കെട്ടിടം ഉൾപ്പെടെ ആവശ്യമായ സംവിധാനങ്ങൾ നിലവിലുള്ള കുന്ദമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് തീരുമാനം എടുക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

മലപ്പുറം സർക്കാർ വനിതാ കോളേജ് കെട്ടിട നിർമാണം

120 (3566) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് & സയൻസ് കോളേജിനായുള്ള കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 18.61 കോടി രൂപയുടെ പുതുക്കിയ ധനാനുമതി ലഭിച്ചെങ്കിലും നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മലപ്പുറം സർക്കാർ വനിതാ കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള പദ്ധതി നിർവഹണ ഏജൻസി KITCO ആണ്. കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയ പദ്ധതി രൂപരേഖ 'ഗൃഹ' (GRIHA) മാനദണ്ഡപ്രകാരം

പുതുക്കേണ്ടി വന്നതും പുതുക്കിയ പ്ലാനിനും മറ്റ് അനുബന്ധ രേഖകൾക്കും (PED രേഖകൾ) കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിന് കൂടുതൽ സമയം വേണ്ടിവന്നതും ടെൻഡർ നടപടികൾ വൈകാനിടയാക്കി. ആയതിനാലാണ് നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത്.

(ബി) പദ്ധതിയുടെ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ ആയത് എത്രയുംവേഗം പരിഹരിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(ബി&സി) പദ്ധതിയുടെ സാങ്കേതിക നടപടിക്രമങ്ങളും ടെൻഡർ നടപടികളും പൂർത്തീകരിക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസമുണ്ടായതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നിർമ്മാണം നടത്തുന്നതിന് അസൗകര്യമുണ്ടെന്നും ആയതിനാൽ പദ്ധതിയിൽനിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് പദ്ധതി നിർവഹണ ഏജൻസിയായ KITCO-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറാകാത്ത സാഹചര്യത്തിൽ റീ-ടെൻഡർ നടപടികൾ നടത്തുന്നതിനാണ് KITCO തീരുമാനിച്ചിട്ടുള്ളത്. റീ-ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എത്രയുംവേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പത്തിരപ്പാല സർക്കാർ കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

121 (3567) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലെ പത്തിരപ്പാല ഗവ. ആർട്സ് & സയൻസ് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് 04-08-2023-ൽ ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കുള്ള തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

2025-26 സാമ്പത്തിക വർഷം തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജ് കെട്ടിടനിർമ്മാണം

122 (3568) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ രണ്ടാംഘട്ടത്തിന് ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

മാവേലിക്കര നിയോജക മണ്ഡലത്തിലെ രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ രണ്ടാംഘട്ടത്തിന് വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് അത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

കരുനാഗപ്പള്ളി ഗവൺമെന്റ് കോളേജ് കെട്ടിടം

123 (3569) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗവൺമെന്റ് കോളേജ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടം തകർന്നതിനാൽ അവിടെ നിന്നും കോളേജിന്റെ പ്രവർത്തനം മാറ്റണമെന്നാവശ്യപെട്ട് വിദ്യാർഥികളും രക്ഷകർത്താക്കളും പ്രതിഷേധിച്ചിരുന്നോ; ഇതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാ കളക്ടർ തലത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കരുനാഗപ്പള്ളി ഗവൺമെന്റ് കോളേജ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടം പ്രവർത്തനയോഗ്യമല്ലെന്ന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരുന്നോ; വിശദമാക്കാമോ?

(എ-സി) കരുനാഗപ്പള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിച്ചുവരുന്ന വാടക കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും അസൗകര്യങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ട് വിദ്യാർഥികൾ അനിശ്ചിതകാല സമരം നടത്തുകയും അതേത്തുടർന്ന് വാടക കെട്ടിടം മാറുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ബഹു. കരുനാഗപ്പള്ളി നിയോജകമണ്ഡലം എം.എൽ.എ-യുടെ നിർദേശാനുസരണം 12-11-2024-ൽ ബഹു. കൊല്ലം ജില്ലാ കളക്ടറുടെ ചേമ്പറിൽ യോഗം ചേരുകയും ടി യോഗത്തിൽ അടിസ്ഥാന സൗകര്യങ്ങളുള്ള മറ്റൊരു വാടക കെട്ടിടം കണ്ടെത്തി കോളേജിന്റെ പ്രവർത്തനം അവിടേക്ക് മാറ്റുന്നതിന് തീരുമാനമെടുക്കുകയുമുണ്ടായി. നിലവിൽ കോളേജ് പ്രവർത്തിച്ചുവരുന്ന വാടക കെട്ടിടം കോളേജ് പ്രവർത്തനത്തിന് ക്ഷമതയില്ലാത്തതാണെന്ന് കാണിച്ചുകൊണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അപകടാവസ്ഥയിലുള്ള കെട്ടിടം മാറുന്നതിനു കോളേജ് പ്രിൻസിപ്പൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എഞ്ചിനീയറുടെ റിപ്പോർട്ട് ഉന്നത ഉദ്യോഗസ്ഥർക്ക് സമർപ്പിച്ചിരുന്നോ?

പ്രസ്തുത കെട്ടിടത്തിന്റെ ശോചനീയാവസ്ഥ വിദ്യാർഥികളുടെ അടിസ്ഥാനതല ദൈനംദിന പഠനാന്തരീക്ഷത്തെ സാരമായി ബാധിക്കുന്ന സാഹചര്യത്തിന്റെ കാര്യഗൗരവം

പ്രിൻസിപ്പൽ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പ്രിൻസിപ്പൽ ലഭ്യമാക്കിയ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട്, വിദ്യാർഥികളിൽനിന്നും ലഭിച്ച പരാതികൾ എന്നിവ പരിഗണിച്ച് കെട്ടിടം മാറുന്നതിന് സർക്കാർ അനുമതിക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചുവരുന്ന അവസരത്തിലാണ് പ്രസ്തുത കോളേജ് നിലവിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ഉടമ ബഹു. ഹൈക്കോടതിയിൽ കോളേജ് മാറ്റി സ്ഥാപിക്കുന്നത് തടയുന്നതിനായി കേസ് നൽകിയിട്ടുള്ളത്. നിലവിൽ ടി വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഇ) കോളേജ് പ്രിൻസിപ്പലിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോ; അപകടകരമായ സ്ഥിതിയിലുള്ള വാടക കെട്ടിടത്തിന്റെ ഉടമ ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷനിന്മേൽ സർക്കാരും ജില്ലാ കളക്ടറും പ്രിൻസിപ്പലും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടോ; സത്യവാങ്മൂലങ്ങളുടെ പകർപ്പുകൾ നൽകുമോ?

കോളേജ് പ്രിൻസിപ്പലിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ കേസ് നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും statement of facts തയ്യാറാക്കിവരുന്നു.

(എഫ്) അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽനിന്നും കരുനാഗപ്പള്ളി ഗവൺമെന്റ് കോളേജ് മാറ്റുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ കോടതിയുടെ പരിഗണനയിൽ തുടരുന്ന കേസായതിനാൽ കോടതിയുടെ അന്തിമ തീരുമാനത്തിനനുസൃതമായി നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിന്റെ നവീകരണം

124 (3570) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ അക്കാദമിക ബ്ലോക്ക് പണിയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

അക്കാദമിക് ബ്ലോക്ക് പണിയുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഐ.എച്ച്.ആർ.ഡി.-യിൽനിന്ന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കോളേജിൽ പുതുതായി പണിത കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

കെട്ടിട നമ്പരിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽനിന്നും ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിച്ച് കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന കോഴ്സുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിൽ (കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് കൊടുങ്ങല്ലൂർ) നിലവിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എ. ഇംഗ്ലീഷ്, ബി.സി.എ കോഴ്സുകളുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന കോഴ്സുകൾ നടത്തുന്നതിനെപ്പറ്റി കൂടുതൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ആസാദ് സേനയുടെ പ്രവർത്തനം

125 (3571) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സർവീസ് സ്കീമിന്റെ ഭാഗമായി കോളേജ്, ടെക്നിക്കൽ സെൽ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, എൻ.എസ്.എസ്. യൂണിറ്റുകളെ സംയോജിപ്പിച്ച് നടത്തിയ പദ്ധതിയായ ആസാദ് സേനയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കലാലയങ്ങളിലും എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ കർമ്മസേനയായ ആസാദ് സേന രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനും എൻ.എസ്.എസ്., എൻ.സി.സി. അധ്യാപക പ്രതിനിധികൾ ജില്ലാതല പരിശീലന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സ്കൂൾ/കോളേജ് അധികാരികൾക്ക് സർക്കാർ നിർദേശം നല്കിയിരുന്നു. സംസ്ഥാനത്തെ

മൂവായിരത്തി അഞ്ഞൂറ് എൻ.എസ്.എസ്. യൂണിറ്റുകളിൽ ആസാദ് സേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എൻ.എസ്.എസ്. വോളന്റിയേഴ്സിനെ ആസാദ് സേനയുടെ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് ക്യാമ്പസുകളിലും ദത്തുഗ്രാമങ്ങളിലും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ലഹരി ഉപയോഗ സാധ്യത പൂർണ്ണമായി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ അസാദ് സേനാ അംഗങ്ങൾ ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തിവരുന്നു. കൂടാതെ ക്യാമ്പസ്-കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വാക്കത്തോണും റാലികളും സംഘടിപ്പിക്കുകയും സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ അധ്യാപകർക്കും വോളന്റിയേഴ്സിനും പരിശീലനം നല്കുകയും ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ്, എക്സൈസ്, പോലീസ്, നിയമവിദഗ്ധർ എന്നിവരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ആസാദ് സേനയുടെ ഭാഗമായി അടുത്ത അക്കാദമിക വർഷം എന്തെല്ലാം പ്രവർത്തന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അടുത്ത അക്കാദമിക് വർഷത്തിൽ കൂടുതൽ കാര്യക്ഷമമായി ആസാദ് സേനയുടെ പ്രവർത്തനങ്ങൾ നടത്താൻ എൻ.എസ്.എസ്. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ക്യാമ്പസുകളെ പൂർണ്ണമായും ലഹരിമുക്തമാക്കുക, എൻ.എസ്.എസ്.-ന്റെ പങ്കാളിത്ത ഗ്രാമങ്ങളെ 100 ശതമാനം ലഹരിമുക്ത ബോധവൽക്കരണ ഗ്രാമമായി പ്രഖ്യാപിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ എൻ.എസ്.എസ്. സംസ്ഥാനതലത്തിൽ വിദഗ്ധരെ

കണ്ടെത്തി പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ ജില്ലാ തലത്തിലും യൂണിറ്റ് തലത്തിലും പരിശീലനം നടത്തുന്നതുമാണ്. സ്കൂളുകളിലും കോളേജുകളിലും ലഹരിമുക്ത പ്രവർത്തനങ്ങൾക്ക് എൻ.എസ്.എസ്. പ്രത്യേക കൈപ്പുസ്തകം തയ്യാറാക്കി നൽകും. കൂടാതെ പോലീസ്, എക്സൈസ്, സാമൂഹ്യനീതി വകുപ്പുകളുടെ സഹായത്തോടെ സംസ്ഥാന/ജില്ലാ തലങ്ങളിൽ ആസാദ് സേന പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും സഹായിക്കാനും പ്രത്യേക സമിതികൾ രൂപീകരിക്കുന്നതുമാണ്.

(സി) ലഹരി നിർമ്മാർജ്ജനം അത്യന്താപേക്ഷിതമായി കണ്ടുകൊണ്ട് നാഷണൽ സർവീസ് സ്കീമിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

എൻ.എസ്.എസ്.-ന്റെ 120 മണിക്കൂർ റെഗുലർ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടും എൻ.എസ്.എസ്.-ന്റെ സ്പെഷ്യൽ ക്യാമ്പുകൾ നടത്തുന്നിടത്ത് ക്യാമ്പിന്റെ പ്രത്യേക തീം ആയും പ്രധാനപ്പെട്ട പ്രോജക്ടായും ഈ വിഷയത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ക്യാമ്പസുകളെ ലഹരിമുക്ത ക്യാമ്പസുകളായും ഗ്രാമങ്ങളെ ലഹരിമുക്ത ഗ്രാമങ്ങളായും മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. ലഹരി ഉപയോഗ പ്രദേശങ്ങളിലോ അല്ലെങ്കിൽ അതിന് സാധ്യതയുള്ള പ്രദേശങ്ങളിലോ 7 ദിവസത്തെ എൻ.എസ്.എസ്. ക്യാമ്പുകൾ നടത്തും. അതോടൊപ്പം തീരദേശ മേഖലകളിലും ട്രൈബൽ പ്രദേശങ്ങളിലും എൻ.എസ്.എസ്.-ന്റെ പ്രത്യേക കമ്മ്യൂണിറ്റി ഇന്റർവെൻഷനുകളും അവിടെ തുടങ്ങിവച്ച പ്രവർത്തനങ്ങളായ ക്യാമ്പസ് കമ്മ്യൂണിറ്റി സൗഹൃദ കൂട്ടായ്മകൾ വഴിയും കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ എൻ.എസ്.എസ്. തീരുമാനിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അധ്യാപന പരിചയം

126 (3572) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ബാച്ചിലർ ഓഫ് എഡ്യുക്കേഷൻ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിന് അധ്യാപന പരിചയം നിഷ്കർഷിച്ചിരിക്കുന്നത് യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നത് പരിശോധിച്ചിട്ടുണ്ടോ?

21-03-1994-ലെ ജി.ഒ.(പി)നം. 41/94/HEDN വിശേഷാൽ ചട്ടം പ്രകാരം കേരളത്തിലെ സർക്കാർ ബാച്ചിലർ ഓഫ് എഡ്യുക്കേഷൻ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനമാണ് നടത്തുന്നത്. ബൈ ട്രാൻസ്ഫർ നിയമനത്തിന് അർഹരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമന രീതിയിലും നിയമനം നടത്തുന്നു. ടെയിനിങ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്കുള്ള നിയമന രീതിയും യോഗ്യതകളും യു.ജി.സി. റഗുലേഷൻസിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

(ബി) പ്രസ്തുത മാനദണ്ഡം ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പ്രസ്തുത മാനദണ്ഡങ്ങൾ ഒഴിവാക്കാൻ ലഭിച്ച അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കോളേജുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിൽ ഏതൊക്കെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലാണ് ഒഴിവുള്ളതെന്നും പ്രസ്തുത തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

നാലുവർഷ ബിരുദ പാഠ്യപദ്ധതി നടപ്പിലാകുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. അതിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഓരോ വിഷയങ്ങളിലെയും ആവശ്യമായ തസ്തികകളുടെ എണ്ണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിലവിലുള്ള അടിസ്ഥാന യോഗ്യത, ബന്ധപ്പെട്ട വിഷയത്തിൽ പി.ജി. (55% മാർക്ക്) നെറ്റ്/പിഎച്ച്.ഡി. എന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകനിലവാരത്തിലേക്ക് ഉയർത്താൻ നടപടി

127 (3573) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേക്ക് ഉയർത്തി സംസ്ഥാനത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാശം ലഭ്യമാക്കുമോ;

(ബി) ജനപക്ഷ വൈജ്ഞാനിക സമൂഹമായി കേരളീയ സമൂഹത്തെ വാർത്തെടുക്കുകയെന്ന കാഴ്ചപ്പാടോടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന

പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ കലാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേക്കുയർത്തി സംസ്ഥാനത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കരിക്കുലം പരിഷ്കരണം:-

കരിക്കുലം പരിഷ്കരണത്തിലൂടെ 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. കോഴ്സ് ബാസ്കറ്റ് സമ്പ്രദായം ഉൾപ്പെടെ വളരെ നൂതനമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതാണ് നിലവിലെ കരിക്കുലം പരിഷ്കരണം.

കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം സർക്കാർ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായി 4 വർഷ ബിരുദ കോഴ്സുകൾ 2024-25 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

2. സെന്റർ ഓഫ് എക്സലൻസ്:

വിവിധ സർവകലാശാലകളുടെ ഭാഗമായി നിലവിൽ 11 സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

3. സ്റ്റഡി ഇൻ കേരള:

കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:

സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്വർക്ക് വികസിപ്പിക്കുന്നതിനുമായി എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയത് മുതൽ നാളിതുവരെ 15 നൊബേൽ ജേതാക്കൾ ഉൾപ്പെടെ 381 വിദഗ്ധരാണ് ഈ പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ സർവകലാശാലകളും കോളേജുകളും സന്ദർശിച്ചിട്ടുള്ളത്.

5. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF)

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വികസിപ്പിച്ചെടുത്തതാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (KIRF). സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ ദേശീയവും അന്തർദേശീയവുമായ റാങ്കിങ്ങിൽ പങ്കെടുക്കാൻ

സജ്ജമാക്കുന്നു.

6. ബ്രെയിൻ ഗെയിൻ :

ലോകമെമ്പാടുമുള്ള പ്രശസ്ത സർവകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാബേസ് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. വിദേശങ്ങളിലുള്ള മലയാളികളായ ശാസ്ത്രജ്ഞർ, സാമൂഹ്യ ശാസ്ത്രജ്ഞർ, മാനവിക വിദഗ്ധർ, മെഡിക്കൽ പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ധർ, മാനേജ്മെന്റ് സ്പെഷ്യലിസ്റ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക്, ഗവേഷണ വികസനത്തിനായി ഉൾക്കൊള്ളിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

7. ഇ-ജേണൽ കൺസോർഷ്യം:

സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) 2022-23-ൽ രൂപീകരിച്ചിരുന്നു. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നുകഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടും. ഇത് ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാനമാണ്.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ടെയിനിങ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും, കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ചുനൽകിയിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന 'ലീഡ് 'പോലുള്ള പദ്ധതികളും വകുപ്പിൽ നടപ്പിലാക്കിവരുന്നു.

സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ് റൂമാക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി, പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn), എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട് .

കഴിഞ്ഞ അക്കാദമിക വർഷം (2023-24) മുതൽ ജീവനി പദ്ധതി വകുപ്പിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിലേക്ക് കൂടി വ്യാപിപ്പിച്ചു. പഠനത്തോടൊപ്പം വിവിധ തൊഴിൽമേഖലകളെ പരിചയപ്പെടുത്തുന്നതിനും പുതിയ തൊഴിൽമേഖലകളെ കണ്ടെത്തുന്നതിനും 'പഠനത്തോടൊപ്പം തൊഴിൽ' പദ്ധതിയിലൂടെ കഴിയുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളും 20% സർക്കാർ/ എയ്ഡഡ് പോളിടെക്നിക് കോളേജുകളും NBA അംഗീകാരം നേടിയിട്ടുണ്ട്. എല്ലാ സർക്കാർ/എയ്ഡഡ് പോളിടെക്നിക് കോളേജുകളും NBA അംഗീകാരം നേടുന്നതിന് NIRF റാങ്കിങ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു. 6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതുതലമുറ കോഴ്സുകളടക്കം കൂടുതൽ കോഴ്സുകൾ/അധിക ബാച്ചുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 2022-23-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29-09-2022-ലെ സ.ഉ.(സാധാ) നം. 1437/2022/ഉവിവ. പ്രകാരം നൽകിയിരിക്കുന്നു.

വിവിധ എഞ്ചിനീയറിങ് കോളേജുകളിലായി Centre for Sustainable Development (CSD), Centre for Nano Electronics, Collaborative Research and Learning (CORaL) എന്നീ

ഗവേഷണ പദ്ധതികൾ നടപ്പിലാക്കി. Centre of excellence in e-mobility, CET-Centre for advanced research in engineering (CET-CARE) എന്നിവ നടപ്പിലാക്കുന്നതിനും തീരുമാനമായിട്ടുണ്ട്. പോളിടെക്നിക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ ഔട്ട്കം ബേസ്ഡ് ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി രണ്ടാം സെമസ്റ്ററിനുശേഷം 3 ആഴ്ച ഇന്റേൺഷിപ്പും നാലാം സെമസ്റ്ററിനുശേഷം 4 ആഴ്ച ഇന്റേൺഷിപ്പും നടപ്പിലാക്കി. കൂടാതെ Minor Project, Major Project, Activity points എന്നിവ അവതരിപ്പിച്ചതിലൂടെ വിദ്യാർഥികളുടെ വൈദഗ്ധ്യ വികസനത്തിന് പ്രാധാന്യം നല്കി. Inter disciplinary പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പൺ ഇലക്ടീവുകൾ അവതരിപ്പിച്ചു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായകരമാകുന്ന തരത്തിലുള്ള ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

എഞ്ചിനീയറിങ്, ഡിപ്ലോമ വിദ്യാർഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് Entrepreneurship & Start-ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയവ പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

വിവിധ കോളജുകളിൽ കേരള സ്റ്റാർട്ടപ് മിഷനുമായി ചേർന്ന് വിദ്യാർഥികൾ നയിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻകുബേഷൻ സെന്ററുകൾ, സംരംഭകത്വ വികസന സെല്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കലാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അസാപ് കേരളയുമായി സഹകരിച്ച് കേരളത്തിലെ യൂണിവേഴ്സിറ്റികളിലും യൂണിവേഴ്സിറ്റികൾക്ക് കീഴിലെ കോളേജുകളിലുമായി മുന്നൂറിലധികം സ്ഥാപനങ്ങളിൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിങ് എന്ന പേരിൽ സംസ്ഥാനത്തെ കലാലയങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയിൽ പുതുതലമുറ കോഴ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പഠനവകുപ്പുകൾ (School of Mathematics & Statistics, School of Artificial Intelligence & Robotics, School of Nano Science & Nano Technology, School of Energy Materials, School of Food Science & Technology, School of Data Analytics, School of Polymer Sciences, School of Gender Studies, Department of Geology) രൂപീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്. University Centre for International Co-operation-ന്റെ കീഴിൽ 171 വിദേശ വിദ്യാർഥികൾ മഹാത്മാഗാന്ധി സർവകലാശാലയിൽ പഠനം നടത്തിവരുന്നു. ഇത് സർവകലാശാലയുടെ അന്താരാഷ്ട്ര അംഗീകാരം വർധിപ്പിക്കുന്നതിന് കാരണമാകുന്നു.

യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU)-യുടെ പാർട്ട്നർ യൂണിവേഴ്സിറ്റിയായി സംസ്കൃത സർവകലാശാലയെ അംഗീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് Central European University-യുമായി Inter Institutional Agreement-സർവകലാശാല ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര അക്കാദമിക് സഹകരണത്തിലെ ഒരു സുപ്രധാന നാഴികക്കല്ലെന്ന നിലയിൽ, സംസ്കൃത സർവകലാശാല ഗ്രോണിൻഗെൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയല്ലോണിയൻ സർവകലാശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ (യു.എൻ.എ.എം.) എന്നിവ ഉൾപ്പെടുന്ന സംയുക്ത സംരംഭമായ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എം.എ. പ്രോഗ്രാം (EMJM) അംഗീകരിച്ചിട്ടുണ്ട്. കേരള സർവകലാശാലയുടെ സ്റ്റാർട്ടപ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കിയിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ദേശീയ/ അന്തർദേശീയ തലങ്ങളിലുള്ള പ്രമുഖ സ്ഥാപനങ്ങളുമായി ധാരണാപത്രങ്ങൾ ഒപ്പിടുകയും അതുവഴി ഫാക്കൽറ്റി/സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകളും ഗവേഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ Startup Cell & IPR Cell എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ വകുപ്പിന് പദ്ധതി ഇനത്തിൽ വകയിരുത്തിയ തുക

128 (3574) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നത വിദ്യാഭ്യാസ വകുപ്പിന് 2021-22 മുതൽ 2024-25 വരെ പദ്ധതി ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

ന്യൂനപക്ഷ കോച്ചിങ് സെന്ററുകളിലേക്കുള്ള അധ്യാപക പാനൽ

129 (3575) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ന്യൂനപക്ഷ കോച്ചിങ് സെന്ററുകളിലെ അധ്യാപക പാനലിൽ ഉൾപ്പെടുന്നതിന് എൽ.എൽ.ബി., ബി.ടെക്, എം.ബി.ബി.എസ്., ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾ പാസ്സായവർക്കും നെറ്റ് പരീക്ഷ പാസ്സാകണമെന്നത് നിർബന്ധമാണോയെന്ന് അറിയിക്കാമോ?

ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിൽ അധ്യാപക പാനലിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദമാണ് കുറഞ്ഞ യോഗ്യത. എന്നാൽ പരിശീലന കേന്ദ്രം പ്രിൻസിപ്പൽ തസ്തികയിലേക്ക് വിരമിച്ച പ്രിൻസിപ്പൽ/സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ് ലക്ചറർമാർ/ബിരുദാനന്തര ബിരുദത്തോടൊപ്പം യു.ജി.സി. (നെറ്റ്/സി.എസ്.ഐ.ആർ.) യോഗ്യതയുള്ള ഉദ്യോഗാർഥികളെയാണ് പരിഗണിക്കുന്നത്.

കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

130 (3576) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിങ് പ്രവേശന പരീക്ഷയിലെ സ്കോറും പ്ലസ് ടു പരീക്ഷയിലെ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയുടെ മാർക്കും സ്റ്റാൻഡേഡൈസേഷൻ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം സംഭവിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

എഞ്ചിനീയറിങ് പ്രവേശന പരീക്ഷയിലെ സ്കോറും പ്ലസ് ടു പരീക്ഷയിലെ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയുടെ മാർക്കും സ്റ്റാൻഡേഡൈസേഷൻ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുന്നത് സർക്കാർ അംഗീകൃത prospectus clause 9.7.4 പ്രകാരമാണ്. സ്റ്റാൻഡേഡൈസേഷൻ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം സംഭവിക്കുന്ന കാര്യം ഗൗരവത്തോടെയാണ് കാണുന്നത്. സ്റ്റാൻഡേഡൈസേഷൻ പ്രക്രിയ സംബന്ധിച്ച പരാതികളിൽ തീരുമാനം കൈക്കൊള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കേരള സിലബസിൽ പഠിക്കുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സിലബസിൽ പഠിക്കുന്ന വിദ്യാർഥികളെ സ്റ്റാൻഡേഡൈസേഷൻ പ്രക്രിയ ദോഷകരമായി ബാധിക്കുന്നുവെന്ന് പരാതി ഉയർന്നതിനാൽ പ്രസ്തുത വിഷയം ചർച്ച

ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം കൂടുകയും ആയത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ പാഠ്യവേ കോഴ്സുകൾ

131 (3578) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ കരിക്കുലം പ്രകാരമുള്ള ബിരുദ പ്രോഗ്രാമുകളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കോഴ്സുകളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രോജക്ടുള്ള ഓണേഴ്സ് ബിരുദം/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. വിദേശ സർവകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

ഫൗണ്ടേഷൻ (foundation courses), മേജർ (major)/മൈനർ (minor), ക്യാപ്സ്റ്റോൺ കോഴ്സുകൾ (capstone course) എന്നിങ്ങനെ മൂന്ന് വിഭാഗത്തിലുള്ള കോഴ്സുകൾ അടങ്ങിയതാണ് നാലുവർഷ ബിരുദ പ്രോഗ്രാം.

(ബി) വിവിധ വിഷയ മേഖലകളിൽ അടിസ്ഥാനപരമായ അറിവ് നേടാനുതകുന്ന കോഴ്സുകൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിലാണ് അവ ലഭ്യമാകുന്നതെന്ന് അറിയിക്കുമോ?

വിവിധ വിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് നേടാനുള്ളവയാണ് ഫൗണ്ടേഷൻ കോഴ്സുകൾ. ഇവ ആദ്യത്തെ രണ്ട് വർഷങ്ങളിലായി പഠിച്ചിരിക്കണം.

ഫൗണ്ടേഷൻ കോഴ്സുകൾ (foundation courses):

1. എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC)

2. സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ (SEC)

3. വാല്യു അഡ്മിഷൻ കോഴ്സുകൾ (VAC)

4. മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC)

സിഗ്നേച്ചർ കോഴ്സുകൾ

ഇത് ബോർഡ് ഓഫ് സ്റ്റഡീസിന്റെയും അക്കാദമിക് കൗൺസിലിന്റെയും മുൻകൂർ അനുമതിയോടുകൂടി അതത് കോളേജുകളിലെ ഫാക്കൽറ്റികൾ രൂപകൽപ്പന ചെയ്ത് ഓഫർ ചെയ്യുന്ന കോഴ്സുകളാണ്.

ഇന്റേൺഷിപ്പ്

നാലുവർഷ ബിരുദ പ്രോഗ്രാം തിരഞ്ഞെടുക്കുന്ന എല്ലാ വിദ്യാർഥികളും സ്ഥാപനങ്ങളിലോ വ്യവസായശാലകളിലോ ഫാക്കൽറ്റികളോടൊപ്പമോ ഗവേഷകരോടൊപ്പമോ 120 മണിക്കൂർ ഇന്റേൺഷിപ്പ് പൂർത്തിയാക്കണം.

(സി) തിരഞ്ഞെടുത്ത വിഷയ മേഖലകളിൽ ആഴത്തിലുള്ള അറിവ് നേടുന്നതിനായി പാഠ്യേ കോഴ്സുകൾ വിഭാവന ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സുകൾ എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഡിഗ്രി പഠനത്തിനായി വിവിധ പാഠ്യേവകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാഠ്യേവകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽത്തന്നെ സർവകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാഠ്യേവകൾ വിദ്യാർഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാഠ്യേവകളിൽക്കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് അവരുടെ താല്പര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാഠ്യേയുടെ ഭാഗമാക്കാൻ കഴിയും. ഓരോ പാഠ്യേവകൾക്കകത്തും തനിക്കുവേണ്ട ബിരുദഘടന രൂപകല്പന ചെയ്യാവുന്ന സ്വാതന്ത്ര്യം വിദ്യാർഥികൾക്ക് ലഭിക്കുന്നു.

നിലവിലെ യു.ജി.സി. റെഗുലേഷൻ പ്രകാരം വിദ്യാർഥികൾക്ക് രണ്ട് ബിരുദങ്ങൾ ഒരേ സമയം പൂർത്തീകരിക്കാൻ അവസരമുണ്ട്. ഇതുപ്രകാരം രണ്ട് ബിരുദങ്ങൾ ഒരേസമയം

റെഗുലർ ആയോ ഒരു ബിരുദം റെഗുലർ ആയും ഒരു ബിരുദം ഓൺലൈൻ/ഡിസ്റ്റൻസ് രീതിയിലോ പഠിക്കാൻ സാധിക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾ

132 (3579) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ ഏതൊക്കെ സ്കോളർഷിപ്പുകളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ബി) ഓരോ സ്കോളർഷിപ്പിലും എത്ര കുട്ടികൾക്ക് വീതം സ്കോളർഷിപ്പ് ലഭ്യമാകുന്നുണ്ടെന്ന് അറിയിക്കുമോ; സ്കോളർഷിപ്പുകൾ ഓരോന്നിനും എത്ര രൂപ വീതമാണ് നൽകുന്നത്; ഇതിൽ മുൻകാലങ്ങളിൽനിന്ന് എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ; ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവ മുഖേന നൽകുന്ന സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ബി.എഡ്. പാഠ്യപദ്ധതിയിൽ കാലോചിതമാറ്റം

133 (3580) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ബി.എഡ്. പാഠ്യപദ്ധതിയിൽ കാലോചിത മാറ്റങ്ങൾ വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ബി.എഡ്. പാഠ്യപദ്ധതി, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. NCTE മുന്നോട്ടു വയ്ക്കുന്ന നാലുവർഷ ബി.എഡ്. പ്രോഗ്രാം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

1. Nation wide Entrance Examination by NTA
2. A Dual Major focus on a subject area and Education
3. Emphasis on Pedagogical practices
4. Foundational literacy and numeracy
5. Inclusive education and alignment with Indian values and traditions

സംസ്ഥാനത്ത് നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കരിക്കുലവും മറ്റ് നിർദേശങ്ങളും സമർപ്പിക്കുന്നതിന് ശ്രീ. മോഹൻ ബി. മേനോൻ അധ്യക്ഷനായ ഒരു സമിതിയെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. സമിതിയുടെ ശിപാർശ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ബി.എഡ്. പാഠ്യപദ്ധതിയിൽ ഡിജിറ്റിൽ പഠനരീതിക്ക് പ്രാമുഖ്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

നിലവിലുള്ള പാഠ്യപദ്ധതിയിൽ ഡിജിറ്റൽ പഠനരീതിയിലുള്ള പ്രവർത്തനങ്ങളും ആശയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി.എഡ്, എം.എഡ്. കോഴ്സുകളിൽ പരിഷ്കാര നടപടികൾ

134 (3581) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.എഡ്, എം.എഡ്. കോഴ്സുകളിൽ എൻ.സി.ടി.ഇ. കരട് നയപ്രകാരം വരുത്തിയിട്ടുള്ള പരിഷ്കാര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോഴ്സുകളുടെ പ്രവേശന പരീക്ഷ, പ്രവേശന യോഗ്യത, ഫീസ് ഘടന, തൊഴിൽ സാധ്യതകൾ, ഉപരിപഠന സാധ്യതകൾ എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ബി.എഡ്. പാഠ്യപദ്ധതി, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. NCTE മുന്നോട്ടു വയ്ക്കുന്ന നാലുവർഷ ബി.എഡ്. പ്രോഗ്രാം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

1. Nation wide Entrance Examination by NTA

2. A Dual Major focus on a subject area and Education

3. Emphasis on Pedagogical practices

4. Foundational literacy and numeracy

5. Inclusive education and alignment with Indian values and traditions

ബി.എഡ്., എം.എഡ്. പ്രോഗ്രാമുകൾ അധ്യാപന മേഖലയിലെ തൊഴിലിനും ഉപരിപഠനത്തിനും യോഗ്യമാണ്. പ്രസ്തുത ITEP പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനമെടുക്കുന്ന മുറയ്ക്ക് പ്രവേശന പരീക്ഷ, പ്രവേശന യോഗ്യത, ഫീസ് ഘടന എന്നിവ സംബന്ധിച്ച് തീരുനാനമെടുക്കാവുന്നതാണ്.

ഇതുസംബന്ധിച്ച് പഠിക്കുന്നതിന് നിയമിച്ച കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

പെൺകുട്ടികളുടെ തൊഴിൽ പങ്കാളിത്തം വർധിഷിക്കാൻ പദ്ധതി

135 (3582) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് എണ്ണത്തിൽ അധികമെങ്കിലും തൊഴിൽ ലഭ്യതയിൽ പെൺകുട്ടികൾ പിറകിലായി പോകുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കി അവരുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കാൻ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനിതാ വിദ്യാർഥികളുടെ നൈപുണ്യശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(എ&ബി) പഠനത്തോടൊപ്പം തൊഴിൽ നൽകുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയായ "Earn While You Learn" വിദ്യാർഥിനികൾക്ക് തൊഴിൽ നൈപുണ്യ

വികസനത്തിനായി നൽകുന്ന ഹ്രസ്വകാല കോഴ്സ് എന്നിവയിൽ പെൺകുട്ടികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തി തൊഴിൽ ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

കൂടാതെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വനിതാ വിദ്യാർഥികളുടെ നൈപുണ്യശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കേരള (Additional Skill Acquisition Programme Kerala) നേരിട്ട് സംഘടിപ്പിക്കുന്ന നൈപുണ്യ പരിശീലന പരിപാടികളും അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പരിശീലന പങ്കാളികൾ മുഖേനയും വിവിധ കമ്പനികളുടെ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നൈപുണ്യ പരിശീലനവും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വനിതാ വിദ്യാർഥികളുടെ നൈപുണ്യശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിയുടെ കീഴിലും കെ-ഡിസ്ക്, വനിതാ-ശിശുക്ഷേമ വകുപ്പ്, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾക്കും പദ്ധതികൾക്കും കീഴിലും, PMKVY, ബേട്ടി ബചാവോ ബേട്ടി പഠാവോ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിലും അസാപ് കേരള മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

അസാപ് കേരളയുടെ നേതൃത്വത്തിൽ 300-ലധികം കോളേജുകളിൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആൻഡ് കരിയർ പ്ലാനിങ് (CSDCCP) പ്രവർത്തിച്ചുവരുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷിൻ ലേണിങ്, അക്കൗണ്ടിങ്, മോളികുലാർ വൈറോളജി, മെഡിക്കൽ കോഡിങ്, സൈബർ സെക്യൂരിറ്റി, ഡിജിറ്റൽ മാർക്കറ്റിങ്, ജർമൻ, ജാപ്പനീസ് മുതലായ വിദേശ ഭാഷകൾ തുടങ്ങി 100 ലധികം കോഴ്സുകളിൽ പരിശീലനം നേടാൻ അവസരമൊരുക്കുന്നു. ഇത്തരത്തിൽ നൈപുണ്യപരിശീലനം നേടുന്നതിൽ ഭൂരിഭാഗം വിദ്യാർഥികളും വനിതകളാണ്.

കേരള സർവകലാശാല വനിതാ വിദ്യാർഥികളുടെ നൈപുണ്യശേഷി വികാസം, തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കൽ എന്നി ലക്ഷ്യാർഥം Centre for Women's Studies-ന്റെ നേതൃത്വത്തിൽ വിവിധ നൈപുണ്യശേഷി വികസന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. സർവകലാശാല KUBIIC എന്ന ഇൻക്യുബേഷൻ സെന്റർ, പ്ലേസ്മെന്റ് സെൽ, ഫിനിഷിങ് സ്കൂൾ എന്നിവ മുഖേന വിദ്യാർഥികളുടെ സംരംഭകത്വ-നൈപുണ്യശേഷി വികസനത്തിൽ പരിശീലനം നടത്തിവരുന്നു. അസാപുമായി സഹകരിച്ചും C-APT കേന്ദ്രം മുഖേനയും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഈ ഉദ്ദേശ്യാർഥം നൂതന കോഴ്സുകൾ 4 വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഡസ്ട്രി വിസിറ്റ്, ഇന്റേൺഷിപ്പ് തുടങ്ങിയവ നിർബന്ധമാക്കിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല ബിരുദാനന്തര ബിരുദ കോഴ്സ് പഠിക്കുന്ന വനിതാ വിദ്യാർഥികൾക്കായി എംപ്ലോയബിലിറ്റി സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പദ്ധതിനിർദേശം പി.എം. ഉഷ പദ്ധതിയുടെ ഭാഗമായി അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊണ്ടുവരികയാണ്.

വിദ്യാർഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കണ്ണൂർ സർവകലാശാലയിൽ Technology Business Incubator (TBI -KU), Kannur University Innovation & Incubation Foundation (KUIIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്. വിദ്യാർഥികൾക്ക് തൊഴിലവസരങ്ങളെക്കുറിച്ച് അവബോധം നൽകാനും വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നേടിക്കൊടുക്കാനുമായി സർവകലാശാലയ്ക്ക് സുസജ്ജമായ കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെൽ ഉണ്ട്.

മഹാത്മാഗാന്ധി സർവകലാശാല Directorate for Applied Short Term Programmes (DASP)-ന്റെ കീഴിൽ ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്ന പ്ലേസ്മെന്റ് സെൽ, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, കരിയർ ഗൈഡൻസ് & കൗൺസിലിങ് സെൽ എന്നിവ തൊഴിൽ നേടുന്നതിന് വിദ്യാർഥികളെ പ്രാപ്തരാക്കുന്നു.

ശ്രീശങ്കരാചാര്യ സർവകലാശാലയിൽ നടത്തിവരുന്ന ഭരതനാട്യം, മോഹിനിയാട്ടം, മ്യൂസിക്, പെയിന്റിങ്, സോഷ്യൽ വർക്ക് വിഷയങ്ങളിൽ നടത്തിവരുന്ന യു.ജി., പി.ജി. പ്രോഗ്രാമുകളും Msc Psychology, Master of Physical Education & Sports എന്നീ പ്രോഗ്രാമുകളും വിദ്യാർഥിനികളുടെ നൈപുണ്യശേഷി വിർധിപ്പിക്കുന്നതിനും അവരെ ഇതുമായി ബന്ധപ്പെട്ട തൊഴിൽമേഖലയ്ക്ക് അനുയോജ്യരാക്കുകയും ചെയ്യുന്നവിധത്തിലാണ്

രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാങ്കേതിക സർവകലാശാല വിദ്യാർഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ട് വിവിധ ബിരുദ പ്രോഗ്രാമുകളുടെ പദ്ധതിയും സിലബസും പരിഷ്കരിച്ചിട്ടുണ്ട്. നൈപുണ്യ അധിഷ്ഠിത കോഴ്സുകൾ, ലബോറട്ടറി കോഴ്സുകൾ, പ്രോജക്ടുകൾ തുടങ്ങിയവ പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

യു.ജി.സി. ശമ്പള പരിഷ്കരണം

136 (3583) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോളേജ് അധ്യാപകർക്ക് യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്ന് എത്ര രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത കേന്ദ്രസഹായം എന്നാണ് ലഭിച്ചത്; വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോളേജ് അധ്യാപകർക്ക് യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.

(ബി) കേന്ദ്ര സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ സംസ്ഥാനം വീഴ്ച വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ 2022 വരെ ലഭ്യമായിരുന്ന കേന്ദ്രസഹായം

ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; എത്ര തുകയ്ക്കുള്ള കേന്ദ്ര സഹായമാണ് ലഭിക്കാതിരുന്നതെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) കോടിക്കണക്കിന് രൂപയുടെ കേന്ദ്രസഹായം നഷ്ടമാകാൻ കാരണമായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ നൽകാമോ; ഈ വിഷയത്തിലെ ഗുരുതര വീഴ്ച കണ്ടെത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്തം ചുമത്തിയിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) യു.ജി.സി.-യുടെ 7th ശമ്പള പരിഷ്കരണം പ്രകാരം കുടിശ്ശികയുടെ 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സർക്കാർ സമയപരിധിക്കുള്ളിൽ സമർപ്പിച്ചിരുന്നു. ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണം പ്രകാരം കോളേജ് അധ്യാപകർക്ക് നൽകേണ്ടതായ കുടിശ്ശിക ആകെ 15,01,86,61,176/- രൂപയാണ്. അതിനാൽ കേന്ദ്ര വിഹിതമായ 750,93,30,588/- രൂപ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സഹായം നഷ്ടമായതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല.

(ഡി) യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ജനുവരി 2016 മുതൽ മാർച്ച് 2019 വരെയുള്ള ശമ്പള കുടിശ്ശിക കോളേജ് അധ്യാപകരുടെ പി.എഫ്.-ൽ ലയിപ്പിക്കുമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനുശേഷവും പ്രസ്തുത കുടിശ്ശിക അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ഈ

കാലയളവിലെ കുടിശ്ശിക ജീവനക്കാരുടെ പി.എഫ്.-ലേക്ക് ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക തുക അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; കുടിശ്ശിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സർവീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ കുടിശ്ശിക അനുവദിക്കാൻ സാധിക്കുമോ; നഷ്ടപ്പെട്ട കേന്ദ്ര സഹായത്തിനുപകരം ഏത് ബദൽ സംവിധാനം ഉപയോഗിച്ചാണ് കുടിശ്ശിക തീർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി-എഫ്) യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭ്യമാകാത്തതിനാലാണ് കുടിശ്ശിക തുക അനുവദിക്കാൻ സാധിക്കാത്തത്. കുടിശ്ശിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകളും നിലവിലുണ്ട്.

യൂണിവേഴ്സിറ്റിയുടെ ഓൺഫണ്ട്/പ്ലാൻഫണ്ട് വിനിയോഗിക്കുന്നതിനുള്ള

മാർഗനിർദേശങ്ങൾ

137 (3584) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളുടെ ഓൺഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

അതാത് വർഷത്തെ സർവകലാശാലാ ബജറ്റിൽ വകയിരുത്തുന്ന പ്രകാരമുള്ള ചെലവുകൾക്കാണ് സർവകലാശാലകളുടെ ഓൺഫണ്ട് വിനിയോഗിക്കപ്പെടുന്നത്. സർക്കാർ അനുവദിക്കുന്ന പദ്ധതി, പദ്ധതിയേതര ഗ്രാന്റിന് അധികമായി വരുന്ന ശമ്പളം/പെൻഷൻ/വിദ്യാർഥികളുടെ ഫെലോഷിപ്പ്/കണ്ടിജന്റ് ഗ്രാന്റ്/മറ്റു ദൈനംദിന ചെലവുകൾ എന്നിവ സർവകലാശാലയുടെ തനതുവരുമാനം ഉപയോഗിച്ചാണ് നിറവേറ്റി പോരുന്നത്.

(ബി) യൂണിവേഴ്സിറ്റികൾക്ക് അനുവദിക്കുന്ന പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

എല്ലാ വർഷവും സർവകലാശാല സമർപ്പിക്കുന്ന പദ്ധതി നിർദേശങ്ങൾ പരിശോധിച്ച് സർക്കാർ അംഗീകാരം നൽകുന്നതുപ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭരണാനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന കമ്പോണന്റുകൾക്കുതന്നെ പദ്ധതി ഫണ്ടുകൾ ഉപയോഗിക്കുന്നതിന് നിഷ്കർഷിക്കാറുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾ

138 (3585) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ പുതുതായി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കാത്ത ഗവേഷക വിദ്യാർഥികൾക്ക് 10000/- രൂപ വീതം നൽകുന്ന സ്കോളർഷിപ്പ് 2025-26 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

യു.ജി.സി. കരട് നയത്തിനെതിരെ നിയമ പോരാട്ടം

139 (3586) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. കരട് നയത്തിനെതിരെ മറ്റ സംസ്ഥാനങ്ങളുമായി യോജിച്ച് സുപ്രീംകോടതിയിൽ നിയമ പോരാട്ടം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ സമാന അഭിപ്രായമുള്ള മറ്റ് സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നിയമപോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(ബി) യു.ജി.സി. കരട് നയത്തിൽ സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായ ഏതെല്ലാം വ്യവസ്ഥകളാണ് റദ്ദാക്കണമെന്ന് സർക്കാർ ആവശ്യപ്പെടുന്നത്; വിശദമാക്കാമോ?

2025-ലെ യു.ജി.സി. ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കരട് റഗുലേഷനിലെ മാർഗനിർദേശങ്ങളനുസരിച്ച് ചാൻസലറുടെ നോമിനി ചെയർപേഴ്സണും രണ്ട് അംഗങ്ങൾ പരോക്ഷമായി കേന്ദ്ര സർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസലർ കൂടിയായ ഗവർണർക്കാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി.-യുടെ പങ്ക് ഉന്നതവിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തേണ്ടതാണ്. അതും സർവകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവകലാശാലകൾക്കുള്ള ഫണ്ടിങ്ങിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റിനിർത്തുക മാത്രമല്ല, സർവകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽനിന്നുമുള്ള വൈസ്ചാൻസലർമാരെ നിയമിക്കാൻ നിർദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നതവിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവൽക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും

ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നതവിദ്യാഭ്യാസ രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗനിർദേശങ്ങൾ അവതരിപ്പിക്കേണ്ടതും അടിയന്തരമായി ആവശ്യമാണ്.

(സി) സംസ്ഥാന നിയമങ്ങളെ മറികടക്കാൻ യു.ജി.സി.-ക്ക് അധികാരമുണ്ടോ എന്ന വിഷയത്തിൽ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാന നിയമങ്ങളെ മറികടക്കാൻ യു.ജി.സി.-ക്ക് അധികാരമുണ്ടോ എന്ന വിഷയത്തിൽ നിയമോപദേശം തേടിയിട്ടില്ല.

കേരളം ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ്

140 (3587) ശ്രീ. തോമസ് കെ തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്വയംഭരണ കോളേജുകൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകുന്നതിന് നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പൂർത്തീകരിക്കുന്ന കോളേജുകൾക്ക് യു.ജി.സി.-യാണ് സ്വയംഭരണ പദവി നൽകുന്നത്.

(ബി) സംസ്ഥാനത്ത് വിദേശ സർവകലാശാലകളുടെ ക്യാമ്പസ് ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

വിദേശ സർവകലാശാലകളുടെ ക്യാമ്പസ് ആരംഭിക്കുന്നതിന് നടപടികൾ സംസ്ഥാനതലത്തിൽ സ്വീകരിച്ചിട്ടില്ല.

ചലഞ്ച് കോഴ്സുകളുടെ മൂല്യനിർണ്ണയം

141 (3588) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവകലാശാലയുടെ ബി.ടെക്-2024 റഗുലേഷൻ പ്രകാരം ചലഞ്ച് കോഴ്സ് നടത്തുന്നുണ്ടോയെന്നും പ്രസ്തുത കോഴ്സ് നടത്തുന്നതുവഴി വിദ്യാർഥികൾക്ക് എന്തെല്ലാം നേട്ടങ്ങൾ ലഭിക്കുമെന്നാണ് വിലയിരുത്തുന്നതെന്നും വിശദമാക്കുമോ?

ചലഞ്ച് പരീക്ഷകൾ (Challenge Exams) അല്ലെങ്കിൽ Credit by Examination Courses, B.Tech 2024 കോഴ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പരമ്പരാഗത തുടർച്ചയായ ആന്തരിക മൂല്യനിർണ്ണയ പ്രക്രിയ (Continuous Internal Evaluation-CIE) ഇല്ലാതെതന്നെ വിദ്യാർഥികൾക്ക് പ്രത്യേക വിഷയങ്ങളിൽ അവരുടെ അറിവും കഴിവും തെളിയിക്കാൻ അവസരം നൽകുന്നു. End Semester Exam (ESE) മാത്രമായിരിക്കും മൂല്യനിർണ്ണയത്തിന് അടിസ്ഥാനം. ഈ രീതിയിലൂടെ "മുൻകാല പഠന അംഗീകാരം" (Recognition of Prior Learning-RPL) അല്ലെങ്കിൽ "മുൻകാല പഠന മൂല്യനിർണ്ണയം &

അംഗീകാരം" (Prior Learning Assessment and Recognition-PLAR) എന്ന ആശയം പ്രാവർത്തികമാക്കുകയാണ്. ഇത് ഔപചാരിക വിദ്യാഭ്യാസ രംഗത്തിന് പുറമേ വിദ്യാർഥികൾ നേടിയെടുത്ത അറിവിനെയും കഴിവിനെയും അംഗീകരിക്കുന്നതാണ്. വിദ്യാർഥികൾക്ക് ഉയർന്ന സെമസ്റ്ററുകളിൽ ഉൾപ്പെടുത്തിയ ചലഞ്ച് കോഴ്സുകൾ താഴത്തെ സെമസ്റ്ററുകളിൽത്തന്നെ എഴുതാനുള്ള അവസരമുണ്ട്. ഇത് കോഴ്സിലെ നിശ്ചിത പട്ടികയനുസരിച്ചായിരിക്കും. മുഴുവൻ പ്രോഗ്രാമിനിടയിലും വിദ്യാർഥികൾക്ക് 20 ക്രെഡിറ്റുകൾവരെ ചലഞ്ച് പരീക്ഷയിലൂടെ നേടാൻ അനുവാദമുണ്ട്.

ചലഞ്ച് പരീക്ഷ വിജയിച്ചാൽ അത്തരം വിദ്യാർഥികൾക്ക് അവരുടെ സഹപാഠികളുമായി കോഴ്സ് തുടർന്നുപോകേണ്ടതില്ല. ഈ സംവിധാനം വേഗത്തിൽ കഴിവ് തെളിയിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് നല്ലൊരു അവസരമാണ്. വിദ്യാർഥികൾക്ക് ഒരു കോഴ്സ് പൂർത്തിയാക്കുകയും പിന്നീട് ശേഷിക്കുന്ന സെമസ്റ്ററുകളിൽ കുറച്ച് കോഴ്സുകൾ മാത്രം എടുക്കുകയും ചെയ്യുന്നതിന്റെ പ്രയോജനം ലഭിക്കും. ഇതിന്റെ ഫലമായി അവരെ പുതിയ പഠന മേഖലകളിലേക്ക്, ഗവേഷണ പ്രവർത്തനങ്ങളിലേക്ക്, skill സർട്ടിഫിക്കറ്റുകൾക്കും അല്ലെങ്കിൽ വ്യക്തിഗത വികസനത്തിലേക്കും ശ്രദ്ധ മാറ്റാം.

ചലഞ്ച് പരീക്ഷകൾ അല്ലെങ്കിൽ MOOCS വഴി 7, 8 സെമസ്റ്ററുകളിലുള്ള എല്ലാ തിയറി കോഴ്സുകളും വിജയകരമായി പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഒരു വർഷത്തെ ഇന്റേൺഷിപ്പിനായി അപേക്ഷിക്കാം. GATE, GRE, CAT തുടങ്ങിയ പ്രധാന മത്സര പരീക്ഷകളിൽ ഉയർന്ന റാങ്കുകൾ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക്, അവരുടെ

അവസാന വർഷം ഈ പരീക്ഷകളുടെ തയ്യാറെടുപ്പിൽ മുഴുവൻ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരം ലഭിക്കും. ഇത് പ്രമുഖ സ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള സാധ്യതകൾ ഉയർത്തുന്നു. അവസാന വർഷം അക്കാദമിക ഭാരം കുറച്ച് സംരംഭകത്വ മേഖലയിൽ അതിവേഗം ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിദ്യാർഥികൾക്ക് പുതിയ ബിസിനസ് ആശയങ്ങളും സംരംഭങ്ങളും വളർത്താനും പരീക്ഷിക്കാനും കഴിയും.

(ബി) 2024 ഡിസംബർ മാസം നടത്തിയ ചലഞ്ച് കോഴ്സുകളുടെ മൂല്യനിർണ്ണയ നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്നും; എത്ര തലത്തിലാണ് ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം നടക്കുന്നതെന്നും ഇതിൽ ഏതെല്ലാം തലങ്ങളിൽ മൂല്യനിർണ്ണയം പൂർത്തിയായിയെന്നും ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയത്തിനായി വിവിധ തലങ്ങളിൽ അയച്ചുകൊടുത്തത് ഏതെല്ലാം തീയതികളിലാണെന്നും ഉൾപ്പെടെയുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ?

ചലഞ്ച് കോഴ്സുകളുടെ മൂല്യനിർണ്ണയം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഉത്തരക്കടലാസുകൾ ഇരട്ട മൂല്യനിർണ്ണയമാണ് പിന്തുടരുന്നത്. രണ്ട് മൂല്യനിർണ്ണയങ്ങളിൽ ലഭിച്ച മാർക്കിലെ വ്യത്യാസം കോഴ്സിനുള്ള പരമാവധി മാർക്കിന്റെ 15% കവിയുന്നുവെങ്കിൽ, മൂന്നാമത്തെ മൂല്യ നിർണയം നടത്തി വിദ്യാർഥിയുടെ നേട്ടത്തിന് ഏറ്റവും അടുത്തുള്ള രണ്ട് മാർക്കിന്റെ ശരാശരി ഗ്രേഡിങ്ങിനായി പരിഗണിക്കുകയും ചെയ്യും. മൂന്നാമത്തെ മൂല്യനിർണ്ണയം ആവശ്യമായി വന്ന ഉത്തരക്കടലാസുകളുടെ പരിശോധന

അന്തിമഘട്ടത്തിലാണ്. ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി 06-02-2025-നാണ് അയച്ചുകൊടുത്തത്.

(സി) ചലഞ്ച് കോഴ്സുകളുടെ പരീക്ഷ നടന്നതുമുതൽ എത്ര ആഴ്ചകൾക്കകമാണ് റിസൾട്ട് പബ്ലിഷ് ചെയ്യേണ്ടതെന്നും; 2025-26 അക്കാദമിക് കലണ്ടർ പ്രകാരം രണ്ടാം സെമസ്റ്റർ കോഴ്സ് രജിസ്ട്രേഷനുള്ള അവസാന തീയതി കഴിഞ്ഞിട്ടുണ്ടോയെന്നും മൂല്യനിർണ്ണയം പൂർത്തീകരിച്ച് ചലഞ്ച് കോഴ്സുകളുടെ പരീക്ഷാ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിലുള്ള കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കാമോ?

അക്കാദമിക് കലണ്ടർ പ്രകാരം രണ്ടാം സെമസ്റ്റർ എക്സാം രജിസ്ട്രേഷൻ തുടങ്ങേണ്ടത് 2025 ഫെബ്രുവരി 8 ആയിരുന്നെങ്കിലും ചലഞ്ച് കോഴ്സുകളുടെ ഫലം വരാത്തതുകൊണ്ട് എക്സാം രജിസ്ട്രേഷൻ തുടങ്ങിയിട്ടില്ല. ചലഞ്ച് കോഴ്സുകളുടെ മൂന്നാമത്തെ മൂല്യനിർണ്ണയം ആവശ്യമായിവന്ന ഉത്തരക്കടലാസുകളുടെ പരിശോധന പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) രണ്ടാം സെമസ്റ്റർ തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ആരംഭിച്ച ടി പരീക്ഷയുടെ റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം കാരണം പരീക്ഷ എഴുതിയ പേപ്പറുകളിലുള്ള ഇന്റേണൽ-എക്സ്റ്റേണൽ- ലാബ് എന്നിവയ്ക്കായി വീണ്ടും തയ്യാറെടുക്കേണ്ടിവരികയും അധികസമയവും പ്രസ്തുത വിഷയങ്ങൾ മാത്രം പഠിക്കേണ്ടി വരുന്നതിനാൽ മറ്റ് പേപ്പറുകൾക്കായി തയ്യാറെടുക്കുന്നതിനെ ഇത് ബാധിക്കുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ബി.ടെക്-2024 റെഗുലേഷൻ പ്രകാരം 2024 ഡിസംബർ മാസം നടത്തിയ ചലഞ്ച് കോഴ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് റിസൾട്ട് അടിയന്തരമായി പബ്ലിഷ് ചെയ്യുന്നതിനും വിദ്യാർഥി തലത്തിൽ രണ്ടാം സെമസ്റ്റർ

കോഴ്സ് രജിസ്ട്രേഷനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ചലഞ്ച് കോഴ്സുകളുടെ ഫലം പബ്ലിഷ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്

142 (3589) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ 2015-2017 വർഷങ്ങളിൽ എം.ടെക് ട്രാൻസ്ലേഷണൽ എഞ്ചിനീയറിങ് പഠിച്ച വിദ്യാർഥികൾക്ക് ഇതുവരെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിദ്യാർഥികൾക്ക് ഡിജിറ്റൽ സംവിധാനം വഴിയോ തപാൽ വഴിയോ മാർക്ക് ലിസ്റ്റ് ലഭ്യമാക്കി ഉപരിപഠനം നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

2020 വരെ എം.ടെക് ട്രാൻസ്ലേഷണൽ എഞ്ചിനീയറിങ് പാസ്സായിട്ടുള്ള വിദ്യാർഥികളുടെ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് അതാത് പരീക്ഷാ കേന്ദ്രങ്ങളിലേക്ക് തപാൽ മുഖേന അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ലഭിക്കാൻ പ്രസ്തുത വിദ്യാർഥികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(സി) മേൽ പ്രസ്താവിച്ചിട്ടുള്ള വിദ്യാർഥികൾക്ക് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ലഭിക്കാൻ ഓൺലൈൻ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

(ബി&സി) 2021 ഓഗസ്റ്റ് മാസത്തിനുശേഷം പാസാകുന്ന വിദ്യാർഥികൾക്ക് അവരുടെ സ്റ്റുഡന്റ്സ് പോർട്ടലിൽ കയറി 210 രൂപ ഫീസ് ഒടുക്കി ഓൺലൈൻ മുഖേന കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് നഷ്ടപ്പെടുകയോ ലഭിക്കാതിരിക്കുകയോ ചെയ്യുന്ന വിദ്യാർഥികൾ പരീക്ഷ കൺട്രോളർക്ക് ഇതുസംബന്ധിച്ച് അപേക്ഷ സമർപ്പിച്ചതിനുശേഷം പോർട്ടലിൽ 210 രൂപ ഫീസ് ഒടുക്കിയാൽ ഗ്രേഡ് കാർഡ് ഓൺലൈനായി ലഭ്യമാകും.

കാസർഗോഡ് ജില്ലയിലെ എഞ്ചിനീയറിങ് കോളേജുകളുടെ പഠന നിലവാരം

143 (3590) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എഞ്ചിനീയറിങ് കോളേജുകളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എൽ.ബി.എസ്. സെന്ററിന് കീഴിൽ കാസർഗോഡ് മൂളിയാർ പഞ്ചായത്തിൽ എൽ.ബി.എസ്. എഞ്ചിനീയറിങ് കോളേജിലെ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ, സിവിൽ, മെക്കാനിക്കൽ, ഐ.ടി. എന്നീ കോഴ്സുകൾക്ക് എൻ.ബി.എ. അക്രെഡിറ്റേഷൻ ലഭിച്ചു.

കൂടാതെ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 1 കോടി രൂപ ചെലവിൽ ഐഡിയ ലാബ് സ്ഥാപിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.

കേപ്പിനുകീഴിലുള്ള കോളേജ് ഓഫ് എഞ്ചിനീയറിങ്, തൃക്കരിപ്പൂരിൽ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി Computer Science Engineering (Artificial Intelligence), CSE (Data

Science) എന്നീ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

വിദ്യാർഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ട് എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവകലാശാല 2024-25 അക്കാദമിക് വർഷം ബി.ടെക്, ബി.എച്ച്.എം.സി., ബി.ഡെസ് പ്രോഗ്രാമുകളുടെ സിലബസും പരിഷ്കരിച്ചിട്ടുണ്ട്. ആയത് സർവകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകൾക്കും ബാധകമായിട്ടുള്ളതാണ്.

(ബി) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിങ് കോളേജിൽ ബി.എസ്.സി. നഴ്സിങ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിങ് കോളേജിൽ ബി.എസ്.സി. നഴ്സിങ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.ബി.എസ്. ഡയറക്ടർ സമർപ്പിച്ചിരുന്നു. എൽ.ബി.എസ്.-നുകീഴിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നഴ്സിങ് കോളേജിന്റെ മാതൃ ആശുപത്രിയായി കാണിച്ചിരിക്കുന്ന കാസർഗോഡ് ജനറൽ ആശുപത്രി കാസർഗോഡ് സർക്കാർ നഴ്സിങ് കോളേജിന്റെ മാതൃ ആശുപത്രിയാണ്. Indian Nursing Council മാർഗനിർദേശങ്ങൾ പ്രകാരം രണ്ട് കോളേജുകൾക്കായി ഒരേ ആശുപത്രിയെ മാതൃ ആശുപത്രിയായി കണക്കാക്കാൻ സാധിക്കുകയില്ല.

Indian Nursing Council മാർഗനിർദേശങ്ങൾ പ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കാവുന്നതാണ്.

(സി) ജില്ലയിലെ എഞ്ചിനീയറിങ് കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിൽ കോഴ്സുകളിൽ കാലാനുസൃത മാറ്റം വരുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

2025-26 അധ്യയന വർഷം മുതൽ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിങ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ്), ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് ബിസിനസ് സിസ്റ്റം എന്നീ നൂജൻ കോഴ്സുകൾ ആരംഭിക്കുന്നതിന് എൽ.ബി.എസ്. ഡയറക്ടർ എ.ഐ.സി.ടി.ഇ.-ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ സർക്കാർ കോളേജുകളായ Govinda Pai Memorial Govt. College Manjeswaram, Govt. College Kasargod, E.K. Nayanar Memorial Govt. College Elerithattu, Govt. Arts & Science College Uduma, Govt. College Karinthalam, Kinanoor, എയ്ഡഡ് കോളേജുകളായ Nehru Arts & Science College Kanhangad, St. Pius X College, Rajapuram, Kanhangad, BEJA Model College of Arts & Science എന്നിവിടങ്ങളിൽ പുതുതലമുറ കോഴ്സുകൾ അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അത് സർക്കാർ പരിശോധിച്ചുവരുന്നു.

കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജ് മാറ്റി സ്ഥാപിക്കൽ

144 (3591) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജ് പുതിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഭൂമിയാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജിന് ഏഴേക്കറിലധികം ഭൂമിയുണ്ടെന്നും AICTE-യുടെ മാനദണ്ഡ പ്രകാരമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും ലഭ്യമാണെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോളേജിന്റെ വികസനത്തിനായി ഭൂമി വാങ്ങുന്നത് സംബന്ധിച്ച വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കോളേജിന്റെ വികസന പദ്ധതികളെപ്പറ്റി സർക്കാർ വിശദമായ ചർച്ച നടത്തുകയുണ്ടായി. കോഴിക്കോട് നഗരത്തിൽ സ്ഥിതി ചെയ്യുന്ന കോളേജ് നിലവിലുള്ള സ്ഥലത്തുനിന്നും മാറ്റുന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ലെന്നും ഇപ്പോഴത്തെ എഞ്ചിനീയറിങ് കോളേജ് നിൽക്കുന്ന സ്ഥലത്ത് പോളിടെക്നിക്, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള നടപടികൾ ആലോചിക്കാമെന്നും തുടർന്ന് തീരുമാനമെടുത്തിട്ടുണ്ട്.

പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച്

145 (3592) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നശേഷം സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ പോളിടെക്നിക് കോളേജ് അനുവദിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് 2016-നശേഷം 2023-24 അക്കാദമിക വർഷത്തിൽ നടുവിൽ സർക്കാർ പോളിടെക്നിക് കോളേജ് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് പിണറായി ഗ്രാമപഞ്ചായത്തിൽ സർക്കാർ പോളിടെക്നിക് കോളേജ് അനുവദിച്ചു. എയ്ഡഡ് മേഖലയിൽ 2016-നശേഷം പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല.

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെകനിക് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

ഗവൺമെന്റ് പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിങ്

ലക്ചറർ തസ്തിക

146 (3593) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പോളിടെക്നിക്കുകളിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിങ് ലക്ചറർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് പോളിടെക്നിക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ&ബി) ഒഴിവുകൾ നിലവിലില്ല.

(സി) ഈ സർക്കാർ വന്നതിനുശേഷം പോളിടെക്നിക്കുകളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നടുവിൽ പോളിടെക്നിക് കോളേജിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിങ് വിഭാഗത്തിൽ ഒരു ലക്ചറർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

പുതിയ പോളിടെക്നിക്കുകൾ

147 (3594) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023-24 അക്കാദമിക വർഷത്തിൽ കണ്ണൂർ ജില്ലയിലെ നടുവിൽ സർക്കാർ പോളിടെക്നിക് കോളേജ് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് പിണറായി ഗ്രാമപഞ്ചായത്തിലെ സർക്കാർ പോളിടെക്നിക് കോളേജ് അനുവദിച്ചു. പ്രസ്തുത കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കാലാകാലങ്ങളിലായി Approval Process Handbook-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമാണ് പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ പരിഗണിക്കുന്ന മാനദണ്ഡങ്ങൾ. AICTE-യുടെ 2024-27 വർഷത്തെ Approval process Hand book-ലെ വ്യവസ്ഥകളാണ് നിലവിൽ ബാധകമായിട്ടുള്ളത്.

വിളപ്പിൽ പോളിടെക്നിക്കിൽ സീനിയർ ക്ലാർക്കിന്റെ സേവനം

148 (3595) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപ്പിൽ പോളിടെക്നിക് കോളേജിലെ സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി ഒരു സീനിയർ ക്ലാർക്കിന്റെ സേവനംകൂടി അനുവദിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ സേവനം വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ?

നിർദിഷ്ട വിളപ്പിൽ പോളിടെക്നിക് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി സീനിയർ ക്ലാർക്ക് തസ്തിക അനുവദിക്കുകയും ടി തസ്തിക നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഒരു ജീവനക്കാരിയുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ചേലാട് പോളിടെക്നിക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ

149 (3596) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് പോളിടെക്നിക് കോളേജിന്റെ പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ ചേലാട് പോളിടെക്നിക് കോളേജിന്റെ അടിസ്ഥാന വികസനത്തിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികൾ NABARD RIDF Tranche XXIV-ൽ ഉൾപ്പെടുത്തി Canteen cum fitness centre, ലൈബ്രറി ബ്ലോക്ക്, പ്രധാന ഗേറ്റ്, കോമ്പൗണ്ട് വാൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ റണ്ണിങ് അക്കൗണ്ട് ബില്ലുകളും സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന സ്വീകരിക്കുന്നുണ്ട്.

ടൈപ്പ്റൈറ്റിങ് പരീക്ഷയുടെ അപേക്ഷ

150 (3597) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഓൺലൈൻ വഴി അപേക്ഷിക്കുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷയുടെ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ പരീക്ഷാഭവനിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ വ്യവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ ഓൺലൈൻ വഴി അപേക്ഷിക്കുന്ന കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിങ് പരീക്ഷയുടെ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ പരീക്ഷാഭവനിൽ സമർപ്പിക്കണമെന്ന് പരീക്ഷാ വിജ്ഞാപനത്തിൽ നിർദേശിച്ചിട്ടുണ്ട്. ഹയർ ഗ്രേഡ് വിഷയങ്ങൾക്ക് അപേക്ഷിക്കുന്നവർ ലോവർ ഗ്രേഡ് വിജയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും തത്തുല്യമായ മറ്റ് യോഗ്യതകൾ നേടിയിട്ടുള്ളവരുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനും വേണ്ടിയാണ് അപ്രകാരം പകർപ്പുകൾ ഹാജരാക്കണമെന്ന് നിർദേശിച്ചിട്ടുള്ളത്.

(ബി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷ കഴിഞ്ഞാലുടൻതന്നെ ചില പരീക്ഷാ സെന്ററുകളിൽ വിദ്യാർഥികൾക്ക് നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരീക്ഷ കഴിഞ്ഞാലുടൻതന്നെ ചോദ്യപേപ്പർ വിദ്യാർഥികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് കോഴ്സിന്റെ തുടർന്നുള്ള പരീക്ഷകളിൽ പരീക്ഷ കഴിഞ്ഞാലുടൻതന്നെ ചോദ്യപേപ്പർ വിദ്യാർഥികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(സി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷയിൽ മലയാളം ഹൈസ്പീഡ്, ഹിന്ദി ഹൈസ്പീഡ് എന്നിവ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് കോഴ്സിന്റെ പുതുക്കിയ സിലബസിൽ മലയാളം ഹൈസ്പീഡ്, ഹിന്ദി ഹൈസ്പീഡ് എന്നിവ ഉൾപ്പെടുത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) ടൈപ്പ്റൈറ്റിങ് ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ പരീക്ഷകളുടെ സെക്കൻഡ് പേപ്പറുകളുടെ ഫോർമാറ്റുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഫോർമാറ്റുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

വ്യവസായ മേഖലയ്ക്ക് ആവശ്യമായ മനുഷ്യവിഭവശേഷി സൃഷ്ടിക്കൽ

151 (3598) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം സൃഷ്ടിക്കുന്ന പുതിയ സൺറൈസ് വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിങ് കോളേജുകൾക്ക് നിലവിൽ സാധ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ലഭ്യമാണ്.

(ബി) വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് കോഴ്സുകൾ രൂപകൽപന ചെയ്യുന്നതിനും വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും സംസ്ഥാനത്തെ സർവകലാശാലകൾക്ക് നിലവിൽ സംവിധാനങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിവര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം സൃഷ്ടിക്കുന്ന പുതിയ വ്യവസായ മേഖലയ്ക്കാവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിങ് കോളേജുകളെ സജ്ജമാക്കുന്നതിന് ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

(എ-സി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയ്ക്കുകീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത കോഴ്സുകൾ എന്നിവ നടത്തിവരുന്നു. ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായസംരംഭ മേഖലയോട് ചേർത്തുകൊണ്ടുപോകാൻ പര്യാപ്തമായ രീതിയിൽ Translational Research Centre സർവകലാശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കീമുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക ഉന്നതവിദ്യാഭ്യാസ മേഖല മാറ്റിയെടുക്കുന്നതിനായി (i) ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ്, കണ്ണൂർ (ii) ഗവൺമെന്റ് മോഡൽ എഞ്ചിനീയറിങ് കോളേജ്, തൃക്കാക്കര (iii) രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ടെക്നോളജി, കോട്ടയം എന്നിവിടങ്ങളിൽ സർവകലാശാല മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. ഗവേഷണത്തിലും വിദ്യാർഥി പരിശീലനത്തിലുമുന്നിയുള്ള പ്രവർത്തനങ്ങളാണ് ഇവയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല കാലാനുസൃതമായി വിവിധ പ്രോഗ്രാമുകളുടെ കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കുകയും ഇൻഡസ്ട്രിയിൽനിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്ടീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ഉദ്യമങ്ങൾ വ്യവസായ മേഖലയ്ക്കാവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുന്നതിന് സഹായകരമാണ്.

കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ് സിലബസ് പരിഷ്കരണം

152 (3599) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് പരീക്ഷയുടെ സിലബസ് പരിഷ്കരണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളും വിദ്യാർഥിക്കൂട്ടായ്മകളും നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിലബസ് പരിഷ്കരണ കമ്മിറ്റിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും യോഗ്യതയും വ്യക്തമാക്കാമോ?

i. ശ്രീ. സുനിൽകുമാർ എസ്., ഇൻസ്ട്രക്ടർ, SP&BC, GWPC നെടുപുഴ

ii. ശ്രീമതി മിനിമോൾ വി.എസ്., സൂപ്രണ്ട്, GCI മണ്ണന്തല

iii. ശ്രീമതി നിത കെ. ബി., സൂപ്രണ്ട്, GCI മാള

iv. ശ്രീ. രതീഷ് പി. ടി., സൂപ്രണ്ട്, GCI പാല

v. ശ്രീ. ആനന്ദ് മോഹൻ കെ., അസി. ഇൻസ്ട്രക്ടർ, GWPC എറണാകുളം

vi. ശ്രീ. സുരേഷ് ബാബു പി. എം., സൂപ്രണ്ട് ഇൻ ചാർജ്, GCI കല്ലാച്ചി

vii. ശ്രീ. ബിനു കോരോത്ത്, അസി. ഇൻസ്ട്രക്ടർ, GCI കൊയിലാണ്ടി

(സി) കമ്പ്യൂട്ടർ ടൈപ്പിങ്ങിന് സഹായകമായി കൂടുതൽ വേഗതയും കൃത്യതയും നൽകുന്ന ശാസ്ത്രീയമായ ടൈപ്പ്റൈറ്റിങ് പഠനത്തിന് പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിലബസ് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ സംഘടനകളും വിദ്യാർഥിക്കൂട്ടായ്മകളും ആവശ്യപ്പെട്ടത് പ്രകാരം സിലബസ് പുനഃപരിശോധിച്ച് അതിൽനിന്നും വിട്ടുപോയ അടിസ്ഥാന വിഷയമായ ടൈപ്പ്റൈറ്റിങ് കൂട്ടിച്ചേർക്കാനുള്ള നടപടി സ്വീകരിക്കുമോ?

കെ.ജി.റ്റി കൊമേഴ്സ് ഗ്രൂപ്പ് കോഴ്സിന്റെ സിലബസ് പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അംഗീകൃത സംഘടനകളുമായി 30-11-2022-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നടന്ന മീറ്റിങ്ങിലെ തീരുമാനങ്ങൾ അംഗീകരിച്ചുകൊണ്ട് സർക്കാർ നൽകിയ ജെ.1/369/2022/ഉ.വി.വ. കത്ത് പ്രകാരം അംഗീകൃത സംഘടനകളുടെ കീഴിലുള്ള കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ രജിസ്ട്രേഷൻ നടപടികളിൽ കാലതാമസം നേരിടുന്നത് പരിഹരിക്കുമോ?

കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിങ് കോഴ്സുകൾ നടത്തപ്പെടുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി പ്രസ്തുത കോഴ്സുകൾ നടത്തുന്ന അംഗീകൃത അസോസിയേഷനുകളുടെ വിവരങ്ങൾ ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

153 (3600) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും നൈപുണ്യ പരിശീലനം നൽകാനും ഉതകുന്ന രീതിയിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തുടനീളമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. അതിന്റെ പദ്ധതി മാർഗരേഖ വ്യവസായ വകുപ്പ് 29-02-2024-ലെ സ.ഉ.(കൈ) നമ്പർ.16/2024/ID പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കുത്തുപറമ്പ് വലിയവെളിച്ചത്ത് മതിയായ സൗകര്യങ്ങളോടെ പ്രവർത്തിച്ചുവരുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്കീം പ്രകാരം കോളേജിന്റെ ആവശ്യകത കഴിഞ്ഞ് കുറഞ്ഞത് അഞ്ച് ഏക്കറെങ്കിലും സ്ഥല ലഭ്യതയുണ്ടെങ്കിൽ മാത്രമെ ക്യാമ്പസ്

ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കുത്തുപറമ്പ് അപ്ലൈഡ് സയൻസ് കോളേജിന് നിലവിൽ ആകെ അഞ്ചേക്കർ ഭൂമി മാത്രമാണ് അനുവദിച്ചിരിക്കുന്നത്. കോളേജിന് കൂടുതൽ സ്ഥലം അനുവദിക്കുന്ന മുറയ്ക്ക് കുത്തുപറമ്പ് അപ്ലൈഡ് സയൻസ് കോളേജിലും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത കോളജിൽ ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

കുത്തുപറമ്പ് കോളേജിൽ ന്യൂ ജനറേഷൻ കോഴ്സുകളായ BA Journalism with specialization in visual media, B.Sc Statistics with Data Analysis കോഴ്സുകൾ 2023-24 മുതൽ അനുവദിച്ചിട്ടുണ്ട്.

കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി

154 (3601) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് 10-01-2025-ലെ സ.ഉ.(സാധാ) നം.59/2025/HEDN പ്രകാരം തുക അനുവദിച്ചതിന് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

10-1-2025-ലെ സ.ഉ.(സാധാ) നം.59/2025/HEDN പ്രകാരം കുറിച്ചി വില്ലേജിൽ ചങ്ങനാശ്ശേരി കോട്ടയം റോഡിൽ മന്ദിരം കവലയ്ക്ക് സമീപത്തായി കണ്ടെത്തിയ ബ്ലോക്ക് 01, 283/1, 283/1-1 റീസർവേ നമ്പറുകളിൽപ്പെട്ട ശ്രീ. മനോജ് മാത്യു, ശ്രീ. ഷാജി മാത്യു എന്നിവരുടെ പേരുകളിലുള്ള 1.098 ഹെക്ടർ വിസ്തീർണ്ണമുള്ള സ്ഥലവും കെട്ടിടങ്ങളും കുറിച്ചി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി ഏറ്റെടുക്കുന്നതിന് 4202-02-103-99(P) എന്ന ശീർഷകത്തിൽനിന്നും 6,58,58,000/- രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

10-03-2025-ലെ സ.ഉ.(സാധാ)നം.592/2025/RD ഉത്തരവ് പ്രകാരം കുറിച്ചി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകൾ, ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ വികസനം

155 (3602) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകൾ, ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ പശ്ചാത്തല വികസനത്തിന് പദ്ധതികൾ

തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിനായി 415 കോടി രൂപയുടെ വിശദമായ പദ്ധതികൾ പ്ലാനിങ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പുതിയ കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, കളിസ്ഥലങ്ങൾ, ചുറ്റുമതിൽ, കാന്റീൻ എന്നിവ ഉൾപ്പെടുന്നു.

(ബി) കോഴിക്കോട് ഐ.എച്ച്.ആർ.ഡി. കോളേജ്, ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ വികസനത്തിന് തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസസ് കോളേജിന്റെ വികസനത്തിനായി ഒരു Research and Development Centre for AI നിർമ്മിക്കാൻ ഭൂമി കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുന്നു. ഭൂമിയുടെ ലഭ്യതയനുസരിച്ച് കോഴിക്കോട് നഗരത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഐ.എച്ച്.ആർ.ഡി.-യുടെ നേതൃത്വത്തിൽ R&D Centre for AI സ്ഥാപിക്കാൻ സാധിക്കുന്നതാണ്. ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന്റെ വികസനത്തിനായി ലാബുകൾ, ഓഡിറ്റോറിയം, ലൈബ്രറി, ചുറ്റുമതിൽ എന്നിവയ്ക്കായി 2.84 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സർട്ടിഫിക്കറ്റുകളുടെ വിതരണത്തിൽ കാലതാമസം

156 (3603) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

നിലവിൽ വിദ്യാർഥികളുടെ ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ കാലതാമസമില്ലാതെ തന്നെ വിതരണം ചെയ്യുന്നുണ്ട്.

എന്നാൽ, ഒറിജിനൽ സർട്ടിഫിക്കറ്റിന് സമർപ്പിക്കുന്ന അപേക്ഷയിലെ ന്യൂനത, ഫീസ് അടച്ചതിലുള്ള കുറവ് എന്നിവ പരിഹരിക്കുന്നതിന് വിദ്യാർഥികൾക്ക് നൽകുന്ന അറിയിപ്പിനോട് വിദ്യാർഥികൾ പ്രതികരിക്കുന്നതിൽ വരുന്ന കാലതാമസം സർട്ടിഫിക്കറ്റുകളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാക്കാറുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഓരോ സർവകലാശാലയിലും ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകൾക്കുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

അനുബന്ധമായി നൽകിയിരിക്കുന്നു*.

കാര്യവട്ടം ക്യാമ്പസിൽ നടന്ന റാഗിങ്ങ്

157 (3604) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസിൽ ഒന്നാംവർഷ ബിരുദ വിദ്യാർഥി ക്രൂരമായ റാഗിങ്ങിന് വിധേയമായ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

പ്രസ്തുത സംഭവത്തെ സഗൗരവം കാണുന്നു. കാര്യവട്ടം സർക്കാർ കോളേജിലെ വിദ്യാർഥിയെ സീനിയർ വിദ്യാർഥികൾ റാഗ് ചെയ്തതായി നൽകിയ പരാതിയെത്തുടർന്ന് കോളേജിലെ ആന്റി റാഗിങ് കമ്മിറ്റി അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഏഴ് വിദ്യാർഥികളെ സസ്പെൻഡ് ചെയ്തതായും പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്. കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ നിന്നുള്ള അന്വേഷണം പുരോഗമിക്കുന്ന വിവരവും ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിന് നേതൃത്വം നൽകിയത് പ്രമുഖ വിദ്യാർഥി സംഘടനയുടെ നേതാക്കളാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഈ സംഭവത്തിൽ കുറ്റാരോപിതരായവർ ഏതെങ്കിലും വിദ്യാർഥി സംഘടനയുടെ നേതാക്കളാണെന്ന വിവരം ലഭിച്ചിട്ടില്ല.

എൽ.എൽ.ബി. കോഴ്സുകൾക്ക് സേ മാതൃകയിൽ പരീക്ഷ

158 (3605) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി. അവസാന വർഷ പരീക്ഷയിൽ ഒരു പേപ്പർ പരാജയപ്പെട്ടാൽ പ്രസ്തുത പേപ്പർ എഴുതി എടുക്കുന്നതിന് അടുത്ത വർഷംവരെ കാത്തിരിക്കേണ്ട അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇവർക്ക് സേ മാതൃകയിൽ പരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഫൈനൽ ഇയർ പരീക്ഷ എഴുതിയ വിദ്യാർഥികൾക്ക് അവരുടെ വർഷം സേവ് ചെയ്യുന്നതിന് സെപ്റ്റംബറിൽ ഒരു പരീക്ഷ കൂടി നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഇതിന്റെ പ്രായോഗികത വിശദീകരിക്കാമോ?

(എ&ബി) പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി.-യുടെ അവസാന സെമസ്റ്ററിൽ സേവ് എ ഇയർ പരീക്ഷ (SAY) പരീക്ഷ നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) ഇതുസംബന്ധിച്ച് വിദ്യാർഥി സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഏതെല്ലാം സംഘടനകളാണ് നിവേദനം സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച് വിദ്യാർഥി സംഘടനകളിൽനിന്ന് നിവേദനം ലഭിച്ചിട്ടില്ല.

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ചോദ്യബാങ്ക്

159 (3606) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പിന് ചോദ്യബാങ്ക് ഉപയോഗിച്ച് ചോദ്യപേപ്പറുകൾ തയാറാക്കുന്ന രീതി അവലംബിക്കണമെന്ന് റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ?

സോഫ്റ്റ്വെയർ സഹായത്തോടെ ക്വസ്റ്റ്യൻ ബാങ്ക് ഉൾപ്പെടെയുള്ള മൊഡ്യൂളുകളെ സംബന്ധിച്ച് FYUGP മാതൃക റെഗുലേഷനിൽ നിർദേശിച്ചിരുന്നു. കാലിക്കറ്റ്, കണ്ണൂർ, മലയാള സർവകലാശാലകളുടെ റെഗുലേഷനുകളിൽ ഇതുസംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) നാലുവർഷ ബിരുദ വിദ്യാർഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ അപ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണോ തയ്യാറാക്കിയിരുന്നതെന്നും അല്ലെങ്കിൽ അതിന്റെ കാരണവും വിശദമാക്കാമോ?

കേരള, മഹാത്മാഗാന്ധി, കണ്ണൂർ, കാലിക്കറ്റ് സർവകലാശാലകൾ 2024-25 അധ്യയന വർഷം FYUGP-യുടെ ആദ്യ സെമസ്റ്റർ പരീക്ഷയ്ക്ക് ചോദ്യബാങ്ക് സംവിധാനം പ്രയോജനപ്പെടുത്തിയിരുന്നു. ചോദ്യബാങ്കിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകാത്ത സാഹചര്യത്തിൽ മലയാള സർവകലാശാലയിൽ ഇപ്രകാരം ചോദ്യപേപ്പർ തയ്യാറാക്കാൻ സാധിച്ചിരുന്നില്ല.

(സി) പ്രസ്തുത ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ സർവകലാശാലയും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>കേരള സർവകലാശാല</u>

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾക്കായി ബോർഡ് ഓഫ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഓരോ കോഴ്സിനും പത്ത് ചോദ്യപ്പേപ്പർ വീതമുള്ള

ചോദ്യപേപ്പർ ബാങ്ക് തയ്യാറാക്കുകയും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ സ്ക്രൂട്ടിനൈസ് ചെയ്യുകയും അവയിൽനിന്നും തിരഞ്ഞെടുത്ത ചോദ്യപേപ്പർ അടിസ്ഥാനമാക്കി പരീക്ഷയും മൂല്യനിർണ്ണയവും പൂർത്തിയാക്കുകയും ചെയ്തു.

എം.ജി. സർവകലാശാല

ഓരോ വിഷയത്തിന്റെയും ബോർഡ് ഓഫ് സ്റ്റഡീസ് കൺവീനർമാരുടെ കീഴിൽ, Co-ordinators, contributors എന്നിവർ മുഖേന ചോദ്യബാങ്കുകൾ തയ്യാറാക്കി അവയിൽ നിന്നുമാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ ചോദ്യപേപ്പറുകൾ തയ്യാറാക്കി പരീക്ഷകൾ നടത്തിയത്.

കാലിക്കറ്റ് സർവകലാശാല

കാലിക്കറ്റ് സർവകലാശാലയിൽ വിവിധ പഠന ബോർഡുകളുടെ നേതൃത്വത്തിൽ ശില്പശാലകൾ നടത്തി ചോദ്യങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യുന്ന പ്രവർത്തനം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

കണ്ണൂർ സർവകലാശാല

FYUGP ഒന്ന്, രണ്ട് സെമസ്റ്ററുകളിലെ ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ ബന്ധപ്പെട്ട അധ്യാപകർക്ക് ഓൺലൈനായും ഓഫ്ലൈനായും പലപ്പോഴായി ശിൽപശാലകൾ നടത്തിയിട്ടുണ്ട്.

കുസാറ്റ്

സർവകലാശാല ഡിപ്പാർട്ട്മെന്റുകളിലൂടെ മാത്രമാണ് FYUG പ്രോഗ്രാമുകൾ നടത്തിവരുന്നത്. ഈ പ്രോഗ്രാമുകളുടെ Continuous Assessment and End Semester മൂല്യനിർണ്ണയം ഡിപ്പാർട്ട്മെന്റ് വഴിയാണ് നടത്തുന്നത്. പ്രോഗ്രാമിന്റെ നടത്തിപ്പും അതിന്റെ മൂല്യനിർണയവും നിരീക്ഷിക്കാനുള്ള അധികാരം ഡിപ്പാർട്ട്മെന്റ് കൗൺസിലിനാണ്. ചോദ്യപേപ്പറുകൾ അതത് കോഴ്സ് അധ്യാപകരാണ് തയ്യാറാക്കുന്നത്. അത് ഡിപ്പാർട്ട്മെന്റിലെ വിദഗ്ധ സമിതി സൂക്ഷ്മമായി പരിശോധിക്കുന്നു. അതിനാൽ ഈ പ്രോഗ്രാമുകൾക്ക് പ്രത്യേക ചോദ്യബാങ്കിന്റെ ആവശ്യമില്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

മലയാള സർവകലാശാലയിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ചോദ്യബാങ്ക് തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് 25-09-2024-ന് അധ്യാപകർക്കുവേണ്ടി ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി.

ചോദ്യബാങ്ക് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുമായി 21-01-2025-ന് യൂണിവേഴ്സിറ്റിയിൽവച്ച് അധ്യാപകർക്കായി ഒരു ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പിനുള്ള ചോദ്യബാങ്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ തയ്യാറാക്കിയിട്ടില്ല.

(ഡി) പ്രസ്തുത സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലകളിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റികളുൾപ്പെടെയുള്ള വിവിധ കമ്മിറ്റികളുടെ വിശദാംശങ്ങളും അവയിലെ അംഗങ്ങളുടെ ഔദ്യോഗിക മേൽവിലാസം, സാങ്കേതിക യോഗ്യതകൾ എന്നിവയും ലഭ്യമാക്കാമോ?

കേരള സർവകലാശാല

ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ നേതൃത്വത്തിലാണ് ചോദ്യപ്പേപ്പറുകൾ തയ്യാറാക്കുന്നത്.

എം.ജി. സർവകലാശാല

നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവകലാശാലയിൽ നാല് ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ സമിതിയിലെയും കൺവീനർ, അംഗങ്ങൾ എന്നിവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. Training

1. Sri. Aravind R., Assistant Professor, Dept. of Economics, Govt. College, Kottayam (Convenor).

2. Dr. Sajeev U. S., Assistant Professor, Dept. of Physics, Govt. College, Kottayam.

3. Dr. Scintila N. J., Assistant Professor, Dept. of Islamic History, Maharajas College, Ernakulam.

4. Dr. Manesh N. A., Assistant Professor, Dept. of Commerce, Govt. College, Munnar.

5. Dr. Jacob Abraham, Professor, Dept. of Electronics, BPC College, Piravom.

6. Smt. Jisha Mary Mathew, Assistant Professor, Dept. of Commerce, CMS College, Kottayam.

7. Dr. Johney Johnson, Professor & Dean, School of Management and Business Studies, MGU.

8. Dr. Biju P. R., Professor, School of Pure and Applied Physics, MGU.

9. Dr. Santhosh P. Thampi, Professor and Head, School of Management and Business Studies, MGU.

10. Dr. Bins M. Mathew, Assistant Professor, Dept. of Malayalam, SB College, Changanassery.

II. Syllabus

1. Dr. Varghese K. Cherian, Principal, MACFAST College, Thiruvalla (Convenor).

2. Dr. Anup J. Arackappally, Assistant Professor, Dept. of Commerce, Govt. College, Kattappana.

3. Dr. Sreesha Sasi, Professor, Dept. of Chemistry, Maharajas College, Ernakulam.

4. Dr. Anish A. U., Associate Professor, Dept. of Geology, Govt. College, Kottayam.

5. Dr. Mini K. D., Associate Professor, Dept. of Zoology, Sree Sankara College, Kalady.

6. Smt. Sreelekshmi A. R., Assistant Professor, Dept. of English, Sree Sankara Vidyapeedom College, Valayanchirangara.

7. Dr. Krishnakumar M. V., Assistant Professor, Dept. of History, Newman College, Thodupuzha.

8. Dr. Ebby Joseph Idicula, Assistant Professor, Dept. of Commerce, BAM College, Thuruthikkad.

III. Question Bank - Exam

1. Dr. Libin Kuriakose, Associate Professor, Dept. of Physics, St. Thomas College, Pala (Convenor).

2. Dr. Nisha K., Assistant Professor, Dept. of Chemistry, Govt. College, Kattappana.

3. Dr. Renjith Mohan P., Assistant Professor, Dept. of Commerce, Govt. College, Kottayam

4. Smt. Hairunneesa, Assistant Professor, Dept. of Zoology, Govt. College, Elanthur.

5. Dr. Niji C. I., Associate Professor, Dept. of English, Govt. College, Tripunithura.

6. Sri. Lijo Sebastian, Assistant Professor, Dept. of History, Baselius College, Kottayam.

7. Dr. Indu C. Nair, Associate Professor, Dept. of Biotechnology, SAS SNDP Yogam College, Konni.

8. Dr. Jyothimol P., Professor, Dept. of English, Baselius College, Kottayam.

9. Sri. Manjesh Mathew, Assistant Professor, Dept. of Chemistry, St. Thomas College, Pala.

IV. IT

1. Sri. Ligin P. Mathew, Assistant Professor, Dept. of Mathematics, St. Thomas College, Kozhencherry (Convenor).

2. Smt. Simi Sebastian, Assistant Professor, Dept. of Statistics, Govt. College, Kattappana.

3. Dr. Prasanna Rajan, Assistant Professor, Dept. of Botany, Govt. College, Kottayam.

4. Dr. Krishnaprasad P. S., Assistant Professor, Dept. of Physics, Maharajas College, Ernakulam.

5. Lt. Dr. Harinarayanan G., Assistant Professor, Dept. of Chemistry, DB College, Thalayolaparambu.

6. Dr. Sreeja S., Assistant Professor, Dept. of Physics, Al-Ameen College, Edathala.

കാലിക്കറ്റ് സർവകലാശാല

കാലിക്കറ്റ് സർവകലാശാലയിൽ ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എട്ട് അംഗങ്ങളുടെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ താഴെ നൽകുന്നു:

1. Dr. Ajith Kumar B. P., Senior Scientist (Retd), IUAC, New Delhi.

2. Sri. Priyesh K. G., Associate Professor, Dept. of Computer Science, NSS College, Ottapalam.

3. Sri. Rajesh R., Associate Professor, Dept. of Computer Science, NSS College, Ottapalam.

4. Dr.Jiju A. Mathew, Associate Professor, Dept. of Computer Science, St. Thomas College, Thrissur.

5. Sri. Sameer V. V., Asst. Professor, Dept. of Computer Science, Farook College, Kozhikode.

6. Ms. Bodhy Krishna S., Asst. Professor, Dept. of Computer Science, Farook College, Kozhikode.

7. Dr. Suresh V., Associate Professor of Botany, Government Victoria College, Palakkad.

8. Dr. Anish Kumar M. S., Asst. Professor, Dept of Electronics, Govt. College Chittur, Palakkad.

കണ്ണൂർ സർവകലാശാല

ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവകലാശാല രൂപീകരിച്ച വിവിധ കമ്മിറ്റികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു :

i) ചോദ്യബാങ്ക് വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കണ്ണൂർ സർവകലാശാലാ മാങ്ങാട്ടുപറമ്പ കാമ്പസിലെ മാത്തമാറ്റിക്കൽ സയൻസ് വിഭാഗം മേധാവി ഡോ. മുരളീധരൻ കെ.ടി.-യെ നിയമിച്ചിട്ടുണ്ട്.

ii) അഫിലിയേറ്റഡ് കോളേജുകളിൽ ചോദ്യബാങ്ക് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് പ്രോ-വൈസ് ചാൻസലർ കൺവീനറായും, പരീക്ഷാ കൺട്രോളർ, ഡോ. കെ.ടി. ചന്ദ്രമോഹൻ (സിൻഡിക്കേറ്റ് അംഗം), ഡോ. ടി. കെ മുരളീധരൻ (അസോസിയേറ്റ് പ്രൊഫസർ, മാത്തമാറ്റിക്സ് വിഭാഗം), ഡോ. എൻ. എസ്. ശ്രീകാന്ത് (അസോസിയേറ്റ് പ്രൊഫസർ, ഐ.ടി. വിഭാഗം) എന്നിവർ അംഗങ്ങളായും എക്സാമിനേഷൻ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

iii) ഡോ. എൻ. എസ്. ശ്രീകാന്ത് (അസോസിയേറ്റ് പ്രൊഫസർ, ഐ.ടി. വിഭാഗം മേധാവി) കൺവീനറായും, ഐ.ടി. സെന്റർ ഡയറക്ടർ, ഐ.ടി. വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. കെ. സുനിൽ കുമാർ, പരീക്ഷാ കൺട്രോളർ എന്നിവർ അംഗങ്ങളായും ഓട്ടോമേറ്റഡ് ക്വസ്റ്റ്യൻ പേപ്പർ ജനറേഷൻ ആൻഡ് ക്വസ്റ്റ്യൻ ബാങ്ക് ക്രിയേഷൻ സിസ്റ്റത്തിന്റെ സോഫ്റ്റ്വെയർ അവലോകനത്തിനുള്ള ആഭ്യന്തര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സ്വകാര്യ സർവകലാശാലകൾ

160 (3607) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ നിലവിൽ വരുമ്പോൾ ഫീസ് നിർണയത്തിൽ ഉൾപ്പെടെ സർക്കാരിന് എന്തൊക്കെ ഇടപെടലുകൾ നടത്താനാകുമെന്ന് വ്യക്തമാക്കുമോ; പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അക്കാദമിക പ്രാതിനിധ്യം ഉറപ്പാക്കുന്ന രീതിയിൽ സർക്കാരിന് എന്തൊക്കെ ഇടപെടലുകൾ നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യനീതി എന്ന ആശയത്തിലധിഷ്ഠിതമായാണ് കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ തയ്യാറാക്കിയിരിക്കുന്നത്. സർക്കാരിന്റെ റെഗുലേറ്ററി ബോഡി സ്വകാര്യ സർവകലാശാലാ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങൾക്കും അനുയോജ്യമായ എന്തൊക്കെ വ്യവസ്ഥകളാണ് സ്വകാര്യ സർവകലാശാല സംബന്ധിച്ച നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

യു.ജി.സി.-യുടെ കരട് നയം

161 (3608) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈസ് ചാൻസലർ നിയമനത്തിൽ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്ത യു.ജി.സി.-യുടെ കരട് നയത്തിൽ സംസ്ഥാനം ഏതൊക്കെ കാര്യങ്ങളിലാണ് വിയോജിപ്പ് അറിയിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

2025-ലെ കരട് യു.ജി.സി. റെഗുലേഷനിലെ വിവിധ ക്ലോസുകളിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് 03-02-2025-ലെ കത്ത് പ്രകാരം യു.ജി.സി-യെയും കേന്ദ്ര

വിദ്യാഭ്യാസ വകുപ്പിനെയും അറിയിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)*. കരട് യു.ജി.സി. റെഗുലേഷൻ അവതരിപ്പിച്ചപ്പോൾത്തന്നെ ഉന്നത വിദ്യാഭ്യാസ മന്ത്രി യൂണിയൻ സർക്കാരിലെ വിദ്യാഭ്യാസ മന്ത്രിക്ക് ഇതുസംബന്ധിച്ച് കത്തെഴുതി. കൂടാതെ തെലുങ്കാന ഉപ മുഖ്യമന്ത്രി ശ്രീ. ഭട്ടി വിക്രമാർക്ക മല്ലു, കർണാടക വിദ്യാഭ്യാസ മന്ത്രി ഡോ. എം. സി. സുധാകർ, തമിഴ്നാട് വിദ്യാഭ്യാസ മന്ത്രി ഡോ. കോവി ചെഴിയൻ, കേരളത്തിന്റെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ, മന്ത്രിമാർ, എം.എൽ.എ.-മാർ, വിവിധ രാഷ്ട്രീയ നേതാക്കന്മാർ, വിദ്യാഭ്യാസ പ്രവർത്തകർ, വിദ്യാർഥികൾ എന്നിവരെ പങ്കെടുപ്പിച്ച് സംഘടിപ്പിച്ച ദേശീയ കൺവെൻഷൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

ക്യാമ്പസ് മർദനങ്ങൾ തടയാൻ നടപടി

162 (3609) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ വിദ്യാർഥികളെ ക്രൂരമായി മർദിക്കുന്നതിനായി ഇടിമുറികൾ പ്രവർത്തിക്കുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഇത്തരം ആക്ഷേപം ശരിവയ്ക്കുംവിധം വസ്തുതാപരമായ യാതൊരു തെളിവും ലഭിച്ചിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസിൽ കോളേജ് ഗ്രൗണ്ടിൽവച്ചും പിന്നീട് ക്യാമ്പസിനുള്ളിലെ ഇടിമുറിയിലേക്ക് കൊണ്ടുപോയും ക്രൂരമായി മർദിക്കപ്പെട്ടുവെന്ന ഒന്നാം വർഷ ബിരുദ വിദ്യാർഥിയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാര്യവട്ടം കാമ്പസിൽ വിദ്യാർഥിക്ക് മർദനമേറ്റ വിഷയവുമായി ബന്ധപ്പെട്ട് 7 വിദ്യാർഥികളെ കോളേജിൽനിന്നും മാർച്ച് 6 വരെ സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന്, ആന്റി റാഗിങ് സെല്ലിന്റെ റിപ്പോർട്ട് കഴക്കൂട്ടം പോലീസ് സ്റ്റേഷന് കൈമാറുകയും FIR രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കോളേജുകളിൽ ഇടിമുറികൾ ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് ഉൾപ്പെടെയുള്ള അനിഷ്ട സംഭവങ്ങൾ തടയുന്നതിനും സുരക്ഷിതമായ പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി കർശന നടപടികൾ സ്വീകരിക്കുന്നതിന് മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്.

നവകേരളം പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്

163 (3610) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകുന്ന നവകേരളം പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഇപ്പോൾ എത്ര പേർക്കാണ് നൽകുന്നതെന്നും ഇതിനായി പ്രതിമാസം എത്ര ലക്ഷം രൂപയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) മുൻവർഷങ്ങളിൽ എത്ര പേർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2021-22-ൽ 77 പേരെയും 2022-23-ൽ മോഡ് 1-ൽ 68 പേരെയും മോഡ് 2-ൽ 31 പേരെയും ഉൾപ്പെടെ 176 പേരെ തിരഞ്ഞെടുത്തു. ഇതിൽ 151 പേർ ഗവേഷണത്തിന് ചേർന്നതിൽ 58 പേർ ഗവേഷണം പൂർത്തിയാക്കുകയോ പിരിഞ്ഞുപോകുകയോ ചെയ്തു. 93 പേർ ഇപ്പോഴും തുടരുന്നുണ്ട്.

ദ്വിവത്സര എൽ.എൽ.എം. കോഴ്സ്

164 (3611) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകാലശാലയിലെ അഫിലിയേറ്റഡ് ലോ കോളേജുകളിലെ ദ്വിവത്സര എൽ.എൽ.എം. കോഴ്സ് ഫലപ്രഖ്യാപനമുൾപ്പെടെ പൂർത്തിയാകുന്നതിന് രണ്ട് വർഷത്തിലധികം കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കാമോ?

എൽ.എൽ.എം. ഡിഗ്രി പരീക്ഷയ്ക്ക് മൂന്ന് തലത്തിലുള്ള മൂല്യനിർണ്ണയമാണുള്ളത്. ഇതിൽ ആദ്യത്തെ മൂല്യനിർണ്ണയം കേരളാ യൂണിവേഴ്സിറ്റിയുടെ പരിധിക്ക് പുറത്തുള്ള കോളേജ്/യൂണിവേഴ്സിറ്റി അധ്യാപകരാണ് നടത്തുന്നത്. പ്രസ്തുത മൂല്യനിർണ്ണയം നടത്തി ഉത്തരക്കടലാസുകൾ തിരികെ വരുത്തുന്നതിലുള്ള കാലതാമസം മൂലമാണ് എൽ.എൽ.എം. പരീക്ഷാഫലം വൈകുന്നത്. പരീക്ഷാഫലം വൈകുന്നത് പരിഹരിക്കുന്നതിന്

എൽ.എൽ.എം. പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് വഴി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാർഥികൾക്ക് പരീക്ഷാ രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനം നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

എൽ.എൽ.എം പരീക്ഷാ രജിസ്ട്രേഷൻ ഓൺലൈനായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നാലുവർഷ ബിരുദ കോഴ്സ്

165 (3612) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവകലാശാലയിൽ പുതുതായി ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സ് പഠിപ്പിക്കുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർമാരെ തിരഞ്ഞെടുത്ത റാങ്ക് പട്ടിക റദ്ദാക്കിയോ; റാങ്ക് പട്ടിക റദ്ദാക്കാനുള്ള കാരണം എന്താണ്; പകരം അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; യു.ജി.സി. ചട്ടമനുസരിച്ചാണോ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചത്; വിശദമാക്കാമോ?

റാങ്ക് പട്ടിക നിലവിൽ വന്നിട്ടില്ല. കേരള സർവകലാശാലയിൽ പുതുതായി ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സ് പഠിപ്പിക്കുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ

ആരംഭിച്ചിരുന്നുവെങ്കിലും ബഹു. ഹൈക്കോടതിയുടെ WP(C) No. 36283/2024-ലെ 03-02-2025-ലെ വിധിപ്രകാരം പ്രസ്തുത പ്രക്രിയ ഒന്നാകെ റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. നാലുവർഷ ബിരുദ കോഴ്സുകൾക്ക് നിലവിലുള്ള സ്ഥിരം അധ്യാപകരെ കൂടാതെ താൽക്കാലികമായി അധ്യാപകരെ നിയോഗിക്കുന്നതിന് സർവകലാശാല തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള യൂണിവേഴ്സിറ്റിയിലെ ആസ്പയർ സ്കോളർഷിപ്പ്

166 (3613) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025 അധ്യയന വർഷം ഗവേഷണ വിദ്യാർഥികൾക്കായുള്ള ആസ്പയർ സ്കോളർഷിപ്പിന് കേരള സർവകലാശാലയിലെ എതെല്ലാം പഠന വിഭാഗങ്ങളിൽനിന്നും എത്ര വിദ്യാർഥികളെ വീതമാണ് പരിഗണിച്ചിട്ടുള്ളതെന്ന വിവരം വേർതിരിച്ച് ലഭ്യമാക്കാമോ?

2024-2025 അധ്യയന വർഷം ആസ്പയർ സ്കോളർഷിപ്പിന് കേരള സർവകലാശാലയിലെ വിവിധ പഠന വിഭാഗങ്ങളിൽനിന്നും പരിഗണിച്ചിട്ടുള്ള വിദ്യാർഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. സൈക്കോളജി- 1
2. ഹിന്ദി- 1
3. കോമേഴ്സ്- 3
4. എക്കണോമിക്സ്- 15
5. മലയാളം- 1

6. സംസ്കൃതം- 7

7. ഫിലോസഫി- 2

8. എഡ്യൂക്കേഷൻ- 6

9. ബയോടെക്നോളജി- 1

(ബി) 2024-25-ൽ ആസ്പയർ സ്കോളർഷിപ്പിനായി സർക്കാർ എത്ര തുക കേരള യൂണിവേഴ്സിറ്റിക്ക് അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക സ്കോളർഷിപ്പ് നൽകുന്നതിനല്ലാതെ യൂണിവേഴ്സിറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് പ്ലാൻ ഹെഡ്ഡിൽ അനുവദിക്കുന്ന തുകയിൽനിന്നാണ് ഗവേഷണ, പി.ജി. വിദ്യാർഥികൾക്ക് റിസർച്ച് അവാർഡ് (ആസ്പയർ) നൽകുന്നതിനായി മാറ്റിവയ്ക്കുന്നത്. ഈ വർഷം (2024-25) 133 ഗവേഷണ വിദ്യാർഥികൾക്ക് ₹21,88,000/- രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്.

(സി) കേരള സർവകലാശാലയുടെ വിജ്ഞാപനം പ്രകാരം ആസ്പയർ സ്കോളർഷിപ്പിനായി പി.ജി.-ക്ക് കുറഞ്ഞത് എത്ര ശതമാനം മാർക്ക് ആവശ്യമാണെന്ന് വ്യക്തമാക്കാമോ; 2024-25 വർഷത്തെ സ്കോളർഷിപ്പിനായി പി.ജി.-ക്ക് എത്ര ശതമാനം മാർക്ക് നേടിയ വിദ്യാർഥികളെയാണ് നിലവിൽ സർവകലാശാല പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആസ്പയർ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനായി അടിസ്ഥാന കോഴ്സിന് (ബിരുദാനന്തര ബിരുദം) 55%-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. 2024-25 വർഷം ബിരുദാനന്തര ബിരുദത്തിന് 75% മാർക്കുള്ള ഗവേഷണ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ്

നൽകിയിട്ടുള്ളത്.

(ഡി) 2024-25-ൽ ഹിന്ദി വിഭാഗത്തിൽ എത്ര വിദ്യാർഥികൾക്കാണ് ആസ്പയർ സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്; കൂടുതൽ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ്; വ്യക്തമാക്കാമോ?

കേരള സർവകലാശാലയുടെ ഹിന്ദി പഠന വകുപ്പിൽനിന്നും Ph.D. വിഭാഗത്തിൽനിന്നും ഒരു വിദ്യാർഥിയും ബിരുദാനന്തര കോഴ്സിൽനിന്നും 10 വിദ്യാർഥികളും 2024-25 അധ്യയന വർഷത്തെ ASPIRE സ്കോളർഷിപ്പിന് അർഹരായി.

(ഇ) ആസ്പയർ സ്കോളർഷിപ്പ് കൂടുതൽ വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് പ്ലാൻ ഹെഡ്ഡിൽ ലഭിക്കുന്ന തുകയിൽ നിന്നും ഏകദേശം ഒരു കോടി രൂപ ആസ്പയർ സ്കോളർഷിപ്പ് നൽകുന്നതിനായി മാറ്റിവയ്ക്കുന്നുണ്ട്. ഈ തുക വർധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

മഹാത്മാഗാന്ധി സർവകലാശാലയിലെ അസിസ്റ്റന്റ് ഒഴിവുകൾ

167 (3614) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി മുതൽ നാളിതുവരെ ഏതെങ്കിലും യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടോ; എങ്കിൽ എത്ര; വിശദമാക്കാമോ?

അസിസ്റ്റന്റ് തസ്തികയിൽ 01-06-2024 വരെ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനുശേഷം വിരമിക്കലിന് ആനുപാതികമായി ഉണ്ടായിട്ടുള്ള 13 ഒഴിവുകൾ സിൻഡിക്കേറ്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ബി) 2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലെ എത്ര പ്രതീക്ഷിത ഒഴിവുകളാണ് പ്രസ്തുത സർവകലാശാലയിൽനിന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് അറിയിക്കുമോ?

പ്രതീക്ഷിത ഒഴിവുകൾ 34 എണ്ണമുണ്ട്.

(സി) 09-12-2024-ലെ സർക്കാർ ഉത്തരവ് (നം.) ഉപ.സി3/200/2024/പി&എ.ആർ.ഡി. പ്രകാരം 2025-ലെ എല്ലാ മുൻകൂർ ഒഴിവുകളും 2024 ഡിസംബർ 25-ന് മുമ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദേശം മഹാത്മാഗാന്ധി സർവകാലാശാലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;?

മഹാത്മാഗാന്ധി സർവകലാശാലയിൽ 2025 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് സർവകലാശാല സിൻഡിക്കേറ്റാണ്. ഈ വിഷയം നിലവിൽ ടി സമിതിയുടെ പരിഗണനയിലാണ്.

(ഡി) 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിലെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ഒഴിവുകൾ ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവയ്ക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

കണ്ണൂർ സർവകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനങ്ങൾ

168 (3615) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർവകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസറുടെ നിയമനത്തിന് എഫ്.ഡി.പി. ഗവേഷണ കാലയളവ് അധ്യാപന പരിചയമായി കണക്കാക്കാമെന്ന നിലപാട് സർവകലാശാല അധികൃതർ സ്വീകരിച്ചിരുന്നെങ്കിലും ഇപ്പോൾ അസോസിയേറ്റ് പ്രൊഫസർ നിയമനങ്ങൾക്ക് ഗവേഷണ കാലയളവ് ഒഴിവാക്കി അധ്യാപന പരിചയം മാത്രമേ കണക്കാക്കുകയുള്ളുവെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; സർവകലാശാലാ നിയമനങ്ങളിൽ വ്യത്യസ്ത നിലപാടുകൾ കൈക്കൊള്ളുന്നതിന്റെ കാരണം എന്താണ്; വിശദമാക്കാമോ?

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലെ അധ്യാപക നിയമനത്തിന് (പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ) 19-10-2024-ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം പി.എച്ച്.ഡി/എം.ഫിൽ ബിരുദം നേടുന്നതിന് ചെലവഴിച്ച സമയം അധ്യാപന/ഗവേഷണ പരിചയമായി അധ്യാപക നിയമത്തിന്

കണക്കാക്കുന്നതല്ല. എന്നാൽ യാതൊരു തരത്തിലുള്ള അവധിയും പ്രയോജനപ്പെടുത്താതെ അധ്യാപന ചുമതല നിർവഹിക്കെത്തന്നെ ഗവേഷണ ബിരുദം നേടുന്നതിന് ചെലവഴിച്ച യോഗ്യസേവനകാലം അധ്യാപന നിയമനത്തിനും സ്ഥാനക്കയറ്റത്തിനും അധ്യാപന പരിചയമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതാത് കാലങ്ങളിൽ പ്രാബല്യത്തിലുള്ള യു.ജി.സി./സർക്കാർ/സർവകലാശാല നിയമാവലികൾ അടിസ്ഥാനമാക്കിയാണ് അധ്യാപക നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

കണ്ണൂർ സർവകലാശാലയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ

ഫാഷൻ ഡിസൈനിങ് കോഴ്സ്

169 (3616) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർവകലാശാലയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിങ് കോഴ്സ് എന്നത് കണ്ണൂർ സർവകലാശാലയുടെ ബി.എസ് സി. ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈനിങ്ങിന്റെ ഉയർന്ന കോഴ്സാണ് എന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഇത് സംബന്ധിച്ച് കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ?

കണ്ണൂർ സർവകലാശാലയുടെ ഫാഷൻ ഡിസൈനിങ്ങിലെ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാം, കണ്ണൂർ സർവകലാശാലയുടെ ബി.എസ്.സി. ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈൻ ടെക്നോളജി പ്രോഗ്രാമിനേക്കാൾ ഉയർന്ന യോഗ്യതയാണെന്ന് സർവകാശാലാ

രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ സർവകലാശാലയുടെ ഫാഷൻ ഡിസൈനിങ്ങിലെ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമിനെ കണ്ണൂർ സർവകലാശാലയുടെ ബി.എസ് സി. ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈൻ ടെക്നോളജി പ്രോഗ്രാമിനെക്കാൾ ഉയർന്ന യോഗ്യതയായി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നാലുവർഷ ബിരുദ കോഴ്സ്

170 (3617) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ യൂണിവേഴ്സിറ്റിയിലും നാലുവർഷ ബിരുദ കോഴ്സിൽ അഡ്മിഷൻ നേടിയ വിദ്യാർഥികളുടെ എണ്ണം കോഴ്സ് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത കോഴ്സുകൾക്ക് യു.ജി.സി. യോഗ്യതയുള്ള എത്ര സ്ഥിരം അധ്യാപകരെ നിയമിച്ചിട്ടുണ്ട്; എത്ര താൽക്കാലിക അധ്യാപകരെ നിയമിച്ചിട്ടുണ്ട്?

നിലവിലുള്ള അധ്യാപക തസ്തികകൾ ഉപയോഗപ്പെടുത്തിയാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടത്തുന്നത്. ഒരോ സർവകലാശാലയിലും നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് അഡ്മിഷൻ നേടിയ വിദ്യാർഥികളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) യു.ജി.സി. ചട്ടപ്രകാരം എത്ര ശതമാനം താൽക്കാലിക അധ്യാപകരെയാണ് നിയോഗിക്കുവാൻ സാധിക്കുന്നത്; താൽക്കാലിക അധ്യാപകർക്ക് നൽകുന്ന ശമ്പള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കെയിലുകൾ എപ്രകാരമാണ്; സ്ഥിരം അധ്യാപകരെ നിയമിക്കുന്നതുവരെ ഇവരുടെ ശമ്പള സ്കെയിൽ ഉയർത്തി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

യു.ജി.സി. ചട്ടപ്രകാരം കരാർ അധ്യാപകർ, ആകെ അധ്യാപക തസ്തികകളുടെ എണ്ണത്തിന്റെ പത്ത് ശതമാനത്തിൽ കൂടാൻ പാടില്ല. താൽക്കാലിക അധ്യാപകർക്ക് നൽകുന്ന ശമ്പള സ്കെയിലുകൾ സംബന്ധിച്ച വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ചുവടെ ചേർക്കുന്നു:

കേരള സർവകലാശാല

കേരള സർവകലാശാലയിൽ കരാർ അധ്യാപകർക്ക് പ്രതിമാസം നാല്പതിനായിരം രൂപ പ്രതിഫലം നൽകിവരുന്നു.

എം.ജി. സർവകലാശാല

അസിസ്റ്റന്റ് പ്രൊഫസർ (on contract)

* UGC-Consolidated pay of ₹40,000/- (Forty Thousand Rupees only) per month.

* NON-UGC-Consolidated pay of ₹33,000/- (Thirty Three Thousand Rupees only) per month.

കാലിക്കറ്റ് സർവകലാശാല

നാലുവർഷ ബിരുദ കോഴ്സുകൾക്കായി കാലിക്കറ്റ് സർവകലാശാലയിലെ പഠനവകുപ്പുകളിൽ അധ്യാപകരെ നിയമിച്ചിട്ടില്ല.

കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാല പഠന വകുപ്പുകളിലെ താൽക്കാലിക അധ്യാപകരുടെ ശമ്പളം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

കുസാറ്റ്

പിഎച്ച്.ഡി. യോഗ്യതയുള്ളവർ - ₹42,000/- പ്രതിമാസം

പിഎച്ച്.ഡി. യോഗ്യതയില്ലാത്തവർ -₹40,000/- പ്രതിമാസം

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

കാലടി സംസ്കൃത സർവകലാശാലയിൽ നിലവിൽ യു.ജി.സി. യോഗ്യതയുള്ള അധ്യാപകർക്ക് 35,000/- രൂപയും നോൺ-യു.ജി.സി. യോഗ്യതയുള്ളവർക്ക് 25,000/- രൂപയുമാണ് നൽകുന്നത്.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

മലയാള സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിലുള്ളവർക്ക് പ്രതിമാസം 42,000/- സഞ്ചിത വേതനവും ദിവസ വേതനക്കാർക്ക് 1750/- രൂപ (പ്രതിമാസം പരമാവധി 43,750/-) നിരക്കിൽ ദിവസവേതനവും നൽകിവരുന്നുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

യു.ജി.സി. ചട്ടപ്രകാരം യു.ജി. കോഴ്സിന് 3 അധ്യാപകരെയും പി.ജി. കോഴ്സിന് 2 അധ്യാപകരെയും എന്ന തോതിൽ താൽക്കാലികമായി കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ടി അധ്യാപകരുടെ പ്രതിമാസ ശമ്പളം 42,000/- രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(സി) യു.ജി.സി. യോഗ്യതയുള്ള സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിലുള്ള അധ്യാപക തസ്തികകൾ ഉപയോഗപ്പെടുത്തിയാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടത്തുന്നത്.

സ്വകാര്യ സർവകലാശാലകളിലെ സംവരണം

171 (3618) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ തുടങ്ങാനുള്ള തീരുമാനത്തിന്റെ കാരണം വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായതും മെച്ചപ്പെട്ടതും ഗുണമേന്മയുമുള്ളതുമായ

ഉന്നതവിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നുമുള്ള വിദ്യാർഥികളെ ഇവിടേക്ക് ആകർഷിക്കുന്നതും Gross Enrollment Ratio (GER) വർധിപ്പിക്കുക എന്നതും പ്രധാന ഉദ്ദേശ്യമാണ്. ഇതിനാവശ്യമായ മൂലധന നിക്ഷേപം നടത്താൻ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

മാത്രമല്ല, കേന്ദ്ര സർക്കാർ നിയമങ്ങളിലെ പഴുതുകളുപയോഗിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ തന്നെ വിവിധ സ്ഥാപനങ്ങളും സർവകലാശാല സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള നിരവധി ഡീംഡ് സർവകലാശാലകളടക്കമുള്ള പുതിയ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാനുള്ള സാഹചര്യമുണ്ട്.

നിലവിൽ രാജ്യത്തെ 27 സംസ്ഥാനങ്ങളിലായി 502 സ്വകാര്യ സർവകലാശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങളെ കുറിച്ചും കേരളത്തിന്റെ പ്രത്യേക സാഹചര്യവും ഗൗരവതരമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതിയും സർക്കാരിന്റെ നിയന്ത്രണാധികാരവും stakeholders-ന്റെ അവകാശങ്ങളും ഉറപ്പുവരുത്തി ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ എല്ലാ സാധ്യതകളും ഉറപ്പുവരുത്തിയാണ് 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ കൊണ്ടുവന്നിട്ടുള്ളത്. സ്വകാര്യ

സർവകലാശാലകൾ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായാണ് പ്രവർത്തിക്കുകയുന്നത്.

(ബി) സ്വകാര്യ സർവകലാശാലകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമ്പത്തിക, സാമുദായിക സംവരണം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

സംവരണതത്വങ്ങൾ പാലിക്കുന്നതിനുവേണ്ട പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാല ബിൽ തയ്യാറാക്കിയിട്ടുള്ളത്.

ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണ വ്യവസ്ഥ ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വകാര്യ സർവകലാശാലകളുടെ ഫീസിന്റെ കാര്യത്തിൽ സർക്കാരിന് നിയന്ത്രണമുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ; വിശദമാക്കുമോ?

സാമൂഹ്യനീതി എന്ന ആശയത്തിലധിഷ്ഠിതമായാണ് സംസ്ഥാനത്തെ സ്വകാര്യ സർവകലാശാലാ ബിൽ തയ്യാറാക്കിയിരിക്കുന്നത്. സർക്കാരിന്റെ റെഗുലേറ്ററി ബോഡി

സ്വകാര്യ സർവകലാശാലാ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

സർവകലാശാലകളുടെ റാങ്കിങ്

172 (3619) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മറ്റ് സർവകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ റാങ്കിങ്ങിന്റെ അംഗീകൃത സ്ഥാനക്രമം പട്ടികയായി ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർഥികളുടെ എണ്ണം എത്രയാണെന്നും ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ളവരാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സർവകലാശാലകളുടെ ഗുണനിലവാരം മെച്ചപ്പെട്ടതാണെന്ന് കരുതുന്നുണ്ടെങ്കിൽ അതിന് ഉപോൽബലകമായ സ്ഥിതിവിവരക്കണക്കുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

(എ-സി) അനുബന്ധമായി ചേർക്കുന്നു*.

സർവകലാശാലകളിലെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

173 (3620) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം, ഗ്രേഡ് കാർഡുകളും സർട്ടിഫിക്കറ്റുകളും അനുവദിക്കൽ തുടങ്ങി വിദ്യാർഥികളുമായി ബന്ധപ്പെട്ട മുഴുവൻ സേവനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർവകലാശാലകൾ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും വിശദമാക്കാമോ?

പരീക്ഷ സംബന്ധമായ എല്ലാ കാര്യങ്ങളും സമയബന്ധിതമായും കൃത്യതയോടും നിർവഹിക്കാൻ സർവകലാശാലകളിൽ വിവര സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. 2024-25 അധ്യയനവർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും ആരംഭിച്ചു. വിദ്യാർഥി സേവനങ്ങൾ വേഗത്തിലാക്കുന്നതിനായി K-REAP സോഫ്റ്റ്വെയർ ഫ്രെയിംവർക്ക് എല്ലാ സർവകലാശാലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിലെ ഡിജിറ്റലൈസേഷന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്വെയറുകളിൽ സർവകലാശാലകളിലെ സാങ്കേതിക വിഭാഗം നേരിട്ട് വികസിപ്പിച്ചെടുത്തവ ഏതെല്ലാമാണെന്നും ബാഹ്യ ഏജൻസികളുടെ സോഫ്റ്റ്വെയറുകൾ ഏതെല്ലാമാണെന്നും അവയോരോന്നും ഏതെല്ലാം സേവനങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നതെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഡിജിറ്റലൈസേഷന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത എന്നിവ പരിശോധിക്കുന്നതിനും ആവശ്യമായ അപ്ഡേഷൻ വരുത്തുന്നതിനുമായി ഉപയോഗിക്കുന്ന സംവിധാനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

സോഫ്റ്റ്വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത മുതലായവ പരിശോധിക്കാൻ സർവകലാശാലകൾ CDAC പോലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. കോളേജുകളിൽനിന്നും വിദ്യാർഥികളിൽനിന്നും പ്രശ്നങ്ങൾ (Bugs) റിപ്പോർട്ട് ചെയ്യുമ്പോൾ ആ നിമിഷംതന്നെ അത് പരിഹരിക്കാനുള്ള സംവിധാനം സർവകലാശാലകൾക്കുണ്ട്. സർവകലാശാലയിലെ സാങ്കേതിക വിഭാഗം നിർമിച്ച സോഫ്റ്റ്വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത എന്നിവ അതാത് കാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. സർവകലാശാലയിലെ സാങ്കേതിക വിഭാഗം നിർമിച്ച സോഫ്റ്റ്വെയറുകളുടെ ആവശ്യമായ അപ്ഡേഷൻ വരുത്തുന്നതും കാലാകാലങ്ങളിൽ ആവശ്യമായ മൊഡ്യൂളുകൾ കൂട്ടിച്ചേർക്കുന്നതും ഇതേ വിഭാഗമാണ്.

(ഡി) വിവിധ കോഴ്സുകളിലെ പ്രവേശനവും പരീക്ഷയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് സർവകലാശാലകളുടെ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർഥികളിൽനിന്നും ഏതെങ്കിലും തരത്തിലുള്ള ഫീസ് സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ കോഴ്സുകളിലെ പ്രവേശനവും പരീക്ഷയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് സർവകലാശാലകളുടെ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർഥികളിൽനിന്നും മഹാത്മാഗാന്ധി സർവകലാശാല ഒഴികെ മറ്റ് സർവകലാശാലകളൊന്നും ഫീസുകൾ സ്വീകരിക്കുന്നില്ല.

(ഇ) ഓരോ സർവകലാശാലകളിലും ഡിജിറ്റലൈസേഷൻ, സോഫ്റ്റ്വെയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗം/ബ്രാഞ്ച് ഏതാണെന്നുള്ള വിവരവും പ്രസ്തുത വിഭാഗത്തിന് കീഴിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകിയ ഇനത്തിൽ ഓരോ സർവകലാശാലയും 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷം, ജീവനക്കാരുടെ എണ്ണം, തുക എന്ന ക്രമത്തിൽ ലഭ്യമാക്കാമോ;

(ജി) സർവകലാശാലകളിലെ പ്രവേശനം, പരീക്ഷ നടത്തിപ്പ്, അക്കാദമികവും ഭരണപരവുമായ സംവിധാനങ്ങൾ തുടങ്ങിയവയുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി ഓരോ സർവകലാശാലയും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്&ജി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. എ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല എന്നീ സർവകലാശാലകളുടെ വിവരം ശേഖരിച്ചുവരുന്നു.

സ്വകാര്യ സർവകലാശാലകൾ

174 (3621) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

സംവരണ തത്വങ്ങൾ പാലിക്കുന്നതിനുവേണ്ട പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാല ബിൽ തയാറാക്കിയിട്ടുള്ളത്. ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിവിധ കോഴ്സുകൾക്ക് പലതരം സംവരണ മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ മൾട്ടി ഡിസിപ്ലിനറി സർവകലാശാലകൾ ഏത് രീതിയിൽ സംവരണക്രമം പാലിക്കുമെന്ന് വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ടും റൂൾസ് രൂപീകരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പി.ജി. മെഡിക്കൽ പ്രവേശനത്തിന് സംസ്ഥാന ക്വാട്ട

175 (3622) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ജി. മെഡിക്കൽ പ്രവേശനത്തിന് നിലവിലുണ്ടായിരുന്ന 50% സംസ്ഥാന ക്വാട്ട സുപ്രീം കോടതി റദ്ദാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

യൂണിയൻ ടെറിട്ടറി ഓഫ് ചണ്ഡീഗഡിലെ മെഡിക്കൽ പി.ജി. പ്രവേശനത്തിനുള്ള സംസ്ഥാന ക്വാട്ടയിലുള്ള, വാസസ്ഥലം (Residence/Domicile) അടിസ്ഥാനമാക്കിള്ള സംവരണം ഭരണഘടനാ വിരുദ്ധമാണെന്ന് Civil Appeal No.9289/2019 & Conn. Cases-ൽ ബഹു. സുപ്രീം കോടതി 29-01-2025-ൽ ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വിധിന്യായത്തിന്മേൽ പി.ജി. മെഡിക്കൽ പ്രവേശന മാനദണ്ഡങ്ങൾ പരിഷ്കരിച്ച് വ്യക്തത വരുത്തിക്കൊണ്ടുള്ള മാർഗനിർദേശങ്ങൾ ദേശീയ മെഡിക്കൽ കമ്മീഷനോ (NMC) മെഡിക്കൽ കൗൺസിലിങ് കമ്മിറ്റിയോ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

(ബി) സ്വകാര്യ സർവകലാശാലകളിലെ പി.ജി. മെഡിക്കൽ കോഴ്സുകളിൽ 40% സീറ്റുകൾ കേരളത്തിൽനിന്നുള്ള വിദ്യാർഥികൾക്കായി നീക്കിവയ്ക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; മേൽപ്പറഞ്ഞ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇത് പ്രായോഗികമാണോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണം നടന്നുവരികയാണ്. ആയത് പൂർത്തിയായിട്ടില്ല.

യൂണിവേഴ്സിറ്റി കോളേജിലെ ഭിന്നശേഷിക്കാരനായ വിദ്യാർഥിക്കേറ്റ മർദനം

176 (3623) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഭിന്നശേഷിക്കാരനായ വിദ്യാർഥിയെ പ്രമുഖ വിദ്യാർഥി സംഘടനയുടെ നേതാക്കൾ ക്രൂരമായി മർദിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ?

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർഥികൾ അതേ കോളേജിലെ ഭിന്നശേഷിക്കാരനായ വിദ്യാർഥിയെ മർദിച്ചുവെന്ന പരാതിയിന്മേൽ പോലീസ് അന്വേഷണം നടന്നുവരികയാണ്.

(ബി) ഇതേ സംഘടനയുടെ പ്രവർത്തകനായ പ്രസ്തുത വിദ്യാർഥിയെ കോളേജിലെ യൂണിയൻ റൂമിൽ കൊണ്ടുപോയി മർദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാർഥി പോലിസിന് പരാതി സമർപ്പിച്ചതിനെത്തുടർന്ന് പോലീസ് അന്വേഷണവും സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് പരാതി സമർപ്പിച്ചതിനെത്തുടർന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പുതല അന്വേഷണവും നടത്തിയിരുന്നു.

(സി) വിദ്യാർഥിയുടെ പരാതിയെക്കുറിച്ച് വസ്തുനിഷ്ഠമായ അന്വേഷണം നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദേശിച്ചിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദേശിച്ചിരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിന്റെ കണ്ടെത്തലുകളും നിഗമനങ്ങളും ചുവടെ ചേർക്കുന്നു.

വിവിധ ദിവസങ്ങളിലായി നടത്തിയ അന്വേഷണത്തിലും ഹിയറിങ്ങുകളിലുമായി കോളേജ് പ്രിൻസിപ്പലിനെയും 11 അധ്യാപകരെയും 13 വിദ്യാർഥികളെയും നേരിൽ

കേൾക്കുകയുണ്ടായി. കുറ്റാരോപിതരെയും സാക്ഷികളെയും വിദ്യാർഥികളെയും നേരിൽകേട്ടതിൽനിന്നും മൊഴികൾ പരിശോധിച്ചതിൽനിന്നും ശ്രീ. മുഹമ്മദ് അനസിനെ വിദ്യാർഥികൾ കോളേജ് യൂണിയൻ റൂമിലേക്ക് ഷർട്ടിൽ പിടിച്ചുകൊണ്ടുപോകുന്നതായി കണ്ടത് 3 വിദ്യാർഥികളാണെന്ന് പരാതിക്കാരൻ പറഞ്ഞിരുന്നുവെങ്കിലും ഒരു വിദ്യാർഥി മാത്രമാണ് അത്തരത്തിൽ മൊഴി തന്നിട്ടുള്ളത്. എന്നാൽ അപ്രകാരം സംഭവമുണ്ടായിട്ടില്ലെന്നും ശ്രീ. മുഹമ്മദ് അനസ് ഇടയ്ക്കിടയ്ക്ക് യൂണിയൻ റൂമിൽവന്ന് നോക്കുക മാത്രമാണ് ഉണ്ടായതെന്നും സാക്ഷികളായ മറ്റ് വിദ്യാർഥികളുടെ മൊഴികളുമുണ്ട്. അതിനാൽ പരാതിക്കാരനെ യൂണിയൻ റൂമിലേക്ക് പിടിച്ചുകൊണ്ടുപോയി എന്നത് പൂർണ്ണമായും വസ്തുതാപരമായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ശ്രീ. മുഹമ്മദ് അനസിന് അന്നേദിവസം മർദനമേറ്റതായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നുള്ള ആക്സിഡന്റ് രജിസ്റ്റർ കം വൂൺഡ് സർട്ടിഫിക്കറ്റിൽനിന്നും അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ശ്രീ. മുഹമ്മദ് അനസിന് ഉണ്ടായ പരിക്കുകൾ കോളേജിലെ യൂണിയൻ റൂമിൽ വച്ചാണോ മറ്റ് മൊഴികളിൽ പറയുന്ന രീതിയിൽ അന്നേ ദിവസംതന്നെ നടന്ന ശ്രീ. വിഷ്ണു വിനോദുമായുള്ള സംഘർഷത്തിൽ സംഭവിച്ചതാണോ അതേ ദിവസംതന്നെ മറ്റേതെങ്കിലും പ്രശ്നത്തിൽ സംഭവിച്ചതാണോ എന്നതിന്റെ തെളിവുകളും ലഭിച്ചില്ല. അന്നേ ദിവസം വൈകുന്നേരം ശ്രീ. മുഹമ്മദ് അനസ് ശ്രീ. വിഷ്ണു വിനോദ് എന്ന മറ്റൊരു വിദ്യാർഥിയെ മർദിച്ചിരുന്നുവെന്ന് ഒട്ടനവധി വിദ്യാർഥികൾ മൊഴി നൽകിയിട്ടുമുണ്ട്.

ഇതേ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് ശാസ്ത്രീയവും വസ്തുതാപരവുമായ പോലീസ് അന്വേഷണം ആവശ്യമാണെന്ന് കാണുന്നതായും ബഹു. മനുഷ്യാവകാശ കമ്മീഷനെ ബോധിപ്പിച്ചിട്ടുണ്ട്.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

177 (3624) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്കുവേണ്ടി കഴിഞ്ഞ ബജറ്റിൽ സർക്കാർ ഗ്രാന്റ് ഇനത്തിൽ എത്ര തുകയാണ് അനുവദിച്ചത്; ഈ തുക എത്രയായി വെട്ടിച്ചുരുക്കി; നാളിതുവരെ എത്ര തുക വിതരണം ചെയ്തു; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സർക്കാർ ഗ്രാന്റ് അനുവദിക്കാത്തതിനാൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ അധ്യാപകർക്കും അനധ്യാപകർക്കും ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ഗ്രാന്റ് പാസ്സാക്കുന്നതിലുണ്ടാകുന്ന കാലതാമസംമൂലം സർവകലാശാലയിലെ ശമ്പളം നൽകുന്നതിന് ചില സമയങ്ങളിൽ കാലതാമസമുണ്ടായിട്ടുണ്ട്.

(സി) നിലവിൽ ഗ്രാന്റ് പ്രതിമാസമാണോ നൽകുന്നത്; ഈ രീതിയിൽ മാറ്റം വരുത്തിയത് എന്നുമുതലാണ്; മുമ്പ് എപ്രകാരമായിരുന്നു വിതരണം ചെയ്തിരുന്നത്?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് നിലവിൽ ഗ്രാന്റ് പ്രതിമാസമാണ് നൽകുന്നത്. 2023-24 സാമ്പത്തിക വർഷം മുതലാണ് ഓരോ മാസവും ഗ്രാന്റ് നൽകുന്നത്. അതിനുമുമ്പ് 3 മാസത്തേക്ക് വീതം 4 ഗഡുക്കളായിട്ടാണ് ഓരോ വർഷവും ഗ്രാന്റ് സർക്കാരിൽനിന്നും അനുവദിച്ചു നൽകിയിരുന്നത്.

(ഡി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ശമ്പള ഗ്രാന്റ് ഇനത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ശമ്പള ഗ്രാന്റ് ഇനത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

സ്വകാര്യ സർവകലാശാലകളുടെ കടന്നുവരവ്

178 (3625) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ കടന്നുവരുമ്പോൾ പൊതു സർവകലാശാലകൾ ഏതൊക്കെ തരത്തിലുള്ള വെല്ലുവിളികൾ നേരിടാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാല അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. നിലവിൽ രാജ്യത്തെ 27 സംസ്ഥാനങ്ങളിലായി 502 സ്വകാര്യ സർവകലാശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും കേരളത്തിന്റെ പ്രത്യേക സാഹചര്യവും ഗൗരവമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതിയും, സർക്കാരിന്റെ നിയന്ത്രണാധികാരവും stakeholders-ന്റെ അവകാശങ്ങളും ഉറപ്പുവരുത്തിയും ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ എല്ലാ സാധ്യതകളും ഉറപ്പുവരുത്തിയുമാണ് സ്വകാര്യ സർവകലാശാല അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.

സംസ്ഥാനത്തെ പൊതു സർവകലാശാലകളെല്ലാംതന്നെ റാങ്കിങ്, അക്രെഡിറ്റേഷൻ രംഗത്തും മറ്റ് മേഖലകളിലും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇപ്പോഴുള്ളത്. അതുകൊണ്ടുതന്നെ സ്വകാര്യ മേഖലയിലെ സർവകലാശാലകളോട് ആരോഗ്യകരമായ മത്സരം നടത്താനുള്ള ശേഷി നമ്മുടെ പൊതു സർവശാലകൾക്കുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് ഈ ഘട്ടത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കാനുള്ള നടപടികളിലേക്ക് സർക്കാർ പ്രവേശിച്ചത്.

(ബി) സ്വകാര്യ സർവകലാശാലകൾ അനുവദിക്കുന്ന സാഹചര്യത്തിൽ പൊതു സർവകലാശാലകളുടെ കാര്യക്ഷമതയും കാലികമായ പരിഷ്കരണവും ഉറപ്പാക്കുന്നതിനായി സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്വകാര്യ സർവകലാശാല ബില്ലിനോടൊപ്പം അവതരിപ്പിക്കുന്ന സർവകലാശാല നിയമ പരിഷ്കരണ ഭേദഗതി ബില്ലുകൾ പൊതു സർവകലാശാലകളുടെ വളർച്ച ഉറപ്പുവരുത്തുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. സേവന രംഗത്തെ പോരായ്മകളും അക്കാദമിക് രംഗത്തെ മാറ്റങ്ങൾക്കൊടുക്കുന്ന കാലതാമസവും ഗവേഷണ രംഗത്തെ മുരടിപ്പും പഴഞ്ചൻ നിയമങ്ങൾ സൃഷ്ടിക്കുന്ന തടസ്സങ്ങളും പൂർണമായും ഇല്ലാതാക്കി പൊതു സർവകലാശാലകൾക്ക് ഒരു പുതിയ മുഖം നൽകുന്നതിന് ഇതിനകം സാധിച്ചിട്ടുണ്ട്.

പൊതുസർവകലാശാലകളെ ശാക്തീകരിക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന ഉടനെ തന്നെ സർവകലാശാലകളുടെ കാലിക പരിഷ്കരണം സംബന്ധിച്ച് പഠിക്കാൻ 3 കമ്മീഷനുകളെ നിയമിച്ചു. ശ്യാം ബി. മേനോൻ അധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പ്രൊഫ. സി. ടി. അരവിന്ദകുമാർ അധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ, പ്രൊഫ. എൻ. കെ. ജയകുമാർ അധ്യക്ഷനായ സർവകലാശാലാ നിയമ പരിഷ്കരണ കമ്മീഷൻ എന്നിവ സമർപ്പിച്ച റിപ്പോർട്ടുകളിലെ നിർദേശങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി ചരിത്രത്തിലാദ്യമായി ഒരു സമഗ്ര കരിക്കുലം ചട്ടക്കൂട് രൂപീകരിച്ച് സർവകലാശാലകൾക്ക് നൽകി. അതിന്റെ വെളിച്ചത്തിൽ സർവകലാശാലകൾ

കരിക്കുലത്തിലും സിലബസിലും സമഗ്രമായ മാറ്റങ്ങൾ വരുത്തി. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഒരു ഏകീകൃത കലണ്ടർ തയ്യാറാക്കി പരീക്ഷ, ഫല പ്രഖ്യാപനം, മാർക്ക് ലിസ്റ്റ് വിതരണം എന്നിവ സർവകലാശാലകൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യവികസനം ഉൾപ്പെടെ സർവകലാശാലകൾക്ക് 6000-ൽ അധികം കോടി രൂപയുടെ ധനസഹായം നൽകി.

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന് കുതിപ്പേകുന്നതിന്റെ ഭാഗമായി നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിൽ വരുത്തിക്കഴിഞ്ഞു. ഗവേഷണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഏഴ് സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രോഗ്രാമുകളും കോഴ്സുകളും കാലോചിതമായി പരിഷ്കരിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. Industry Academic linkage ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി Industry at campus, സ്കിൽ പാർക്കുകൾപോലെയുള്ള പദ്ധതികൾ കേരളത്തിലെ കോളേജുകളിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുസർവകലാശാലകളുടെ ധനകാര്യ സംഘാടനവും പരിഷ്കരണവും പഠനവിധേയമാക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലുള്ള പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിഷന്റെ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(https://www.kshec.kerala.gov.in/images/pdf/HIGHER_EDUCATION_REFORMS COMMISSION_REPORT.pdf).

സ്വകാര്യ സർവകലാശാലകളുടെ നിയന്ത്രണം

179 (3626) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കാനിരിക്കുന്ന സ്വകാര്യ സർവകലാശാലകളിൽ എപ്രകാരമാണ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാല ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചത്. സാമൂഹ്യനീതിയും സർക്കാരിന്റെ നിയന്ത്രണാധികാരവും stakeholders-ന്റെ അവകാശങ്ങൾ ഉറപ്പുവരുത്തിയും ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ എല്ലാ സാധ്യതകളും ഉറപ്പുവരുത്തിയുമാണ് സ്വകാര്യ സർവകലാശാലകൾ അനുവദിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. വിദ്യാർഥികൾക്കും അധ്യാപകർക്കുമുള്ള അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സാമൂഹ്യനീതിയിലധിഷ്ഠിതമായ ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതുകൂടിയാണ് സ്വകാര്യ സർവകലാശാലകൾ അനുവദിക്കുന്നതിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

(ബി) സ്വകാര്യ സർവകലാശാലകളിലെ ഫീസിന്റെ കാര്യത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് സ്വകാര്യ സർവകലാശാലകളിൽ ഫീസ് ആനുകൂല്യങ്ങൾ നൽകാൻ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) സാമൂഹ്യനീതി എന്ന ആശയത്തിൽ അധിഷ്ഠിതമായാണ് സംസ്ഥാനത്തെ സ്വകാര്യ സർവകലാശാലാ ബിൽ തയ്യാറാക്കിയിരിക്കുന്നത്. സർക്കാരിന്റെ റെഗുലേറ്ററി ബോഡി സ്വകാര്യ സർവകലാശാലാ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗവേഷക വിദ്യാർഥികളുടെ ഫീസ് ഘടന

180 (3627) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16, 2021-22, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിലെ വിവിധ സർവകലാശാലകളിലെ ഗവേഷക വിദ്യാർഥികളുടെയും പാർട്ട് ടൈം ഗവേഷക വിദ്യാർഥികളുടെയും വിവിധ കാറ്റഗറിയിലെ ഫീസിന്റെ ഘടന, ഗവേഷണ കേന്ദ്രങ്ങളിലെ അഫിലിയേഷൻ ഫീസിന്റെ ഘടന, ഉത്തരക്കടലാസിന്റെ പുന:പരിശോധന, പകർപ്പ്, സൂക്ഷ്മ പരിശോധന എന്നിവയ്ക്കുള്ള ഫീസിന്റെ ഘടന എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ?

സർവകലാശാലകൾ ലഭ്യമാക്കിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

സർവകലാശാല റെഗുലേഷന് വിരുദ്ധമായ പ്രവേശനവും പരീക്ഷ രജിസ്ട്രേഷനും

181 (3628) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ അതത് സമയങ്ങളിൽ പ്രാബല്യത്തിലുള്ള റെഗുലേഷനുകൾ പ്രകാരം വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം, പരീക്ഷാ രജിസ്ട്രേഷൻ, പരീക്ഷയിലെ ജയപരാജയങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ വ്യക്തമാക്കാറുണ്ടോയെന്ന് വിശദമാക്കാമോ?

അതത് സമയങ്ങളിൽ പ്രാബല്യത്തിലുള്ള റെഗുലേഷനുകൾ പ്രകാരം വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം, പരീക്ഷാ രജിസ്ട്രേഷൻ, പരീക്ഷയിലെ ജയപരാജയങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ പ്രവേശന പ്രോസ്പെക്ടസ്, വെബ്സൈറ്റ്, പരീക്ഷാ മാന്വൽ തുടങ്ങിയവ മുഖേന സർവകലാശാലകൾ വ്യക്തമാക്കാറുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) വിവിധ പ്രോഗ്രാമുകളുടെ റെഗുലേഷനിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവേശനം, പരീക്ഷാ രജിസ്ട്രേഷൻ എന്നിവയിൽ മാനുഷിക പരിഗണ ചൂണ്ടിക്കാട്ടി സർവകലാശാല സിൻഡിക്കേറ്റും മറ്റ് സമിതികളും ക്രമപ്പെടുത്തി നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പ്രവണതകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

യൂണിവേഴ്സിറ്റിയുടെ റെഗുലേഷന് വിരുദ്ധമായ തീരുമാനങ്ങൾ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം, പരീക്ഷാ രജിസ്ട്രേഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് പോലെയുള്ള സമിതികൾ എടുക്കാറില്ല. എന്നാൽ, കാലാനുസൃതമായ പരിഷ്കാരം ആവശ്യമാകുന്ന സാഹചര്യത്തിലോ, പ്രത്യേക അസുഖങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നിങ്ങനെയുള്ള പ്രത്യേക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലോ ചില സന്ദർഭങ്ങളിൽ സിൻഡിക്കേറ്റിന്റെയോ മറ്റു ബന്ധപ്പെട്ട സമിതികളുടെയോ അംഗീകാരത്തോടെ ചില സർവകലാശാലകൾ പ്രവേശനം, പരീക്ഷ രജിസ്ട്രേഷൻ എന്നിവ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

(സി) 2021-22 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് റെഗുലേഷനിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവേശനം അനുവദിക്കുകയും പിന്നീട് പ്രവേശനം ക്രമപ്പെടുത്തി നൽകുകയും ചെയ്ത വിദ്യാർഥികളുടെ വിശദാംശങ്ങൾ അധ്യയന വർഷം, എണ്ണം, പ്രോഗ്രാം, കോളേജ്/സർവകലാശാല, പഠന വകുപ്പ് എന്നിവ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) 2021-22 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകളിലെ പരീക്ഷാ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് റെഗുലേഷനിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി പരീക്ഷ രജിസ്ട്രേഷൻ അനുവദിക്കുകയും പിന്നീട് അത് ക്രമപ്പെടുത്തി നൽകുകയും ചെയ്ത വിദ്യാർഥികളുടെ വിശദാംശങ്ങൾ അധ്യയന വർഷം, എണ്ണം, പരീക്ഷ, കോഴ്സ്, സെമസ്റ്റർ/ഇയർ, പ്രോഗ്രാം, കോളേജ്/സർവകലാശാല, പഠന വകുപ്പ് എന്നിവ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി

182 (3630) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ 2014-16 കാലഘട്ടത്തിൽ നടന്ന ലോക്കൽ എരിയാ നെറ്റ്വർക്കിങ് പ്രവൃത്തിയിൽ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ എന്തുനടപടികളാണ് സർവകലാശാല സ്വീകരിച്ചതെന്ന് അറിയിക്കാമോ?

കാലിക്കറ്റ് സർവകലാശാലയിൽ 2014-2016 കാലഘട്ടത്തിൽ നടന്ന ലോക്കൽ ഏരിയ നെറ്റ്വർക്കിങ് പ്രവൃത്തിയിൽ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ആരോപണ വിധേയനായ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ ശ്രീ. മുഹമ്മദ് സാജിദ് ടി.-യെ അന്വേഷണവിധേയമായി 11-09-2020-ലെ സർവകലാശാല

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉത്തരവ് നം.8099/2020/Admn. പ്രകാരം സർവീസിൽനിന്നും സസ്പെന്റ് ചെയ്തു. ശേഷം മേൽ വിഷയത്തിൽ സർവകലാശാല ഒരു അന്വേഷണ കമ്മിറ്റിയെ നിയമിക്കുകയും കമ്മിറ്റിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ 13-09-2022-ലെ സർവകലാശാല ഉത്തരവ് നം.17381/2022/Admn. പ്രകാരം ആരോപണവിധേയനായ ശ്രീ. മുഹമ്മദ് സാജിദ് ടി.-യെ 5 വർഷത്തേക്ക് ജൂനിയർ എഞ്ചിനീയർ തസ്തികയിലേക്ക് തരംതാഴ്ത്താനും കൂടാതെ സർവകലാശാലയ്ക്ക് നഷ്ടം സംഭവിച്ചതായി കണക്കാക്കിയ 27,42,116/- രൂപ അദ്ദേഹത്തിൽനിന്ന് ഈടാക്കാനും ഉത്തരവായി. തുടർന്ന് ജൂനിയർ എഞ്ചിനീയർ പദവിയിൽ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദേശിച്ചുകൊണ്ട് ശ്രീ. മുഹമ്മദ് സാജിദ് ടി.-ക്ക് 16-09-2022-ൽ 7361/AD-F-ASST2/2012/CU. നമ്പർ മെമ്മോ നൽകുകയും ടിയാൻ അപ്രകാരം ജൂനിയർ എഞ്ചിനീയറായി ജോയിൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1977-ലെ കാലിക്കറ്റ് സർവകലാശാലാ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് അധ്യായം 4, സ്റ്റാറ്റ്യൂട്ട് 52, 53 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം ടിയാൻ കാലിക്കറ്റ് സർവകലാശാലാ ചാൻസലർ മുമ്പാകെ അപ്പീൽ പെറ്റീഷൻ സമർപ്പിച്ചിരുന്നു. പെറ്റീഷൻ പരിഗണിച്ച ചാൻസലർ 27-06-2024-ൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചതായി 28-06-2024-ലെ GS3-2783/2022 നമ്പർ കത്ത് പ്രകാരം ഗവർണ്ണറുടെ അഡീഷണൽ ചീഫ് സെക്രട്ടറി സർവകലാശാലയെ അറിയിച്ചിരുന്നു:

"(a) The punishment imposed on the appellant through Annexure A25 is set aside. (b) The appellant shall be granted with all the service benefits due to him as if he continued in the post of Instrumentation Engineer, without any reversion. (c) The monetary

benefits due to him on the basis of the above directions shall be and disbursed to him within a period of three months from today, i.e. 27-06-2024 (d) On failure to disburse the amount as directed above interest at the rate of 12% shall be paid to the appellant on the amount due for the delayed period and the same shall be recovered from the officer, who is found responsible for causing the delay"

ബഹുമാനപ്പെട്ട ചാൻസലറുടെ പ്രസ്തുത ഉത്തരവ് പരിഗണിച്ച 11-07-2024-ൽ ചേർന്ന സർവകലാശാലാ സിൻഡിക്കേറ്റ് യോഗം ചാൻസലറുടെ തീരുമാനത്തിനെതിരെ ബഹു. ഹൈക്കോടതിയെ സമീപിക്കാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നടപ്പിൽവരുത്തുകയും ചെയ്തു. എന്നാൽ ശ്രീ. മുഹമ്മദ് സാജിദ് ടി. സമർപ്പിച്ച അപ്പീൽ പരിഗണിച്ചുകൊണ്ട് ബഹു. ചാൻസലർ പുറപ്പെടുവിച്ച 27-06-2024-ലെ GS3-2783/2022 നടപടിക്രമം, വൈസ് ചാൻസലറുടെ 11-09-2024-ലെ 7361/AD-F-ASST-2/2012/CU നമ്പർ നടപടിക്രമം വഴി നടപ്പിലാക്കിയതായി വൈസ് ചാൻസലർ അറിയിച്ചിട്ടുണ്ട്. എന്നാൽ സിൻഡിക്കേറ്റ് അംഗം അഡ്വ. എം. ബി. ഫൈസൽ ഫയൽ ചെയ്ത കേസിൽ ചാൻസലറുടെ തീരുമാനം നടപ്പാക്കുന്നത് ഇടക്കാല ഉത്തരവിലൂടെ ബഹു. ഹൈക്കോടതി താൽക്കാലികമായി മരവിപ്പിക്കുകയും അതുപ്രകാരം ബഹു. ചാൻസലറുടെ തീരുമാനം നടപ്പിൽവരുത്തിയത് താൽക്കാലികമായി മരവിപ്പിച്ചതായി വൈസ് ചാൻസലർ ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; വിശദമാക്കാമോ?

കാലിക്കറ്റ് സർവകലാശാലയിൽ 2014-16 കാലഘട്ടത്തിൽ നടന്ന ലോക്കൽ ഏരിയാ നെറ്റ്‌വർക്കിങ് പ്രവൃത്തിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. അനൂപ് കുമാർ എന്നയാൾ സമർപ്പിച്ച പരാതിയിൽ സർവകലാശാല സയൻസ് ഇൻസ്ട്രുമെന്റേഷൻ സെന്റർ ജൂനിയർ എഞ്ചിനീയർ ശ്രീ. മുഹമ്മദ് സാജിദ് ടി.-ക്ക് എതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ PE 01/2022/NRK നമ്പരായി ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

(സി) ക്രമക്കേടിന് ഉത്തരവാദിയായി കണ്ടെത്തിയ ഉദ്യോഗസ്ഥനെ കുറ്റവിമുക്തനായി പ്രഖ്യാപിക്കുന്നതിനുമുമ്പ് ധനകാര്യ വകുപ്പിന്റെ വിശദീകരണം തേടിയിരുന്നോ; വ്യക്തമാക്കാമോ?

പ്രസ്തുത ഉദ്യോഗസ്ഥനെതിരെയുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

എൻ.സി.സി. കേഡറ്റ്സിന്റെ റിഫ്രഷ്മെന്റിനായുള്ള ഫണ്ട്

183 (3631) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അക്കാദമിക വർഷത്തിൽ എൻ.സി.സി. കേഡറ്റ്സിന്റെ റിഫ്രഷ്മെന്റിനായുള്ള ഫണ്ട് അനുവദിക്കാത്തതിനാൽ ഭക്ഷണം ലഭ്യമാക്കിയ കോൺട്രാക്ടർക്ക് അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാരായ അധ്യാപകർതന്നെ ഉക

നൽകേണ്ട സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കാൻ താമസംവിനാ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) 2024-25 അക്കാദമിക വർഷത്തിലെ പരേഡ് പൂർത്തിയായ സാഹചര്യത്തിൽ ഈ വർഷത്തെ റിഫ്രഷ്മെന്റ് തുക അനുവദിക്കുന്നതിനുള്ള കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) 2023-24 സാമ്പത്തിക വർഷത്തിൽ എൻ.സി.സി. വകുപ്പിന് 2024-00-102-99-00-34-03-NP ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12 കോടി രൂപയും 2024-25 വർഷത്തിൽ 12.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിനുള്ള ആവശ്യത്തിന്മേൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ എൻ.സി.സി. വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാരുടെ ഓണറേറിയത്തിൽ എത്ര വർഷത്തെ സംസ്ഥാന വിഹിതം നൽകുവാനുണ്ട്; അത് ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാരുടെ ഓണറേറിയം 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിനുള്ള ആവശ്യത്തിന്മേൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ

എൻ.സി.സി. വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

എൻ.സി.സി കേഡറ്റുകൾ

184 (3632) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷം എൻ.സി.സി. കേഡറ്റുകൾക്ക് എൻ.സി.സി. ഓഫീസർമാർ നൽകിയ റിഫ്രഷ്മെന്റ് ഇനത്തിലെ തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ എൻ.സി.സി. വകുപ്പിന് 2024-00-102-99-00-34-03-NP ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിന് എൻ.സി.സി. വകുപ്പിൽനിന്നും ലഭ്യമായ കത്തിന്മേൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) മുൻകാലങ്ങളിൽ റിഫ്രഷ്മെന്റ് ഇനത്തിൽ ഓരോ കേഡറ്റിനും ഒരു പരേഡിന് എത്ര രൂപയാണ് നൽകിയതെന്ന് അറിയിക്കാമോ?

ഒരു പിരിയിഡിന് 20/-രൂപ നിരക്കിലാണ് റിഫ്രഷ്മെന്റ് അലവൻസ് നൽകുന്നത്. 3 പീരിഡ് ചേരുന്നതാണ് ഒരു പരേഡ്.

(സി) ഈ വർഷം കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ഇനത്തിലെ തുകയ്ക്ക് എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ?

ഈ വർഷം കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ഇനത്തിലെ തുകയിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല.

(ഡി) കഴിഞ്ഞ വർഷത്തെ റിഫ്രഷ്മെന്റ് ഇനത്തിലെ കുടിശ്ശിക മുഴുവനായി കോളജുകൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

അധിക തുക അനുവദിക്കുന്നതിന് എൻ.സി.സി. വകുപ്പിൽനിന്നും ലഭ്യമായ കത്തിന്മേൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം

185 (3633) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ? സംസ്ഥാനത്ത് അനാഥരാക്കപ്പെടുന്ന മുതിർന്നപൗരന്മാരെ സംരക്ഷിക്കുന്നതിനായി നിലവിൽ 17 സർക്കാർ വൃദ്ധസദനങ്ങളും സർക്കാർ ഗ്രാന്റോടുകൂടി എൻ.ജി.ഒ. തലത്തിൽ പ്രവർത്തിക്കുന്ന 199 വൃദ്ധസദനങ്ങളും പ്രവർത്തിച്ചുവരുന്നു. അതിൽ കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ കിടപ്പുരോഗികൾക്കുള്ള ഓൾഡേജ് ഹോമും ഡിമെൻഷ്യ ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനവും ഉൾപ്പെടുന്നു. എൻ.ജി.ഒ. തലത്തിൽ കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി

ആരംഭിച്ച നൂതന പദ്ധതിയാണ് വയോസാന്ത്വനം പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ച് സ്ഥാപനങ്ങളെ അംഗീകരിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചിട്ടുള്ളത്; പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സ്ഥാപനതല സംരക്ഷണം

സാമൂഹ്യനീതി വകുപ്പിന് കീഴിൽ അശരണരും അനാഥരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനായി 17 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ നിരാലംബരായ വയോജനങ്ങളെയാണ് താമസിപ്പിച്ചുവരുന്നത്. സ്ഥാപനത്തിലെ എല്ലാ സേവനങ്ങളും സൗജന്യമായാണ് ലഭ്യമാക്കിവരുന്നത്. നിലവിൽ 17 സ്ഥാപനങ്ങളിലായി ആകെ 789 താമസക്കാർക്ക് പുരധിവാസം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എൻ.ജി.ഒ. നടത്തുന്ന 199 ഓൾഡ് ഏജ് ഹോമുകളും പ്രവർത്തിച്ചുവരുന്നു.

ആറാട്ടുപുഴ കിടപ്പുരോഗികൾക്കായുള്ള വൃദ്ധസദനം

നിരാലംബരായ കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണിത്. ഈ സ്ഥാപനം പൂർണ്ണമായും കിടപ്പുരോഗികളായ വയോജനങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. 2024 മാർച്ച് 12 മുതൽ പ്രവർത്തനം ആരംഭിച്ച പദ്ധതിയാണിത്.

ഡിമെൻഷ്യ രോഗികൾക്കായുള്ള പുനരധിവാസം

സംസ്ഥാനത്തെ ഡിമെൻഷ്യ രോഗികളുടെ പരിചരണത്തിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ എറണാകുളം ജില്ലയിൽ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. 2014-15 സാമ്പത്തിക വർഷത്തിലാണ് എടവനക്കാട് സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

വയോസാന്ത്വനം പദ്ധതി

സാമൂഹ്യനീതി വകുപ്പ് മുഖേന കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആരംഭിച്ച പുതിയ പദ്ധതിയാണ്. കിടപ്പുരോഗികളായ വയോജനങ്ങളെ എൻ.ജി.ഒ. തലത്തിൽ പരിചരിക്കുന്നതിനായി എൻ.ജി.ഒ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്.

പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

ലഭ്യമാക്കുന്ന പദ്ധതികൾ

186 (3634) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; അറിയിക്കുമോ?

18 വയസ്സിൽ താഴെയുള്ള Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നല്കുന്നതിന് മിഠായി പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നു.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നല്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന സമഗ്ര പദ്ധതിയാണ് മിഠായി. പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 2 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് INSULIN, insulin pen, glucometer, needle, lancet, urine ketone strip, insulin pump (brittle diabetes ഉള്ളവർക്ക്), pump consumables എന്നിവ സൗജന്യമായി നൽകുകയും സൗജന്യ കൗൺസിലിങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും നൽകിവരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് മിഠായി മെയിൻ ക്ലിനിക്കുകളും മറ്റ് 9 ജില്ലകളിൽ മിഠായി ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

പോഷക ബാല്യം പദ്ധതി

187 (3635) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോഷക ബാല്യം പദ്ധതി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പാൽ, മുട്ട എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും ഇതിന്റെ വിതരണം മുടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) 2024-25 സാമ്പത്തിക വർഷാരംഭത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ഷോർട്ട് ടേം പർച്ചേസ് പ്രകാരം നിലവിലെ നിരക്കിൽ മാറ്റം വരാതെ മുട്ടയും പാലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു. പോഷകബാല്യം പദ്ധതി ഒരു തുടർപദ്ധതിയായതിനാൽ പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പോഷകബാല്യം പദ്ധതി പ്രകാരം അങ്കണവാടികളിൽ ആഴ്ചയിൽ 2 ദിവസം മുട്ടയും ആഴ്ചയിൽ 2 ദിവസം പാലും വിതരണം ചെയ്യുന്നതിനായി 32,87,55,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷം പദ്ധതി വിപുലപ്പെടുത്തി ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും വിതരണം ചെയ്യുന്ന രീതിയിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഇവ അങ്കണവാടികളിൽ എത്തിക്കുന്നതിനുള്ള ചെലവ് ആരാണ് വഹിക്കുന്നതെന്ന് വിശദീകരിക്കാമോ?

പദ്ധതി പ്രകാരം മുട്ട, പാൽ എന്നിവ അങ്കണവാടികളിൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെയുള്ള തുകയാണ് വകുപ്പ് അനുവദിക്കുന്നത്.

സാമൂഹ്യനീതി വകുപ്പിലെ പദ്ധതികൾ

188 (3636) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് സാമൂഹ്യനീതി വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പുന:ക്രമീകരണത്തിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിലെ/വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. നിലവിൽ ഭരണാനുമതി നൽകിയ ഉത്തരവുകൾ പുതുക്കി നൽകിയും ഭരണാനുമതി നൽകാൻ അവശേഷിച്ചിരുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതി പുനഃക്രമീകരണത്തിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

ആശ്വാസകിരണം പദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

189 (3637) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ ഏത് തീയതി വരെ അപേക്ഷ നൽകിയവർക്കാണ് നിലവിൽ ധനസഹായം നൽകി വരുന്നത്?

നിലവിൽ 28077 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു.

(ബി) ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് പുതിയതായി ധനസഹായം നൽകാനുണ്ട്; വ്യക്തമാക്കുമോ?

അപേക്ഷകൾ പരിശോധിച്ചുവരുന്നു.

വയോജന ക്ഷേമം ഉറപ്പാക്കാനുള്ള പദ്ധതികൾ

190 (3638) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന ക്ഷേമം ഉറപ്പാക്കാൻ സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

വയോജനക്ഷേമം മുൻനിർത്തി നിലവിൽ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് പുറമെ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

• റിട്ടയർമെന്റ് ഹോമുകൾ - ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ മുന്നിട്ട് നിൽക്കുന്ന കേരളത്തിൽ മുതിർന്ന പൗരന്മാരുടെ എണ്ണം ആനുപാതികമായി വർധിച്ചുവരികയാണ്. ഒരു പ്രായത്തിനുശേഷം അവരെ പരിചരിക്കേണ്ട ഉറ്റവർ ജോലി സംബന്ധമായും മറ്റ് കാരണങ്ങളാലും തനിച്ചാക്കപ്പെടുന്ന വയോജനങ്ങളുടെ എണ്ണം അനുദിനം വർധിച്ചുവരുന്നുണ്ട്. മുതിർന്ന പൗരന്മാർക്ക് നേരിടേണ്ടി വരുന്ന ഇത്തരം ബുദ്ധിമുട്ടുകൾക്ക് ബദലായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് "റിട്ടയർമെന്റ് ഹോമുകൾ". സർക്കാർ നിയന്ത്രണങ്ങളോടുകൂടിയും മേൽനോട്ട സംവിധാനങ്ങളോടുകൂടിയും പണമടച്ചുള്ള വ്യവസ്ഥകളിന്മേൽ വയോസൗഹാർദമായി പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നടപ്പുവർഷം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊവിഷൻ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വയോജന സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായുള്ള വെബ്പോർട്ടൽ ആവിഷ്കരിക്കുന്ന പദ്ധതി— വയോജനക്ഷേമ സ്ഥാപനങ്ങളിലെ കെയർഗിവർമാർക്കായി ഓൺലൈൻ ട്രെയിനിങ്, സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിവരുന്ന സായംപ്രഭ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ ഓൺലൈനായി മോണിറ്ററിങ് ചെയ്യുക, വയോജന മേഖലയിൽ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുക, വയോജനങ്ങൾക്ക് വകുപ്പ് വഴി നല്കുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുക, MWPSC

ആക്ടുമായി ബന്ധപ്പെട്ട് വയോജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ, ആക്ടുമായി ബന്ധപ്പെട്ട കേസുകളുടെ മോണിറ്ററിങ് തുടങ്ങി ഭാവിയിൽ വയോജന മേഖലയുമായി ബന്ധപ്പെട്ട് വകുപ്പ് വിഭാവന ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്താവുന്ന തരത്തിൽ ഫ്ളെക്സിബിളായ ഒരു വെബ് പോർട്ടൽ ആരംഭിക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ഐ.കെ.എം.-ഉം ആയി ധാരണാപത്രം ഒപ്പുവച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാന വയോജന കമ്മീഷൻ - വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗനിർദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിലേക്ക് ഉപയുക്തമാക്കുന്നതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേക്കും വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തുന്നതിനും ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിലേക്കായി നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രാക്കിങ് സോഫ്റ്റ്വെയർ-MWPSC Act-2007 പ്രകാരം മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ പരാതികൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് കുറയ്ക്കുക, നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുക, Maintenance,

Protection മുതലായ ഉത്തരവുകൾ എതിർകക്ഷികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ സംവിധാനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടുകൂടി MWPSC ട്രാക്കിങ് സോഫ്റ്റ്വെയർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടി പ്ലാറ്റ്ഫോം വഴി ഏതൊരു വ്യക്തിക്കും ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി അറിയുന്നതിനും നടപടിക്രമങ്ങൾ കൃത്യസമയത്ത് മനസ്സിലാക്കുന്നതിനും ഉത്തരവുകൾ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാനും ഓൺലൈനായി അപ്പീൽ സമർപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്.

(ബി) വൃദ്ധസദനങ്ങൾ നിരീക്ഷിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏന്തെല്ലാമെന്ന് വിശദമാക്കാമോ?

വകുപ്പിനുകീഴിലുള്ള സർക്കാർ വൃദ്ധസദനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എൻ.ജി.ഒ. നടത്തുന്ന വൃദ്ധസദനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ കൃത്യമായ സന്ദർശനം നടത്തി താമസക്കാർക്ക് സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. എൻ.ജി.ഒ. നടത്തുന്ന എല്ലാ വൃദ്ധസദനങ്ങളും കൃത്യമായി പരിശോധന നടത്തുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവം വകുപ്പിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ ജില്ലകളിൽ പ്രവർത്തിക്കുന്ന സർക്കാർ ഗ്രാന്റ് ലഭ്യമാകാത്ത

മറ്റ് എൻ.ജി.ഒ. വൃദ്ധസദനങ്ങളിലും കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ ബോർഡ് അംഗങ്ങളുടെ പരിശോധന, ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള സംയുക്ത പരിശോധന എന്നിവയും നടത്തിവരുന്നുണ്ട്.

മിഠായി പദ്ധതിയുടെ ഉപകേന്ദ്രം

191 (3639) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ പ്രമേഹ ചികിത്സയ്ക്കായി സർക്കാർ ആരംഭിച്ച മിഠായി പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നാളിതുവരെ ആകെ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കുട്ടികളുടെ പ്രായവും തദ്ദേശ സ്ഥാപനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

18 വയസ്സിന് താഴെയുള്ള 119 പേരും 18 വയസ്സിനുമുകളിലുള്ള 90 പേരും ഉൾപ്പെടെ കോഴിക്കോട് ജില്ലയിൽ ആകെ 209 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ മിഠായി ക്ലിനിക്കിൽ ഇൻസുലിൻ മുടങ്ങുന്നതുമൂലം മിഠായി പദ്ധതിയിൽ ഉൾപ്പെട്ടവർ പുറത്തുള്ള മെഡിക്കൽഷോപ്പിൽനിന്നും സ്വന്തമായി പണം കൊടുത്ത് ഇൻസുലിൻ വാങ്ങേണ്ടിവരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ?

കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) മുഖാന്തരമാണ് ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാക്കുന്നത്. ഇൻസുലിൻ കമ്പനികളിൽനിന്നും കെ.എം.എസ്.സി.എൽ.-ന് ഇൻസുലിൻ ലഭിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടാകുമ്പോഴാണ് മിഠായി ക്ലിനിക്കുകളിൽ ചില സന്ദർഭങ്ങളിൽ ഇൻസുലിൻ ലഭിക്കാതിരിക്കുന്നത്. നിലവിൽ മിഠായി ക്ലിനിക്കുകളിൽ ഇൻസുലിൻ ലഭ്യമാണ്.

(സി) വടകരയിൽനിന്നും ഒന്നരമണിക്കൂറോളം കുട്ടികളുമായി യാത്ര ചെയ്ത് കോഴിക്കോട് എത്തി ചികിത്സ തേടേണ്ടി വരുമ്പോൾ രക്ഷിതാക്കൾക്ക് വലിയ യാത്രാബുദ്ധിമുട്ടും യാത്രാചെലവും ഒരു ദിവസത്തെ ജോലി നഷ്ടവും ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വലിയ യാത്രാക്ലേശം അനുഭവിക്കുന്ന മലയോരമേഖലയായ വടകര മേഖലയിൽനിന്നുള്ള കുട്ടികൾക്കായി വടകര ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് മിഠായി പദ്ധതിയുടെ ഒരു ഉപകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന മിഠായി പദ്ധതിയുടെ കീഴിൽ ഓരോ ജില്ലകളിലും ഒന്നുവീതം സംസ്ഥാനത്താകെ 14 മിഠായി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലായി 5 മിഠായി മെയിൻ ക്ലിനിക്കുകളും മെയിൻ ക്ലിനിക്കുകളില്ലാത്ത ജില്ലകളിലെ താഴെ പറയുന്ന ആശുപത്രികളിൽ 9 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം

2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ

3. ഗവ. വിക്ടോറിയ ആശുപത്രി, കൊല്ലം

4.ഗവ. ജില്ലാശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട

5. ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി, ഇടുക്കി

6. ഗവ. ഡബ്ല്യു.&സി. ഹോസ്പിറ്റൽ, പാലക്കാട്

7.ഗവ. ജില്ലാശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം

8. ഗവ. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്

9. ഗവ. ജില്ലാശുപത്രി, കാഞ്ഞങ്ങാട്, കാസർകോട്

മിഠായി പദ്ധതിയുടെ മെയിൻ സെന്ററുകൾ എല്ലാ ദിവസവും ഉപകേന്ദ്രങ്ങൾ രണ്ടാഴ്ചയിലൊരിക്കലുമാണ് പ്രവർത്തിച്ചുവരുന്നത്. മെയിൻ സെന്ററുകളിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിലുള്ള മെയിൻ സെന്ററിൽ ആകെ 209 കുട്ടികളാണ് ഗുണഭോക്താക്കളായിട്ടുള്ളത്.

ഒരു സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കുന്നതിന് ഏകദേശം 1,50,000 മുതൽ 2,00,000 രൂപ വരെ ചെലവ് വരുന്നുണ്ട്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ആരോഗ്യ വകുപ്പാണ് നൽകിവരുന്നത്. മിഠായി പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചത് മൂന്നുകോടി എൺപത് ലക്ഷം (3,80,00,000/-) രൂപയാണ്. മരുന്നുകൾ, ഇൻസുലിൻ പമ്പ്, പമ്പ് കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിനും സ്റ്റാഫ് സാലറി, മെയിൻ ക്ലിനിക്കുകളുടെ

നടത്തിപ്പ് ആവശ്യങ്ങൾ, മിഠായി വെബ്സൈറ്റ് മുതലായവയ്ക്കാണ് ഈ തുക ചെലവഴിക്കുന്നത്. ഇപ്പോൾ ലഭ്യമായിട്ടുള്ള തുക പതിനാല് ജില്ലകളിലും ഓരോ മിഠായി സേവനകേന്ദ്രം പ്രവർത്തിപ്പിക്കാൻ ഉതകുന്ന വിധത്തിലാണുള്ളത്. സർക്കാരിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിലും ആവശ്യകത പരിശോധിച്ചും കൂടുതൽ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ പണം അനുവദിക്കപ്പെടുന്ന സാഹചര്യത്തിൽ ആവശ്യം പരിശോധിക്കുന്നതാണ്.

ആശ്വാസ കിരണം പദ്ധതി

192 (3640) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശ്വാസ കിരണം പദ്ധതിയിലൂടെ അരുവിക്കര മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും വർഷം തിരിച്ച് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആശ്വാസ കിരണം പദ്ധതിയിലൂടെ അരുവിക്കര മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തരമുള്ള പദ്ധതികൾ

193 (3641) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തരം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പദ്ധതി മുഖാന്തരവും എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര തുക ചെലവിട്ടിട്ടുണ്ടെന്നും വിശദമാക്കാമോ?

കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തരം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി[+] ചേർക്കുന്നു.

നിരാമയ ഇൻഷ്വറൻസ് പദ്ധതി

194 (3642) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വൈകല്യമുള്ളവർക്കായി നടപ്പാക്കിവരുന്ന നാഷണൽ ട്രസ്റ്റിന്റെ നിരാമയ ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനത്തെ ഗുണഭോക്താക്കൾക്കുള്ള പ്രീമിയം തുക മുമ്പ് സർക്കാരാണോ വഹിച്ചിരുന്നതെന്നും പ്രസ്തുത പ്രീമിയം തുക ഗുണഭോക്താക്കൾക്കായി ഒടുക്കുന്നതിൽനിന്ന് സർക്കാർ പിന്മാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പിന്മാറിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ നാല് ഭിന്നശേഷി വിഭാഗങ്ങൾക്കായി നാഷണൽ ട്രസ്റ്റ് നടപ്പിലാക്കിയ നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ഗുണഭോക്താക്കൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുക കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖേന അടച്ച് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിരുന്നു.

വിവിധ ചികിത്സാ ധനസഹായ പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് നാൽപ്പത് ശതമാനമോ അതിൽക്കൂടുതലോ ഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും 2023-24 സാമ്പത്തിക വർഷം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്. നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ പരമാവധി ഒരു ലക്ഷം രൂപയുടെ കവറേജ് ലഭിക്കുമ്പോൾ കാരുണ്യ പദ്ധതിയിലൂടെ 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് കവറേജ് ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം മുതൽ പുതിയതായി ഗുണഭോക്താക്കളെ നിരാമയ പദ്ധതിയിൽ ചേർക്കുന്നതും നിലവിലെ ഗുണഭോക്താക്കളുടെ പോളിസി പുതുക്കുന്നതും നിർത്തിവച്ചിരുന്നു. എന്നാൽ വ്യക്തികൾക്ക് സ്വയമേവ പ്രീമിയം തുക അടച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ തുടരുന്നതിന് തടസ്സങ്ങളില്ല.

(ബി) മാനസികവൈകല്യമുള്ളവർക്കായി നടപ്പിലാക്കിവരുന്ന നാഷണൽ നിരാമയ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രീമിയം തുക സർക്കാർ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിരാമയ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിലേക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 14-11-2024 തീയതിയിൽ ചേർന്ന യോഗത്തിലെ നിർദേശപ്രകാരം നിരാമയ ഇൻഷ്വറൻസ് പദ്ധതി 2025-26 സാമ്പത്തിക വർഷത്തെ ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നിർദേശം നൽകാൻ തീരുമാനിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി

തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

195 (3643) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിനുമുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 2016 മുതലുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ 2 സർക്കാർ തൊഴിൽ

പരിശീലന കേന്ദ്രങ്ങളുണ്ട്. സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും ഉന്നമനത്തിനുമായി 2019-20 സാമ്പത്തികവർഷം മുതൽ അതിജീവനം എന്ന സമഗ്രപദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

അതിജീവനം പദ്ധതിക്കായി 2019-20 സാമ്പത്തികവർഷം മുതൽ ബജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റ് വിഹിതം
2018-19	1,66,84,475/-
2019-20	3 കോടി
2020-21	3 കോടി
2021-22	3 കോടി
2022-23	3 കോടി
2023-24	3 കോടി
2024-25	1 കോടി

കൂടാതെ, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം കുട്ടികൾക്ക് വ്യക്തമായ പാഠ്യപദ്ധതിയിലൂടെയുള്ള നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പ്രചോദനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി 2025-26 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള തുക വിനിയോഗിച്ച് 2016 മുതൽ നാളിതുവരെ സ്ഥാപിച്ചിട്ടുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

എവിടെയെല്ലാമാണെന്നും അതിന് ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി തൊഴിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിനായി 2 സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി 2019-20 സാമ്പത്തിക വർഷം മുതൽ അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കിവരുന്നു. (പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകിവരുന്ന എൻ.ജി.ഒ. സ്ഥാപനങ്ങളുടെ വിവരങ്ങളും ചെലവഴിച്ച തുകയുടെ വിവരങ്ങളും അനുബന്ധമായി[+] ഉള്ളടക്കം ചെയ്യുന്നു.)

(സി) പതിനെട്ട് വയസ്സിനുമുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 2016 മുതലുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ലാപ്സായി പോകുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ?

ഇല്ല.

(ഡി) 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ബജറ്റ് വിഹിതം ഇതുവരേക്കും ചെലവഴിച്ചിട്ടില്ലെങ്കിൽ അത് ലാപ്സായി പോകാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇത്തരക്കാർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

വകയിരുത്തിയിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം

196 (3644) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര പുരോഗതിക്ക് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി പുനരധിവാസം, ആരോഗ്യം, സ്വയംതൊഴിൽ, വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

I. പുനരധിവാസം

കേരളത്തിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ താഴെപ്പറയുന്ന സർക്കാർ ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

1. പ്രത്യാശാ ഭവൻ

2. പ്രിയാ ഹോം (സ്ത്രീകൾ)

3. പുണ്യ ഭവൻ, കോഴിക്കോട്

4. പ്രതീക്ഷാ ഭവൻ, മലപ്പുറം

5. NGO സഹകരണത്തോടെ പുതിയ പ്രതീക്ഷാഭവനുകൾ ആരംഭിക്കുന്ന പദ്ധതി.

ബൗദ്ധിക വെല്ലുവിളി നേരിടുന്ന മുതിർന്നവരുടെ പുനരധിവാസത്തിനായി NGO പങ്കാളിത്തത്തോടുകൂടി പ്രതീക്ഷാഭവനുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജ്, മലപ്പുറം ജില്ലയിലെ കുറുമ്പത്തൂർ വില്ലേജ് എന്നിവിടങ്ങളിൽനിന്നും പദ്ധതിക്കായി ഭൂമി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ കണ്ടെത്തിയ ഭൂമിയിൽ പദ്ധതി നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

II. സ്വയംതൊഴിൽ

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ മുഖേന മാനസിക/ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പിന്റെ സ്വാശ്രയ പദ്ധതിയിലൂടെയും മാനസിക/ബൗദ്ധിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും അവരുടെ കുടുംബത്തിന്റെയും ഉന്നമനം ലക്ഷ്യമാക്കുന്നുണ്ട്. സ്നേഹയാനം പദ്ധതി ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്.

നിയമപരമായ രക്ഷാകർതൃത്വം

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ള വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ചുനൽകുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മിറ്റിയാണ് ഇത് നൽകുന്നത്.

CDMRP (Community Disability Management and Rehabilitation Programme)

സമൂഹത്തിൽ പ്രത്യേക പരിഗണനയും പരിചരണവും ആവശ്യമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസെബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് വൈകല്യങ്ങളുടെ

പ്രതിരോധം, ചികിത്സ, പുനരധിവാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ 2015-16 സാമ്പത്തിക വർഷം മുതൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് CDMRP. ഈ പദ്ധതിക്ക് കീഴിൽ മൂന്ന് ജില്ലകളിലുമായി 10 കമ്മ്യൂണിറ്റി ക്ലിനിക്കുകളും കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശാസ്ത്ര വിഭാഗത്തിന് കീഴിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അഡ്വാൻസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് ക്ലിനിക്കും പ്രവർത്തിച്ചുവരുന്നുണ്ട്.

ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ

2016-ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 50, ഭിന്നശേഷി അവകാശ ചട്ടം (കേരള) 2020, റൂൾ 12(1) എന്നിവ പ്രകാരം സംസ്ഥാനത്ത് ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിൽനിന്നും രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്.

പ്രചോദനം

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം കുട്ടികൾക്ക് വ്യക്തമായ പാഠ്യപദ്ധതിയിലൂടെയുള്ള നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും നൽകുന്നതിന് ലക്ഷ്യംവയ്ക്കുന്നതാണ് പ്രചോദനം പദ്ധതി.

III. തൊഴിൽ സംവരണം

RPwD Act 2016 സെക്ഷൻ 34(1) പ്രകാരം 21 തരം ഭിന്നശേഷി വിഭാഗക്കാരെ 5 വിഭാഗങ്ങളായി തരംതിരിച്ചിട്ടാണ് 4% സംവരണം നൽകുന്നത്. ഇതിൽ 1% ഓട്ടിസം, ബൗദ്ധിക വെല്ലുവിളി, നിർദ്ദിഷ്ട പഠന ന്യൂനത, മാനസികരോഗം, ബഹുപരിമിതി (ബധിരാന്ധത ഉൾപ്പെടെ) എന്നിവർക്ക് സംവരണം ചെയ്തിരിക്കുന്നു.

IV. വിദ്യാഭ്യാസം

സംസ്ഥാനത്ത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

V. അതിതീവ്ര ഭിന്നശേഷിയുള്ള 18 വയസ്സിന് മുകളിലുള്ളവരുടെ തൊഴിൽ പരിശീലനത്തിനായി അതിജീവനം, പ്രചോദനം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

VI. സാമൂഹ്യ സുരക്ഷ, ആരോഗ്യം, പുനരധിവാസം, വിനോദം

1600/- രൂപ നിരക്കിലുള്ള ക്ഷേമ പെൻഷൻ അനുവദിച്ചുവരുന്നു. കൂടാതെ, 23-09-2020-ലെ സ.ഉ.(എം.എസ്.)നം.97/2020/ധന. പ്രകാരം ഭിന്നശേഷിക്കാരനായ വ്യക്തിക്ക് ഭിന്നശേഷി പെൻഷനുപുറമേ മറ്റൊരു സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM)

ബൗദ്ധികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര പുരോഗതിക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. സ്പെഷ്യൽ അങ്കണവാടികൾ

2. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ

3. സ്പെക്ട്രം: സ്പെക്ട്രം ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

a. ഓട്ടിസം സെന്ററുകൾ

b. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ, തൃശ്ശൂർ

c. ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച് സെന്റർ, തൃശ്ശൂർ

d. Comprehensive Autism Resource Book

4. ഹോട്ടികൾച്ചറൽ തെറാപ്പി

5. പേരന്റ് എംപവർമെന്റ് പ്രോഗ്രാം

6. തെറാപ്പി സെന്ററുകൾക്കായുള്ള മാർഗരേഖ

ഭിന്നശേഷി വ്യക്തികൾക്കായി കേന്ദ്ര സർക്കാർ നിർദേശപ്രകാരമുള്ള തിരിച്ചറിയൽ കാർഡ് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ഭിന്നശേഷിക്കാർക്കും UDID കാർഡ് സമയബന്ധിതമായി നൽകുന്നതിനായി ക്യാമ്പുകൾ, അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു.

(ബി) കേന്ദ്രസർക്കാർ ഡി.ഡി.ആർ.എസ്. ഗ്രാന്റ് (ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം) നൽകുന്ന സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികളുടെ പ്രായപരിധി 23 വയസ്സാണ് എന്നിരിക്കെ സംസ്ഥാനത്ത് സംസ്ഥാന സർക്കാർ അംഗീകാരം നൽകി ഗ്രാന്റ് നൽകുന്ന സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികളുടെ പ്രായപരിധി 18 വയസ്സിൽനിന്ന് 23 വയസ്സായി പുനർനിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന എൻ.ജി.ഒ.-കൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ എന്നിവയ്ക്കാണ് സ്പെഷ്യൽ സ്കൂൾ പാക്കേജ് മുഖേന സാമ്പത്തിക സഹായം നൽകിവരുന്നത്. 10-05-2023-ലെ സ.ഉ.(കൈ)നം.56/2023/പൊ.വി.വ. പ്രകാരം 18 വയസ്സിൽതാഴെ പ്രായമുള്ള കുട്ടികൾക്കാണ് ഇത്തരത്തിൽ സാമ്പത്തികസഹായം നൽകുന്നത്. എന്നാൽ ബഡ്സ് സ്കൂളുകൾ സാമൂഹ്യ സുരക്ഷയുടെ ഭാഗമായി നിലകൊള്ളുന്നതിനാൽ അത്തരം സ്ഥാപനങ്ങളെ മേൽ നിബന്ധനയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന (സ്പെഷ്യൽ സ്കൂൾ പാക്കേജ്) ഗ്രാന്റ് നൽകുന്നതിനായി സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികളുടെ പ്രായം 23 വയസ്സായി പുനർനിശ്ചയിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) 2016-ലെ ആർ.പി.ഡബ്ല്യു.ഡി. ആക്ടിൽ ഭിന്നശേഷിക്കാർക്ക് മറ്റ് വിഭാഗങ്ങളെക്കാൾ 25% പെൻഷൻ അധികം നൽകണമെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ 2000/- രൂപയായി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

18 വയസ്സിന് മുകളിലുള്ളതും 80% ഭിന്നശേഷിയുള്ളവരുമായവർക്ക് മാത്രം കേന്ദ്ര സർക്കാർ 300/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചുവരുമ്പോൾ കേരളത്തിൽ 40 ശതമാനത്തിനുമുകളിൽ ഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രതിമാസം 1600/- രൂപയെന്ന നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്. സംസ്ഥാനം നിലവിൽ നൽകുന്ന ഭിന്നശേഷി പെൻഷൻ കേന്ദ്ര നിരക്കിന്റെ അഞ്ച് മടങ്ങിലധികമാണ്.

കൂടാതെ, 23-09-2020-ലെ സ.ഉ.(എം.എസ്.)നം.97/2020/ധന. പ്രകാരം ഭിന്നശേഷിക്കാരനായ വ്യക്തിക്ക് ഭിന്നശേഷി പെൻഷന് പുറമേ മറ്റൊരു സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുമുണ്ട്.

(ഡി) ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും സമയബന്ധിതമായി നൽകുന്നതിനായി മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് 3,77,811 പേർക്ക് നിലവിൽ UDID card ലഭ്യമാക്കിയിട്ടുണ്ട്.

മാർഗനിർദേശം പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) 18 വയസ്സിനുമുകളിൽ പ്രായമുള്ള മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മുൻകാലങ്ങളിൽ ബജറ്റിൽ

ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ ഇവ ചെലവഴിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിരിക്കുന്ന സമഗ്രപദ്ധതിയാണ് "അതിജീവനം". വിവിധ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരുടെ സാമൂഹ്യസുരക്ഷാ മേഖലയിലെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ/പ്രാദേശിക സർക്കാരുകൾ/സർക്കാരിതര ഏജൻസികൾ എന്നിവയിലൂടെ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം നൽകി മുഖ്യധാരയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് അതിജീവനം പദ്ധതിക്ക് രൂപം നൽകിയത്. ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ, കാഴ്ചവൈകല്യമുള്ളവർക്കും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവരസാങ്കേതികവിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃകാ പുനരധിവാസ പരിപാടി, ഭിന്നശേഷിക്കാർക്കുള്ള മുഖ്യധാര പുനരധിവാസം ഉറപ്പുവരുത്തുന്നതിനുള്ള നൂതന പദ്ധതികൾ എന്നിവ അതിജീവനം എന്ന സമഗ്ര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. അതിജീവനം പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	അലോട്ട്മെന്റ് ലഭ്യമായ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)

2020-21	80.70807	80.69
2021-22	77.66	77.55
2022-23	140.67262	140.67262
2023-24	137.20922	137.20922
2024-25	68.5501	67.1901

ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കുവേണ്ടി തൊഴിലധിഷ്ഠിത/ വൈദഗ്ധ്യ വികസനത്തിനുവേണ്ടിയുള്ള പദ്ധതികളുടെ ഒരു സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി "പ്രചോദനം" എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൃഷിക്കുവേണ്ടിയുള്ള പ്രത്യേക പാഠ്യപദ്ധതി, കാർഷികേതര വ്യാപാരത്തിനുള്ള പ്രത്യേക പാഠ്യപദ്ധതി, മൃഗസംരക്ഷണത്തിനുള്ള പ്രത്യേക പാഠ്യപദ്ധതി എന്നീ വിഭാഗങ്ങളിലുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്കായി തയ്യാറാക്കിയ പാഠ്യപദ്ധതികൾ പരിശോധിക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുമായി സാമൂഹ്യനീതി ഡയറക്ടർ അധ്യക്ഷനായി 23-01-2024-ൽ സ.ഉ.(സാധാ)നം.27/2024/സാ.നീ.വ. പ്രകാരം കരിക്കുലം കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

സ്പെഷ്യൽ സ്കൂളുകൾക്ക് സഹായം ലഭ്യമാക്കുന്നതിന് നടപടി

197 (3645) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിനുമുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനും പരിശീലനത്തിനും സ്പെഷ്യൽ സ്കൂളുകൾക്ക് നൽകിയിരുന്ന സഹായം വിദ്യാഭ്യാസ വകുപ്പ് തുടർന്നുനൽകാത്ത സാഹചര്യത്തിൽ ഇത്തരം കുട്ടികളുടെ പഠന-പരിശീലനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് പ്രത്യേകം പദ്ധതി തയ്യാറാക്കുമോ?

ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കുവേണ്ടി തൊഴിലധിഷ്ഠിത/ വൈദഗ്ധ്യ വികസനത്തിനുവേണ്ടിയുള്ള ഒരു സമഗ്ര പദ്ധതി 'പ്രചോദനം' എന്ന പേരിൽ സാമൂഹ്യനീതി വകുപ്പ് ആരംഭിക്കുകയും മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള തൊഴിൽ നൈപുണ്യ വികസനത്തിനായി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 23-01-2024-ലെ സ.ഉ. (സാധാ)നം.27/2024 /SJD പ്രകാരം കരിക്കുലം കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും ലക്ഷ്യമാക്കി NGO സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കിയിരിക്കുന്ന സമഗ്ര പദ്ധതിയാണ് 'അതിജീവനം'. ഭിന്നശേഷിക്കാർക്കുള്ള തൊഴിൽപരിശീലന കേന്ദ്രങ്ങൾ, പകൽപരിപാലന കേന്ദ്രങ്ങൾ, കാഴ്ചവൈകല്യമുള്ളവർക്കും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവരസാങ്കേതികവിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃകാ പുനരധിവാസ പരിപാടി, ഭിന്നശേഷിക്കാർക്കുള്ള മുഖ്യധാര പുനരധിവാസം ഉറപ്പുവരുത്തുന്നതിനുള്ള നൂതനപദ്ധതികൾ എന്നിവ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് സാമ്പത്തികസഹായം ചെയ്യുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ 18 വയസ്സിനുമുകളിലുള്ള കുട്ടികളും പഠനം തുടരുന്നുണ്ട്.

(ബി) ഇവരെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് നേരത്തെ ലഭിച്ചിരുന്ന സഹായങ്ങൾ തുടർന്നും ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

എൻ.ജി.ഒ.-കൾക്കുകീഴിലെ സ്പെഷ്യൽ സ്കൂളുകൾ, പഞ്ചായത്തുകൾക്കുകീഴിലെ ബഡ്സ് സ്കൂളുകൾ എന്നിവയ്ക്ക് 12 വർഷത്തോളമായി പൊതുവിദ്യാഭ്യാസ വകുപ്പ് സാമ്പത്തികസഹായം ലഭ്യമാക്കുന്നുണ്ട്. പ്ലാൻ ഫണ്ടിന്റെ ഭാഗമായി 2024-25 വർഷം 50 കോടി രൂപ പ്രസ്തുത സാമ്പത്തിക സഹായത്തിനായി വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി

198 (3646) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. ഭിന്നശേഷി സൗഹൃദ കേരളത്തിനായി സാമൂഹ്യനീതി വകുപ്പും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് വിവിധതലങ്ങളിൽ അവലോകനയോഗങ്ങൾ ചേരുകയും പ്രവർത്തനം പരിശോധിക്കുകയും സമയബന്ധിതമായും മികച്ചരീതിയിലും അത് നടപ്പിലാക്കാൻവേണ്ട നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

(സി) ഭിന്നശേഷിക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാർ നടപ്പിലാക്കുന്ന, അനുബന്ധമായി ചേർത്ത വിവിധ പദ്ധതികളിലൂടെയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടും സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വയോജനമേഖലയിൽ നടഷിലാക്കിവരുന്ന പദ്ധതികൾ

199 (3647) ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനമേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

വയോജനമേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓർമ്മവൈകല്യംമൂലം ദുരിതമനുഭവിക്കുന്ന വയോജനങ്ങൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഓർമ്മപ്രശ്നങ്ങളുള്ള വ്യക്തികളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ എറണാകുളം ജില്ലയിൽ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ഒരു പകൽ പരിപാലനകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായിക്കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'ഡിമെൻഷ്യ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'ഓർമ്മത്തോണി'. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറി സ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയവ ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കിടപ്പുരോഗികളായ വയോജനങ്ങൾക്കായി പ്രത്യേക സംരക്ഷണകേന്ദ്രം ഒരുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ പൂർണ്ണമായും കിടപ്പുരോഗികളുടെ സംരക്ഷണത്തിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ കിടപ്പുരോഗികൾക്കായുള്ള ഒരു വൃദ്ധസദനം 2024 മാർച്ച് 12 മുതൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനത്തിൽ 25 താമസക്കാരെ പാർപ്പിക്കാവുന്നതാണ്. സ്ഥാപനത്തിൽ കിടപ്പുരോഗികളെ പരിചരിക്കുന്നതിനാവശ്യമായ ആധുനിക സൗകര്യങ്ങളും ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. കിടപ്പുരോഗികളായ മുതിർന്ന പൗരന്മാർക്ക് സ്ഥാപനതല സംരക്ഷണം ലഭ്യമാക്കുന്നതിനായി സാമൂഹ്യ നീതിവകുപ്പ് മുഖേന ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് വയോസാന്ത്വനം പദ്ധതി. കിടപ്പുരോഗികളായ വയോജനങ്ങൾക്ക് അവരുടെ വീടുകളിലെത്തി പാലിയേറ്റിവ് പരിചരണം നൽകുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്നുണ്ട്.

പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്നതിന് നടപടി

200 (3648) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിലെ പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥരായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വനിതാ-ശിശു വികസന വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാരാണ് സാമൂഹ്യനീതി വകുപ്പിന്റെ പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതല നിർവഹിച്ചുവരുന്നത്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ജീവനക്കാരെ പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സാമൂഹ്യനീതി വകുപ്പിലെ പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥർ

201 (3649) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിലെ പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥരായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വനിതാ-ശിശു വികസന വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാരാണ് സാമൂഹ്യനീതി വകുപ്പിന്റെ പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതല നിർവഹിച്ചുവരുന്നത്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ജീവനക്കാരെ പഞ്ചായത്തുതല നിർവഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക

202 (3650) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽനിന്ന് ആരെങ്കിലും പുറത്താക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർ പുറത്താക്കപ്പെട്ടിട്ടുണ്ടെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന 127 പേരെ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്.

1. പട്ടികയിൽനിന്നും ഒഴിവാകാൻ അപേക്ഷ നൽകിയവർ – 17

2. വന്ധ്യത കാരണമായി ഭാര്യയും ഭർത്താവും ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഒരാളെ ഒഴിവാക്കിയത് - 12

3. വന്ധ്യതമൂലം ലിസ്റ്റിൽ ഉൾപ്പെടുകയും പിന്നീട് കുട്ടികളുണ്ടാകുകയും ചെയ്തവർ -35

4. ഒരാൾതന്നെ രണ്ട് ഒ.പി. നമ്പറിൽ ഉൾപ്പെട്ടത് - 63

(ബി) ലിസ്റ്റിൽനിന്നും പുറത്താക്കപ്പെട്ടവർക്കും സഹായം നൽകുമെന്ന് വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വാഗ്ദാനം അനുസരിച്ച് എന്തെല്ലാം തരത്തിലുള്ള സഹായം എപ്പോൾ നൽകുമെന്ന് അറിയിക്കുമോ?

വാഗ്ദാനം നൽകിയിരുന്നില്ല.

(സി) എൻഡോസൾഫാൻ സെൽ നിലവിലുണ്ടോയെന്നും ചെയർമാൻ ആരാണെന്നും സെൽ അവസാനമായി യോഗം ചേർന്നത് എപ്പോഴാണെന്നും വെളിപ്പെടുത്തുമോ?

സെൽ നിലവിലുണ്ട്. കാസർഗോഡ് ജില്ല എൻഡോസൾഫാൻ സെല്ലിന്റെ ചെയർമാൻ ബഹുമാനപ്പെട്ട സംസ്ഥാന പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസാണ്. പ്രസ്തുത സെൽ അന്തിമമായി 08-01-2023-ലാണ് യോഗം ചേർന്നത്.

വയോജന സംരക്ഷണ പദ്ധതി

203 (3651) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട ജീവിത സൗകര്യത്തിനും ഉന്നത പഠനത്തിനുമായി യൂറോപ്യൻ രാജ്യങ്ങളിലേക്കുൾപ്പെടെ പുതിയ തലമുറ പോകുമ്പോൾ ഒറ്റപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യുവതലമുറയുടെ കുടിയേറ്റ പ്രവണത സംസ്ഥാനത്തുള്ള മുതിർന്നപൗരന്മാരുടെ സംരക്ഷണത്തേയും ക്ഷേമത്തേയും ചെറിയ തോതിലെങ്കിലും ബാധിക്കുന്നുണ്ടെന്നത്

വസ്തുതയാണ്. കുറഞ്ഞ ജനനനിരക്കും വർധിച്ച കുടിയേറ്റനിരക്കും മൂതിർന്ന പൗരന്മാരുടെ ജനസംഖ്യാ നിരക്കും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വയോജന സംരക്ഷണ മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതിന് തിരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വയോജന നയം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പടെ സ്വീകരിച്ചുവരികയുമാണ്. മക്കൾ മെച്ചപ്പെട്ട ജീവിതസൗകര്യത്തിനും ഉന്നത പഠനത്തിനുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന സാഹചര്യത്തിൽ ഒറ്റപ്പെട്ട കിടപ്പുരോഗികളായ വയോജനങ്ങളെ പരിചരിക്കുന്ന കെയർഗിവർമാരുടെ സേവനം നിയന്ത്രിക്കുന്നതിനും അത്തരത്തിൽ കെയർഗിവർമാരെ നിയോഗിക്കുന്ന ഏജൻസികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വൃദ്ധജനങ്ങളുടെ ജീവിതം സന്തോഷപ്രദമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ വൃദ്ധസദനങ്ങൾ, വയോജനകേന്ദ്രങ്ങൾ എന്നിവ സർക്കാർ, സ്വകാര്യ-ചാരിറ്റബിൾ സൊസൈറ്റി എന്നിവയുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിനുകീഴിൽ 17 സർക്കാർ വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നു. അശരണരും ഒറ്റപ്പെട്ട് കഴിയുന്നതുമായ വയോജനങ്ങളെ സംരക്ഷിക്കുന്നതിന് വിവിധ സന്നദ്ധ സംഘടനകൾ നടത്തുന്ന 199 വൃദ്ധസദനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. സ്വകാര്യ-ചാരിറ്റബിൾ സൊസൈറ്റികൾ നടത്തുന്ന

വൃദ്ധമന്ദിരങ്ങളെ മോണിറ്റർ ചെയ്ത് രജിസ്ട്രേഷൻ നൽകൽ, അന്തേവാസികളുടെ ഭക്ഷണം, മരുന്ന് എന്നിവയുള്ള സർക്കാർ ഗ്രാന്റ് ഉൾപ്പടെ നൽകി സംരക്ഷണം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയ കാലഘട്ടത്തിൽ വൃദ്ധജനങ്ങളുടെ ജീവിതം സന്തോഷപ്രദമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടെയുള്ള റിട്ടയർമെന്റ് ഹോമുകൾ ഇന്ന് സ്വകാര്യമേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിലും ഇത്തരത്തിൽ റിട്ടയർമെന്റ് ഭവനം ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി നടപ്പുവർഷത്തെ ബജറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വയോജനങ്ങൾക്ക് പകൽസമയം ഒത്തുചേരുന്നതിനും മാനസിക ഉല്ലാസ പരിപാടികളിൽ പങ്കെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സായംപ്രഭ ഹോമുകൾ പ്രവർത്തിക്കുന്നു.

(സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉൾപ്പടെ വയോജന ക്ഷേമത്തിനും സംരക്ഷണത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

KASP, KBF എന്നീ പദ്ധതികൾ മുഖേന ഗുണഭോക്താക്കളായ വയോജനങ്ങൾക്ക് സൗജന്യ ചികിത്സ നിലവിൽ നൽകിവരുന്നുണ്ട്. വയോജന ക്ഷേമം മുൻനിർത്തി നിലവിൽ സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് പുറമെ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

റിട്ടയർമെന്റ് ഹോമുകൾ - ആയുർദൈർഘ്യം കൂടുതലായുള്ള കേരളത്തിൽ മുതിർന്ന പൗരന്മാരുടെ എണ്ണം വളരെ കൂടുതലാണ്. ഒരു പ്രായത്തിനുശേഷം അവരെ പരിചരിക്കേണ്ട ഉറ്റവരുടെ ജോലി സംബന്ധമായും മറ്റുകാരണങ്ങളാലും തനിച്ചാക്കപ്പെടുന്ന വയോജനങ്ങളുടെ എണ്ണം അനുദിനം വർധിച്ചുവരുന്നുണ്ട്. മുതിർന്നപൗരന്മാർക്ക് നേരിടേണ്ടിവരുന്ന ഇത്തരം ബുദ്ധിമുട്ടുകൾക്ക് ബദലായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് "റിട്ടയർമെന്റ് ഹോമുകൾ". സർക്കാർ നിയന്ത്രണങ്ങളോടുകൂടിയും മേൽനോട്ട സംവിധാനങ്ങളോടുകൂടിയും പണമടച്ചുള്ള വ്യവസ്ഥകളിന്മേൽ വയോ സൗഹാർദ്ദമായി പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നടപ്പുവർഷം പദ്ധതി ആരംഭിക്കുന്നതിന് ബജറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

വയോജന സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായുള്ള വെബ്പോർട്ടൽ ആവിഷ്കരിക്കുന്ന പദ്ധതി— വയോജനക്ഷേമ സ്ഥാപനങ്ങളിലെ കെയർഗിവർമാർക്കായി ഓൺലൈൻ ട്രെയിനിങ്, സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിവരുന്ന സായംപ്രഭ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ ഓൺലൈനായി മോണിറ്ററിങ് ചെയ്യുക, വയോജന മേഖലയിൽ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുക, വയോജനങ്ങൾക്ക് വകുപ്പുവഴി നൽകുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുക, MWPSC ആക്ടുമായി ബന്ധപ്പെട്ട് വയോജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ, ആക്ടുമായി

ബന്ധപ്പെട്ട കേസുകളുടെ മോണിറ്ററിങ് തുടങ്ങി ഭാവിയിൽ വയോജനമേഖലയുമായി ബന്ധപ്പെട്ട് വകുപ്പ് വിഭാവന ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്താവുന്ന തരത്തിൽ ഫ്ലെക്സിബിളായ ഒരു വെബ് പോർട്ടൽ ആരംഭിക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ഐ.കെ.എം.-മായി ധാരണാപത്രം ഒപ്പുവച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാന വയോജന കമ്മീഷൻ - വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗനിർദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിലേക്ക് ഉപയുക്തമാക്കുന്നതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേക്കും വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തുന്നതിനും ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിലേക്കായി നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രാക്കിങ് സോഫ്റ്റ്വെയർ- MWPSC Act-2007 പ്രകാരം മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ പരാതികൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് കുറയ്ക്കുക, നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുക, Maintenance, Protection മുതലായ ഉത്തരവുകൾ എതിർകക്ഷികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക,

ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ സംവിധാനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടുകൂടി MWPSC ട്രാക്കിങ് സോഫ്റ്റ്വെയർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടി പ്ലാറ്റ്ഫോംവഴി ഏതൊരു വ്യക്തിക്കും ലോകത്തിന്റെ ഏതുകോണിലിരുന്നും ഏതുസമയത്തും ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി അറിയുന്നതിനും നടപടിക്രമങ്ങൾ കൃത്യസമയത്ത് മനസ്സിലാക്കുന്നതിനും ഉത്തരവുകൾ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാനും ഓൺലൈനായിത്തന്നെ അപ്പീൽ സമർപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്.

വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.

- വയോജനങ്ങൾക്ക് ശാരീരിക - മാനസിക, സാംസ്കാരിക പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾ
- വയോജനങ്ങൾക്ക് യോഗ പരിശീലനം
- വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ
- വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റുസ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ്ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം ക്യൂവിനുള്ള സംവിധാനങ്ങളും
- പകൽ വീടുകൾ, വയോജന പരിപാലനകേന്ദ്രം (Old Age Home)

- വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം

- ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ സഹായ ഉപകരണങ്ങൾ (ഹിയറിങ് എയ്ഡ്, വീൽചെയർ, വാക്കർ എന്നിവ), പരിഹാര സംവിധാനങ്ങൾ മുതലായവ

- പുതിയ പൊതുകെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവ വയോജന സൗഹൃദമാണെന്ന് ഉറപ്പുവരുത്തൽ

- വയോ ക്ലബ്ബുകൾ (പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ- വിനോദകേന്ദ്രങ്ങൾ)

- വയോജനങ്ങൾക്ക് കട്ടിൽ - 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക്

- ഇടുക്കി, വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശത്ത് താമസിക്കുന്ന 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളി പുതപ്പ്

ട്രാൻസ്ജെൻഡറുകൾക്ക് ചികിത്സാ ധനസഹായം

204 (3652) ഡോ. സുജിത് വിജയൻപിള്ള:

ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡറുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട് 'മഴവില്ല്' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്ന SRS (Sex Reassignment Surgery) പദ്ധതി പ്രകാരം ട്രാൻസ്വുമൺ വ്യക്തികൾക്ക് പരമാവധി 2.5 ലക്ഷം രൂപയും ട്രാൻസ്മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചുവരുന്നുണ്ട്. ശസ്ത്രക്രിയയെത്തുടർന്നുള്ള തുടർചികിത്സക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനുമായുള്ള SRS ആഫ്റ്റർ കെയർ പദ്ധതി പ്രകാരം പ്രതിമാസം 3,000/- രൂപ നിരക്കിൽ 12 മാസത്തേക്ക് 36,000/- രൂപ ധനസഹായവും അനുവദിച്ചുവരുന്നുണ്ട്.

(ബി) ട്രാൻസ്മാൻ, ട്രാൻസ്വുമൺ വിഭാഗങ്ങളിലായി എത്രപേർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

SRS പദ്ധതിയും SRS ആഫ്റ്റർ കെയർ പദ്ധതിയും ആരംഭിച്ച 2018-19 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 178 ട്രാൻസ്മാൻ വ്യക്തികൾക്കും 303 ട്രാൻസ്വുമൺ വ്യക്തികൾക്കുമായി SRS ധനസഹായമായി ആകെ 5,80,84,811/- രൂപയും തുടർചികിത്സാ ധനസഹായമായി 1,15,95,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ട്രാൻസ്ജെൻഡറുകൾക്ക് തുടർചികിത്സാസഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള പ്രായപരിധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതും 18 വയസ്സ് പൂർത്തിയായതുമായ ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരായ എല്ലാ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. തുടർചികിത്സാ ധനസഹായം അനുവദിക്കുന്നതിന് നിശ്ചയിച്ചിരുന്ന 18-നും 40-നും മധ്യേ എന്ന പ്രായപരിധി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22-08-2023-ലെ ഉത്തരവുമുഖേന ഭേദഗതി വരുത്തി ഉയർന്ന പ്രായപരിധി ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ 18 വയസ്സ് കഴിഞ്ഞ എല്ലാ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർചികിത്സാ ധനസഹായത്തിന് അർഹതയുണ്ട്.

വെള്ളിമാടുകുന്ന് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സ് നവീകരണം

205 (3653) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളിമാടുകുന്നിൽ സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിന്റെ നവീകരണത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2019-ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത-ശിശുവികസന വകുപ്പ് രൂപീകരിച്ചിരുന്നു. എന്നാൽ ആസ്തി-ബാധ്യത വിഭജനം നാളിതുവരെ നടന്നിട്ടില്ല.

കോഴിക്കോട് വെള്ളിമാടുകുന്നിൽ സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ സാമൂഹ്യനീതി, വനിത-ശിശു വികസന വകുപ്പുകളുടെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള 3 ക്ഷേമസ്ഥാപനങ്ങളായ ഗവ. ആശാഭവൻ (മെൻ), ഗവ. വൃദ്ധമന്ദിരം, എച്ച്.എം.ഡി.സി. എന്നിവയാണ് വെള്ളിമാടുകുന്നിലുള്ള പ്രസ്തുത സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത സ്ഥാപനങ്ങളിലുള്ള താമസക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനത്തിനുമാവശ്യമായ എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. മേൽസ്ഥാപനങ്ങളിൽ വകുപ്പുമുഖേന നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

* കോഴിക്കോട് സാമൂഹ്യനീതി കോംപ്ലക്സിൽ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങൾക്ക് പ്രത്യേക ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി നടപ്പുവർഷം 1,25,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

* മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിനുതാഴെ പ്രായമുള്ള ആൺകുട്ടികളെ സംരക്ഷിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ കോഴിക്കോട് വെള്ളിമാടുകുന്ന് സാമൂഹ്യനീതി കോംപ്ലക്സിൽ പ്രവർത്തിക്കുന്ന Home for Mentally Deficient Children (HMDC) എന്ന സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി Hindustan Latex Family Planning Promotion Trust (HLFPPT) മുഖേന രണ്ട് ഘട്ടങ്ങളിലായി

നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തുകയും സ്ഥാപനത്തിന്റെ പേര് പുണ്യഭവൻ എന്ന് പുനഃനാമകരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിൽ മൂന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾ 53,89,269/- രൂപ നിർമ്മാണ ചെലവിൽ നടപ്പിലാക്കിവരുന്നു.

* കോഴിക്കോട് പുണ്യഭവൻ എന്ന സ്ഥാപനത്തെ മാതൃകാസ്ഥാപനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ഇംഹാൻസിന്റെ സഹകരണത്തോടെ സാങ്കേതിക പിന്തുണ ലഭ്യമാകുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ താമസക്കാർക്ക് തെറാപ്പി സേവനങ്ങൾ നൽകൽ, സ്ഥാപനത്തിലെ ജീവനക്കാർക്ക് പരിശീലനം നൽകൽ, താമസക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഏകോപനവും നൽകൽ, താമസക്കാരുടെ തൊഴിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ, സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കൽ എന്നീ വിവിധങ്ങളായ പ്രവർത്തനങ്ങൾ IMHANS മുഖേന നടപ്പിലാക്കാൻ പ്രോജക്ട് വിഭാവന ചെയ്യുന്നുണ്ട്.

* നടപ്പുവർഷം എച്ച്.എം.ഡി.സി.-യിലെ അറ്റകുറ്റപ്പണികൾക്കായി 4,92,000/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

* ഗവ. ആശാഭവനിലേക്കുള്ള കോൺക്രീറ്റ് റോഡ് നിർമ്മിച്ച വകയിൽ 5,36,209/-രൂപ ചെലവഴിച്ചിട്ടുണ്ട്.

* കോഴിക്കോട് ആശാഭവൻ (മെൻ), ഗവ. വൃദ്ധസദനം എന്നിവിടങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. അത് പരിശോധിച്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കോംപ്ലക്സിലെ സുരക്ഷ കൂടുതൽ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സാമൂഹ്യനീതി കോംപ്ലക്സിലെ മുൻവശത്തെ കവാടത്തിൽ സ്ഥാപനത്തിലെ വാച്ച്മാൻമാർക്ക് ആഴ്ചയിൽ 4 ഡ്യൂട്ടി വീതം നൽകാറുണ്ട്. കോഴിക്കോട് വെള്ളിമാടുകുന്നിൽ സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിലെ സുരക്ഷ ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ആശാഭവൻ (മെൻ), HMDC എന്നിവിടങ്ങളിൽ CCTV സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) കോംപ്ലക്സിന്റെ ചുറ്റുമതിലിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

സാമൂഹ്യനീതി കോംപ്ലക്സിലെ എസ്റ്റേറ്റ് മാനേജർ തസ്തികയിൽ തുടരുന്നത് വനിത-ശിശു വകുപ്പിനുകീഴിലുള്ള ചിൽഡ്രൻസ് ഹോം സൂപ്രണ്ടാണ്. കോംപ്ലക്സിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് മുഖേന തയ്യാറാക്കിയ ഒരു കോടി രൂപയുടെ

എസ്റ്റിമേറ്റ് അംഗീകാരത്തിനായി വനിത-ശിശുവികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ അലിയാർ സ്മാരക വായനശാല കെട്ടിടം

206 (3654) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപ്പുറത്ത് പ്രവർത്തിക്കുന്ന അലിയാർ സ്മാരക വായനശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

അലിയാർ സ്മാരക വായനശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളില്ലാത്തതിനാൽ അത് ഹാജരാക്കാൻ അലിയാർ സ്മാരക ഗ്രന്ഥശാല സെക്രട്ടറിക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 22-07-2024-ലെ ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിലെ എ 2/149/2024/HEDN നമ്പർ ഫയലിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയോട് ആവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ആവശ്യമായ രേഖകൾ അടങ്ങുന്ന അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ഗതാഗത വകുപ്പിലെ പദ്ധതികൾ

207 (3655) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെത്തുടർന്ന് ഗതാഗത വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെത്തുടർന്ന് ഗതാഗത വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഗതാഗത വകുപ്പിന് പദ്ധതി അടങ്കലായി അനുവദിച്ച 178.43 കോടി രൂപയുടെ 51 ശതമാനമായ 91 കോടി രൂപ വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗത്തിന്റെയും സ്പെഷ്യൽ വർക്കിങ് ഗ്രൂപ്പ് യോഗത്തിന്റെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ വർക്കിങ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട്

കോർപറേഷന്റെ Modernization Quality Improvement of Fleet എന്ന പദ്ധതിക്കായി ഗതാഗത (എ) വകുപ്പിന്റെ 25-01-2025-ലെ സ.ഉ.(സാധാ)നം.25/2025/ട്രാൻസ്. പ്രകാരം 63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു). മറ്റ് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കാൻ നടപടി

208 (3656) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരം റോഡപകടങ്ങൾക്കും അതുമൂലമുള്ള മരണങ്ങൾക്കും കാരണമാകുന്ന ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണമാകുന്ന ബസ്സുകളുടെ മത്സരയോട്ടം, ഡോർ അടയ്ക്കാതെയുള്ള യാത്ര തുടങ്ങിയവ കണ്ടെത്തുന്നതിന് പോലീസ് സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നുണ്ട്. അമിതവേഗത നിയന്ത്രിക്കുന്നതിന് ജില്ലകളിൽ പോലീസിന് അനുവദിക്കപ്പെട്ട സ്പീഡ് റഡാറുകൾ ഉപയോഗിച്ച് കർശന വാഹന പരിശോധന നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സംയുക്തമായി വാഹന പരിശോധനകൾ നടത്തിവരുന്നുണ്ട്. അതിൽ നിയമലംഘനം കണ്ടെത്തുന്ന ഇത്തരം വാഹനങ്ങളുടെ പെർമിറ്റ്, വാഹന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡ്രൈവറുടെ ലൈസൻസ്, കണ്ടക്ടർ ലൈസൻസ് എന്നിവയിന്മേൽ മോട്ടോർ വാഹന വകുപ്പ് ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട റോഡപകടങ്ങളും അതിനെത്തുടർന്നുള്ള മരണങ്ങൾക്കും കാരണമാകുന്ന ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബസ്സുകളുടെ സമയക്രമം കൃത്യമായി ക്രമീകരിക്കുകയും ആവശ്യമായ റണ്ണിങ് ടൈം നൽകുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ തമ്മിലും സ്വകാര്യ ബസ്സുകളുമായും അനാവശ്യ മത്സരം ഒഴിവാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും ക്രമീകരണങ്ങളും ചെയ്തിരിക്കുന്നത്. കൂടാതെ, ഇത് കൃത്യമായി പരിപാലിക്കുന്നതിന് യൂണിറ്റ് തലത്തിലും ചീഫ് ഓഫീസ് തലത്തിലും അപകട നിരീക്ഷണ സമിതി പ്രവർത്തിച്ചുവരുന്നു. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് അപകടങ്ങൾ വിലയിരുത്തുകയും അപകടം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

റോഡ് അപകട നിവാരണവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ഡിപ്പോ തലത്തിൽ മൂന്ന് മാസത്തിലൊരിക്കൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, Road Safety Authority ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. കൂടാതെ ഫാറ്റൽ അപകടങ്ങളുണ്ടാക്കുന്ന ഡ്രൈവർ വിഭാഗം ജീവനക്കാർക്ക്

സസ്പെൻഷൻ ഉൾപ്പടെയുള്ള കർശന അച്ചടക്ക നടപടികളും തിരുത്തൽ പരിശീലനവും നൽകിവരുന്നു.

(ബി) മത്സരയോട്ടം നിയന്ത്രിക്കുന്നതിനായി പെർമിറ്റ് അനുവദിക്കുമ്പോൾ സമയം ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പെർമിറ്റ് അനുവദിക്കുമ്പോൾ മത്സരയോട്ടം ഉണ്ടാകാത്ത രീതിയിൽ ടൈം ഹിയറിങ് നടത്തി സമയം ക്രമീകരിച്ചാണ് ടൈം ഷീറ്റ് നൽകുന്നത്. കെ.എസ്.ആർ.ടി.സി. ബസ് മത്സരയോട്ടം ഉണ്ടാകാതിരിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ആർ.ടി.എ. സെൽ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വാഹനാപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യം

209 (3657) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനപെരുപ്പത്തിന് അനുസരിച്ചാണോ നിലവിലുള്ള റോഡുകളുടെ സൗകര്യങ്ങൾ എന്നതുസംബന്ധിച്ച് ഗതാഗത വകുപ്പ് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ?

ഗതാഗത വകുപ്പ് ഈ കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. എന്നാൽ നാറ്റ്പാക് നടത്തിയിട്ടുള്ള ശാസ്ത്രീയ പഠനങ്ങളിൽ പല റോഡുകളിലും വാഹനപെരുപ്പത്തിന് അനുസരിച്ചുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) നഗരങ്ങളിൽ കാൽനടയാത്രക്കാരുടെ പൊതുഗതാഗത സംവിധാനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനായി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

നഗരങ്ങളിൽ കാൽനടയാത്രക്കാരുടെ പൊതുഗതാഗത സംവിധാനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സുരക്ഷയൊരുക്കുന്നതിനും ജങ്ഷനുകൾ, മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിലും കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖലകളിലും നടപ്പാതകൾ നിർമ്മിച്ചുവരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് 'സ്കൂൾ മേഖല' പദ്ധതി ആവിഷ്കരിച്ചുവരുന്നു. കൂടാതെ, കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിങ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ, റംബിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നടപ്പാതകളിൽ പൊട്ടിക്കിടക്കുന്ന സ്ലാബുകൾ സ്പെഷ്യൽ റിപ്പയർ ഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണികളും നടത്തിവരുന്നു.

കൂടാതെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവ കണക്കിലെടുത്തും കാൽനടയാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും കാൽനടയാത്രക്കാർ കൂടുതൽ ഇല്ലാത്ത ഭാഗങ്ങളിൽ നടക്കാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ സംവിധാനം

ഏർപ്പെടുത്തിവരുന്നുണ്ട്. പുതുതായി Kerala State Transport Project (കെ.എസ്.ടി.പി.), Kerala Road Fund Board (കെ.ആർ.എഫ്.ബി.), RICK എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിവരുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും നഗരവികസന പദ്ധതികളിലും റോഡ് വികസനത്തിനോടൊപ്പം നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്.

കൂടാതെ, സുരക്ഷിതമായ റോഡ് ഉപയോഗത്തെക്കുറിച്ച് കാൽനടയാത്രക്കാർക്ക് ബോധവൽക്കരണം നടത്തുന്നതിനായി എഫ്.എം. നെറ്റ്വർക്കിലൂടെയും റെയിൽവേ സ്റ്റേഷനിൽ ജിംഗിളുകളിലൂടെയും മറ്റ് അച്ചടിമാധ്യമങ്ങളിലൂടെയും റോഡുസുരക്ഷാ സന്ദേശങ്ങൾ കേരള റോഡ് സുരക്ഷാ അതോറിറ്റി പ്രചരിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് സുരക്ഷിതമായ റോഡ് സംസ്കാരം രൂപപ്പെടുത്തുന്നതിനായി അലക്ഷ്യമായി റോഡ് ഉപയോഗിക്കുന്ന കാൽനടയാത്രക്കാരെ നിയന്ത്രിക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ നടപ്പാത സ്ഥാപിക്കാൻ ₹8.24 കോടി രൂപ അനുവദിക്കാൻ KRSA-യുടെ 48-ാമത് യോഗം തീരുമാനിക്കുകയും അതിനനുസൃതമായി പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

അതോടൊപ്പം നഗരങ്ങളിൽ കാൽനടയാത്രക്കാരുടെ പൊതുഗതാഗത സംവിധാനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനായി വിവിധ കാലഘട്ടങ്ങളിൽ ശാസ്ത്രീയമായ പഠനങ്ങൾ നാറ്റ്പാക് നടത്തുകയും റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വർധിച്ചുവരുന്ന വാഹനാപകടങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വർധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും റോഡുകളിലെ സുരക്ഷാ മുൻകരുതൽ ഉറപ്പാക്കുന്നതിനും സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻ ബോർഡുകൾ, വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, 'No Overtaking', ഷെവറോൺ എന്നീ സൈൻ ബോർഡുകൾ, അമിത വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ, കൂടാതെ ആവശ്യമുള്ള സ്ഥലങ്ങളിൽ മാർക്കിങ്ങുകൾ, സ്റ്റഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ എന്നിവ കൂടുതലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

കൂടാതെ, വർധിച്ചുവരുന്ന വാഹനപെരുപ്പംമൂലം ഉണ്ടാകുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്ഥലലഭ്യതയും ഫണ്ട് ലഭ്യതയും അനുസരിച്ച് നിലവിലുള്ള റോഡുകൾ വീതി കൂട്ടുന്നതിനും ബൈപ്പാസുകൾ, മേൽപ്പാലങ്ങൾ, അടിപ്പാതകൾ തുടങ്ങിയ വൻകിട പദ്ധതികളുടെ നിർമ്മാണം കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി. എന്നിവ മുഖേനെ

നടപ്പിലാക്കിവരുന്നു. അപകടം പതിവായ സ്ഥലങ്ങളിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എന്നിവയുടെ ഏകോപനം നിലവിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി (KRSA) മുഖേനയാണ് നടത്തിവരുന്നത്. തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ശാസ്ത്രീയമായി നാറ്റ്പാക് എന്ന ഏജൻസി മുഖാന്തരം കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടുകൂടി സംയുക്ത സ്ഥല പരിശോധന നടത്തി, സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

രണ്ടായിരത്തിമുപ്പതോടെ സംസ്ഥാനത്തെ റോഡപകടങ്ങൾ 50 ശതമാനം കുറയ്ക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി നാറ്റ്പാക് കേരളത്തിനായി ഒരു റോഡ് സുരക്ഷാ ആക്ഷൻ പ്ലാനിന്റെ (Road Safety Action Plan for Kerala (2025-30) കരട് തയ്യാറാക്കി മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അഭിപ്രായങ്ങൾ തേടുന്നതിനായി 20-02-2025-ന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കരട് അതത് വകുപ്പുകൾ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തുണ്ടാകുന്ന വലിയ അപകടങ്ങൾ സുപ്രീം കോർട്ട് കമ്മിറ്റിയുടെ നിർദേശപ്രകാരം എല്ലാ ഏജൻസികളും പരിശോധന നടത്തി കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേക്ക്ഹോൾഡർ ഡിപ്പാർട്ട്മെന്റുകൾ ആവശ്യപ്പെടുന്ന പ്രകാരം ഇത്തരം അപകട നിർമാർജന പ്രവർത്തനങ്ങൾക്ക് KRSA-യുടെ ഫണ്ടും നൽകുന്നതാണ്. റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടും പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടും ഉപയോഗിച്ച് ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അശ്രദ്ധമായി കാൽനടയാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നതുമൂലം വാഹനാപകടങ്ങളിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി റോഡുകളുടെ മീഡിയനുകളിൽ ഫെൻസിങ്ങുകൾ സ്ഥാപിക്കുന്നതിനായി വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. റോഡുകളിലെ മീഡിയനുകളിൽ രാത്രികാലങ്ങളിൽ ദൃശ്യമാകുന്ന സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾക്ക് സമീപം സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിനും റോഡ് പരിപാലന വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുള്ളതാണ്. റോഡിന്റെ ഉപരിതലത്തിലെ ഏറ്റക്കുറച്ചിലുകൾമൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിനും റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ, പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ എന്നിവ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായും വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് ജില്ലാടിസ്ഥാനത്തിൽ നിർദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വർധിച്ചുവരുന്ന വാഹനാപകടങ്ങൾ പരിഹരിക്കുന്നതിനായി മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 135 എ പ്രകാരമുള്ള സ്കീം രൂപീകരിക്കുന്നത്

പരിഗണനയിലാണ്. ഇതുവഴി അപകട കാരണങ്ങൾ വിശദമായി വിശകലനം ചെയ്ത് അപകട കാരണങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം നിലവിൽ 85 സ്ക്വാഡുകളിലായി എട്ടുമണിക്കൂർ വീതം എൻഫോഴ്സ്മെന്റ് വിഭാഗം പ്രവത്തിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സഹായം

210 (3658) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപ വീതമാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്; ഇതിൽ വായ്പ ഇനത്തിലും ഗ്രാന്റായും എത്ര രൂപ വീതം അനുവദിച്ചു; ആയത് ഏതൊക്കെ ഇനത്തിലേക്കാണ് അനുവദിച്ചതെന്നും അതിൽ എത്ര രൂപ വീതം ഓരോ സാമ്പത്തിക വർഷവും വിനിയോഗിച്ചിട്ടുണ്ടെന്നും എന്തിന് വേണ്ടിയാണെന്നും വ്യക്തമാക്കാമോ?

2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ വായ്പയായി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം വായ്പയായി അനുവദിച്ച 1434.81 കോടി രൂപയിൽ 20.29 കോടി രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക ടോൾ ചാർജിനത്തിൽ ബന്ധപ്പെട്ട ടോൾ പ്ലാസകൾക്ക് അനുവദിക്കുന്നതിനായാണ് കെ.എസ്.ആർ.ടി.സി.-ക്ക്

സർക്കാർ റിലീസ് ചെയ്യനൽകിയത്. എന്നാൽ ടോൾ പ്ലാസയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ ടി തുക അനുവദിച്ചിട്ടില്ല.

2023-24 സാമ്പത്തിക വർഷം മുതൽ 2024 സാമ്പത്തിക വർഷം നാളിതുവരെയും അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും എന്ന പദ്ധതിക്കായി അനുവദിച്ച 2.74 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. C-DAC-നെ ചുമതലപ്പെടുത്തിയ പ്രവൃത്തി തൃപ്തികരമായി നിർവഹിക്കാത്തതിനാലാണ് ടി തുക ചെലവഴിക്കാൻ സാധിക്കാത്തത്.

2016-17 മുതൽ 2018-19 സാമ്പത്തിക വർഷം വരെ പദ്ധതി വിഹിതമായി അനുവദിച്ച തുകയും 2021-22 മുതൽ 2023-24 സാമ്പത്തിക വർഷം വരെ പദ്ധതി വിഹിതമായി അനുവദിച്ച തുകയും പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക വിനിയോഗിച്ച് പദ്ധതി പ്രവൃത്തികൾ നിർവഹിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി.-ക്ക് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും സർക്കാർ അനുവദിച്ച് നൽകിയിട്ടില്ല.

2016-17 മുതൽ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സുരക്ഷിതയാത്ര

211 (3659) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. വി. ആർ. സുനിൽകുമാർ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിനായി സർവീസിന് അനുവദിക്കുന്ന എല്ലാ ബസ്സുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിച്ച് മാത്രം സർവീസിന് അനുവദിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ സൂപ്പർ ചെക്കിങ് നടത്തുന്നതിനും ബന്ധപ്പെട്ട യൂണിറ്റ്/ഗ്യാരേജ് അധികാരികൾക്ക് കർശന നിർദ്ദേശം നടപ്പിൽവരുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമായി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. അപകടങ്ങൾ നിവാരണം ചെയ്യുന്നതിനുവേണ്ടി യൂണിറ്റ് തലത്തിലും ചീഫ് ഓഫീസ് തലത്തിലും അപകട നിരീക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് അപകടങ്ങൾ വിലയിരുത്തുകയും അപകടം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. റോഡപകട നിവാരണവുമായി ബന്ധപ്പെട്ട് ഡിപ്പോതലത്തിൽ

മൂന്നുമാസത്തിലൊരിക്കൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, Road Safety Authority ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. കൂടാതെ മരണകാരണമാകുന്ന അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർ വിഭാഗം ജീവനക്കാർക്കും മദ്യപിച്ച് ഡ്യൂട്ടിക്കെത്തുന്ന ജീവനക്കാർക്കും പരിശോധന നടത്തി കർശന അച്ചടക്ക നടപടികളും തിരുത്തൽ പരിശീലനവും നൽകിവരുന്നു.

അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയ ബസ്സുകളിൽ "കോ പൈലറ്റ് A1 ഫീച്ചർ ക്യാമറ" ഡ്രൈവർ ക്യാമറയുടെകൂടെ ഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സഹായത്താൽ ഡ്രൈവിങ് സമയത്തുള്ള ഡ്രൈവിങിന്റെ ശ്രദ്ധ തിരിക്കുന്ന ഉറക്കം, മൊബൈൽ ഉപയോഗം, പുകവലി തുടങ്ങിയവയും അമിത വേഗത, അശ്രദ്ധമായ ഡ്രൈവിങ് എന്നിവ യഥാസമയംതന്നെ കണ്ടെത്തി അലെർട്ട് ചെയ്യുന്നതിലൂടെ അപകടം ഒഴിവാക്കുന്നതിന് സാധിക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ യാത്രയ്ക്കിടയിൽ അഗ്നിക്കിരയാകുന്നത് വർധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ കൃത്യമായ ഇടവേളകളിൽ സാങ്കേതിക പരിശോധനയും അറ്റകുറ്റപ്പണികളും നടത്തി യാത്രയ്ക്ക് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാഹന നിർമ്മാതാക്കൾ നിഷ്കർഷിച്ചിരിക്കുന്ന വിധം അറ്റകുറ്റപ്പണികൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നതിന് എല്ലാ യൂണിറ്റ്/വർക്ക്ഷോപ്പ് അധികാരികൾക്കും നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സുരക്ഷിതത്വവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി എല്ലാ ബസ്സുകളുടേയും ഇലക്ട്രിക്കൽ സിസ്റ്റം ഉൾപ്പെടെ എല്ലാ ഭാഗങ്ങളും പരിശോധിച്ച് തകരാറുകൾ പരിഹരിച്ച് മാത്രം സർവീസിന് അനുവദിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ സൂപ്പർ ചെക്കിങ് നടത്തുന്നതിനും ബന്ധപ്പെട്ട യൂണിറ്റ്/ വർക്ക്ഷോപ്പ് അധികാരികൾക്ക് പ്രത്യേക നിർദേശം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പഴക്കംചെന്ന പൊതുഗതാഗത യോഗ്യമല്ലാത്ത ബസ്സുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുമാനം വർധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ പഴക്കംചെന്ന പൊതുഗതാഗത യോഗ്യമല്ലാത്ത ബസ്സുകൾ രൂപമാറ്റം വരുത്തി ഷോപ് ഓൺ വീൽസ് ആയി ഉപയോഗിച്ച് വരുമാനം വർധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ ടിക്കറ്റേതര വരുമാനം

212 (3660) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടിക്കറ്റേതര വരുമാനം വർധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ

പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

ടിക്കറ്റേതര വരുമാനം വർധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികളിലും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്സ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, Public Announcement System, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും വരുമാനം ലഭിച്ചുവരുന്നു.

കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബസ്സുകളിൽ പരസ്യം പതിപ്പിച്ച് ആയതിലൂടെ വരുമാനം കണ്ടെത്തിവരുന്നു.

Kerala Irrigation Infrastructure Development Corporation-മായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും വ്യാപിപ്പിക്കുന്നതുവഴി വരുമാനം ലഭിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി Restaurant-കൾ, കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന

ഉദ്ദേശത്തോടുകൂടി Onboard refreshment-നുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതും ഒരു വരുമാന സ്രോതസ്സാണ്.

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് Ladies and Family Waiting Area-യും CSR ഫണ്ട് വിനിയോഗിച്ച് Vivo എന്ന കമ്പനി തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, അങ്കമാലി ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു. സമാനമായ രീതിയിൽ Wonderla-യുടെ സഹകരണത്തോടെ എറണാകുളം ഡിപ്പോയിലും പൊതുജനങ്ങൾക്ക് സൗകര്യം വർധിപ്പിക്കുന്ന ലക്ഷ്യത്തോടെ ശീതികരിച്ച Paid വെയ്റ്റിങ് റൂം സജ്ജീകരിച്ചിട്ടുണ്ട്.

ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകൾ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളാക്കുന്നതിനും ല്യൂബ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ യാത്രാഫ്യുവൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

ബജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണ്ണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

"കെ.എസ്.ആർ.ടി.സി. ബജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ /ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമ രൂപം നൽകിവരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 2024 മേയ് മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ. ആദ്യഘട്ടത്തിലെ 12 ഡ്രൈവിങ് സ്കൂളുകളിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (സ്റ്റാഫ് ട്രെയിനിങ് സെന്റർ തിരുവനന്തപുരം, കാട്ടാക്കട, വിതുര, ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, ചാലക്കുടി, ചിറ്റൂർ, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, മാനന്തവാടി). 2 എണ്ണം 2025 മാർച്ച് മാസത്തിൽ ആരംഭിക്കുന്നതാണ്. (റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര, നെടുമങ്ങാട്).

രണ്ടാംഘട്ടത്തിൽ 8 സ്ഥലങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി

213 (3661) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സുസ്ഥിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1499.42 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിങ്, അടിസ്ഥാനസൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 38.44 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 67.66 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 10.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശയുൾപ്പെടെ സർക്കാർതന്നെ മടക്കിനൽകുകയും ചെയ്യുന്നുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം വിനിയോഗിച്ച് 143 ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ ലോജിസ്റ്റിക്സ് പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിങ് സ്കൂൾ എന്നിവ ഉൾപ്പെടെ നിരവധി

നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി വിവിധ പദ്ധതികൾ ആരംഭിക്കുകയും അവ വിജയകരമായി നടപ്പിലാക്കിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

ലോ ഫ്ലോർ എ.സി. ബസ്സുകളേക്കാൾ കുറഞ്ഞ നിരക്കിലും സൂപ്പർഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളേക്കാൾ കൂടിയതും ടെയിൻ നിരക്കുകളുമായി താദാത്മ്യമുള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ ആധുനിക സൗകര്യങ്ങൾ നൽകിയും ഇന്ധനക്ഷമത കൂടിയ പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന ക്ലാസ് സർവീസ് ആരംഭിച്ചു. ഇതിന്റെ പ്രാഥമിക പദ്ധതി 10 ബസ്സുകൾ ഉപയോഗിച്ച് വിജയകരമായി നടത്തിവരുന്നു.

നിലവിൽ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർഫാസ്റ്റ് ബസ്സുകൾ എൻ.എച്ച്.-ലെയും എം.സി.-യിലെയും പ്രധാന ബസ്സ് സ്റ്റേഷനുകൾ ഒഴികെയുള്ള ബസ്സ് സ്റ്റേഷനുകളിൽ ഒന്നിടവിട്ട് മാത്രം പ്രവേശിച്ച് യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്ത് ഇത്തരത്തിൽ 169 ട്രിപ്പുകൾ ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റായി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇതിലൂടെ ശരാശരി ഇ.പി.കെ.എം. (Earning per kilometre) 47.99 രൂപയിൽനിന്ന് 49.58 രൂപയായി വർധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻവേണ്ടി 279 ഡീസൽ ബസ്സുകളും 52 (2 ഡബിൾ ഡക്കർ ഉൾപ്പെടെ) ഇലക്ട്രിക് ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തിവരുന്നു. കൂടാതെ 113 ഇ-ബസ്സുകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭ്യമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തിവരുന്നു.

പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്.

ഓരോ യൂണിറ്റിനേയും പ്രോഫിറ്റ് സെന്ററാക്കി മാറ്റുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 2024 ജൂലൈ മാസം 52 യൂണിറ്റുകൾ മാത്രം ഇത്തരം പ്രവർത്തനലാഭം ലഭ്യമാക്കുകയും 41 യൂണിറ്റുകൾ പ്രവർത്തന നഷ്ടം വരുത്തുകയും ചെയ്ത സ്ഥാനത്ത് യൂണിറ്റുതല ഏകോപനത്തിലൂടെയും യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിലൂടെയും 2024 ഡിസംബർ മാസത്തിൽ ആകെ 93 യൂണിറ്റുകളിൽ 88 യൂണിറ്റുകൾ പ്രവർത്തനലാഭത്തിലും 5 യൂണിറ്റുകൾ മാത്രം പ്രവർത്തനനഷ്ടത്തിലുമായി മാറിയിട്ടുണ്ട്. ഇത് ജനുവരി മാസം 90

യൂണിറ്റുകൾ പ്രവർത്തനലാഭത്തിലും 3 യൂണിറ്റുകൾ മാത്രം ഇത്തരത്തിൽ പ്രവർത്തനനഷ്ടത്തിലും എന്ന മികച്ച രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ട്.

തമിഴ്നാടുമായുള്ള 2019-ലെ അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസ് നടത്താൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽക്കൂടി പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചു. വോൾവോ ലോ ഫ്ലോർ എ.സി., സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് സർവീസുകൾക്കായി ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ യൂണിറ്റുകളിൽനിന്നും കോയമ്പത്തൂർ, തെങ്കാശി, തേനി, കമ്പം, ഉദുമൽപേട്ട്, പൊള്ളാച്ചി എന്നിവിടങ്ങളിലേക്കാണ് ബാക്കിയുണ്ടായിരുന്ന വരുമാന ലഭ്യതയുള്ള പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചത്.

ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളാക്കുന്നതിനും ല്യൂബ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ യാത്രാഫ്യുവൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ

വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

കൊറിയർ & ലോജിസ്റ്റിക്സ്:

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം 15-06-2023 തീയതി മുതൽ ആരംഭിച്ചു. കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് 16 മണിക്കൂർകൊണ്ട് സാധനങ്ങൾ എത്തിക്കാൻ സാധിക്കും. ഇതിൽനിന്ന് വരുമാനം ലഭിച്ചുവരുന്നു.

ഇന്ധനച്ചെലവ് കുറയ്ക്കാനുള്ള നടപടികൾ

214 (3662) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

നഷ്ടം വരുത്തുന്ന ഷെഡ്യൂളുകൾ സംബന്ധിച്ച് പഠനം നടത്തി യാത്രക്കാർ തീരെ ആശ്രയിക്കാത്ത ട്രിപ്പുകൾ ക്രമീകരിക്കുന്നതിലൂടെ ഇന്ധനച്ചെലവ് വളരെ വലിയ തോതിൽ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ യാത്രക്കാരില്ലാത്ത ഡെഡ് ട്രിപ്പുകൾ ഒഴിവാക്കിയതിലൂടെയും ദീർഘദൂര സർവീസുകളിലെ അപ്രധാന ട്രിപ്പുകൾ ചുരുക്കി പുനഃക്രമീകരിച്ച് നടപ്പിലാക്കിയതിലൂടെയും ഇന്ധനച്ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ വിദ്യാർഥി കൺസഷൻ, ഒറ്റപ്പെട്ട മറ്റ് യാത്രാസൗകര്യമില്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ മേഖലകളിലേക്കുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള സർവീസുകളെയും ട്രിപ്പുകളെയും ബാധിക്കാതെ ജനോപകാരപ്രദമായി മാത്രമാണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ഇന്ധനക്ഷമത കൂടിയ എ.സി. ബസ്സുകൾ, മിനി ബസ്സുകൾ എന്നിവ ഡീസൽ ചെലവ് കൂടുതലുള്ള ബസ്സുകൾക്ക് പകരം നൽകി ഡീസൽ ചെലവ് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻകാലത്ത് സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ എന്നീ സർവീസുകൾക്ക് ഉപയോഗിച്ചിരുന്ന ലോഫ്ലോർ, നോൺ എ.സി. ബസ്സുകൾക്ക് പകരമായി ഇലക്ട്രിക് ബസ്സുകൾ വിന്യസിച്ചതിലൂടെ ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനായി ഡ്രൈവർമാർക്ക് സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ പരിശീലനം നൽകിവരുന്നു. ഇന്ധനച്ചെലവ് കുറച്ച് ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയും കൈവരിക്കേണ്ട കെ.എം.പി.എൽ. ലക്ഷ്യം യൂണിറ്റുകൾക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതിനായി ഡ്രൈവർമാരുടെ Driver wise KMPL ദിവസേന പരിശോധിച്ച് അവലോകനം നടത്തി കെ.എം.പി.എൽ. കുറവുള്ള ഡ്രൈവർമാർക്ക് തിരുത്തൽ പരിശീലനം നൽകിവരുന്നു.

ഇത്തരത്തിൽ ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാരെ അഭിനന്ദിക്കുന്നതിനോടൊപ്പം Class wise KMPL Target നേടുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവും നൽകിവരുന്നു.

ഡ്രൈവർമാർ തമ്മിലുള്ള ഇന്ധന ഉപഭോഗത്തിലെ താരതമ്യപഠനം നടത്തി ഇന്ധനം കൂടുതൽ ചെലവാക്കുന്ന ഡ്രൈവർമാരെ കൗൺസിലിങിന് വിധേയമാക്കുന്നുണ്ട്.

വാഹനങ്ങളുടെ തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിനും മെയിന്റനൻസുകൾ കൃത്യമായി ചെയ്ത് KMPL വർധിപ്പിക്കുന്നതിനുള്ള നിർദേശം നൽകി നടപ്പിലാക്കിവരുന്നു. കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ഓടിക്കുന്ന ഡ്രൈവർമാരുടെ Driver wise, class wise, Depot wise KMPL വിവരങ്ങൾ ദിവസേന ലഭ്യമാക്കുന്നതിനായി ഒരു software തയ്യാറാക്കി എല്ലാ ഡിപ്പോകൾക്കും നൽകുകയും പ്രസ്തുത software മുഖേന ലഭ്യമാക്കുന്ന വിവരങ്ങൾ വിലയിരുത്തി ഡിപ്പോ തലത്തിലും ചീഫ് ഓഫീസ് തലത്തിലും ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2024-25 പദ്ധതി വിഹിതം ഉപയോഗിച്ച് കാലപ്പഴക്കംചെന്ന ബസ്സുകൾക്ക് പകരം 117 എണ്ണം Fully Built Non AC Diesel BS VI മാനദണ്ഡപ്രകാരമുള്ള ബസ്സുകളും 26 എണ്ണം Fully Built AC Diesel BS VI ബസ്സുകളും വാങ്ങുന്നതിന് ഇ-ദർഘാസ് ക്ഷണിച്ച് വാഹന നിർമ്മാതാക്കൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്രകാരം ഇന്ധനച്ചെലവിൽ കുറവുവരുത്താൻ സാധിക്കും.

KSRTC-SWIFT-ൽ പുതുതായി നിയോഗിക്കുന്ന എല്ലാ ഡ്രൈവർ കം കണ്ടക്ടർ ജീവനക്കാർക്കും ട്രെയിനിങ് നൽകിയതിനുശേഷമാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്.

ഡ്രൈവർമാരുടെ KMPL നിരീക്ഷിക്കുന്നതിനായി ഒരു Software വികസിപ്പിച്ച് ഓരോ ഡ്രൈവറുടെയും ഇന്ധന ഉപഭോഗം നിരീക്ഷിച്ചുവരുന്നു. ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഡീസൽ ഉപഭോഗം കൂടിയ ഡ്രൈവർമാർ ആദ്യമെന്ന ക്രമത്തിൽ 2 ദിവസം വീതമുള്ള ഒരു Training Program സ്റ്റാഫ് ട്രെയിനിങ് സെന്റർ മുഖേന നൽകിവരുന്നു.

ഇതുവരെ 210 ഡ്രൈവർമാർക്ക് KMPL ട്രെയിനിങ് നൽകിയിട്ടുണ്ട്. ട്രെയിനിങിനുശേഷവും ഡ്രൈവർമാരുടെ KMPL വിലയിരുത്തിവരുന്നു.

(ബി) വാഹനങ്ങളിൽ ഇന്ധനക്ഷമത കൈവരിക്കുന്നതിനായി ഡ്രൈവർമാർക്ക് പ്രത്യേക നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനായി ഡ്രൈവർമാർക്ക് സ്റ്റാഫ് ട്രെയിനിങ് സെന്ററിൽവച്ച് രണ്ടുദിവസത്തെ പരിശീലന പരിപാടി നടന്നുവരുന്നു. ഡ്രൈവർമാരുടെ Driver wise KMPL ദിവസേന പരിശോധിച്ച് അവലോകനം നടത്തി കെ.എം.പി.എൽ. കുറവുള്ള ഡ്രൈവർമാർക്ക് KMPL മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ യൂണിറ്റ് തലത്തിൽ നൽകിവരുന്നു. ഇന്ധനക്ഷമത കൂടിയ ഡ്രൈവർമാരെ അഭിനന്ദിക്കുന്നതിനോടൊപ്പം Class wise KMPL Target നേടുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവും നൽകിവരുന്നു. ഡ്രൈവർമാർ തമ്മിലുള്ള ഇന്ധന ചെലവിലെ വ്യത്യാസം മനസ്സിലാക്കി ഇന്ധനം കൂടുതൽ ചെലവാക്കുന്ന ഡ്രൈവർമാരെ കൗൺസിലിങിന് വിധേയമാക്കുന്നുണ്ട്. ഇങ്ങനെ മെച്ചപ്പെടാത്ത

ഡ്രൈവർമാർക്ക് KMPL മെച്ചപ്പെടുത്തുന്നതിനും അപകടരഹിത സുരക്ഷിത യാത്ര നൽകുന്നതിനുമായി തിരുത്തൽ പരിശീലനവും നൽകിവരുന്നു.

(സി) ഇന്ധനച്ചെലവും മലിനീകരണ തോതും കുറഞ്ഞ ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം 163 നോൺ എ.സി. (9 മീറ്റർ) ഇലക്ട്രിക് ബസ്സുകളും 2 ഡബിൾ ഡെക്കർ ബസ്സുകൾ ഉൾപ്പടെ 165 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശങ്ങളിലുമായി കെ.എസ്.ആർ.ടി.സി. സർവീസ് നടത്തിവരുന്നു.

(ഡി) ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തികലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ കിഫ്ബി ലോൺ മുഖാന്തരം ലഭിച്ച 50 നോൺ എ.സി. (9 മീറ്റർ) ഇലക്ട്രിക് ബസ്സുകളും സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായ 113 നോൺ എ.സി. (9 മീറ്റർ) ഇലക്ട്രിക് ബസ്സുകളും സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായ 2 ഡബിൾ ഡെക്കർ ബസ്സുകളും തിരുവനന്തപുരം നഗരം കേന്ദ്രീകരിച്ച് സർവീസ് നടത്തിവരുന്നു.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഏപ്രിൽ 2024 മുതൽ ഡിസംബർ 2024 വരെയുള്ള അൺഓഡിറ്റഡ് കണക്ക് പ്രകാരം പ്രസ്തുത ഇലക്ട്രിക് ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി 27.03 രൂപ പ്രവർത്തനച്ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

നോൺ ഓപ്പറേറ്റിങ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവകൂടി കണക്കാക്കിയുള്ള പ്രതി കിലോമീറ്റർ ചെലവ് 42.70 രൂപയാണ്.

മൊറട്ടോറിയം കാലാവധിക്കുശേഷമുള്ള കിഫ്ബി വായ്പാ തിരിച്ചടവുംകൂടി കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചെലവ് 43.66 രൂപയാണ്.

രണ്ടുവർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് കൂടി കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചെലവ് 48.27 രൂപയാണ്. ആയതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി[+] ചേർക്കുന്നു.

ഇലക്ട്രിക് ബസ്സുകളുടെയും ഡീസൽ ബസ്സുകളുടെയും താരതമ്യ പഠനം നടത്തുമ്പോൾ Un-Audited കണക്ക് പ്രകാരം ബദലി ജീവനക്കാരെ ഉപയോഗിച്ച് സർവീസ് നടത്തിയാൽ ഇലക്ട്രിക് ബസ്സുകൾ ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി ചെലവ് മൊറട്ടോറിയം ഒഴികെ 47.31 രൂപയും ഡീസൽ ബസ്സുകൾ ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി ചെലവ് 50.70 രൂപയുമാണ്.

ടി കണക്ക് പ്രകാരം ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തികലാഭം പ്രതി കി.മീ. 3.39 രൂപയാണ്.

Un-Audited കണക്ക് പ്രകാരം സ്ഥിരം ജീവനക്കാരെ ഉപയോഗിച്ച് സർവീസ് നടത്തിയാൽ ഇലക്ട്രിക് ബസ്സുകൾ ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവ് മൊറട്ടോറിയം ഒഴികെ 59.39 രൂപയും ഡീസൽ ബസ്സുകൾ ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി ചെലവ് 62.78 രൂപയുമാണ്.

ടി കണക്ക് പ്രകാരം ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തികലാഭം പ്രതി കി.മീ. 3.39 രൂപയാണ്.

(ഇ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസ്സുകളുടെ എണ്ണം എത്രയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 165 ഇലക്ട്രിക് ബസ്സുകളും 282 ഡീസൽ ബസ്സുകളും വാങ്ങിയ വകയിൽ ആകെ 2,69,32,62,391/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ തരം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഇടപെടലുകൾ

215 (3663) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

ബജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

- ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

- IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യാ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

- "കെ.എസ്.ആർ.ടി.സി. ബജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

- "കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) വിനോദസഞ്ചാരത്തിനായി നിലവിൽ എത്ര സർവീസുകളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാരത്തിനായി നിലവിൽ ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റുകളിൽനിന്നുമായി പ്രതിമാസം ശരാശരി 525 ട്രിപ്പുകൾ നടത്തിവരുന്നു.

കെ.എസ്.ആർ.ടി.സി.– എൻ.പി.എസ്.

216 (3664) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ 2016 മേയ് മുതൽ 2024 ഡിസംബർ വരെ എൻ.പി.എസ്. ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം എത്ര രൂപ പിടിച്ചിട്ടുണ്ട്; പ്രസ്തുത

കാലയളവിൽ പ്രതിമാസം എൻ.പി.എസ്. ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. എത്ര തുക ഒടുക്കിയിട്ടുണ്ട്?

കെ.എസ്.ആർ.ടി.സി.-യിൽ 2016 മേയ് മുതൽ 2024 ഡിസംബർ വരെ എൻ.പി.എസ്. ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം പിടിച്ച തുകയും പ്രസ്തുത കാലയളവിൽ പ്രതിമാസം എൻ.പി.എസ്. ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. ഒടുക്കിയ തുകയുടെ വിവരവും അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ അക്രെഡിറ്റഡ് ഡ്രൈവിങ് ടെയിനിങ് സെന്റർ

217 (3665) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ അക്രെഡിറ്റഡ് ഡ്രൈവിങ് ടെയിനിങ് സെന്റർ ആരംഭിക്കാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ആലത്തൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ അക്രെഡിറ്റഡ് ഡ്രൈവിങ് ടെയിനിങ് സെന്റർ ആരംഭിക്കാനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആലത്തൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ അക്രെഡിറ്റഡ് ഡ്രൈവിങ് ടെയിനിങ് സെന്റർ ആരംഭിക്കാനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവീസ്

218 (3666) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവീസിനെപ്പറ്റിയും ആയതിന്റെ ഡിപ്പോകളിലെ സമയക്രമത്തെപ്പറ്റിയും വിശദമാക്കാമോ?

നിലവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ കേന്ദ്രീകരിച്ചാണ് പാഴ്സലുകളുടെ കൈമാറ്റം നടത്തിവരുന്നത്. നിലവിൽ 46 ഡിപ്പോകളിൽ ലോജിസ്റ്റിക്സ് കൗണ്ടർ നിലവിലുണ്ട്. പ്രധാനപ്പെട്ട ഡിപ്പോകളിൽ 24 മണിക്കൂറും അല്ലാത്ത ഡിപ്പോകളിൽ 12 മണിക്കൂറും എന്ന ക്രമത്തിലാണ് നിലവിൽ പ്രവർത്തനം നടന്നുവരുന്നത്. കൗണ്ടറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

24 മണിക്കൂർ കൗണ്ടറുകൾ

തിരുവനന്തപുരം സെൻട്രൽ, കൊല്ലം, കൊട്ടാരക്കര, കോട്ടയം, വൈറ്റില, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, സുൽത്താൻബത്തേരി, കണ്ണൂർ, കോയമ്പത്തൂർ.

12 മണിക്കൂർ കൗണ്ടർ

കാട്ടാക്കട, പൂവാർ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, കിളിമാനൂർ, കരുനാഗപ്പള്ളി, പുനലൂർ, പത്തനംതിട്ട, അടൂർ, തിരുവല്ല, ചെങ്ങന്നൂർ, കായംകുളം, ആലപ്പുഴ, ചേർത്തല, ചങ്ങനാശ്ശേരി, പാലാ, ഈരാറ്റുപേട്ട, തൊടുപുഴ, മൂന്നാർ, അങ്കമാലി, മൂവാറ്റുപുഴ,

കോതമംഗലം, ചാലക്കുടി, ഗുരുവായൂർ, മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ, തിരൂർ, മഞ്ചേരി, പയ്യന്നൂർ, കൽപ്പറ്റ, മാനന്തവാടി, നാഗർകോവിൽ.

(ബി) പ്രസ്തുത കൊറിയർ സർവീസ് കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർധനവിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാരണമായിട്ടുണ്ട്. പ്രസ്തുത കൊറിയർ സർവീസിലൂടെ നാളിതുവരെ 8 കോടിയിലധികം രൂപ വരുമാനമായി സമാഹരിച്ചിട്ടുണ്ട്.

(സി) ട്രാക്കിങ്, എസ്.എം.എസ്. അപ്ഡേറ്റ് എന്നീ സംവിധാനങ്ങൾകൂടി ഏർപ്പെടുത്തി കെ.എസ്.ആർ.ടി.സി. കൊറിയർ സർവീസിനെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്. ആയതിലേക്കായി സ്റ്റാർട്ടപ് കമ്പനികളുമായി ചർച്ചകൾ നടന്നുവരുന്നു. ഹോം ഡെലിവറിയുമായി ബന്ധപ്പെട്ട് കുടുംബശ്രീയുമായി ചർച്ചകൾ നടത്തിവരുന്നു.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടിശ്ശിക

219 (3667) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടിശ്ശിക ഡി.എ. എന്തുകൊണ്ടാണ് അനുവദിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയത് ഏത് മാസം അനുവദിക്കും?

നിലവിൽ അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കെ.എസ്.ആർ.ടി.സി. കടന്നുപോകുന്നത്. ജീവനക്കാരുടെ നെറ്റ് ശമ്പളംപോലും സർക്കാർ സഹായത്തോടെ മാത്രമേ വിതരണം ചെയ്യാൻ സാധ്യമാകുന്നുള്ളൂ. കൂടാതെ, ജീവനക്കാരുടെ ശമ്പളത്തിൽനിന്നുള്ള റിക്കവറികൾ, ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ ചെലവ്, എം.എ.സി.ടി. നഷ്ടപരിഹാരം, കൺസോർഷ്യം വായ്പാ തിരിച്ചടവ്, എൻ.പി.എസ്. തുടങ്ങിയവ നിലവിൽ ഒടുക്കുന്നതിനായി കൂടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക സംബന്ധിച്ച് കോർപ്പറേഷന് കൂടുതൽ ബാധ്യതയുണ്ടാകുന്നതായിരിക്കും. ആയതിനാൽ ടി വിഷയത്തിൽ കോർപറേഷൻ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ വ്യക്തമായി പറയാൻ സാധിക്കുകയുള്ളൂ.

(ബി) പ്രതിമാസം പതിനാറ് ഫിസിക്കൽ ഡ്യൂട്ടിയില്ലാത്തവർക്ക് ആ മാസങ്ങളിലെ ശമ്പള അരിയർ ഏതൊക്കെ മാസങ്ങളിൽ കുടിശ്ശികയുണ്ടെന്നും ആ ഇനത്തിലെ പ്രതിമാസ കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കാമോ?

പ്രതിമാസം പതിനാറ് ഫിസിക്കൽ ഡ്യൂട്ടിയില്ലാത്ത കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ 2022 സെപ്തംബർ മാസം മുതൽ 2024 മേയ് മാസം വരെയുള്ള കാലയളവിലെ സപ്ലിമെന്ററി ശമ്പള ബില്ലുകൾ കുടിശ്ശികയുണ്ട്.

ടി കാലയളവിലെ സപ്ലിമെന്ററി ശമ്പള ബിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശിക തുക സംബന്ധിച്ച യഥാർഥ കണക്കുകൾ ലഭ്യമായിട്ടില്ല. കുടിശ്ശിക തുക വിതരണ

സമയത്ത് മാത്രമേ സ്പാർക്ക് സോഫ്റ്റ്വെയറിൽ ബില്ലുകൾ തയ്യാറാക്കി യഥാർഥ തുക സംബന്ധിച്ച കണക്ക് ലഭ്യമാകുകയുള്ളൂ.

ടി കൂടിശ്ശിക ബിൽ സംബന്ധിച്ച് പ്രതീക്ഷിക്കുന്ന ശരാശരി തുക വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പി.എഫ്. ഇനത്തിൽ 2021 ജനുവരി മുതൽ 2024 ഡിസംബർ വരെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ഈടാക്കിയിട്ടുള്ള തുക എത്രയാണെന്ന പ്രതിമാസ കണക്കുകൾ വ്യക്തമാക്കാമോ; പി.എഫ്. ട്രസ്റ്റ് ഫണ്ടിലേക്ക് 2021 ജനുവരി മുതൽ 2024 ഡിസംബർ വരെ കെ.എസ്.ആർ.ടി.സി. എത്ര രൂപ വീതം പ്രതിമാസം നിക്ഷേപിച്ചിട്ടുണ്ടെന്നും ഇതേ കാലയളവിൽ ജീവനക്കാർക്ക് പ്രതിമാസം എത്ര രൂപ പി.എഫ്. ഇനത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2021 ജനുവരി മുതൽ 2024 ഡിസംബർ വരെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ഈടാക്കിയിട്ടുള്ള തുക, നിക്ഷേപിച്ച തുക, ജീവനക്കാർക്ക് അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

തിരൂർ മണ്ഡലത്തിലെ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസുകൾ

220 (3668) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുരിലേക്കും തിരുരിൽനിന്ന് മറ്റുപ്രദേശങ്ങളിലേക്കും സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തിരുരിലേക്കും തിരുരിൽനിന്നുമുള്ള തിരുവനന്തപുരം - തിരുർ സൂപ്പർഫാസ്റ്റ് സർവീസ് യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണം നിർത്തലാക്കിയിട്ടുണ്ട്.

(ബി) മേൽ പ്രസ്താവിച്ച സർവീസുകൾ അല്ലാതെ 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തിരുർ മണ്ഡലത്തിലെ ഏതെങ്കിലും പ്രദേശങ്ങളിലൂടെ കടന്നുപോയിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തിരുർ മണ്ഡലത്തിലെ പ്രദേശങ്ങളിലൂടെ കടന്നുപോയിരുന്ന ചുവടെ ചേർത്തിരിക്കുന്ന ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവീസുകൾ യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണം നിർത്തലാക്കിയിട്ടുണ്ട്:

1. പെരുമ്പാവൂർ - കോഴിക്കോട്

2. കോഴിക്കോട് - എറണാകുളം

3. കാസർഗോഡ് - തൃശ്ശൂർ

4. മാനന്തവാടി - ഗുരുവായൂർ

5. തൊട്ടിൽപ്പാലം - എറണാകുളം

6. ഹരിപ്പാട് - മഞ്ചേരി

7. തൃശ്ശൂർ - കാസർഗോഡ്

8. ഗുരുവായൂർ - തൊട്ടിൽപ്പാലം

9. പാലാ - മാനന്തവാടി

10. പാലാ - അമ്പായത്തോട്

11. പാലാ - കോഴിക്കോട്

12. ഗുരുവായൂർ - കോഴിക്കോട്

13. തിരുവനന്തപുരം - തിരൂർ

(സി) തിരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ?

തിരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവീസുകൾ യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണം നിർത്തലാക്കിയിട്ടുണ്ട്:

1. കോട്ടയ്ക്കൽ - മലപ്പുറം - മഞ്ചേരി - തിരൂർ (3 ഷെഡ്യൂൾ)

2. മലപ്പുറം - കോട്ടയ്ക്കൽ - തിരൂർ (3 ഷെഡ്യൂൾ)

3. തിരൂർ - എറണാകുളം

4. മലപ്പുറം - തിരൂർ - എറണാകുളം

5. നിലമ്പൂർ - തിരൂർ (2 ഷെഡ്യൂൾ)

6. നിലമ്പൂർ - മഞ്ചേരി

7. ഗുരുവായൂർ - കോഴിക്കോട് (ടൗൺ ടു ടൗൺ - 3 ഷെഡ്യൂൾ)

(ഡി) തിരൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽക്കൂടി കടന്നുപോയ്ക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അത് പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

കോവിഡുകാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസുകൾ പുനഃക്രമീകരിച്ച് ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

എങ്കിലും നിന്നുപോയിട്ടുള്ളതും പുനരാരംഭിക്കാനുള്ളതുമായ ബാക്കി സർവീസുകൾ ജനോപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽനിന്നും ആരംഭിക്കുന്ന സർവീസുകൾ

221 (3669) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലയളവിൽ നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽനിന്നും സർവീസ് ആരംഭിച്ച് ആലംകോട് മണനാക്ക് കവലിയൂർ-വർക്കല ക്ഷേത്രംവഴി പരവൂരിലേക്ക് പോകുന്നതും തിരികെ വരുന്നതുമായ ബസ്സ് സർവീസും ആറ്റിങ്ങൽനിന്ന് ആരംഭിച്ച് കൊല്ലമ്പുഴ കവലിയൂർവഴി വർക്കലയെത്തി തിരികെ ചെറുന്നിയൂർ താന്നിമൂട് വഴി ആറ്റിങ്ങലിൽ തിരികെയെത്തുന്ന ഓർഡിനറി വേണാട് സർവീസും പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് കാലത്ത് പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും റദ്ദ് ചെയ്തതിനെത്തുടർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ മുഴുവൻ സർവീസുകളും നിർത്തിവച്ചിരുന്നു. എന്നാൽ കോവിഡുകാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെത്തുടർന്ന് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസുകൾ പുനഃക്രമീകരിച്ച് ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

എന്നാൽ ആറ്റിങ്ങൽ യൂണിറ്റിൽനിന്നുള്ള ആലംകോട് - മണനാക്ക് - കവലയൂർ-വർക്കല ക്ഷേത്രംവഴി പരവൂരിലേക്ക് പോകുന്നതും തിരികെ വരുന്നതുമായ ബസ്സ് സർവീസും ആറ്റിങ്ങൽനിന്ന് ആരംഭിച്ച് കൊല്ലമ്പുഴ കവലിയൂർവഴി വർക്കലയെത്തി തിരികെ ചെറുന്നിയൂർ

താന്നിമൂട് വഴി ആറ്റിങ്ങലിൽ തിരികെയെത്തുന്ന ഓർഡിനറി വേണാട് സർവീസും പ്രവർത്തനച്ചെലവ് പോലും ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് പുനഃരാരംഭിക്കാത്തത്.

എങ്കിലും ജനോപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

222 (3670) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1499.42 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിങ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക

വർഷത്തിൽ 38.44 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 67.66 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 10.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശയുൾപ്പെടെ സർക്കാർതന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായ 63 കോടി രൂപ വിനിയോഗിച്ച് 143 ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർധ സർക്കാർ

സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ലഭ്യമാക്കുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ ലോജിസ്റ്റിക്സ് പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിങ് സ്കൂൾ എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്തുനടപ്പിലാക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി വിവിധ പദ്ധതികൾ ആരംഭിക്കുകയും അവ വിജയകരമായി നടപ്പിലാക്കിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

ലോ ഫ്ലോർ എ.സി. ബസ്സുകളേക്കാൾ കുറഞ്ഞ നിരക്കിലും സൂപ്പർഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളെക്കാൾ കൂടിയതും ടെയിൻ നിരക്കുകളുമായി താദാത്മ്യമുള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ ആധുനിക സൗകര്യങ്ങൾ നൽകിയും ഇന്ധനക്ഷമത കൂടിയ പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന ക്ലാസ് സർവീസ് ആരംഭിച്ചു. ഇതിന്റെ പ്രാഥമിക പദ്ധതി 10 ബസ്സുകൾ ഉപയോഗിച്ച് വിജയകരമായി നടത്തിവരുന്നു.

കോൺവോയ് ആയി സർവീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സൗകര്യാർഥവും നിലവിൽ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ് സർവീസുകളാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലിമിറ്റഡ് സ്റ്റോപ് സൂപ്പർഫാസ്റ്റ് ബസ്സുകൾ എൻ.എച്ച്.-ലെയും എം.സി.-യിലെയും പ്രധാന ബസ്സ് സ്റ്റേഷനുകൾ ഒഴികെയുള്ള ബസ്സ് സ്റ്റേഷനുകളിൽ ഒന്നിടവിട്ട് മാത്രം പ്രവേശിച്ച് യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്ത്, ഇത്തരത്തിൽ 169 ട്രിപ്പുകൾ ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റായി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇതിലൂടെ ശരാശരി ഇ.പി.കെ.എം. (Earning per kilometre) 47.99 രൂപയിൽ നിന്ന് 49.58 രൂപയായി വർധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻവേണ്ടി 279 ഡീസൽ ബസ്സുകളും 52 (2 ഡബിൾ ഡക്കർ ഉൾപ്പെടെ) ഇലക്ട്രിക് ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തിവരുന്നു. കൂടാതെ 113 ഇ-ബസ്സുകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭ്യമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തിവരുന്നു.

പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമാക്കി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക്

ബസ്സുകൾ നൽകിയും ചെലവുകുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്.

ഓരോ യൂണിറ്റിനേയും പ്രോഫിറ്റ് സെന്ററാക്കി മാറ്റുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 2024 ജൂലൈ മാസം 52 യൂണിറ്റുകൾ മാത്രം ഇത്തരം പ്രവർത്തനലാഭം ലഭ്യമാക്കുകയും 41 യൂണിറ്റുകൾ പ്രവർത്തനനഷ്ടം വരുത്തുകയും ചെയ്ത സ്ഥാനത്ത് യൂണിറ്റുതല ഏകോപനത്തിലൂടെയും യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിലൂടെയും 2024 ഡിസംബർ മാസത്തിൽ ആകെ 93 യൂണിറ്റുകളിൽ 88 യൂണിറ്റുകൾ പ്രവർത്തനലാഭത്തിലും 5 യൂണിറ്റുകൾ മാത്രം പ്രവർത്തനനഷ്ടത്തിലുമായി മാറിയിട്ടുണ്ട്. ഇത് ജനുവരി മാസം 90 യൂണിറ്റുകൾ പ്രവർത്തനലാഭത്തിലും 3 യൂണിറ്റുകൾ മാത്രം ഇത്തരത്തിൽ പ്രവർത്തന നഷ്ടത്തിലും എന്ന മികച്ച രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ട്.

തമിഴ്നാടുമായുള്ള 2019-ലെ അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസ് നടത്താൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽക്കൂടി പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചു. വോൾവോ ലോ ഫ്ലോർ എ.സി., സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് സർവീസുകൾക്കായി ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ യൂണിറ്റുകളിൽനിന്നും കോയമ്പത്തൂർ, തെങ്കാശി, തേനി, കമ്പം, ഉദുമൽപേട്ട്, പൊള്ളാച്ചി എന്നിവിടങ്ങളിലേക്കാണ് ബാക്കിയുണ്ടായിരുന്ന വരുമാന ലഭ്യതയുള്ള പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചത്.

ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ യാത്രാഫ്യുവൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം 15-06-2023 തീയതി മുതൽ ആരംഭിച്ചു. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ പ്രതിസന്ധി പരിഹരിച്ചുവരുന്നു.

(ബി) 2011-16 കാലയളവിലും 2016-21 കാലയളവിലും 2021 മുതൽ നാളിതുവരെയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകിയ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2011-16 മുതൽ നാളിതുവരെയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകിയ ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ വിജിലൻസ് വിങ്

223 (3671) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ വിജിലൻസ് വിങ്ങിൽ വിവിധ വിഭാഗം ജീവനക്കാരെ അംഗങ്ങളാക്കിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

യാത്രക്കാർക്ക് സുരക്ഷിതയാത്ര പ്രദാനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായും ബസ്സുകളുടെ മെക്കാനിക്കൽ തകരാറുകൾ, വിവിധ സാങ്കേതിക തകരാറുകൾ, ഓഫ്റോഡ്, ബസ്സുകളുടെ പരിപാലനം, കുറഞ്ഞ KMPL, ഡ്രൈവിങ് പോരായ്മകൾ എന്നിവ സംബന്ധിച്ചുള്ള പരാതികൾ അന്വേഷിക്കുന്നതിനും ബസ്സുകളുടെ അപകടങ്ങൾക്ക് കാരണമാകുന്ന സാങ്കേതിക തകരാറുകൾ പരിശോധിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ടെക്നിക്കൽ വിജിലൻസ് ടീം രൂപീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ടെക്നിക്കൽ വിജിലൻസ് ടീം രൂപീകരിക്കുന്നതിനായി ജില്ലാതലത്തിൽ അംഗങ്ങളെ തിരഞ്ഞെടുത്ത് നിയോഗിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) ചെയർമാനായും എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), മെക്കാനിക്കൽ എഞ്ചിനീയർ(ചീഫ് ഓഫീസ്), മാനേജർ (എം.& ഡബ്ല്യു.) എന്നിവർ മെമ്പർമാരുമായുള്ള 5 അംഗ കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്.

പ്രസ്തുത കമ്മിറ്റി ജില്ലാതലത്തിൽ അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ, വെഹിക്കിൾ സൂപ്പർവൈസർ, മെക്കാനിക്ക്, ഇൻസ്പെക്ടർ എന്നിങ്ങനെ 4 പേരെ തിരഞ്ഞെടുത്ത് നാമനിർദേശം ചെയ്ത അംഗങ്ങളെയാണ് ജില്ലാ ടെക്നിക്കൽ വിജിലൻസ് ടീമിലേക്ക് നിയോഗിച്ചിട്ടുള്ളത്.

ഇപ്രകാരം ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടുന്ന ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ, വെഹിക്കിൾ സൂപ്പർവൈസർ, മെക്കാനിക്ക് എന്നിവർ അടങ്ങുന്ന ഒരു ജില്ലാ ടെക്നിക്കൽ വിജിലൻസ് ടീം ഉണ്ടായിരിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. ഷോപ്പിങ് കോംപ്ലക്സുകളിൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് സൗജന്യ നിരക്കിലോ വാടക ഇളവിലോ ഓഫീസ്/കെട്ടിട സൗകര്യങ്ങൾ അനുവദിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിലെ അദർ ഡ്യൂട്ടി

224 (3672) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ പ്രതിമാസം എത്ര ജീവനക്കാരാണ് കെ.എസ്.ആർ.ടി.സി.-യിൽ സർവീസിലിരിക്കെ മരണപ്പെട്ടിട്ടുള്ളത്; അവരുടെ പേരും തസ്തികയും ഡിപ്പോയും മരണകാരണങ്ങളും ഉൾപ്പെടെ വ്യക്തമാക്കാമോ?

2016 ജൂൺ മുതൽ 05-03-2025-വരെ കെ.എസ്.ആർ.ടി.സി.-യുടെ സർവീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ പ്രതിമാസം തിരിച്ചുള്ള എണ്ണം, പ്രസ്തുത കാലയളവിൽ മരണപ്പെട്ട ജീവനക്കാരുടെ പേര്, തസ്തിക, ഡിപ്പോ, മരണകാരണം എന്നീ വിശദാംശങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

(ബി) 2024 ഡിസംബറിൽ കെ.എസ്.ആർ.ടി.സി.-യിലെ എത്ര ജീവനക്കാർ മെഡിക്കൽ ബോർഡ് അനുമതിയോടെ ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നുയെന്നും ഏതൊക്കെ അസുഖങ്ങൾ കാരണമാണ് ഇവർക്ക് ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടി അനുവദിച്ചതെന്നും ഇവരുടെ പേര്, കാറ്റഗറി, ഡിപ്പോ, വയസ്സ് എന്നിവയും വ്യക്തമാക്കാമോ; ഇത്തരത്തിൽ മെഡിക്കൽ ബോർഡ് അനുമതിയില്ലാതെ ആരെങ്കിലും അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടിയിൽ പ്രസ്തുത കാലയളവിൽ ജോലി ചെയ്തിരുന്നോ; ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2024 ഡിസംബർ മാസം വരെ മെഡിക്കൽ ബോർഡ് അനുമതിയോടെ 236 ജീവനക്കാർ ലൈറ്റ് ഡ്യൂട്ടി ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ പേര്, കാറ്റഗറി, ഡിപ്പോ, വയസ്സ്, അസുഖം എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി[+] ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ ബോർഡ് അനുമതിയില്ലാതെ ലൈറ്റ് ഡ്യൂട്ടി അനുവദിച്ചിട്ടില്ല.

എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ സുഗമമായ നടത്തിപ്പിനുവേണ്ടി അത്യാവശ്യവും അടിയന്തര പ്രാധാന്യമുള്ളതുമായ ജോലികൾ ചെയ്യുന്നതിനായി അടിയന്തര സാഹചര്യത്തിൽ 62 കണ്ടക്ടർമാരെയും 5 മെക്കാനിക്കുകളെയും അദർ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി[+] ചേർക്കുന്നു.

കാസർഗോഡ് ഡിപ്പോയിലെ കടമുറികളുടെ ഡെപ്പോസിറ്റ് തുക

225 (3673) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കടമുറികൾ കരാർ പ്രകാരം വാടകയ്ക്ക് എടുത്തവരുടെ ഡെപ്പോസിറ്റ് തുക, കരാർ കാലാവധി കഴിഞ്ഞ് കടമുറി ഒഴിഞ്ഞുപോയതിനുശേഷം, തിരികെ നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. കാസർഗോഡ് ബസ്സ് സ്റ്റേഷനിലെ വാണിജ്യ സമുച്ചയത്തിൽ കടമുറികൾ വാടകയ്ക്ക് എടുത്ത ലൈസൻസികളിൽ നിരതദ്രവ്യം (ഇ.എം.ഡി. തുക) തിരികെ നൽകുന്നതിലേക്ക് 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 5 അപേക്ഷകരുടെ നിരതദ്രവ്യം തിരികെ നൽകി. ബാക്കി 5 അപേക്ഷകരുടെ തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തവണകളായി നൽകിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന് അറിയിക്കുമോ?

₹ 33,52,903/- (5 ലൈസൻസികൾ).

(സി) പ്രസ്തുത തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇ.എം.ഡി. തുകകൾ തവണകളായി തിരികെ നൽകിവരുന്നു.

രാത്രിസമയത്ത് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എല്ലാ ലോക്കൽ സ്റ്റോപ്പുകളിലും നിർത്തുന്നതിനുള്ള ഉത്തരവ്

226 (3674) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാത്രിസമയത്ത് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എല്ലാ ലോക്കൽ സ്റ്റോപ്പുകളിലും മുതിർന്ന പൗരൻമാർക്കും സ്ത്രീകൾക്കുംവേണ്ടി നിർത്തുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

രാത്രി സമയങ്ങളിൽ യാത്ര ചെയ്യുന്ന മാന്യയാത്രക്കാരുടെ സുരക്ഷയും സൗകര്യവും മുൻനിർത്തി രാത്രി 10.00 മണി മുതൽ രാവിലെ 06.00 മണി വരെ സൂപ്പർഫാസ്റ്റ് വരെയുള്ള സർവീസുകൾ ടി ക്ലാസിന്റെ സ്റ്റോപ്പ് പരിഗണിക്കാതെ ദീർഘദൂര യാത്രക്കാരെ അവർ ആവശ്യപ്പെടുന്ന സ്ഥലത്തെ ബസ്സ് സ്റ്റോപ്പുകളിൽ നിർത്തി സുരക്ഷിതമായി ഇറക്കുന്നതിനും കൂടാതെ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ സ്ത്രീകളുടെ സുരക്ഷയും സൗകര്യവും കണക്കിലെടുത്ത് മിന്നൽ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളും സ്ത്രീകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ/ബസ്സ് സ്റ്റോപ്പുകളിൽ സുരക്ഷിതമായി നിർത്തി ഇറക്കുന്നതിന്

03-04-2024-ലെ ടി.ആർ.1/040730/2003 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

പതിനഞ്ച് വർഷം തികയുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ

227 (3675) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2026 മേയ് മാസത്തിൽ പതിനഞ്ച് വർഷം തികയുന്ന എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ?

31-05-2026 തീയതിയിൽ പതിനഞ്ച് വർഷ കാലപരിധി പിന്നിടുന്ന 2014 ബസ്സുകൾ നിലവിലുണ്ട്.

ചലോ ആപ്പ് കമ്പനിയുടെ ഇ.റ്റി.എം.

228 (3676) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി., കെ-റെയിൽ വഴിയാണോ ചലോ ആപ്പ് കമ്പനിയുടെ ഇ.റ്റി.എം. വാങ്ങിയിരിക്കുന്നതെന്ന് അറിയിക്കാമോ; ചലോ ആപ്പ് കമ്പനിയിൽനിന്നും കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇ.റ്റി.എം മെഷീൻ ഇടപാടിൽ കെ-റെയിൽ കൺസൾട്ടൻസി മെയിൻ കോൺട്രാക്ടോ സബ് കോൺട്രാക്ടോ ആയി ഭാഗവാക്കായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കരാർ രേഖകൾ മുഴുവനും ലഭ്യമാക്കുമോ?

ഉണ്ട്. ചലോ ആപ്പ് കമ്പനിയിൽനിന്നും കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇ.റ്റി.എം. മെഷീൻ ഇടപാടിൽ കെ-റെയിൽ കൺസൾട്ടന്റായി പ്രവർത്തിച്ചുവരുന്നു. കരാറിന്റെ പകർപ്പ് അനുബന്ധമായി[+] ചേർക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ ഉപയോഗിക്കുന്ന Microfx കമ്പനിയുടെ ഇ.റ്റി.എം.-കൾക്ക് ഇനി എത്ര വർഷം കരാർ കാലാവധി ബാക്കിയുണ്ടെന്ന് അറിയിക്കാമോ; ചലോ ആപ്പ് കമ്പനിയുമായോ കെ-റെയിലുമായോ കെ.എസ്.ആർ.ടി.സി., ഇ.റ്റി.എം.-മായി ബന്ധപ്പെട്ട് ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കരാറുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി. നിലവിൽ ഉപയോഗിക്കുന്ന Microfx കമ്പനിയുടെ ഇ.റ്റി.എം.-കൾക്ക് ഇനി രണ്ടുവർഷം AMC കാലാവധി ബാക്കിയുണ്ട്.

ഉണ്ട്. പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിന്റെ പകർപ്പ് അനുബന്ധമായി[+] ചേർക്കുന്നു.

മാവേലിക്കര കെ.എസ്.ആർ.ടി.സി. റിജിയണൽ

വർക്ക്ഷോപ്പിന്റെ പുനരുദ്ധാരണം

229 (3677) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാവേലിക്കര കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പിന്റെ പുനരുദ്ധാരണം ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് 2018-19 മുതൽ അനുവദിക്കപ്പെട്ട തുകയും അവയുടെ വിനിയോഗവും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

2018-19 കാലയളവിൽ പദ്ധതികൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനായി Plan/Non plan ഫണ്ടിൽനിന്നും 4,46,85,000/- രൂപ വകയിരുത്തിക്കൊണ്ട് 23-04-2021-ൽ ഭരണാനുമതി ലഭിച്ചിരുന്നു. 1,93,12,079/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. M/s. HLL സമർപ്പിച്ച ഫൈനൽ ബിൽ കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ടൂർ പാക്കേജുകൾ

230 (3678) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ടൂർ പാക്കേജുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ടൂറിസം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

(ബി) നിലവിലുള്ള ടൂർ പാക്കേജുകളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി നൽകാമോ?

ലിസ്റ്റ് അനുബന്ധമായി[+] ചേർക്കുന്നു.

(സി) കഴിഞ്ഞ വർഷം ടൂർ പാക്കേജുകൾ ഉപയോഗിച്ചവരുടെ എണ്ണം അറിയിക്കാമോ?

2024 ജനുവരി മുതൽ ഡിസംബർ വരെ 323511 യാത്രക്കാർ കെ.എസ്.ആർ.ടി.സി.-യുടെ ടൂർ പാക്കേജുകൾ ഉപയോഗിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ടൂർ പാക്കേജുകൾ വിപുലീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ബജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

- ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യാ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

- "കെ.എസ് ആർ.ടി.സി. ബജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമ രൂപം നൽകിവരുന്നു.

- "കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ

231 (3679) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

03-02-2025, 04-02-2025, 05-02-2025 എന്നീ തീയതികളിൽ കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഓരോ ഡിപ്പോയിലും എത്ര കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ

232 (3680) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയുമായി ബന്ധപ്പെട്ട് അനുവദിക്കപ്പെട്ട സർക്കാർ, എം.എൽ.എ. ഫണ്ടുകൾ എത്രയെന്ന് അറിയിക്കുമോ; അവയുടെ വിനിയോഗവും പദ്ധതികളുടെ തൽസ്ഥിതിയും സംബന്ധിച്ച വിവരം നൽകുമോ; വിശദമാക്കുമോ?

2015-16 MLA ഫണ്ടിൽനിന്നും 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തി ആരംഭിച്ചുവെങ്കിലും അനധികൃത നിർമ്മാണം എന്ന പേരിൽ മുനിസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. പ്രവൃത്തിയുടെ തുകയായ 4,75,195/- രൂപ കരാറുകാരന് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ മുനിസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ പിൻവലിച്ച സാഹചര്യത്തിൽ ബാക്കി തുക വിനിയോഗിച്ച് കെട്ടിട നിർമ്മാണം PWD മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ദിവസേനയുള്ള സർവീസുകൾ

233 (3681) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ദിവസേന എത്ര സർവീസുകൾ നിലവിൽ നടത്തുന്നുണ്ട്?

മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 30 സർവീസുകൾ ദിവസേന നടത്തിവരുന്നുണ്ട്.

(ബി) ഈ സർവീസുകൾ നടത്തുന്നതിന് എത്ര ജീവനക്കാർ ആവശ്യമുണ്ട്?

ആകെ 157 ജീവനക്കാർ ആവശ്യമുണ്ട്.

(സി) പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ?

ആകെ - 219 (Including SWIFT).

(ഡി) ജീവനക്കാരുടെ കുറവുമൂലം സർവീസുകൾ വെട്ടിച്ചുരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി&ഇ) ജീവനക്കാരുടെ കുറവുമൂലം സർവീസുകൾ വെട്ടിച്ചുരുക്കുന്നില്ല.

പ്രസ്തുത യൂണിറ്റിൽനിന്നുള്ള സർവീസുകളെല്ലാം കൃത്യമായി ഓപ്പറേറ്റ് ചെയ്തുവരുന്നു. എന്നാൽ അവധി, കാലാവസ്ഥ, വരുമാനക്കുറവ് എന്നിവ കണക്കിലെടുത്ത് യാത്രാവശ്യം കുറവായ സാഹചര്യത്തിലും ചില ദിവസങ്ങളിൽ സർവീസ് ഓപ്പറേഷൻ ക്രമീകരിക്കാറുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവീസുകൾ

234 (3682) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിലൂടെ നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിലെ നിർത്തലാക്കിയ സർവീസുകൾ ചുവടെ ചേർക്കുന്നു:

1. റാന്നി - കുടിയാൻമല
2. നെടുങ്കണ്ടം - പാലക്കയംതട്ട്
3. പുനലൂർ - കുടിയാൻമല
4. ചെങ്ങന്നൂർ - പൈതൽമല
5. പത്തനാപുരം - ചന്ദനക്കാംപാറ
6. പാലാ - കൊന്നക്കാട്
7. കുമളി - പെർള
8. പൊൻകുന്നം - പാണത്തൂർ
9. പെരിക്കല്ലൂർ - പയ്യന്നൂർ
10. മാനന്തവാടി - കോട്ടയം
11. തലശ്ശേരി - കുടിയാൻമല - മംഗലാപുരം

12. പയ്യന്നൂർ - തേർത്തല്ലി

ഡീസലിന്റെയും സ്പെയർപാർട്സിന്റെയും ചെലവുകൾപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, ജനകീയ പ്രതിബദ്ധതയുള്ള സർവീസുകളും ട്രിപ്പുകളും നിലനിർത്തി (സ്കൂൾ ട്രിപ്പുകൾ, തോട്ടം മേഖലകൾ, ആദിവാസി മേഖലകൾ, ഒറ്റപ്പെട്ട സർവീസുകൾ നടക്കുന്ന മേഖലകൾ എന്നിവ) മറ്റ് ട്രിപ്പുകൾ കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ സ്റ്റേ സർവീസായി ക്രമീകരിക്കുകയോ ചെയ്ത് ചെലവ് ചുരുക്കുകയും ചെയ്തിട്ടുണ്ട്. ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും അടുത്ത പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി മാറ്റുകയും ആവശ്യമായ കണക്ഷൻ സർവീസ് നൽകുകയും ചെയ്ത് പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) മലയോര മേഖലയിൽ സർവീസ് നടത്തിയിരുന്ന പ്രസ്തുത ഹ്രസ്വ- ദീർഘദൂര സർവീസുകൾ നിർത്തലാക്കിയതുമൂലം യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെയും യാത്രാസൗകര്യമില്ലാത്ത സ്ഥലത്തും സമയത്തും കണക്ഷൻ സർവീസുകൾ നൽകിയും മറ്റ് സർവീസ് ക്രമീകരിച്ചും കാര്യമായ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതെ സർവീസുകൾ ക്രമീകരിച്ചിട്ടുണ്ട്.

(സി) പൊതുഗതാഗത സൗകര്യം തീരെയില്ലാത്ത ഗ്രാമീണ മേഖലയിൽ പ്രസ്തുത സർവീസുകൾ നിർത്തലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാനും അവർക്ക് യാത്രാസൗകര്യം ഒരുക്കാനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പൊതുഗതാഗത സൗകര്യമില്ലാത്ത ഗ്രാമീണ മേഖലയിലും ഒറ്റപ്പെട്ട മേഖലകളിലും സാമൂഹിക പ്രതിബദ്ധതയിൽ സർവീസ് നടത്തുന്ന മേഖലകളിലും ഇത്തരത്തിൽ സർവീസുകൾ നിർത്തലാക്കിയിട്ടില്ല. എങ്കിലും ദീർഘദൂര സർവീസുകൾ നിർത്തലാക്കുന്നതുകാരണം യാത്രാക്ലേശം ഉണ്ടാകാതിരിക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ മാത്രം ബദൽ കണക്ഷൻ ട്രിപ്പുകൾ നൽകി ക്രമീകരിക്കുകയുണ്ടായി. ആയതിൻപ്രകാരം 05.10 കണ്ണൂർ - കുടിയാൻമല, 04.10 കണ്ണൂർ - കുടിയാൻമല, 19.45 മാനന്തവാടി - കാസർഗോഡ് തുടങ്ങിയ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം

235 (3683) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിൽ അപാകതയുണ്ടെന്ന് ചെന്നൈ ഐ.ഐ.ടി. കണ്ടെത്തിയ കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം ബലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ കോംപ്ലക്സിന്റെ Repair & Rehabilitation ജോലികളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ lessee ആയ

M/s. Alif Builders WP(c) No. 32457/2023 പ്രകാരം കേസ് നൽകിയിട്ടുണ്ട്. ത്രികക്ഷി കരാർ പ്രകാരം കെട്ടിടത്തിന്റെ Repair & Rehabilitation ജോലികൾ ചെയ്യേണ്ടത് lessee-യുടെ ഉത്തരവാദിത്വമാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ഹൈക്കോടതിയെ കെ.റ്റി.ഡി.എഫ്.സി. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സമുച്ചയത്തിലെ കടമുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

M/s. Alif Builders-മായി 26-08-2021-ൽ രൂപീകരിച്ച ത്രികക്ഷി കരാർ പ്രകാരം കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോർ ഒഴികെയുള്ള എല്ലാ നിലകളും M/s. Alif Builders-ന് അലോട്ട് ചെയ്തുനൽകിയിട്ടുള്ളതാണ്. M/s. Alif Builders, WP(c) No.32457/2023 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്റെ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിൽ മൂന്ന് കിയോസ്കുകൾ കെ.റ്റി.ഡി.എഫ്.സി. വാടകക്കാർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവീസുകൾ

236 (3684) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ആർ.ടി.സി. റൂട്ടുകൾ

ഏതൊക്കെയാണെന്ന് അറിയിക്കുമോ?

അനുബന്ധമായി+ ചേർക്കുന്നു.

(ബി) 2016-നുശേഷം മണ്ഡലത്തിൽ റദ്ദ് ചെയ്തതും പുതുതായി ആരംഭിച്ചതുമായ സർവീസുകൾ ഏതൊക്കെയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

ജനോപകാരപ്രദമായ സർവീസുകൾ ഒന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ കോവിഡ് സാഹചര്യത്തിനുശേഷം കാര്യമായി ജനങ്ങൾ ആശ്രയിക്കാത്തതും സ്റ്റേജ് ക്യാരേജ് ബസ്സുകൾ തമ്മിൽ അനാവശ്യ മത്സരം കാരണം നിന്നുപോകുകയോ പുനഃക്രമീകരിക്കുകയോ ചെയ്തതുമായ സർവീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

മാനന്തവാടിയിലേക്കുള്ള ബസ്സുകളുടെ പാർക്കിങ് ക്രമീകരണം

237 (3685) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നിന്നും കുറ്റ്യാടി വഴി മാനന്തവാടിയിലേക്കുള്ള ബസ്സുകൾ കോഴിക്കോട് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിലെ വയനാട് പാർക്കിങ് ലോട്ടിൽനിന്ന് യാത്ര ആരംഭിക്കുന്ന തരത്തിൽ ക്രമീകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

നാഷണലൈസ്ഡ് റൂട്ടായ കോഴിക്കോട്-താമരശ്ശേരി-വയനാട് സെക്ടറിലാണ് കൂടുതൽ ബസ്സുകളും യാത്രക്കാരും കോഴിക്കോട് നിന്നും പുറപ്പെടുന്നത്. ഈ ബസ്സുകൾക്കായി പ്രത്യേകം ടാക്കുകൾ (7, 8, 9) അനുവദിച്ചിട്ടുണ്ട്. നിലവിൽ കുറ്റ്യാടി-തൊട്ടിൽപ്പാലം വഴി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനന്തവാടി ഭാഗത്തേക്ക് സർവീസ് നടത്തുന്ന ബസ്സുകൾക്ക് പ്രത്യേകം ട്രാക്ക് (14, 15) അനുവദിച്ചിട്ടുണ്ട്. എന്നാൽ കുറ്റ്യാടി വഴി മാനന്തവാടി ഭാഗത്തേക്കുള്ള ബസ്സുകൾ വയനാട് ബസ്സുകൾക്ക് അനുവദിച്ച ട്രാക്കിൽ പാർക്ക് ചെയ്യുന്നത് പേരാമ്പ്ര, കുറ്റ്യാടി, തൊട്ടിൽപ്പാലം ഭാഗങ്ങളിലേക്ക് യാത്ര ചെയ്യുന്ന യാത്രക്കാർക്ക് ബസ്സുകൾ ലഭിക്കുന്നതിൽ ആശയക്കുഴപ്പത്തിനും ബുദ്ധിമുട്ട് ഉണ്ടാകുന്നതിനും കാരണമാകുമെന്നതിനാൽ പരിഗണിക്കാനാകില്ല.

മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ

238 (3686) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലൂടെ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലൂടെ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് - മംഗലാപുരം
2. കാസർഗോഡ് - പുത്തൂർ
3. കാസർഗോഡ് - കുമ്പള
4. കാഞ്ഞങ്ങാട് - മംഗലാപുരം

5. കാഞ്ഞങ്ങാട് - തൊക്കോട്ട്

6. കണ്ണൂർ - മംഗലാപുരം

7. പയ്യന്നൂർ - മംഗലാപുരം

8. തലശ്ശേരി - മംഗലാപുരം

9. തിരുവനന്തപുരം - കൊല്ലൂർ

10. കൊട്ടാരക്കര - സുള്ള്യ

11. കൊട്ടാരക്കര - കൊല്ലൂർ

12. ആലപ്പുഴ - കൊല്ലൂർ

13. പാലക്കാട് - കൊല്ലൂർ

14. എറണാകുളം - മംഗലാപുരം

15. പത്തനംതിട്ട - മംഗലാപുരം

(ബി) പ്രസ്തുത മണ്ഡലത്തിലൂടെ പുതിയ റൂട്ട് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ചുവടെ ചേർക്കുന്ന റൂട്ടുകൾ പരിഗണനയിലുണ്ട്:

1. കാഞ്ഞങ്ങാട് - തൊക്കോട്ട് (4 സർവീസ്)

2. പയ്യന്നൂർ - തൊക്കോട്ട് (3 സർവീസ്)

3. സുൽത്താൻ ബത്തേരി - മൂകാംബിക (1 സർവീസ്)

4. സുൽത്താൻ ബത്തേരി - മംഗലാപുരം (1 സർവീസ്)

ശ്രീകാര്യം-പൗഡിക്കോണം-പോത്തൻകോട് ബസ് സർവീസ്

239 (3687) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ ശ്രീകാര്യം-പൗഡിക്കോണം- പോത്തൻകോട് ബസ് സർവീസ് സംബന്ധിച്ച് ചെമ്പഴന്തി ആവുക്കുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.എ.സി.ആർ.എ. (MACRA) സെക്രട്ടറി ഗതാഗത വകുപ്പുമന്ത്രിക്ക് 25-07-2024-ൽ നൽകിയ എം.എ.സി.ആർ.എ. 12/2024 നമ്പർ പരാതിയിന്മേൽ (2029/എൻ./കെ.എസ്.ആർ.ടി. സി./2024) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ഏത് ഓഫീസിലാണ് പരാതി പരിഹരിക്കപ്പെടാതെ ഇപ്പോഴും പെൻഡിങ്ങായി നിൽക്കുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പരാതി അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തിരുവനന്തപുരം സിറ്റിയിൽ ശ്രീകാര്യം-പൗഡിക്കോണം- പോത്തൻകോട് ബസ്സ് സർവീസ് സംബന്ധിച്ച് ചെമ്പഴന്തി ആവുക്കുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.എ.സി.ആർ.എ. (MACRA) സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വികാസ്ഭവൻ യൂണിറ്റിൽനിന്നും ഓരോ 15 മിനിറ്റ് ഇടവേളകളിൽ പോത്തൻകോട്-അയിരൂപ്പാറ-പൗഡിക്കോണം-കരിയം-ശ്രീകാര്യം-കിഴക്കേകോട്ട

സർവീസ് നടത്തുന്നുണ്ട്. കൂടാതെ, വെഞ്ഞാറമൂട് യൂണിറ്റിൽനിന്നും ഓരോ 5 മിനിറ്റ് ഇടവേളകളിലും വെഞ്ഞാറമൂട്-പോത്തൻകോട്-അയിരൂപ്പാറ-കിഴക്കേകോട്ട സർവീസ് നടത്തുന്നു. റെയിൽവേ സ്റ്റേഷനിൽ പോകുന്നവർക്കായി രാവിലെ 04.50-ന് പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽനിന്നും ഒരു ബസ് അയിരൂപ്പാറ വഴി ഓപ്പറേറ്റ് ചെയ്യുവരുന്നു. പരാതിയിന്മേലുള്ള ആവശ്യപ്രകാരം കിഴക്കേകോട്ടയിൽനിന്നും രാവിലെ 05.00 മണിക്കും രാത്രി 20.40-നും അയിരൂപ്പാറ വഴി പോത്തൻകോട് ഭാഗത്തേക്ക് സർവീസ് നടത്തുന്നുണ്ട്.

എന്നാൽ സൂര്യനഗർ-ഇടത്തറ സർവീസുകൾ റോഡ് ഗതാഗത യോഗ്യമല്ലാത്തതിനാലാണ് താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. റോഡ് ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് ടി സർവീസ് ആരംഭിക്കുന്നതാണ്. മേൽ പരാതിയുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കപ്പെട്ടതിനാൽ പെൻഡിങ്ങായി നിൽക്കുന്നില്ല.

കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഇടറോഡുകളിലേക്കുള്ള ബസ് സർവീസ്

240 (3688) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഇടറോഡുകളിലേക്കുള്ള ബസ് സർവീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; കുരുതംകോട്, കീഴാറൂർ, വാളിക്കോട്, കൊറ്റംപള്ളി എന്നിവിടങ്ങളിലേക്കുള്ള സർവീസുകൾ ജനോപകാരപ്രദമായി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കാട്ടാക്കട യൂണിറ്റിന്റെ പരിധിയിൽവരുന്ന ബസ് സർവീസ് നടത്താൻ യോഗ്യമായതും സർവീസ് നടത്തിവന്നിരുന്നതുമായ ഇടറോഡുകളിലെല്ലാം നിലവിൽ ജനോപകാരപ്രദമായ രീതിയിൽ കാട്ടാക്കട യൂണിറ്റിൽനിന്നും സർവീസ് നടത്തിവരുന്നുണ്ട്.

കരുതംകോട്-11, കീഴാറൂർ-21, വാളിക്കോട്-6, കൊറ്റംപള്ളി-8 എന്നിങ്ങനെ ടി പ്രദേശങ്ങളിൽക്കൂടി ജനോപകാരപ്രദമായ രീതിയിൽ ട്രിപ്പുകൾ ക്രമീകരിച്ച് സർവീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്ന് നിർത്തലാക്കിയ സർവീസുകൾ

241 (3689) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെല്ലാം സർവീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്; അതിനുള്ള കാരണം വ്യക്തമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് നിർത്തലാക്കിയ സർവീസുകൾ ചുവടെ ചേർക്കുന്നു.

1. 06.10 മുണ്ടക്കയം

2. 19.10 പളനി

യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണം പ്രവർത്തനച്ചെലവുപോലും ലഭ്യമാകാത്ത സാഹചര്യത്തിലാണ് നിർത്തിവച്ചത്.

(ബി) ബസ്സ് സർവീസുകൾ നിർത്തലാക്കിയ റൂട്ടുകളിലെ യാത്രക്കാർക്ക് യാത്രചെയ്യുന്നതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

കോർപറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, ജനകീയ പ്രതിബദ്ധതയുള്ള സർവീസുകളും ട്രിപ്പുകളും നിലനിർത്തി (സ്കൂൾ ട്രിപ്പുകൾ, തോട്ടം മേഖലകൾ, ആദിവാസി മേഖലകൾ, ഒറ്റപ്പെട്ട സർവീസുകൾ നടക്കുന്ന മേഖലകൾ എന്നിവ) മറ്റ് ട്രിപ്പുകൾ കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ ഒഴിവാക്കുകയോ ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ സ്റ്റേ സർവീസായി ക്രമീകരിക്കുകയോ ചെയ്യുകയും ചെയ്ത് ചെലവ് ചുരുക്കുകയും ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും അടുത്ത പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി മാറ്റി പുനഃക്രമീകരിക്കുകയും ആവശ്യമായ കണക്ഷൻ സർവീസ് നൽകുകയും ചെയ്ത് പുനഃക്രമീകരിക്കുകയും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചങ്ങനാശ്ശേരി യൂണിറ്റിൽനിന്നും 06.10 മുണ്ടക്കയം സർവീസിനെ ആശ്രയിക്കുന്ന യാത്രക്കാർക്കുകൂടി ഗുണകരമാകുംവിധം 06.30

– കുമിളി സർവീസായി പുനഃക്രമീകരിക്കുകയും 19.10 പളനി സർവീസ് ചേർത്തല ഡിപ്പോയിലേക്ക് മാറ്റി അവിടെനിന്നും ഓപ്പറേറ്റ് ചെയ്യുകയും ചെയ്തുവരുന്നു.

പാലക്കാട് ജില്ലയിലെ പാലക്കുഴിയിൽനിന്നും കോട്ടയം ജില്ലയിലെ പാലായിലേക്കുള്ള ബസ് സർവീസ്

242 (3690) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ പാലക്കുഴിയിൽനിന്നും കോട്ടയം ജില്ലയിലെ പാലായിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ പാലക്കുഴിയിൽനിന്നും കോട്ടയം ജില്ലയിലെ പാലായിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ നടത്തിയ സാധ്യതാപഠനത്തിൽ പാലാ/തൃശ്ശൂർ-പാലക്കാട് റൂട്ടിൽ ധാരാളം സർവീസുകൾ സൂപ്പർ ക്ലാസ് അടക്കം നടത്തുന്നുണ്ടെന്നും ടി റൂട്ടിൽ പന്തലംപാടം എന്ന സ്ഥലത്തുനിന്നും തിരിഞ്ഞ് ജനസാന്ദ്രത താരതമ്യേന കുറഞ്ഞതും ഉൾപ്രദേശവുമായ പാലക്കുഴിയിലേക്ക് പാലായിൽനിന്നും നേരിട്ട് സർവീസ് നടത്തുന്നത് നിലവിൽ ഗുണകരമല്ലാത്തതിനാലും പാലക്കുഴിയിൽനിന്നും ഹൈവേയിൽ എത്തിയാൽ ധാരാളം കണക്ഷൻ സർവീസുകൾ ലഭ്യമാണ് എന്നതിനാലും നിലവിൽ സർവീസ് ഗുണകരമല്ലെന്ന് കാണുന്നതായി റിപ്പോർട്ട് ലഭിച്ചതിനാൽ അപേക്ഷ പ്രകാരം സർവീസ് ആരംഭിക്കുന്നതിന് നിലവിൽ കഴിയുകയില്ല.

കണ്ണൂർ ഡിപ്പോയിൽനിന്നുള്ള ലോ ഫ്ലോർ എ.സി. ബസ്സുകൾ

243 (3691) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ലോ ഫ്ലോർ എ.സി. ബസ്സുകൾ കണ്ണൂർ ഡിപ്പോയിൽനിന്നും സർവീസ് നടത്തുന്നുണ്ടോ; സർവീസ് തുടങ്ങുന്ന സ്ഥലം, അവസാനിക്കുന്ന സ്ഥലം, സമയക്രമീകരണം എന്നിവ സഹിതം വിശദമാക്കാമോ?

കണ്ണൂർ ഡിപ്പോയിൽനിന്നും ലോ ഫ്ലോർ എ.സി. ബസ്സുകൾ നിലവിൽ സർവീസ് നടത്തുന്നില്ല.

(ബി) കൂടുതൽ ലോ ഫ്ലോർ ബസ്സുകൾ കണ്ണൂരിൽ അനുവദിക്കുന്നത് ആലോചനയിലുണ്ടോ; വിശദമാക്കാമോ?

യാത്രാവശ്യം പരിഗണിച്ച് സാധ്യതാപഠനം നടത്തി ലോ ഫ്ലോർ ബസ്സുകൾ കണ്ണൂരിൽ അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി ബസ് സർവീസ്

244 (3692) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പുതുതായി നിർമ്മിച്ച ബൈപ്പാസ് കേന്ദ്രീകരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സിറ്റി ബസ് സർവീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ?

യാത്രാവശ്യം പരിഗണിച്ചും ഇതര സ്റ്റേജ് ക്യാരേജ് സർവീസുകളുമായി മത്സരം ഒഴിവാക്കിയും പ്രസ്തുത തരം സർവീസ് ആരംഭിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

(ബി) നഗരത്തിൽ നിർത്തലാക്കിയ ടൗൺ ടു ടൗൺ സർവീസിന്റെ സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ടൗൺ ടു ടൗൺ സർവീസിന് അനുവദിച്ചിട്ടുള്ള സ്റ്റോപ്പുകൾ നിലവിലും തുടർന്നുവരുന്നുണ്ട്.

(സി) തിരുവനന്തപുരത്ത് അനുവദിച്ചതുപോലെ നഗരക്കാഴ്ചകൾക്കായി പ്രത്യേക സർവീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

സമാന ശ്രേണിയിലുള്ള ബസ്സുകൾ ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

ബാലുശ്ശേരി മണ്ഡലത്തിലെ വയലട പ്രദേശത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവീസ്

245 (3693) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന വയലട പ്രദേശത്തേക്ക് താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുമുള്ള ബസ്സ് സർവീസ് നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ വയലട പ്രദേശത്തേക്ക് താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 07:00 മണിക്കുള്ള വയലട ട്രിപ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

എന്നാൽ 15:40 മണിയുടെ കോഴിക്കോട്-വയലട ട്രിപ്പിനെ ആശ്രയിക്കുന്ന യാത്രക്കാരുടെ എണ്ണം കുറയുകയും പ്രവർത്തനച്ചെലവുപോലും ലഭ്യമാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് നിർത്തലാക്കിയത്.

(ബി) വിനോദസഞ്ചാര കേന്ദ്രവും ടൈബൽ ജനവിഭാഗങ്ങൾ താമസിക്കുന്നതുമായ വയലട പ്രദേശത്തേക്ക് കെ.എസ്.ആർ.ടി.സി. സർവീസുകൾ അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത ട്രിപ് പ്രവർത്തനച്ചെലവുപോലും ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് നിന്നുപോയതെങ്കിലും ജനോപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാധ്യതാപഠനം നടത്തി പുനഃപരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി

246 (3694) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ പടപ്പക്കര-കുമ്പളം-പേരയം-കുണ്ടറ വഴി തിരുവനന്തപുരം വരെ നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ ബസ് സർവീസ് നിലവിൽ നിർത്തിവയ്ക്കപ്പെട്ടിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർ.സി.സി., മെഡിക്കൽ കോളേജ്, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിലേക്ക് പൊതുജനങ്ങൾക്ക് എത്തിച്ചേരുന്നതിന് ഉപകാരപ്പെടുന്ന പ്രസ്തുത ബസ് സർവീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

06.20-ന് പേരയം-കുണ്ടറ വഴി തിരുവനന്തപുരത്തേക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ സർവീസ് നിലവിൽ മെഡിക്കൽ കോളേജ് വഴി സർവീസ് നടത്തുന്നുണ്ട്. ടി സർവീസിലും പേരയം മുതൽ കുണ്ടറ വരെ മതിയായ യാത്രക്കാർ ലഭ്യമല്ല.

യാത്രക്കാരുടെ സൗകര്യാർഥം:

1. ഞാങ്കടവ് - തിരുവനന്തപുരം

2. ചീക്കൽകടവ് - തിരുവനന്തപുരം

3. മാവേലിക്കര - തിരുവനന്തപുരം

4. പെരുമൺ - തിരുവനന്തപുരം

5. വെള്ളിമൺ - തിരുവനന്തപുരം

എന്നീ ഫാസ്റ്റ് പാസഞ്ചർ സർവീസുകളും കുണ്ടറ-പെരുമ്പുഴ വഴി തിരുവനന്തപുരം ഭാഗത്തേക്ക് സർവീസ് നടത്തുന്നുണ്ട്.

കാസർഗോഡ് മംഗലാപുരം റൂട്ടിൽ വിദ്യാർഥികൾക്ക് ടിക്കറ്റ് കൺസഷൻ

247 (3695) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മംഗലാപുരം റൂട്ടിൽ വിദ്യാർഥികൾക്ക് കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റ് ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

കാസർഗോഡ് മംഗലാപുരം റൂട്ടിൽ സംസ്ഥാന അതിർത്തി വരെ വിദ്യാർഥി കൺസഷൻ സാധാരണ രീതിയിൽ നൽകിവരുന്നുണ്ട്. എന്നാൽ പ്രസ്തുത റൂട്ടിലെ അന്തർസംസ്ഥാന യാത്രയ്ക്ക് കാസർഗോഡ് ജില്ലയുമായി അതിർത്തി പങ്കിടുന്ന കർണാടക സംസ്ഥാനത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് കാസർഗോഡ്-മംഗലാപുരം സെക്ടറിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സീസൺ ടിക്കറ്റ് മാതൃകയിൽ 30% നിരക്കിളവിൽ യാത്രാസൗകര്യം താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്.

1. ഒരു കലണ്ടർ മാസം 20 ദിവസം യാത്ര ചെയ്യാവുന്ന നിരക്കിൽ 30 ദിവസം യാത്ര അനുവദിക്കുന്ന തരത്തിൽ 30% നിരക്കിളവ് ലഭ്യമാക്കുന്നതാണ്.

2. വിദ്യാർഥി കൺസഷൻ അനുവദിക്കുന്നതിന്റെ പ്രായപരിധി 27 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

3. ഒരു വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള മുഴുവൻ സമയ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്കാണ് നിരക്കിളവ് അനുവദിക്കുന്നത്.

(ബി) 2024-25 വർഷം എത്ര വിദ്യാർഥികൾക്കാണ് ടിക്കറ്റ് ഇളവ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

മതിയായ രേഖകൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ച ഇരുപത്തിമൂന്ന് വിദ്യാർഥികൾക്ക് 2024-2025 കാലയളവിൽ ടിക്കറ്റ് ഇളവ് നൽകിയിട്ടുണ്ട്.

(സി) വിദ്യാർഥികൾക്ക് ഗുണകരവും സൗകര്യപ്രദവുമായ രീതിയിൽ ടിക്കറ്റ് കൺസഷൻ പാസ് അനുവദിക്കുന്നതിന് കാസർഗോഡ് കെ.എസ്.ആർ.ടി.സി.-ക്ക് നിർദേശം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സംസ്ഥാന അതിർത്തി വരെ വിദ്യാർഥി കൺസഷൻ സാധാരണ രീതിയിൽ നൽകിവരുന്നുണ്ട്. എന്നാൽ പ്രസ്തുത റൂട്ടിലെ അന്തർസംസ്ഥാന യാത്രയ്ക്ക് കാസർഗോഡ് ജില്ലയുമായി അതിർത്തി പങ്കിടുന്ന കർണാടക സംസ്ഥാനത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് കാസർഗോഡ്-മംഗലാപുരം സെക്ടറിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സീസൺ ടിക്കറ്റ് മാതൃകയിൽ 30% നിരക്കിളവിൽ യാത്രാസൗകര്യം താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്.

1. ഒരു കലണ്ടർ മാസം 20 ദിവസം യാത്ര ചെയ്യാവുന്ന നിരക്കിൽ 30 ദിവസം യാത്ര അനുവദിക്കുന്ന തരത്തിൽ 30% നിരക്കിളവ് ലഭ്യമാക്കുന്നതാണ്.

2. വിദ്യാർഥി കൺസഷൻ അനുവദിക്കുന്നതിന്റെ പ്രായപരിധി 27 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

3. ഒരു വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള മുഴുവൻ സമയ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്കാണ് നിരക്കിളവ് അനുവദിക്കുന്നത്.

കൊണ്ടോട്ടി ആർ.ടി.ഒ. സബ് ഓഫീസിൽ എം.വി.ഐ. നിയമനം

248 (3696) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ആർ.ടി.ഒ. സബ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണെന്നും നിലവിൽ ഏതെല്ലാം തസ്തികകളാണ് ഇവിടെ ഉള്ളതെന്നും വ്യക്തമാക്കുമോ; ഈ ഓഫീസിൽ 2021 മുതൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസ് പ്രവർത്തനം ആരംഭിച്ചത് 20-10-2020 മുതലാണ്. നിലവിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക്/പബ്ലിക് റിലേഷൻസ് ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകളാണുള്ളത്.

പ്രസ്തുത ഓഫീസിൽ 2021 മുതൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

വർഷം	രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങളുടെ എണ്ണം
2021	4451
2022	9337
2023	10421
2024	11517

(ബി) ഡ്രൈവിങ് ടെസ്റ്റ് നടത്തുന്നതിന് ഇവിടെ എത്ര അപേക്ഷകൾ പെൻഡിങ്ങുണ്ടെന്നും 2024 ജനുവരി മുതൽ 2025 ഫെബ്രുവരി 1 വരെ ഒരോ മാസവും എത്ര ഡ്രൈവിങ് ടെസ്റ്റുകൾ ഇവിടെ നടത്തിയിട്ടുണ്ടെന്നും മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഡ്രൈവിങ് ടെസ്റ്റ് നടത്തുന്നതിന് 2514 അപേക്ഷകൾ പെൻഡിങ് ഉണ്ട്.

2024 ജനുവരി മുതൽ 2025 ഫെബ്രുവരി 1 വരെ പ്രതിമാസം നടത്തിയ ഡ്രൈവിങ് ടെസ്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ. നം.	വർഷം	മാസം	നടത്തിയ ഡ്രൈവിങ് ടെസ്റ്റുകളുടെ എണ്ണം
1	2024	ജനുവരി	2045
2	2024	ഫെബ്രുവരി	1913
3	2024	മാർച്ച്	2014
4	2024	ഏപ്രിൽ	1803
5	2024	മേയ്	1354
6	2024	ജൂൺ	2140
7	2024	ജൂലൈ	1944
8	2024	ആഗസ്റ്റ്	1214
9	2024	സെപ്റ്റംബർ	1881
10	2024	ഒക്ടോബർ	1814
11	2024	നവംബർ	1711
12	2024	ഡിസംബർ	1621
13	2025	ജനുവരി	1389

(സി) എം.വി.ഐ. തസ്തികയിൽ ഒരാൾ മാത്രമുള്ളതുകൊണ്ട് ദിവസം എത്ര പേർക്കാണ് ഇപ്പോൾ ടെസ്റ്റിന് അനുമതി നൽകാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

ദിവസം 40 പേർക്കാണ് ഇപ്പോൾ ടെസ്റ്റിന് അനുമതി നൽകുന്നത്.

(ഡി) ഈ ഓഫീസിന്റെ ഗ്രണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് അധികമായി ഒരു എം.വി.ഐ.-ക്കുകൂടി സ്ഥിരം നിയമനമോ അല്ലെങ്കിൽ താൽക്കാലിക അടിസ്ഥാനത്തിലുള്ള നിയമനമോ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസ് ഉൾപ്പെടെ പുതുതായി രൂപീകൃതമായ 13 സബ് ആർ.ടി. ഓഫീസുകളിലേക്ക് എം.വി.ഐ ഉൾപ്പെടെയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, ഗ്രണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് നിലവിൽ ഒരു എ.എം.വി.ഐ.-യെ മലപ്പുറം എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസിൽനിന്നും താൽക്കാലികമായി കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസിലേക്ക് അറ്റാച്ച് ചെയ്തിട്ടുള്ളതുമാണ്.

സോളാർ ഇലക്ട്രിക് ബോട്ടുകളുടെ നിർമ്മാണം

249 (3697) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സർവീസുകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജലഗതാഗത വകുപ്പ് ആധുനിക സൗകര്യങ്ങളോടുകൂടിയ സോളാർ ഇലക്ട്രിക് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ബോട്ട് നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ച് ടൂറിസം മേഖല സജീവമാക്കുന്നതിനുള്ള നടപടി വേഗത്തിൽ സ്വീകരിക്കുമോ?

(എ&ബി) ടൂറിസം മേഖല വിപുലമാക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ക്രൂയിസ് ബോട്ട് - ഇന്ദ്ര, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള കാറ്റമറൈൻ ബോട്ട്-വേഗ എന്നീ ബോട്ടുകൾ നിർമ്മാണം പൂർത്തിയാക്കി സർവീസ് നടത്തിവരുന്നു.

ജലഗതാഗത വകുപ്പിലെ ബോട്ടുകൾ

250 (3698) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ജലഗതാഗത വകുപ്പിൽ പുതുതായി അനുവദിച്ച ബോട്ടുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

2016 മുതൽ ജലഗതാഗത വകുപ്പിന് അനുവദിച്ച ബോട്ടുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത ബോട്ടുകൾ നിലവിൽ ഏതെല്ലാം സ്റ്റേഷനുകളിൽ ഏതെല്ലാം റൂട്ടുകളിലാണ് സർവീസ് നടത്തുന്നതെന്ന് വിശദമാക്കാമോ?

ബോട്ടുകളുടെ സർവീസ് സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പുതുതായി അനുവദിച്ച ബോട്ടുകളിൽ ഏതെല്ലാം ബോട്ടുകളിൽ എ.എം.സി. സംവിധാനമുണ്ടെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി അനുവദിച്ച ബോട്ടുകളിൽ ആദിത്യ, FC 01, FC 02, FC 03, FC 04, FC 05, FC 08, വേഗ-1, വേഗ-2, വാട്ടർ ടാക്സി-1, 2, സീ അഷ്ടമുടി, സീ കുട്ടനാട് എന്നീ ബോട്ടുകൾക്ക് എ.എം.സി. സംവിധാനം നിലവിലുണ്ട്.

(ഡി) നിലവിൽ ജലഗതാഗത വകുപ്പിൽ സർവീസ് നടത്തുന്ന എത്ര ബോട്ടുകളുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ ജലഗതാഗത വകുപ്പിൽ 63 ബോട്ടുകൾ സർവീസ് നടത്തുന്നുണ്ട്.

(ഇ) നിലവിൽ ജലഗതാഗത വകുപ്പിൽ സർവീസ് നടത്തുന്ന ബോട്ടുകൾ, അവ നിർമ്മിച്ച വർഷം, സർവീസ് നടത്തുന്ന സ്റ്റേഷൻ എന്നിവ സംബന്ധിച്ച വിശദവിവരം നൽകാമോ?

ജലഗതാഗത വകുപ്പിൽ സർവീസ് നടത്തുന്ന ബോട്ടുകൾ, അവ നിർമ്മിച്ച വർഷം, സർവീസ് നടത്തുന്ന സ്റ്റേഷൻ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ബോട്ട് സർവീസ്

251 (3699) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പയ്യന്നൂർ നഗരസഭ, വലിയപറമ്പ്, പടന്ന തുടങ്ങിയ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് എത്ര ബോട്ട് സർവീസാണ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പയ്യന്നൂർ നഗരസഭ, വലിയ പറമ്പ്, പടന്ന തുടങ്ങിയ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് നിലവിൽ ഒരു ബോട്ടാണ് സർവീസ് നടത്തിവരുന്നത്.

(ബി) ഇവിടെ സർവീസ് നടത്തുന്ന ബോട്ടുകളുടെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നതെന്ന് അറിയിക്കാമോ?

കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വകുപ്പിന്റെ S 26, S 48, A 62 എന്നീ പാസഞ്ചർ ബോട്ടുകളും തേജസ് -1, തേജസ്-2 എന്നീ വാട്ടർ ടാക്സികളുമാണ് സർവീസ് നടത്തിവരുന്നത്. ഓരോ രണ്ടര വർഷങ്ങൾ കൂടുമ്പോഴും ബോട്ടുകൾ കരയിൽ കയറ്റി ബോഡി വർക്കുകൾ ചെയ്യുന്നതിനാൽ ബോട്ടുകളുടെ ഉപയോഗ കാലാവധി സംബന്ധിച്ച് നിലവിലെ ഇൻലാൻഡ് വെസ്സൽ ആക്ട്, ഇൻലാൻഡ് വെസ്സൽ റൂൾസ് എന്നിവ പ്രകാരം നിശ്ചിത വർഷത്തിനുശേഷം സർവീസിൽനിന്നും ഒഴിവാക്കണമെന്ന രീതിയിൽ നിശ്ചയിക്കപ്പെട്ടിട്ടില്ല.

(സി) കാലാവധി കഴിയുന്ന ബോട്ടുകൾക്ക് പകരമായി പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവീസാക്കാൻ കഴിയുന്ന തരത്തിൽ പുതിയ സോളാർ ബോട്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പയ്യന്നൂർ മേഖലയിൽ പാസഞ്ചർ കം ടൂറിസം സർവീസ് ആരംഭിക്കുന്നതിനായി സോളാർ ബോട്ടുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ട്. കവ്വായി-വലിയപറമ്പ്-പടന്ന കേന്ദ്രീകരിച്ചാണ് ടി സർവീസുകൾ ആവിഷ്കരിക്കുന്നത്. നിലവിൽ നിർമ്മാണത്തിലുള്ള ബോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് സർവീസുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

സിറ്റിസൺ സെന്റിനൽ ആപ്പ്

252 (3700) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയ സിറ്റിസൺ സെന്റിനൽ ആപ്പിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൊതുനിരത്തുകളിൽ കണ്ടുവരുന്ന ട്രാഫിക് കുറ്റകൃത്യങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് വീഡിയോ/ഫോട്ടോ രൂപത്തിൽ മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിനും അതുവഴി കുറ്റകൃത്യത്തിനെതിരെ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായാണ് NIC രൂപകൽപന ചെയ്ത എം-പരിവാഹൻ മൊബൈൽ ആപ്ലിക്കേഷനായ "സിറ്റിസൺ സെന്റിനൽ" എന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

"സിറ്റിസൺ സെന്റിനൽ" സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ചുവടെ പറയുന്ന കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

1. Unauthorized parking

2. Disobeying Lane Traffic.

3. Driving without safety belt

4. Using Mobile phone while driving

5. Driving dangerously by jumping red light

6. Rash and Negligent Driving

7. Driving without helmet

8. Triple riding on two wheeler

മോട്ടോർ വാഹന വകുപ്പിലെ അഴിമതി

253 (3701) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അഴിമതി തടയുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങളെല്ലാം ഓൺലൈനാക്കുകയും ആയതുവഴി സേവനങ്ങളെല്ലാംതന്നെ സുതാര്യമാക്കുകയും ചെയ്തിട്ടുണ്ട്. അഴിമതി വിമുക്തമാക്കുന്നതിനായിട്ടുള്ള നിരവധി നിർദേശങ്ങളും സർക്കുലറുകളും വകുപ്പിൽനിന്ന് പുറപ്പെടുവിച്ചിട്ടുണ്ട്. ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ രേഖകൾ ഓഫീസിൽ സമർപ്പിക്കുന്നതിൽനിന്നും ഒഴിവാക്കി പൂർണ്ണമായും ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നതിനായുള്ള നിർദേശങ്ങൾ 21/2021 നമ്പർ സർക്കുലർ മുഖേനയും ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ സർക്കുലർ നമ്പർ 19/2021 മുഖേനയും നൽകിയിട്ടുണ്ട്. ഓഫീസ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വകുപ്പിൽ ഇ-ഓഫീസ്

സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസുകളിലെ ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ തടയുന്നതിനായും കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനുമായി 16/2013 നമ്പർ സർക്കുലർ മുഖേന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അഴിമതി തടയുന്നതിനായി 18-10-2022-ൽ രൂപീകരിച്ച ടി.സി. സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിക്കുകയും 17-12-1998-ൽ രൂപീകരിച്ച Internal Vigilance Cell കാലാകാലങ്ങളായി പുനഃസംഘടിപ്പിച്ച് വരികയും ചെയ്യുന്നുണ്ട്.

മോട്ടോർ വാഹന വകുപ്പിലെ അതിർത്തി ചെക്ക്പോസ്റ്റുകളിലെ സേവനങ്ങളെല്ലാം ഓൺലൈനായി ലഭ്യമാക്കിയിരിക്കുന്നതിനാൽ അഴിമതി തടയുന്നതിനായി ഉദ്യോഗസ്ഥരുടെ സാന്നിധ്യം ചെക്ക്പോസ്റ്റുകളിൽ കുറച്ച് നിലവിൽ 8 മണിക്കൂർ മാത്രമുള്ള ഡ്യൂട്ടിയാക്കുകയും മറ്റ് ഉദ്യോഗസ്ഥരെ അതത് ഓഫീസുകളിൽ അയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ, ചെക്ക് പോസ്റ്റുകളിൽ Automatic Number Plate Recognition (ANPR) ക്യാമറകൾ സ്ഥാപിക്കുകയും നിലവിൽ GST വകുപ്പിന്റെ ക്യാമറ ലഭ്യമായ സ്ഥലങ്ങളിൽ ഈ ക്യാമറകളിലെ ദൃശ്യങ്ങൾ ലഭ്യമാക്കുകയും ചെയ്ത് വാഹൻ ഡാറ്റാബേസുമായി പരിശോധിച്ച് രേഖകളുടെ സാധുത വിശകലനം ചെയ്യുകയും ഫിറ്റ്നസ്, പെർമിറ്റ്, ടാക്സ് തുടങ്ങിയ രേഖകൾ പരിശോധിച്ച് കാലാവധിയില്ലാത്ത വാഹനങ്ങളാണെന്ന് ബോധ്യപ്പെട്ടാൽ ഇത് സംബന്ധിച്ച സന്ദേശം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലഭിക്കത്തക്ക രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിവരുന്നു. ഇത് പൂർണ്ണമായും സജ്ജമാകുന്നതോടെ ചെക്ക്പോസ്റ്റുകളിൽനിന്നും ഉദ്യോഗസ്ഥരെ പൂർണ്ണമായി പിൻവലിച്ച് വെർച്വൽ ചെക്ക്പോസ്റ്റുകൾ ആക്കുകയും ചെയ്യും.

ഇതുവഴി ചെക്ക്പോസ്റ്റുകളിലെ അഴിമതി പൂർണ്ണമായി അവസാനിക്കുന്നതാണ്. ചെക്ക്പോസ്റ്റുകളിലെ ഡ്യൂട്ടി സമയം 8 മണിക്കൂർ മാത്രമാക്കി കുറച്ചതിനെത്തുടർന്ന് ചെക്ക്പോസ്റ്റുകൾവഴി മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിവിധ ചെക്ക്പോയിന്റുകളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് പ്രത്യേക പരിശോധന നടത്തിവരുന്നുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകളും പൊതുജനങ്ങളുടെ അന്വേഷണങ്ങളും പരാതികളും അതത് ഓഫീസിലെ PRO-മാർ മാത്രം സ്വീകരിക്കാൻവേണ്ട ഉത്തരവ് പുറപ്പെടുവിച്ച് നടപ്പിലാക്കിവരുന്നു. ഇതുവഴി ഓഫീസിലെ അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് കുറവുകളില്ലാത്തവ മാത്രം ഓഫീസുകളിൽ സ്വീകരിച്ച് സേവനങ്ങൾ നൽകാനും സ്വീകരിച്ച അപേക്ഷകൾ പെൻഡിങ് ആകുന്നത് തടയാനും സാധിക്കുന്നതാണ്. ഇതുവഴി ഓഫീസിലെ മറ്റ് ജീവനക്കാരെ ഏജന്റുമാർ ഉൾപ്പെടെയുള്ളവർക്ക് സമീപിക്കാനുള്ള സാധ്യതയില്ലാതാകുകയും ജീവനക്കാർക്ക് കൂടുതൽ ഫയൽ പരിശോധിച്ച് തീർപ്പാക്കാൻ സമയം ലഭ്യമാകുകയും ചെയ്യുന്നു. കൂടാതെ ഫയലുകളിൽ കാലതാമസം വരുത്തുന്നതിനും അഴിമതിക്കുമുള്ള അവസരങ്ങൾ ഇല്ലാതാക്കുന്നു.

മോട്ടോർ വാഹന വകുപ്പിൽനിന്നും ലഭ്യമാകേണ്ട പ്രധാന സർവീസുകൾക്കെല്ലാം ഓൺലൈനായി അപേക്ഷ നൽകേണ്ടതാണ്. നിലവിൽ 60 തരം ഓൺലൈൻ സേവനങ്ങൾ നൽകുന്നുണ്ട്. Aadhaar Authenticated Service-കൾക്ക് അപേക്ഷകർ ഓഫീസിൽ പോകുകയോ അപേക്ഷകളുടെ പകർപ്പുകൾ ഓഫീസിൽ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല

(faceless). ഇത് അഴിമതിക്കുള്ള സാധ്യതയില്ലാതാക്കുന്നു. നിലവിൽ ലൈസൻസ് സംബന്ധമായ സേവനങ്ങൾ FCFS (First Come First Serve) എന്ന ക്യൂ സംവിധാനം വഴിയാണ് ചെയ്യുന്നത്. ഇതിനാൽ എല്ലാവർക്കും തുല്യപരിഗണന ലഭിക്കുന്നുവെന്നും അപ്രകാരം അഴിമതിയില്ലാതാകുമെന്നും ഉറപ്പാക്കാൻ സാധിക്കുന്നതാണ്. അപേക്ഷകർക്ക് ഫയൽ നമ്പർ ഉപയോഗിച്ച് ഫയൽ സ്റ്റാറ്റസ് പരിശോധിക്കാവുന്നതും approval ലഭിക്കുന്ന സമയം mobile sms alert ലഭിക്കുന്നതുമാണ്. RC, License തുടങ്ങിയവയുടെ പ്രിന്റ് അപേക്ഷകർക്ക് തന്നെ എടുക്കാവുന്ന തരത്തിലും m-parivahan, digilocker തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് ലഭ്യമാകുന്ന രീതിയിലുമാക്കിയതുവഴി approval നൽകുന്ന സമയംതന്നെ അപേക്ഷകർക്ക് പ്രിന്റ് ഡിജിറ്റലായി ലഭിക്കുന്നതാണ്. ആയതിനാൽ അപേക്ഷകർക്ക് ആർ.ടി. ഓഫീസുകളിലേക്ക് വരികയോ ബന്ധപ്പെടുകയോ ചെയ്യേണ്ട സാഹചര്യം പരമാവധി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇത് അഴിമതി തടയുന്നു. വാഹന രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ FCFS ആക്കാൻ വേണ്ട ടെസ്റ്റിങ്ങുകൾ നടത്തിവരുന്നു. അത് താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ചില ഓഫീസുകളിൽ ഉദ്യോഗസ്ഥരുടെ എണ്ണത്തിന് ആനുപതികമല്ലാതെ വളരെ കൂടുതൽ അപേക്ഷകൾ ലഭിക്കുന്നതായും ചില ഓഫീസുകളിൽ വളരെ കുറവ് അപേക്ഷകൾ ലഭിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലെയും ഉദ്യോഗസ്ഥർക്ക് തുല്യ എണ്ണം അപേക്ഷകൾ ലഭിക്കുന്നതിനുവേണ്ടി നടപ്പാക്കിയതാണ് Unified Counter System. ഇതുവഴി

ഉദ്യോഗസ്ഥരുടെ ജോലിഭാരം തുല്യമാകുകയും പൊതുജനങ്ങൾക്ക് സേവനങ്ങൾ കാലതാമസം കൂടാതെ നൽകാൻ സാധിക്കുകയും ചെയ്യും. ഇതും അഴിമതി കുറയ്ക്കുന്നതിന് ഉതകുന്നതാണ്.

മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ അന്വേഷണം നടത്താനും വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ലഭിക്കുന്ന രഹസ്യ വിവരങ്ങൾക്കനുസരിച്ച് അന്വേഷണങ്ങളും പരിശോധനകളും നടത്താനുംവേണ്ടി അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ [CVO Chief Vigilance Officer] വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Internal Vigilance Unit രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതുവഴിയും അഴിമതിക്ക് തടയിടാൻ സാധിക്കുന്നതാണ്.

ഡ്രൈവിങ് ടെസ്റ്റ്, ഫിറ്റ്നസ്സ് ടെസ്റ്റ് തുടങ്ങിയവയിലെ ക്രമക്കേടുകൾ - Automated Testing Station (ATS), Accredited Driving Testing Centre (ADTC) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധന കൂടുതൽ കർശനമാക്കാനും ഡ്രൈവിങ് ടെസ്റ്റ് കൂടുതൽ ശാസ്ത്രീയമായും കർശനമായും നടത്താനും ഇത്തരം പരിശോധനകളിലെ അഴിമതി അവസാനിപ്പിക്കാനും സാധിക്കുന്നതാണ്.

(ബി) 2024-25 വർഷത്തിൽ മോട്ടോർ വാഹന വകുപ്പിലെ എത്ര ജീവനക്കാരാണ് വിജിലൻസ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2024-2025 വർഷത്തിൽ മോട്ടോർ വാഹന വകുപ്പിലെ 12 ജീവനക്കാരാണ് വിജിലൻസ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളത് (ആലപ്പുഴ-1, കൊല്ലം-2, പാലക്കാട് -6, കോഴിക്കോട്-1, മലപ്പുറം-1, എറണാകുളം- 1).

മലപ്പുറം ആർ.ടി.ഒ.

254 (3702) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആർ.ടി.ഒ. പരിധിയിൽ ഡ്രൈവിങ് ടെസ്റ്റ് അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് അടുത്ത മൂന്നുമാസത്തേക്ക് അനുവദിച്ചിട്ടുള്ള അപ്പോയിന്റ്മെന്റുകളുടെ എണ്ണം വിശദമാക്കാമോ?

അടുത്ത മൂന്നുമാസത്തേക്ക് അനുവദിച്ചിട്ടുള്ള അപ്പോയിന്റ്മെന്റുകളുടെ എണ്ണം 10080 ആണ്.

(ബി) മലപ്പുറം ആർ.ടി.ഒ. പരിധിയിൽ നിലവിലുള്ള ടെസ്റ്റ് ബാച്ച് എത്രയെന്നുള്ള വിവരവും അവർ ഓരോ ദിവസവും അറ്റൻഡ് ചെയ്യുന്ന ഡ്രൈവിങ് ടെസ്റ്റ് ഡ്യൂട്ടിയുടെ വിശദാംശവും അറിയിക്കുമോ?

മലപ്പുറം ആർ.ടി.ഒ. പരിധിയിൽ നിലവിൽ 4 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 4 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും ചേർന്ന് ഒരു ദിവസം 4 ബാച്ച് വീതം ടെസ്റ്റുകൾ നടത്തിവരുന്നു. ഓരോ ബാച്ചിലും 35 പേർ വീതം ഡ്രൈവിങ് ടെസ്റ്റ് നടത്തുന്നു.

(സി) അപേക്ഷകർക്ക് ആനുപാതികമായി മലപ്പുറത്ത് ടെസ്റ്റ് ബാച്ച് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ ടെസ്റ്റ് ബാച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകർക്ക് ആനുപാതികമായി ടെസ്റ്റ് ബാച്ച് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആയിരക്കണക്കിന് അപേക്ഷകർ ഡ്രൈവിങ് ടെസ്റ്റ് അപ്പോയിന്റ്മെന്റ് ലഭിക്കാതെ കാത്തിരിക്കുന്ന സാഹചര്യത്തിൽ പുതിയ ടെസ്റ്റ് ബാച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. 05-11-2024-ന് നൽകിയ പി.യു./70/24/എം.വി.ഡി./എം.പി.എം. നമ്പർ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

മലപ്പുറം എം.എൽ.എ. സമർപ്പിച്ച 05-11-2024-ലെ പി.യു./70/24/എം.വി.ഡി./എം.പി.എം. നമ്പർ കത്തിലെ അഭ്യർഥന പരിശോധിച്ച് നടപടി സ്വീകരിക്കാൻ ബി2/84/2025-ഗതാ. നമ്പർ ഫയലിൽ ഗതാഗത കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, മലപ്പുറം ആർ.ടി.ഒ.-യുടെ കീഴിൽ ഡ്രൈവിങ് ടെസ്റ്റ് ബാച്ച് നിലവിലുള്ള മൂന്ന് ബാച്ചിനുപുറമെ ഒരു ബാച്ചുകൂടി അനുവദിച്ചിട്ടുണ്ട്.

ആർ.സി. ഡിജിറ്റൽ കാർഡ് പദ്ധതി

255 (3703) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പുതുതായി നടപ്പിലാക്കുന്ന ആർ.സി. ഡിജിറ്റൽ കാർഡ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) മോട്ടോർ വാഹന വകുപ്പിൽനിന്നും വാഹനങ്ങൾക്ക് നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 01-03-2025 മുതൽ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷകന് പരിവാഹൻ പോർട്ടലിലെ വാഹൻ സിറ്റിസൺ സൈഡിലെ ഡൗൺലോഡ് ഡോക്യുമെന്റ്സ് എന്ന മെനുവിലെ പ്രിന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്ന ഓപ്ഷനിൽ വാഹന രജിസ്ട്രേഷൻ നമ്പർ, ചേസിസ് നമ്പറിന്റെ അവസാന അഞ്ചക്കം എന്നിവ നൽകി വാഹനിൽ ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ വരുന്ന ഒ.ടി.പി. എന്റർ ചെയ്ത് നേരിട്ട് ആർ.സി. ഡൗൺലോഡ് ചെയ്തെടുക്കാവുന്നതും പി.ഡി.എഫ്. ഫോർമാറ്റിൽ സൂക്ഷിക്കാവുന്നതുമാണ്. വാഹന സംബന്ധമായ തുടർസേവങ്ങൾക്ക് പി.ഡി.എഫ്. ഫോർമാറ്റിലുള്ള ഇത്തരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉപയോഗിക്കാവുന്നതാണ്. ഡിജിറ്റലൈസ് ചെയ്ത ആർ.സി.-യുടെ വിവരങ്ങൾ എം-പരിവാഹൻ ആപ്പിലും ഡിജിലോക്കറിലും ലഭ്യമാകുന്നതാണ്. കൂടാതെ ആർ.സി. പ്രിന്റിൽ ലഭ്യമാക്കിയിരിക്കുന്ന QR കോഡ് സ്കാൻ ചെയ്ത് പ്രസ്തുത വാഹനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

വാഹനിൽ നിലവിലെ വർക്ക് ഫ്ലോ പ്രകാരം ആർ.സി. സംബന്ധമായ ഓരോ സേവനവും നടത്തിയതിനുശേഷം പ്രസ്തുത ആർ.സി. പ്രിന്റ് എടുത്താൽ മാത്രമേ മറ്റൊരു

സേവനത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഡിജിറ്റലൈസ് ആർ.സി. പദ്ധതി പ്രകാരം ആർ.സി. ഡൗൺലോഡ് ചെയ്താൽ തുടർസേവനം ലഭ്യമാകുന്നതാണ്.

ആർ.സി. ബുക്കുകൾ ലഭിക്കുന്നതിലുള്ള കാലതാമസം

256 (3704) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങൾക്ക് ആർ.സി. ബുക്കുകൾ ലഭിക്കുന്നതിന് ആറുമാസത്തിൽ കൂടുതൽ സമയമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01-03-2025 മുതൽ ആർ.സി. ബുക്കുകൾ പ്രിന്റ് ചെയ്തുനൽകുന്ന രീതി നിർത്തലാക്കി ഡിജിറ്റൽ ആർ.സി. (DYRC) സംവിധാനം നിലവിൽ വന്നിട്ടുള്ളതാണ്.

19-09-2024 വരെ ആർ.സി. ബുക്കുകൾ പ്രിന്റ് ചെയ്തുനൽകുന്നതിന് ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ 20-09-2024 മുതൽ ഡിജിറ്റൽ ആർ.സി. (DYRC) നിലവിൽവന്ന 01-03-2025 വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാനും അത് അടിയന്തരമായി പ്രിന്റ് ചെയ്തുനൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആർ.സി. ബുക്കുകൾ ലഭ്യമാകാത്തപക്ഷം ഏതൊക്കെ രേഖകളാണ് വാഹനത്തിൽ കരുതേണ്ടതെന്ന് അറിയിക്കാമോ?

DYRC സംവിധാനം നിലവിൽ വന്നതിനാൽ പൊതുജനങ്ങൾക്ക് ആർ.സി., സൈറ്റിൽനിന്നും സ്വന്തമായി ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാവുന്നതാണ്.

മോട്ടോർ ഡ്രൈവിങ് സ്കൂളുകൾ

257 (3705) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ ഡ്രൈവിങ് സ്കൂളുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് മോട്ടോർ ഡ്രൈവിങ് സ്കൂളുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 24-ലെ വ്യവസ്ഥകൾക്കനുസൃതമായാണ് മോട്ടോർ ഡ്രൈവിങ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. ഗതാഗത കമ്മീഷണറുടെ 15-11-2023-ലെ 27/2013 സർക്കുലർ പ്രകാരം ഡ്രൈവിങ് സ്കൂൾ പ്രവർത്തനം സംബന്ധിച്ചുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര അംഗീകൃത ഡ്രൈവിങ് സ്കൂളുകളാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

	ജില്ല	**ഡ്രൈവിങ് സ്കൂളുകളുടെ എണ്ണം**
1	തിരുവനന്തപുരം	522
2	കൊല്ലം	223
3	പത്തനംതിട്ട	122

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4	ആലപ്പുഴ	247
5	കോട്ടയം	286
6	ഇടുക്കി	118
7	എറണാകുളം	364
8	തൃശ്ശൂർ	275
9	പാലക്കാട്	236
10	മലപ്പുറം	361
11	കോഴിക്കോട്	366
12	വയനാട്	81
13	കണ്ണൂർ	374
14	കാസർഗോഡ്	137

(സി) ഡ്രൈവിങ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും പുതിയ നിർദേശം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേന്ദ്ര റോഡ് ഗതാഗത ഉപരിതല മന്ത്രാലയം പുറപ്പെടുവിച്ച 07-06-2021-ലെ G.S.R. 394(E) പ്രകാരം Accredited Driving Training Centre (ADTC) സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കേന്ദ്ര മോട്ടോർ വാഹന ചട്ടം 31B മുതൽ 31J വരെ ഭേദഗതി വരുത്തിയിട്ടുണ്ട്. നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) സംസ്ഥാനത്ത് അനധികൃതമായി ഡ്രൈവിങ് സ്കൂളുകൾ നടത്തുന്നത് മോട്ടോർ വാഹന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകൾക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

(ഡി&ഇ) ഉണ്ട്. കൊടുവള്ളി സബ് ആർ.ടി. ഓഫീസിന്റെ പരിധിയിൽ അനധികൃതമായി ഡ്രൈവിങ് സ്കൂളിന്റെ ബ്രാഞ്ച് ഓഫീസ് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടാൻ നോട്ടീസ് നൽകിയിട്ടുള്ളതും ഇപ്പോൾ പ്രവർത്തനരഹിതവുമാണ്. തിരുവനന്തപുരം നാഷണൽ സെക്ടർ ആർ.ടി. ഓഫീസിൽ ഇത്തരം ഒരു സ്കൂൾ കണ്ടെത്തുകയും വാഹനം പിടിച്ചെടുത്ത് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പുതിയ ആർ.ടി.ഒ./എസ്.ആർ.ടി.ഒ. ഓഫീസുകൾ

258 (3706) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന വർധനവിന് ആനുപാതികമായി ആർ.ടി.ഒ./എസ്.ആർ.ടി.ഒ. ഓഫീസുകൾ നിലവിലുണ്ടോയെന്നും പുതിയ എസ്.ആർ.ടി.ഒ. ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉദ്യോഗസ്ഥക്ഷാമംമൂലം ഡ്രൈവിങ് ലൈസൻസ്, വാഹനങ്ങളുടെ ആർ.സി. ബുക്കുകൾ, വെഹിക്കിൾ റീ-ടെസ്റ്റ്, നിയമലംഘനങ്ങളുടെ ചെലാൻ അയയ്ക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികൾ സൃഷ്ടിക്കുന്ന വിഷയത്തിന്മേൽ സമഗ്രമായ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും അത് ഊർജിതമായി നടത്തിവരികയുമാണ്.

മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ്

259 (3707) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എത്ര മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും കുറവുണ്ടെന്നതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സാഹചര്യം ചൂണ്ടിക്കാട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) മോട്ടോർ വാഹന വകുപ്പിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിവിധ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 191 തസ്തികകളും എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 98 തസ്തികകളും ഉൾപ്പെടെ ആകെ

അംഗീകൃത സംഖ്യാബലം 290 ആണ്. അതിൽ മൂന്നുപേർ അടിസ്ഥാന പരിശീലനത്തിൽ പങ്കെടുത്തുവരികയാണ്. പ്രസ്തുത തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ട്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിവിധ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 359 തസ്തികകളും എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 255 തസ്തികകളും ഉൾപ്പെടെ പ്രസ്തുത തസ്തികയിലെ അംഗീകൃത സംഖ്യാബലം 614 ആണ്. അതിൽ 77 പേർ അടിസ്ഥാന പരിശീലനത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ 23 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സമഗ്രമായ പ്രവൃത്തിപഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിലേക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥ ക്ഷാമം

260 (3708) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥ ക്ഷാമം പരിഹരിക്കുന്നതിനും സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് 24 മണിക്കൂർ പ്രവർത്തിക്കുന്നതിനുംവേണ്ടി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; പ്രസ്തുത പ്രൊപ്പോസൽ പ്രകാരം ഏതൊക്കെ തസ്തികകളിലാണ് അധിക പോസ്റ്റുകൾ വേണ്ടിവരുന്നതെന്നും പുതുതായി പോസ്റ്റുകൾ സൃഷ്ടിക്കേണ്ടിവരുന്നതെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ മോട്ടോർ വാഹന വകുപ്പിൽ ഉദ്യോഗസ്ഥ ക്ഷാമം നേരിടുന്നുണ്ടോ, ഇത് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ആയത് തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(എ-സി) മോട്ടോർ വാഹന വകുപ്പിൽ പുതുതായി ആരംഭിച്ച 13 സബ് ആർ.ടി. ഓഫീസുകളിലേക്കും 14 ജില്ലാ എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകളിലേക്കും പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ഗതാഗത കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

വകുപ്പിലെ വിവിധ ഓഫീസുകളിൽ അക്കൗണ്ട്സ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ്/പി.ആർ.ഒ., ക്ലാർക്ക്/സീനിയർ ക്ലാർക്ക്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, ജോയിന്റ് ആർ.ടി.ഒ., ആർ.ടി.ഒ., ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ തുടങ്ങി വിവിധ തസ്തികകൾ പ്രൊപ്പോസലിൽ ഉൾപ്പെട്ടിരുന്നു.

പ്രസ്തുത പ്രൊപ്പോസലിന്മേൽ സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും അതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി പഠനം നടന്നുവരുന്നു.

മോട്ടോർ വാഹന രജിസ്ട്രേഷൻ

261 (3709) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഭാരത് രജിസ്ട്രേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പ് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് രജിസ്ട്രേഷൻ നടപടി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിൻപ്രകാരം എത്ര അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മോട്ടോർ വാഹന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ BH രജിസ്ട്രേഷൻ നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്തിന് ഭീമമായ നികുതി നഷ്ടമുണ്ടാകുമെന്ന് കണക്കിലെടുത്ത് സംസ്ഥാനം ഇതുവരെ BH രജിസ്ട്രേഷൻ ആരംഭിച്ചിട്ടില്ല.

കാലപ്പഴക്കംചെന്ന വാഹനങ്ങളുടെ പൊളിക്കൽ

262 (3710) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. പി. വി. ശ്രീനിജിൻ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ പൊളിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അംഗീകൃത കേന്ദ്രങ്ങൾ നിലവിലുണ്ടോ?

കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ പൊളിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

21-08-2024-ലെ G.O.(Rt) No.322/2024/Trans, 21-10-2024-ലെ G.O. (Rt) No. 421/2024/Trans എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് മൂന്ന് Registered Vehicles Scrapping Facility (RVSF) സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത RVSF-കളിൽ ഒരണ്ണം KSRTC-യും Brathwaite & Co. Ltd.-മായി ചേർന്ന Joint Venture സ്ഥാപനവും ബാക്കി രണ്ടെണ്ണം Open tender മുഖാന്തരവുമാണ് സ്ഥാപിക്കുന്നത്.

(ബി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പ്രസ്തുത കേന്ദ്രങ്ങൾ ഉറപ്പുനൽകുന്നത്; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര സർക്കാരിന്റെ Registered Vehicle Scrapping Rules, 2021 പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി വാഹനങ്ങൾ കളക്ഷൻ സെന്ററുകൾ മുഖേന ശേഖരിക്കുകയും ഡിസ്പോസ് ചെയ്യുന്നതിനുമുള്ള നടപടികളാണ് RVSF -ൽ കൈകാര്യം ചെയ്യുന്നത്.

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ വാഹനങ്ങൾ സ്ക്രാപ് ചെയ്താൽ ഉടമയ്ക്ക് പുതിയ വാഹനം വാങ്ങുമ്പോൾ എന്തെങ്കിലും ആനുകൂല്യങ്ങളോ മറ്റെന്തെങ്കിലും ഇളവുകളോ ലഭ്യമാണോ; വിശദമാക്കുമോ?

RVSF മുഖേന സ്ക്രാപ് ചെയ്യുന്ന വാഹനങ്ങൾക്ക് നൽകുന്ന Certificate of Deposit-ന്റെ അടിസ്ഥാനത്തിൽ പുതിയതായി വാങ്ങുന്ന വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ ടാക്സ് ഇളവ് അനുവദിച്ചുകൊണ്ട് 30-06-2023-ലെ G.O.(P)No. 18/2023/Trans പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 15 ശതമാനം ഇളവും ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 10 ശതമാനം നികുതി ഇളവുമാണ് നൽകുന്നത്. പ്രാരംഭ രജിസ്ട്രേഷൻ തീയതി മുതൽ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും യഥാക്രമം 5 വർഷം വരെയും പതിനഞ്ച് വർഷം വരെയും ഇളവ് ലഭ്യമാകും. കൂടാതെ സ്ക്രാപ്പിങ്ങിനായി വാഹനം സറണ്ടർ ചെയ്യുന്ന അതേ തരത്തിലുള്ള വാഹനം വാങ്ങുന്നതിനുമാത്രമേ നികുതി ഇളവ് അനുവദിക്കുകയുള്ളൂ. കൂടാതെ, അത്തരം സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുശേഷമാണ് COD ഹാജരാക്കുന്നതെങ്കിൽ നികുതി ഇളവുകൾ അനുവദിക്കില്ല.

മോട്ടോർ വാഹനവകുപ്പിൽ വെബ് ആപ്ലിക്കേഷൻ

263 (3711) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസ്, പെർമിറ്റ് എന്നിവയുടെ കമ്പ്യൂട്ടറൈസ്ഡ് സേവനങ്ങൾക്കായി പ്രത്യേകം വെബ് ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ളതും സെൻട്രൽ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ രൂപകൽപന ചെയ്തതുമായ പരിവാഹൻ പോർട്ടലിലെ വാഹൻ, സാരഥി എന്നീ ഓൺലൈൻ പോർട്ടൽ മുഖാന്തരം ഡ്രൈവിങ് ലൈസൻസ്, പെർമിറ്റ് എന്നിവ സംബന്ധമായ സേവനങ്ങൾ ലഭ്യമാകുന്നതാണ്.

(ബി) പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി പുതിയ വെബ് മൊഡ്യൂളുകൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മോട്ടോർ വാഹന വകുപ്പിലെ വിവിധ സേവനങ്ങൾക്കായി മേൽപ്പറയുന്ന പരിവാഹൻ സോഫ്റ്റ്വെയർ പരിഷ്കരിച്ച് വിവിധ മോഡ്യൂളുകൾ കാലാകാലങ്ങളിൽ വികസിപ്പിച്ച് ഉൾപ്പെടുത്തിവരുന്നു.

(സി) സേവനങ്ങൾ ലഭ്യമാക്കുന്നതിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഫസ്റ്റ് കം ഫസ്റ്റ് സെർവ് എന്ന സംവിധാനമൊരുക്കിയിട്ടുണ്ടോ; അറിയിക്കുമോ?

ലൈസൻസ് സംബന്ധമായ സേവനങ്ങളിലെ ബാക്ക്ലോഗ്, ഡ്രൈവിങ് ടെസ്റ്റ്, ലേണേഴ്സ് ടെസ്റ്റ്, ഡ്രൈവിങ് സ്കൂൾ, ഐ.ഡി.പി. (International driving permit) എന്നിവ

ഒഴികെയുള്ള എല്ലാ സേവനങ്ങളും ഫസ്റ്റ് കം ഫസ്റ്റ് സെർവ് (എഫ്.സി.എഫ്.എസ്.) സംവിധാനം വഴിയാണ് നൽകിവരുന്നത്.

ലൈസൻസ് സർവീസുകളിൽ എഫ്.സി.എഫ്.എസ്. ഉൾപ്പെടുത്തിയിരിക്കുന്നതുപോലെ വാഹന സംബന്ധമായ സേവനങ്ങളിൽ എഫ്.സി.എഫ്.എസ്. കൊണ്ടുവരുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സേവനങ്ങളിൽ എഫ്.സി.എഫ്.എസ്. നടപ്പാക്കിയിരുന്നെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ ആയത് താൽക്കാലികമായി പിൻവലിച്ചിരിക്കുകയാണ്. വകുപ്പ് നൽകിവരുന്ന സേവനങ്ങളെല്ലാം എഫ്.സി.എഫ്.എസ്. സംവിധാനത്തിന്റെ അടിസ്ഥാനത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സി.എൻ.ജി. പമ്പുകൾ

264 (3712) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ സി.എൻ.ജി. പമ്പുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; സി.എൻ.ജി. വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായ എണ്ണം സി.എൻ.ജി. പമ്പുകൾ സംസ്ഥാനത്ത് നിലവിലില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മതിയായ എണ്ണം സി.എൻ.ജി. പമ്പുകളുടെ അഭാവം സി.എൻ.ജി. വാഹനങ്ങളുള്ള ഓട്ടോഡ്രൈവർമാർ ഉൾപ്പെടെയുള്ള ആളുകളെ പ്രതികൂലമായി ബാധിക്കുന്ന വിഷയം പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

(എ&ബി) കേരളത്തിൽ ഗാർഹിക/വാണിജ്യ ആവശ്യങ്ങൾക്ക് സി.എൻ.ജി. വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ M/s. AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനും (AGPL) പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ M/s. ഷോളഗാസ്കോ ലിമിറ്റഡിനും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ M/s. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനുമാണ് (IOAGPL) പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) അംഗീകാരം നൽകിയിട്ടുള്ളത്.

എ.ജി.പി. സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിലവിൽ 43 സി.എൻ.ജി. പമ്പുകൾ പ്രവർത്തിക്കുന്നുണ്ട് (ആലപ്പുഴ-15, കൊല്ലം-9, തിരുവനന്തപുരം-19).

ഷോളഗാസ്കോ ലിമിറ്റഡിന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നിലവിൽ 5 സി.എൻ.ജി. പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, മാഹി (കേന്ദ്രഭരണ

പ്രദേശം) ജില്ലകളിൽ നിലവിൽ 130 സി.എൻ.ജി. പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എറണാകുളം - 19

തൃശ്ശൂർ, പാലക്കാട് - 41

മലപ്പുറം - 23

കണ്ണൂർ, കാസർഗോഡ്, മാഹി - 20

കോഴിക്കോട് - 27

ചില ജില്ലകളിൽ ആനുപാതികമായി കുറവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സി.എൻ.ജി. പമ്പുകളുടെ കുറവ് എങ്ങനെ പരിഹരിക്കാനാകും എന്നാണ് സർക്കാർ കരുതുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

സി.എൻ.ജി. പമ്പുകളുടെ കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ പമ്പുകൾ സ്ഥാപിക്കാൻ കമ്പനികൾ മുന്നോട്ടുവന്നിട്ടുണ്ട്. 2025-26-ഓടുകൂടി എറണാകുളം ജില്ലയിൽ 27 പമ്പുകളും തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി 73 പമ്പുകളും മലപ്പുറം ജില്ലയിൽ 42 പമ്പുകളും കോഴിക്കോട്, വയനാട് ജില്ലകളിലായി 40 പമ്പുകളും കണ്ണൂർ, കാസർഗോഡ്, മാഹി എന്നീ പ്രദേശങ്ങളിലായി 40 പമ്പുകളും സ്ഥാപിക്കാനാണ് IOAGPL ഉദ്ദേശിച്ചിരിക്കുന്നത്.

തിരുവനന്തപുരത്ത് 24 മണിക്കൂർ പ്രവർത്തിക്കുന്ന 2 പമ്പുകളുടെ അനുമതിക്കായി AGPL അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിച്ച ഒരു പമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. കൊല്ലം ജില്ലയിൽ ചവറ മേഖലയിൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വരുംവർഷങ്ങളിൽ കൂടുതൽ സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കാനാണ് കമ്പനി ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) പുതിയ സി.എൻ.ജി. പമ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പുതിയ സി.എൻ.ജി. പമ്പുകൾ ആരംഭിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

1. PESO (Petroleum and Explosives Safety Organization)-ൽനിന്നുള്ള പെർമിഷൻ

2. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് നൽകുന്ന N.O.C.

3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി

4. ഡിസ്ട്രിക്ട് ടൗൺ പ്ലാനർ നൽകുന്ന അനുമതി

5. ഫയർ & റെസ്ക്യൂ വകുപ്പ് നൽകുന്ന N.O.C.

6. വൈദ്യുതി ലഭ്യത

7. ബിൽഡിങ് പെർമിറ്റ്

8. ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റിൽനിന്നും സി.എൻ.ജി. ഡിസ്പെൻസ് ചെയ്യാനുള്ള അംഗീകാരം

ഡ്രൈവിങ് ലൈസൻസ്, ആർ.സി. ബുക്കുകൾ തുടങ്ങിയവ

ലഭിക്കുന്നതിനുള്ള കാലതാമസം

265 (3713) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ്, ആർ.സി. ബുക്കുകൾ തുടങ്ങിയവ ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

(എ&ബി) ഉണ്ട്. 01-11-2024 മുതൽ ഡ്രൈവിങ് ലൈസൻസ്, 01-03-2025 മുതൽ ആർ.സി. എന്നിവ Download Your Driving Licence (DYDL), Download Your Registration Certificate (DYRC) എന്നിങ്ങനെ പൊതുജനങ്ങൾക്ക് തന്നെ പ്രിന്റ് എടുക്കാവുന്ന രീതിയിലേക്ക് മാറ്റിയിട്ടുള്ളതാണ്. കൂടാതെ, മാർച്ച് 1-നുമുമ്പ് ഫീസ് അടച്ച ആർ.സി.-കൾ താമസംവിനാ വിതരണം ചെയ്യുന്നതാണ്.

(സി) നേരത്തെ നൽകിയിരുന്ന ലൈസൻസുകൾ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളിൽ ഉണ്ടായിരുന്ന 'ഹാൾമാർക്ക്' പുതുതായി വിതരണം ചെയ്യുന്നവയിൽ ഇല്ലാത്തതുമൂലം വിദേശത്തടക്കം ജോലി തേടുന്ന ഉദ്യോഗാർഥികൾക്ക് വിഷമതകൾ നേരിടുന്നത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും മന്ത്രാലയത്തിന്റെ 02-11-2018-ലെ GSR 1081E നോട്ടിഫിക്കേഷൻ പ്രകാരമാണ് DYDL, DYRC സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന് സാധുതയുള്ളതാണ്.

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുകയെന്ന് അറിയിക്കാമോ?

ഇത്തരത്തിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള കോച്ചിങ് സെന്ററുകൾ

266 (3714) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള കോച്ചിങ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തൊട്ടാകെയുള്ള ന്യൂനപക്ഷ വിഭാഗങ്ങളുടെ സർക്കാർ സർവീസ് മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുകയെന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി സംസ്ഥാനത്താകെ 14 ജില്ലകളിലായി 24 പരിശീലന കേന്ദ്രങ്ങളും 27 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് പി.എസ്.സി., ബാങ്കിങ്, മറ്റ് മത്സര പരീക്ഷകൾ എന്നിവയ്ക്ക് പരിശീലനം നൽകി സർക്കാർ മേഖലയിൽ ജോലി

നേടിക്കൊടുക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ മുഖ്യപങ്ക് വഹിക്കുന്നു. ഉദ്യോഗാർഥികളെ പങ്കെടുപ്പിച്ചുകൊണ്ട് 2 ബാച്ചുകളിലായി ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ, പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാരുടെ സംഘാടന ചുമതലയിൽ പാത്ത് വേ ക്യാമ്പുകളും (വിവാഹ പൂർവ കൗൺസിലിങ്), കരിയർ ഗൈഡൻസ് പരിശീലന പരിപാടി (പാസ് വേഡ്) ക്യാമ്പുകളും നടത്തിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള എത്ര കോച്ചിങ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 2 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സി.സി.എം.വൈ. കോഴിക്കോട്

കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്, പുതിയറ, കോഴിക്കോട്.

2) സി.സി.എം.വൈ. പേരാമ്പ്ര

കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്, ചെമ്പ്ര റോഡ്, പേരാമ്പ്ര, കോഴിക്കോട്.

ന്യൂനപക്ഷ സ്കോളർഷിപ്പുകൾ

267 (3715) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്കായി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്നും ഓരോ വിദ്യാർഥിക്കും നൽകുന്ന തുക എത്രയാണെന്നും അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകിവരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) എത്ര പേർ ഈ സ്കോളർഷിപ്പുകൾക്ക് അർഹരാണെന്നും ഈ സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പുകൾ എപ്പോൾ വിതരണം ചെയ്യുമെന്നും എത്ര തുക ഇതിന് വേണ്ടിവരുമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷം വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കും പരിശീലന പരിപാടികൾക്കുമായി 149823 ന്യൂനപക്ഷ വിദ്യാർഥികൾക്കായി 4,252.44156 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് വിതരണം പൂർത്തിയാക്കുന്നതാണ്. ജില്ലകൾക്ക് പ്രാധാന്യം നൽകിയല്ല മറിച്ച് ബി.പി.എൽ. വിഭാഗത്തിന് മുൻഗണന നൽകി കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ് ന്യൂനപക്ഷ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം

268 (3716) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം അനുവദിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; (ബി) പ്രസ്തുത പരിശീലന കേന്ദ്രം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്.

പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി

267 (3717) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയ്ക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വർഷവും നിയോജകമണ്ഡലവും തിരിച്ച് വിശദമാക്കാമോ?

2021 മുതൽ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയ്ക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. ടി പ്രവൃത്തികൾക്ക് ഒന്നുംതന്നെ ഭരണാനുമതി ലഭിച്ചിട്ടില്ല. (പുതിയ പദ്ധതികൾ)+.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ക്രമ നം.	**പ്രോജക്ടിന്റെ പേര്**	**നിലവിലെ സ്ഥിതി**
1.	സദ്ഭാവനാമണ്ഡപം-ഇളംദേശം ബ്ലോക്ക്	നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. 44% പൂർത്തീകരിച്ചു.
2.	സദ്ഭാവനാമണ്ഡപം-നെടുങ്കണ്ടം ബ്ലോക്ക്	നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.
3.	രാജാക്കാട് പഞ്ചായത്ത് സാമൂഹികാരോഗ്യ കേന്ദ്രത്തിന് വനിതാ വാർഡ്	നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. 12% പൂർത്തീകരിച്ചു.

പൂഞ്ഞാർ മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതികൾ

270 (3718) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽനിന്ന് പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയം ജില്ലാ പ്ലാനിങ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസിൽ ലഭിച്ച പ്രോജക്ട് പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 1646.6 ലക്ഷം രൂപയുടെ 11 പ്രോജക്ടുകൾ ജില്ലാ പ്ലാനിങ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത പ്രൊപ്പോസലുകളിൽ Solar power system for Adukkam Govt. School (25 lakh) ഒഴികെ 1621.6 ലക്ഷം രൂപയുടെ 10 പ്രോജക്ടുകൾ കോട്ടയം ജില്ലാ പ്ലാനിങ് ഓഫീസിൽനിന്നും SLC-യുടെ അംഗീകാരത്തിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണമേന്മ പരിഗണിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ നിർദേശങ്ങൾ പ്രകാരമുള്ള അനുയോജ്യതയും ആവശ്യകതയും അനുസരിച്ചും സംസ്ഥാന വിഹിതത്തിന്റെ ലഭ്യത നോക്കിയും പ്രസ്തുത പ്രൊപ്പോസലുകളിൽ സൂക്ഷ്മപരിശോധനാ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ പൂഞ്ഞാർ മണ്ഡലത്തിലെ പദ്ധതികൾ SLC-യുടെ അംഗീകാരത്തിനായി ഉൾപ്പെട്ടിട്ടില്ല.

മദ്രസ അധ്യാപക ക്ഷേമനിധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

271 (3719) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ അധ്യാപക ക്ഷേമനിധി ബോർഡിലേക്ക് കഴിഞ്ഞ ഒമ്പത് വർഷമായി ഗ്രാന്റ് അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വ്യക്തമാക്കാമോ?

31-05-2010-ലെ സ.ഉ.(പി)നം.209/2010/പൊ.ഭ.വ. പ്രകാരം രൂപീകൃതമായ കേരള മദ്രസ അധ്യാപക ക്ഷേമനിധിക്ക് കോർപ്പസ്സ് ഫണ്ടിനത്തിൽ 2008-ൽ പത്തുകോടി രൂപ അനുവദിച്ചിരുന്നു. ട്രഷറിയിലെ പലിശരഹിത നിക്ഷേപത്തിന് ഇൻസെന്റീവ് അനുവദിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നതിൻപ്രകാരം 2015-16 സാമ്പത്തിക വർഷം 3,75,33,000/- രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 4,16,59,000/- രൂപയും ഇൻസെന്റീവായി അനുവദിച്ചിട്ടുണ്ട്. മദ്രസ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കോർപ്പസ് ഫണ്ട് റീ-അലോട്ട്മെന്റായി 20 കോടി രൂപ അനുവദിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) പ്രസ്തുത ബോർഡിന് അവസാനമായി ഗ്രാന്റ് നൽകിയതെന്നാണെന്നും തുക എത്രയെന്നും വെളിപ്പെടുത്തുമോ; 2016-ലെ സർക്കാർ വന്നശേഷം ഇതുവരെ ഇതിനായി ഓരോ വർഷവും അനുവദിച്ച ബജറ്റ് വിഹിതം എത്രയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം 10-07-2024-ന് നിയമസഭയിൽ നടത്തിയ പ്രസ്താവനയിലെ മറ്റ് ധനസഹായങ്ങൾ എന്നതിൽ മദ്രസ അധ്യാപക ക്ഷേമനിധിയിൽനിന്നുള്ള വിവാഹ ധനസഹായം എന്ന ഇനത്തിൽ ഈ സാമ്പത്തിക വർഷാവസാനത്തോടെ കുടിശ്ശിക നിലവിലില്ലായെന്ന് ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിലേക്കായി 25-11-2024-ലെ സ.ഉ.(സാധാ)നം.5211/2024/GAD പ്രകാരം 60 ലക്ഷം രൂപയും അധിക ധനസഹായമായി 15 ലക്ഷം രൂപയും ചേർത്ത് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.+

(സി) പ്രസ്തുത ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട്; അംശദായ ഇനത്തിൽ അംഗങ്ങളിൽനിന്നും ലഭിക്കുന്ന വരവ് എത്ര; വ്യക്തമാക്കാമോ?

നിലവിൽ 27439 അംഗങ്ങൾ ക്ഷേമനിധിയുടെ ഭാഗമായിട്ടുണ്ട്. അംശദായ ഇനത്തിൽ അംഗങ്ങളിൽനിന്നും ലഭിച്ച 2018-19 സാമ്പത്തിക വർഷം മുതലുള്ള വരവ് ചുവടെ ചേർക്കുന്നു.

2018-19	1,44,02,284/-
2019-20	1,40,88,782/-
2020-21	2,08,49,610/-
2021-22	97,69,633/-
2022-23	2,20,57,763/-
2023-24	75,95,277/-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലവിൽ പ്രസ്തുത ബോർഡിൽനിന്നും നൽകിവരുന്ന വിവിധയിനം ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഒരു വർഷം ഇതിനായി എത്ര തുക ചെലവ് വരുന്നുണ്ട്; വിശദാംശം നൽകുമോ?

മദ്രസാധ്യാപകരായി സേവനമനുഷ്ഠിക്കുന്ന അധ്യാപകരുടെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയും പുരോഗതിയും ലക്ഷ്യംവച്ചുകൊണ്ട് ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ മദ്രസാധ്യാപക ക്ഷേമനിധി ബോർഡ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

അംഗങ്ങൾക്ക് 60 വയസ്സിനുശേഷം ക്ഷേമനിധിയിലെ അംഗത്വപ്രാബല്യമനുസരിച്ച് 1500/- രൂപ മുതൽ 7500/- രൂപ വരെ പ്രതിമാസം പെൻഷൻ നൽകിവരുന്നു. മാറാരോഗങ്ങൾ കാരണം ജോലിക്കുപോകാൻ സാധിക്കാതെ അവശത അനുഭവിക്കുന്ന അധ്യാപകർക്ക് അവശത പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 1000/-രൂപ നൽകി വരുന്നുണ്ട്. പ്രതിവർഷം ശരാശരി 3.5 കോടി രൂപയോളം പെൻഷനുവേണ്ടി ചെലവഴിക്കുന്നുണ്ട്.

മദ്രസാധ്യാപക ക്ഷേമനിധിയിൽ 2 വർഷം അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസാധ്യാപകരുടെ സ്വന്തം വിവാഹത്തിനും 2 പെൺമക്കളുടെ വിവാഹത്തിനും 25,000/- രൂപ നൽകി വരുന്നുണ്ട്. പ്രതിവർഷം ശരാശരി 75,00,000/- (എഴുപത്തി അഞ്ച് ലക്ഷം) രൂപയോളം വിവാഹ ധനസഹായത്തിനായി ചെലവഴിക്കുന്നുണ്ട്.

വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ക്ഷേമനിധി

അംഗങ്ങളുടെ എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് ഗ്രേഡ് നേടിയ മക്കൾക്ക് 2000/- രൂപ വീതം ക്യാഷ് അവാർഡും പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/അർധ സർക്കാർ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന നിധിയിലെ അംഗങ്ങളുടെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ പഠനത്തിനാവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക വിദ്യാഭ്യാസ ധനസഹായമായി നൽകുന്നതാണ്. പ്രതിവർഷം ശരാശരി 2,50,000/- രൂപയോളം മെറിറ്റ് അവാർഡിനും 2 ലക്ഷം രൂപയോളം വിദ്യാഭ്യാസ ധനസഹായത്തിനായും ചെലവഴിക്കുന്നുണ്ട്.

സ്വന്തമായി ഒരു വീട് എന്ന മദ്രസാധ്യാപകന്റെ സ്വപ്നസാക്ഷാത്കാരത്തിനായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് മദ്രസാധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5 ലക്ഷം രൂപ പലിശരഹിത വായ്പയായി നൽകുന്നു.

ഗുരുതര രോഗങ്ങളാൽ കഷ്ടതയനുഭവിക്കുന്നവരും ചികിത്സയ്ക്കായി വൻതുക ചെലവാക്കേണ്ടി വന്നിട്ടുള്ളതുമായ മദ്രസാധ്യാപകർക്ക് ക്ഷേമനിധി ബോർഡിൽനിന്നും സാധാരണ രോഗങ്ങൾക്ക് 5000/- രൂപയും ഗുരുതര രോഗങ്ങൾക്ക് 25,000/- രൂപ വരെയും ചികിത്സാ ധനസഹായമായി നൽകുന്നതാണ്. പ്രതിവർഷം ശരാശരി 8,00,000/- രൂപയോളം ചികിത്സാ ധനസഹായത്തിനായി ചെലവഴിക്കുന്നുണ്ട്.

മദ്രസാധ്യാപക ക്ഷേമനിധിയിൽ അംഗത്വമെടുത്ത വനിതാ അംഗങ്ങൾക്ക് പ്രസവാനന്തര ചികിത്സയ്ക്കായി 15,000/-രൂപ നൽകി വരുന്നുണ്ട്. പ്രതിവർഷം ശരാശരി

1,50,000/- രൂപയോളം പ്രസവാനന്തര ചികിത്സയ്ക്കായി ചെലവഴിക്കുന്നുണ്ട്.

കേരള മദ്രസാധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ അധ്യാപകരുടെ അവകാശികൾക്ക് മരണാനന്തര ധനസഹായമായി അംഗത്വ പ്രാബല്യത്തിനനുസരിച്ച് 10,000/-രൂപ മുതൽ 50,000/- രൂപ വരെ നൽകിവരുന്നു. കൂടാതെ ശവസംസ്കാര ചെലവുകൾക്കായി അവകാശിക്ക് 5000/- രൂപ ഉടൻ അനുവദിക്കും. പെൻഷനറാണ് മരിക്കുന്നതെങ്കിൽ അവകാശിക്ക് ഉടൻ 3,000/-രൂപ ധനസഹായം നൽകും. പ്രതിവർഷം ശരാശരി 7,00,000/- (ഏഴ് ലക്ഷം) രൂപയോളം മരണാനന്തര ധനസഹായത്തിനായി ചെലവഴിക്കുന്നുണ്ട്.

(ഇ) പ്രസ്തുത ബോർഡിലേക്ക് സർക്കാർ ഗ്രാന്റ് എന്നത്തേക്ക് അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ?

മദ്രസ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കോർപ്പസ് ഫണ്ട് റീ-അലോട്ട്മെന്റായി 20 കോടി രൂപ അനുവദിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ന്യൂനപക്ഷ സ്കോളർഷിപ്പിന് അനുവദിച്ച തുക

272 (3720) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ന്യൂനപക്ഷ സ്കോളർഷിപ്പിനായി ഓരോ വർഷവും വകയിരുത്തിയ തുക, കേന്ദ്ര വിഹിതം എന്നിവ എത്രയാണെന്നും അവയിൽ ഓരോ വർഷവും ചെലവഴിച്ച തുക/വിതരണം ചെയ്ത തുക എന്നിവ എത്രയാണെന്നും വിശദമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ 100 ശതമാനവും സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ചില സ്കോളർഷിപ്പുകൾ അപേക്ഷിച്ച മുഴുവൻ പേർക്കും വിതരണം ചെയ്യാറുണ്ട്. ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് ജനസംഖ്യാനുപാതികമായി മാത്രമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ന്യൂനപക്ഷക്ഷേമ വകുപ്പിലെ പദ്ധതികൾ

273 (3721) <u>ശ്രീ. റോജി എം. ജോൺ:</u> **താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുന:ക്രമീകരിച്ചിട്ടുണ്ട്. 14-02-2025-ലെ G.O.(Rt)No.676/2025/GAD പ്രകാരം സ്കോളർഷിപ്പ് പദ്ധതികളെ പ്ലാൻ പ്രയോറൈറ്റേസേഷൻ പരിധിയിൽനിന്നും ഒഴിവാക്കി മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ന്യൂനപക്ഷ കോച്ചിങ് സെന്ററുകളുടെ പ്രവർത്തനം

274 (3722) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് ന്യൂനപക്ഷ കോച്ചിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്; 2016-നുശേഷം പുതിയതായി എത്ര കോച്ചിങ് സെന്ററുകൾ ആരംഭിച്ചുവെന്നും അവ എവിടെയെല്ലാമാണ് ആരംഭിച്ചതെന്നും വിശദമാക്കുമോ?

സംസ്ഥാനത്തൊട്ടാകെയുള്ള ന്യൂനപക്ഷ വിഭാഗങ്ങളുടെ സർക്കാർ സർവീസ് മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി സംസ്ഥാനത്താകെ 14 ജില്ലകളിലായി 24 പരിശീലന കേന്ദ്രങ്ങളും 27 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. കണ്ണനല്ലൂർ, പേരാമ്പ്ര, വളാഞ്ചേരി, തലശ്ശേരി, പട്ടാമ്പി, മട്ടാഞ്ചേരി, കായംകുളം, ആലത്തിയൂർ എന്നിവയാണ് പുതുതായി ആരംഭിച്ച 8 കോച്ചിങ് സെന്ററുകൾ.

(ബി) 2016-നുശേഷം ഏതെങ്കിലും ന്യൂനപക്ഷ കോച്ചിങ് സെന്ററുകൾ പ്രവർത്തനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോച്ചിങ് സെന്ററുകളാണെന്ന് വ്യക്തമാക്കുമോ?

2016-നുശേഷം ന്യൂനപക്ഷ കോച്ചിങ് സെന്ററുകൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തെ വിവിധ ന്യൂനപക്ഷ കോച്ചിങ് സെന്ററുകളിൽനിന്നും പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർഥികളുടെ എണ്ണം സംബന്ധിച്ച വിവരം കോച്ചിങ് സെന്ററുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പ്രസ്തുത വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പ്രൈമറി വിദ്യാർഥികളുടെ മാനസികവും ശാരീരികവുമായ കഴിവുകൾ വർധിപ്പിക്കാൻ പദ്ധതി

275 (3723) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ജോയി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി വിദ്യാർഥികളുടെ മാനസികവും ശാരീരികവുമായ കഴിവുകൾ വർധിപ്പിക്കാൻ ലക്ഷ്യമിട്ട് സ്കൂളുകളിൽ കായിക വകുപ്പ് മുഖേന പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പ്രൈമറി വിദ്യാർഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർധിപ്പിക്കുവാനും കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും കായിക യുവജന കാര്യാലയം മുഖേന നടത്തുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി കായിക യുവജന കാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേക്കുകൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുന്നു. പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാന കാര്യങ്ങളിലേക്ക് അവരെ പരിചയപ്പെടുത്തി അങ്ങനെ അവരെ സ്പോർട്സിലും ഗെയിമുകളിലും പ്രത്യേക താൽപര്യമുള്ളവരാക്കുന്നു. ആരോഗ്യമുള്ളതും ഉത്തരവാദിത്വമുള്ളതുമായ അടുത്ത തലമുറയെ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്. (സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.) +

(സി) അഞ്ച് വർഷംകൊണ്ട് അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്കൂൾ വിദ്യാർഥികൾക്കായുള്ള പ്രത്യേക ഫുട്ബോൾ പരിശീലന പരിപാടിയായ 'ഗോൾ പദ്ധതി' സംസ്ഥാനത്തെ 14 ജില്ലകളെയും ഉൾപ്പെടുത്തി 140 നിയോജക മണ്ഡലങ്ങളിലായാണ് നടപ്പാക്കുന്നത്. കൂടാതെ ഓരോ സെന്ററിലും 10-നും 12-നും ഇടയിൽ പ്രായമുള്ള 30 കുട്ടികളുണ്ട്. കോച്ചിങ് പ്രോഗ്രാമിനായി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ (കെ.എസ്.എസ്.സി.) പിന്തുണയോടെ ഒരു പരിശീലക സംഘത്തെ തിരഞ്ഞെടുത്ത് അവർക്ക് മലപ്പുറത്തും കോട്ടയത്തും ട്രെയിനർമാരുടെ പരിശീലനം നൽകി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതോടൊപ്പം മണ്ഡലാടിസ്ഥാനത്തിലുള്ള പരിശീലന കേന്ദ്രങ്ങളുടെ പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. 2024-25-ൽ പ്രസ്തുത പദ്ധതി കൗൺസിൽ മുഖാന്തരം നടപ്പിലാക്കിവരുന്നു.

ദേശീയ സിവിൽ സർവീസ് മത്സരങ്ങൾ

276 (3724) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സിവിൽ സർവീസ് മത്സരങ്ങൾക്കായി പരിശീലകൻ, മാനേജർ എന്നിവരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഓരോ വർഷവും ദേശീയ സിവിൽ സർവീസ് ടൂർണ്ണമെന്റിൽ അതത് മത്സര ഇനങ്ങളിലേക്ക് പരിശീലകരെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തരവും യോഗ്യരായ സർക്കാർ ജീവനക്കാരെ മാനേജർമാരായി സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷനും നാമനിർദേശം ചെയ്യുന്നു. ഓരോ മത്സര ഇനത്തിനും വെവ്വേറെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. എന്നാൽ Central Civil Services Cultural & Sports Board-ന്റെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ടീം പരിശീലകരേയും മാനേജർമാരേയും തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ഉത്തരവുകളൊന്നും നിലവിലില്ല.

(ബി) 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ അന്തർദേശീയ സിവിൽ സർവീസ് മത്സരങ്ങളിൽ വിവിധ കായിക ഇനങ്ങളിലായി കേരളത്തെ പ്രതിനിധീകരിച്ചുപോയ ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കാമോ;

(സി) നിലവിലെ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഒരു ഉദ്യോഗസ്ഥന് എത്ര തവണ കേരളത്തെ പ്രതിനിധീകരിച്ച് അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനാവുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) അന്തർദേശീയ തലത്തിൽ സിവിൽ സർവീസ് മത്സരങ്ങൾ സംഘടിപ്പിക്കാറില്ലാത്തതിനാൽ 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ ആരും പങ്കെടുത്തിട്ടില്ല.

(ഡി) നിർദിഷ്ട യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥർ കേരളാ ടീമിന്റെ മാനേജരായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിശോധിക്കുവാൻ സംവിധാനം എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പേരാമ്പ്ര മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ

277 (3725) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2025 വരെ എന്തെല്ലാം പദ്ധതികളാണ് കായിക വകുപ്പ് അനുവദിച്ചിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ?

2016-21 കാലഘട്ടത്തിൽ പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി

മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയത്തിനായി 05-05-2018- ലെ സർക്കാർ ഉത്തരവ് (സാധാ) നം. 89/2018/കാ.യു.വ. പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. ടി പ്രവൃത്തിക്ക് 13-11-2018- ലെ SYA007-01-PA-01 പ്രകാരം കിഫ്ബിയിൽനിന്നും 6.45 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും പ്രസ്തുത പ്രവൃത്തി എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തരം പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലിരിക്കുന്നതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയ ലിസ്റ്റിലെ ക്രമ നമ്പർ 90 ആയി കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് (വാർഡ്-1) കളിക്കളം ഉൾപ്പെട്ടിട്ടുണ്ട്. എം.എൽ.എ. ഫണ്ട് വിഹിതം അനുവദിച്ചുകൊണ്ട് എം.എൽ.എ-യുടെ ശിപാർശയോ, കത്തോ, ജില്ലാ കളക്ടറുടെ ഉത്തരവോ ലഭ്യമായാലുടൻ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതം കൂടി ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കടുത്തുരുത്തി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

278 (3726) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം പൊതു കളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ഒരേക്കർ ഇരുപത്തിയൊൻപത് സെന്റ് ഭൂമി വാങ്ങി നൽകിയിരുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം വിശദമാക്കാമോ;

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽനിന്നുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത എസ്റ്റിമേറ്റ് കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടില്ല.

(ബി) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ 19-09-2024-ലെ സർക്കാർ ഉത്തരവ് നം.232/2024/S&YA പ്രകാരം അനുവദിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമുള്ള കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി അമ്പത് ലക്ഷം രൂപ അനുവദിച്ചിരുന്നതിന്മേലുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം കായിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്ക് ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണ പ്രവൃത്തിക്ക് പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ.

ഫണ്ടിൽനിന്നുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത എസ്റ്റിമേറ്റ് കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആനുപാതികമായ തുക കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച് സംയുക്ത ഭരണാനുമതി നൽകുന്നതാണ്. തുടർന്ന്, ടെൻഡർ ക്ഷണിക്കൽ ഉൾപ്പെടെയുള്ള തുടർനടപടികൾ പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

279 (3727) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്.-ൽ നിർമ്മിക്കുന്ന സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് ആലപ്പുഴ ജില്ലാ കളക്ടർ ഉത്തരവായതിനെ തുടർന്ന് ആനുപാതികമായ തുക കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചുകൊണ്ട് 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ 19-02-2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്., ആലപ്പുഴ എന്ന കരാറുകാരനുമായി 16-10-2024-ന് 77,69,788/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും 30-10-2024-ന് കരാറുകാരന് സൈറ്റ് കൈമാറുകയും ടോയ്ലെറ്റ് ബ്ലോക്കിന്റെ റൂഫ് കോൺക്രീറ്റ്, 80 മീറ്റർ ഡ്രെയിനേജ് പ്രവൃത്തികൾ, ഗ്രൗണ്ട് ലെവലിങ് എന്നീ പ്രവൃത്തികൾ ഉൾപ്പെടെ 40% പ്രവൃത്തി പൂർത്തിയായിട്ടുമുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിക്കായി നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത് ടോയ്ലെറ്റ് കം ചെയ്ഞ്ച് റൂം നിർമ്മാണം, ഡ്രെയിൻ, സ്റ്റെപ് ഗാലറി, ഫെൻസിങ്, ഗ്രൗണ്ട് വികസനം, മഡ് കോർട്ട് നിർമ്മാണം, ലോങ് ജമ്പ് പിറ്റ് നിർമ്മാണം, ഫ്ലഡ് ലൈറ്റ്, ഇലക്ട്രിഫിക്കേഷൻ ജോലികൾ എന്നിവയാണ്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത്

ഒരു കളിക്കളം പദ്ധതി

280 (3728) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുകളിലെ കാളവയൽ ഗ്രൗണ്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രൗണ്ടിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കാളവയൽ കളിസ്ഥലം നിർമ്മാണ പ്രവൃത്തിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായതിനെത്തുടർന്ന് ആനുപാതികമായ തുക കായിക വകുപ്പിന്റെ പ്ലാൻഫണ്ടിൽനിന്നും അനുവദിച്ചുകൊണ്ട് ടി പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി 07-01-2025-ൽ ടെൻഡർ ക്ഷണിക്കുകയും, ഇതനുസരിച്ച് ലഭിച്ച ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സാജൻ ജെ. വയലിൽ, എറണാകുളം എന്ന കരാറുകാരന് 27-02-2025-ൽ വർക്ക് ഓർഡർ നൽകുകയും കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) 9 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. കരാറുകാരൻ കരാറിൽ ഏർപ്പെട്ടാലുടൻ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് നഗരത്തിൽ കായിക പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ

281 (3729) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കായിക പ്രോത്സാഹനത്തിന് കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ?

സ്കൂൾ തലത്തിൽ ബോക്സിങ് പരിശീലനത്തിനുള്ള കായിക വകുപ്പിന്റെ പഞ്ച് പദ്ധതി കോഴിക്കോട് എരഞ്ഞിക്കൽ പി.വി.എസ്.എച്ച്.എസ്.എസ്. -ൽ നടക്കുന്നുണ്ട്.

സ്കൂൾതലത്തിൽ ബാസ്കറ്റ്ബോൾ പരിശീലനത്തിനുള്ള ഹൂപ്സ് പദ്ധതി കാരപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ൽ നടക്കുന്നുണ്ട്.

ഫുട്ബോൾ പരിശീലനത്തിന് നടപ്പാക്കുന്ന ഗോൾ പദ്ധതി നല്ലൂർ മിനി സ്റ്റേഡിയം, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, നൈനാംവളപ്പ് മിനിസ്റ്റേഡിയം, കുരുവട്ടൂർ

ജി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ നടക്കുന്നു.

പ്രൈമറി സ്കൂൾ കുട്ടികൾക്കുള്ള കായിക വിനോദ പരിപാടിയായ ഹെൽത്തി കിഡ്സ്, കരുവൻതുരുത്തി ജി.എം.എൽ.പി.എസ്., കിണാശ്ശേരി ജി.എൽ.പി.എസ്. എന്നിവിടങ്ങളിൽ നടക്കുന്നു.

പള്ളിക്കണ്ടിയിൽ അഞ്ച് കോടിയുടെ സ്റ്റേഡിയം നിർമ്മാണം 2025-26 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കോഴിക്കോട് പെരുമണ്ണയിൽ ഹൈടെക് സ്റ്റേഡിയം കോംപ്ലക്സിന് 3 കോടി രൂപ 2025-26 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പയ്യാനക്കൽ പട്ടരുതൊടിയിൽ കളിസ്ഥലത്തിന് ഭൂമിയേറ്റെടുക്കാൻ 2025-26 ബജറ്റിൽ അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

രാമനാട്ടുകരയിൽ മിനിസ്റ്റേഡിയം നിർമ്മിക്കാൻ മൂന്നുകോടി രൂപ 2025-26 ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

വടകര നിയോജകമണ്ഡലത്തിലെ വടകര കുന്നുമ്മക്കര മണപ്പുറം ഗ്രൗണ്ടിൽ ഫുട്ബോൾ/വോളിബോൾ കോർട്ടിന്റെ നിർമ്മാണ പ്രവൃത്തിയാണ് കോഴിക്കോട് ജില്ലയിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

282 (3730) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിലെ കോടംതുരുത്ത് ഗവ. വി.വി.എച്ച്.എസ്.എസ്. കളിസ്ഥലം നിർമ്മാണ പ്രവൃത്തിക്ക് പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ച് ആലപ്പുഴ ജില്ലാ കളക്ടർ ഉത്തരവായതിനെത്തുടർന്ന് ആനുപാതികമായ തുക കായിക വകുപ്പിന്റെ പ്ലാൻഫണ്ടിൽനിന്നും അനുവദിച്ചുകൊണ്ട് 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തീകരിച്ചോയെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ 19-02-2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിങ് എന്ന സ്ഥാപനത്തിന് 07-02-2025-ൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മുഷ്ത്തിയെട്ടാമത് ദേശീയ ഗെയിംസ്

283 (3731) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരാഖണ്ഡിൽവച്ച് നടന്ന മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഒരു ടീം പരസ്പര ധാരണ പ്രകാരം ഹരിയാനയ്ക്ക് സ്വർണ്ണ മെഡൽ നൽകി വെള്ളി മെഡൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കായിക ഇനത്തിലാണ് ഇപ്രകാരം മെഡൽ സ്വീകരിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത കായിക താരങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ?

ടീമുകൾ പരസ്പര ധാരണയിൽ മെഡലുകൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെറ്റ് ബോൾ ഫെഡറേഷൻ സമ്മർദത്തിലൂടെ കേരളത്തിന് അർഹമായ മെഡൽ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വാമനപുരം മണ്ഡലത്തിലെ കായിക വകുപ്പ് നടത്തുന്ന പ്രവൃത്തികൾ

284 (3732) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിൽ കായിക വകുപ്പിന് കീഴിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരവും അറിയിക്കുമോ?

കായിക വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ആലന്തറ നാച്വറൽ നീന്തൽക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി

പ്രസ്തുത പ്രവൃത്തിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം 16-02-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബുകുമാർ എസ്. എസ്., തിരുവനന്തപുരം എന്ന കരാറുകാരനുമായി 16-03-2024-ന് 87,19,892/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. 65% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.

പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഭരതന്നൂർ സ്റ്റേഡിയത്തിന്റെ നവീകരണം

പ്രസ്തുത പ്രവൃത്തിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 13-02-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബുകുമാർ എസ്. എസ്., തിരുവനന്തപുരം എന്ന കരാറുകാരനുമായി 31-05-2024-ന് 87,18,651/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. 50% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.

കല്ലറ ഗ്രാമപഞ്ചായത്തിലെ താന്നിയം സ്റ്റേഡിയം നവീകരണ പ്രവൃത്തി (ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി)

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 09-02-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ജയകുമാർ എസ്., തിരുവനന്തപുരം

എന്ന കരാറുകാരനുമായി 15-05-2024-ന് 68,05,897/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. 60% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.

2024-25 ബജറ്റ് വർക്ക് - പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം

പ്രസ്തുത പ്രവൃത്തിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം 13-02-2025-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഇ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മേൽ പ്രവൃത്തികൾ കൂടാതെ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അരിപ്പയിലുള്ള ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇലക്ട്രോ മെക്കാനിക്കൽ/ഫിൽട്രേഷൻ വർക്കുകൾ ഉൾപ്പെടെ 25 X 12.5 മീറ്റർ നീന്തൽക്കുളത്തിന്റെ നിർമ്മാണവും അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണവും മാപ്പിൾ വുഡ് ഫ്ലോറിങ് പ്രവൃത്തിയും പൂർത്തീകരിച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്.

വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

285 (3733) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം

വിശദമാക്കാമോ?

(എ&ബി) കായിക വകുപ്പ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പള്ളിക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണം

പ്രസ്തുത പ്രവൃത്തിക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 23-05-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ലാൽഡിംഗ, ശ്രീധരീയം, കിളിമാനൂർ, തിരുവനന്തപുരം എന്ന കരാറുകാരനുമായി 12-09-2024-ന് 7,69,610/- രൂപയ്ക്ക് (ജി.എസ്.ടി. ഒഴികെ) കരാറിൽ ഏർപ്പെടുകയും പ്രസ്തുത പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്. 50% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.

2. ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തി

എം.എൽ.എ. ആസ്തി വികസന ഫണ്ടും പ്ലാൻഫണ്ടുമുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 07-03-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബു ആർ., പൊട്ടവിള, വടക്കരിക്കു പുത്തൻവീട്, കോട്ടുകാൽ, നെല്ലിമൂട് എന്ന കരാറുകാരനുമായി 19-09-2024-ന് 83,06,890/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടുവെങ്കിലും കരാറുകാരൻ പ്രവൃത്തി

ആരംഭിക്കാത്തതിനാൽ കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കിഫ്ബി പദ്ധതി - ഇടവ സ്റ്റേഡിയം - ബാലൻസ് പ്രവൃത്തി

മുൻ എസ്.പി.വി. M/s. കിറ്റ്കോ പ്രവൃത്തിയുടെ 42% പൂർത്തിയാക്കിയിട്ടുണ്ട്. ശേഷം 22-02-2024-ലെ സർക്കാർ ഉത്തരവ് നം. 56/2024/കാ.യു.വ. പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി.-യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായതിനെ തുടർന്ന് ടെൻഡർ ഡോക്യുമെന്റ് ഉൾപ്പെടെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുകയും തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് ലഭ്യമായിരുന്ന ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s. ജെ. ജെ. അസോസിയേറ്റ്സ്, വനചിറയ്ക്കൽ വീട്, തെങ്ങോട് പി.ഒ, കൊച്ചി എന്ന കരാറുകാരനുമായി 08-01-2025-ന് 26,51,39,934/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

ഗ്രാമീണ യുവജന ക്ലബ്ബുകളെ പ്രോത്സാഹിഷിക്കുന്നതിന് നടപടി

286 (3734) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കായിക വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ക്ലബ്ബുകൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനും കായിക പരിപാടികളുടെ സംഘാടനത്തിനുമായി ധനസഹായം നൽകുന്നതിന് പദ്ധതികളുണ്ടോയെന്ന്

വ്യക്തമാക്കാമോ?

(എ&ബി) കായിക വികസന നിധിയിൽനിന്നും സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം ക്ലബ്ബുകൾക്ക് സ്പോർട്സ്/ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി നൽകുക, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തികസഹായം അനുവദിക്കുക എന്നിവ ചെയ്യുവരുന്നുണ്ട്. കൂടാതെ സ്വകാര്യ ക്ലബ്ബുകൾക്കും ഇതര സ്ഥാപനങ്ങൾക്കും കായിക അടിസ്ഥാനസൗകര്യ വികസനത്തിനായി സർക്കാർ ഫണ്ട് അനുവദിക്കുന്നതിനായി മാർഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ക്ലബ്ബുകൾക്ക് കായിക പരിപാടികളുടെ സംഘാടനത്തിന് ധനസഹായം നൽകുന്നതിന് പദ്ധതികളൊന്നും കായിക വകുപ്പിൽ നിലവിലില്ല.

അഴീക്കോട് മണ്ഡലത്തിലെ പദ്ധതികൾ

287 (3735) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

കായിക വകുപ്പിന് കീഴിൽ അഴീക്കോട് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ സ്ഥലങ്ങൾ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി

288 (3736) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലെ കളിസ്ഥലങ്ങളുടെ അഭാവംമൂലം പുതുതലമുറയ്ക്ക് കായികക്ഷമത നഷ്ടപ്പെടുകയും അവർ മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യസ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്കുകൂടി പ്രാപ്യമായ രീതിയിൽ ക്രമീകരിക്കാൻ മുൻകൈയെടുക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യസ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്ന പദ്ധതികൾ നിലവിൽ കായിക വകുപ്പിന്റെ പരിഗണനയിലില്ല.

കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനം

289 (3737) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനായി കായിക വകുപ്പിന് കീഴിൽ പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും നിർമ്മാണത്തിനും പരിപാലനത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന സർക്കാർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ എഞ്ചിനീയറിങ് വിഭാഗവും ഓപ്പറേഷൻ വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്.

സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിങ് വിഭാഗം മുഖേന കായിക അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളുടെ നിർമ്മാണവും മെയിന്റനൻസുമാണ് ചെയ്തുവരുന്നത്. കായിക യുവജന കാര്യാലയത്തിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, കിഫ്ബി പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവൽക്കരണം, വിവിധ

യൂണിവേഴ്സിറ്റികളുടെ കായിക അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/ നിർമ്മാണം, ഖേലോ ഇന്ത്യ പദ്ധതികൾ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ/ഓപ്പൺ ജിം സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിങ് വിഭാഗം മുഖേന നടപ്പിലാക്കിവരുന്നത്.

കായിക വകുപ്പിന് കീഴിലുള്ള വിവിധ സ്റ്റേഡിയങ്ങൾ/ഫിറ്റ്നസ് സെന്ററുകൾ/സ്വിമ്മിങ് പൂളുകൾ/ഷൂട്ടിങ് അക്കാഡമി/ഇൻഡോർ കോർട്ടുകൾ തുടങ്ങിയ ആസ്തികളുടെ നടത്തിപ്പും പരിപാലനവുമാണ് ഓപ്പറേഷൻ വിഭാഗം മുഖേന ചെയ്തുവരുന്നത്.

ആലത്തൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ

290 (3738) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

291 (3739) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിലവാരമുള്ള പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്ന ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിൽ വിവിധ കായികയിനങ്ങളിലായി പരിശീലനം നേടിവരുന്ന കുട്ടികൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിനായി SAI NIS ഡിപ്ലോമ സർട്ടിഫിക്കറ്റ് നേടിയവരും നാഷണൽ/ഇന്റർനാഷണൽ നിലവാരത്തിൽ കായിക താരങ്ങളെ പരിശീലിപ്പിച്ച് പരിചയമുള്ളതും പ്രഗത്ഭരുമായ പരിശീലകരെ സ്പോർട്സ് കൗൺസിൽ നിയമിച്ചിട്ടുണ്ട്. SAI നടത്തുന്ന റിഫ്രഷർ കോഴ്സുകളിലും സ്പോർട്സ് കൗൺസിൽ നേരിട്ട് നടത്തുന്ന റിഫ്രഷർ കോഴ്സുകളിലും ഓരോ കായിക ഇനങ്ങളുടെ ഫെഡറേഷനുകളും സ്റ്റേറ്റ് അസോസിയേഷനുകളും സംഘടിപ്പിക്കുന്ന റിഫ്രഷർ കോഴ്സുകളിലും പരിശീലകരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പങ്കെടുപ്പിച്ച് അവർക്ക് നൂതന പരിശീലന രീതികളിലുള്ള അറിവ് ഉറപ്പാക്കുന്നു. ഇത് അക്കാദമികളിലെ കായിക താരങ്ങൾക്ക് നാഷണൽ/ഇന്റർനാഷണൽ നിലവാരത്തിലുള്ള പരിശീലന സൗകര്യം ഉറപ്പാക്കുന്നു. വിവിധ കായികയിനങ്ങളിലെ ഫെഡറേഷനുകളുമായും SAI LNCPE പോലുള്ള സ്ഥാപനങ്ങളുമായും സഹകരിച്ചുകൊണ്ട് അക്കാദമികളിലെ കായിക താരങ്ങൾക്ക് നൂതന സാങ്കേതികവിദ്യയിലൂടെയുള്ള പരിശീലനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഭാവിയിൽ വിപുലമായ രീതിയിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടി ഖേലോ ഇന്ത്യ സ്കൂൾ ഗെയിംസ്, ഫിറ്റ് ഇന്ത്യ കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കായികമേഖലയെ ദേശീയ, അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിങ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഖേലോ ഇന്ത്യ പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.

കൂടാതെ, സംസ്ഥാനത്തെ കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. കായിക താരങ്ങൾക്ക് ആധുനിക സൗകര്യങ്ങളോട് കൂടിയ മികച്ച പരിശീലനം ഉറപ്പാക്കുന്നതിനും ലോകോത്തര നിലവാരത്തിലുള്ള സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കായിക മേഖലയെ ഉയർത്തുന്നതിനും ശ്രമിക്കുന്നതാണ്. ഇതിലേക്കായി വിദേശ പരിശീലകരുടെ സേവനം, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികളിൽ നടപ്പിലാക്കുന്നതിനും, സയന്റിഫിക്ക് സപ്പോർട്ട്, കേരളത്തിലെ കായികതാരങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനം ചെയ്യുന്നതിനുള്ള അവസരം, ഇന്റർനാഷണൽ കായിക താരങ്ങളുമായും ഇന്റർനാഷണൽ ടീമുകളുമായി മത്സരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ അതത് കായികയിനങ്ങൾക്ക് വിദഗ്ധരായ സ്പോർട്സ് ന്യൂട്രീഷന്മാരുടെ നിർദേശാനുസരണം മെനു തയ്യാറാക്കി കായികതാരങ്ങൾക്കുള്ള ഭക്ഷണം നൽകുന്നതാണ്. കേരളത്തിൽ നിലവിലുള്ള സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും പരിപാലിച്ച് ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന അക്കാദമികളുടെ നിലവാരം കുറെക്കൂടി മെച്ചപ്പെടുത്തി നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കായികരംഗം രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ശ്രമിക്കുന്നതാണ്. കൂടാതെ ലോകോത്തര നിലവാരമുള്ള ടീമുകളെ കേരളത്തിൽ എത്തിച്ച് നമ്മുടെ ടീമുകളുമായി മത്സരിപ്പിച്ച്

ഇന്റർനാഷണൽ മാച്ച് പ്രാക്ടീസിന് അവസരമൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതോടൊപ്പം കേരളത്തിലെ മികച്ച പരിശീലകരെയും കായിക താരങ്ങളെയും ഇന്റർനാഷണൽ റിഫ്രഷർ കോഴ്സുകളിലും സെമിനാറുകളിലും പങ്കെടുപ്പിച്ച് ഇവരുടെ നിലവാരം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

ഒളിമ്പിക് അസോസിയേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

292 (3740) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായിക വികസനവുമായി ബന്ധപ്പെട്ട് കേരള ഒളിമ്പിക് അസോസിയേഷൻ നിർവഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കായിക വികസനത്തിന് സഹായകമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് അസോസിയേഷൻ നിലവിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ കായികമത്സരങ്ങൾ സംഘടിപ്പിക്കുന്ന ഒരു നോൺ ഗവൺമെന്റ് ഓർഗനൈസേഷനാണ് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയും അതിന്റെ കീഴ് ഘടകങ്ങളും.

(സി) ദേശീയ ഗെയിംസിൽ വിജയം കൈവരിക്കാൻ ശേഷിയുള്ള അത്ലറ്റുകളെ

വാർത്തെടുക്കുന്നതിൽ കേരള ഒളിമ്പിക് അസോസിയേഷൻ പരാജയപ്പെട്ടു എന്നത് വസ്തുതയാണോ; ഒളിമ്പിക് അസോസിയേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ദേശീയ ഗെയിംസിൽ വിജയം കൈവരിക്കാൻ ശേഷിയുള്ള അത്ലറ്റുകളെ വാർത്തെടുക്കുന്നതിന് ഒളിമ്പിക് അസോസിയേഷൻ പ്രത്യേകമായി പദ്ധതികൾ നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം

293 (3741) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ഏജൻസിയായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

2023-24 വർഷത്തെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുത റോഡ് ഗ്രാമപഞ്ചായത്തിലെ ജി.എൽ.പി.എസ്. പടലിക്കാട് സ്കൂൾ ഗ്രൗണ്ട് നവീകരണത്തിനായി മലമ്പുഴ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 31-07-2024-ന് പാലക്കാട് ജില്ലാ കളക്ടർ ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നതിനെ തുടർന്ന് 09-09-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിക്ക് 92.59 ലക്ഷം രൂപയുടെ

സാങ്കേതികാനുമതി നൽകി 10-09-2024-ൽ പ്രവൃത്തിക്ക് ഇ-ദർഘാസ് ക്ഷണിക്കുകയും ഇതനുസരിച്ച് യോഗ്യത നേടിയ കരാറുകാരിൽ വച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. വല്ലമറ്റം കൺസ്ട്രക്ഷൻസ്, എറണാകുളം എന്ന സ്ഥാപനവുമായി 29-10-2024-ൽ കാരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ഭേദഗതികൾ വരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

32.4 മീ. x 20.5 മീ. x 9.00 മീ. സൈസിലുള്ള ഇൻഡോർ കോർട്ടാണ് പ്രസ്തുത എസ്റ്റിമേറ്റിൽ വിഭാവന ചെയ്തിരുന്നത്. എന്നാൽ ഇൻഡോർ കോർട്ടിന്റെ വീതി ഏറ്റവും കുറഞ്ഞത് 21 മീറ്റർ ആവശ്യമാണെന്ന് അറിയിച്ചുകൊണ്ട് പാലക്കാട് ജില്ലാ ഖോഖോ അസോസിയേഷൻ സെക്രട്ടറി എം.എൽ.എ-യ്ക്ക് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ കോർട്ടിന്റെ സൈസ് വർധിപ്പിച്ച് PEB Structural design VET ചെയ്ത് ലഭിക്കുന്നതിനായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ അംഗീകാരം ലഭിച്ചാലുടൻ ഇൻഡോർ കോർട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

റോളർ സ്പോർട്സിനുള്ള സൗകര്യങ്ങൾ

294 (3742) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്ക്/പരിശീലനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി Banked Track & Road Circuit

നിർമ്മിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ച നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) റോളർ സ്പോർട്സ് പരിശീലനത്തിനായി Banked Track & Road Circuit നിർമ്മിക്കുന്നതിനായി കായിക യുവജന കാര്യാലയം/സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) എല്ലാ ജില്ലയിലും സ്കേറ്റിങ് പാർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലെ ഒരു ക്ലബ്ബ് വിദ്യാർഥികളിൽനിന്നും കായിക യുവജനകാര്യാലയത്തിന് ലഭ്യമായ അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കേരള സ്പോർട്സ് കൗൺസിലിനോടും സ്കേറ്റിങ് അസോസിയേഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നിലവിൽ ലഭ്യമായ ഏതെങ്കിലും കളിസ്ഥലവുമായി ബന്ധപ്പെടുത്തി റോളർ സ്പോർട്സ് (സ്കേറ്റിങ്) മത്സരങ്ങൾക്ക്/പരിശീലനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി Banked Track & Road Circuit നിർമ്മിക്കുന്നതിനായുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ സ്ഥല സൗകര്യം, എസ്റ്റിമേറ്റ്, ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യത എന്നിവയിന്മേലുള്ള പരിശോധനയിൽ നിലവിൽ തിരുവനന്തപുരത്ത് ചെയ്തുവരുന്ന ഗ്രൗണ്ടുകളിലൊന്നും റോളർ സ്കേറ്റിങ്ങിന് അനുയോജ്യമായത് കണ്ടെത്താൻ കഴിയാത്ത പശ്ചാത്തലത്തിൽ യൂണിവേഴ്സിറ്റി അധികൃതരുമായി സംസാരിക്കുകയും കാര്യവട്ടം ക്യാമ്പസിൽ പ്രസ്തുത ഗ്രൗണ്ടിന് അനുയോജ്യമായ സ്ഥലം അനുവദിച്ച് നൽകാമെന്ന് യൂണിവേഴ്സിറ്റി അധികൃതർ

അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇപ്രകാരം Banked Track & Road Circuit നിർമ്മിക്കുന്നതിനായി 2025-26 വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

Banked Track & Road Circuit നിർമ്മിക്കുന്നതിനായി 2025-26 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. തുക വകയിരുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

ദേശീയ ഗെയിംസിൽ കേരളത്തിന്റെ പ്രകടനം

295 (3743) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിംപിക്സ് മാതൃകയിൽ ദേശീയ ഗെയിംസ് സംഘടിപ്പിച്ച് തുടങ്ങിയ 1985-നുശേഷം കേരളത്തിന്റെ ഏറ്റവും മോശം പ്രകടനമാണ് ഇക്കഴിഞ്ഞ മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസിൽ ഉണ്ടായതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയ ഗെയിംസിൽ കേരളത്തിന്റെ മോശം പ്രകടനത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്നും ഭാവിയിൽ പ്രകടനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. 38-ാമത് നാഷണൽ ഗെയിംസിൽ കേരളം പ്രതീക്ഷിച്ച പ്രകടന മികവിലേക്ക് എത്താത്തതിനുള്ള സാഹചര്യം വിലയിരുത്തുന്നതിനായി എല്ലാ കായിക ഇനങ്ങളുടെയും തയ്യാറെടുപ്പും പങ്കാളിത്തവും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി കായിക സംഘടനകളുമായി ചർച്ച ചെയ്ത് അടുത്ത ദേശീയ ഗെയിംസിൽ കേരളം ഏറ്റവും മികച്ച പ്രകടന മികവിലേക്ക് എത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി അവ നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിക്കുന്നതാണ്.

പ്രാഥമിക വിലയിരുത്തലിൽ അത്ലറ്റിക്സ് കായിക ഇനത്തിൽ നിലവിൽ നാഷണൽ ചാമ്പ്യൻഷിപ്പുകളിൽ മെഡൽ ജേതാക്കളായ മികച്ച കായിക താരങ്ങൾ പരിക്കുകാരണം നാഷണൽ ഗെയിംസിൽ പങ്കെടുക്കാതിരുന്നതും അതുപോലെ ഗോവയിൽ നടന്ന 37-ാമത് നാഷണൽ ഗെയിംസിൽ കേരളം 22 മെഡൽ കരസ്ഥമാക്കിയ കായിക ഇനമായ കളരിപ്പയറ്റ് 38-ാമത് നാഷണൽ ഗെയിംസിൽ മത്സര ഇനം അല്ലാതെ പ്രദർശന ഇനം മാത്രമായി ഉൾപ്പെടുത്തിയതും പതിനാലാം സ്ഥാനത്തേക്ക് എത്തിയതിന് കാരണമായിട്ടുണ്ട്.

സ്പോർട്സ് കൗൺസിലിലെ പരിശീലകർ

296 (3744) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സിവിൽ സർവീസ് മത്സരങ്ങൾക്ക് കേരള ടീമിന്റെ പരിശീലകരായി സ്പോർട്സ് കൗൺസിലിൽനിന്നുള്ള പരിശീലകരെ കോച്ചായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2023-24 വർഷത്തിൽ സിവിൽ സർവീസ് വോളിബോൾ മത്സരത്തിൽ പങ്കെടുത്ത കേരള ടീമിന്റെ പരിശീലകരായി സംസ്ഥാന സ്പോർട്സ് കൗൺസിലിൽനിന്നും 2 വോളിബോൾ പരിശീലകരുടെ സേവനം ലഭ്യമാക്കിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ രാജാ കേശവദാസ് സ്വിമ്മിങ് പൂളിന്റെ പരിശീലകൻ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശീലകനെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

ഉണ്ട്. രാജാ കേശവദാസ് സ്വിമ്മിങ് പൂളിലെ നീന്തൽ പരിശീലകയുടെ ചില വീഴ്ചകൾ സംബന്ധിച്ച് ആലപ്പുഴ ജില്ലാ സ്പോർട്സ് കൗൺസിലിൽനിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി പരിശീലകയെ 23-10-2024-ലെ KSSC/1103/2024/B1 നമ്പർ പ്രകാരം തൃശ്ശൂർ ജില്ലയിലേക്ക് സ്ഥലംമാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിന്മേൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ പരിശീലകയുടെ സ്ഥലംമാറ്റം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) 2024-25 വർഷത്തെ സിവിൽ സർവീസ് മത്സരങ്ങൾ നടത്തിയതുവഴി സ്പോർട്സ് കൗൺസിലുകൾക്ക് എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഓരോ കായിക ഇനങ്ങൾക്കും ലഭിച്ച തുകയുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

2024-25 വർഷത്തെ ജില്ലാ/സംസ്ഥാന സിവിൽ സർവീസ് മത്സരങ്ങൾ നടത്തിയതുവഴി ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് 19 കായിക ഇനങ്ങളിലായി രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ലഭിച്ച തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

നം.	ജില്ല	തുക
1.	തിരുവനന്തപുരം	239100/-
2.	കൊല്ലം	38900/-
3.	പത്തനംതിട്ട	15400/-
4.	ഇടുക്കി	38000/-
5.	ആലപ്പുഴ	44800/-
6.	കോട്ടയം	70200/-
7.	എറണാകുളം	67000/-
8.	തൃശ്ശൂർ	114600/-
9.	കോഴിക്കോട്	68100/-
10.	മലപ്പുറം	84600/-
11.	പാലക്കാട്	38400/-
12.	കണ്ണൂർ	39800/-
13.	വയനാട്	28600/-
14.	കാസർഗോഡ്	76100/-

(ഡി) 2024-ൽ തൃശ്ശൂർ ജില്ലയിൽ നടന്ന റവന്യൂ ജില്ലാ നീന്തൽ മത്സരങ്ങളുടെ സർട്ടിഫിക്കറ്റും മെഡലും എല്ലാ കായിക താരങ്ങൾക്കും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കായിക താരങ്ങൾക്ക് റെയിൽവെ ടിക്കറ്റിൽ കൺസഷൻ

297 (3745) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ ഉൾപ്പെടെയുള്ള ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുവാൻ

പോകുന്ന കേരള താരങ്ങൾക്ക് റെയിൽവേ ടിക്കറ്റിൽ നിലവിൽ കൺസഷൻ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ദേശീയ ഗെയിംസിൽ ഉൾപ്പെടെയുള്ള ദേശീയ മൽസരങ്ങളിൽ പങ്കെടുക്കുവാൻ പോകുന്ന കേരള കായികതാരങ്ങൾക്ക് റെയിൽവേ ടിക്കറ്റിൽ കൺസഷൻ അനുവദിക്കുന്നത് കേന്ദ്ര റെയിൽവേ മന്ത്രാലയമാണ്. നിലവിൽ റെയിൽവേ ടിക്കറ്റിൽ കൺസഷൻ അനുവദിക്കുന്നില്ല. ദേശീയ ഗെയിംസ് മൽസരങ്ങളിൽ പങ്കെടുക്കുവാൻ പോകുന്ന കേരള കായിക താരങ്ങൾക്ക് ഇത്തവണ വിമാന യാത്രാസൗകര്യമാണ് ഒരുക്കിയത്.

(ബി) ഇല്ലെങ്കിൽ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുവാൻ പോകുന്ന കായിക താരങ്ങൾക്ക് റെയിൽവേ ടിക്കറ്റിൽ കൺസഷൻ അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ദേശീയ മത്സരത്തിൽ പങ്കെടുക്കാൻ പോകുന്ന കായിക താരങ്ങൾക്ക് റെയിൽവേ ടിക്കറ്റിൽ കൺസഷൻ അനുവദിക്കണമെന്ന കാര്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെടുന്നുണ്ട്.

സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക

298 (3746) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി പ്ലാൻ/നോൺ പ്ലാൻ ശീർഷകങ്ങളിൽ ബജറ്റ് വിഹിതമായി ചുവടെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

സാമ്പത്തിക വർഷം	പ്ലാൻ	നോൺ പ്ലാൻ
2021-22	33,40,00,000/-	16,24,38,000/-
2022-23	34,00,00,000/-	16,24,38,000/-
2023-24	35,90,00,000/-	16,45,39,000/-
2024-25	34,00,00,000/-	16,56,11,000/-

പത്താം ശമ്പള പരിഷ്കരണ കുടിശിക നൽകാൻ നടപടി

299 (3747) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണ കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണ കുടിശ്ശികകൾ പൂർണ്ണമായും അനുവദിച്ചിട്ടില്ല. എന്നാൽ ബഹു. ഹൈക്കോടതിയുടെ WP(C)No.2047/2021 നമ്പർ കേസിലെ 02-07-2021-ലെ വിധിന്യായം നടപ്പാക്കുന്നതിന്മേൽ 06-08-2024-ലെ സ.ഉ.(സാധാ)നം. 199/2024-കാ.യു.വ., 22-11-2024-ലെ സ.ഉ.(സാധാ)നം. 271/2024-കാ.യു.വ. എന്നീ ഉത്തരവുകൾ പ്രകാരം 2 കോടി രൂപ

2 ഗഡുക്കളായി പരിശീലകർക്ക് അനുവദിച്ചിട്ടുണ്ട്. ബാക്കി കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അണ്ടർ 14 ഗേൾസ് ഫുട്ബോൾ ടീം

300 (3748) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിന് കീഴിൽ മുഖ്യമന്ത്രിയുടെ നൂറ് ദിന പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീകരിച്ച അണ്ടർ 14 ഗേൾസ് ഫുട്ബോൾ ടീം നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

അണ്ടർ-14 വനിതാ ഫുട്ബോൾ അക്കാദമി നാളിതുവരെ കൈവരിച്ച കായിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

2022-23

i) U-17 സുബ്രതോ ചാമ്പ്യൻസ്

ii) U-17 സുബ്രതോ മുഖർജി ഇന്റർ നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് - പാർട്ടിസിപ്പേഷൻ

2023-24

i) സുബ്രതോ സ്റ്റേറ്റ് - റണ്ണേർസ്

ii) U-19 സ്കൂൾ സ്റ്റേറ്റ്- റണ്ണേർസ്

iii) ജൂനിയർ കേരള റെപ്രസന്റേഷൻ - 7 players

iv) U-14 സ്റ്റേറ്റ് ചാമ്പ്യൻസ് - 7 players from WFA

v) U-14 - 4 players - ടീം captain from WFA

vi) U-14 സ്കൂൾ കേരള - 6 players- ടീം captain from WFA

2024-25

i) U-17 സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ്- വിജയികൾ

ii) U-17 സുബ്രതോ സ്റ്റേറ്റ് - വിജയികൾ

iii) U-17 ഖേലോ ഇന്ത്യ സ്റ്റേറ്റ് ലീഗ് - വിജയികൾ

iv) U-14 സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് - വിജയികൾ

v) U-15 ഖേലോ ഇന്ത്യ സ്റ്റേറ്റ് ലീഗ് - വിജയികൾ

vi) കേരള ടീം ക്യാപ്റ്റൻ & KFA best player gold medalist from WFA

vii) U-17 സ്കൂൾസ് കേരള - 8 players

viii) U-14 കേരള ടീം - 5 players

(ബി) എറണാകുളം പനമ്പിള്ളി നഗറിലെ കൗൺസിൽ ഹോസ്റ്റലിൽ പ്രാക്ടീസ് ചെയ്തിരുന്നതും നിരവധി നേട്ടങ്ങൾ കൈവരിച്ചതുമായ പ്രസ്തുത ടീമിലെ അഞ്ച് താരങ്ങളെ പത്തനംതിട്ടയിലേക്ക് ട്രാൻസ്ഫർ ചെയ്തതിനെതിരെ താരങ്ങൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത താരങ്ങളെ തിരികെ എറണാകുളത്തേക്ക് തന്നെ ട്രാൻസ്ഫർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ഉണ്ട്, കായിക താരങ്ങളെ ട്രാൻസ്ഫർ ചെയ്തിട്ടില്ല. പത്താം ക്ലാസ്സിനുശേഷം സോണൽ സെലക്ഷനിൽ പങ്കെടുക്കുകയും ഒഴിവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട

മാർത്തോമ കോളേജിലേക്ക് ഇവർക്ക് അഡ്മിഷൻ അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി കായിക താരങ്ങൾ മാർത്തോമ ഹോസ്റ്റലിൽ ജോയിൻ ചെയ്തിട്ടില്ല.

സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം

301 (3749) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായികമേഖലയിൽ പ്രധാന പങ്ക് വഹിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ കായിക മേഖലയിൽ പ്രധാന പങ്ക് വഹിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) എൻ.ഐ.എസ്. ഡിപ്ലോമ നേടിയ പരിശീലകർ വിരമിക്കുമ്പോൾ പകരം പുതിയ പരിശീലകരെ നിയമിക്കാറുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

നിലവിൽ എൻ.ഐ.എസ്. ഡിപ്ലോമ നേടിയ പരിശീലകർ വിരമിക്കുമ്പോൾ പകരം പുതിയ പരിശീലകരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കാറുണ്ട്. ബന്ധപ്പെട്ട കായിക ഇനത്തിൽ എൻ.ഐ.എസ്. ഡിപ്ലോമയും അംഗീകൃത സർവകലാശാലയിൽനിന്നും ഡിഗ്രിയുമാണ് പരിശീലകരുടെ അവശ്യ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. പത്ര മാധ്യമങ്ങളിൽ പരസ്യം നൽകി ഇന്റർവ്യൂ നടത്തി യോഗ്യതയുടെ

അടിസ്ഥാനത്തിലാണ് പരിശീലകരെ നിയമിക്കുന്നത്.

കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

302 (3750) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2020-21 വർഷത്തെ ബജറ്റ് അനുബന്ധം-II-ൽ സീരിയൽ നമ്പർ-2917 ആയി ഉൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിക്കായി 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി 09-08-2023-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ദർഘാസിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ എന്നതിനാൽ ടി പ്രവൃത്തിക്ക് 08-09-2023-ൽ പുനർദർഘാസ് ക്ഷണിക്കുകയും ആയതിൻ പ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എം. ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരനുമായി 06-02-2024-ൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 45% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നിലച്ചിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിൽ പുരോഗതിയില്ലാത്തതിനാൽ 01-11-2024, 06-12-2024, 20-02-2025 എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകുകയും പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഡിയം എന്നത്തേക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ച് 2025 ഒക്ടോബർ മാസത്തോടുകൂടി സ്റ്റേഡിയം തുറന്നുനൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

303 (3751) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഒരു കോടി രൂപ വിനിയോഗിച്ച് ഭരണിക്കാവ് ഗവ. എൽ.പി.എസ്.-ൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെയും എൺപത് ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന കണ്ടല്ലൂർ ഇൻഡോർ സ്റ്റേഡിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) നിലവിൽ ഭരണാനുമതി ലഭിച്ച തുക വിനിയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം

1. ഒരു കോടി രൂപ വിനിയോഗിച്ച് ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം കരാർ പ്രകാരമുള്ള പ്രവൃത്തി 27-05-2023-ന് പൂർത്തിയായിട്ടുണ്ട്.

2. അധിക പ്രവൃത്തിയായ പ്രീ-എഞ്ചിനീയേഡ് ബിൽഡിങ്ങിന്റെ സൈഡ് കവറിങ്, സ്പോർട്സ് ഫ്ലോറിങ്, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി 49.90 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

കണ്ടല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം

1. കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്ന M/s. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം കരാർ പ്രകാരമുള്ള പ്രവൃത്തികൾ 86% പൂർത്തിയാക്കിയിട്ടുണ്ട്.

2. പ്രസ്തുത പ്രവൃത്തിയുടെ ബാലൻസ് വർക്കായ ഇൻഡോർ സ്റ്റേഡിയത്തിന്റെ സൈഡ് കവറിങ്, സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി, ശിലാഫലകം, നെയിംബോർഡ്, ഇലക്ട്രിക് കണക്ഷൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 68.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ സ്റ്റേഡിയം നിർമ്മാണം

304 (3752) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും നിർദിഷ്ട സ്ഥലത്ത് ബാസ്ക്കറ്റ്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ബാറ്റ്മിന്റൺ കോർട്ട് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള സാധ്യത വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

305 (3753) <u>ശ്രീ. എ. പ്രഭാകരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തി നിർമ്മാണം ആരംഭിച്ച മലമ്പുഴ മണ്ഡലത്തിലെ മരുത റോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ മരുത റോഡ് ടി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിക്കായി 04-01-2023-ലെ ജി.ഒ.(ആർ.ടി.)നം. 3/2023/കാ.യു.വ. സർക്കാർ ഉത്തരവ് പ്രകാരം 3 കോടി

രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2,79,18,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും പ്രസ്തുത ടെൻഡറിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നാൽ അതിൽ യോഗ്യതയുള്ള ഒരു കരാറുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ 08-06-2023-ൽ ടി പ്രവൃത്തിക്ക് റീ-ടെൻഡർ ക്ഷണിക്കുകയും ഇതിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സിനോയ് പി.കെ.-യുടെ ടെൻഡർ, ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിക്കുകയും 15-09-2023-ൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 28% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കുന്നതിനായി 01-11-2024, 04-12-2024 & 20-02-2025 എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകുകയും പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്റ്റേഡിയം എന്നത്തേക്ക് തുറന്നുനൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ച് 2025 നവംബർ മാസത്തോടു കൂടി സ്റ്റേഡിയം തുറന്നു നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാട്ടാക്കട പഞ്ചായത്തിലെ അമ്പലത്തിൻകാല സ്റ്റേഡിയത്തിന്റെ_ നവീകരണം

306 (3754) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് കാട്ടാക്കട പഞ്ചായത്തിലെ അമ്പലത്തിൻകാല സ്റ്റേഡിയം നവീകരിക്കുന്നതിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനം എത്രയും വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

MLA-ADS ഫണ്ടിൽനിന്നും കാട്ടാക്കട പഞ്ചായത്തിൽ അമ്പലത്തിൻകാല സ്റ്റേഡിയം നവീകരണ പ്രവൃത്തിക്ക് തിരുവനന്തപുരം ജില്ലാ കളക്ടറിൽനിന്നും 20-01-2025-ലെ നം. എം.1-9064/24 പ്രകാരം 32 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതുപ്രകാരം 06-02-2025-ൽ സാങ്കേതികാനുമതി നൽകുകയും 11-02-2025-ന് ഇ-ടെൻഡർ ക്ഷണിക്കുകയുണ്ടായി. എന്നാൽ ഇതിൽ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം ഭിന്നശേഷി സൗഹൃദ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി

307 (3755) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് വകുപ്പിന് നിർവഹണ ചുമതല നൽകിയിട്ടുള്ളതുമായ ഒറ്റപ്പാലം ഭിന്നശേഷി സൗഹൃദ സ്റ്റേഡിയ നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസമെടുക്കുന്നത് എന്തുകൊണ്ടാണ്; പ്രസ്തുത പ്രവൃത്തി ത്വരിതഗതിയിൽ ആരംഭിക്കാൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-സി) 2020-21 വർഷത്തെ ബജറ്റിലെ അനുബന്ധം-II-ൽ സീരിയൽ നമ്പർ-1362 ആയി ഉൾപ്പെടുത്തിയ പാലക്കാട് ഒറ്റപ്പാലം ജി.എച്ച്.എസ്.-ൽ ഭിന്നശേഷി സൗഹൃദ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിക്കായി 23-08-202-ലെ G.O(Rt)No.215/2024/S&YA നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി ടോട്ടൽ സ്റ്റേഷൻ സർവെ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 9.66 കോടി രൂപയുടെ (GST ഉൾപ്പെടെ) എസ്റ്റിമേറ്റ് തയ്യാറാക്കുകയും 24-02-2025-ൽ കൂടിയ ടെൻഡർ സാങ്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് 06-03-2025-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസ് ലഭിച്ച ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കളിസ്ഥലങ്ങളുടെ നിർമ്മാണം

308 (3756) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മണ്ണിന്റെ ക്ഷാമംമൂലം സംസ്ഥാനത്ത് കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(എ&ബി) ഉണ്ട്. ജിയോളജി വകുപ്പ് മുഖാന്തരം മാത്രമേ മണ്ണെടുക്കുന്നതിനുള്ള അനുമതി ലഭിക്കുകയുള്ളൂ. സർക്കാർ ഭരണാനുമതി നല്കിയ കളിക്കളങ്ങൾക്ക് മണ്ണെടുക്കുന്നതിന് ജിയോളജി വകുപ്പിൽനിന്നും അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഹാർബറിൽ ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് ഉപയോഗിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരുന്നു.

കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി

309 (3757) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ

നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി M/s. കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്വറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ. സിന്തറ്റിക് ട്രാക്ക്, പവലിയൻ ബിൽഡിങ്, ചെയ്ഞ്ച് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിക്ക് കിഫ്ബിയിൽനിന്നും 15.83 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും M/s. കിറ്റ്കോയ്ക്ക് 15.74 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ M/s. കിറ്റ്കോ ടി പ്രവൃത്തിക്ക് ടെൻഡർ ക്ഷണിക്കുകയും ടെൻഡറിന്റെ പകർപ്പ് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്കായി ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുകയും ടി പ്രവൃത്തിയുടെ ഒറിജിനൽ ടെൻഡർ ഡോക്യുമെന്റ്സ് കമ്മിറ്റിയിൽ സമർപ്പിക്കുവാൻ M/s. കിറ്റ്കോയ്ക്ക് നിർദേശം നൽകുകയും ചെയ്തിരുന്നുവെങ്കിലും ആയത് കിറ്റ്കോ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും പിണ്ടിമന ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും പഞ്ചായത്തിൽനിന്നും പിന്നീട് ആവശ്യപ്പെട്ട പ്രകാരം റിപ്പോർട്ട് 21-10-2024-ൽ സമർപ്പിച്ചിട്ടുള്ളതാണെന്നും പദ്ധതിയുടെ എസ്.പി.വി. ആയ M/s. കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(സി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ നാളിതുവരെ കാര്യമായ പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിൽ 05-02-2025-ൽ കിഫ്ബി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചേർന്ന അവലോകന യോഗത്തിൽ പദ്ധതിയുടെ എസ്.പി.വി. ആയ M/s. കിറ്റ്കോയെ ടി സ്ഥാനത്തുനിന്ന് നീക്കംചെയ്ത് സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട രേഖകൾ കൈമാറി നൽകുവാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ M/s. കിറ്റ്കോയോട് അഭ്യർഥിച്ചിട്ടുണ്ട്. ഭൂമി തരംമാറ്റ നടപടികൾ പൂർത്തിയായതിനുശേഷം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുന്നതാണ്.

പട്ടാമ്പി ഗവൺമെന്റ് കോളേജിന് അനുവദിച്ച സ്റ്റേഡിയം

310 (3758) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ഗവൺമെന്റ് കോളേജിന് അനുവദിച്ച സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടാമ്പി ഗവൺമെന്റ് കോളേജിന് അനുവദിച്ചിട്ടുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

09-12-2019-ൽ കിഫ്ബിയിൽനിന്നും സാങ്കേതികാനുമതി ലഭിച്ച ടി പദ്ധതിയുടെ സാങ്കേതികാനുമതി സംബന്ധിച്ച ഡോക്യുമെന്റ്സ് ആദ്യ എസ്.പി.വി. ആയിരുന്ന കിറ്റ്കോ, കിഫ്ബിയുടെ PFMS പോർട്ടലിൽ അപ്ലോഡ് ചെയ്യാത്തതിനാലാണ് പ്രവൃത്തി അടുത്ത ഘട്ടത്തിലേക്ക് കടക്കാത്തത്. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷനെ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ആയി നിയമിച്ചിരുന്നു. എസ്.കെ.എഫ്. ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ടോട്ടൽ സ്റ്റേഷൻ സർവെ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 10.13 കോടി രൂപയുടെ DPR കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ടി പദ്ധതിക്കായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് കിഫ്ബി അറിയിച്ചതിനെത്തുടർന്ന് അതിനായി ലഭ്യമാക്കിയ പ്രൊപ്പോസൽ നിലവിൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി സംബന്ധിച്ച ഡോക്യുമെന്റ്സ് അപ്ലോഡ് ചെയ്യാതിരുന്നതിന്റെ വിശദീകരണം സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും കിറ്റ്കോ മറുപടി നൽകിയിട്ടില്ല. നിലവിലെ സാഹചര്യത്തിൽ, പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് കിഫ്ബിയിൽനിന്നുമുള്ള സാമ്പത്തികാനുമതിക്ക് വിധേയമായി എസ്.കെ.എഫ്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഹജ്ജ് തീർഥാടനത്തിനായുള്ള മുന്നൊരുക്കങ്ങൾ

311 (3759) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷത്തെ ഹജ്ജ് തീർഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം

മുന്നൊരുക്കങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ ഹജ്ജ് തീർഥാടകർക്കായി മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പഠനക്ലാസ്സ് ഹജ്ജ് കമ്മിറ്റി സംഘടിപ്പിക്കുന്നുണ്ട്. ഹാജിമാർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ നൽകുന്നതിനായി ഓരോ മണ്ഡലങ്ങളിലും ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടുണ്ട്. സൗദി അധികൃതരുമായി ബന്ധപ്പെട്ട് സൗദി അറേബ്യയിലെ സൗകര്യങ്ങൾ ഒരുക്കുന്നത് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയാണ്. കേരളത്തിലെ മൂന്ന് എംബാർക്കേഷനുകളിലുംവച്ച് നടത്തുന്ന ഹജ്ജ് ക്യാമ്പിൽ ഹജ്ജ് തീർഥാടകർ വിമാനത്തിൽ കയറുന്നതുവരെയുള്ള എല്ലാ സൗകര്യങ്ങളും ചെയ്ത കൊടുക്കുന്നുണ്ട്. 3 എംബാർക്കേഷൻ പോയിന്റുകളിലേയും മേൽനോട്ട ചുമതലകൾക്കായി ഹജ്ജ് സെൽ സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ ഓരോ എംബാർക്കേഷൻ പോയിന്റുകളിലും DySP റാങ്കിൽ കുറയാത്ത ഹജ്ജ് സെൽ ഓഫീസർമാരെയും നിയോഗിക്കും. ഹജ്ജ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കോഴിക്കോട് എംബാർക്കേഷൻ വഴി പുറപ്പെടുന്ന ഹാജിമാർക്ക് സൗകര്യമൊരുക്കുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിന് അനുബന്ധമായുള്ള ഹജ്ജ് ഹൗസും പുതുതായി പണികഴിപ്പിച്ച വനിതാ ബ്ലോക്കും സജ്ജമാണ്.

(ബി) കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് കമ്മിറ്റി ആസ്ഥാനത്ത് നിലവിൽ ഹാജിമാർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് കമ്മിറ്റി ആസ്ഥാനത്ത് ഹജ്ജ് ഹൗസിൽ 2025

ഹജ്ജ് ക്യാമ്പ് നടത്തിപ്പിന് ആവശ്യമായ വിവിധ ഒരുക്കങ്ങൾ നടന്നുവരികയാണ്. ഹാജിമാർക്ക് ക്യാമ്പിൽ താമസ സൗകര്യം, ഭക്ഷണം, ട്രാൻസ്പോർട്ടേഷൻ, മറ്റു സൗകര്യങ്ങളും നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പാസ്പോർട്ട് സ്വീകരിക്കലും മറ്റ് ഡോക്യുമെന്റേഷൻ നടപടികളും നടന്നുവരുന്നു. ഹജ്ജ് ഹൗസിലെ സൗകര്യങ്ങൾക്കുപുറമെ വനിതാ ഹജ്ജ് തീർഥാടകർക്ക് പ്രത്യേകമായി താമസം, പ്രാർഥന, ഭക്ഷണം തുടങ്ങി വിവിധ ആവശ്യങ്ങൾക്കുള്ള വിപുലമായ സൗകര്യം പുതുതായി പണികഴിപ്പിച്ച് 2022 മുതൽ ഉപയോഗിച്ചുവരുന്ന വനിതാ ബ്ലോക്കിൽ ഒരുക്കിയിട്ടുണ്ട്.

(സി) ഹജ്ജ് കമ്മിറ്റി ആസ്ഥാനത്ത് വനിതാ ബ്ലോക്കിനായി എത്ര ചതുരശ്ര അടിയുള്ള ബിൽഡിങ്ങാണ് നിർമ്മിച്ചിട്ടുള്ളതെന്നും ഇതിനുവേണ്ടി ഇതിനകം എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

31,094 ചതുരശ്ര അടി. ഇതുവരെ ചെലവഴിച്ച തുക 8.20 കോടി രൂപ.

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ടെൻഡർ വിളിച്ചിരുന്നോയെന്നും ഇതിന്റെ പ്രവൃത്തി ആരാണ് നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ടെൻഡർ വിളിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തി ULCCS ആണ് നടത്തിയത്.

(ഇ) ഈ ബിൽഡിങ് നിർമ്മാണത്തിനുവേണ്ടി സംസ്ഥാന സർക്കാരിൽനിന്നോ കേന്ദ്ര-സംസ്ഥാന ഹജ്ജ് കമ്മിറ്റിയിൽനിന്നോ വിഹിതം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഓരോരുത്തരും നൽകിയ വിഹിതത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

വനിതാ ബ്ലോക്ക് നിർമ്മാണത്തിനുള്ള മൊത്തം തുകയായ 8.20 കോടി രൂപ സംസ്ഥാന സർക്കാരാണ് വഹിച്ചത്. കേന്ദ്ര, സംസ്ഥാന ഹജ്ജ് കമ്മിറ്റികളിൽനിന്ന് ടി

നിർമ്മാണാവശ്യത്തിനായി പണം ലഭിച്ചിട്ടില്ല.

(എഫ്) കരിപ്പൂർ വിമാനത്താവളം വഴി യാത്ര ചെയ്യുന്ന ഹാജിമാർക്ക് കേരളത്തിലെ മറ്റ് എംബാർക്കേഷൻ സെന്ററിൽനിന്ന് യാത്ര ചെയ്യുന്ന ഹാജിമാരെക്കാളും എത്ര രൂപ അധികം നൽകേണ്ടതായി വരുന്നു; ഇത് കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

കേരളത്തിലെ മൂന്ന് എംബാർക്കേഷൻ പോയിന്റുകളിൽ 2025-ലെ ഹജ്ജ് യാത്ര വിമാനക്കൂലി സംബന്ധിച്ച് ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. 2025-ലെ സീസണിൽ കാലിക്കറ്റ് എബാർക്കേഷൻ പോയിന്റിൽനിന്നും മറ്റ് എംബാർക്കേഷൻ പോയിന്റുകളെ അപേക്ഷിച്ച് നാല്പതിനായിരത്തോളം രൂപ അധികമായി എയർ ഇന്ത്യ ക്വട്ടേഷൻ നൽകിയിട്ടുണ്ടെന്ന് അനൗദ്യോഗികമായി അറിഞ്ഞിട്ടുണ്ട്. കാലിക്കറ്റ് എംബാർക്കേഷൻ പോയിന്റിൽനിന്നും ഉയർന്ന വിമാനക്കൂലി ഈടാക്കാനുള്ള എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ നീക്കം ന്യായരഹിതമായതിനാൽ ആയത് കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്കും കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിക്കും 31-12-2024-ൽ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ, എയർ ഫെയർ കുറയ്ക്കണമെന്നാവശ്യപ്പെട്ട് എയർ ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാന് വകുപ്പ് സെക്രട്ടറി 10-01-2025-നും കത്ത് നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിയുടെ 06-03-2025 തീയിതിയിലെ കേരള സന്ദർശന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേളയിൽ വിമാനക്കുലി കുറയ്ക്കുന്ന കാര്യത്തിൽ നടപടി ത്വരിതപ്പെടുത്തണമെന്ന് നേരിട്ട് കണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

സിൽവർ ലൈൻ പദ്ധതി

312 (3760) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പാതയുടെ നിർമ്മിതിമൂലം എത്ര പേരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ. വിശദമാക്കാമോ?

സിൽവർ ലൈൻ പാതയുടെ നിർമ്മിതി മൂലം എത്ര പേരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന കൃത്യമായ കണക്ക് പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിന് ശേഷമേ അറിയാൻ കഴിയുകയുള്ളൂ. എന്നാൽ നിർമ്മാണ കാലയളവിൽ 50000 പേർക്കും പ്രവർത്തനാനന്തര കാലയളവിൽ 10000 പേർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സിൽവർ ലൈൻ പദ്ധതിമൂലം സാധിക്കുന്നതാണ്.

(ബി) സിൽവർ ലൈൻ പദ്ധതിമൂലം മുറിച്ചു മാറ്റപ്പെടുന്ന വൃക്ഷലതാദികളിൽ ഉൾപ്പെടുന്ന ഗ്രീനറി നഷ്ടവും ഇതുമൂലമുണ്ടാകുന്ന കാർബൺ സിങ്കും കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കണക്ക് വ്യക്തമാക്കുമോ?

സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മിതിക്കായി എത്ര മരങ്ങൾ മുറിച്ചുമാറ്റണമെന്ന് കണക്കാക്കിയിട്ടില്ല. സിൽവർ ലൈനിനായി മുറിച്ചുമാറ്റപ്പെടുന്ന ഓരോ മരത്തിനും പകരം പത്ത് മരങ്ങൾ വച്ചുപിടിപ്പിക്കാനാണ് പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. സിൽവർ

ലൈൻ യാഥാർഥ്യമായാൽ നിരത്തിലെ വാഹനപെരുപ്പം നിയന്ത്രിക്കാനും കാർബൺ, സിങ്ക് ഉൾപ്പെടെയുള്ള മൂലകങ്ങൾ കാരണമുള്ള അന്തരീക്ഷ മലിനീകരണം ഗണ്യമായ അളവിൽ കുറയ്ക്കാനും കഴിയും. 2028-ൽ കേരളത്തിലുണ്ടാകുമെന്ന് കരുതപ്പെടുന്ന 2.8 ലക്ഷം ടൺ കാർബൺ മാലിന്യം ഈ പാതയിലൂടെയുള്ള ഗതാഗതംകൊണ്ട് ഇല്ലാതാക്കാൻ കഴിയും.

(സി) സിൽവൻ ലൈൻ റെയിൽപാതയുടെ ഏറ്റവും പുതിയ അലൈൻമെന്റ് എന്നാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന്റെ ഹാർഡ് കോപ്പി ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സിൽവർ ലൈൻ പദ്ധതിയുടെ അലൈൻമെന്റോടുകൂടിയുള്ള വിശദ പദ്ധതി റിപ്പോർട്ട് 2020 ജൂൺ മാസത്തിൽ അന്തിമാനുമതിക്കായി റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്. ആയത് നിലവിൽ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. പ്രസ്തുത അലൈൻമെന്റ് കെ-റെയിലിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

എറണാകുളം ലോക്കോഷെഡിന്റെ നിലവിലെ സ്ഥിതി

313 (3761) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981-ൽ എറണാകുളത്ത് സ്ഥാപിതമായ ലോക്കോഷെഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) 2021-ൽ 5 ഇലക്ട്രിക് ഉൾപ്പെടെ 72 ലോക്കോമോട്ടീവ് വരെ പരിപാലിച്ച് വന്നിരുന്ന പ്രസ്തുത ഷെഡ്ഡിൽനിന്നും ലോക്കോമോട്ടീവുകൾ മറ്റ് സംസ്ഥാനങ്ങളിലേക്ക്

ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി ലോക്കോഷെഡ്ഡിലെ തൊഴിലാളികളെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിലേക്ക് ഗ്രഡ്സ്/ഷണ്ടിങ്ങ് ആവശ്യത്തിലേക്ക് ദിനംപ്രതി ലോക്കോമോട്ടീവുകൾ നല്കിവരുന്നതും പ്രസ്തുത ഡിവിഷനുകളിലെ ഇൻസ്പെക്ഷൻ കാർ (ടവർ വാഗൺസ്) പരിപാലിക്കുന്നതുമായ ലോക്കോഷെഡ് ഷിഫ്റ്റ് ചെയ്യാതെ എറണാകുളത്തുതന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) 2013 ഒക്ടോബറിൽ, എറണാകുളം ഡീസൽ ലോക്കോ ഷെഡ് (ഡി.എൽ.എസ്.) അടച്ചുപൂട്ടി ഇലക്ട്രിക് ലോക്കോ ഷെഡ്ഡാക്കി (ഇ.എൽ.എസ്.) മാറ്റുന്നതിനുള്ള ഒരു നിർദേശം സതേൺ റെയിൽവേ റെയിൽവേ ബോർഡിന് സമർപ്പിച്ചു. കേരളത്തിലെ ഏക പ്രധാന റെയിൽവേ സ്ഥാപനമായ ഡി.എൽ.എസ്. അടച്ചുപൂട്ടാതെ ഇ.എൽ.എസ്. സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ലോക്കോ ഷെഡ്ഡിലെ ജീവനക്കാരും പിന്നീട് പൊതുജനങ്ങളും ജനപ്രതിനിധികളും ചേർന്നു. ഈ തീരുമാനത്തിനെതിരെ പ്രതിഷേധവുമായി ലോക്കോ ഷെഡ്ഡിലെ ജീവനക്കാർ രംഗത്തെത്തി. തുടർന്ന് എറണാകുളം ഡീസൽ ഷെഡ്ഡിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ 2021 ജനുവരി 21-ന് ആരംഭിച്ച് 2021 നവംബറിൽ പണി പൂർത്തിയായി. 2021 ഡിസംബർ 31-ന് ഇലക്ട്രിക് ലോക്കോമോട്ടീവുകളുടെ പരീക്ഷണ ഓട്ടം പൂർത്തിയായി. 2022 ജനുവരി 22 മുതൽ അതിൽ ഇലക്ട്രിക് ലോക്കോമോട്ടീവുകൾ ലഭിച്ചുതുടങ്ങി. ഇലക്ട്രിക് ലോക്കോമോട്ടീവുകൾ പരിപാലിക്കുന്നതിനുള്ള ഷെഡ്ഡിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ചൂണ്ടിക്കാട്ടി

ഷെഡ്ഡിലെ 5 ഇലക്ട്രിക് ലോക്കോമോട്ടീവുകളും 2025 ജനുവരിയിൽ ഈറോഡിലേക്ക് മാറ്റിയിട്ടുണ്ട്.

സിൽവർ ലൈനിന്റെ അലൈൻമെന്റ്

314 (3762) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈനിന്റെ ഡി.പി.ആർ.-നൊപ്പം സമർപ്പിച്ചിട്ടുള്ള സിൽവർ ലൈൻ അലൈൻമെന്റ് 2020-നുശേഷം പുതുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റോടുകൂടിയുള്ള വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന്റെ അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ആയത് നിലവിൽ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. പ്രസ്തുത അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടില്ല.

(ബി) സിൽവർ ലൈനിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നും സ്റ്റാൻഡേർഡ് ഗേജിന് പകരം ബ്രോഡ്ഗേജ് പാത നിർമ്മിക്കണമെന്നും കേന്ദ്ര സർക്കാർ/റെയിൽവെ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് കത്തുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പും അതിന് സർക്കാർ മറുപടി നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ?

(ബി&സി) റെയിൽവേയുടെ നിലവിലുള്ള പാതയുമായി 40-50 കിലോമീറ്റർ ഇടവിട്ട് ബന്ധപ്പെടുത്തുന്ന വിധമുള്ള ബ്രോഡ്ഗേജ് പാതയ്ക്കായുള്ള ചില നിർദേശങ്ങൾ

സൂചിപ്പിച്ചുകൊണ്ട് ഒരു കത്ത് (അനുബന്ധമായി ചേർക്കുന്നു+) ദക്ഷിണ റെയിൽവേ കെ.ആർ.ഡി.സി.എൽ.-ന് നൽകുകയും കത്തിനുള്ള മറുപടി റെയിൽവേയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) അലൈൻമെന്റ് പ്രകാരം സിൽവർ ലൈൻ എത്ര നദികളുടെയും കായലുകളുടെയും തോടുകളുടേയും അരുവികൾ ഉൾപ്പടെയുള്ള നീർച്ചാലുകളുടെയും ശുദ്ധജല തടാകങ്ങളുടേയും മുകളിൽക്കൂടി കടന്നുപോകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ?

സിൽവർ ലൈൻ അലൈൻമെന്റ് തിരുവനന്തപുരം മുതൽ കാസർകോട് വരെ നദികളും കായലുകളും തടാകങ്ങളും ഉൾപ്പെടെ 62 ഇടങ്ങളിലും തോടുകളും അരുവികളും നീർച്ചാലുകളുൾപ്പെടെ 300 ഇടങ്ങളിലും കൂടി കടന്നുപോകുന്നു. ഇവയുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ ഇവിടങ്ങളിൽ പാലങ്ങളും കലുങ്കുകളും ആസൂത്രണം ചെയ്തിരിക്കുന്നു.

(ഇ) സിൽവർ ലൈൻ എത്ര ഗ്രാമീണ റോഡുകളുടെയും മറ്റ് ഗ്രാമീണ നടപ്പാതകളുടെയും മുകളിൽ കൂടി കടന്നുപോകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സിൽവർ ലൈൻ പദ്ധതി വിവിധ ദേശീയപാതകളിലായി 25 ഇടങ്ങളിലും സംസ്ഥാന പാതകളിലായി 20 ഇടങ്ങളിലും മേജർ ജില്ലാ റോഡുകളിലായി 143 ഇടങ്ങളിലും മറ്റ് ജില്ലാ റോഡുകളിലായി 132 ഇടങ്ങളിലും വില്ലേജ് റോഡുകളിലായി 569 ഇടങ്ങളിലും ഗ്രാവൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡുകളിൽ 367 ഇടങ്ങളിലും കുറുകെ കടന്നുപോകുന്നു.

(എഫ്) സിൽവർ ലൈൻ എത്ര ദൈർഘ്യത്തിലുള്ള നെൽപ്പാടങ്ങൾ, ചതുപ്പുനിലങ്ങൾ, കണ്ടൽക്കാടുകൾ എന്നിവയുടെ മുകളിൽക്കൂടി കടന്നുപോകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

പ്രസ്തുത അലൈൻമെന്റ് നെൽപ്പാടങ്ങളും (തരിശുഭൂമി ഉൾപ്പെടെ) ചതുപ്പുനിലങ്ങളിലുമായി 140 കിലോമീറ്റർ ദൂരം കടന്നുപോകുന്നു. ഇതിൽ ഭൂരിഭാഗവും ആകാശപാതയിലൂടെയാണ് വിഭാവന ചെയ്തിരിക്കുന്നത്. കാസർകോട് (0.7773 ഹെക്ടർ), കണ്ണൂർ (2.9007 ഹെക്ടർ), കോഴിക്കോട് (0.6210 ഹെകടർ), തിരുവനന്തപുരം (0.0050 ഹെക്ടർ) എന്നീ ജില്ലകളിലായി 4.30 ഹെക്ടർ കണ്ടൽ കാടുകളിലൂടെ അലൈൻമെന്റ് കടന്നുപോകുന്നു.

(ജി) സിൽവർ ലൈൻ ഏതെല്ലാം പൈതൃക-സംരക്ഷിത പ്രദേശങ്ങൾ, പക്ഷിസങ്കേതങ്ങൾ എന്നിവയുടെ മുകളിൽ കൂടി കടന്നുപോകുമെന്ന് വ്യക്തമാക്കുമോ?

സിൽവർ ലൈൻ ഒരു പൈതൃക സംരക്ഷിത പ്രദേശങ്ങളേയും ബാധിക്കാത്ത തരത്തിലാണ് അസൂത്രണം ചെയ്തിരിക്കുന്നത്. തിരൂർ മുതൽ കാസർകോട് വരെയുള്ള അലൈൻമെന്റ് ഇന്ത്യൻ റെയിൽവേ ട്രാക്കിന് സമാനമായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. അതിനാൽ നിലവിലെ ഇന്ത്യൻ റെയിൽവേയോട് ചേർന്നുകിടക്കുന്ന കടലുണ്ടി പക്ഷി സങ്കേതത്തിന്റെ വശത്തുകൂടെ അലൈൻമെന്റ് കടന്നുപോകുന്നതിനാൽ പ്രസ്തുത അലൈൻമെന്റ് ആകാശപാതയായിട്ടാണ് അസൂത്രണം ചെയ്തിരിക്കുന്നത്.

കെ-റെയിൽ ലിമിറ്റഡിന്റെ പ്രവർത്തനം

315 (3763) <u>ശ്രീ. എം. വിൻസെന്റ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ ലിമിറ്റഡിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അവരുടെ പേര്, തസ്തിക, വിദ്യാഭ്യാസ യോഗ്യത, സ്ഥിര ജീവനക്കാരാണോ, താൽക്കാലിക ജീവനക്കാരാണോ, ശമ്പളം, എത്ര വർഷമായി കെ-റെയിലിൽ ജോലി ചെയ്യുന്നു എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) കെ-റെയിൽ ആരംഭിച്ചതുമുതൽ നാളിതുവരെ ഏതൊക്കെ സർക്കാർ/അർധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ കൺസൾട്ടൻസി കരാറുകൾ ചെയ്തിട്ടുണ്ട് എന്നതിന്റെ (കരാറിന്റെ തുക, തീയതി, സ്ഥാപനത്തിന്റെ പേര് എന്നിവ ഉൾപ്പെടെ) വിശദാംശം നൽകാമോ; പ്രസ്തുത കരാറുകളിൽ അല്ലാതെ മറ്റേതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കെ-റെയിലിന്റെ പ്രവർത്തന ലാഭം എത്രയെന്നും നഷ്ടത്തിലാണെങ്കിൽ പ്രതിവർഷ നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ?

കെ-റെയിലിന്റെ പ്രതിവർഷ ലാഭ-നഷ്ടക്കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	സാമ്പത്തിക വർഷം	ലാഭ-നഷ്ട കണക്ക് (തുക) ലക്ഷത്തിൽ	ഫലം
1	2017-18	126.35	നഷ്ടം
2	2018-19	31.14	ലാഭം
3	2019-20	16.16	ലാഭം
4	2020-21	27.93	ലാഭം
5	2021-22	26.27	ലാഭം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6	2022-23	41.15	ലാഭം

സിൽവർ ലൈൻ പദ്ധതിക്കായി നടത്തിയ പഠനങ്ങൾ

316 (3764) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി ഗതാഗത സർവെ, ടോപോഗ്രാഫിക്കൽ സർവെ, ജിയോഗ്രാഫിക്കൽ സർവെ, ജിയോടെക്നിക്കൽ സർവെ, ഹൈഡ്രോളജിക്കൽ സർവെ, സോഷ്യൽ ഇംപാക്ട് സർവെ, എൻവയോൺമെന്റ് ഇംപാക്ട് സർവെ (റാപ്പിഡ് എൻവയോൺമെന്റ് സ്റ്റഡി അല്ലാതെ) എന്നിവ നടത്തിയിട്ടുണ്ടോ?

തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ. വിദഗ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്രയുടെ വിദഗ്ധരും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപോഗ്രാഫിക്കൽ സർവെ (ലിഡാർ), ഹൈഡ്രോളജിക്കൽ സർവെ, ട്രാഫിക് സർവെ, ജിയോടെക്നിക്കൽ സർവെ, ദ്രുത പാരിസ്ഥിതിക ആഘാത പഠനം, സമഗ്ര പാരിസ്ഥിതിക സാമൂഹിക ആഘാത പഠനം എന്നീ സർവെകളും നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതല്ല. തുടർന്ന് പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിനായുള്ള പുനർവിജ്ഞാപനം

പുറപ്പെടുവിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത പഠനങ്ങൾ നടത്തിയ ഏജൻസികളുടെ പേരും ഓരോ പഠനവും പൂർത്തിയാക്കി റിപ്പോർട്ട് നൽകിയ തീയതിയും ഓരോ പഠനത്തിനും നൽകിയിരുന്ന തുകയും വ്യക്തമാക്കാമോ; ഇവയുടെ സർവെ/പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ടോപ്പോഗ്രാഫിക്കൽ സർവെയും അനുബന്ധമായിട്ടുള്ള അലൈൻമെന്റ് മാപ്പും ഭൂതലത്തിലെ പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

പദ്ധതിക്കുവേണ്ടി ഭൂസർവെ നടത്തുന്നതിലേക്കായി ഇന്ന് നിലവിലുള്ള ഏറ്റവും ആധുനിക സാങ്കേതികവിദ്യയായ ലിഡാർ സംവിധാനമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതുമൂലം സമയനേട്ടം മാത്രമല്ല, ഭൂമിയുടെ പ്രതലത്തിൽ നിന്നും 10 സെന്റിമീറ്റർ വരെ കൃത്യതയോടുകൂടിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ 25 കിലോമീറ്ററിലും സർവെ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ജിയോഗ്രാഫിക്കൽ-ജിയോ ടെക്നിക്കൽ-ഹൈഡ്രോളജിക്കൽ സർവെകൾ നിർദിഷ്ട അലൈൻമെന്റിൽ പറയുന്ന ഭൂതലത്തിൽ (ലിഡാർ രീതിയിലല്ലാതെ) നേരിട്ട് നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജിയോടെക്നിക്കൽ സർവെ 11 ജില്ലകളിലായി 159 ഇടങ്ങളിൽ നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	21
കൊല്ലം	30
പത്തനംതിട്ട	5
ആലപ്പുഴ	5
കോട്ടയം	12
എറണാകുളം	14
തൃശ്ശൂർ	17
മലപ്പുറം	12
കോഴിക്കോട്	19
കണ്ണൂർ	12
കാസർകോട്	12
ആകെ	**159**

അതുകൂടാതെ, ഹൈഡ്രോളജി സർവെ തിരുവനന്തപുരം മുതൽ തിരുനാവായ വരെ 311 കിലോമീറ്ററിൽ 46 മേജർ ബ്രിഡ്ജ് ക്രോസിങ്സും 2 പ്രധാന ബ്രിഡ്ജ് ക്രോസിങ്സും വരുന്നിടങ്ങളിൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ വിശദമായ ട്രാഫിക് പഠനവും ഡി.പി.ആർ.-ന്റെ ഭാഗമായി നടത്തിയിട്ടുള്ളതാണ്.

(ഇ) ടോപ്പോഗ്രാഫിക്കൽ സർവെ, ജിയോഗ്രഫിക്കൽ സർവെ, ജിയോ ടെക്നിക്കൽ സർവെ, ഹൈഡ്രോളജിക്കൽ സർവെ എന്നീ പഠനങ്ങൾ പദ്ധതി കടന്നുപോകുന്ന പതിനൊന്ന് ജില്ലകളിലും നടത്തിയിട്ടുണ്ടോയെന്നും ഓരോ ജില്ലകളിലും എത്രയിടങ്ങളിൽ വീതം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പദ്ധതിക്കുവേണ്ടി ഭൂസർവെ നടത്തുന്നതിലേക്കായി ഇന്ന് നിലവിലുള്ള ഏറ്റവും

ആധുനിക സാങ്കേതികവിദ്യയായ ലിഡാർ സംവിധാനമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭൂമിയുടെ പ്രതലത്തിൽനിന്നും 10 സെന്റീമീറ്റർ വരെ കൃത്യതയോടു കൂടിയാണ് വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ 25 കിലോമീറ്ററിലും സർവെ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ ജിയോടെക്നിക്കൽ സർവെ 11 ജില്ലകളിലായി 159 ഇടങ്ങളിൽ നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	21
കൊല്ലം	30
പത്തനംതിട്ട	5
ആലപ്പുഴ	5
കോട്ടയം	12
എറണാകുളം	14
തൃശ്ശൂർ	17
മലപ്പുറം	12
കോഴിക്കോട്	19
കണ്ണൂർ	12
കാസർകോട്	12
ആകെ	**159**

ഹൈഡ്രോളജി സർവെ തിരുവനന്തപുരം മുതൽ തിരുനാവായ വരെ 311 കിലോമീറ്ററിൽ 46 മേജർ ബ്രിഡ്ജ് ക്രോസിങ്സും 2 പ്രധാന ബ്രിഡ്ജ് ക്രോസിങ്സും വരുന്നിടങ്ങളിൽ നടത്തിയിട്ടുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ

317 (3765) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിലെ പൂഞ്ഞാർ മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

2021-22

1. രാത്രികാല മൃഗചികിത്സ സേവനം

2. വന്ധ്യതാ നിവാരണ പദ്ധതി

3. ആട് വളർത്തൽ (ഗോട്ട് സാറ്റലൈറ്റ്)

4. ആട് വളർത്തൽ (കൊമേഴ്സ്യൽ ഗോട്ടറി)

5. പോത്ത് കുട്ടി വിതരണം (മെയിൽ കാഫ്)

6. ആശുപത്രി വികസന സമിതി യോഗം

7. ഡിസിൻഫെക്ഷൻ & സാനിറ്റേഷൻ

8. ചാണകക്കുഴി നിർമ്മാണം

9. ഇന്റേൺസ്റ്റ് സബ് വെൻഷൻ

10. കാലിത്തീറ്റ സബ്സിഡി

2022- 23

1. രാത്രികാല മൃഗചികിത്സ സേവനം

2. വന്ധ്യതാ നിവാരണം

3. ആട് വളർത്തൽ (ഗോട്ട് സാറ്റലൈറ്റ്)

4. ആശുപത്രി വികസന സമിതി യോഗം

2023-24

1. വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ

2. രാത്രികാല മൃഗ ചികിത്സ സേവനം പദ്ധതി

3. ആട് വളർത്തൽ (National Livestock Mission- SCSP)

2024-25

1. രാത്രികാല മൃഗ ചികിത്സ സേവനം പദ്ധതി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയ ക്ഷീരവികസന പദ്ധതികൾ

1. പുൽകൃഷി ധനസഹായം

2. ഫോഡർ ട്രീ (വൃക്ഷത്തൈ വിതരണം)

3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

4. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

5. മാനേജീരിയൽ സബ്സിഡി

6. മിൽക്ക്റൂട്ട് ധനസഹായം

7. ആവശ്യാധിഷ്ഠിത ധനസഹായം

8. ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണ ധനസഹായം

9. ഭക്ഷ്യസുരക്ഷ നിയമം ഉറപ്പാക്കുന്നതിന് ധനസഹായം

10. പ്രവർത്തനാരംഭ ധനസഹായം

11. ടൈഫോഡർ സബ്സിഡി

12. മിൽക്ക് ഇൻസെന്റീവ്

13. കണ്ടിജൻസി ഫണ്ട് (7 എണ്ണം)

14. ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ ധനസഹായം

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു.

പദ്ധതികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതും 2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതികൾ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

2021-22

1. രാത്രികാല മൃഗ ചികിത്സ സേവനം- ആകെ 3,73,675 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. വന്ധ്യതാ നിവാരണ പദ്ധതി -ആകെ 10,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. ആട് വളർത്തൽ (ഗോട്ട് സാറ്റലൈറ്റ്) - ആകെ 2,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ആട് വളർത്തൽ (കൊമേഴ്സ്യൽ ഗോട്ടറി) - ആകെ 3,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

5. പോത്ത് കുട്ടി വിതരണം (മെയിൽ കാഫ്)- ആകെ 5,60,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

6. ആശുപത്രി വികസന സമിതി യോഗം - ആകെ 15,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

7. ഡിസ്ഇൻഫെക്ഷൻ & സാനിറ്റേഷൻ - ആകെ 25,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

8. ചാണകക്കുഴി നിർമ്മാണം - ആകെ 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

9. ഇന്ററസ്റ്റ് സബ് വെൻഷൻ - ആകെ 1,12,927/- രൂപ ചെലവഴിച്ചിട്ടുണ്ട്.

10. കാലിത്തീറ്റ സബ്സിഡി - ആകെ 2,69,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2022-23

1. രാത്രികാല മൃഗ ചികിത്സ സേവനം- ആകെ 6,06,204/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2. വന്ധ്യതാ നിവാരണം - ആകെ 10,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. ആട് വളർത്തൽ (ഗോട്ട് സാറ്റലൈറ്റ്) - ആകെ 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ആശുപത്രി വികസന സമിതി യോഗം - ആകെ 15,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

2023-24

1. വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ - ആകെ 10,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. രാത്രികാല മൃഗ ചികിത്സ സേവനം- 4,90,856/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3. ആട് വളർത്തൽ (NLM SCSP) 1,78,200/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2024-25

1. രാത്രികാല മൃഗ ചികിത്സ സേവനം-നാളിതുവരെ 3,82,690/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്ഷീരവികസന പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു:-

ഈരാറ്റുപേട്ട ബ്ലോക്ക്

ക്രമ നം.	പദ്ധതിയുടെ പേര്	അനുവദിച്ച തുക	പദ്ധതിയുടെ നിലവിലെ സ്ഥിതി
1	**പുൽക്കൃഷി**		
a	പുൽക്കൃഷി ധനസഹായം (37 എണ്ണം/ 12.64 Ha)	₹1,73,800.00	പൂർത്തീകരിച്ചു
b	ഫോഡർട്ടീ - (വൃക്ഷത്തൈ വിതരണം – 230 എണ്ണം)	₹2,300.00	പൂർത്തീകരിച്ചു
2	**മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി**		
a	ഒരു പശു (2 എണ്ണം)	₹70,000.00	പൂർത്തീകരിച്ചു
b	2 പശു (19 എണ്ണം)	₹11,81,000.00	പൂർത്തീകരിച്ചു
c	5 പശു (3 എണ്ണം)	₹5,49,000.00	പൂർത്തീകരിച്ചു
d	കോമ്പോസിസ്സ് മിനി ഡയറി യൂണിറ്റ് (പശു & കിടാരി) 1 എണ്ണം	₹1,50,000.00	പൂർത്തീകരിച്ചു
e	തൊഴുത്ത് നിർമ്മാണം (7 എണ്ണം)	₹3,50,000.00	പൂർത്തീകരിച്ചു
f	ആവശ്യാധിഷ്ഠിത ധനസഹായം (39)	₹9,01,993.00	പൂർത്തീകരിച്ചു
g	കറവയന്ത്രം (3 എണ്ണം)	₹90,000.00	പൂർത്തീകരിച്ചു
3	**വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ**		
a	കർഷക സമ്പർക്ക പരിപാടി (11 എണ്ണം) & കണ്ടിജൻസി ഫണ്ട് (11 എണ്ണം)	₹42,250.00	പൂർത്തീകരിച്ചു
b	മാനേജീരിയൽ സബ്സിഡി (1 എണ്ണം)	₹35,000.00	പൂർത്തീകരിച്ചു
c	മിൽക്ക് റൂട്ട് ധനസഹായം (1 എണ്ണം)	₹4,700.00	പൂർത്തീകരിച്ചു
d	ആവശ്യാധിഷ്ഠിത ധനസഹായം- (8 എണ്ണം)	₹2,51,100.00	പൂർത്തീകരിച്ചു
e	ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണ ധനസഹായം	₹5,25,000.00	പൂർത്തീകരിച്ചു
f	ഭക്ഷ്യസുരക്ഷ നിയമം ഉറപ്പാക്കുന്നതിന് ധനസഹായം (3 എണ്ണം)	₹1,22,250.00	പൂർത്തീകരിച്ചു
g	പ്രവർത്തനാരംഭ ധനസഹായം (1 എണ്ണം)	₹61,500.00	പൂർത്തീകരിച്ചു
h	ടൈ ഫോഡർ സബ്സിഡി	₹20,750.00	പൂർത്തീകരിച്ചു

	(7 എണ്ണം)		
i	മിൽക്ക് ഇൻസെന്റീവ് (Dept. Incentive)	₹47,709.00	പൂർത്തീകരിച്ചു
j	കണ്ടിജൻസി ഫണ്ട് (7 എണ്ണം)	₹1,05,000.00	പൂർത്തീകരിച്ചു
k	ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ ധനസഹായം	₹1,72,000.00	പൂർത്തീകരിച്ചു

കാഞ്ഞിരപ്പള്ളി ബ്ലോക്ക് 2023-24

ക്രമ നം.	**പ്രവർത്തനങ്ങൾ**	**തുക**
1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം		
a	കറവയന്ത്രം – 2 പേർക്ക് @ 3000	₹60,000.00
b	ക്യാറ്റിൽഷെഡ് 2 പേർക്ക് 5000	₹10,000.00
c	അവശ്യാധിഷ്ഠിത ധനസഹായം (കാറ്റഗറി ബി) 1	₹5,500.00
d	അവശ്യാധിഷ്ഠിത ധനസഹായം (കാറ്റഗറി സി) 1	₹25,000.00
e	അവശ്യാധിഷ്ഠിത ധനസഹായം (കാറ്റഗറി ഡി) 1	₹50,000.00
2	**തീറ്റപ്പുൽകൃഷി വികസന പദ്ധതി 3.04 ഹെക്ടർ**	₹41,800.00
3	**ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം 9 ക്ഷീരസംഘങ്ങൾക്ക്**	
a	ആറാട്ടുകയം	₹15,000.00
b	എരുമേലി	₹17,500.00
c	ഇഞ്ചിയാനി	₹3,000.00
d	കണമല	₹24,500.00
e	പുലിക്കുന്ന്	₹13,500.00
f	ഇളംകാട്	₹14,000.00
g	മണിപ്പുഴ	₹26,500.00
h	മുണ്ടക്കയം	₹30,500.00
i	എലിവാലിക്കര	₹27,500.00
	ആകെ	**₹1,72,000.00**
4. ക്ഷീരസഹകരണ സംഘങ്ങൾക്ക് മിൽക്ക്റൂട്ട് ഗതാഗത സഹായം		
a	ഇളംകാട്	₹17,500.00

b	ഏന്തയാർ	₹14,800.00
c	ചോറ്റി	17500
d	പറത്താനം	₹17,500.00
	ആകെ	₹67,300.00
5	**കർഷക സമ്പർക്ക പരിപാടി 7 ക്ഷീരസഹകരണ സംഘങ്ങളിൽ**	
a	ഇഞ്ചിയാനി	₹3,000.00
b	കൂവപ്പള്ളി	₹3,000.00
c	മുണ്ടക്കയം	₹3,000.00
d	പുലിക്കുന്ന്	₹3,000.00
e	മണിപ്പുഴ	₹3,000.00
f	എലിവാലിക്കര	₹3,000.00
g	പാക്കാനം	₹3,000.00
	ആകെ	**₹21,000.00**
6	**FSSA ധനസഹായം**	
a	ഏന്തയാർ	**₹40,000.00**
b	കുഴിമാവ്	**₹40,000.00**
c	ആറാട്ടുകയം	**₹10,000.00**
	ആകെ	**₹90,000.00**
7	**ക്ഷീരസമ്പർക്ക പരിപാടി 3 ക്ഷീരസഹകരണ സംഘങ്ങളിൽ**	
a	കൂട്ടിക്കൽ	₹3,000.00
b	കണമല	₹3,000.00
c	എരുമേലി	₹3,000.00
	ആകെ	**₹9,000.00**
കാഞ്ഞിരപ്പള്ളി ബ്ലോക്ക് 2024-25		
a	മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം	
b	കറവയന്ത്രം -1	
c	2 പശു യൂണിറ്റ് (6000) -2 പേർക്ക്	
d	10 പശു യൂണിറ്റ് -1	
2	തീറ്റപ്പുൽക്കൃഷി വികസന പദ്ധതി - 2.45 ഹെക്ടർ	₹33,000.00
3	**മാനേജീരിയൽ സബ്സിഡി**	
a	എലിവാലിക്കര	₹20,000.00
b	ചോറ്റി	₹12,500.00

c	മണിപ്പുഴ	₹15,000.00
	ആകെ	**₹47,500.00**
4	**ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം**	
a	കുഴിമാവ്	₹8,000.00
b	എരുമേലി	₹16,000.00
c	കൂട്ടിക്കൽ	₹1,700.00
	ആകെ	**₹25,700.00**
5	**ക്ഷീര സഹകരണ സംഘങ്ങൾക്ക് മിൽക്ക് റൂട്ട് ഗതാഗത സഹായം**	
a	ഇളംകാട്	₹14,000.00
b	ഏന്തയാർ	₹12,900.00
c	പറത്താനം	₹21,000.00
d	ചോറ്റി	₹22,100.00
	ആകെ	**₹7,00,000.00**
6	**FSSA ധനസഹായം**	
a	ചേനപ്പാടി	₹7,500.00
b	പുലിക്കുന്ന്	₹9,500.00
	ആകെ	**₹17,000.00**
7	ഡ്രൈ ഫോഡർ ആറാട്ടുകയം	**₹2,000.00**

മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്.

വിഷപ്പുല്ല് തിന്ന് കന്നുകാലികൾ ചത്തുപോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി

318 (3766) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷപ്പുല്ല് തിന്ന് കന്നുകാലികൾ ചത്തുപോകുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരിയിൽ ഒരു കർഷകന്റെ 5 പശുക്കളിൽ 4 എണ്ണം

വിഷപ്പുല്ല് ഭക്ഷിച്ച് മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്ഷീരകർഷകർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉരുക്കളെ മേയാൻ വിടുന്ന സ്ഥലങ്ങളിൽ വിഷമയമുള്ള സസ്യങ്ങളും വസ്തുക്കളും ഇല്ലായെന്ന് ഉറപ്പുവരുത്തുക എന്നതാണ് മുൻകരുതൽ നടപടികളിൽ മുഖ്യം. കർഷകരുടെ ഉരുക്കൾക്ക് ശാസ്ത്രീയമായ തീറ്റക്രമമനുസരിച്ച് തീറ്റ നൽകുക, വിഷാംശമുള്ളതും പഴകിയതുമായ തീറ്റവസ്തുക്കൾ ഒഴിവാക്കുക, ദഹനക്കേടോ മറ്റ് അസ്വസ്ഥതകളോ ഉണ്ടാകുന്ന പക്ഷം അടിയന്തരമായി ഉരുക്കൾക്ക് വൈദ്യസഹായം ലഭ്യമാക്കുക എന്നീ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ ക്ഷീരകർഷകർക്ക് നിർദേശങ്ങളും പരിശീലനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത സാഹചര്യങ്ങൾ ഒഴിവാക്കാൻ ക്ഷീരകർഷകർക്ക് ബോധവൽക്കരണങ്ങളും പരിശീലന ക്ലാസ്സുകളും മൃഗസംരക്ഷണ– ക്ഷീരവികസന വകുപ്പുകളുടെ വിവിധ പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം നൽകുന്നുണ്ട്.

(ഡി) കന്നുകാലികൾ വിഷപ്പുല്ല് തിന്ന് ചത്തുപോകുന്ന സാഹചര്യങ്ങളിൽ ഭീമമായ നഷ്ടം നേരിടുന്ന ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

വിഷബാധമൂലം ഉരുക്കൾ മരണപ്പെട്ട കർഷകർക്ക് ഇൻഷ്വറൻസ് തുകയോ ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത സാഹചര്യത്തിൽ, മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ്

വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽനിന്നും വിഷബാധമൂലം ഉരുക്കൾ മരണപ്പെട്ട ദുരിതബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 28-09-2024-ലെ സ.ഉ.(സാധാ)നം. 535/2024/AHD ഉത്തരവ് പ്രകാരം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

പയ്യന്നൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ, ക്ഷീരവികസന പദ്ധതികൾ

319 (3767) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:-

2021-22

1. **ഡക്ക് നഴ്സറീസ് & പ്രൊഫഗേഷൻ ഓഫ് ഡക്ക് ഫാമിങ് പദ്ധതി**യിൽ (10 താറാവ് കുഞ്ഞുങ്ങൾ ഉൾപ്പെട്ട ഒരു യൂണിറ്റ്) 12 യൂണിറ്റ്.

പദ്ധതി വിഹിതം - ₹1,200/-

ഗുണഭോക്തൃ വിഹിതം -₹1,200/-

അടങ്കൽ - ₹2,400/-

(ആകെ ₹2,400 X 12= ₹28,800/-) പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി -

5 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങിയ ഒരു യൂണിറ്റ്. അപ്രകാരം 3 യൂണിറ്റുകൾ.

പദ്ധതി വിഹിതം - ₹25,000/-

ഗുണഭോക്തൃ വിഹിതം - ₹25,000/-

അടങ്കൽ - ₹50,000/-

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ആകെ ₹50,000 X 3 = ₹1,50,000/-)

3. കൺവെർഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേയ്സ്റ്റ് ടു മാന്വർ

ആകെ 6 യൂണിറ്റുകൾ.

പദ്ധതി വിഹിതം - ₹12,500/-

ഗുണഭോക്തൃ വിഹിതം -₹12,500/-

അടങ്കൽ - ₹25,000/-

(ആകെ ₹25,000 X 3 = ₹75,000/-)

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

4. സ്ട്രെങ്തനിങ് & റീ ഓർഗനൈസേഷൻ ഓഫ് വെറ്ററിനറി സർവീസ് മെയ്റ്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിറ്റേഷൻ മെക്കാനിസം പദ്ധതിയിൽ മണ്ഡലത്തിലെ 5 മൃഗസംരക്ഷണ സ്ഥാപനങ്ങൾക്കായി 13000/- രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

5. വന്ധ്യതാ നിവാരണ ക്യാമ്പ്

മണ്ഡലത്തിലെ 2 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന 20,000/- രൂപ ചെലവഴിച്ച് ക്യാമ്പുകൾ നടത്തി. പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

6. കൊമേഴ്സ്യൽ ഗോട്ടറി പദ്ധതി

19 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന ഒരു യൂണിറ്റ് മണ്ഡലത്തിന് അനുവദിച്ചു.

പദ്ധതി വിഹിതം - ₹1,00,000/-

ഗുണഭോക്തൃ വിഹിതം - ₹1,80,000/-

അടങ്കൽ - ₹2,80,000/-

(ആകെ ₹2,80,000 X 1= ₹2,80,000/-)

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

7. എൻ.എൽ.എം. ഗോട്ടറി പദ്ധതി

10 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങിയ ഒരു യൂണിറ്റ് മണ്ഡലത്തിന് അനുവദിച്ചു.

കേന്ദ്ര പദ്ധതി വിഹിതം - ₹39,600

സംസ്ഥാന പദ്ധതി വിഹിതം - ₹19,800

ഗുണഭോക്തൃ വിഹിതം - ₹6,600.

ആകെ 66,000/- രൂപ.

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

8) ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി

മണ്ഡലത്തിലെ 7 മൃഗസംരക്ഷണ സ്ഥാപനങ്ങളിലും കമ്മിറ്റികൾ ചേരുന്നതിനായി ആകെ

₹10,500/- അനുവദിച്ചു.

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

9) മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ പദ്ധതി

മണ്ഡലത്തിൽ 4,88,525/- രൂപ അനുവദിച്ചതിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുമുണ്ട്.

2022-23

1) വന്ധ്യതാ നിവാരണ ക്യാമ്പ്

മണ്ഡലത്തിലെ 3 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന ₹30,000/- ചെലവഴിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ചു.

2) ഗോട്ട് സാറ്റലൈറ്റ് പദ്ധതി

പദ്ധതി 5 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങിയ ഒരു യൂണിറ്റ്.

അപ്രകാരം 5 യൂണിറ്റുകൾ.

പദ്ധതി വിഹിതം - ₹25,000/-

ഗുണഭോക്തൃ വിഹിതം - ₹25,000/-

അടങ്കൽ - ₹50,000/-

(ആകെ ₹50,000 X 5 = ₹ 2,50,000/-)

3) സ്നേഹ പൗൾട്രി പദ്ധതി

വീട്ടുമുറ്റത്തെ കോഴി വിതരണ പദ്ധതിയിൽ മണ്ഡലത്തിന് ₹32,500/- അനുവദിച്ചു.

4) ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി

മണ്ഡലത്തിലെ 7 മൃഗസംരക്ഷണ സ്ഥാപനങ്ങളിലും കമ്മിറ്റികൾ ചേരുന്നതിനായി ആകെ ₹10,500/- അനുവദിച്ചു.

5) മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ പദ്ധതി

മണ്ഡലത്തിൽ 5,26,658/- രൂപ അനുവദിച്ചതിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

2023-24

1) വന്ധ്യതാ നിവാരണ ക്യാമ്പ്

മണ്ഡലത്തിലെ 2 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന 20,000/- രൂപ ചെലവഴിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ചു. പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

2) മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ പദ്ധതി

മണ്ഡലത്തിൽ 7,03,584/- രൂപ അനുവദിച്ചതിൽ പൂർണ്ണമായും ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

2024-25

1) മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ പദ്ധതി

മണ്ഡലത്തിൽ ഇതുവരെയായി 5,77,290/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പുരോഗമിക്കുന്നു.

ക്ഷീരവികസന വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ 2021-22 വർഷം 2024-25 വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

ക്രമ നം.	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക			
		2021-22	2022-23	2023-24	2024-25
1	തീറ്റപ്പുൽ കൃഷി	821834	586500	667280	719412

	വികസന പദ്ധതി				
2	മിൽക്ക് ഷെഡ് വികസന പദ്ധതി	4946750	2252900	1265867	1288600
3	ക്ഷീരസംഘങ്ങളുടെ നവീകരണം പദ്ധതി	772500	3253108	1638768	756775
4	കാലീത്തീറ്റ വിതരണ പദ്ധതി	35000	200000	177000	171500
5	വിജ്ഞാന വ്യാപന പ്രവർത്തന പദ്ധതി	38000	91000	132000	63500

2021-22 മുതൽ 2023-24 വരെയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തെ പദ്ധതികളുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലുമാണ്.

ഫാം എയ്ഡ് പാക്കേജ് പദ്ധതി

320 (3768) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഫാം എയ്ഡ് പാക്കേജ് പദ്ധതി വഴി എത്ര രൂപയുടെ ധനസഹായമാണ് പശുഫാമിന് നൽകുന്നത്; വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് വഴി സമഗ്ര ഫാം എയ്ഡ് പാക്കേജ് എന്ന പദ്ധതി 2024 -25 സാമ്പത്തിക വർഷം ആവിഷ്കരിച്ചിരുന്നു. 10 മുതൽ 20 വരെ കറവയുള്ള പശുക്കളുള്ള ഇടത്തരം ഡയറി ഫാമുകൾക്കാണ് ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളത്. ഇത്തരത്തിലുള്ള സംസ്ഥാനത്തെ 45 ഫാമുകളെയായിരുന്നു ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ കീഴിൽ വെറ്ററിനറി സേവനം, കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയ്ക്ക് സഹായം, തീറ്റപ്പുൽ കൃഷിക്ക് സഹായം,

മെക്കനൈസേഷൻ സപ്പോർട്ട് എന്നിങ്ങനെ വിവിധങ്ങളായ സേവനങ്ങൾ ഉൾപ്പെടെ ഒരു ഫാമിന് പരമാവധി ഒരു ലക്ഷം രൂപയുടെ ധനസഹായമാണ് ലഭിക്കുക.

2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചുവെങ്കിലും പ്ലാൻ കട്ട് പ്രാബല്യത്തിൽ വന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി വകുപ്പിന്റെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

321 (3769) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

എല്ലാ പഞ്ചായത്തിലുമുള്ള സർക്കാർ മൃഗാശുപത്രി/ഡിസ്പെൻസറി/ വെറ്ററിനറി സബ്സെന്ററുകളിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ലഭ്യമാണ്. ഈ സ്ഥാപനങ്ങളിൽ സൗജന്യ ചികിത്സയും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടക്കുന്നു. ഇതിനു പുറമെ താറാവുകളുടെ എഗ്ഗർ നഴ്സറികൾക്ക് സൗജന്യ സാങ്കേതിക/ സാമ്പത്തിക സഹായവും നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നു. കർഷകർക്കുള്ള പരിശീലനം പരിശീലന കേന്ദ്രങ്ങളിൽ ലഭ്യമാണ്.

വെറ്ററിനറി പോളിക്ലിനിക് പഞ്ചായത്ത് തലത്തിലുള്ള സ്ഥാപനങ്ങളുടെ പ്രാഥമിക റഫറൽ കേന്ദ്രമായി പ്രവർത്തിക്കുന്നു. ബ്ലോക്ക് തലത്തിൽ താറാവ് കർഷകർക്കായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അതുവഴിയുള്ള ബാങ്ക് ലോണുകളും മറ്റ് സാമ്പത്തിക സഹായങ്ങളും താറാവ് കർഷകരിലേക്ക് എത്തിക്കുന്നു. 24 മണിക്കൂറും പ്രവർത്തനസജ്ജമായ ചികിത്സാ കേന്ദ്രങ്ങളാണ് ഇവയിൽ പലതും. താറാവ് ഫാമുകളിൽ എത്തുന്ന മൊബൈൽ വെറ്ററിനറി ആംബുലേറ്ററി ക്ലിനിക്കിന്റെ സേവനം ഏകോപിപ്പിക്കുന്നതും ഈ സ്ഥാപനമാണ്.

റീജിയണൽ അനിമൽ ഹെൽത്ത് സെന്റർ വഴി താറാവ് കർഷകർക്ക് മൃഗാശുപത്രി/ഡിസ്പെൻസറി എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ താറാവ് കർഷകർക്കുള്ള സർട്ടിഫിക്കറ്റ് ടെയിനിങ്ങും നടത്തിവരുന്നു.

ജില്ലാ വെറ്ററിനറി കേന്ദ്രം ദ്വിതീയ ശ്രേണിയിലുള്ള രോഗ നിർണ്ണയ ചികിത്സാ കേന്ദ്രത്തിൽ ജില്ലാ തലത്തിലുള്ള റഫറൽ ലബോറട്ടറി സംവിധാനം ലഭ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ സീനിയർ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് പഞ്ചായത്തു തലങ്ങളിൽ സന്ദർശിച്ച് സേവനങ്ങൾ നൽകുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ടിന്റെ ഭാഗമായി താറാവ് രോഗങ്ങൾക്കുള്ള പ്രതിരോധ പ്രവർത്തനങ്ങളും രോഗനിയന്ത്രണ പ്രവർത്തനങ്ങളും

ഏകോപിപ്പിക്കുന്നു. താറാവ് വാക്സിന്റെ സംഭരണവും വിതരണവും ഈ സ്ഥാപനത്തിന്റെ പ്രധാന ദൗത്യങ്ങളിൽപ്പെടുന്നു. ഈ കേന്ദ്രത്തിൽത്തന്നെ പ്രവർത്തിക്കുന്ന എപ്പിഡെമിയോളജിക്കൽ യൂണിറ്റ് താറാവ് രോഗങ്ങളുടെ പ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നു. രോഗസാധ്യതയുള്ള പ്രദേശങ്ങളിൽ നിരന്തര നിരീക്ഷണവും സാമ്പിൾ ശേഖരണവും അതിന്റെ തുടർനടപടികളും നടത്തുന്നു. പക്ഷിപ്പനി പോലെയുള്ള ജന്തുജന്യ രോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാർ ആക്ഷൻ പ്ലാൻ നടപ്പാക്കുന്ന ജില്ലാതല യൂണിറ്റായി പ്രവർത്തിക്കുന്നു.

താറാവ് കർഷകർക്കുള്ള ദുരന്തനിവാരണ ഫണ്ട്, വകുപ്പുതല പ്ലാൻ ഫണ്ട്, ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ എന്നിവ വകുപ്പിൽ നിന്നും ഏകോപിപ്പിക്കുന്നുണ്ട്.

കൂടാതെ, കുട്ടനാടിന്റെ വികസനം സഫലീകരിക്കുന്നതിനും നിരണം താറാവ് വളർത്തൽ കേന്ദ്രത്തിന്റെ വിപുലീകരണത്തിനുമായി വിഭാവന ചെയ്തിട്ടുള്ള സ്വാമിനാഥൻ കമ്മീഷന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ തിരുവല്ല, മഞ്ഞാടിയിലെ താറാവ് ഹാച്ചറി, ബ്രൂഡർ ഹൗസ്, പരിശീലന കേന്ദ്രം എന്നിവ കുട്ടനാട് പദ്ധതിയിൽ ഉൾപ്പെടുത്തി 26-10-2019-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

ഒരു മാസം 90000 മുട്ടകൾ അട വയ്ക്കുന്നതിനുള്ള സംവിധാനം, താറാവ് കുഞ്ഞുങ്ങളെ 2 മാസം വരെ വളർത്തുന്നതിനുള്ള സൗകര്യം (Brooder House) എന്നിവ മഞ്ഞാടിയിലെ ഫാമിൽ ഒരുക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് കർഷകർക്കുള്ള ഒരു പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു.

കർഷകർക്ക് വിതരണം നടത്തുന്ന 1.5 ലക്ഷം കുട്ടനാടൻ താറാവുകുഞ്ഞുങ്ങളിലെ

പകൃതി ആൺ താറാവുകൾ (75000) 3 മാസം കൊണ്ട് പൂർണ്ണവളർച്ചയെത്തുകയും താറാവ് ഒന്നിന് 300 രൂപ നിരക്കിൽ ഒരു വർഷം 2.25 കോടി രൂപ കർഷകർക്ക് ലഭിക്കുകയും ചെയ്യും. ബാക്കി 75000 പെൺതാറാവുകൾ വർഷത്തിൽ 200 മുട്ടകൾ ഇടുകയും 2 വർഷത്തോളമെങ്കിലും മുട്ട ഉൽപാദനത്തിനായി വളർത്തുകയും ചെയ്യാം. ഒരു മുട്ടയുടെ വില 10-12 രൂപ വരെയാണ്. ഈ ഇനത്തിൽ 36 കോടി രൂപ കർഷകർക്ക് വരുമാനം ലഭിക്കും. മുട്ടയിടീലിനുശേഷം പിട താറാവുകളെ 200 രൂപ നിരക്കിൽ ഇറച്ചിക്കായി വിൽപ്പന നടത്താവുന്നതാണ്. ഒരു ലക്ഷം വിഗോവ താറാവ് കുഞ്ഞുങ്ങളെ 45 ദിവസംകൊണ്ട് വളർത്തി 300 രൂപ നിരക്കിൽ വില്പന നടത്തിയാൽ കർഷകർക്ക് 3 കോടി രൂപ വരുമാനം ലഭ്യമാകും.

ഇറച്ചി, മുട്ട ഉൽപാദനം വർധിപ്പിക്കാൻ പദ്ധതി

322 (3770) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇറച്ചി, മുട്ട ഉൽപാദനം വർധിപ്പിക്കുന്നതിന് പൗൾട്രി കോർപ്പറേഷൻ മുഖേന എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കോഴി ഇറച്ചി, കോഴി മുട്ട എന്നിവയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനുമായുള്ള ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കോൺട്രാക്ട്/കുടുംബശ്രീ ഫാമിങ് പദ്ധതിയിലൂടെ യൂണിറ്റുകൾക്ക് വളർത്താൻ

നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്ക് തിരിച്ചെടുത്ത് സ്വന്തം പ്രോസസ്സിങ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് "കെപ്കോ കേരള ചിക്കൻ" എന്ന ബ്രാൻഡിൽ ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. കേരള ചിക്കൻ പദ്ധതിക്കാവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽനിന്നും ലഭ്യമാക്കിവരുന്നു.

കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽനിന്നും കർഷകർക്കാവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ബി.വി.-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകിവരുന്നു. കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴി വളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 100 കോഴിയും, കൂട്ടും പദ്ധതി തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കിക്കഴിഞ്ഞു. കെപ്കോ നടപ്പാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഏകദേശം 90 കോടി മുട്ട അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കീഴിൽ കുടപ്പനക്കുന്നിൽ

ആധുനികരീതിയിലുള്ളതും പദ്ധതി തുടങ്ങി മൂന്നാമത്തെ വർഷം മുതൽ ദിവസം 50,000 മുട്ട ലഭിക്കുന്ന രീതിയിലുള്ളതുമായ പുതിയ HI-TECH LAYER FARM IN ENVIRONMENTALLY CONTROLLED SHED-ന്റെ പണികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് കോഴിമുട്ടയുടെ അധിക ഉൽപാദനം സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലം ജില്ലയിൽ കോട്ടുക്കലിൽ ഒരു പുതിയ ഫാം, പ്രോസസ്സിങ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

323 (3771) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്കായി സംസ്ഥാന സർക്കാർ നടപ്പാക്കിയ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ആദ്യഘട്ടത്തിൽ എത്ര കന്നുകാലികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

നടപ്പ് സാമ്പത്തികവർഷം മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി ചേർന്ന് കന്നുകാലികൾക്കായി ഒരു വർഷത്തേക്കും മൂന്ന് വർഷത്തേക്കുമുള്ള രണ്ടുതരം പരിരക്ഷകൾ ഉൾപ്പെടുത്തി ഗോസമൃദ്ധി എൻ.എൽ.എം. 2024-25 എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് വേണ്ടി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് കന്നുകാലികളുടെ ഇൻഷ്വറൻസ് ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷം കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കുറഞ്ഞത് 40565 ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കും.

ഗോസമൃദ്ധി 2024-25 'ഒരു വർഷ പദ്ധതിയിൽ' ജനറൽ വിഭാഗത്തിലെ കർഷകരുടെ 17700 കന്നുകാലികൾക്കും എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട കർഷകരുടെ 4850 കന്നുകാലികൾക്കും 'മൂന്ന് വർഷ പദ്ധതിയിൽ' ജനറൽ വിഭാഗത്തിൽ 1,400 കന്നുകാലികൾക്കും എസ്.സി./എസ്.റ്റി. വിഭാഗത്തിൽ 400 കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ സാധിക്കും.

കൂടാതെ, എൻ.എൽ.എം. 2024-25 കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 11765 കന്നുകാലികൾക്കും എസ്.സി./എസ്.റ്റി. വിഭാഗത്തിൽ 3200 കന്നുകാലികൾക്കും മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 950 കന്നുകാലികൾക്കും എസ്.സി./എസ്.റ്റി. വിഭാഗത്തിൽ 300 കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കും.

ഗോസമൃദ്ധി എൻ.എൽ.എം. 2024-25 കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കർഷകർ വഹിക്കേണ്ട ഇൻഷ്വറൻസ് പ്രീമിയത്തിലേക്ക് ഒരു കന്നുകാലിക്ക് ഒരു വർഷ പദ്ധതിയിൽ 100 രൂപയും മൂന്ന് വർഷ പദ്ധതിയിൽ 250 രൂപയും കേരള ഫീഡ്സ് ലിമിറ്റഡ് നൽകുന്നതായിരിക്കും.

(ബി) എത്ര ശതമാനം സബ്സിഡിയാണ് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായി ഈ പദ്ധതിയിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഗോസമൃദ്ധി എൻ.എൽ.എം. 2024-25 കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 70% സർക്കാർ സബ്സിഡിയായി നൽകുന്നു.

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ

324 (3772) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ എവിടെയൊക്കെയാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്നും എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത ക്ലിനിക്കുകളിൽനിന്നും ലഭിക്കുന്നതെന്നും അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ നിലവിലില്ല.

പേവിഷ പ്രതിരോധ നടപടികൾ

325 (3773) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരുവുനായകളിൽ പേവിഷബാധ വർധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗവ്യാപനം നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനം പേവിഷ വിമുക്തമാക്കുന്നതിന്റെ ഭാഗമായി തെരുവുനായ്ക്കളിലും വളർത്തുനായ്ക്കളിലും പേവിഷപ്രതിരോധ കുത്തിവെയ്പ് (Mass Dog Vaccination-2022) 2022 സെപ്തംബർ മുതൽ മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്നു. മാസ് ഡോഗ് വാക്സിനേഷന് ആവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി നൽകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ചികിത്സാ സ്ഥാപനങ്ങളിൽ വളർത്തുനായ്ക്കൾക്ക് സൗജന്യമായി വാക്സിൻ നൽകുന്നു. മൃഗസംരക്ഷണ വകുപ്പ് മിഷൻ റാബീസുമായി 16-06-2023-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും 2022 മുതൽ നടത്തിവരുന്ന മാസ് ഡോഗ് വാക്സിനേഷൻ പദ്ധതിയിൽ മിഷൻ റാബീസ് സഹകരിച്ച് പ്രവർത്തിച്ചുവരികയും ചെയ്യുന്നു. മാസ് ഡോഗ് വാക്സിനേഷൻ-2024-ന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിക്കുന്ന മിഷൻ റാബീസിന്റെ Awareness Vehicle ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രി 04-12-2024-ന് ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത വാഹനം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിച്ച് സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും അതോടൊപ്പം തെരുവുനായകളിൽ വാക്സിനേഷനും നടത്തിവരുന്നു. മുൻ വർഷത്തിലേതിൽനിന്നും വ്യത്യസ്തമായി (ക്യാമ്പയിൻ മോഡ് മാറ്റി) ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയായിട്ടാണ് മാസ് ഡോഗ് വാക്സിനേഷൻ 2024 ആരംഭിച്ചിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷത്തിൽ (31-01-2025 വരെ) 67035 തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തുന്നതിനായി 'Rabies Free Trivandrum' എന്ന പദ്ധതി 2023 മാർച്ച് 1-ന് ബഹു.

മൃഗസംരക്ഷണ വകുപ്പുമന്ത്രി ഉദ്ഘാടനം നിർവഹിച്ചു. വളരെ വിജയകരമായ ഈ പദ്ധതി കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവർ സംയുക്തമായി മിഷൻ റാബീസ് എന്ന സംഘടനയുടെ സഹകരണത്തോടെയാണ് 'Rabies Free Trivandrum' പദ്ധതി നടപ്പിലാക്കുന്നത്. മിഷൻ റാബീസ് സൗജന്യമായിട്ടാണ് പദ്ധതിയിൽ പ്രവർത്തിക്കുന്നത്. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ടിൽനിന്നുള്ള സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) സംസ്ഥാനത്ത് വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് നിർബന്ധിതമാക്കിയിട്ടുണ്ടോ; നായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് എടുക്കാതെ വളർത്തുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വളർത്തുനായകൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് നിർബന്ധമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്നതിന് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

(ഡി) വളർത്തുനായ്ക്കൾക്ക് നിർബന്ധിതമായി പേവിഷ പ്രതിരോധ കുത്തിവെയ്പ് എടുക്കുന്നതിനായി മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം വിശദമാക്കുമോ?

വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് എടുക്കുന്നതിനായി മൊബൈൽ

യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

` ഓരോ യൂണിറ്റുകളിലും വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരുടെ സേവനം ലഭ്യമാണ്. ചികിത്സാ സേവനങ്ങൾക്കുള്ള നിശ്ചിത ഫീസ് ഡിജിറ്റൽ രൂപത്തിൽ (ഗ്രഗിൾ പേ) കർഷകരിൽനിന്നും സ്വീകരിച്ചുവരുന്നു. വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമ ബീജസങ്കലനം, പ്രയാസമേറിയ പ്രസവം കൈകാര്യം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളോടൊപ്പം രോഗപ്രതിരോധ കുത്തിവയ്പും കർഷകർക്കായി മൊബൈൽ വെറ്ററിനറി ഡോക്ടറുടെ സേവനത്തിലൂടെ ലഭ്യമാക്കുന്നുണ്ട്.

(ഇ) മൃഗങ്ങൾക്കുള്ള പേവിഷ പ്രതിരോധ വാക്സിനും അനുബന്ധ സൗകര്യങ്ങളും എല്ലാ മൃഗാശുപത്രികളിലും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

എല്ലാ വർഷവും സംസ്ഥാനത്തിന് ആവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ വകുപ്പിന്റെ കീഴിലുള്ള അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ഓഫീസ് മുഖേന വാങ്ങി നൽകുന്നുണ്ട്. കൂടാതെ കുത്തിവയ്പിനാവശ്യമായ അനുബന്ധ സാമഗ്രികളായ സിറിഞ്ച്, നീഡിൽ, കോട്ടൺ, ഗ്ലൗവ്സ് എന്നിവയും വിതരണം ചെയ്യുന്നു. കുത്തിവെയ്പ് എടുത്ത നായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റും നൽകിവരുന്നു.

നായകൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കുത്തിവയ്പുകൾ

326 (3774) ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-

ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായ്ക്കൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആവിഷ്കരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളിൽ വളർത്തുനായ്ക്കൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കുത്തിവയ്പുകൾ നൽകുന്നുണ്ട്. വാക്സിൻ സൗജന്യമായി നൽകുന്നു. ASCAD പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ വാക്സിൻ വകുപ്പിന്റെ വെറ്ററിനറി സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്നു. സംസ്ഥാനം പേവിഷ വിമുക്തമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് തെരുവുനായ്ക്കളിലും വളർത്തുനായ്ക്കളിലും പേവിഷ പ്രതിരോധ കുത്തിവയ്പ് (Mass Dog Vaccination-2022) 2022 സെപ്തംബർ മുതൽ നടത്തിവരുന്നു. ക്യാമ്പയിൻ മോഡിൽ നടത്തുന്ന മാസ് ഡോഗ് വാക്സിനേഷന് ആവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി നൽകുന്നു. പ്രസ്തുത ക്യാമ്പിൽ കൊണ്ടുവരുന്ന വളർത്തുനായ്ക്കൾക്കും പൂച്ചകൾക്കും വാക്സിനേഷൻ സൗജന്യമായി നൽകുന്നു. 2022-ൽ ആരംഭിച്ച് മാസ് ഡോഗ് വാക്സിനേഷൻ 2023-ലും പൂർത്തിയാക്കി. മാസ് ഡോഗ് വാക്സിനേഷൻ 2024 ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രി Awareness Vehicle ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. പ്രസ്തുത വാഹനം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിച്ച് വാക്സിനേഷൻ നടത്തിവരുന്നു.

(ബി) തെരുവുനായശല്യം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; തെരുവുനായ്ക്കൾക്കും പേവിഷ

പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് തെരുവുനായ നിയന്ത്രണത്തിനായി മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി എ.ബി.സി. പദ്ധതി, മാസ് ഡോഗ് വാക്സിനേഷൻ, IEC Programs എന്നിവ നടത്തിവരുന്നുണ്ട്.

ABC പദ്ധതി

മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി എ.ബി.സി. പദ്ധതി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുകൊണ്ടും കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ചുകൊണ്ടും എ.ബി.സി. പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 13121 (31-01-2025 വരെ) തെരുവുനായ്ക്കളിൽ വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 15 എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 15 എ.ബി.സി. സെന്ററുകൾ നിർമ്മാണം പൂർത്തീകരിച്ചുവരുന്നുണ്ട്. എ.ബി.സി. സെന്ററുകൾ തുടങ്ങുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ എ.ബി.സി. സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എ.ബി.സി. സെന്ററുകൾ കണ്ടെത്തുന്നതിന് പൊതുജനങ്ങളുടെ എതിർപ്പുണ്ടാകുന്ന സാഹചര്യത്തിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റ CSR ഫണ്ടുപയോഗിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'പോർട്ടബിൾ എ.ബി.സി.' സെന്റർ

സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ് പോർട്ടബിൾ എ.ബി.സി. യൂണിറ്റ് മൃഗസംരക്ഷണ വകുപ്പിന് കൈമാറി നൽകുകയും ആയത് ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഫണ്ട് വകയിരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോർട്ടബിൾ എ.ബി.സി. യൂണിറ്റ് സ്ഥാപിച്ച് തെരുവുനായ്ക്കളുടെ എ.ബി.സി. സർജറികൾ ചെയ്യാൻ കഴിയുന്നതാണ്.

മാസ് ഡോഗ് വാക്സിനേഷൻ-2022

സംസ്ഥാനം പേവിഷ വിമുക്തമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് തെരുവുനായ്ക്കളിലും വളർത്തുനായ്ക്കളിലും പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് (Mass Dog Vaccination-2022) 2022 സെപ്തംബർ മുതൽ നടത്തിവരുന്നു. മാസ് ഡോഗ് വാക്സിനേഷന് ആവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി നൽകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ചികിത്സാ സ്ഥാപനങ്ങളിൽ വളർത്തുനായ്ക്കൾക്ക് സൗജന്യമായി വാക്സിൻ നൽകുന്നു. മാസ് ഡോഗ് വാക്സിനേഷൻ-2024-ന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിക്കുന്ന മിഷൻ റാബീസിന്റെ Awareness Vehicle ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രി 04-12-2024-ന് ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത വാഹനം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിച്ച് സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും അതോടൊപ്പം തെരുവുനായ്ക്കളിൽ വാക്സിനേഷനും നടത്തി വരുന്നു. മുൻ വർഷത്തിലേതിൽനിന്നും വ്യത്യസ്തമായി (ക്യാമ്പയിൻ മോഡ് മാറ്റി) ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയായിട്ടാണ് മാസ് ഡോഗ് വാക്സിനേഷൻ 2024 ആരംഭിച്ചിട്ടുള്ളത്.

നടപ്പ് സാമ്പത്തിക വർഷത്തിൽ (31-01-2025 വരെ) 67035 തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തുന്നതിനായി Rabies Free Trivandrum' എന്ന പദ്ധതി 2023 മാർച്ച് 1-ന് ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രി ഉദ്ഘാടനം നിർവഹിച്ചു. വളരെ വിജയകരമായ ഈ പദ്ധതി കൊല്ലം, കോട്ടയം ജില്ലകളിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം കോർപറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവർ സംയുക്തമായി മിഷൻ റാബീസ് എന്ന സംഘടനയുടെ സഹകരണത്തോടെയാണ് 'Rabies Free Trivandrum' പദ്ധതി നടപ്പിലാക്കുന്നത്. മിഷൻ റാബീസ് സൗജന്യമായിട്ടാണ് പദ്ധതിയിൽ പ്രവർത്തിക്കുന്നത്. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയായ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ടിൽനിന്നുള്ള സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ബോധവൽക്കരണ ക്ലാസ്സുകൾ

സംസ്ഥാനത്ത് മിഷൻ റാബീസിന്റെ നേതൃത്വത്തിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സ്കൂളുകളിൽ പേവിഷ പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് അനുമതി നൽകുകയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരികയും ചെയ്യുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നായയുടെ കടിയേറ്റ് വരുന്നവർക്ക് വാക്സിനേഷൻ പൂർത്തിയാക്കുന്നതിനും പേവിഷ പ്രതിരോധ മാർഗത്തെക്കുറിച്ചും ബോധവൽക്കരണം

നടത്തുകയും Post Explosure Vaccination പൂർത്തിയാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു. റാബീസ് ബോധവൽക്കരണം സംബന്ധിച്ചുള്ള വിവരണം അഞ്ച്, ഏഴ് ക്ലാസ്സുകളിൽ പാഠ്യവിഷയമായി ഉൾപ്പെടുത്തുന്നതിന് സിലബസ് SCERT ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസിന്റെ കീഴിൽ പേവിഷ പ്രതിരോധ ആന്റിബോഡി നിർണ്ണയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; മറ്റെന്തെല്ലാം സൗകര്യങ്ങളാണ് അവിടെ ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉണ്ട്. പേവിഷ പ്രതിരോധ ആന്റിബോഡി ടൈറ്റർ നിർണ്ണയിക്കുവാൻ RFFIT (Rapid Fluorescent Focus Inhibition Test) സംവിധാനം ലഭ്യമാണ്. സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ ഈ സംവിധാനം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ മാത്രമാണ് നിലവിലുള്ളത്. പേവിഷ നിർണ്ണയത്തിനായി PCR (Polymerase Chain Reaction), LFT (Lateral Flow Test), FAT (Fluorescent Antibody Test) എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.

മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം

327 (3775) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ നിലവിൽ കോതമംഗലം, മുളന്തുരുത്തി എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമായിട്ടുള്ളത്.

(ബി) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ

സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ലഭ്യമല്ലാത്ത ബ്ലോക്കുകളിൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മിറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ബജറ്റ് വിഹിതം

328 (3776) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് എത്ര തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് 1214 ലക്ഷം രൂപ പദ്ധതി വിഹിതമായി പ്ലാൻ ഹെഡ്ഡിലും 500 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. വായ്പയായും വകയിരുത്തിയിരുന്നു. ഇതിൽ പദ്ധതി ക്രമീകരണം കഴിച്ച് 6.24 കോടി രൂപ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് റിലീസ് ചെയ്ത് നൽകുകയുണ്ടായി. താഴെപ്പറയുന്ന ഇനങ്ങൾക്കായി ഈ തുക മുഴുവനും ഉപയോഗിച്ചിട്ടുണ്ട്.

I – (പദ്ധതി വിഹിതം) പ്ലാൻ ഹെഡ്		
1	ഹൈടെക് സ്ലോട്ടർ ഹൗസിനും കോഴി സംസ്കരണ പ്ലാന്റിനുമുള്ള പ്രവർത്തന മൂലധനം	Rs. 5,10,06,500/-
2	ഇടയാറിലുള്ള ഹൈടെക് സ്ലോട്ടർ ഹൗസിന് അടിയന്തിരമായി വേണ്ടിവന്ന അറ്റകുറ്റപ്പണി	Rs. 25,00,000/-

3	അടിയന്തര കടബാധ്യത തീർക്കാൻ	Rs. 38,93,500/-
4	മൂല്യവർധിത ഇറച്ചി ഉൽപ്പന്ന സംസ്കരണ പ്ലാന്റ്, ഏത്തൂർ വേണ്ടിവന്ന അറ്റകുറ്റപ്പണികൾ	Rs. 5,00,000/-
	ആകെ : ആറ് കോടി ഇരുപത്തിനാല് ലക്ഷം രൂപ	**Rs. 6,24,00,000**
II	ആർ.ഐ.ഡി.എഫ്. വായ്പ ഇനത്തിൽ തുകയൊന്നും റിലീസ് ചെയ്ത് കിട്ടിയില്ല	

(ബി) 2025-26-ലെ ബജറ്റിൽ പ്രസ്തുത സ്ഥാപനത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഏതെല്ലാം രീതിയിലാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

2025-26 വർഷത്തെ ബജറ്റിൽ എം.പി.ഐ.-ക്ക് പദ്ധതി വിഹിതമായി പ്ലാൻ ഹെഡ്ഡിൽ 614 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ്. വായ്പയായി 1100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രവർത്തന മൂലധനവും സാമ്പത്തിക സഹായവും ഇനത്തിലാണ് 614 ലക്ഷം രൂപ ചെലവാക്കാൻ ഉദ്ദേശിക്കുന്നത്. ആർ.ഐ.ഡി.എഫ്. വായ്പ ഇടയാറിലുള്ള ഹെഡ് ഓഫീസ് ക്യാമ്പസിന്റെ ചുറ്റുമതിൽ, ഡ്രെയിനേജ്, ഇ.റ്റി.പി. എന്നിവയുടെ നിർമ്മാണത്തിനും ഏത്തൂർ മൂല്യവർധിത ഇറച്ചി ഉൽപ്പന്ന പ്ലാന്റിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമാണ്.

(സി) പ്രസ്തുത സ്ഥാപനത്തിൽ വരുംവർഷങ്ങളിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വരുംവർഷങ്ങളിൽ താഴെപ്പറയുന്ന വികസന പദ്ധതികളാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കാള/പോത്ത് കുട്ടി വളർത്തൽ കേന്ദ്രം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കാൻ പദ്ധതി നിർദേശം സമർപ്പിച്ചിട്ടുള്ളതും നബാർഡിന്റെ സഹായം ലഭ്യമാകുന്ന മുറയ്ക്ക് ഇത് നടപ്പിലാക്കുന്നതുമാണ്. കൂടാതെ ചാലക്കുടിയിൽ കമ്പനിക്കുള്ള 16 ഏക്കർ സ്ഥലത്ത് ഹാച്ചറി, കോഴിഫാം, കോഴിയിറച്ചി സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്.

കമ്പനി ഇതിനകം ചിൽഡ്/ഫ്രഷ് ഇറച്ചി ഉൽപാദനം ആരംഭിക്കുകയും ഇതിന്റെ വിപണനത്തിനായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഫ്രാഞ്ചൈസി ഔട്ട്ലെറ്റുകൾ "എം.പി.ഐ. മീറ്റ്സ് & ബൈറ്റ്സ് " എന്ന ബ്രാൻഡിൽ ആദ്യപടിയായി 250 എണ്ണം സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 15-10-2024-ൽ 30 എണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ, മൂല്യവർധിത ഇറച്ചി ഉൽപ്പന്നങ്ങളുടെ ഉൽപാദനം ഇരട്ടിയാക്കി വിപണനം ശക്തിപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പാലിൽനിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ

329 (3777) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ വില്പനയിലൂടെ ദൈനംദിന വരുമാനം കണ്ടെത്തുന്ന നിരവധി കുടുംബങ്ങൾ

വനയോര മേഖലയിലുൾപ്പെടെ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനയോരമേഖലകൾ ഉൾപ്പെടെയുള്ള ലയങ്ങളിലെ തോട്ടം തൊഴിലാളികൾക്ക് മാത്രമായി 'ക്ഷീരലയം' എന്ന പദ്ധതി വകുപ്പ് വിഭാവന ചെയ്തിരിക്കുന്നു. 2024-25 സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ടായി ആരംഭിച്ചതും ഒരു യൂണിറ്റിന് 11 ലക്ഷം രൂപ ധനസഹായം നൽകുന്നതുമായ പ്രസ്തുത പദ്ധതി കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ്ഡിൽ 10 പശുക്കളെ വളർത്തുന്നതിനുള്ളതാണ്.

ഇടുക്കി, വയനാട് പോലുള്ള ജില്ലകളിൽ പ്രത്യേക ഡയറി പാക്കേജ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ, വന്യമൃഗങ്ങളെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കുന്നതിനാവശ്യമായ പദ്ധതികളുടെ പ്രൊപ്പോസൽ ക്ഷീരവികസന വകുപ്പ് തയ്യാറാക്കിവരുന്നു.

മലയോര മേഖലകളിലും മിൽമയുടെ പ്രാഥമിക ക്ഷീരസംഘങ്ങൾ പ്രവർത്തിച്ചുവരികയും ക്ഷീരകർഷകർക്കായി വിവിധ ആനുകൂല്യങ്ങൾ നൽകിവരികയും ചെയ്യുന്നു. പാലക്കാട് (നെല്ലിയാമ്പതി, അട്ടപ്പാടി), വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലകൾ പോലെയുള്ള പ്രധാനപ്പെട്ട മലയോര മേഖലകളിലും കേരളത്തിലെ പ്രാഥമിക ക്ഷീരസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) പാലിൽനിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പാലിൽനിന്നും മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി Assistance to Joint Liability Group for Manufacturing and Marketing of Value Added Products & Bio inputs

എന്ന ഘടക പദ്ധതി വകുപ്പിന്റെ പ്രധാന പദ്ധതിയായ 'ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവീസസ്''-ലും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ, പാലിൽനിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും നിർദേശങ്ങളും മറ്റ് സഹായ സഹകരണങ്ങളും ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖാന്തരം നൽകിവരുന്നു.

കർഷകരിൽനിന്നും സംഭരിക്കുന്ന പാലിൽനിന്നും നിർമ്മിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധപുലർത്തുന്നു. മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലും സജ്ജമാക്കിയിട്ടുണ്ട്.

നിലവിൽ നെയ്യ്, തൈര്, സംഭാരം, യോഗർട്ട്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ലേവേഡ് മിൽക്കുകൾ, വിവിധ തരം പേഡകൾ, വിവിധതരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ ഒരു ശ്രേണി തന്നെ മിൽമയ്ക്കുണ്ട്. ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. മറ്റ് ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായി ഒട്ടനവധി പുതിയ ഉൽപ്പന്നങ്ങൾ 'റീ-പൊസിഷനിംഗ് മിൽമ' എന്ന ദീർഘകാല പദ്ധതിയുടെ ഭാഗമായി മിൽമ വിപണിയിലെത്തിച്ചിട്ടുണ്ട്. കരിക്കിൻവെള്ളം അയൽ സംസ്ഥാനങ്ങളിലേക്കും അന്താരാഷ്ട്ര

വിപണിയിലേക്കും എത്തിക്കുന്നത് ലക്ഷ്യംവച്ച് അവതരിപ്പിച്ച മിൽമ ടെൻഡർകോക്കനട്ട് വാട്ടർ, വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനുമായി സഹകരിച്ച് അവതരിപ്പിച്ച മിൽമ കാഷ്യുവിറ്റ പൗഡർ (ചോക്ലേറ്റ്, പിസ്ത, വാനില ഫ്ലേവറുകളിൽ) എന്നിവ മിൽമ ഏറ്റവുമടുത്ത് വിപണിയിൽ അവതരിപ്പിച്ചിട്ടുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി

330 (3778) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എവിടെയൊക്കെ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പനത്തടി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിലും അജാനൂർ പഞ്ചായത്തിൽ 2020-21 വർഷത്തിലുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി വിഹിതമായി ആകെ ഒരു കോടി രൂപ (50,00,000 ലക്ഷം രൂപ വീതം) ചെലവഴിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം കിനാനൂർ-കരിന്തളം, പനത്തടി എന്നീ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി സംയുക്തമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി പദ്ധതി വിഹിതമായി 20.4 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 20.4 ലക്ഷം രൂപയും ആകെ 40.8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഷൊർണ്ണൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

331 (3779) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് മുഖേന 2024-25 സാമ്പത്തിക വർഷത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതികൾ	തുക
1	കർഷക സമ്പർക്ക പരിപാടി	33,000/-
2	തീറ്റപ്പുൽകൃഷി വികസന പദ്ധതി	1,40,422/-
3	സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി	1,66,559/-
4	FSSA	53,625/-
5	MSDP (Milk Shed Development Programme)	5,81,405/-
6	തൊഴുത്ത് നിർമ്മാണം	50,000/-
7	ഫീഡ് കമ്പോസ്റ്റ്	11,800/-

(ബി) മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ പഞ്ചായത്തുകൾ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

ക്ഷീരഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലം

332 (3780) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉൽപാദനം നടത്തുന്ന ബ്ലോക്ക് പഞ്ചായത്ത് ഏതെന്ന് വ്യക്തമാക്കാമോ?

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്.

(ബി) പ്രസ്തുത ജില്ലയിൽ പാൽ ഉൽപാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ആദ്യ പതിനഞ്ച് ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയെന്നും അവയുടെ വാർഷിക ഉൽപാദനം എത്ര ലിറ്റർ വീതമാണെന്നും വിശദമാക്കാമോ?

ക്രമ നം.	**പഞ്ചായത്തിന്റെ പേര്**	**വാർഷിക പാൽ ഉൽപാദനം (ലിറ്റർ)**
1	നടുവിൽ	1822838
2	ആലക്കോട്	1619675
3	കൊട്ടിയൂർ	1452335
4	ചെറുപുഴ	1406345
5	കാങ്കോൽ ആലപ്പടമ്പ	1393570
6	കേളകം	1319475
7	ഉദയഗിരി	1266282
8	കരിവെള്ളൂർ- പെരളം	1224210
9	എരമം-കുറ്റൂർ	1219465
10	ഉളിക്കൽ	1208150
11	അഞ്ചരക്കണ്ടി	1196470
12	കണിച്ചാർ	1076385
13	പെരിങ്ങോം- വയക്കര	873080
14	ആറളം	857385
15	പായം	800445

(സി) ക്ഷീരഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? ഉൾപ്പെടുത്തിയിട്ടില്ല.

കോതമംഗലം മണ്ഡലത്തിലെ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

333 (3781) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, വൈക്കോൽ വിതരണ പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള കാലിത്തീറ്റ ധനസഹായ പദ്ധതി, ഗ്രാമീണ വിജ്ഞാന പ്രവർത്തനങ്ങൾ, ഉപദേശക സേവനങ്ങൾ എന്നിവ കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പദ്ധതികളായ പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ക്ഷീരകർഷകർക്കുള്ള ക്ഷേമനിധി പ്രവർത്തനങ്ങൾ എന്നിവ നടപ്പ് സാമ്പത്തിക വർഷത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്

(ബി) കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവീസ് യൂണിറ്റ് കൂടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവീസ് യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുള്ള ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

പാലിന്റെയും പാലുൽപന്നങ്ങളുടെയും ഗുണനിലവാര പരിശോധന

334 (3782) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധനയും തുടർനടപടികളും സ്വീകരിക്കുന്നതിന് അധികാരം നൽകി ഉത്തരവാക്കുന്നത് സംബന്ധിച്ച് 01-07-2024-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത യോഗതീരുമാനങ്ങൾ സംബന്ധിച്ച നടപടി ഫയലിന്റെ നമ്പറും നോട്ട്ഫയൽ പകർപ്പും ലഭ്യമാക്കുമോ?

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 01-07-2024 തീയതിയിൽ കൂടിയ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പിലെ ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർക്ക് ഫുഡ് സേഫ്റ്റി ഓഫീസറുടെ അധികാരം നൽകുന്നതിനുള്ള ശിപാർശ സമർപ്പിക്കാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നു.

01-07-2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ ഡി3/45/2023-ഡി.ഡി. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെ പകർപ്പ്

അനുബന്ധമായി ചേർക്കുന്നു.+

(ബി) ക്ഷീരവികസന വകുപ്പിന്റെ പാൽ പരിശോധനാ ചെക്ക്പോസ്റ്റുകളിൽ നിലവിൽ പാൽ പരിശോധന നടത്തുന്നുണ്ടോ; 2024 വർഷത്തിൽ എത്ര സാമ്പിളുകൾ പരിശോധിച്ചു; എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ പാൽ പരിശോധനാ ചെക്ക്പോസ്റ്റുകളിൽ നിലവിൽ പാൽ പരിശോധന നടത്തുന്നുണ്ട്. 2024 ജനുവരി മുതൽ ഡിസംബർ വരെ 59328 സാമ്പിളുകൾ പരിശോധിച്ചു. പ്രസ്തുത കാലയളവിൽ പരിശോധിച്ച സാമ്പിളുകളിൽ നടപടികൾ സ്വീകരിക്കേണ്ടതായ സാഹചര്യമുണ്ടായിട്ടില്ല.

(സി) പാൽ പരിശോധനയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതും വിറ്റഴിക്കപ്പെടുന്നതുമായ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിൽ ക്ഷീരവികസന വകുപ്പിലെ എല്ലാ ടെക്നിക്കൽ ജീവനക്കാരും പങ്കാളികളാണ്. 14 ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ക്ഷീരസംഘം പരിശോധന, ക്ഷീരകർഷക ക്ഷേമനിധി തുടങ്ങിയ മറ്റ് ചുമതലകൾക്ക് പുറമെ വിപണിയിലും ക്ഷീരസംഘങ്ങളിലും കർഷക ഭവനങ്ങളിലും പാൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. കൂടാതെ ക്ഷീരകർഷകരും ക്ഷീരസംഘങ്ങളും ഭക്ഷ്യസുരക്ഷാ നിയമം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുശാസിക്കുന്ന ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. സ്റ്റേറ്റ് ഡയറി ലാബിലും ജില്ലാതലത്തിലെ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിലും മേഖലാ ഡയറി ലാബുകൾ, മൂന്ന് അതിർത്തി ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിലുമായി താഴെ പറയുംപ്രകാരം ആകെ 97 ഉദ്യോഗസ്ഥർ ജോലി നോക്കുന്നുണ്ട്.

ക്രമനം.	തസ്തിക	എണ്ണം
1	ജോയിന്റ് ഡയറക്ടർ	1
2	ഡെപ്യൂട്ടി ഡയറക്ടർ	1
3	അസിസ്റ്റന്റ് ഡയറക്ടർ	16
4	ക്ഷീരവികസന ഓഫീസർ	12
5	ലാബ് ടെക്നീഷ്യൻ	16
6	ലാബ് അസിസ്റ്റന്റ്	13
7	ക്ലാർക്ക്	10
8	ഓഫീസ് അറ്റൻഡന്റ്	15
9	ഡ്രൈവർ	9
10	നൈറ്റ് വാച്ചർ	1
11	പാർട്ട് ടൈം സ്വീപ്പർ	2
12	പെർമനന്റ് വർക്കർ	1
ആകെ		**97**

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളുമായി 2023-24 വർഷത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളുമായി 2023-24 വർഷത്തിൽ 631.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ

335 (3783) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപാദനം വർധിപ്പിക്കുന്നതിനും ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിനും സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പാൽ ഉൽപാദനം വർധിപ്പിക്കുന്നതിനും ക്ഷീര കർഷരെ സംരക്ഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. പാൽ ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുമായാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ഡയറി ഫാം ആധുനികവൽക്കരണവും യന്ത്രവൽക്കരണവും ചെയ്യുന്നതിനുള്ള പദ്ധതികൾ, ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനും ഉൽപാദന വർധനവിനുമായുള്ള പദ്ധതികൾ, പാലിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ഉരുക്കളെ വാങ്ങുന്നതിനുള്ള പദ്ധതികൾ എന്നിവ വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നു. ഇവ കൂടാതെ ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് നിർവഹണം നടത്തുന്ന പാലിന് സബ്സിഡി, കാലിത്തീറ്റ വിതരണ പദ്ധതി, ഡയറി ഫാമുകളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ഉൽപാദന ക്ഷമതയും ആരോഗ്യവും വർധിപ്പിക്കുന്നതിനുള്ള പദ്ധതി, തീറ്റച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതികളിലൂടെ പാൽ ഉൽപാദനം വർധിപ്പിക്കുന്നതിനും ക്ഷീര കർഷകരുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം

ഉറപ്പാക്കുന്നതിനും വകുപ്പ് പരിശ്രമിക്കുന്നു.

പാലുൽപാദനം വർധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനുംവേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ക്ഷീരകർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് നിലവിൽ 300 രൂപ സബ്സിഡി നൽകിവരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റ് ആനുകൂല്യങ്ങളായും നൽകുന്നതിന് പുറമേ വിവിധ സബ്സിഡികളായും അധിക പാൽവിലയായും വിവിധ ക്ഷേമ പ്രവർത്തനങ്ങളായും കർഷകക്ഷേമ പദ്ധതികളായും മിൽമ ക്ഷീരകർഷകർക്ക് തന്നെ കൈമാറുന്നു. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ച് നൽകിക്കൊണ്ടും ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകന്റെ വർധിച്ചുവരുന്ന ഉൽപാദനച്ചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽപേരെ ക്ഷീര മേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർധിപ്പിക്കുവാനുംവേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കെ.എൽ.ഡി. ബോർഡിന്റെ ബീജോൽപാദന കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ഗാഢശീതീകരിച്ച ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ ബീജാധാന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. ഭ്രൂണമാറ്റ പ്രക്രിയയിലൂടെ മുന്തിയ ഇനം

പശുക്കുട്ടികളെ ഉൽപാദിപ്പിക്കുന്നതിനുവേണ്ടി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഭ്രൂണമാറ്റ ലബോറട്ടറി കൊല്ലം ജില്ലയിലെ ചിതറയിലും കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും പ്രവർത്തിക്കുന്ന റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്.

(ബി) 2011 മുതൽ 2025 വരെയുള്ള കാലയളവിലെ പ്രതിവർഷ പാൽ ഉൽപാദനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

2010 മുതൽ നാളിതുവരെ കേരളത്തിന്റെ പാലുല്പാദനം എത്രയെന്നത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവെ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**പാലുല്പാദനം (ടൺ കണക്കിൽ)**
2010-11	2643.35
2011-12	2716.85
2012-13	2791.61
2013-14	2653.68
2014-15	2711.13
2015-16	2649.72
2016-17	2520.29
2017-18	2575.98
2018-19	2548.68
2019-20	2544.35
2020-21	2533.88
2021-22	2532.46
2022-23	2579.76
2023-24	2579.99

ക്ഷീരകർഷകന് നഷ്ടപരിഹാരം നൽകാൻ നടപടി

336 (3784) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ പ്രവർത്തിക്കുന്ന പളളിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘത്തിലെ സി-154 നമ്പർ അംഗമായ നായരമ്പലം പഞ്ചായത്തിലെ മംഗലപ്പിളളി വീട്ടിൽ തങ്കപ്പന്റെ പശുവും കിടാവുകളും ചത്തതിന് നഷ്ടപരിഹാരമായി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ?

നായരമ്പലം പഞ്ചായത്തിലെ മംഗലപ്പിളളി വീട്ടിൽ ശ്രീ. തങ്കപ്പന്റെ പശുവും കിടാവുകളും ചത്തതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല.

(ബി) 25 വർഷത്തിലധികമായി ക്ഷീരകർഷകനായി പ്രവർത്തിക്കുന്ന 85 വയസുളള ടിയാന് അർഹിക്കുന്ന ആനുകൂല്യം ലഭിക്കുന്നതിനായി 21-10-2024-ന് എം.എൽ.എ. മുഖാന്തരം സമർപ്പിക്കുകയും റിപ്പോർട്ടിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുളള പരാതിയിൽ സ്വീകരിച്ചിട്ടുളള നടപടി വിശദമാക്കാമോ?

ശ്രീ. തങ്കപ്പൻ എന്നവരുടെ പശുക്കൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വയറുവീർപ്പ് (Bloat), പ്രസവ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയവ മൂലമാണ് ടിയാന്റെ പശുക്കൾ മരണപ്പെട്ടത്. പശുക്കൾക്ക് ക്യത്യമായ ചികിത്സ നൽകിയിരുന്നു. ഉരുക്കൾക്ക് ഇൻഷ്വറൻസ് ഇല്ലാത്തതിനാലും ദുരന്തനിവാരണ മാനദണ്ഡങ്ങൾ പ്രകാരം പരിഗണിക്കുവാൻ

കഴിയാത്തതിനാലും ടിയാന് വകുപ്പിൽനിന്നും ധനസഹായം അനുവദിക്കുവാൻ കഴിഞ്ഞില്ല.

ടിയാന്റെ പ്രായാധിക്യം, ഇനിയും മറ്റ് ജോലികൾ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ, മൃഗസംരക്ഷണ മേഖലയിൽ ഇത്രയും കാലം സേവനമനുഷ്ഠിച്ച ക്ഷീര കർഷകൻ എന്നീ കാര്യങ്ങൾ പരിഗണിച്ച് ഉരുക്കൾ മരണമടഞ്ഞ വകയിൽ സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിനായി ടിയാന് പഞ്ചായത്തിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഉചിതമായ ആനുകൂല്യം അനുവദിക്കുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ മുൻഗണന നൽകുന്നതിനും നായരമ്പലം വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

337 (3785) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

ലക്കിടി പഞ്ചായത്ത് – 5 എണ്ണം

അമ്പലപ്പാറ പഞ്ചായത്ത് – 4 എണ്ണം

ഒറ്റപ്പാലം മുനിസിപ്പാലിറ്റി – 2 എണ്ണം

തച്ചനാട്ടുകര പഞ്ചായത്ത് - 3 എണ്ണം

കരിമ്പുഴ പഞ്ചായത്ത് – 6 എണ്ണം

ശ്രീകൃഷ്ണപുരം പഞ്ചായത്ത് -6 എണ്ണം

പൂക്കോട്ടുകാവ് പഞ്ചായത്ത് – 3 എണ്ണം

കടമ്പഴിപ്പുറം പഞ്ചായത്ത് – 5 എണ്ണം

ആകെ 34 ക്ഷീരസംഘങ്ങൾ.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്നും വിശദമാക്കാമോ?

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

ആനുകൂല്യങ്ങൾ - ആകെ 20 ലക്ഷം രൂപ

കാലിത്തീറ്റ സബ്സിഡി

1 പശു യൂണിറ്റ്

2 പശു യൂണിറ്റ്

5 പശു യൂണിറ്റ്

വൈക്കോൽ സബ്സിഡി

ഇറിഗേഷൻ അസിസ്റ്റൻസ്

ഉപകരണങ്ങൾക്ക് സബ്സിഡി

തൊഴുത്ത് റിപ്പയർ.

വെറ്ററിനറി കോളേജുകൾ

338 (3786) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വെറ്ററിനറി കോളേജുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2 വെറ്ററിനറി കോളേജുകളാണ് നിലവിലുള്ളത്.

1. കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്, പൂക്കോട്, വയനാട്.

2. കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്, മണ്ണുത്തി, തൃശ്ശൂർ

(ബി) പുതിയ വെറ്ററിനറി കോളേജുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ?

പദ്ധതികൾ നിലവിലില്ല.

സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം

339 (3787) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുസാറ്റിൽ എഞ്ചിനീയറിങ് വിദ്യാർഥികളുടെ നേതൃത്വത്തിൽ നടന്ന ഗാനസന്ധ്യയിലെ തിരക്കിൽപ്പെട്ട് മരണപ്പെട്ട നാല് വിദ്യാർഥികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചതിന് സമാനമായി പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ്ങിനെത്തുടർന്ന് മരണപ്പെട്ട ജെ. എസ്. സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകിയോയെന്ന് വിശദമാക്കാമോ?

പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ മരണപ്പെട്ട സിദ്ധാർഥൻ ജെ. എസ്.-ന്റെ കുടുംബത്തിന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിൽനിന്ന് സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.

സിദ്ധാർത്ഥൻ ജെ. എസ്. മരണപ്പെട്ട സംഭവത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നൽകിയ ശിപാർശയിന്മേൽ സർവകലാശാല സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവിഴാംകുന്ന് കോളേജ് ഓഫ് എവിയൻ സയൻസ്

340 (3788) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ തിരുവിഴാംകുന്ന് കോളേജ് ഓഫ് എവിയൻ സയൻസിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലെ തിരുവിഴാംകുന്ന് കോളേജ് ഓഫ് എവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ് കോളേജിൽ നിലവിൽ 3 വർഷ B.Sc PPBM കോഴ്സുകളാണുള്ളത്.

2025 വർഷം മുതൽ National Education Policy പ്രകാരമുള്ള 4 വർഷ B.Sc PPBM കോഴ്സ് ആരംഭിക്കുന്നുണ്ട്. അതിൽ ഒരുവർഷ Certificate in Poultry Production and Business Management കോഴ്സും രണ്ട് വർഷത്തെ Diploma in Poultry Production and Business Management കോഴ്സും ഉൾപ്പെടുന്നു. കൂടാതെ M.Sc Poultry Science കോഴ്സ് 2025 അധ്യയന വർഷം മുതൽ ആരംഭിക്കുന്നതുമാണ്.

(ബി) കോളേജ് ഓഫ് എവിയൻ സയൻസിൽ അടുത്ത സാമ്പത്തിക വർഷം നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിന്റെ

വിശദാംശം ലഭ്യമാക്കുമോ?

തിരുവിഴാംകുന്ന് എവിയൻ സയൻസസ് കോളേജിലെ ഗവേഷക വിദ്യാർഥികൾക്കായി മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ഒരു ഹോസ്റ്റൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഏകദേശം 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3564, 3577, 3629 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

അനുബന്ധം–3

(1) റേഷൻ കാർഡ് മസ്റ്ററിങ് സംബന്ധിച്ച ശ്രീ. ഡി. കെ. മുരളി എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ഒരു വിഷയമാണ് സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. ജനങ്ങൾക്കിടയിൽ ആശങ്കയുളവാക്കുന്ന പല വാർത്തകളും മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അർഹരായ ഒരാൾക്കുപോലും റേഷൻ ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കാൻ പാടില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്ന കാര്യം സഭയെ അറിയിക്കുകയാണ്. മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് NRK സ്റ്റാറ്റസ് രേഖപ്പെടുത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് ഉടൻതന്നെ റേഷൻ വിഹിതം പുനഃസ്ഥാപിച്ചുനൽകുന്നതിനുള്ള ക്രമീകരണം താലൂക്ക് തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിങ്ങിന് വിധേയരാകാത്ത ആർക്കുംതന്നെ മാർച്ച് 31-നുശേഷം ഭക്ഷ്യധാന്യങ്ങൾ

നൽകാൻ കഴിയില്ലെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.

കേന്ദ്രസർക്കാരിന്റെ കർശനമായ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് 2024 സെപ്തംബർ 18 മുതൽ കേരളത്തിൽ മസ്റ്ററിങ് നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഒന്നും രണ്ടും ഘട്ടങ്ങൾ പിന്നിട്ട് മസ്റ്ററിങ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. നാളിതുവരെ സംസ്ഥാനത്ത് 95.83% മുൻഗണനാ കാർഡ് അംഗങ്ങൾ മസ്റ്ററിങിന് വിധേയമായിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ, മാർച്ച് 31-നുമുമ്പ് മസ്റ്ററിങ് നടത്താത്ത മുൻഗണനാ കാർഡ് അംഗങ്ങളെ ഭക്ഷ്യധാന്യ വിഹിതത്തിന് യോഗ്യരായിട്ടുള്ളവരുടെ പട്ടികയിൽനിന്നും ഒഴിവാക്കുമെന്നാണ് ഉദ്യോഗസ്ഥതല യോഗത്തിൽ കേന്ദ്രസർക്കാർ പ്രതിനിധികൾ അറിയിച്ചിട്ടുള്ളത്. അത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിനായാണ് തൊഴിൽ-വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി കേരളത്തിന് പുറത്ത് തങ്ങുന്നവരെ NRK സ്റ്റാറ്റസ് നൽകി റേഷൻ കാർഡിൽ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. NRK സ്റ്റാറ്റസ് നൽകി കാർഡിൽ നിലനിർത്തിയിട്ടുള്ളവർക്ക് തൽക്കാലം റേഷൻ വിഹിതം ലഭിക്കില്ലെങ്കിലും മസ്റ്ററിങ് നടത്തുന്ന മുറയ്ക്ക് റേഷൻ വിഹിതം ലഭ്യമാക്കും.

മാർച്ച് 31-ന് മുമ്പായി എല്ലാവർക്കും മസ്റ്ററിങ് നടത്തുന്നതിനുള്ള സൗകര്യം സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. മസ്റ്ററിങ് നടത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് വിപുലമായ പ്രചരണം വകുപ്പുതലത്തിലും റേഷൻ കടകൾ വഴിയും മാധ്യമങ്ങൾ വഴിയും നൽകിവരുന്നു. മസ്റ്ററിങ് സൗകര്യം റേഷൻകട തലത്തിൽ ലഭ്യമാണ്. കിടപ്പുരോഗികളെ ഉദ്യോഗസ്ഥർ നേരിട്ട് വീടുകളിലെത്തി മസ്റ്ററിങ് നടത്തിവരുന്നു. ഇ-പോസ് മെഷീനിലൂടെ മസ്റ്ററിങ് നടത്താൻ കഴിയാത്തവർക്ക് ഐറിസ് സ്കാനർ വഴി മസ്റ്ററിങ് നടത്തിവരുന്നു. സംസ്ഥാന

സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം NIC വികസിപ്പിച്ച മേരാ KYC ആപ്പ് വഴിയും മസ്റ്ററിങ് നടത്താവുന്നതാണ്. എന്നാൽ മസ്റ്ററിങ്ങുമായി ബോധപൂർവം സഹകരിക്കാത്തവരെ സംബന്ധിച്ച് അതിന്റെ കാരണം പരിശോധിച്ചുവരുന്നു. മസ്റ്ററിങ് നടത്താതിരുന്നാൽ സംസ്ഥാനത്തിന് ലഭ്യമായ ഒരുകോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപത് (1,54,80,040) മുൻഗണനാ അംഗങ്ങളിൽ കേന്ദ്രസർക്കാർ കുറവുവരുത്താൻ സാധ്യതയുണ്ട്. മസ്റ്ററിങ് നടത്തിയ ആർക്കെങ്കിലും റേഷൻ വിഹിതം കിട്ടാത്ത അവസ്ഥയുണ്ടോ എന്ന വിവരം റേഷൻകട തലത്തിൽ പരിശോധിച്ചുവരുന്നു. അങ്ങനെയുള്ള കേസുകളിൽ അവർക്ക് റേഷൻ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ഈ വിഷയം സബ്മിഷനിലൂടെ ഉന്നയിച്ചതിന് അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മുൻഗണനാ അംഗങ്ങൾ മസ്റ്ററിങ് നടത്താതിരുന്നാൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മുൻഗണനാ അംഗങ്ങളുടെ എണ്ണത്തിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്താൻ സാധ്യതയുള്ളതിനാൽ, പരമാവധി അംഗങ്ങളെ മസ്റ്ററിങ്ങിൽ പങ്കെടുപ്പിക്കാനുള്ള ഒരു ശ്രമം ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അഭ്യർഥിക്കുകയാണ്.

(2) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി 26-05-2012-ലെ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. 20-05-2014-ലെ ഉത്തരവുപ്രകാരം മെഡിക്കൽ കോളേജ് പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്നും

തീരുമാനിച്ചിരുന്നു. 559.68 കോടി രൂപയുടെ ഡി.പി.ആർ-ന് 30-03-2015-ൽ അംഗീകാരം നൽകുകയും ചെയ്തു.

തുടക്കത്തിൽ ഈ സംരംഭത്തിന്റെ നിർമ്മാണ മേൽനോട്ട ചുമതല കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനുകീഴിലുള്ള HSCC (India) Ltd. ആയിരുന്നു. എഗ്രിമെന്റ് കണ്ടീഷൻ പാലിക്കാതിരുന്നതിനാൽ അവർക്കുപകരം കേരള PWD-യെ ഏൽപ്പിക്കുകയും ചെയ്തു. 2015-ൽ പ്രവൃത്തി PWD-യെ ഏൽപ്പിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത കൈവന്നത് 2016-നുശേഷമാണ്. 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 28.68 കോടി രൂപയും ഭരണ ചെലവുകൾക്കായി 28.16 കോടി രൂപയുമാണ് ചെലവഴിച്ചത്. 2016-നുശേഷം 481.75 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. ഭരണ നിർവഹണ ചെലവുകൾക്കായി 251.47 കോടി രൂപയും ചെലവഴിച്ചു.

മെഡിക്കൽ കോളേജിന്റെ DPR-ൽ ഉൾപ്പെട്ട അക്കാദമിക്ക് ബിൽഡിങ്, ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റലുകൾ, ചുറ്റുമതിൽ നിർമ്മാണം, ഭൂഗർഭജല സംഭരണി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്പിറ്റൽ ബിൽഡിങ് എന്നിവ പൂർത്തീകരിച്ചു. 2021 മുതൽ ഒ.പി. സൗകര്യം ആ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച ഹോസ്പിറ്റൽ വാർഡ് ബ്ലോക്കിൽ 2024 മാർച്ച് 12 മുതൽ 120 കിടക്കകളോടുകൂടിയ ഐ.പി. സൗകര്യം സജ്ജീകരിച്ചു. ഫയർ NOC ലഭ്യമായതോടുകൂടി അത്യാഹിത വിഭാഗം ഉൾപ്പെടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 13 ഡിപ്പാർട്ടുമെന്റുകൾ ഇതിനോടകം പ്രവർത്തനമാരംഭിച്ചു. ICU, ഓപ്പറേഷൻ തിയേറ്റർ എന്നിവ

സജ്ജമാക്കി. ലാബ്, ഫാർമസി എന്നിവ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. നിലവിൽ കോളേജിൽ ബ്ലഡ്ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനായുള്ള നടപടികളും പുരോഗമിച്ചുവരുന്നു. മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 2023-24-ൽ ഒരു നഴ്സിങ് കോളേജും പ്രവർത്തനമാരംഭിച്ചു. ഇതുവരെ 5 ബാച്ചുകളിലായി 500 വിദ്യാർഥികൾ പഠനം പൂർത്തീകരിക്കുകയും 5 ബാച്ചുകളിലായി 500 വിദ്യാർഥികൾ പഠനം നടത്തിവരികയുമാണ്. വിദ്യാർഥികൾക്ക് പാലക്കാട് ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങൾ ടീച്ചിങ് ഹോസ്പിറ്റൽ എന്ന നിലയിൽ പ്രയോജനപ്പെടുത്തിയാണ് പഠനം പൂർത്തീകരിച്ചത്. പാലക്കാട് മെഡിക്കൽ കോളേജിലേത് മെച്ചപ്പെട്ട വിജയ ശതമാനവുമാണ്. 4 ഡിപ്പാർട്ടുമെന്റുകളിൽ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ ആരംഭിച്ചു. 6 പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2016-നുശേഷം മെഡിക്കൽ കോളേജിൽ ടീച്ചിങ് വിഭാഗത്തിൽ 185-ഉം നോൺ ടീച്ചിങ് വിഭാഗത്തിൽ 224-ഉം ഉൾപ്പെടെ 409 തസ്തികകൾ സൃഷ്ടിച്ചു. 2016 മുതൽ അധികാരമേറ്റ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് കോളേജിന് നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടിയെടുക്കാനായത്.

നിലവിൽ 11 വിഭാഗങ്ങളിലായി പ്രതിദിനം 1200-ഓളം രോഗികൾക്ക് ഒ.പി. വിഭാഗത്തിൽ ചികിത്സ നൽകിവരുന്നു. കൂടാതെ ഐ.പി. വിഭാഗവും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നല്ല പരിശ്രമമാണ് 2016-ന് ശേഷമുണ്ടായിട്ടുള്ളത്. ആശുപത്രി പൂർണ്ണസജ്ജമാകുന്നതോടെ പ്രതിദിനം 3000 പേർക്ക് ഒ.പി. വിഭാഗത്തിലും 500 പേർക്ക്

ഐ.പി. വിഭാഗത്തിലും വിദഗ്ധ ചികിത്സ നൽകാനാകും. തൽഫലമായി മെഡിക്കൽ വിദ്യാഭ്യാസ രംഗത്തേയും ചികിത്സാ രംഗത്തേയും സെന്റർ ഓഫ് എക്സലൻസായി പാലക്കാട് മെഡിക്കൽ കോളേജിനെ മാറ്റിയെടുക്കാനാകും.

* * * * * *